ആത്മാനുതാപം

ചാവറയച്ചൻ



ഗ്രന്ഥകാരന്റെ കൃതികൾ

അജ്ഞാതഗായകൻ, ജീവജലം, ജോൺപോൾ മാർപ്പാപ്പാ, വാഴ്ത്തപ്പെട്ട ചാവറയച്ചൻ, ആലസ്യമേ അകലെ, മനസ്സിൽ കത്തിച്ച തിരി, ക്രിസ്തു എന്റെ അനുഭവം, തേനോലും ബൈബിൾ കഥകൾ, മതസാരം മാനവസ്നേഹം, മഹദ്സംവേതരംഗമാല, അനസ്താസ്യായുടെ രക്തസാക്ഷ്യം, വെളിച്ചം പരത്തിയ മനുഷ്യർ, ആയിരത്തൊന്നു ബൈബിൾകഥകൾ, നവീന ബൈബിൾ കഥകൾ, ബൈബിളിലെ പ്രേമകാവ്യം, പഴയവീഞ്ഞു പുതിയ തോൽക്കുടങ്ങളിൽ, സ്നേഹനക്ഷത്രത്തിന്റെ കഥ, ബൈബിൾ നാട്ടിലെ നാടോടിക്കഥകൾ, ആറ് ബൈബിൾ ഏകാങ്കങ്ങൾ, സുവിശേഷങ്ങളിലെ ആദ്ധ്യാത്മിക സന്ദേശം, പ്രാർത്ഥന നിങ്ങളെ മനുഷ്യരാക്കും, പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം, നിങ്ങൾക്കു നർമ്മബോധം ഉണ്ടോ, ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ (എഡി), ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ, ആത്മാവിൽ സമാധാനം, പുഞ്ചിരിയുടെ പ്രകാശം, പ്രാർത്ഥനയ്ക്കു് ഒരു മഹനീയ മാതൃക, ദൈവത്തിന്റെ മരണം, യവനകഥാസാഗരം, ചതുബാലായന ചരിതം (എഡി), ഗാഗുൽത്താ വിളിക്കുന്നു, യേശു ഇരുപതാം നൂറ്റാണ്ടിൽ, സൺഡേപ്പുതിപ്പിലെ ചിന്താവിഷയങ്ങൾ, അറിവുകൾ അനുഭവങ്ങൾ, നമുക്കു സ്വർഗം പണിയാം, പ്രത്യാശയുടെ സങ്കീർത്തനം, പ്രകാശധാര, സ്നേഹത്തിന്റെ പരിമളം, മതം ജീവിതമാധുര്യം, കഥകളും കഥകളുടെ കഥകളും, പ്രാർത്ഥനയ്ക്കു് ഒരു മഹനീയ മാതൃക, അഗ്നിപരീക്ഷ, ആത്മാനുതാപം – ഗദ്യാവിഷ്കരണം.
Blessed Chavara (English)



1946 സെപ്റ്റംബർ 9 നു് കോട്ടയം ജില്ലയിലെ മുഴൂർ ഗ്രാമത്തിൽ ജനിച്ചു. പേരു് സഖറിയാസ് വീട്ടുപേരു് മുണ്ടാമാക്കൽ. മണലുങ്കൽ ഹൈസ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം സി. എം. ഐ. സഭയിൽ ചേർന്നു. 1976-ൽ വൈദികനായി. ബാംഗ്ലൂരിലെ ധർമ്മാരാം കോളേജ്, ക്രൈസ്റ്റ്കോളേജ് എന്നിവിടങ്ങളിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും പഠിച്ചു് ബി. പി. എച്ച്, ബി. ടി. എച്ച്, എം. എ. ബിരുദങ്ങൾ നേടി. ഇംഗ്ലീഷിനു പുറമേ സംസ്കൃതവും ജർമ്മനും പഠിച്ചിട്ടുണ്ടു്. ബൈബിൾ വിവർത്തന കമ്മറ്റി (മാന്നാനം) ചീഫ് കോ ഓർഡിനേറ്റർ, ദീപിക സൺഡേപ്പുതിപ്പു് എഡിറ്റർ, ദീപിക ആഴ്ചപ്പുതിപ്പു് ചീഫ് എഡിറ്റർ എന്നീ തസ്തികകളിൽ പ്രവർത്തിച്ചിട്ടുണ്ടു്. നാല്പതിൽപ്പരം കൃതികൾ രചിച്ചിട്ടുണ്ടു്. ഇപ്പോൾ മൂലമറ്റം സെൻറ് ജോസഫ് കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു.

ആത്മാനുതാപം

ചാവറയച്ചൻ

ഗദ്യാവിഷ്കരണം

സെഡ്. എം. മൂഴൂർ

48.00 ജനത തേവര

Malayalam: **ATHMANUTHAPAM** Chavarayachan

Introduced and Prosified By: Z. M. Moozhoor

Copy right: Z. M. Moozhoor 1990

Published by: Janatha Services; Thevara, Cochin-682013, March 1990

Cover Design: C. N. Raju

Cover Printed: S. M. Process, Cochin

Printed at: Pro Sanctity Printers, Manganam

DISTRIBUTED By:

JANATHA BOOK STALL, THEVARA, COCHIN-682013
Brs: ERNAKULAM, ALWAYE, SHERTHALLAI, VAIKOM
KOTHAMANGALAM & ANGAMALY.

JS 00270 SN 00359 899038 2000

ഉള്ളടക്കം

		പേജ്
1	ക്രിസ്തീയചൈതന്യത്തിന്റെ സമ്യക്പ്രതീകം	x
2	ആമുഖം	xvi
3	ചാവറക്കവിത ഒരു ദിങ്മാത്രദർശനം	xvii
4	ആത്മാനുതാപം - ഒന്നാം പാദം	1
5	രണ്ടാം പാദം	11
6	മൂന്നാം പാദം	35
7	നാലാം പാദം	47
8	അഞ്ചാം പാദം	62
9	ആറാം പാദം	75
10	ഏഴാം പാദം	98
11	എട്ടാം പാദം	~~381~~ 138
12	ഒൻപതാം പാദം	156
13	മാതൃദുഃഖം	168
14	പത്താം പാദം	186
15	പതിനൊന്നാം പാദം	213
16	പന്ത്രണ്ടാം പാദം	244
17	അന്ത്യപാദം	265
18	കടശിയപേക്ഷ	269
19	അനസ്താസ്യായുടെ രക്തസാക്ഷ്യം	275
20	മരണവീട്ടിൽ പാടുന്ന പാന	289
21	അനുബന്ധം	361

ക്രിസ്തീയ ചൈതന്യത്തിന്റെ സമ്യക്പ്രതീകം

ധന്യനായ ചാവറയച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു നൂറാണ്ടിലേറെയായിരിക്കുന്നു. വർഷങ്ങൾ കടന്നുപോയിട്ടും ഒരു പ്രചോദകശക്തിയായി ആയിരങ്ങളുടെ മനസ്സിൽ അനശ്വരനായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ഒരു മഹാപണ്ഡിതനായും അഗതികൾക്കും ദരിദ്രർക്കും അധഃകൃതർക്കുംവേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവ്വം സ്മരിക്കപ്പെടുന്നു.

ദൈവികചിന്തയേയും മനുഷ്യസേവനത്തേയും ഇദ്ദേഹത്തെപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. യഥാർത്ഥത്തിൽ ഈ മഹാത്മാവിന്റെ മനസ്സിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതിയേയും പ്രതിനിധീകരിച്ചിരുന്നു. ഒരു യോഗിവര്യനായിരുന്നെങ്കിലും അദ്ദേഹം ബാഹ്യപ്രവർത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രംതന്നെയായിരുന്നു. ചാവറയച്ചൻ തന്റെ ഉള്ളിന്റെ ഉള്ളിലെ ദൈവികചൈതന്യത്തിലേക്കു സംക്രമിക്കുന്നതോടൊപ്പം ഏവർക്കും അഭിമാനമുള്ളവരും ദൈവവിശ്വാസമുള്ളവരുമായി ജീവിക്കുന്നതിനുള്ള സാമൂഹിക ചുറ്റുപാട് ഉണ്ടാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിരുന്നു. 1986-ൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ തന്റെ ഭാരതസന്ദർശനവേളയിൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതു് തികച്ചും സമുചിതമായിരിക്കുന്നു.

ചാവറയച്ചൻ ജീവിച്ചിരുന്ന കാലഘട്ടം, അതായതു് 19-ാം നൂറ്റാണ്ട്, നമ്മുടെ സമൂഹം ദാരിദ്ര്യത്തിലും നിരാശയിലും നീങ്ങിക്കൊണ്ടിരുന്ന ഒരവസരമായിരുന്നു. വിദേശികളായ അന്നത്തെ ഭരണാധികാരികൾ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ചു് യാതൊന്നും ശ്രദ്ധിച്ചിരുന്നില്ല. മഹത്തായ നമ്മുടെ സംസ്കാരത്തി

ന്റെയും പാരമ്പര്യത്തിന്റെയും നാശത്തിനു കോടാലി വയ്ക്കുന്ന തരത്തിൽ നമ്മുടെ പോരായ്മകളെ വെളിച്ചത്തു കൊണ്ടുവരുന്നതിനും നമ്മുടെ ശക്തിയെ നിസ്സാരമായിക്കരുതുന്നതിനും അബദ്ധജടിലമായ പ്രചാരണങ്ങളും നടക്കുകയായിരുന്നു.

ഇതിന്റെ പരിണതഫലമായി നമ്മുടെ ജനങ്ങളിൽ ശക്തമായ അപകർഷതാബോധവും നിരാശയും ഉണ്ടായി. ചാവറയച്ചനേപ്പോലുള്ള ചുരുക്കം ചില മനീഷികൾക്കെങ്കിലും ഭാരതത്തിന്റെ കഴിഞ്ഞ കാലത്തെ, അതിന്റെ ഭാവി ഭാഗധേയവുമായി സമന്വയിപ്പിക്കുവാൻ നന്നായിട്ട് അറിയാമായിരുന്നു. ഭാരതത്തിന്റെ ഭാവിയെ തിരുത്തിക്കുറിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃത ഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരതത്തിന്റെ പുരാതനമായ ജ്ഞാനസമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. തന്റെ വിജ്ഞാനം ജനങ്ങളുമായി പങ്കുവെയ്ക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇതിനുവേണ്ടി അദ്ദേഹം 1829 മുതൽ 1870 വരെയുള്ള 40 കൊല്ലത്തെ അനുഭവങ്ങളും തന്റെ ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തി. 'നാളാഗമങ്ങൾ' എന്നറിയപ്പെടുന്ന ഈ രേഖ 1829 മുതൽ 1870 വരെ കേരളത്തിന്റെ ആധികാരികമായ ചരിത്രംതന്നെയാണ്.

ഫാ. തോമസ് പാലയ്ക്കൽ, ഫാ. തോമസ് പോരുക്കര എന്നീ മഹാത്മാക്കളുടെ ജീവചരിത്രവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. 18-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലേയും 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലേയും കേരളചരിത്രത്തിനു് ഇതു് ഒന്നാംതരം ഒരു അനുബന്ധമാണ്. സാധാരണക്കാർക്കുവേണ്ടി അദ്ദേഹം രചിച്ച മറ്റു കൃതികളും നലംതികഞ്ഞ ആത്മാർത്ഥതയും പ്രായോഗിക പരിജ്ഞാനവും നിറഞ്ഞതായിരുന്നു.

വിദ്യാഭ്യാസപ്രവർത്തനം അദ്ദേഹത്തിന്റെ ഏറ്റം പ്രിയപ്പെട്ട ഒന്നായിരുന്നു. മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമായിരുന്നു. അധഃകൃതരെ ഉദ്ധരിക്കുന്നതിനു് ഒന്നാന്തരമൊരു മാർഗ്ഗമായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാദാന

പ്രവർത്തനം. പാലസ്തീലച്ചനിൽനിന്നും പോർട്ടുക്കീസുകാരനായച്ചനിൽനിന്നും ഉത്തേജനം സ്വീകരിച്ചുകൊണ്ട് എല്ലാ ഇടവകദേവാലയങ്ങളോടും അനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കപ്പെടണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ഒരു പടികൂടി കടന്ന്, ഇപ്രകാരം തന്റെ നിർദ്ദേശം അനുസരിച്ച് സ്കൂളുകൾ തുടങ്ങാത്ത ഇടവകപ്പള്ളികളെല്ലാം അടച്ചു പൂട്ടുമെന്നും അദ്ദേഹം താക്കീതുചെയ്തു. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാരനും ഹരിജനങ്ങളുൾപ്പെടെ, ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇതു വിപ്ലവകരമായ ഒരു നീക്കംതന്നെയായിരുന്നു.

ചാവറയച്ചന്റെ വിദൂരദൃഷ്ടി മറ്റൊരു പുരോഗമനപരമായ കാര്യത്തിലും – സ്ത്രീജനങ്ങളുടെ സമുദ്ധാരണത്തിലും – പ്രത്യേകം പതിഞ്ഞിരുന്നു. 1864-ൽ തന്നെ ചാവറയച്ചൻ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ഭാരതീയ സന്യാസസഭയ്ക്ക് അടിസ്ഥാനമിടുകയും അതു സ്ത്രീജനങ്ങളുടെ സർവതോന്മുഖമായ പുരോഗതിക്കു് ആക്കം കൂട്ടുകയും ചെയ്തു. ഇപ്രകാരം ചാവറയച്ചൻ ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ അതികായനായ ഒരു അവതാരമായിരുന്നു. ഇതു് അധഃകൃതരെ ഉയർത്തുന്നതിനും നിരാശരെ ധൈര്യപ്പെടുത്തുന്നതിനും ജനങ്ങളിൽ സ്വാഭിമാനം വളർത്തുന്നതിനും വളരെയേറെ സഹായകമായി. ക്രിസ്തുമതത്തിന്റെ മഹത്തായ സേവനമാതൃകവഴി ഇങ്ങനെയെല്ലാം പ്രവർത്തിക്കുവാൻ സാധിച്ചതു് ചാവറയച്ചന്റെ ഒരു പ്രത്യേക കഴിവായിരുന്നു. ഇന്ത്യയുടെ പ്രഥമ പ്രസിഡൻറായ ഡോ. രാധാകൃഷ്ണൻ ഭാരതത്തിലെ ക്രിസ്തീയസഭയുടെ പുരാതനത്വത്തേയും പ്രാധാന്യത്തേയും പുരസ്കരിച്ചു് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''ഓർക്കുക വിശുദ്ധ തോമ്മാശ്ലീഹാ ഭാരതത്തിലേയ്ക്കു വന്നപ്പോഴും യൂറോപ്പിലെ ഇന്നത്തെ നിരവധി ക്രിസ്തീയ രാജ്യങ്ങളിലും ക്രിസ്തുമതം എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ഭാരതത്തിലെ ക്രിസ്തുമതമാകട്ടെ തങ്ങളുടെ പിതാവാണ് സെൻറ് തോമസ് എന്നു് അഭിമാനിക്കുന്നതുകൊണ്ടു് യൂറോപ്പിലെ ഇന്നത്തെ മിക്ക ക്രിസ്തീയ രാജ്യങ്ങളേക്കാൾ കൂടുതൽ ക്രിസ്തീയ ചരിത്രവും നീണ്ട ക്രിസ്തീയ പാരമ്പര്യവും ഭാരതസഭയ്ക്കു് ഉണ്ടു്. ഇപ്രകാരം സംഭവിച്ചതിൽ നമുക്കു് യഥാർത്ഥത്തിൽ അഭിമാനിക്കാം''. ചാവറയച്ചന്റെ ഭാരത ക്രിസ്തീയസഭയുടെ ചൈതന്യത്തെ സമ്യക്കായി പ്രതിനിധീകരി

ച്ചിരുന്നു; മലബാർ സഭയുടെ ചൈതന്യത്തെയാകട്ടെ അതിന്റെ അത്യുജ്ജ്വല ശോഭയേയിലും.

സെന്റ് പീറ്റർ റോമൻ സഭയെ സ്ഥാപിച്ചതും സെന്റ് തോമസ് മലബാർ സഭയെ സ്ഥാപിച്ചതും അവയുടെ കാലക്രമത്തിന്റെയും മാർഗദർശനത്തിന്റെയും അടിസ്ഥാനത്തിൽ തുല്യപ്രാധാന്യമർഹിക്കുന്നതാണെന്നു് എടുത്തുപറയേണ്ടതാണു്. വി. തോമസ് എ. ഡി. 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അന്നുമുതൽ ഇന്നുവരെ- മദർ തെരേസയുടെ നല്ല മാതൃക നമ്മുടെ മണ്ണിനെ പുളകം ചാർത്തുന്ന ഈ നാംവരെ- ക്രിസ്തുമതം ഭാരത സംസ്കാരത്തിന്റെ ഒരവിഭാജ്യ ഘടകമായിത്തീർന്നിരിക്കുന്നു.

ക്രിസ്തുവർഷത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ ദക്ഷിണ ഭാരതം ക്രിസ്തുമതത്തിനു് വരവേല്പു് അരുളിയിരുന്നു. സെന്റ് തോമസിന്റെയും 15-ാം ശതകത്തിൽ മാർ ജോണിന്റെയും അപ്പസ്തോലിക പ്രവർത്തനങ്ങളും വഴിയായി സുറിയാനി സഭയും 16-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനം വഴിയായി ലത്തീൻസഭയും 17-ാം നൂറ്റാണ്ടിൽ ദെനോബിലിയുടെ പ്രവർത്തനഫലമായുണ്ടായ ജസ്യൂട്ട് മിഷനറിമാരുടെ മധുരമിഷനും 18-ാം നൂറ്റാണ്ടിലെ ഡച്ചുകാരുടെ പ്രവർത്തനഫലമായി ട്രാൻക്വെബാറിലുണ്ടായ പ്രൊട്ടസ്റ്റന്റ് മിഷനും 19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂറിലുടലെടുത്ത ലണ്ടൻ മിഷൻ സൊസൈറ്റീസും പില്ലാലത്തുണ്ടായ മറ്റു നിരവധി മിഷൻ പ്രസ്ഥാനങ്ങളും ബ്രദറൻ സഭകളും ദക്ഷിണ ഭാരതത്തിൽ ക്രിസ്തുമതത്തിനു് സുദൃഢമായ ഒരു അടിസ്ഥാനം നൽകി.

ഭാരതത്തിലുടനീളം സ്ഥാപിതമായ ഈ മിഷനുകളെല്ലാം തന്നെ അതിന്റെ സ്ഥാപകപിതാക്കന്മാർ ഈ മിഷനുകളോടു് അനുബന്ധിച്ചു് തുടങ്ങിവച്ച നല്ല നിലവാരമുള്ള സ്കൂളുകളുടെയും കോളജുകളുടേയും പ്രവർത്തനമില്ലായിരുന്നെങ്കിൽ അതിൽത്തന്നെ വലിയ പ്രാധാന്യമുള്ളതാകുമായിരുന്നില്ല. പാവറയച്ചന്റെയും വിദ്യാഭ്യാസപ്രവർത്തന സംരംഭങ്ങളും ഈ മഹത്തായ പാരമ്പര്യത്തിലാണു് ഉടലെടുക്കുന്നതു്.

ഇപ്രകാരമുള്ള നീക്കങ്ങളും കാലക്രമത്തിൽ ശക്തമായ പല ബൗദ്ധികമുന്നേറ്റങ്ങൾക്കും കാരണമായി. ആര്യസമാജം, ബ്രഹ്മ

സമാജം മുതലായ ശക്തമായ ബൗദ്ധിക മുന്നേറ്റങ്ങളുടെ ആവിർഭാവത്തിനു് ക്രിസ്തീയ മിഷനറിമാരുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണു് മാതൃകയും പ്രചോദനവും ഏകിയതെന്നു് ചരിത്രകാരന്മാർ എല്ലാം സമ്മതിക്കുന്നു.

ക്രിസ്തീയ ശുശ്രൂഷയുടെ പ്രായോഗിക പദ്ധതിയുമായി ക്രിസ്ത്യീയ മിഷനറിമാർ ആദിവാസികളുടെയും അധഃസ്ഥിതരുടേയും ഹരിജനങ്ങളുടേയും ഇടയിൽ ഫലപ്രദമായി പ്രവർത്തിച്ചു. ചാവറയച്ചനെപ്പോലെ അധികമാരും ഭാരത ക്രിസ്ത്യീയ സഭയുടെ ഈ ശുശ്രൂഷാചൈതന്യത്തെ ഫലപ്രദമായി പ്രായോഗികമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതത്തിലെ ക്രിസ്ത്യീയസഭ എണ്ണത്തിൽ ചെറുതാണെങ്കിലും ഭാരതത്തിന്റെ ദേശീയ പ്രവർത്തനങ്ങളിൽ എന്നും മുന്നണിയിൽ നിന്നിട്ടുണ്ടു്. ഈ സമൂഹത്തിലെ പല മഹോന്നതവ്യക്തികളും നിരവധി പൊതുപ്രവർത്തനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും പ്രമുഖ സ്ഥാനങ്ങളും അലങ്കരിച്ചിട്ടുണ്ടു്. ഇവരെല്ലാം എന്നും സാമൂഹ്യസമത്വത്തിനും സമുദായോദ്ധാരണത്തിനുമുള്ള പ്രവർത്തനങ്ങളിലും മുൻപന്തിയിൽ തന്നെയായിരുന്നു.

സ്നേഹിതരേ, നിങ്ങളറിയാവുന്നതുപോലെ ഇന്ത്യയുടെ ഭരണഘടന; സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം മുതലായ രാഷ്ട്രീയ സ്വാതന്ത്ര്യത്തെക്കുറിച്ചു് പ്രതിപാദിക്കുന്നതിനു് മുൻപായി സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ 'നീതി'യെക്കുറിച്ചുള്ള ആശയമാണു് മുന്നോട്ടു വച്ചിട്ടുള്ളതു്. നീതിക്കു് എന്നും ഒന്നാം സ്ഥാനം ഉണ്ടായിരിക്കണം. ഭരണഘടന, സംസ്ഥാനങ്ങളുടെ പ്രത്യേകമായ മാർഗ്ഗനിർദ്ദേശകതത്ത്വങ്ങളും വെളിച്ചത്തു കൊണ്ടുവരുകയുണ്ടായി. ഇതു മുഴുവൻ നീതികരിക്കാൻ പാടില്ലാത്തവയാണെങ്കിലും രാഷ്ട്രീയ ഭരണസംവിധാനത്തിനു് അടിസ്ഥാന തത്ത്വസംഹിതകളായിത്തീർന്നു. ഇതിന്റെ ചുവടു പിടിച്ചാണു് രാഷ്ട്രം വ്യവസ്ഥാപിതമായ പുരോഗമന പ്രവർത്തനങ്ങളുടെ യുഗത്തിലേക്കു ഇറങ്ങിത്തിരിച്ചതു്.

എന്നാൽ, ഭരണഘടനയും പുരോഗമന പ്രവർത്തനങ്ങളും പ്രായോഗികമാക്കണമെങ്കിൽ ജനങ്ങളുടെ ഇടയിൽ ഐക്യമുണ്ടായിരിക്കണം. എത്രയൊക്കെ വൈവിധ്യമുണ്ടെങ്കിലും ഒറക്കെട്ടായി നില്ക്കാനുള്ള നമ്മുടെ പൗരാണിക വൈദഗ്ധ്യത്തെ, ദേശീയമായ ചില നീക്ക

ങ്ങളും അടിസ്ഥാനപരമായ യോജിപ്പിനെ മാറ്റിമറിക്കുകയും രാഷ്ട്രീയ നിറം പകരുകയും ചെയ്തു. 1947-ൽ നടന്ന ഇന്ത്യയുടെ വിഭജനം ഇന്ത്യയുടെ ഈ മഹത്തായ പാരമ്പര്യത്തിൽ നിന്നുള്ള വിടവാങ്ങലായി തീർച്ചയായും നാം കാണണം - ഒരു വിടവാങ്ങുന്ന സാമ്രാജ്യത്തിന്റെ നഷ്ടശിഷ്ടങ്ങളും. എന്നാൽ ഇന്നും നമ്മുടെ രാഷ്ട്രത്തിന്റെ യോജിപ്പിനും അഖണ്ഡതയ്ക്കും കോടാലി വയ്ക്കുന്ന ഈ പ്രവണത തുടരുകയും നമ്മുടെ രാഷ്ട്രീയ സൗധത്തിന്റെ ഉറപ്പിനെത്തന്നെ ബാധിക്കുകയും ചെയ്യുന്നു.

എപ്പോഴൊക്കെ പുറമേ നിന്നുള്ള വെല്ലുവിളികളും നമ്മെ ഭയപ്പെടുത്തിയിരുന്നുവോ - അപ്പോഴൊക്കെ അതായത് - 1962, 1965, 1971 എന്നീയവസരങ്ങളിലെല്ലാം ഇന്ത്യയുടെ ഐക്യബോധം പ്രോജ്വലിക്കുകയാണ് ചെയ്തിട്ടുള്ളത്. പക്ഷേ, ഇങ്ങനെയുള്ള ബാഹ്യശക്തിയുടെ പ്രേരണ കൂടാതെ ദാരിദ്ര്യത്തിനെതിരായ നമ്മുടെ സമരത്തിൽ നാം ഒരുമയോടെ നില്ക്കാൻ പ്രാപ്തരാകണം. ഇന്നിന്റെ സമയം ജനപങ്കാളിത്വമുള്ള ലക്ഷ്യങ്ങൾക്കും വിശാലമായ രാഷ്ട്രീയ വീക്ഷണങ്ങൾക്കും നമ്മെ ആഹ്വാനം ചെയ്യുന്നു. അപ്രകാരം നമ്മുടെ ജനസമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കാൻ സാധിക്കണം. ഇപ്രകാരമുള്ള പരിശ്രമങ്ങളിൽ മഹത്തായ ക്രിസ്ത്യൻ സമൂഹം - സെൻറ് തോമസിന്റെ കാലംമുതൽ ഇന്ത്യയിൽ വേരോടിയ സമൂഹം - ദെനോബിലിയുടെയും വാഴ്ത്തപ്പെട്ടവരായ ചാവറയച്ചനെപ്പോലെയുള്ള നിരവധി മഹാത്മാക്കളുടെയും പരിശ്രമഫലമായി ഉയിർത്തെഴുന്നേറ്റ സമൂഹം- മഹത്തായ ഒരു പങ്ക് വഹിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. (ചാവറ സ്മാരക സ്റ്റാമ്പ് പ്രകാശനം ചെയ്ത വേളയിൽ ചെയ്ത പ്രസംഗം.)

രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ

ആമുഖം

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ആത്മാനുതാപവും ഇതര കാവ്യകൃതികളും ഗദ്യത്തിൽ ആവിഷ്ക്കരിക്കാനുള്ള എളിയ പരിയത്നമാണീഗ്രന്ഥം. പൊതുവേ കാവ്യപാരായണത്തിനുള്ള വൈമുഖ്യം ചാവറകൃതികൾ വായിച്ചു മനസ്സിലാക്കാൻ പലർക്കും സന്ദർഭം നൽകുന്നില്ല. ഗദ്യപരിഭാഷ ആ കുറവു പരിഹരിക്കട്ടെ. ഇതിൽ ചേർത്ത ചാവറകൃതികളുടെ ദിങ്മാത്രദർശനം ഭാവിയിൽ ഉണ്ടാകേണ്ട ഉൽകൃഷ്ടപഠനങ്ങൾക്ക്, ഒരു മാർഗദീപം മാത്രമാണ്. കല്ലും മണ്ണും മതിലും മണിമാളികകളും കൊണ്ട് ഉയർത്തുന്ന സ്മാരകങ്ങളേക്കാൾ, സ്വന്തം സുകൃതജീവിതത്തിന്റെ ഈടുവയ്പിൽനിന്ന് അദ്ദേഹം സഹജീവികൾക്കും ഭാഷായോഷയ്ക്കും പകർന്നേകിയ മഹത്തായ ആദർശങ്ങൾ സഞ്ചയിച്ച് ഹൃദയത്തിൽ പണിയുന്ന സ്മാരകങ്ങളാകട്ടെ നമ്മുടെ ലക്ഷ്യം.

23-2-1990 സ്നേഹാദരങ്ങളോടെ

യേശുഗിരി

അറക്കുളം **സെഡ് എം മൂഴൂർ**

ചാവറക്കവിത-
ഒരു ദിങ്മാത്രദർശനം

പണ്ഡിതൻ, വിദ്യാഭ്യാസപ്രവർത്തകൻ, വാഗ്മി, സന്യാസ സഭകളുടെ സ്ഥാപകൻ തുടങ്ങിയ നിലകളിലെല്ലാം പ്രഖ്യാതനായ ചാവറ കുര്യാക്കോസച്ചൻ കൈരളീദേവിക്കു കണ്ണമാല്യമായി ചാർത്താവുന്ന വിശിഷ്ടകാവ്യങ്ങളുടെ കർത്താവാണ് എന്ന വസ്തുത അധികമാരും മനസ്സിലാക്കിയിട്ടില്ല.

ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന, അന്നസ്താസ്യായുടെ രക്തസാക്ഷ്യം എന്നീ മൂന്നു കാവ്യകൃതികളാണ് ചാവറയച്ചൻ കൈരളിക്കു നൽകിയിട്ടുള്ളത്.

വസ്തുനിഷ്ഠമായ കഥാകഥനം എന്നതിനേക്കാൾ ആത്മാംശത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള ആവിഷ്കാരമാണ് മഹാകാവ്യശ്രേണിയിൽ പെടുത്താവുന്ന ആത്മാനുതാപത്തിൽ കാണുന്നത്.

ക്രിസ്തുവിന്റെയും കന്യകാമറിയത്തിന്റെയും ജീവിതാനുഭവങ്ങളാണ് ആത്മാനുതാപത്തിന്റെ പ്രതിപാദ്യവിഷയം. അവ എടുത്തു പറയുമ്പോൾ കവി സ്വന്തം ജീവിതത്തിലേയ്ക്കു ചൂഴിഞ്ഞിറങ്ങുന്നു. ബാല്യകാലത്തു തനിക്കുണ്ടായ കുറവുകളും പിഴകളുമോർത്ത് അനുതാപമിഴിനീർ പൊഴിക്കുന്നു.

മരിയാ അഗ്രെദായുടെ 'ദൈവത്തിന്റെ നഗരം' എന്ന സ്പാനിഷ് കൃതി അടക്കം നിരവധി വിദേശഗ്രന്ഥങ്ങളും ബൈബിളും ആത്മാനുതാപരചനയിൽ കവി ഉപയോഗിച്ചിട്ടുണ്ട്. കടപ്പാടുകൾ എന്തുതന്നെ ആയിരുന്നാലും ആത്മാനുതാപത്തിലെ കവിതകൾ പ്രതിഭാന്വിതനായ ഒരു കവി തന്റെ ആത്മാവിൽ ഊറിക്കൂടിയ തീവ്രവികാരങ്ങളെ സ്വന്തം മൂശയിൽ ഉരുക്കി വാർത്തിട്ടുള്ളവയാണ് എന്നു പറയാം.

അനുതാപനിർഭരമായ ഹൃദയത്തോടെ ഈശ്വരന്റെ ഔദാര്യവായ്പിനെ ഉദ്ഗാനം ചെയ്യുന്ന കവി, സ്വന്തം ആത്മാവിൽ

തെളിച്ചു കാട്ടുവാൻ ദൈവം നൽകിയ വെള്ളവസ്ത്രവും വെളിച്ചവും നഷ്ടപ്പെട്ടുത്തിയതിനെപ്പറ്റി വിലപിക്കുന്നു.

വെള്ളയായ് നടപ്പാനായ്ത്തന്നോരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ
എന്നെക്കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴികാട്ടുവാൻ പന്തംതന്നു
അയ്യയ്യോ മഹാദുഃഖമടിയൻ വളർന്നപ്പോഴും
നെയ്യുമില്ലഗ്നിയില്ല, പുകയുന്നതു കണ്ടേൻ
ഇപ്പോലെയുള്ള മഹാ ദുർഭാഗ്യമാക്കണ്ടായി
അല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം,
മറുള്ള ജനത്തെയും കാട്ടുവാനായിത്തന്ന
മാറേറും വെളിച്ചത്തെപ്പകുത്തിത്തമസ്സാക്കി
അങ്ങനെയടിയന്റെ പൈതൽപ്രായത്തിൽത്തന്നെ
മംഗലമൊക്കെക്കളഞ്ഞയ്യയ്യോ മഹാദുഃഖം.

ഇങ്ങനെ ഭാവുകഹൃദയത്തെ ആർദ്രമാക്കുന്ന ഈരടികളും എഴുതുന്ന കവി ക്ഷണപ്രഭാചഞ്ചലമായ ലോകത്തിന്റെ ഗതിവിഗതികളും വീക്ഷിക്കുന്ന ക്രാന്തദർശിയാണ്.

ഇന്നുകാണുന്ന പച്ചപ്പുല്ലുതു നാളെത്തന്നെ
മന്ദിച്ച വരളുന്ന വാടുന്ന സൂര്യോഷ്ണത്താൽ
മെച്ചമായ്ക്കണ്ടീടുന്ന പുഷ്പങ്ങളം ബഹുവിധം,
ഇമ്പമായതിന്നുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്ന
ചിത്രമായതിന്നുള്ളോരഴകും മാറിപ്പോകും
ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി നീങ്ങുന്ന ക്ഷണേക്ഷണേ.

താൽക്കാലികവും അനിത്യവുമായ ഈ പ്രപഞ്ചം ഇത്രമേൽ സുന്ദരമാണെങ്കിൽ സമസ്തൈശ്വര്യങ്ങളും നിറഞ്ഞുനില്ക്കുന്ന സ്വർഗ്ഗം എത്രയധികം മനോഹരമാണെന്നു കവി ചോദിക്കുന്നു.

ആകാശഗ്രഹങ്ങളുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നും
ഇതിനെക്കണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനും

ഇപ്പോലെയുള്ളഭോഗ്യ മീലോകെവച്ചുവെങ്കി
ലപ്പരലോകെയുള്ള ഭോഗ്യങ്ങളെചിന്തും.

ഈ അനശ്വരഭോഗ്യത്തിന്റെ സംദായകനായ ജഗന്നിയന്താവി നെ അർഹമാംവണ്ണം സ്നേഹിക്കാൻ കഴിഞ്ഞില്ലല്ലോ എന്നു ചിന്തി ക്കുന്ന കവിയുടെ നെടുവീർപ്പുലകളാണ് ആത്മാനുതാപത്തിൽ മുഴങ്ങി നില്ക്കുന്നതു്.

ആത്മാനുതാപം - പൊതുഅവലോകനം

ക്രിസ്തുദേവന്റെ ജനനം, പ്രബോധനങ്ങൾ, മരണം, മരണാന ന്തരസംഭവങ്ങൾ എന്നിവയെല്ലാം വിവരിക്കുന്ന ചാവറയച്ചന്റെ ആത്മാനുതാപത്തിനു പന്ത്രണ്ടു് അധ്യായങ്ങളാണുള്ളതു്.

ഒന്നാം അധ്യായത്തിൽ, കവി തനിക്കു നരജന്മം നല്കിയ ദൈവ ത്തിനു നന്ദി പറയുകയും സ്വന്തം കുറവുകളെക്കുറിച്ചു് അനുതപിക്കു കയും ചെയ്യുന്നു.

നാട്ടിൽ പടർന്ന ഒരു പകർച്ചവ്യാധിയിൽനിന്നു തന്നെ ബാല്യ കാലത്തു രക്ഷിച്ചതിനു് ദൈവത്തിനുള്ള കൃതജ്ഞതാപ്രകാശനമാണു് രണ്ടാം അധ്യായം.

മൂന്നാം കാണ്ഡത്തിൽ ക്രിസ്തുനാഥചരിതം രേഖാമാത്രമായി അവതരിപ്പിക്കുന്നു. യൗസേപ്പും മറിയവും പാർക്കാനിടം തേടി ബത്ലേഹം നഗരിയിൽ അലയുന്നതു നാലാം അധ്യായത്തിലെ പ്രതിപാദ്യവിഷയമാണു്.

ഗോശാലയിലെത്തിയ ദിവ്യദമ്പതിമാർ പ്രാർത്ഥനാപൂർവ്വം പ്രതീക്ഷിച്ചിരിക്കെ തിരുവവതാരം നടക്കുന്നു. മാലാഖമാർ സ്വർ ഗ്ഗീയഗീതം ആലപിക്കുന്നു. ആട്ടിടയന്മാർ കാഴ്ചകളുമായി വരുന്നു. ഉണ്ണിയേശുവിന്റെ ചേതോഹരമായ ഒരു ചിത്രം കവി ഇവിടെ വരച്ചുകാട്ടുന്നുണ്ടു്.

മറിയവും ശാന്തി എന്നു പേരുള്ള ഇടയകന്യകയുമായുള്ള സങ്കല്പ സംഭാഷണം ആറാം അധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പൂർവ്വദേശത്തെ വിജ്ഞാന്മാർ പൊന്നും കുന്തുരുക്കവും മീറയും കാഴ്ച നൽകിയതും മാതാപിതാക്കന്മാർ യേശുവിനെ ദേവാലയത്തിൽ അർപ്പിച്ചതും ശെമയോൻ എന്ന പ്രവാചകന്റെ വാക്കുകൾ കേട്ടു മറിയം ഹൃദയം തകർന്നു നില്ക്കുന്നതും ഏഴാം അധ്യായത്തിൽ വിവരി ക്കുന്നു.

ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചോരു
കൊച്ചുകരങ്ങളെ കാണാകേണം.
പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാം ഭക്തിയും കാണാകേണം.

... ...

മാലാഖമാർവന്നു കുമ്പിട്ട വാഴ്ത്തുന്ന
ചേലൊത്ത മേനി ഞാൻ കാണാകേണം.
കല്ല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്ല്യാണരൂപനെ കാണാകേണം.

ഔചിത്യം ദീക്ഷിക്കുന്ന കവി

സൂക്ഷ്മദൃക്കായ കവി, അനവദ്യസുന്ദരമായ കാവ്യാലങ്കാരത്തിലൂടെ ഉചിതജ്ഞത കാട്ടിയിട്ടുള്ളതും ആത്മാനുതാപരചനയിൽ ഒളിഞ്ഞും തെളിഞ്ഞും കാണാൻ കഴിയും. ഗർഭിണിയായ മറിയത്തേയും കൊണ്ട് വിശുദ്ധ യൗസേപ്പ് സൂതികാഗൃഹമന്വേഷിച്ചു നടക്കുന്നു. എവിടെയും 'നോ വേക്കൻസി' മൊഴികേൾക്കുന്ന ഉദ്യോഗാർത്ഥിയെപ്പോലെ വിഷാദമഗ്നനായി നഗരത്തിലൂടെ അലയുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ വേദനയുറുന്ന ചിത്രങ്ങൾ തിക്കിക്കയറുന്നു. തന്നോടൊപ്പം ചരിക്കേണ്ടി വന്ന പരമപരിശുദ്ധയായ കന്യകാരത്നത്തിനു് അനുഭവിക്കേണ്ടിവന്ന പരിതാപമാണ് യൗസേപ്പിനെ ആകുലനാക്കുന്നതു്. അദ്ദേഹം ചിന്തിക്കുന്നു.

നല്ലൊരു ജലം മേഘം തന്നിൽ നിന്നിങ്ങു വീണു
വല്ല പങ്കമാം മണ്ണിൽ കലർന്നൊന്നിക്കുമ്പോൾ
നിർമ്മലം വെളുത്തുള്ള വെള്ളത്തിൻ നിറം മാറി
ആമ്മലച്ചെളിയായിക്കലർന്നീടുന്നു, ദുഃഖം
എന്നപോലടിയന്റെ കലുഷഹേതുവാലെ
നന്ദനൻ സർവേശന്റെ മാതുവേ, തവ ഖേദം
അമരാപുരിനാഥൻ കരുണ നിമിത്തമായ്
നഗരമിതിൽ വന്നു സുജനം ത്യജിച്ചല്ലോ.

(ആത്മാ IV 153-160)

മേഘത്തിൽനിന്നു ഉതിർന്നുവീഴുന്ന നിർമ്മല ജലമായി മറിയത്തെ സങ്കല്പിക്കുന്ന യൗസേപ്പ് സ്വയം മാലിന്യമാർന്ന ചെളിയായി കണക്കാക്കുന്നു. പങ്കിലനായ തന്നോടു പങ്കുചേർന്ന മറിയവും പങ്കിലയായി കാണപ്പെടുന്നല്ലോ എന്നു് ഓർക്കുമ്പോൾ യൗസേപ്പിനു് ഹൃദയതാപം ദുർഗ്രഹീഭവിക്കുന്നു. മറിയം പാപരഹിതയാണെന്നു് വ്യക്തമാക്കുന്നതോടൊപ്പം ആകാശത്തു നിന്നു് പൊഴിയുന്ന നിർമ്മല

മായ മഴത്തുള്ളിപോലെ സ്വർഗീയപിതാവിന്റെ വിമല വരദാന മാണ് അവം എന്നു് പരോക്ഷമായി കാണിക്കുകയും ചെയ്യുന്നുണ്ടു്.

മാടപ്പിറാവിനെപ്പോലെ നിഷ്ക്കളങ്കനായ യൗസേപ്പിനെ ഹൃദയസ്പൃക്കായ ഒരു വാങ്മയ ചിത്രം കൊണ്ടു് കവി വരച്ചു കാട്ടുന്നുണ്ടു്.

''ഇരപ്പോർക്കുള്ള ദാനം പരപ്പിൽസമുദ്രം പോ-
ലിരട്ടിച്ചുള്ള പാപം കെടുത്തും മമ സഖേ''
യിങ്ങനെ കണ്ടു ചൊല്ലി മറെറാരുത്തനോടപ്പോ-
''ളുണ്ടുന്നുമുൻവന്നെങ്കിൽ മേ ഭാഗ്യം വർദ്ധിച്ചേനേ''
എന്നവൻ ഹാസ്യവാക്കു ചൊന്നതു കേട്ട പുണ്യൻ
അന്നവൻ കൃതജ്ഞത ചെയ്തെന്നു സ്മരിച്ചുപോയ്

(ആത്മാ. IV 141–146)

ബദ്ലേഹം നഗരത്തിൽ തലചായ്ക്കാൻ തനിക്കും സഹധർമ്മിണിക്കും അൽപ്പം സ്ഥലം അന്വേഷിച്ചു് യൗസേപ്പു് വിഷമിക്കുന്നതാണ് രംഗം. പലരോടും യാചിച്ചു. ആരും സ്ഥലം കൊടുക്കാൻ തയ്യാറായില്ല. അവസാനം കണ്ട ഒരു മനുഷ്യനോടു് യൗസേപ്പു് പറഞ്ഞു. ''അല്ലയോ സുഹൃത്തേ, കേണിരക്കുന്ന സാധുവിനു് എന്തെങ്കിലും ദാനം ചെയ്താൽ കടൽപോലെ പരപ്പാന്ന പാപങ്ങളംപോലും ദൈവം അവരോടു പൊറുക്കും'' യൗസേപ്പിന്റെ നിഷ്കളങ്കമായ മൊഴികളം കേട്ടു് ആ മനുഷ്യൻ പറഞ്ഞു: ''അയ്യോ, അങ്ങു് വരാൻ വൈകിപ്പോയല്ലോ. നേരത്തേ വന്നിരുന്നെങ്കിൽ എന്റെ ഭാഗ്യം ഇരട്ടിയാകുമായിരുന്നല്ലോ എന്നു്. അയാളുടെ ഉള്ളിൽ നിറഞ്ഞു തുളുമ്പിയ പരിഹാസവും ഭള്ളും കേട്ടിട്ടു് കൃതജ്ഞതാഭാവത്തോടെയാണ് യൗസേപ്പു് പിൻവാങ്ങിയതു്.

കുരുടനായ ലൊങ്കീനോസ് എന്ന പടയാളി യേശുവിന്റെ മാർവിൽ കുന്തംകൊണ്ടു കുത്തി എന്ന ബൈബിൾ സംഭവം പകർത്തുന്ന വേളയിൽ കവി ഉചിതജ്ഞത കാട്ടിയിട്ടുണ്ടു്. അന്ധനായ പടയാളിക്കു് എങ്ങനെ ഉന്നം പിടിച്ചു യേശുവിന്റെ മാറിടത്തിൽത്തന്നെ കുത്താൻ കഴിഞ്ഞുവെന്ന ചോദ്യത്തിനു് കവി ഉത്തരം നൽകുന്നു.

''എന്നതുനേരത്തൊരു കൺകുരുടനാം
വന്നതിലുള്ളൊരു ലൊങ്കിനോ എന്നവൻ''

കുന്തംകൊണ്ടു് കുത്തിയതായാണ് കവി വർണ്ണിക്കുന്നതു്. ''ഒരു കൺകുരുടൻ'' എന്ന പ്രയോഗം ഔചിത്യത്തിന്റെ തിലകക്കുറിയാണ്. തുടർന്നുള്ള ഭാഗത്തു് കവിയുടെ സൂക്ഷ്മദൃഷ്ടിയും കാവ്യഭാവനയും

ഏകയോഗമായി കാവ്യത്തെ ഉദാത്തവല്ക്കരിക്കുന്നുണ്ട്. ലൊങ്കിനോസിന്റെ മാനസാന്തരം വേദപുസ്തകത്തിലുള്ളതല്ല. പരി. കന്യകമറിയത്തിന്റെ കാരുണ്യവായ്പ് ആ പടയാളിയുടെ കണ്ണും മനക്കണ്ണും ഒരുമിച്ചു തുറക്കാൻ ഇടയാക്കിയെന്നാണ് കവി ഭാഗ്യാന്തരേണ വരച്ചു കാട്ടുന്നത്.

കുന്തമതുകൊണ്ടു നാഥന്റെ പങ്കതിൽ
കുത്തിയുടൻതന്നെ രക്തവും വെള്ളവും
വാർത്തതും കണ്ടു നിൽക്കുന്നൊരു മാതൃവും
പേർത്തുടൻ പുത്രനെ പ്രാർത്ഥിച്ചു സ്നേഹമായ്
നാഥനേ നീ നിൻ കരുണക്കടാക്ഷമായ്
നീതിദയയായ് പകർന്നി സൂക്ഷിക്കണേ''
എന്നതാമമ്മതൻ പ്രാർത്ഥന കേട്ടുടൻ
നന്ദിയാലൊരു തുള്ളി രക്തമാക്കണ്ണതിൽ
ചിന്തിയുടനേ തെളിഞ്ഞക്ഷിയും ചിത്തവും
ചന്തമോടേയവൻ വന്ദിച്ചുനാഥനെ.

(ആത്മാ. IX 22-30)

ലോകസാഗരത്തിലെ സമുദ്രയാത്ര

യേശുവിന്റെ സ്വർഗാരോഹണത്തിനുശേഷം ക്രൈസ്തവസമൂഹത്തെ നയിക്കേണ്ട ഭാരിച്ച കടമ പരി.കന്യകമറിയത്തിനാണ് ഉണ്ടായതു്. അപ്പസ്തോലന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും അയയ്ക്കുന്നതും, ദുരിതപൂർണ്ണമായ സാഹചര്യത്തിനു് അവർക്കു് സാന്ത്വനം പകരുന്നതും പരിശുദ്ധ മാതാവാണ്.

എഫേസൂസിലേയ്ക്കു് സമുദ്രയാത്ര നടത്തുമ്പോഴും നടനായകൃത്വം ദൈവമാതാവിനായിരുന്നു ഉണ്ടായിരുന്നതു്. ലോകസാഗരത്തിൽ നിത്യതയെ ലക്ഷ്യമാക്കി പ്രയാണം നടത്തുന്ന ക്രിസ്ത്വനുയായികൾക്കു് അവലംബമായ യാനപാത്രമാണ് തിരുസ്സഭ എന്ന സങ്കല്പം ഒന്നാം ശതകം മുതൽത്തന്നെ ഉണ്ടായിരുന്നു. പാവറയച്ചനെ സംബന്ധിച്ചിടത്തോളം ഈ ആശയം പ്രിയതരമായിരുന്നു. അപ്പസ്തോലസമൂഹത്തോടുകൂടി പരി.കന്യകമറിയം കപ്പൽ യാത്രചെയ്യുന്ന കഥ പ്രതീകാത്മകമായി തിരുസ്സഭയുടെ സ്വർഗോന്മുഖ യാത്രയേയത്രെ കാണിക്കുന്നതു്. യാത്രാമധ്യേ മത്സ്യജാലങ്ങൾ യാനപാത്രത്തിനു വഴി തടഞ്ഞുനിന്നു. എന്താണിതിന്റെ കാരണമെന്നറിയാതെ അവരെല്ലാം പകച്ചുപോയി. അപ്പോൾ യോഹന്നാൻ പരി.മറിയത്തോടു പറഞ്ഞു. ''അമ്മേ, ഭയപ്പെടേണ്ട സമുദ്രജീവികൾ വന്നു നില്ക്കുന്നതു് നിന്റെ ആശീർവാദം പ്രതീക്ഷിച്ചാണ്. ആശീർവാദം നൽകിയാൽ അവർ സന്തോഷസമേതം തിരിച്ചുപോകും''. എന്നു്

കേട്ടടനമ്മ തൻെറ തൃക്കൈയ്കം പൊക്കിക്കൊണ്ട്
കൂട്ടത്തിൽപെട്ടൺമയാ കൊട്ടത്തങ്ങാശീർവാദം
അപ്പൊഴതെല്ലാംകൂടി വെക്കമായ്തലപൊക്കി
അപ്പരിശോടെ താഴ്ത്തി വന്ദനം ചെയ്യശേഷം
തെളിഞ്ഞ അവരുടെ സ്ഥലങ്ങൾക്കായിക്കൊണ്ട്
തെളിവോടടൻ പിരിഞ്ഞകന്നു ക്രമംയഥാ.

(ആത്മാ. x 245 - 250)

കടലിലെ യാത്രയിൽ സാത്താനും അവൻെറ മഹാസൈന്യവും കപ്പൽ തകർക്കുവാൻ

''കടലിന്നാഴംതന്നിൽ കടന്നു ജലമൊക്കെ
കലക്കിയിളക്കിക്കൊണ്ടെത്രയും കല്ലോലങ്ങൾ
പൊങ്ങിയാക്കപ്പൽതന്നിലടിച്ചു പൊടിക്കുംപോൽ''

കടന്നു വരുന്നുണ്ട്. സമുദ്രതാരകമായ മറിയം ഈ സമയത്തു് യോഹന്നാനെ സാന്ത്വനപ്പെടുത്തിക്കൊണ്ടു് ഇങ്ങനെ അരുളിച്ചെയ്യുന്നു.

''..... .....
ഖേദിക്കവേണ്ട സുതാ
ഇക്കാലം യുദ്ധത്തിൻെറ കാലമെന്നറിക നീ
കെല്പോടെ യുദ്ധംചെയ്താൽ നീതിയും നാഥൻപ്രതി
എങ്കിലുമൊരുജനം മുടിഞ്ഞീടുകയില്ല
ശങ്കിക്കവേണ്ട നാഥൻ തുണയ്ക്കും സുനിശ്ചയം''

(ആത്മാ. x 400 - 404)

പൈശാചികമായ ആക്രമണം എത്രമേൽ ശക്തമായുണ്ടായാലും നാഥനായ യേശുവിൽ ശരണമർപ്പിക്കുക. സഭയെ നിർമ്മാർജ്ജനം ചെയ്യുവാൻ അവിടുന്നു് യാതൊരു ശക്തിയേയും അനുവദിക്കയില്ല എന്നുള്ള ആശ്വാസ വചസ്സാണു് എക്കാലത്തുമുള്ള സഭാ തനയർക്കു് കന്യകാമറിയം നൽകുന്നതു്.

ക്രിസ്മസ് - ശാന്തിയുടെ ആവിഷ്കാരം

ആറാം അധ്യായത്തിൽ യേശുവിൻെറ തിരുവവതാരം വർണ്ണിച്ച ശേഷം അതിൻെറ കാര്യകാരണങ്ങൾ സമ്യക്കായി കവി വിശദീകരിക്കുന്നുണ്ടു്. തികച്ചും നാടകീയമാണാരംഗം. ശാന്തി എന്നു പേരുള്ള ഇടയസ്ത്രീ പരിശുദ്ധമാതാവിനോടു സംശയങ്ങൾ ചോദിക്കുകയും മാതാവു് ഉത്തരം നൽകുകയും ചെയ്യുന്നു. അവൾക്കു് ശാന്തി എന്ന പേരു് എന്തുകൊണ്ടു് കാവ്യകാരൻ നൽകി എന്നതു്

ചിന്തനീയമാണ്. യഹൂദരുടെ ഇടയിൽ ഇങ്ങനെ ഒരു പേരു വരുവാൻ ന്യായമില്ല. പേരു് ഭാരതീയമാകട്ടെ എന്നു കരുതിയതു മാത്രമാണോ കാരണം? അതും കാരണമാകാം. എങ്കിലും അതിലുപരി ദിവ്യാവതാരം സ്വർഗീയശാന്തിയെ ഭൂതലത്തിൽ മുത്തവൽക്കരിക്കുന്ന മഹനീയ സംഭവമാണ്. ആ ഐതിഹാസിക സംഭവത്തിന്റെ ചുരുളഴിക്കാൻ ഉദ്യുക്തരായ വ്യക്തി ദിവ്യമായ ശാന്തിയെ സ്വന്തം ഉണ്മയിൽ അഭിരമിപ്പിക്കുന്നവളാണ്. അതുകൊണ്ടത്രെ ശാന്തിയെന്ന സാർത്ഥകനാമം കവി അവൾക്കു നൽകിയിട്ടുള്ളതു്.

രചനയിലെ നിരങ്കുശത്വം ചാവറകൃതിയിൽ എവിടെയും ഓളംവെട്ടുന്ന ഒന്നാണ്. ബഹുഭാഷാപണ്ഡിതനായ കവിക്കു് ഭാഷകളുടെ വേലിക്കെട്ടുകൾ ഭേദിച്ചു് തന്റെ മനസ്സിൽ വിജൃംഭിതമായ ആശയങ്ങളെ വിക്ഷുബ്ധമായ വികാരങ്ങളോടെ ആവിഷ്കരിക്കാനാണ് ത്വര. ടി. എസ്. എലിയെറിനെപ്പോലുള്ള കവികൾ ഒരേ കവിതയിൽത്തന്നെ ഫ്രഞ്ചു്, ഇംഗ്ലീഷു്, സംസ്കൃതം, ലത്തീൻ എന്നിങ്ങനെ ഭാഷകൾ മാറി മാറി പ്രയോഗിക്കുന്നതും വൃത്തം വിട്ടു ചരിക്കുന്നതും ആവിഷ്ക്കാരത്തിന്റെ ചടുലതയും പ്രതിഭയുടെ നിരങ്കുശത്വവുമായാണു് പ്രശസ്ത നിരൂപകർ എണ്ണുന്നതു്. വലക്കണ്ണികൾ തകർത്തു പുറത്തുവരുന്ന പരൽ മീനുകളെപ്പോലെ, വികാരാവിഷ്കരണത്തിന്റെ വിസ്ഫോടനത്തിൽ രുചിരങ്ങളായ സമാനപദങ്ങളും പരകീയ പദങ്ങളും ചാഞ്ചാടി മറിയുന്നതു് ചാവറകൃതികളിൽ കാണാം. ക്രിസ്തുവിനെ രണ്ടാം ഇസഹാക്കു് എന്ന അർത്ഥത്തിൽ ദ്വിസഹാക്കു എന്നു വിളിക്കാനും, സമരസഭയെ ഇത്താലിയൻ ഭാഷയിലെ മിലിത്താന്തി ആക്കാനും പരിശുദ്ധാത്മാവിനെ പാറക്ലേത്താ എന്നു് ഗ്രീക്കു ഭാഷാപദംകൊണ്ടു സംബോധന ചെയ്യാനും, സുറിയാനിയിലെ ആലാഹാ എന്നപദം ദൈവം എന്നതിനു പര്യായമാക്കാനും കവിയ്ക്കു മടിയില്ല. അന്നയുടെ മകളുടെ മകനെന്ന നിലയിൽ യേശു അന്നജാപുത്രനാണ്. സോമപാദിനിയെന്നും താരമകുടമണിയെന്നും മാത്രമല്ല മറിയത്തിനു് സമുദ്രതാര എന്നർത്ഥത്തിൽ താരസമുദ്രയെന്നും കവി പര്യായങ്ങൾ നിരങ്കുശം പ്രയോഗിക്കുന്നു. കല്യാണം എന്നർത്ഥം വരുത്തുവാൻ തിരുമണം എന്ന തനിത്തമിഴ്പദം തന്നെ പ്രയോഗിച്ചിരിക്കുന്നു. ജനങ്ങളുടെ കണ്ണിനു് എന്ന അർത്ഥത്തിനായി ജനക്കൺ എന്നെഴുതുവാൻ കവിയെ പ്രേരിപ്പിച്ചതു് സർവാതിരിക്തമായ ഈ നിരങ്കുശത്വമത്രേ.

തന്മയീഭാവം

ചാവറ കൃതികളിലെ എടുത്തുപറയേണ്ട മറെറാരു ഗുണമാണ് തന്മയീഭാവം. വസ്തുനിഷ്ഠമായ വിവരണങ്ങളേക്കാൾ പശിമയുള്ള ആത്മസംവാദത്തിനാണ് കവി ഊന്നൽ നൽകുന്നത്. ഹൃദയദ്രവീകരണ ശക്തി കൃതികളിൽ ഇഴകിച്ചേർന്നിരിക്കുന്നു. ഒരു ഭാഗം ഉദ്ധരിക്കട്ടെ.

''അതിനാൽ ഇപ്പോഴും എന്റെ മനസ്സുകൊണ്ട് ഗദ്സേമനിയിലേയ്ക്കു വരുന്നു. പരമദൈവത്തിന്റെ പുത്രനായ നാഥാ, കാരുണ്യവാരിധേ, പരമപിതാവിനു സമനായ സർവേശ്വരാ, സമസ്തവസ്തുക്കളുടേയും ദൈവമേ, മനുഷ്യവംശത്തിന്റെ രാജാവേ, ദാവീദിന്റെ പുത്രനായ രാജകുമാരാ, സ്വർഗ്ഗീയരക്ഷ പ്രദാനം ചെയ്യാൻ നീയല്ലാതെ മറാരാണുള്ളത്. ഒൻപതുവൃന്ദം സുന്ദരരായ ദൈവദൂതന്മാർ ആരാധിക്കുന്ന സർവോന്നതനായ നീയാണല്ലോ ഈ പാതിരാവിൽ ഈ കൊടുങ്കാട്ടിൽ എഴുന്നെള്ളിയിരിക്കുന്നത്.

ഈശ്വരായ അങ്ങ് എന്താണ് അന്വേഷിക്കുന്നത്?''

''എന്റെ സ്നേഹമേറിയ ആട്ടിൻ കുട്ടിയായ നിന്നെത്തന്നെ ഞാൻ അന്വേഷിക്കണം. അതിനായി ഞാൻ ഈ ഭൂമിയിൽ വന്നു. നിന്നോടുള്ള സ്നേഹംകൊണ്ട് എന്റെ ഹൃദയം നിർഭരമായിരിക്കുന്നു. മുപ്പത്തിമൂന്നു വത്സരം ഞാൻ സദാ ദുഃഖത്തോടെ നിസ്സാരനായ നിന്നെത്തേടി അലഞ്ഞു. മലയും ആഴിയും, ആരണ്യവും തെരുവീഥികളും താണ്ടി വലഞ്ഞു. എന്റെ കുഞ്ഞേ, നിന്നോടുള്ള സ്നേഹത്താൽ ദുഃഖപരവശനായി കല്ലുകളും മുള്ളുകളും നിറഞ്ഞ വഴി ചവിട്ടി നടന്നു. തെല്ലുനേരംപോലും സന്തോഷപൂർവം ഞാൻ വെറുതെ ചെലവഴിച്ചില്ല. കാണാതെപോയ നിന്നെത്തേടി തൊണ്ണൂറൊൻപതു ആടുകളേയും മാറിനിറുത്തിയിട്ട് എണ്ണത്തിൽ ഒന്നുമാത്രമായ നിന്നെ അന്വേഷിച്ചു വലഞ്ഞു. എന്റെ താതനായ സർവേശ്വരന്റെ മടിയിൽനിന്നു ഞാനിറങ്ങി ഈ വഴികളിലൂടെയെല്ലാം നടന്നു. നിനക്കുവേണ്ടി എന്റെ സ്നേഹമാതാവിനെ ദുഃഖക്കടലിൽ ഞാൻ മുക്കി. നീ വേഗം എന്റെ പക്കൽ വന്നാലും, ഞാനാണ് നിന്റെ പിതാവ്. നീ ഒട്ടും സംശയിക്കേണ്ട. സർവതും മറന്നു, ഇതാ നിന്നെ ഓർത്തു ഞാനിതാ വന്നിരിക്കുന്നു.''

(ആത്മാ VII 257_280)

നർമ്മമധുരവും നാടകീയവുമായ ഭാവം

ബത്‌ലേഹം നഗരിയിൽനിന്നൊഴിഞ്ഞു് ഒരു മലഞ്ചെരുവിലെ ഗോശാലയിൽ യൗസേപ്പും പൂർണ്ണഗർഭിണിയായ മറിയവും നിൽക്കുന്നു. ക്ഷീണിതനായ ഭർത്താവിനെ മറിയം ആശ്വസിപ്പിക്കുന്നതു നർമ്മമധുരവും നാടകീയവുമായ ഭാവമൊരുക്കിക്കൊണ്ടാണു്.

സൂര്യാടസോമൻപാദേ ഋക്ഷമകുടധാരി
വീര്യവാൻ ഭർത്താവിനെ സൂക്ഷിച്ചുചൊന്നാളപ്പോൾ
രാത്രിയുമകാലമായു് ഗാത്രവും ബഹുക്ഷീണം
നേത്രമെങ്കിലുമടച്ചീടണമിനിഭവാൻ.

വിനീതയും ലജ്ജാലുവുമായ ഒരു മഹിള, പ്രസവസമയം സമാസന്നമാണെന്നറിയുന്ന വേളയിൽ തന്നെ ഏകയായിരിക്കാൻ അനുവദിക്കണമെന്ന ഒരപേക്ഷ ഇവിടെ ഗ്രഥനം ചെയ്തിരിക്കുന്നുവെന്നതു് കവിയുടെ സൂക്ഷ്മാവലോകനത്തിന്റെ ദൃഷ്ടാന്തമാണു്. ഉണ്ണിയേശു പിറക്കുന്ന സന്ദർഭം ഹൃദ്യവും മനോഹരവുമായ വരികളിൽ കവി പകർത്തുന്നുണ്ടു്.

മധ്യരാത്രിയാം നേരം മാർത്താണ്ഡദേവപ്രഭ
മധ്യാഹ്നനേരം പോലെ പെയ്യുടൻ തൊഴുത്തതിൽ
ദ്യോവിൽനിന്നിറങ്ങുന്ന വാനവർ മഹാകൂട്ടം
നാവിനാൽ സ്തുതിക്കുന്ന പാടുന്ന ഗാനഗീതം
ഉയരങ്ങളിൽ സ്തുതി സർവേശൻ കൂടസ്ഥനു്
ഉന്നതമഹത്ത്വവും ഭൂതലേ മനുഷ്യനു്.

എഴുത്തച്ഛന്റെ മഹാഭാരതത്തിലെ യുദ്ധകാണ്ഡത്തോടു മത്സരിച്ചു നില്ക്കുന്ന വരികളാണു് നിത്യവിധിയാളനായ ക്രിസ്തുദേവനെത്തുന്ന രംഗം വർണ്ണിക്കുന്ന കവി അവതരിപ്പിക്കുന്നു.

ഈ ലോകേ പ്രസിദ്ധരായു് നടന്ന ജനമപ്പോൾ
ആലോചേപലരായു് ലജ്ജിച്ചു വിറച്ചീടും
അന്നേരം നീതീശ്വരൻ അഗ്നിവൽമുഖത്തോടെ
നിന്ദ്യരാം ജനങ്ങളെ പാർത്തരുൾചെയ്യും നൂനം
ശിലകൾ പൊടിയാക്കി തകർക്കുമിടിപോലെ
ചപലന്മാരെപ്പാർത്തു കല്പിക്കും നരദേവൻ
ദുഷ്ടരേ, നന്ദിഹീന മൂഢരേ നിങ്ങളംക്കായി
സൃഷ്ടിനാഥനാം നാമും ദുഷ്ടനായിഹലോകേ.

യേശുവിന്റെ മരണശേഷം കുരിശിൻ ചുവട്ടിൽ ശിഷ്യന്മാരും മറിയവും നിൽക്കുന്നു. മൃതസംസ്കാരത്തിനുള്ള സാമഗ്രികളുമായി നിക്കദേമൂസും കൂട്ടരും ദൂരെനിന്നു വരുന്നതു കണ്ടു് അവർ ശത്രുക്കളാണെന്നും കരുതി മറിയം ഭയപ്പെടുന്നു.

''ഭയപ്പെടേണ്ട, അവർ മിത്രങ്ങളാണു്'' എന്നു പറഞ്ഞു യോഹന്നാൻ മറിയത്തെ ആശ്വസിപ്പിക്കുന്നു.

അമ്മകന്നി തന്റെ ദുഃഖരോദനങ്ങളും നായകൻ
അൻപിനോടു കേട്ടുടൻ അയച്ചു മിത്രമർത്യരെ
അമ്മലയടിയിൽനിന്നു വന്നണഞ്ഞു കൂട്ടമായു്
അമ്മയുടെ കണ്ടുടൻ ഭവിച്ചു ദുഃഖസംശയം

ആയവരിതെന്തിനോ വരവിനുള്ള കാരണം
ആദിയിലവരണഞ്ഞു ചെയ്യുപോലെ ചെയ്യുമോ
ആയുധങ്ങളുണ്ടവരിലെന്തിനെന്നതറിവിലാ,
ആയതിനാലാധിപൂണ്ടു് അമ്മയെന്നു കണ്ടുടൻ

ഇഷ്ടമുള്ള ശിഷ്യനായ യോഹന്നാനു് അതുവിധൗ
ഇജ്ജനത്തെ സൂക്ഷ്മമായറിഞ്ഞുകണ്ടു മാനസേ
ഇമ്പമോടടുത്തു ചൊല്ലിയമ്മയോടു സാന്ത്വനാൽ
ഇണ്ടലൊന്നും വേണ്ടയമ്മ, യിവരുനല്ല സ്നേഹിതർ

ഈപ്സയോടണഞ്ഞിവരു നിന്റെ വാത്തകേൾക്കുവാൻ
ഈശനെക്കുരിശിൽ നിന്നിറക്കുവാനുമെന്നിയും
ഈ ശരീരം പൂജ്യമായി പൂശുവാൻ സുഗന്ധവും
ഈ വിശുദ്ധദേഹമങ്ങുമൂടുവാൻ നിചോളവും.

കവിക്കു ജീവിതസർവസ്വമെന്നതു് ഈശ്വരസായൂജ്യം ഒന്നുമാത്രമാണു്. ഭക്തിഭാവം അലയടിച്ചുയരുന്ന ഒരു ഭാഗം ശ്രദ്ധിക്കുക.

മാമകപ്പിതാവുനീ ഭാഗ്യവുമെനിക്കുനീ
മംഗലം നീയെന്നിയേ മറൊന്നുമില്ല നാഥാ.
എന്നുടെ സ്നേഹം നീയേ എന്നുടെ ഭാഗ്യം നീയേ
നിന്നിലില്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കുനീ ഭക്ഷണം പാനീയം നീ
ആശ്വാസം നിന്നിലല്ലാതെവിടെവയ്ക്കും നാഥാ.

ചാവറയച്ചന്റെ ആത്മാനുതാപം ഹൃദയാർദ്രവും ഭക്തിരസം തുടികൊട്ടി നില്ക്കുന്നതുമായ അക്ഷയസാഗരമാണ്. നിതാന്ത ഭക്തിഭാവത്തിന്റെ തിരുമുൽക്കാഴ്ചയാണ് ആ മനോഹരമായ ബൃഹദ്കാവ്യം.

ഖണ്ഡകാവ്യങ്ങൾ–ഒരു പൊതുഅവലോകനം

അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നീ രണ്ടു ഖണ്ഡകൃതികൾകൂടി ചാവറകുര്യാക്കോസച്ചൻ വിരചിച്ചിട്ടുണ്ട്.

അനസ്താസ്യായുടെ രക്തസാക്ഷ്യത്തിന്റെ കഥ ഇങ്ങനെ സംഗ്രഹിക്കാം. എ. ഡി. മൂന്നാം നൂറ്റാണ്ടിൽ സോഫിയാ എന്ന സന്യാസിനി നടത്തിയ കോൺവെന്റിൽ അനസ്താസ്യാ എന്ന സുന്ദരിയും കുലീനയുമായ തരുണി അംഗമായി. ക്രിസ്തുമത വൈരിയായ വലേരിയൻ ചക്രവർത്തിയുടെ മന്ത്രി പ്രോബാ ഇക്കാര്യമറിഞ്ഞു. അവളെ കന്യകാലയത്തിൽ നിന്നു ബലമായി കൊട്ടാരത്തിൽ വരുത്തി. ക്രൈസ്തവവിശ്വാസം ഉപേക്ഷിച്ചു പകരം റോമൻ ദേവനായ ജോവിന്റെ (ജൂപ്പിറ്റർ) ആരാധികയാകണമെന്നു ഉപദേശിച്ചു. പക്ഷേ, അനസ്താസ്യാ ക്രൈസ്തവവിശ്വാസത്തിൽ അചഞ്ചലമായി, നിലകൊണ്ടു.

മന്ത്രി അവൾക്കെതിരെ ക്രൂരമായ മർദ്ദനമുറകൾ അഴിച്ചുവിട്ടു. പക്ഷേ, അവയൊന്നും ആ ധീരവനിതയുടെ ആദർശങ്ങളുടെമേൽ മങ്ങലേൽപ്പിക്കുവാൻ കഴിഞ്ഞില്ല. തടവറയിൽവച്ചും അവൾ സ്നേഹമണവാളനായ യേശുവിന്റെ സ്തുതികൾ പാടി. കുപിതനായ മന്ത്രി അവളുടെ നാവറുത്തുകളഞ്ഞു. ഇതെല്ലാം കണ്ടു സമീപം നിന്നിരുന്ന സിറിലോസ് എന്ന ക്രൈസ്തവ യുവതിയോട് അവൾ ദാഹജലം യാചിച്ചു. വൈരികളെ വകവയ്ക്കാതെ ജലം പകർന്നുകൊടുത്ത സിറിലോസിനെയും അനസ്താസ്യായെയും ചക്രവർത്തിയുടെ പിണിയാളുകൾ വധിച്ചു. ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടു പുഷ്പങ്ങൾ പോലെ അവരിരുവരും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്ന ധീരരക്തസാക്ഷികളായി സ്വർഗ്ഗംപൂകി.

നതോന്നതവൃത്തത്തിൽ രചിച്ച ഈ കൃതി അകൃത്രിമ ലാവണ്യം വഴിഞ്ഞൊഴുകുന്ന ഖണ്ഡകാവ്യമാണ്.

കന്നികളെ കാത്തു കൂട്ടിരേിക്കുന്ന മഠമായ
കന്നിസോപ്യ അമ്മ തന്റെ പുണ്യകേന്ദ്രത്തിൽ
പൊന്നിനേക്കാളും വിലയേറും സ്വർണ്ണമാണിക്യങ്ങളൊക്കെ
മണ്ണുപോലെ ത്യജിച്ചുണ്ട് ജീവിച്ചിടുന്ന
ഉന്നതമാം ഗോത്രികന്നി അനസ്താസ്യയെന്ന പൈതൽ
കന്നിത്വം നേർന്നവിടത്തിലടങ്ങിടുന്നു.

പട്ടാളക്കാർ കന്യകാലയത്തിന്റെ വാതിലുകളും ചവിട്ടിപ്പൊളിച്ച് അകത്തുകയറി. അപ്പോഴും അവൾക്ക് ധൈര്യം പകർന്നുകൊണ്ട്, ക്രിസ്തുവാണ് അവളുടെ യഥാർത്ഥ മണവാളനെന്നും അവിടത്തേക്കു വേണ്ടി രക്തസാക്ഷിത്വം വരിക്കുവാൻ തയ്യാറാകണമെന്നും സോഫിയ അവളെ ഉപദേശിക്കുന്ന ഭാഗം തികഞ്ഞ നാടകീയതയും ഭാവഭദ്രതയും തുളുമ്പുന്നവയാണ്.

വാർത്തയൊക്കെ കേട്ടടനെ പാർത്തുനിന്ന പുണ്യസോപ്യാ
ചേർത്തുതന്റെ മാർവിടത്തിൽ സ്നേഹപുത്രിയെ
സ്നേഹമേറും മകളെനിൻ ഭാഗ്യമേറും മണവാളൻ
ദാഹത്തോടെ വിളിക്കുന്നു വേഗമായ്പ്പോക
നിൻമണത്തെ മുടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയായണച്ചതൻ ജീവനും കൂടെ
എന്നനിന്റെ സുന്ദരനാം പുണ്യരാജ മണവാളൻ
ഇന്നുതന്റെ മഹത്വം നീ കാട്ടുക വേഗം
മന്നിലുള്ള മണവാന്മാരല്ലനിന്റെ സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്കു.

ക്രിസ്തുവിനെ ത്യജിച്ച് ജോവുദേവന്റെ ആരാധികയാകാൻ പ്രേരിപ്പിച്ചശേഷം അങ്ങനെ ചെയ്തില്ലെങ്കിലുള്ള ശിക്ഷയെക്കുറിച്ചും ദുഷ്ടമന്ത്രി അവളോട് പറയുന്നുണ്ട്.

കോപവിയുള്ള നിന്റെ ഗോത്രം നേർമ്മയുള്ള നിന്റെ ഗാത്രം
വീഴുവാനും താഴുവാനും താമസമില്ല

അതിനു് അനസ്താസ്യാ നൽകിയ മറുപടി ഇതായിരുന്നു:

ലോകഭാഗ്യം സമർപ്പിപ്പാൻ ദാഹമില്ല മമചിത്തേ
കോലാഹലമായ ശിക്ഷാഭീതിയുമില്ല

അനസ്താസ്യാക്കെതിരെ മർദ്ദനമുറകൾ ഒന്നൊന്നായി മന്ത്രി അഴിച്ചുവിടുന്നതു് കല്ലിനേയും അലിയിക്കുന്ന കരുണാന്വിതഭാവം അനുവാചകരിലുണർത്തും മട്ടിലാണ് കവി വർണ്ണിക്കുന്നതു്.

കന്നിതന്റെ ദേഹമൊക്കെ മാന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ടു കുതിർത്തുഭൂമി
ക്രൂരനായ ദുഷ്ടപ്രോബാ മതിയില്ലാതുള്ള ക്രോധാൽ
ക്രൂരതയാൽ മുറിവുകൾ ചുട്ടുപന്തത്താൽ
വെള്ളിപോലെ വെളുത്തുള്ള കന്നിതന്റെ പല്ലുകളെ
വല്ലിയൊരു ചുററികയാൽ തല്ലിവീഴിച്ചു.
പുണ്യകന്നി കാലുകയ്യിൽ നഖങ്ങളെ പറിപ്പിച്ചു
തണ്യവാൻ ലജ്ജയില്ലാതെ പിന്നെയും ക്രോധാൽ

ഇങ്ങനെ ബീഭത്സമായ അന്തരീക്ഷം വാക്കുകളിലൂടെ ദൃശ്യമാനമാക്കിയ കവി ഖണ്ഡകാവ്യത്തിന്റെ അന്ത്യഭാഗത്തു ശാന്തവും ഭക്തിദ്യോതകവുമായ ഒരു രംഗം സൃഷ്ടിക്കുന്നു. ദുഃഖങ്ങൾക്കവധി കൊടുത്തു സ്വർഗ്ഗത്തിൽ നിത്യഭാസുരമായ നക്ഷത്രങ്ങളെപ്പോലെ സൗമ്യപ്രകാശം പൊഴിച്ചു രക്തസാക്ഷികളായി അനാസ്താസ്യായും സിറിലോസും നിലകൊള്ളുന്നു.

പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യം മാണിക്യം
പച്ചമരതകമാദിയലംകാരത്താൽ
സ്നേഹമേറും മണവാളൻ യേശു തന്റെ മന്ദിരത്തിൽ
ദാഹമോടെ കുടിവച്ചു മണവറയിൽ

മരണവീട്ടിൽ പാടുന്നതിനുള്ള പാന നിശ്ചിതാർത്ഥത്തിൽ ഖണ്ഡകാവ്യമല്ല. ആദ്ധ്യാത്മ നവീകരണത്തിനുതകുന്ന നിരവധി കഥകളും ഉപദേശങ്ങളും അതിൽ പ്രതിപാദിച്ചിരിക്കുന്നു.

രോഗിക്കു നൽത്തുണ ചെയ്യുന്ന നേരത്തിൽ
നേരിതു നാഥനെന്നോർത്തുകൊൾക
വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കേണ്ട നാഥൻതന്നെ
എന്നതു ചേതസി നന്നായ് സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെചെയ്യും
രോഗിയിൽ നിന്നുമുയരുന്ന ദുർഗന്ധം
സ്നേഹത്താൽ സുഗന്ധമായ്പ്പകരും

ആദർശദീപ്തവും കാവ്യസുരഭിലവുമായ ഈ ഖണ്ഡകാവ്യങ്ങളിലൂടെ അക്ഷയസമ്പത്താണ് ചാവറയച്ചൻ കൈരളിക്കു കാഴ്ചവച്ചിട്ടുള്ളതു്.

ചാവറക്കാവ്യങ്ങൾ ഏതു പ്രസ്ഥാനത്തിൽപ്പെടുത്താം

വിസ്തൃതമായ കഥാപ്രപഞ്ചം വിന്യസിക്കുന്ന ഒരു കൃതിയെന്ന നിലയിൽ ചാവറയച്ചന്റെ ആത്മാനുതാപം മഹാകാവ്യശ്രേണിയിൽപ്പെടുത്താം. എങ്കിലും കഥാംശം, പ്രതിപാദനരീതി വൃത്തം, അലങ്കാരം എന്നിവയിലെല്ലാം സാധാരണ മഹാകാവ്യങ്ങളിൽ നിന്നു് തുലോം വ്യത്യസ്തമായ രൂപമാണ് ആത്മാനുതാപത്തിനുള്ളതു്. സ്വന്തം ആത്മാവിന്റെ മുകുരത്തിൽ ക്രിസ്തുദേവചരിതം ദർശിക്കയും അതിലൂടെ ആത്മദുഃഖങ്ങളും ആത്മഹർഷങ്ങളും പ്രകാശിപ്പിക്കുകയുമാണ് കവി ചെയ്യുന്നതു്.

കവി-കഥാപാത്രം

ഇവിടെ പ്രധാന കഥാപാത്രം കവിതന്നെയാണ്. ക്രിസ്തുവിന്റെയും കന്യാമറിയത്തിന്റെയും ജീവിതത്തിലെ ശോകസങ്കുലരംഗങ്ങൾ കട്ടത്ത വർണ്ണത്തിൽ വരച്ചു കാട്ടുന്നു. അവയ്ക്കെല്ലാം കാരണഭൂതൻ താൻതന്നെയെന്നു കവി കാണുന്നു. സ്വന്തം പാപങ്ങളെക്കുറിച്ചു മനമുരുകി കേഴുന്നു. അനുതാപമിഴിനീരിൽ സ്വന്തം ആത്മാവിന്റെ കറകളും ഒഴുക്കുന്നു. തന്മൂലം ഓരോ അധ്യായവും ഭാവസാന്ദ്രമായ ആത്മഗീതങ്ങൾ പോലെ അനുവാചകനനുഭവപ്പെടുന്നു.

കഥകളും ഉപകഥകളുംകൊണ്ടു് സംഭവബഹുലമായ ഒരന്തരീക്ഷം നിബന്ധിച്ചിട്ടുണ്ടു്. ക്രിസ്തു, കന്യകമറിയം, സെയ്ന്റ് ജോസഫ് ആട്ടിടയർ, പത്രോസ്, യോഹന്നാൻ, നിക്കദേമൂസ്, പൗലോസ്, യൂഡാ, മറിയം മഗ്ദലനാ, യാക്കോബ് തുടങ്ങി നിരവധി കഥാപാത്രങ്ങൾ ഈ കാവ്യത്തിൽ അണിനിരക്കുന്നു.

ക്രിസ്തുവിന്റെ കഷ്ടപ്പാടുകൾ, പീഡാസഹനം, കുരിശുമരണം തുടങ്ങിയവ കരുണാർദ്രമായ ഭാഷയിൽ വർണ്ണിക്കുവാനാണ് ചാവറയച്ചൻ ആദ്യന്തം പരിശ്രമിച്ചിട്ടുള്ളതു്. ശോകരസം മിഴിവാർന്നു നില്ക്കുന്നു. ആത്മാനുതാപത്തിനു പര്യാപ്തമായ പശ്ചാത്തലഭൂമിക സൃഷ്ടിക്കുന്നതിൽ കവി വിജയം വരിച്ചിട്ടുണ്ടു്.

രക്തനാഡികളോടും ഗളത്തെയമർത്തിയും
സിംഹവൽക്രോധത്തോടെ ശത്രുക്കൾ തള്ളിയുന്തി

സിംഹരാജേന്ദ്ര രാജനാഥനെ വീഴിച്ചല്ലോ
അടിച്ചു കന്നത്തിലും പറിച്ചു തിരുമുടി
പിടിച്ചുകെട്ടി കൈകളും പിൻകെട്ടാൽ ചോരൻസമം
ക്രോധമേറിടും ജനം ക്രുദ്ധിച്ച ശാക്യരും സമം
ക്രൂരമായടിച്ചവർ വിഷസർപ്പത്തെപ്പോലെ
ശത്രുസംഹാരം ചെയ്ത സേനാവൃന്ദത്തെപ്പോലെ

ആത്മാനുതാപത്തെ കാവ്യമണ്ഡലത്തിലെ ഏതു ശ്രേണിയിൽപ്പെടുത്തി വിലയിരുത്തിയാലും കവി ഉദ്ദർശനം ചെയ്തിട്ടുള്ള പരമമായ ഭക്തിഭാവത്തിന്റെ സമുന്നതമായ ആവിഷ്കാരം സാധിതമായിട്ടുണ്ട് എന്നു പറയാം.

അനസ്താസ്യായുടെ രക്തസാക്ഷ്യം ആധുനികഖണ്ഡകാവ്യത്തിന്റെ മുന്നോടിയാണ്.

ഇതിവൃത്തത്തിലെ സുപ്രധാനഭാഗങ്ങൾക്കു മിഴിവു നൽകി അപ്രധാനഭാഗങ്ങൾ സൂച്യരൂപത്തിലാക്കി ആവിഷ്ക്കരിക്കുകയാണ് ആധുനിക ഖണ്ഡകാവ്യരീതി. നാടകീയമോ കാവ്യാത്മകമോ ആയ കഥാഭാഗമായിരിക്കും ഇതിവൃത്തത്തിനാസ്പദം. എന്തായിരുന്നാലും ഇതിവൃത്തഘടനകളെ ഔചിത്യഭാസുരമാം വിധം അനുപാതദീക്ഷയോടെ അംഗോപാംഗങ്ങളൊപ്പിച്ച് വികാരസാന്ദ്രമായി അവതരിപ്പിക്കുക - ഇതാണ് ഖണ്ഡകാവ്യരീതി. കഥയുടെ വികാസപരിണാമങ്ങൾക്കനുയോജ്യമായ രീതിയിൽ വർണ്ണനകളും അലങ്കാരങ്ങളും ഉണ്ടാകാം. എങ്കിലും അവ കഥയുടെ ഏകാഗ്രമായ പുരോഗതിക്കു സാധകമായ മട്ടിലേ ആകാവൂ. നല്ലൊരു ചെറുകഥയുടെ സാക്ഷാൽകൃതരൂപമാണ് ആധുനിക ഖണ്ഡകാവ്യമെന്നു പറയാം.

ഒറ്റവാക്കിൽ, സമഗ്രമായ ജീവിതത്തിന്റെ എല്ലാഭാഗങ്ങളിലുമായി ചിതറുന്നതിനു പകരം അതിന്റെ ഒരു ഭാഗത്തു കവി പ്രതിഭ ഉറച്ചുനിൽക്കുമ്പോൾ ഖണ്ഡകാവ്യം രൂപം കൊള്ളുന്നു.

കവിത്രയം ആരചിച്ച കാല്പനികവസന്തത്തിലെ വാടാമലരുകളാണ് നമ്മുടെ ഖണ്ഡകാവ്യങ്ങൾ. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ അരുണോദയമായി സാഹിത്യവേദികയിൽ വാഴ്ത്തുന്നതു് എ. ആറിന്റെ മലയവിലാസമാണ്. മലയവിലാസം 1895-ൽ വിരചിതമായി. എ. ആർ രാജരാജവർമ്മയുടെ കൃതിക്കു് 33 വർഷം മുമ്പാണ് ചാവറയച്ചന്റെ അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതി വിരചിതമായതു്. എ. ആറിന്റെ കൃതിക്കു ശേഷമാണല്ലോ വി. സി. യുടെയും സുബ്രഹ്മണ്യൻപോറ്റിയുടെയും കവിത്രയത്തിന്റെയും ഖണ്ഡകൃതികളും ഉടലെടുത്തതു്.

ആധുനിക ഖണ്ഡകാവ്യങ്ങളുടെ സാമാന്യസ്വഭാവങ്ങൾ ചാവറ കൃതികൾക്ക് ഉണ്ടോ എന്നു പരിശോധിക്കാം. പ്രഖ്യാതമായ ഒരിതിവൃത്തം ക്രൈസ്തവസഭയുടെ ചരിത്രത്തിൽനിന്നു സ്വീകരിച്ചിരിക്കുന്നു. നാതിദീർഘമെന്ന പ്രത്യേകത കഥയിലും പ്രതിപാദനത്തിലുമുണ്ട്. അനസ്താസ്യായുടെ ജീവചരിത്രം കാണിക്കുന്നുവെങ്കിലും ജീവിതത്തിലെ സുപ്രധാനഭാഗങ്ങൾക്കു മാത്രമേകി അപ്രധാനഭാഗങ്ങൾ സൂചനരൂപത്തിലാക്കി കവി പ്രദർശിപ്പിക്കുന്നു. ഭാവതീവ്രതയും ഗാനാത്മകതയും രൂപസാരള്യവുമാർന്ന പ്രതിപാദനരീതി ഈ കൃതിയുടെ സവിശേഷതയാണ്. ഔചിത്യപൂർണ്ണമായ അലങ്കാരങ്ങളും ഈ ഖണ്ഡകൃതിക്ക് അകൃത്രിമശോഭ നൽകുന്നുണ്ട്.

മലയാളത്തിൽ ആധുനിക ഖണ്ഡ കാവ്യപ്രസ്ഥാനത്തിനു വാതിൽ തുറക്കുന്നതിനു പതിറ്റാണ്ടുകൾക്കു മുമ്പു വിരചിതമായ അനസ്താസ്യായുടെ രക്തസാക്ഷ്യം ഉത്തംസമായ ഖണ്ഡകാവ്യമാണെന്നു സമ്മതിച്ചേതീരൂ. ക്രാന്തദർശിയും സാഹിത്യവേദിയുമായ ചാവറയച്ചൻതന്റെ ബഹുലമായ പ്രവർത്തനങ്ങൾക്കിടയിൽ മലയാളഭാഷയ്ക്ക് അഴകും മൂല്യവും നൽകുന്ന വിശിഷ്ടകാവ്യങ്ങൾ വിരചിക്കുവാൻ സമയം കണ്ടെത്തിയെന്നതു് അത്ഭുതകരമായ കാര്യമാണ്.

സാഹിത്യപരമായ സവിശേഷതകൾ

ചാവറ കുര്യാക്കോസച്ചന്റെ കൃതികളിലെ സാഹിത്യപരവും ഭാഷാപരവുമായ സവിശേഷതകളാണ് ഇനി പരിശോധിക്കാനുള്ളതു്.

ലളിതവും സാഹിത്യസുരഭിലവുമായ ചമൽക്കാരങ്ങളും വാങ്മയചിത്രങ്ങളും അവതരിപ്പിച്ചുകൊണ്ട് അനുവാചകഹൃദയങ്ങളെ ആകർഷിക്കുവാൻ ആത്മാനുതാപകർത്താവിനു കഴിഞ്ഞിട്ടുണ്ട്.

മറിയത്തിന്റെ കരങ്ങളിൽ ഉണ്ണിയേശു ഇരിക്കുന്നതു് വെള്ളാമ്പൽപ്പൂവിൽ ചെന്താമരമലരു നിക്ഷേപിച്ചതുപോലെയാണ്. താമരമെത്തയിൽ അരയന്നക്കുഞ്ഞിനെപ്പോലെയാണ് അമ്മയുടെ കൈകളിൽ കിടന്നു പൊന്നുണ്ണി ഉറങ്ങുന്നതു്.

ആമ്പൽപ്പൂവതിൻമീതെ താമരപ്പൂവെച്ചപോൽ
അംബുധിതാരാനാഥതൻകരേ സുതൻ നാഥൻ
താമരമെത്തതന്മേൽ അന്നക്കുഞ്ഞതിൻവണ്ണം
താരസമൂഹകൈയിൽ നിദ്രയും മനോഹരം

കന്യകാത്വം കൈവെടിയാതെ പുത്രനെ മറിയം പ്രസവിച്ചതിനെ സൂര്യപ്രകാശം കണ്ണാടിയിലൂടെ കടന്നുപോകുന്നതിനോടാണ് കല്പിച്ചിട്ടുള്ളത്.

സൂര്യാപേളകിനെ കടക്കുമെന്നപോലെ
നാര്യാര്യ കന്നിക്ഷയം വരാതെപെറ്റുനനം

ദൈവദർശനത്തിനായി ഉഴറുന്ന ഒരാത്മാവിന്റെ ഗദ്ഗദങ്ങം ഗോശാലയിൽ മറിയത്തിന്റെ സമീപം നിൽക്കുന്ന യൗസേപ്പിന്റെ പ്രാർത്ഥനയിലൂടെ കവി അവതരിപ്പിക്കുന്നുണ്ട്.

സർവേശ പരാപര, സർവമംഗലനിധേ
സർവരക്ഷയ്ക്കായ്ത്തന്ന നിന്നുടെ പുത്രൻതന്നെ
മേഘത്തിൻ തിരനീക്കി ശോഭിക്കും സൂര്യൻപോലെ
മേപ്രിയ കന്നിതന്റെ ഉദരത്തിരനീക്കി
മേദിനിയിതിൽക്കണ്ടു വന്ദിപ്പാനരുളേണം
ദാഹത്തേത്തീർത്തീടുവാൻ വേഗത്തിൽ കാട്ടേണമേ.

ചിന്താബന്ധുരമായ ലോകതത്വങ്ങം ചമൽക്കാരപ്രചുരിമയോടെ ചാവറയച്ചൻ ആത്മാനുതാപത്തിൽ നിബന്ധിച്ചിട്ടുണ്ട്.

അഗ്നിക്കായ് വെട്ടപ്പെട്ടം വൃക്ഷശാഖികളെന്തന്നെ
ഭഗ്നകന്മാർക്കു തണൽക്കൊട്ടക്കും പത്രങ്ങളാൽ
അന്നപാനവും തേനും പാലാദിവസ്തുക്കളും
പന്നഗം കൈപ്പിച്ചിട്ടം തന്നുടെ വിഷത്തിനാൽ
ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി നീങ്ങുന്ന ക്ഷണേക്ഷണേ.

രാജാക്കൻമാർക്കുചിതമായ കൊട്ടാരമോ ശയനഗൃഹങ്ങളോ, പുതപ്പോ, കമ്പിളിയോ, പരിവാരങ്ങളോ ഇല്ലാതെ ബേത്ലേഹം ഗോശാലയിൽ കിടക്കുന്ന ഉണ്ണിയേശുവിനെ ദർശിക്കുവാൻ വാനവദൂതരെ വിളിക്കുന്ന ഭാഗം ആത്മാനുതാപത്തിലുണ്ട്.

ദൈവികദൂതന്മാരെ, ആകാശാങ്കണക്കളെ
ദേവദേവനാം തവ രാജനെക്കാണുന്നീലേ
വേസലംഗ്രഹയതിൽ വേദനയോടുകൂടെ
വേസരിരാജൻ നാഥൻ കിടക്കുന്നയ്യോ കഷ്ടം
കിടക്കയതിന്നായി വൈക്കോലു നിരത്തീട്ട-
മിടത്തിൽ കിടക്കുന്ന രാജനെക്കാണുന്നീലേ
തൻതലകീഴെന്തെന്നു നോക്കുവിൻ ഭൃത്യന്മാരെ
കനത്ത കരിങ്കല്ലാൽ മൗലിക്കെന്തൊരുദുഃഖം

പ്രാസപ്രയോഗത്തിൽ നിരങ്കുശത്വം കാട്ടുന്ന ഭാഗങ്ങൾ മഹാകവികൾക്കുപോലും അത്ഭുതം ജനിപ്പിക്കുന്ന മട്ടിലാണ്. മലയാളത്തിൽ പ്രചാരലുപ്തമായ പദങ്ങൾ മാത്രമുള്ള 'ഇ' എന്ന അക്ഷരം ഓരോ വരിയിലും ആദ്യം വരത്തക്കവിധം ചാവറയച്ചൻ എഴുതിയിട്ടുള്ള കാവ്യഭാഗം നോക്കുക.

ഇഷികൾക്കൊക്കെയുമീശൻ നീയെന്നിട്ടും
ഇഷഭാവേസരി മധ്യനായി
ഇക്ഷം മുതൽവെട്ടം നാണിപ്പിച്ചിടുന്ന
ഇതധിനാഥനെ കാണാകേണം.

ഇതിന്റെ അർത്ഥമിതാണ്. അല്ലയോ ഈശ്വരാ അങ്ങു ജ്ഞാനദൃക്കുകളായ മഹർഷിമാർക്കും അധീശനാണ്. എന്നിട്ടും ഒരു കാളയുടെയും കോവർകഴുതയുടെയും മദ്ധ്യേ നിസ്സഹായനായി പിറന്നു. നക്ഷത്രങ്ങൾ തുടങ്ങിയ തേജോഗോളങ്ങളെ തേജസ്സിൽ ലജ്ജിപ്പിക്കുന്നവനും കാലങ്ങളുടെ അധിനായകനുമായ അങ്ങയെ കാണുവാൻ എന്റെ ആത്മാവിന്റെ നേത്രങ്ങൾ ഉഴറുന്നു.

മരണമാകുന്ന തിരശ്ശീല വീഴുന്ന വേളയിൽ വിഹ്വലനായി മനമിടറിക്കേഴുന്ന തനിക്കു തിരുമുഖദർശനം തരണമേ എന്നു കന്യകാമറിയത്തോടു് ആത്മാനുതാപത്തിന്റെ അന്ത്യഖണ്ഡത്തിൽ അപേക്ഷിക്കുന്ന കവിയെ കാണുന്നു.

മരണമെന്ന സ്മരണയെന്നിലുണരുമെന്ന സമയമേ
സ്മരണ രണ്ടു വിധമതായി ഉഴലുമെന്റെ ചേതസി
മരണമെന്ന തിരയിറക്കിൽ ദയനിറഞ്ഞ തിരുമുഖം
നയനമെന്നതിനുദൃശ്യമാക്കുവാനുപേക്ഷയും.

അനസ്താസ്യായുടെ രക്തസാക്ഷ്യം മനോഹരമായ വാങ്മയചിത്രങ്ങളുടെ കലവറയാണ്.

ക്രൂരഭാവം നടിച്ചവൻ ചക്ഷുരണ്ടും ചുവപ്പിച്ചു
ക്രോധവീര്യാൽ മുഖം മേഘസൂര്യമായ് മൂടി
എന്നു് ദുഷ്ടനായ പ്രോബയെക്കുറിച്ചും.
കന്നിതൻ ദേഹമൊക്കെ മാന്തിയവർപൊളിച്ചിട്ട
ചിന്തിവീഴും ചോരകൊണ്ടു കതിർത്തുമി

എന്നു് അനസ്താസ്യായുടെ മർദ്ദനത്തെക്കുറിച്ചും ചുരുങ്ങിയ വാക്കുകളിലൂടെ രംഗം അവതരിപ്പിക്കുന്നു.

കേക, കാകളി, ദ്രുതകാകളി, നതോന്നത തുടങ്ങിയ കിളിപ്പാട്ടു വൃത്തങ്ങളാണു് കവി ഉപയോഗിച്ചിട്ടുള്ളതു്. എടുക്കാന്താത്തു്,

പ്രാസപ്രയോഗത്തിൽ നിരങ്കുശത്വം കാട്ടുന്ന ഭാഗങ്ങളും മഹാകവികൾക്കുപോലും അത്ഭുതം ജനിപ്പിക്കുന്ന മട്ടിലാണ്. മലയാളത്തിൽ പ്രചാരമില്ലാത്തതായ പദങ്ങളും മാത്രമുള്ള 'ഷ്ട' എന്ന അക്ഷരം ഓരോ വരിയിലും ആദ്യം വരത്തക്കവിധം ചാവറയച്ചൻ എഴുതിയിട്ടുള്ള കാവ്യഭാഗം നോക്കുക.

ഷ്ടികൾക്കൊക്കെയുമീശൻ നീയെന്നിട്ടും
ഷ്ടഭോഷ്ടരി മധ്യനായി
ഷ്ടക്ഷം മുതൽവെട്ടം നാണിപ്പിച്ചിടുന്ന
ഷ്ടത്വധിനാഥനെ കാണാകേണം.

ഇതിന്റെ അർത്ഥമിതാണ്. അല്ലയോ ഈശ്വരാ അങ്ങു ജ്ഞാനദൃക്കുകളായ മഹർഷിമാർക്കും അധീശനാണ്. എന്നിട്ടും ഒരു കാളയുടെയും കോവർകഴുതയുടെയും മദ്ധ്യേ നിസ്സഹായനായി പിറന്നു. നക്ഷത്രങ്ങൾ തുടങ്ങിയ തേജോഗോളങ്ങളെ തേജസ്സിൽ ലജ്ജിപ്പിക്കുന്നവനും കാലങ്ങളുടെ അധിനായകനുമായ അങ്ങയെ കാണുവാൻ എന്റെ ആത്മാവിന്റെ നേത്രങ്ങൾ ഉഴറുന്നു.

മരണമാകുന്ന തിരശ്ശീല വീഴുന്ന വേളയിൽ വിഹ്വലനായി മനമിടറിക്കേഴുന്ന തനിക്കു തിരുമുഖദർശനം തരണമേ എന്നു കന്യകാമറിയത്തോടു് ആത്മാനുതാപത്തിന്റെ അന്ത്യഖണ്ഡത്തിൽ അപേക്ഷിക്കുന്ന കവിയെ കാണുന്നു.

മരണമെന്ന സ്മരണയെന്നിലുണരുമെന്ന സമയമേ
സ്മരണ രണ്ടു വിധമതായി ഉഴലുമെന്റെ ചേതസി
മരണമെന്ന തിരയിറക്കിൽ ഭയനിറഞ്ഞ തിരുമുഖം
നയനമെന്നതിന്നദൃശ്യമാക്കുവാനുപേക്ഷയും.

അനസ്താസ്യായുടെ രക്തസാക്ഷ്യം മനോഹരമായ വാങ്മയചിത്രങ്ങളുടെ കലവറയാണ്.

ക്രൂരഭാവം നടിച്ചവൻ ചക്ഷുരണ്ടും ചുവപ്പിച്ചു
ക്രോധവീര്യാൽ മുഖം മേഘസൂര്യമായ് മൂടി
എന്നു് ഉഷ്ണനായ പ്രോബയെക്കുറിച്ചും.
കന്നിതൻ ദേഹമൊക്കെ മാന്തിയവർപൊളിച്ചിട്ട
ചിന്തിവീഴും ചോരകൊണ്ടു കതിർത്തുമ്പി

എന്നു് അനസ്താസ്യായുടെ മർദ്ദനത്തെക്കുറിച്ചും ചുരുങ്ങിയ വാക്കുകളിലൂടെ രംഗം അവതരിപ്പിക്കുന്നു.

കേക, കാകളി, ദ്രുതകാകളി, നതോന്നത തുടങ്ങിയ കിളിപ്പാട്ടുവൃത്തങ്ങളാണു് കവി ഉപയോഗിച്ചിട്ടുള്ളതു്. എടുക്കാന്താത്തു്,

സെനാത്ത്, മീസറോന, മോൺസിഞ്ഞോരി തുടങ്ങിയ ഇറ്റാലിയൻ പദങ്ങളും സ്പാനിഷ് പദങ്ങളും പലേടത്തായി കവി ഉപയോഗിച്ചിട്ടുണ്ട്. സംസ്കൃതത്തിലും തമിഴിലും നല്ല വ്യൽപ്പത്തിയുണ്ടായിരുന്ന ചാവറയച്ചൻ ആ ഭാഷകളിലെ നിരവധി പദങ്ങളും സന്ദർഭോചിതമായി ഉപയോഗിച്ചിട്ടുണ്ട്. ഒന്നുക, മണത്തെ മുടിക്കുക തുടങ്ങിയ തമിഴ് ശൈലികളും ശ്രദ്ധേയമാണ്. സ്ത്രീകളിൽ ശ്രേഷ്ഠ എന്നുള്ള അർത്ഥത്തിൽ മറിയത്തെ സ്ത്രീണാം വരയായും സമുദ്രതാരയായും സൂര്യാട സോമൻ പാദേ ഉഷ്മകടധാരിയായും വർണ്ണിക്കുന്നതു കവിയുടെ സംസ്കൃത പാണ്ഡിത്യത്തിനു് ഉദാഹരണങ്ങളാണ്.

ചാവറക്കൃതികൾ സാഹിത്യചരിത്രത്തിൽ

ചാവറ കുര്യാക്കോസച്ചൻ നിസ്തുലവും നിതാന്തസ്മരണീയവുമായ കാവ്യകൃതികളുംകൊണ്ടു് സാഹിത്യത്തിനു സ്ഥിരസ്ഥായിയായ സംഭാവന ചെയ്തുവെങ്കിലും അദ്ദേഹം കാവ്യസാമ്രാജ്യത്തിലെ നേതാവോ, പ്രസ്ഥാനനായകനോ ആയി അറിയപ്പെട്ടിട്ടില്ല.

മഹാകാവ്യപ്രസ്ഥാനം ഉടലെടുക്കുന്നതിനു മുമ്പുതന്നെ ആത്മാനുതാപം വിരചിച്ചു. എഴുതിയ കാലത്തോടടുത്തുതന്നെ അതു മുദ്രണം ചെയ്യപ്പെട്ടെങ്കിലും ആ കൃതിക്കു വേണ്ടത്ര പ്രസിദ്ധിയോ പ്രചാരമോ ലഭിച്ചില്ല. ഭക്തിസംവർദ്ധകമായ ചില ഗാനങ്ങൾ എന്ന രീതിയിൽ മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ഇടയിൽ കുറെ പ്രചാരം കിട്ടിയിരുന്നു. പക്ഷേ, സമസ്തകേരളീയരുടെയും ശ്രദ്ധയെ ആകർഷിക്കുവാനോ സാഹിത്യകാരന്മാരാൽ മൂല്യനിർണ്ണയം ചെയ്യപ്പെടുവാനോ ആ കൃതിക്കു ഭാഗ്യം വന്നില്ല. സാഹിത്യചരിത്രത്തിന്റെ ആദ്യപതിപ്പിൽ മഹാകവി ഉള്ളൂർ അത് 'മാനുതാപം അർണ്ണോസുപാതിരിയുടെ കൃതികളിലൊന്നായി കണക്കാക്കി അങ്ങനെ രേഖപ്പെടുത്തുകയും ചെയ്തു. ചാവറയച്ചൻ തന്നെയാണു് ആത്മാനുതാപം എഴുതിയതെന്നുള്ളതിനു് കൃതിയുടെ ആദ്യ അദ്ധ്യായത്തിലും അന്ത്യഭാഗത്തെ മാതൃസ്തവത്തിലും തെളിവുകളുണ്ട്.

കന്നിയമ്മ നിന്റെ ദാസിയായ പാപിഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധ ജീവിതത്തെയല്പമായ്
എന്നശുദ്ധനാവിനാലെ പാപിയെന്ന ദാസിമേ
നിന്റെ ശുദ്ധനാവിനാലെ തരികയിന്നു ശരണവും
പാപമായതധികമെന്നിലെന്നതില്ല സംശയം
പാരിൽനിന്നു നിങ്ങി നിന്റെ പാദമങ്ങു ചേരുവാൻ
ശരണമില്ലെനിക്കുമേറ്റു കരുണയുള്ള നാഥയെ
സ്മരണനിൻ മനോജ്ഞമായ ദയനിറഞ്ഞ കൈകളിൽ

പാപിയെന്റെ കരമിതിന്നെയെഴുതിയെന്നതാകയാൽ
പാപമുക്തി നേടിനിന്റെ സന്നിധിയണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ മുമ്പിലഞ്ജലിയണയ്ക്കുവാൻ
നിന്റെ കരുണയിന്നെനിക്കു തരണമെന്റെയമ്മയേ

ചാവറയച്ചന്റെ ആത്മാനുതാപത്തെക്കുറിച്ചു് ഉചിതമായ പഠനം നേരത്തേ ഉണ്ടായിരുന്നെങ്കിൽ മലയാള സാഹിത്യത്തിലെ പ്രസ്ഥാനനായകന്മാരിലൊരാളായി അദ്ദേഹം അറിയപ്പെടുമായിരുന്നു. വസ്തുനിഷ്ഠമായ പ്രതിപാദനത്തെക്കാൾ ആത്മാംശത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള രീതിയാണു് പിൽക്കാലത്തു മലയാള സാഹിത്യത്തിൽ വേരുന്നിയിട്ടുള്ളതു്. ആത്മാംശത്തിനു പ്രാധാന്യം നൽകിക്കൊണ്ടു് ഒരു മഹാകാവ്യംതന്നെ തീർത്ത ചാവറയച്ചന്റെ സാഹിത്യദർശനം എന്നെന്നും ശ്ലാഘനീയമാണു്.

1862-ൽ രചിക്കപ്പെട്ടതെങ്കിലും അനസ്താസ്യായുടെ രക്തസാക്ഷ്യം 1936-ൽ മാത്രമാണു് അച്ചടിച്ചു പ്രസിദ്ധീകരിച്ചതു്. തന്മൂലം മലയാള ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ മാർഗദീപമായിരിക്കുവാനുള്ള ഭാഗ്യം ആ കൃതിക്കു കൈവന്നില്ല.

ഉപസംഹാരം

വീരാളിപ്പട്ടിനും വീരവളച്ചാർത്തിനും കരുമന കൂട്ടിയ കവിരത്നങ്ങൾ കളരികളും നാടും നടത്തിയും വിഹരിച്ച വേളയിൽ, സ്വന്തം ആത്മാവിൽ ഊറിക്കൂടിയ ഭക്തിപ്രഭാവത്തിന്റെ സുരഭിലമായ കന്തരുക്കവും കാവ്യദേവതയ്ക്കു കനകഹാരമായിത്തീർന്നിട്ടുള്ള കാവ്യഗീതികളുംകൊണ്ടു് ഈശ്വരോപാസനയുടെ ഉത്തുംഗമായ ശ്രീകോവിൽ വിരചിച്ച ചാവറയച്ചൻ, അക്ഷുണ്ണമായ രാജരഥ്യ കാലഘട്ടത്തിനു കാട്ടിക്കൊടുത്ത ക്രാന്തദർശിയായ കവിയായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ അമൃതവാണിയുടെ മാധുര്യമാസ്വദിക്കാനോ അനുരണനങ്ങളിൽ വികസ്വരമാകുന്ന ആത്മപ്രകർഷത്തിന്റെ നിത്യഭാസുരമരീചികയും ഏറ്റുവാങ്ങുവാനോ, എന്തിനു് ആ അഭൗമതേജസിൽ അനുവാചകഹൃദയത്തെ ആമഗ്നമാക്കുന്ന ആപാതമധുരശീലുകളും മീട്ടിത്തന്ന സ്നേഹഗായകനെ വേണ്ടവിധം മനസ്സിലാക്കുവാൻ പോലുമോ നമുക്കു കഴിഞ്ഞിട്ടില്ല. അമൃതനിഷ്യന്ദിയായ ചാവറകൃതികളിൽനിന്നു ബ്രഹ്മാനന്ദവും ബ്രഹ്മാനന്ദസഹോദരമാകുന്ന കാവ്യലഹരിയും ആസ്വദിക്കുവാൻ നമുക്കു ഭാഗ്യം ലഭിക്കാതെവന്നതു നമ്മുടെ ഔദാസീന്യമാണെന്നു് ഉറക്കെ സമ്മതിക്കുക.

അനന്തതാപമിഴിനീരിലുരുകിയലിയുന്ന ആത്മാവിനെ അനുപമകാരുണ്യസാഗരമായ സച്ചിദാനന്ദസ്വരൂപൻ സ്നേഹശീതളകരപല്ല

വങ്ങളാൽ തഴകിത്തലോട്ടുന്നതു് ആത്മാനുതാപത്താൽ നാം അനുഭവിച്ചറിയുന്നു. ആ വിശിഷ്ടകാവ്യം നകരുമ്പോഴും നറുനിലാവിലലിയുന്ന ചന്ദ്രകാന്തക്കല്ലുപോലെ ഭാവുകഹൃദയം സുധാംശുവായ ഈശ്വരന്റെ മുമ്പിൽ അലിഞ്ഞുപോകുന്നു.

ഇമ വെട്ടുമ്പോഴേക്കും മാഞ്ഞുപോകുന്ന ഇന്ദ്രകാർമ്മുകത്തിന്റെ ക്ഷണികദീപ്തിയല്ല ആത്മാനുതാപത്തിൽ നാം ദർശിക്കുന്നതു്. നിത്യമുൽഭാസിക്കുന്ന ചിത്പ്രകാശത്തിന്റെ ചിനപ്പുകളും പൊന്നിൻ ചിമിഴിൽ ഇവിടെ സൂക്ഷിക്കുന്നു. സ്വന്തമാത്മാവിന്റെ ഇരുളുമൂടിയ ഇടവഴികളിൽ അഭൗമപ്രകാശം പൊഴിക്കുന്ന ഘടദീപമായി അതു വായനക്കാർക്കും അനുഭവപ്പെടുന്നു.

അസ്വസ്ഥവും മതനിരപേക്ഷവുമായ ഊഷരഭൂമിയിൽനിന്നടിക്കുന്ന ഗ്രീഷ്മക്കാറ്റേറ്റു് തളരുന്ന ആത്മാവിനെ ഈശ്വരോപാസനയുടെ നിഷ്കൂടനികുഞ്ജത്തിൽ തലചായ്ക്കുവാൻ സഹർഷം മാടിവിളിക്കുന്ന മാലാഖയുടെ ശാലീനതയും, അകുളിഷ്ട മോഹനമായ രചനയുടെ മാധ്വീകരണങ്ങളും പേറുന്ന മാധുര്യവും നിസ്തുലമായ പ്രകാശഗോപുരനടയിൽ നിത്യനർത്തനമാടുന്ന വാഗ്ദേവതയുടെ ശക്തിസൗന്ദര്യങ്ങളും ചാവറക്കൃതികളിൽ പ്രത്യേകിച്ചു് ആത്മാനുതാപത്തിൽ നാം ദർശിക്കുന്നു.

ക്ഷണപ്രഭാചഞ്ചലമായ ലൗകികലാഭങ്ങളും ത്യാജ്യകോടിയിൽ തള്ളി, അനഘവും അനശ്വരവുമായ ദിവ്യസ്നേഹത്തിന്റെ അമോഘ മേഖലകളിലേക്കു് ഉഡ്ഡയനം ചെയ്യുന്ന ആത്മാവിന്റെ ചിറകടിസ്വനങ്ങളും അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതിയിൽ നാം ശ്രവിക്കുന്നു. മർദ്ദനങ്ങളുടെ മുമ്പിൽ മനമിടറാതെ നിൽക്കുകയും മരണത്തെ നിത്യതയുടെ ദിവ്യയാനമാക്കുകയും ചെയ്ത തരുണീരത്നത്തിന്റെ ജീവിതം അനുഗാനം ചെയ്യുന്ന ഈ കൃതി ഈർച്ചവാളിന്റെ വായ്ത്തലയ്ക്കടിപണിയാത്ത മനുഷ്യാത്മാവിന്റെ ഈശ്വരോന്മുഖപ്രയാണത്തിന്റെ നിസ്തുല പ്രതീകമാണു്. ആത്മാനുതാപത്തിൽ ഉഷസ്സന്ധ്യയുടെ സൗമ്യപ്രകാശമാണു് ഓളംവെട്ടുന്നതെങ്കിൽ മധ്യാഹ്നസന്ധ്യയുടെ തീഷ്ണജ്വാലകളാണു് വീരരസം ഉൾത്തുടികൊട്ടുന്ന അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകാവ്യകൃതിയിൽ പരമോന്നതശോഭ ചാർത്തിനിൽക്കുന്നതു്.

കാലം മറന്നുകളഞ്ഞെങ്കിലും കാലാതിവർത്തിയായ ശോഭയോടെ. ഭാഷായോഷിതുടെകണ്ഠാഭരണത്തിനു മാണിക്യപ്പതക്കമായി ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ കൃതികളും നിലകൊള്ളുന്നു. അവയുടെ അഴകും മൂല്യവും സാഹിത്യവേദികളും അറിഞ്ഞാദരിക്കുന്ന കാലം വിദൂരമല്ല. ★

ആത്മാനുതാപം

ഒന്നാം പാദം

കവി, തനിക്ക് നരജന്മം നൽകിയതിനു് സ്രഷ്ടാവായ ദൈവത്തിനു നന്ദി പറയുകയും ആത്മകഥാരൂപത്തിൽ ശൈശവകാലചരിതം അനുസ്മരിക്കുകയും ദൈവത്തിൽനിന്നു ലഭിച്ച അനുഗ്രഹങ്ങൾക്കു തക്കവണ്ണം പ്രതിനന്ദി പ്രദർശിപ്പിക്കാതെപോയതിൽ അനുതപിക്കുകയും ചെയ്യുന്നു.

വൃത്തം ദ്രുതകാകളി.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ. 4

ദ്രുതകാകളി അഥവാ പാന എന്ന ദ്രാവിഡ ശീലാണു് കവി ഇവിടെ ഉപയോഗിച്ചിട്ടുള്ളതു്. മറ്റു പാദങ്ങളിൽ കേക, മഞ്ജരി, പഞ്ചചാമരം തുടങ്ങിയ വൃത്തങ്ങളും ഉപയോഗിച്ചിട്ടുണ്ടു്.

കവിത ആരംഭിക്കുന്നതു് ആകാരാദിക്രമത്തിൽ ആദ്യാക്ഷരങ്ങളും ഉപയോഗിച്ചുകൊണ്ടാണു്. അ എന്ന സ്വരാക്ഷരത്തിന്റെ ശേഷം മറ്റു സ്വരാക്ഷരങ്ങളോരോന്നും പടിപടിയായി ഈരടികളുടെ ആരംഭത്തിൽ വരുത്തുവാൻ പാവറയച്ചനു് കഴിയുന്നുവെന്നതു് അദ്ദേഹത്തിന്റെ വ്യൽപ്പത്തിക്കു് ഒന്നാംന്തരം ഉദാഹരണമാണു്.

ആശയാനുവാദം

(1–4 വരികളും) ഇക്കാണായ പ്രപഞ്ചത്തിന്റെ ആദികാരണമായ സർവ്വേശ്വരൻ എന്നെ ആദ്യമനുഷ്യനായ ആദത്തിന്റെ വംശത്തിൽ ഒരുവനായി സൃഷ്ടിച്ചു. അല്ലയോ ദൈവമേ! ഈ മഹത്തായ പ്രവൃത്തിക്കു് കാരണം എന്താണു്? ഞാൻ തന്നെ പറയട്ടെ. അനാദിയായ അങ്ങയുടെ ഔദാര്യം ഒന്നുമാത്രം.

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോൽ
ഇക്ഷ്മിയായയെന്നെയും ചെയ്യെങ്കിൽ,
ഇതെന്തിനെന്ന നിന്നോടണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ള!

ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻമൂലം.

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവംതന്ന മാനുഷജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറുവാനും ചിത്തമായ്.

ഊഴിയിൽ നരച്ചൂരുന്ന കൃമിപോൽ
ഊഴിസ്സാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനമോലതീ ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലോ.

(5–8) ഈ പ്രപഞ്ചത്തിൽ എത്രയോ മൃഗങ്ങളേയും തിര്യക്കുകളേയും നാം കാണുന്നു. കൃമിസദൃശ്യനായ എന്നെ മേൽപ്പറഞ്ഞ ജീവികളിൽ ഒരെണ്ണമായി സൃഷ്ടിച്ചിരുന്നെങ്കിൽ എത്ര ദൗർഭാഗ്യം എനിക്കുണ്ടാകുമായിരുന്നു. അങ്ങനെയെങ്കിൽ ''എന്തുകൊണ്ട് എനിക്ക് നരജന്മം നൽകിയില്ല'' എന്നു ചോദിക്കാൻ ഈ ലോകത്തിലോ, പരലോകത്തിലോ ആരെങ്കിലും കാണുമായിരുന്നോ?

(9–12) വിസ്തൃതമായ പ്രപഞ്ചത്തിന്റെ പ്രജ്ഞ എന്ന കണക്കേ (വിശാലമനസ്കനായ ദൈവമേ അവിടുത്തെ മനസ്സുപോലെ എന്നും അർത്ഥം കല്പിക്കാം) ഈ മഹാ പാപിയായ എന്നെ അങ്ങേ മഹത്വത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ഇതെല്ലാം, സകലത്തിന്റേയും അധീശനായ അങ്ങേ കാരുണ്യമൊന്നിനാലാണല്ലോ.

(13–16) അല്ലയോ നല്ലവനായ ദൈവമേ! അങ്ങയുടെ അഭീഷ്ടമനുസരിച്ച് എനിക്കു നരജന്മം പ്രദാനം ചെയ്തു. സ്വർഗ്ഗത്തിൽ പരമോന്നതനായ അങ്ങയുടെ സന്നിധിയിൽ എന്നെ ഉയർത്തുവാനും അങ്ങു സന്മനസ്സു കാണിച്ചിരിക്കുന്നു.

(17–20) ഭൂമിയിൽ ഇഴഞ്ഞു നീങ്ങുന്ന ഒരു പുഴു കണക്കേ, പൂഴിമണ്ണുകൊണ്ട് എന്നെ സൃഷ്ടിച്ചുവെങ്കിലും യാതൊരു കുറവും കൂടാതെ ഈ ലോകത്തിൽ വസിക്കുവാൻ വേണ്ടി അനുനിമായ പരിപാലനയും അങ്ങു നൽകിയിട്ടുണ്ടല്ലോ. (കാവൽദൂതനെ നിയോഗിച്ചു എന്നും അർത്ഥം കല്പിക്കാം.)

എന്നുടെ ജനനത്തിൻെറ നാൾമുതൽ
എന്നെക്കാത്തുരേിച്ചു സൂക്ഷിപ്പാനും,
എന്നേരത്തുമെൻ ചാരത്തുനിന്നീടാം
എന്നതിനാലെയന്നു ഞാൻ ജീവിച്ചു. 24

ഒന്നിനും പിടിയാത്തൊരു മാതുവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവാം പോകുമ്പോഴാം
ഉറക്കഹീനനായോരിയാംകാക്കും. 28

കരുണാകരനായ സർവ്വേശ്വരാ!
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതിനന്നായ് സ്മരിച്ചുരക്ഷിച്ചല്ലോ 32

കാരുണ്യൻ നിൻെറ കരുണ ഹേതുവാൽ
കാരണപാപതോയ[1]മാം സ്നാനത്താൽ
കാരുണ്യാഭ്യേം ശ്രേഷ്ഠം ഗുണങ്ങളും
കാലേയം[2] പോക്കി നൽകിയതുകാലം. 36

(21_24) ഞാൻ ജനിച്ച അന്നുമുതൽ എന്നെ കാത്തുപരിപാലിക്കുവാൻ സദാസമയം എൻെറ സമീപം അങ്ങുണ്ടായിരുന്നു. അതുകൊണ്ടുമാത്രമാണ് ഇന്നോളം ഞാൻ ജീവിച്ചതു്.

(25_28) ഒന്നിനും കഴിവില്ലാത്തവളായ എൻെറ പെറമ്മയുടെ സംരക്ഷണം ഒന്നുകൊണ്ടുമാത്രം എല്ലാകാര്യവും സാധിക്കുമായിരുന്നോ? എന്നെ ഉറക്കിക്കിടത്തിയിട്ടു് എൻെറ അമ്മ പോകുമ്പോഴും ഉറക്കമില്ലാത്തവനായ ദൈവമേ, അങ്ങു് എന്നെ കാത്തു സൂക്ഷിച്ചുകൊണ്ടിരുന്നു.

(29_32) കരുണ നിറഞ്ഞ സർവേശ്വരാ, കരകാണാത്ത കൃപാസമുദ്രമേ! അങ്ങു് അതിയായ കാരുണ്യപൂർവം അക്കാലമെല്ലാം നല്ല കരുതലോടെ എന്നെ സംരക്ഷിച്ചിരുന്നുവല്ലോ.

(33_36) അല്ലയോ കാരുണ്യവാനേ! നിൻെറ ദയാവായ്പുമൂലം ഉത്ഭവപാപം നീക്കുന്ന ജലം കൊണ്ടു് സ്നാനം നല്കി എൻെറ ഭയത്തേയും പാപങ്ങളേയും നിർമ്മാർജ്ജനം ചെയ്യുകയും ദൈവേഷ്ടപ്രസാദവും മറ്റു ഗുണങ്ങളും അക്കാലത്തു നൽകി എന്നെ അനുഗ്രഹിക്കയും ചെയ്തല്ലോ!

---

1 കാരണപാപതോയം-ഉത്ഭവപാപം പോക്കുന്ന ജലം.

2 കാലേയം-ഭയം. നാശം, ദോഷം.

ഇച്ചെയ്തഗ്രണമഹത്വമോക്കുമ്പോഴം
ഇക്കരുണയ്യുകൈമാറെ[1] ന്നുനാഥാ!
ഇങ്ങനെ മമയാത്മാവിൻ കേടിനെ
അങ്ങുന്നപ്പഴേ തീർത്തുഗ്രണം നൽകി.

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ.
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ

പൈതൽക്കാലത്തിൽ തീററിവളർത്തുവാൻ
അയ്യം[2] കൂടാതെ തന്നമാതാവിനെ.
അന്നവംക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനംതന്നു വളർത്തുമ്പോഴം,

അതിനോട്ട കലർത്തി ജപങ്ങളം
അപ്പോഴത്തന്നെ ഗ്രഹിപ്പിച്ചുതന്നവം
ദൃഢംവന്നപ്പോഴം ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചുനിശ്ചയം.

(37–40) അങ്ങു ചെയ്ത ഔദാര്യത്തിന്റെ മഹിമാവോക്കുമ്പോഴം ഇതിനെന്തു പ്രതിനന്ദിയാണു് എനിക്കു പ്രകാശിപ്പിക്കാൻ കഴിയുന്നതു്! എന്റെ ആത്മാവിനുണ്ടായ ബുദ്ധിമുട്ടകം അതാതു സമയം പരിഹരിച്ചുകൊണ്ടു് അങ്ങു് എന്നെ അനുഗ്രഹിച്ചുവല്ലോ!

(41–44) ജ്ഞാനസ്നാനംവഴിയായി നിന്റെ പുത്രനായി അംഗീകരിച്ചു. സ്വർഗ്ഗത്തിന്റെ പരമമായ ആനന്ദത്തിനു് അവകാശിയാക്കി. മതവിശ്വാസികളായ എന്റെ മാതാപിതാക്കന്മാർ വഴിയായി എന്നെ വിശ്വാസികളുടെ ഗണത്തിൽ ചേർക്കുകയും ചെയ്തു.

(45–52) പൈതലായിരിക്കേ എനിക്കു, ഭക്ഷണം തന്നു പരിപാലിക്കുവാൻ സന്തോഷത്തോടെ ഒരമ്മയേയും അങ്ങെനിക്കേകി. അവംക്കു നീ നൽകിയ സ്നേഹം അവം എന്നിലേയ്ക്കു പകർന്നു. മുലപ്പാലിനോടൊപ്പം പ്രാർത്ഥനയുടെ മാധുര്യവും ഞാൻ ആസ്വദിച്ചു. അർത്ഥം ഗ്രഹിക്കാൻ എനിക്കു പ്രായമെത്തിയപ്പോഴം അത്ഥം പറഞ്ഞുതന്നു് എന്നെ അവം ജപങ്ങം പഠിപ്പിച്ചു.

---

1 കൈമാറു്–പ്രതിനന്ദി.

2 അയ്യം–അഴക്കു്, ദുഃഖം.

അന്നവളുടെ കാൽക്കലിരുന്ന ഞാൻ
മന്ദമന്ദമറിഞ്ഞുദൈവത്തെയും
എന്നവണ്ണം രാത്രി പാതിരാനേരത്തും
മന്ദംനീക്കിയുണർന്നെഴുന്നേറിട്ട്,

മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോഴും
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിട്ടും.
രാ ജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങും

'പരംജ്യോതിയേയീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാജയാ.'
എന്നീവണ്ണമോരോരോജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു,
മന്ദമായതു കേട്ടിരുന്നുംകൊണ്ടോ-
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ.

അക്കാലം നാവിളക്കുവാൻനേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൽ
ശ്രുദ്ധനാമമാമീശോമറിയവും
ശ്രുദ്ധനായ മാർ യൗസേപ്പിൻ നാമവും.

(53_57) എന്റെ മാതാവിന്റെ പാദത്തിലിരുന്ന് ദൈവമേ അങ്ങയെ ഞാൻ പടിപടിയായി അറിഞ്ഞു. അക്കാലത്തു് അവൾ പാതിരാത്രി സമയങ്ങളിൽ ഉറക്കമുണർന്നു മുട്ടിൽനിന്നു പ്രാർത്ഥിക്കുമായിരുന്നു. അപ്പോൾ ഞാൻ കുറേനേരം മുട്ടിന്മേൽ ചാഞ്ഞിരിക്കുമായിരുന്നു.

(59_66) രാത്രിജപങ്ങൾ, ദൈവമാതാവിനോടുള്ള പ്രാർത്ഥനകൾ, രാജരാജനായ ഈശോയോടുള്ള അപേക്ഷകൾ സ്വർഗ്ഗപ്രകാശമായ ഈശോ, രക്ഷിക്കണമേ, പാരിതിൽ വിരിഞ്ഞ പുഷ്പമേ, നീ ജയിച്ചാലും എന്നിങ്ങനെയുള്ള സുകൃതജപങ്ങൾ ഇവയെല്ലാം കൃതജ്ഞതയോടെ ഉരുവിടുന്നതു കേട്ടു് ആ സതീരത്നത്തിന്റെ പാദങ്ങളിൽ ചേർന്നുകിടന്നു് ഞാൻ ഉറങ്ങിയിരുന്നു.

(67_70) എനിക്കു് വാക്കുകൾ ഉരുവിടുവാൻ കഴിയുന്ന പ്രായമായപ്പോൾ ദൈവത്തിന്റെ പരിശുദ്ധമായ നാമവും വിശുദ്ധ മറിയത്തിന്റെയും യൗസേപ്പിന്റെയും നാമവും ഉറക്കെപ്പറഞ്ഞു പരിശീലിക്കുവാൻ എന്റെ മാതാവു് എനിക്കു പറഞ്ഞുതന്നു.

പിതാവു പുത്രൻ രൂഹാദക്കുദിശാ
പിതാവിൻ സുതനവതാരവും
കന്നിതന്നുടെ ശുദ്ധോദരത്തിലായ്
മന്നിൽവന്നു പിറന്നു മനു[1]വായി.

പന്തിയോസിന്റെ നാടുകളിൽ കഷ്ടപ്പെ-
ട്ടന്തരിച്ചുകഴിഞ്ഞുയർത്തെന്നതും,
ഓരോരോദിനേ ചൊല്ലിപ്പഠിപ്പിച്ചു
അരോചത്തുകൾ[2]കണ്ണാൽപിഡിപ്പിച്ചു,
നോട്ടം കാണുമ്പോയ് ഭയപ്പെട്ടമഹം,
ഒട്ടും ദയയില്ലാത്തൊരു കൺകളാൽ.

ഒരു കാലവും യാതൊരു കാരണാൽ
കരുവാലും കരത്താലും തൊട്ടില്ല.
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിട്ടും,
ദുഃഖിപ്പിക്കും തോഷിച്ചിട്ടും ചക്ഷുസ്സാൽ.

അങ്ങനെ വളർത്തീടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിനുമിഷ്ടൻ ഞാൻ
ഇങ്ങനെ പഞ്ചവത്സരം ചെന്നപ്പോൾ,
അങ്ങൊരു ഗുരുവജ്ഞാനി[3] ശ്രേഷ്ഠനായ്

(71-80) പിതാവു് പുത്രൻ രൂഹാദക്കുദിശാ എന്നിങ്ങനെ ഏക ദൈവത്തിലെ മൂന്നാളുകളെപ്പറ്റിയും പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരത്തെപ്പറ്റിയും അമ്മ പറഞ്ഞുതന്നു. അവിടുന്നു് കന്യകാമറിയത്തിന്റെ പരിപാവനമായ ഉദരത്തിൽ വളർന്നതും മാനവലോകത്തിൽ വന്നുപിറന്നതും പന്തിയോസ് പീലാത്തോസിന്റെ കാലത്തു് കഷ്ടപ്പാടുകളും സഹിച്ചു് മരിക്കയും അതിനുശേഷം ഉയിർക്കയും ചെയ്തതും എന്റെ അമ്മ എന്നെ ചൊല്ലി പഠിപ്പിച്ചു. നീരസമുണ്ടായ അവസരങ്ങളിൽ നോട്ടംകൊണ്ടു് എന്നെ അവൾ ഭയപ്പെടുത്തുമായിരുന്നു. ഗൗരവപൂർണ്ണമായ നയനങ്ങളും കാണുമ്പോൾ ഞാൻ ഭയന്നുപോകുമായിരുന്നു.

(81-84) എന്റെ മാതാവു് ഒരിക്കൽപ്പോലും എന്നെ വടികൊണ്ടോ കരം കൊണ്ടോ ശിക്ഷിച്ചില്ല. എന്നെ സന്തോഷിപ്പിക്കാനും ദുഃഖിപ്പിക്കാനും മാതാവിന്റെ നയനങ്ങൾ പോരുമായിരുന്നു.

(85-88) ആ കാലഘട്ടത്തിൽ ദൈവത്തിനു പ്രിയങ്കരനായി ഭംഗമെന്യേ ഞാൻ വളർന്നു. എനിക്കു് അഞ്ചുവയസ്സായപ്പോൾ അക്രൈസ്തവനായ ഒരു അദ്ധ്യാപകൻ എന്നെ പഠിപ്പിക്കാൻ വന്നു.

---

1 മനു-മനുഷ്യൻ. (മനുഗോത്രജൻ)

2 അരോചത്തുകൾ-രുചിക്കാത്തപ്പോൾ (നീരസമുണ്ടാകുമ്പോൾ)

3 അജ്ഞാനി-അക്രൈസ്തവൻ.

അണ്ണാവി[1]യവൻ ചാരത്തിരുന്നിട്ട്
തണ്ഡുലം[2] തന്നിൽ കൈയാൽ വരപ്പിച്ചു.
ചൊല്ലിച്ചു വാതിൽ നാമം തുടങ്ങീട്ട്,
ചൊല്ലിയേനഹം ശ്രുഭേശ്രുഭേവിനാ.

അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ
അന്നവരുടെ വൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാനക്രിയയാകുന്ന സ്നാനവും
സുജ്ഞാനംവിനാ മറ്റും ചെയ്തേനഹം:

അയ്യോ! നാഥനെ! സ്നേഹഗുണനിധേ!
അയ്യം തോന്നുന്നകാലം തുടങ്ങിമേ.
അക്കാലംവരെ നിന്നുടെ തൃക്കണ്ണി-
ന്നൊക്കുംവണ്ണം ചരിച്ചേനഹംശിശ്രു.

അന്നുതൊട്ടവരോടു ചരിച്ചിട്ട,
നന്ദിയൊക്കെ മറന്നേനഹംവൃഥാ;

(89-92) കളരിയാശാനായ അയ്യാൻ എന്നെ സമീപം ഇരുത്തിയിട്ട് അരിയിൽ എന്റെ കൈ വിരൽ പിടിച്ചു് അക്ഷരങ്ങൾ എഴുതിച്ചു. ആരംഭനാമം (വാതിൽ നാമം) തുടങ്ങി ഓരോന്നും അദ്ദേഹം എന്നെക്കൊണ്ടു് ചൊല്ലിച്ചു. ശ്രുഭമെന്നോ അശ്രുഭമെന്നോ നിനക്കാതെ ഞാൻ അവ ഉരുവിട്ടു.

(93-98) അന്നു് ആ കളരിയിൽ ചേർന്ന കുട്ടികൾ രണ്ടോ നാലോ പേരൊഴിച്ചു് എല്ലാവരും അത്തരക്കാരായിരുന്നു. ഞാൻ അന്നു് അവരുടെ ഓരോരോ ചെയ്തികൾ കാണുകയും, അവരുടെ പ്രമാണങ്ങൾ കേൾക്കുകയും ചെയ്തു. അതിന്റെ ഫലമോ? ശരിയായ അറിവില്ലാതെ അജ്ഞാനികൾ ചെയ്യുന്ന തരത്തിലുള്ള സ്നാനവും മറ്റും ചെയ്തു കഴിഞ്ഞു.

(99-104) അയ്യോ സ്നേഹഗുണത്തിനിരിപ്പിടമായനാഥാ ! എനിക്കു ദുഃഖം പകരുന്ന കാലം അന്നു തുടങ്ങി. അക്കാലംവരെ നിന്റെ തൃക്കണ്ണുകൾക്കു് ഉചിതമായി മാത്രമേ പൈതലായ ഞാൻ നടന്നിരുന്നുള്ളു, അന്നുമുതൽ ആ കൂട്ടുകാരോടു സംസർഗ്ഗം ചെയ്തതുകൊണ്ടു് അങ്ങയോടുണ്ടായിരുന്ന കൃതജ്ഞതയെല്ലാം ഞാൻ മറന്നു കളഞ്ഞു.

---

1 അണ്ണാവി–ആശാൻ. 2 തണ്ഡുലം–അരി.

നിർഗ്രണമായ യജ്ഞാനിക്കൂട്ടത്തിൽ
ദുർഗ്രണമല്ലാതെന്തുഗ്രണമുള്ള!

കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം[1] 108
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദൂഷിതവാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ. 112

ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
എന്നതു മഹാ നിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിങ്ങോട്ട ഗതിയല്ലാ- 116
യെന്നതുമല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായീയന്തസ്സിൽ.

എന്നന്നേരമൊരുത്തൻ യദൃച്ഛയാ
യൊന്നുമേ, മഹാമാഗ്മിതേറുവാൻ. 120
എന്നതുമമ മാതാവിൻ ശ്രോത്രത്തിൽ
ചെന്നുവീണപ്പോൾ നന്നായ്ത്തെളിഞ്ഞവൾ.

(105_112) അജ്ഞാനികളുമായുള്ള നിഷ്പ്രയോജനമായ ബന്ധംകൊണ്ട് ദുർഗ്രണങ്ങൾ സമ്പാദിക്കാമെന്നല്ലാതെ എന്താണ് മേന്മയുള്ളതു്? കണ്ണുതുറന്നു കാണുന്നതും, കർണ്ണങ്ങളിൽ പതിയുന്നതും പാപഹേതുക്കൾ മാത്രം. അടക്കവും ഒതുക്കവുമില്ലാത്ത കളി വിനോദങ്ങൾ! അതുപോലെ തന്നെ നഗ്നരൂപത്തിലുള്ള നടപ്പു! സംസാരമാണെങ്കിൽ തികച്ചും മലിനമായ ഭാഷയിൽ! ഭക്ഷണകാര്യത്തിലും അജ്ഞാനികളുടെ മുറതന്നെ.

(113_118) ഇങ്ങനെ എനിക്കു പത്തു വയസ്സായപ്പോൾ ദൈവമേ! അവിടുന്നുതന്നെ ദയാവായ്പിനാൽ എന്നെ വിളിച്ചു. ഈ സത്യം സംശയലേശമെന്യേ എനിക്കു പറയാൻ കഴിയും. അല്ലെങ്കിൽ വേറെ ഗതി ഉണ്ടാകുമായിരുന്നില്ല. അതുമാത്രമല്ല, ഞങ്ങളുടെ കുടുംബത്തിൽ അന്നുവരെ പുരോഹിതവൃത്തി തെരഞ്ഞെടുത്ത ഒറ്റയാൾ പോലും ഉണ്ടായിരുന്നില്ലല്ലോ.

(119_122) ആ സമയത്തു് യാദൃശ്ചികമായി ഒരു ഗുരു എന്നെ മഹോന്നതമായ ഈ മാർഗത്തിലേക്കു നയിക്കുവാൻ ആഗതനായി. ഇക്കാര്യം എന്റെ അമ്മയുടെ കാതിൽ എത്തിയപ്പോൾ അവൾ ആഹ്ലാദപുളകിതയായി.

---

1 കന്മഷസാധനം-പാപഹേതു.

ദ്വിപുത്രന്മാരിലേകൻ ദൈവത്തിന്നു
ദാനംചെയ്യുന്നതെത്രയുമുത്തമം,

എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നുതൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്.

ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!
നിന്നുടെ ദയാധിക്യത്താലന്നെന്നെ,
നിൻപുത്രന്റെ 'കൈത്താതനാം' [1]മാർ ജൂസെ [2]
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സ്ഥലത്തിങ്കൽ ചേർത്തുനീ.

(123-128) രണ്ടു പുത്രന്മാരിൽ ഒരാളെ ദൈവത്തിനു സമർപ്പിക്കുന്നതു് മഹോന്നതമായ കാര്യമാണു് എന്നു തീർച്ചയാക്കി. അതുകൊണ്ടുള്ള ക്ലേശങ്ങളും സഹിച്ചു് ആ അമ്മയിൽനിന്നു വേർപിരിഞ്ഞു് ദൈവത്തിന്റെ പക്കലേയ്ക്കു പോകാൻ തയ്യാറായി. ഇതെല്ലാം ദൈവമേ, അങ്ങേ കാരുണ്യാതിരേകം കൊണ്ടു് എനിക്കു് ലഭിച്ചതാണു്.

(129-134) ഇത്രമേൽ പാപിയായ എന്റെ ഹീനത അത്രതന്നെ നിർമ്മാർജ്ജനം ചെയ്വാൻ അങ്ങു തയ്യാറായി എന്നതു് എത്രയോ വിസ്മയകരമായിരിക്കുന്നു. സർവ്വേശ്വരാ, അങ്ങേ തിരുപ്പുത്രന്റെ വളർത്തുപിതാവായ മാർ യൗസേപ്പുപിതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ, അവിടത്തെ ആട്ടിൻപറ്റം മേയ്യുന്ന ശാദ്വല ഭൂമിയിൽ വസിക്കുവാനുള്ള അനുഗ്രഹം എനിക്കു ലഭിച്ചതും അങ്ങേ കൃപാതിരേകം കൊണ്ടുമാത്രമാണു്.

---

1 കൈത്താതൻ - വളർത്തുപിതാവു്.

2 മാർ ജൂസെ - മാർ യൗസേപ്പു്.

അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തുവളർത്തീട്ട. 136
പൂജകാണ്മാനും ശുശ്രൂഷചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയോടേ.
പുണ്യമായ് നടന്നീടുവാൻ കാട്ടീടും
തണ്യതൊ [1] ക്കെത്യജിപ്പാൻ പഠിപ്പിക്കും. 140

(135-140) അന്നു് അവിടെയുണ്ടായിരുന്ന പുരോഹിതശ്രേഷ്ഠൻ സന്തോഷപൂർവ്വം എന്നെ പരിപാലിച്ചു വളർത്തി. അത്യന്തം ബഹുമാനത്തോടെ ദിവ്യപൂജയിൽ പങ്കുകൊള്ളാനും ശുശ്രൂഷചെയ്യാനും ദയവോടെ അനുവദിച്ചിരുന്നു. പാപമാർഗങ്ങളും വെടിഞ്ഞു് സുകൃതപാതയിലൂടെ ചരിക്കാൻ അദ്ദേഹം എന്നെ പഠിപ്പിക്കയും ചെയ്തിരുന്നു.

**
**

1 തണ്യത്തു് - ചീത്തയായതു്.

രണ്ടാം പാദം

സ്വന്തം മാതാവിന്റെ ദൈവഭക്തി സ്വഭാവമഹത്വം ഇവയും ശിശുവായ തന്നെ ദൈവമാതാവിനു് അടിമവച്ചതും അക്കാലത്തു നാട്ടിൽ നടമാടിയ ഒരു മഹാമാരിയുടെ പിടിയിൽ പെടാതെ താൻ രക്ഷപെട്ടതും ബാല്യകാല പാപലക്ഷണങ്ങൾക്കെതിരെ ഇന്ദ്രിയങ്ങൾ ശരിക്കുപയോഗിക്കാതിരുന്നതിലുള്ള ആത്മദുഃഖവും മറ്റുമാണു് ഈ പാദത്തിന്റെ ഉള്ളടക്കം.

വൃത്തം കേക

കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥ തന്റെ യടിമയാക്കി മുന്നം.
ശിശുവാമടിയനെ യമ്മതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ-
''ശുദ്ധമാതാവെ, ദൈവജനനീ, കന്നിയമ്മേ,
അശുദ്ധ മമോദര ഫലമാമിതിനെ നീ,
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ച വച്ചേൻ''.

എന്നവളണഞ്ഞിച്ചു, ദാസനായടിയനെ
യന്നമ്മാതാവിൻ മുൻപിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ
ദേവാലയശ്രേഷ്ഠനാംഗുരുവോ, പൂവും നീരും
ദൈവമാതാവിൻ നാമാൽ കൊടുത്തു മാതൃകയിൽ.

(1–8) കാരുണ്യവാനായ ദൈവം ആദ്യം മുതൽതന്നെ എന്നിൽ കരുണാകടാക്ഷമേകി. എന്നെ പരമനാഥയായ മറിയത്തിന്റെ അടിമയായി നിശ്ചയിക്കയും ചെയ്തു. പൈതലായ എന്നെ മുലപ്പാലേകി വളർത്തിയ നാളിൽത്തന്നെ എന്റെ അമ്മ (വെച്ചൂർ പള്ളിയിലെ) ദൈവമാതാവിന്റെ സ്വരൂപത്തിന്റെ പാദത്തിൽ കിടത്തിയിട്ടു് ഇങ്ങനെ പ്രാർത്ഥിച്ചു. 'ദൈവജനനിയായ പരി. കന്യക മറിയമേ, പാപിയായ എന്റെ ഉദരഫലമായ ഈ കുഞ്ഞിനെ നിന്റെ തൃപ്പാദത്തിൽ ഞാൻ കാഴ്ച വയ്ക്കുന്നു. നിന്റെ ദാസനായി ഇവനെ നീ കാത്തുപരിപാലിക്കണമേ'.

പിടിച്ചു മമ ചെറുകരത്തിലതുനേരം
കൊടുത്തു ചൊല്ലി ''മാതൃദാസനായിവനെ നീ
സൂക്ഷിച്ചു വളർത്തുക പാലിച്ചു ഭരിക്ക നീ
സാക്ഷാൽ നിൻ സുതനല്ല, മാതാവിൻ ദാസൻ ദൃഢം''

എന്നരുംചെയ്തു ഗുരുവേല്പിച്ചാ മാതൃകരെ
എന്നവം ചൊല്ലിക്കേട്ട ദൃഢമായതുകാലം
എന്നതന്നെയുമല്ല, കന്നിമാസമെട്ടതിൽ
ചെന്നു കുമ്പിടും നാഥയെക്കാലം മാതൃസഹാ.

കൊടുക്കും ദാസ്യപ്പണം മടിക്കാതെക്കാലവു-
മൊടുക്കിയവളുടെ മരണകാലംവരെ.
''നിന്നുടെ നാഥ മാതാവവംക്കു ദാസൻ നീയെ-
യെന്നിതു മനസ്സതിലെപ്പൊഴും സ്മരിക്കണം''.

എന്നുള്ള ജ്ഞാനവാക്യം സ്നേഹത്തിൻ വചനവും
അന്നു ചിത്തത്തിലുണ്ടായെങ്കിലും മുതിന്നപ്പോഴം
ഒക്കെയും മറന്നിട്ട ദൃക്ക [1] തിൽ കാണുന്നതും,
വാക്കതിൽ വരുന്നതുമിപ്പുകും പറഞ്ഞിടും.

(9_16) ഇങ്ങനെ എന്റെ അമ്മ എന്നെ ദൈവമാതാവിന്റെ സന്നിധിയിൽ കിടത്തി പ്രാർത്ഥിക്കവേ, ആ ദേവാലയത്തിലെ പ്രധാന പുരോഹിതൻ അവിടേയ്ക്കു് വന്നു. പുഷ്പവും തീർത്ഥവും അമ്മയുടെ കൈകളിൽക്കൊടുത്തു. അവം അവ എന്റെ കരങ്ങളിൽ പിടിപ്പിച്ചു. തൽസമയം പുരോഹിതൻ ഇങ്ങനെ പറഞ്ഞു. 'നീ ദൈവമാതാവിന്റെ ദാസനായി ഇവനെ പരിപാലിച്ചു വളർത്തുക. ഇവൻ സാക്ഷാൽ നിന്റെ പുത്രനല്ല. പരിശുദ്ധ ദൈവമാതാവിന്റെ പുത്രനാണ് എന്നു ദൃഢമായി കരുതിക്കൊള്ളുക'.

(17_20) എന്നെ മാതൃകരങ്ങളിലേല്പിച്ചുകൊണ്ടു് ആ വന്ദ്യ പുരോഹിതൻ അറിയിച്ചകാര്യങ്ങളം അവംതന്നെ എനിക്കു പറഞ്ഞു തന്നിട്ടുണ്ടു്. മാത്രമല്ല എല്ലാ വർഷവും കന്നിമാസം എട്ടാം തീയതി എന്റെ മാതാവിന്റെ സഹായത്താൽ നാഥയായ പരി. കന്യകമറിയത്തെ ആ ദേവാലയത്തിൽ ചെന്നു വണങ്ങിയിരുന്നു.

(21_28) മരണംവരെ എന്റെ അമ്മ ദേവാലയത്തിൽ എനിക്കു വേണ്ടി ദാസ്യപ്പണം എല്ലാവർഷവും ഏല്പിച്ചിരുന്നു. പരി. കന്യകമറിയം നിനക്കു നാഥയും മാതാവുമത്രേ. നീ അവളുടെ ദാസനാണെന്നുള്ള കാര്യം ഒരിക്കലും മറന്നു കളയരുതു്' എന്നു അവം നൽകിയ വിശിഷ്ടമായ ഉപദേശം _ സ്നേഹത്തിൽ കുതിർന്ന വചനം _ അക്കാലമെല്ലാം എന്റെ മനസ്സിൽ നിരന്തരമുണ്ടായിരുന്നു. പക്ഷേ, ഞാൻവളർന്നപ്പോഴം അക്കാര്യമെല്ലാം വിസ്മരിച്ചു. കണ്ണിൽക്കാണുന്നതും നാവിൽ വരുന്നതുമൊക്കെ ഇപ്പുകാനും പറയാനും ഞാൻ മടി കാട്ടിയില്ല.

---

1. ദൃക്കു്-ദൃഷ്ടി

അക്കാലം വൃത്തികളെ സൂക്ഷിക്കുമെന്നാകിലോ
ദോഷ്ക്ക [1] തിലിഷ്ടമത്രേ നന്മയിൽ രസമില്ല.
പാപത്തെച്ചെയ്പോൻ ദുഃഖം പാപോച്ചാരണം ചെയ്പാൻ
പാത്രവാനായിടണമെന്നതിൽ ജ്ഞാനം വിനാ.
പാപത്തിന്മൂടുബുദ്ധി ദുഃഖവുമുപദേശം
താപത്താൽ തീർത്തിടുവാനൊട്ടുമേയില്ല ദുഃഖം

അക്കാലം കേൾവിയുണ്ടായ് ദിക്കുകളൊക്കെയില്ലം
മുഖ്യമായ് പുറപ്പെട്ട പുത്തനായ് ''വസന്ത''യും [2]
നാടുകൾ നഗരവും വീഥികൾ തെരുവുകൾ
വീടുകളൊക്കെയതിൽ രോദനമല്ലാതില്ല.

ദേവാലയത്തിൽ കൂടുന്നേരവും മൃത്യുകേൾക്കാം.
ആബാലവൃദ്ധത്തൊടേ കരച്ചിൽ നിലവിളി
അക്കാലം സർവ്വേശ്വരൻ മേവിധി കല്പിച്ചെങ്കിൽ
ദുഃഖാബ്ധേ വീണതാണു കിടക്കുമന്ത്യം വിനാ.
സർവ്വേശൻ നീതീശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽ നിന്നും കാത്തു രക്ഷിച്ചു മമ ജീവൻ.

(29–38) അക്കാലഘട്ടത്തിലെ കാര്യങ്ങൾ ഓർത്തു നോക്കിയാൽ കഷ്ടമാണ്. നന്മയിൽ അല്ല ദോഷത്തരത്തിലും തിന്മയിലും ആയിരുന്ന എന്റെ പക്ഷം. പാപം ചെയ്യുന്നവൻ പാപം ഏറ്റു പറഞ്ഞു പൊറുതിനേടണമെന്ന സത്യം ശ്രദ്ധിച്ചില്ല. പാപങ്ങൾ ചെയ്യുന്നതിനുള്ള വളഞ്ഞ വഴികൾ ചിന്തിച്ചും അതിനുള്ള ഉപദേശം കേട്ടും നടന്ന ഞാൻ അനുതാപംകൊണ്ട് അവയെ നിർമ്മാർജ്ജനം ചെയ്യണമെന്ന കാര്യം ഗൗനിച്ചതേയില്ല. ആ കാലഘട്ടത്തിൽ ദിക്കുകളിലെല്ലാം ഒരു വലിയ പകർച്ചവ്യാധി പുറപ്പെട്ടുതുടങ്ങിയെന്ന വാർത്തയുണ്ടായി. നാട്ടിലും നഗരത്തിലും, തെരുവീഥിയിലും ഗ്രാമപ്രദേശങ്ങളിലും വീടുകളിലും ദീനവിലാപങ്ങൾമാത്രമേ കേൾക്കുവാൻ കഴിഞ്ഞുള്ളൂ.

(38–44) ദേവാലയത്തിൽ ആളുകൾ ചേരുമ്പോൾ അവിടെ മൃത്യുവിന്റെ വാർത്തയാണ് കേൾക്കുന്നത്. അബാലവൃദ്ധം ജനങ്ങളുടെ നിലവിളി മാത്രം! അന്നു സർവേശ്വരൻ എന്നെ മരണത്തിനു വിധിച്ചിരുന്നുവെങ്കിൽ അന്ത്യമില്ലാത്ത ദുഃഖസമുദ്രത്തിൽ ഞാൻ മുങ്ങിത്താഴുമായിരുന്നു. ദയാപരനും നീതിമാനുമായ സർവേശ്വരൻ എല്ലാ അപകടങ്ങളിൽനിന്നും എന്നെ അക്കാലത്തു കാത്തു രക്ഷിച്ചു.

---

2. ദോഷ്ക്ക്—കള്ളത്തരം 3. വസന്ത-പകർച്ചരോഗം

സർവ്വന്യായത്താലപ്പോഴും ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വകാരുണ്യത്തോടേ കാത്തല്ലൊ മേ ദൈവമേ.
എന്നെ ശിക്ഷിച്ചീടുവാനോങ്ങിയ തിരുക്കരം
അന്യരിൽ തിരിച്ചതിൽ കാരണമെന്തു നാഥാ. 48

ഞാൻ തന്നെ കണ്ടും കേട്ടും ബോധിച്ചുമിരിക്കയിൽ
താൻ തന്നെ നീക്കി മമ ശിക്ഷയിൻ കരത്തിനെ.
എന്നെ കാത്തനുഗ്രഹിച്ചീടുന്ന നേരം തന്നെ
എന്നെക്കാളും ഗുണവാന്മാർ പലരും വീണീടുന്നു. 52

മാതാവും പിതാവും തൻമക്കളൊരുമിച്ചു
മാവിൻറെ യിലപോലെ വീഴുന്നൊരുമിച്ചു
അന്നവരുടെ ഗുണദോഷവും മമാകൃതി
എന്നതും കൂടെ സൂക്ഷിച്ചീടുകിൽ മമ നാഥാ. 56

എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തം കൂടാതെ ചിന്തിയെൻറെമേൽ ശുഭം ശുഭം
എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നിന്ദിഹീനനായിടുമെൻറെമേലുള്ള സ്നേഹം. 60

എന്നതെന്തിയേ മറ്റു കാരണമൊന്നുമില്ല,
എന്നതിന്നില്ലാഭേദം സർവ്വേശാ ജയ, ജയാ
എന്നുടെ ഹൃദയമേ, സ്മരിക്ക നിൻറെ കൃതി
നിന്ദിഹീനതയെത്രയെന്നതുമോർത്തീടുക 64

(45_48) എല്ലാവിധത്തിലും എന്നെ ശിക്ഷിക്കുന്നതു ന്യായയുക്തമായിരുന്നു. എങ്കിലും സകലവിധമായ ഔദാര്യത്തോടുംകൂടി എൻറെ ദൈവമേ! അങ്ങുന്നു് എന്നെ കാത്തുരക്ഷിച്ചു. എന്നെ ശിക്ഷിക്കുവാൻ അങ്ങു് ഉയർത്തിയ കരം എന്നിൽനിന്നു് അന്യരിലേയ്ക്കു് തിരിച്ചതിൻറെ കാരണമെന്തെന്നു്, അല്ലയോ നാഥാ, ഞാൻ അറിയുന്നില്ല.

(49_52) ഇവയെല്ലാം ഞാൻ കണ്ടും കേട്ടും മനസ്സിലാക്കിയും ഇരിക്കവേ, എൻറെ ശിക്ഷയിൽനിന്നു് അങ്ങയുടെ കരം അങ്ങുതന്നെ പിൻവലിച്ചു. എന്നെ അങ്ങു് പരിപാലിക്കുന്ന സമയത്തുതന്നെ എന്നേക്കാളും സുകൃതികളായ പലരും മരണമടഞ്ഞിരുന്നു.

(53_64) മാതാവും പിതാവും മക്കളും ഒരുമിച്ചു് മാവിൻറെ ഇല പൊഴിയുന്നതുപോലെ വീണു പോകുന്നു. അവരുടെയെല്ലാം ഗുണഗണങ്ങളും, എൻറെ പിഴകളും പേർത്തുവച്ചു ചിന്തിച്ചാൽ എന്തായിരിക്കും നാഥാ പറയാൻ എനിക്കു കഴിയുന്നതു്?

നിന്നെ സൃഷ്ടിച്ച കാല - ദിവസ - നേരമതിൽ
മന്നിലിങ്ങെത്ര പ്രജാസർവ്വേശൻ സൃഷ്ടിചെയ്തു.

എന്നുള്ള പ്രജകളിൽ ചിലരജ്ഞാനമതിൽ
നിന്നുളവായിയവരിപ്പൊഴമജ്ഞാനികളം 68
മറവർ യൂദകുലമെന്നതിൽനിന്നും ചിലർ
മറ്റുള്ള ദുർമ്മതത്തിൽ കാരണക്കാരിൽനിന്നും
ഭൂമിയിൽ ജനിച്ചവർ ജനിച്ച കുലം തന്നിൽ
ഭേദംകൂടാതെയിന്നും നടന്നുവലയുന്നു. 72

എന്നെ നീ സർവ്വേശ്വരാ യെന്നതിൽനിന്നു നീക്കി
നിന്നെ സ്നേഹിച്ചിടുന്ന ജനത്തിലെന്നെച്ചേർത്തു
ആയതിനെന്തുമൂലം നിന്നുടെ ദയ തന്നെ
ഞാനതിനെന്തുകൃതോത്തര[1] ത്തെയണയ്ക്കേണ്ടു! 76

അല്ലയോ സർവേശ്വരാ! നിന്റെ കാരുണ്യം എന്നിൽ അറുതിയില്ലാതെ മംഗളം വരുത്തുവാൻ പൊഴിച്ചുവല്ലോ. ഇതിന്റെയെല്ലാം കാരണം എന്താണു്? നന്ദിഹീനനായ എന്റെമേൽ അങ്ങു് കരുണ കാണിച്ച എന്നതല്ലാതെ മറെറാന്നുമല്ല. ഇതിനു തക്കമില്ല. സർവേശ്വരാ അങ്ങു് ജയിച്ചാലും ജയിച്ചാലും! ഹാ, എന്റെ ഹൃദയമേ, നിന്റെ ചെയ്തികളം എത്രയോ നന്ദിഹീനമായിരുന്നുവെന്നതും ഓർക്കുക.

(65_72) നിന്നെ സൃഷ്ടിച്ച കാലത്തു് ആ ദിവസത്തിൽ ഈ ലോകത്തു് എത്രയോ മനുഷ്യരെ ദൈവം സൃഷ്ടിച്ചു. അവരിൽ ചിലർ സത്യമറിയാത്തവരായി ജനിച്ചു. ഇപ്പോഴും അജ്ഞാനികളായിക്കഴിയുകയും ചെയ്യുന്നു. മറ്റുള്ളവർ യഹൂദകുലത്തിൽനിന്നു് വേറെ ചിലർ ദുർമതങ്ങൾക്കു് ബീജാവാപം ചെയ്യുവരിൽനിന്നു്. ഭൂമിയിൽ അങ്ങനെയൊക്കെ ജനിച്ചവർ അതേ തരത്തിൽത്തന്നെ ഇപ്പോഴും വ്യാപരിക്കുന്നു.

(73_76) എന്നാൽ ദൈവമേ, അങ്ങു് എന്നെ അവയിൽനിന്നെല്ലാം നീക്കി നിന്നെ സ്നേഹിച്ചാദരിക്കുന്ന ജനങ്ങളിൽപ്പെടുത്തി. അതിനെല്ലാം കാരണം എന്താണു്? ഞാൻ പറയാം. അങ്ങയുടെ കൃപാതിരേകം തന്നെ. ഈ വലിയ അനുഗ്രഹത്തിനു് ഞാൻ എന്തു പ്രതിനന്ദിയാണു് പ്രകാശിപ്പിക്കേണ്ടതു്?

---

1. കൃതോത്തരം - പ്രതിനന്ദി.

എന്നതന്നെയുമല്ല, മന്നിലുണ്ടാകും ജനം
എന്നതിൽ ചില ജനം കാലിനും കൈക്കും കേട്ടം
കണ്ണില്ലാ ചിലർക്കയ്യോ ചിലർക്കു കേൾവിഹീനം
കർണ്ണവും നാവും കൊണ്ടും ഫലമില്ലാതെ ചിലർ

ഇങ്ങനെ ജനിക്കുന്നു, പിറക്കുന്നതുപോലെ
അങ്ങനെ മന്നിലവർ ജീവിക്കുന്നഹോ, ദുഃഖം
എന്നതന്നെയുമല്ല വ്യാധിയെന്നൊരു ദുഃഖം
അന്നപാനത്തിന്നവർ മുട്ടിനാലിരക്കുന്നു

ഇങ്ങനെ ദാരിദ്ര്യത്താലെത്രപേർ ക്ലേശിക്കുന്നു
അങ്ങനെയുള്ളവരിൽനിന്നുമാം രക്ഷിച്ചു നീ.
എന്നതുമെത്തുമുലം നിൻകരുണയല്ലാതെ.
എന്നതിനാലുമെത്ര നിന്നെ ഞാൻ സേവിക്കണം!

പിന്നെയുമൊരു മഹാ കരുണ നൽകി നീയോ
മന്നവന്മാരും മുഖ്യശ്രേഷ്ഠന്മാർ ദ്രവ്യസ്ഥന്മാർ
മന്നവർക്കിണയാകും സമ്പന്നന്മാരും ചിലർ
മന്നിലിങ്ങെത്രയുണ്ടു സകലഗുണനാഥാ,

അപ്പോലെയുള്ള ബഹുമുഖ്യരിൽനിന്നു ഞാനു–
മിപ്പാരിൽ ജനിച്ചെങ്കിൽ മേവിധിയെന്തു നാഥാ
എന്നെ നീ കുറച്ചില്ല പൊക്കിയില്ലിഹലോകെ
എന്നതിനാലല്ലയോ യീവണ്ണം ചരിക്കുന്നു.

(77–84) ഇത്രമാത്രമോ? ഈ ലോകത്തിൽ ജനിക്കുന്ന ജനങ്ങളിൽ ചിലക്കു് കാലിനു സ്വാധീനമില്ല. ചിലർ കൈയില്ലാത്തവരായി ഇരിക്കുന്നു. ചിലക്കു് കണ്ണില്ല. കഷ്ടം, ചിലക്കു് കേൾവിയില്ല. കർണ്ണമുണ്ടെങ്കിലും ശ്രവണമില്ലാതെ, നാവുണ്ടെങ്കിലും സംസാരിക്കാനാവാതെ എത്രയോ പേർ ഉണ്ടു്. ഇപ്രകാരം ജനിക്കയും അങ്ങനെ ജീവിതം പോക്കുകയും ചെയ്യുന്നവരെക്കുറിച്ചോർത്താൽ എത്ര കഷ്ടമാണു്. ഇത്രതന്നെയല്ല; രോഗം കൊണ്ടും, അന്നപാനത്തിനു നിവൃത്തിയില്ലാതെയും ദുഃഖമനുഭവിക്കുന്നവർ എത്രയോ പേരുണ്ടു്.

(85–88) ഇങ്ങനെ ദാരിദ്ര്യദുഃഖംകൊണ്ടു് ക്ലേശിക്കുന്നവരായ ആളുകളിൽനിന്നും ദൈവമേ, അങ്ങെന്നെ രക്ഷിച്ചു. ഇതെല്ലാം അങ്ങേ ദയാവായ്പുമൂലമാണല്ലോ. ഇവയെല്ലാം ഓർത്തുനോക്കിയാൽ ഞാൻ എത്രയധികമായി നിന്നെ സ്നേഹിക്കേണ്ടിയിരിക്കുന്നു.

(89–96) എന്നു മാത്രമല്ല മറെറാരു കാര്യത്തിലും നീ എനിക്കു കാരുണ്യം പകർന്നു. ലോകത്തിൽ രാജാക്കന്മാർ ശ്രേഷ്ടവ്യക്തികളും, കോടീശ്വരന്മാർ, രാജാക്കന്മാക്കു് അകമ്പടി സേവിച്ചു നട

എന്നുടെ മാതാവിൻെറ യുദരേയിരിക്കയിൽ
നിന്നുടെ ശാപത്തോടേ മൃത്യുവേവരുത്തുവാൻ
ശത്രുവാം പിശാചവനെത്രയോ ശ്രദ്ധിച്ചയ്യോ
തത്രനീ കാത്തില്ലെങ്കിൽ മൃത്യു സംശയംവിനാ. 100

ലോകത്തിൽ പിറന്നതിൻശേഷത്തിലവൻ വീണ്ടും
ആലസ്യം കൂടാതിങ്ങു ക്രുദ്ധിച്ചു നടന്നല്ലൊ.
അക്കാലം ജ്ഞാനസ്നാനം കൂടാതെ മരിപ്പിപ്പാൻ
മുഷ്കാകം[1] വണ്ണമവൻ കൃമ്പ്റങ്ങളം[2] വർദ്ധിപ്പിച്ചു 104
നിൻകരുണയിൻ കടക്കണ്ണിനാൽ സൂക്ഷിക്കയാൽ
കന്മഷശ്രുദ്ധിത്തോയം[3] കൈക്കൊൾവാൻ ഭാഗ്യംവന്നു

ഇത്തോയത്താലുണ്ടായ നന്മയുംഗുണവൃദ്ധി
ഇത്തരം ലോകത്തിൻെറ നിശ്ചയം പങ്കം കുറം 108

ക്കുന്ന സമ്പന്നന്മാർ തുടങ്ങി എത്രയോ ആളുകളുണ്ടു്. സകല ഗുണങ്ങളുടെയും നാഥനായ ദൈവമേ, മേല്പറഞ്ഞ സമ്പന്നന്മാരുടെ ഗണത്തിൽ ഞാൻ ജനിച്ചിരുന്നെങ്കിൽ എൻെറ വിധി എന്തായിത്തീരുമായിരുന്നു. ഈ ലോകത്തു് എനിക്കു നീ ഒട്ടും കുറവുവരുത്തിയില്ല. എന്നെ വലിയ ധനവാനുമാക്കിയുമില്ല. അതുകൊണ്ടാണല്ലോ, എനിക്കു് ഈ വിധത്തിൽ ചരിക്കുവാൻ ഭാഗ്യം ലഭിച്ചതു്.

(97_100) ഞാൻ എൻെറ മാതാവിൻെറ ഉദരത്തിൽ സ്ഥിതി ചെയ്യുമ്പോഴും, നിൻെറ ശാപത്തോടെ എനിക്കു് അപമൃത്യു വരുത്തുന്നതിനുവേണ്ടി എൻെറ ശത്രുവായ പിശാചു് എത്രയോ വട്ടം പരിശ്രമിച്ചു. അപ്പോഴെല്ലാം നീ കാത്തിരുന്നില്ലെങ്കിൽ നിശ്ചയമായും എനിക്കു മൃത്യു പിണഞ്ഞേനേ.

(101_104) ഞാൻ ലോകത്തിൽ ജനിച്ചതിൻെറ ശേഷം പിശാചു് എന്നെ ദ്വേഷിച്ചുകൊണ്ടു് എനിക്കെതിരേ മടി കൂടാതെ വന്നു. ജ്ഞാനസ്നാനം കൂടാതെ ഞാൻ മരിക്കുന്നതിനു് അവൻ മുഷ്ക്കോടുകൂടി ബുദ്ധിമുട്ടുകളും വരുത്തി.

(105_114) നിൻെറ കരുണാകടാക്ഷം, ദൈവമേ, എനിക്കുണ്ടായി. പാപം പോക്കുന്ന മാമ്മോദീസാ ജലത്തിൽ പുനർജ്ജനിക്കുവാൻ എനിക്കു നീ ഇടവരുത്തി. ഈ തീർത്ഥജലം വഴിയായി

---

1. മുഷ്കു് – ശക്തി 2. കൃമ്പ്റം – പ്രയാസം,
3. കന്മഷം ശ്രുദ്ധിത്തോയം – പാപംപോക്കുന്ന ജലം (മാമ്മോദീസ)

അപ്പോലെയുള്ള ഗുണമൊക്കെയും വരുത്തീട്ട്
പൊയ്പോയ പുത്രസ്ഥാനം വീണ്ടു നീ തന്നനാഥാ

എന്നൊരു നേരത്തിങ്കലെന്നുടെ ദേഹീരശ്മ്യാ[1]
അന്നു വാനവന്മാർക്കും തെളിവും സന്തോഷവും
വരുത്തീടുവാൻവണ്ണം ധരിപ്പിച്ചെന്നെ നന്മ
വരപ്പിച്ചെൻറനാമം തിരുപ്പുസ്തകം തന്നിൽ

അക്കാലമുള്ള ശുദ്ധി ഹൃദയപരമാർത്ഥം
ഒക്കെയും ഛേദംചെയ്തു ദുഃഖമേ മഹാകഷ്ടം!
ബോധത്തോട് കൂടവേ വളർന്നു പാപമലം
ക്രോധവുമഹങ്കാരം ശേഷം ദുർഗ്ഗുണങ്ങളും

കാണുന്ന ജനങ്ങൾക്കിതോമനപ്പൈതലിവൻ
ഏഷണിയൊന്നുമില്ലായെന്നു തോന്നിച്ചേനഹം
കരുണയേറും നിൻെറ തിരുവാക്യത്താൽ തന്നെ
കരുതിയറിയിച്ചോരുപമയതിൻസമം

കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന
കാരണവന്മാരുടെ കബറുകളതു[2] മഹാ -
വെണ്മയായ്ത്തോന്നീടുന്ന വെള്ളക്കുമ്മായത്താലെ
ഒന്മയിൽ പൂശി വെളുപ്പിച്ചീടുന്നതിനാലെ

നിൻെറ നന്മയും സുകൃതങ്ങളും, സ്വർഗലോകത്തിൻെറ അനുഗ്രഹവും ഓഹരിയും എല്ലാം എനിക്കു ലഭ്യമായി. ഒരിക്കൽ നഷ്ടപ്പെട്ടുപോയ ദൈവപുത്രസ്ഥാനം എനിക്കു നീ തരികയും ചെയ്തു. ആ സമയത്തു് എൻെറ ആത്മാവിലുദിച്ച വരപ്രസാദത്താൽ, അന്നു് സ്വർഗവാസികൾക്കും പ്രസാദവും സന്തോഷവും വരുത്താൻ തക്കവിധം നന്മയുടെ വസ്ത്രം അണിയുന്നു് എന്നെ അണിയിച്ചു. അവിടത്തെ പരിശുദ്ധ ഗ്രന്ഥത്തിൽ എൻെറ നാമം എഴുതിവയ്ക്കുകയും ചെയ്തു.

(115-134) അല്ലയോ ദൈവമേ! അക്കാലത്തു് എനിക്കുണ്ടായിരുന്ന പരിശുദ്ധിയും ഹൃദയപരമാർത്ഥതയും എല്ലാം ഞാൻ നിഷ്ഫലമാക്കിക്കളഞ്ഞല്ലോ. ഇതു് എത്രയോ ദുഃഖകരമായ കാര്യമാണു്. എൻെറ ബോധം വളർന്നതോടുകൂടി എൻെറ പാപങ്ങളും വളർന്നു. ക്രോധം അഹങ്കാരം തുടങ്ങിയ ദുർഗുണങ്ങളും എന്നിൽ തഴച്ചു. എന്നെ

---

4. ദേഹീരശ്മ്യാ - ആത്മാവിൻെറ പ്രസാദവരത്താൽ
5. കബറു് - കുഴിമാടം (വെള്ളപൂശിയ കുഴിമാടം എന്ന ബൈബിൾ പ്രയോഗം ഇവിടെ സൂചിപ്പിക്കുന്നു).

എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നു പുറം
തത്രസൂക്ഷിച്ചുതുറന്നകത്തു പാർക്കുന്നേരം
എത്രയും മഹാ കഷ്ടദുർഗ്ഗന്ധം വീശീടുമേ
അത്രയുമല്ലായതിന്നുള്ളകം നോക്കുന്നേരം

എത്രയുമശുദ്ധമാം പുഴക്കളസ്ഥികളം
തത്രകാണികയ്ക്കൊക്കെയെത്രയും വിചിത്രമാം
എന്നതിൻവണ്ണം മമ ഭാഷയും വാക്കുംദുഷ്ടം
നല്ലതിൻ വണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ.

ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെനഷ്ടംചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽപരംകഷ്ടം പിശാചിൻ ദാസനായി

അയ്യയ്യോമഹാദുഃഖമെന്നുടെ പാപത്താലെ
അയ്യംകൊണ്ടേിയന്റെ കണ്ണുകൾ താഴുന്നയ്യോ!
മമപിതാവുനീയേ ഭാഗ്യവുമെനിക്കു നീ.
മംഗലംനീയെന്നിയേമറെന്തു ഗുണംനാഥാ–

കണ്ടു മറുള്ളവർ നിഷ്കളങ്കനായ ഓമനപ്പൈതൽ എന്നു കരുതി. എന്നാൽ ഏഷണിയല്ലാതെ മറെറാന്നുമായിരുന്നില്ല എന്റെ കൃത്യം. കാരുണ്യവാനായ സർവേശ്വരാ, അങ്ങു് അരുളിച്ചെയ്ത ഉപമ എന്നെ ക്കുറിച്ചായിരുന്നോ എന്നു തോന്നിപ്പോകുന്നു. മരിച്ചുപോയ ആളുക ളുടെ കഴിമാടങ്ങൾ വെള്ളപൂശിയിട്ടുള്ളതിനാൽ വെണ്മയോടെ കാണ പ്പെടുന്നു. പുറമേയ്ക്കു് മനോഹരമായിരിക്കുന്നുവെങ്കിലും ആ കഴി മാടം തുറന്നു് അകം പരിശോധിച്ചു നോക്കിയാൽ ദുർഗ്ഗന്ധം വമിക്കു ന്നതായി അനുഭവപ്പെടുമല്ലോ. എന്നുതന്നെയുമല്ല, അതിനുള്ളിൽ ശ്രദ്ധിച്ചാൽ വൃത്തികെട്ട പുഴക്കളും അസ്ഥിഖണ്ഡങ്ങളും! വിചിത്ര മായ കാഴ്ചയായിരിക്കും. ഇതുപോലെതന്നെയാണു് എന്റെ രൂപവും വാക്കുകളും. നന്മയായി എന്നിൽ യാതൊന്നും ഇല്ലല്ലോ.

(135–138) അല്ലയോ സർവ്വേശ്വരാ, അങ്ങു് ജ്ഞാനസ്നാനം വഴിയായി എന്നെ പുത്രനായി സ്വീകരിച്ചു. എന്നാൽ അറിവില്ലായ്മ കൊണ്ടു് ഞാൻ എന്റെ ഭാഗ്യം നഷ്ടമാക്കി. നിന്റെ പുത്രസ്ഥാനം നഷ്ടപ്പെടുത്തി എന്നതിലുള്ള ദുഃഖത്തിനുപുറമേ എനിക്കുള്ള വേദന ഞാൻ പിശാചിന്റെ ദാസനായിത്തീർന്നല്ലോ എന്നതാണു്.

(139–146) അയ്യയ്യോ! പാപം നിമിത്തം എനിക്കു മഹാദുഃഖം വന്നിരിക്കുന്നു! ലജ്ജകൊണ്ടു് എന്റെ നയനങ്ങൾ താഴുന്നുപോകുന്നു.

എന്നുടെ സ്നേഹംനീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന[1] പാനംനീയേ.
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.

ജ്ഞാനത്തിൻ തോയത്തിങ്കൽ, നിയെന്റെ ദൈവമെന്നും
അജ്ഞാതമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൻ ശത്രുവായ നരകപ്പിശാചിനെ
സുജ്ഞാനത്താലെ ത്യജിച്ചവന്റെ ഘോഷങ്ങളും

വിശ്വാസംനിന്റെനേരെ വച്ചുഞാൻ സത്യം ചെയ്തു.
വിശ്വാസത്തിനു സാക്ഷിയെന്നുടെ പിതൃക്കളും
അന്നേരം മമ ദേഹിക്കുണ്ടായഗുണ വെണ്മ
നേരായിക്കാട്ടീടുവാനുടുത്തേൻവെള്ളവസ്ത്രം.

നൽഗുണവൃത്തികളാൽ കാണുന്നജനങ്ങൾക്കു-
മെൻഗുണം കാട്ടീടുവാൻ കത്തിച്ചുതന്നപന്തം

ദൈവമേ! അങ്ങാണെന്റെ പിതാവു്! എന്റെ അമ്മയും അങ്ങുതന്നെയാണു്. ഹാവു! അങ്ങിലല്ലാതെ എനിക്കു് എവിടെ ആശ്വാസം ലഭിക്കും?

എന്റെ സ്നേഹം അങ്ങാകുന്നു. എന്റെ എല്ലാ ഭാഗ്യവും അങ്ങു മാത്രമാകുന്നു. അങ്ങയിലല്ലാതെ എനിക്കെവിടെ ജീവിക്കാൻ കഴിയും? എന്റെ പ്രാണവായു അങ്ങാണു്. ഭക്ഷണപാനീയങ്ങളും നീ തന്നെയാകുന്നു. അല്ലയോ നാഥാ, നിന്നിലല്ലാതെ എവിടെയാണു് എനിക്കു് ആശ്വാസം കണ്ടെത്താൻ കഴിയുന്നതു്!

(147–158) ജ്ഞാനസ്നാനജലം എന്റെ ശിരസ്സിൽ വീണ വേളയിൽ നീ എന്റെ ദൈവമാണെന്നുള്ളതു് ഏറ്റുപറഞ്ഞു. അജ്ഞാനമെല്ലാം ത്യജിച്ചുവെന്നും ചൊല്ലി ജ്ഞാനത്തിന്റെ ശത്രുവായ പിശാചിനെ അവന്റെ എല്ലാ ഘോഷങ്ങളോടുംകൂടി അറിവിന്റെ വെളിച്ചത്താൽ ഓടിച്ചുകളഞ്ഞു. നിന്റെ നേക്കുള്ള എന്റെ വിശ്വാസം സത്യം ചെയ്തു പറഞ്ഞു. അന്നു് എനിക്കുവേണ്ടി പറയുകയും സാക്ഷ്യം ചെയ്യുകയും ചെയ്തതു് എന്റെ മതാപിതാക്കളായിരുന്നു. അപ്പോഴും എന്റെ ആത്മാവിനുണ്ടായ വെണ്മയെ ബാഹ്യമായി കാട്ടുവാൻ വേണ്ടി വെള്ള വസ്ത്രം എന്നെ ഉടുപ്പിച്ചു. സന്മാതൃകവഴിയായി എന്റെ ഗുണഗണങ്ങളും മറ്റുള്ളവർക്കു് കാണിച്ചുകൊടുക്കുവാൻവേണ്ടി

---

1. യാവന - ഭക്ഷണം.

പാപത്താൽ നശിച്ച ഞാൻ ചീഞ്ഞിടായെന്ന കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം സേവിച്ചല്ലൊ.

അനാദ്യഗുണനിധേ, സർവ്വേശാ, പരാപരാ!
അനന്തദയാനവിതാ, സർവ്വമംഗലദേവാ!
അന്തമില്ലാത്തനിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ.

എന്നുടെയാദിപിതാ ചെയ്തൊരുപാപത്താലെ
നന്മയൊക്കെയും നശിപ്പിച്ച ഞാനെന്നാകിലും
നിന്നുടെ നീതിമുന്നം കടന്നഗണത്തെപ്പോൽ
എന്നെ നീ ശിക്ഷിച്ചില്ലായെന്നുടെ ജനത്തെയും
എന്നുതന്നെയുമല്ലാനിന്നുടെ ദയവിനാൽ
അന്നുനീ പറഞ്ഞൊത്ത നിന്നുടെ സുതനെയ–

മെന്നതിൽവണ്ണംനാഥാ നിന്നുടെ സുതൻദേവൻ
മന്നിതിൽവന്ന മർത്ത്യകോലവും ചമഞ്ഞല്ലൊ.
ദ്യോവതിൽനിന്നുവന്ന ദേവനും മർത്യനുമായ്
ദ്യോവിനാൽ[1] സൃഷ്ടികൾക്കു സ്നേഹാഗ്രജനുമായി.

ഒരു ദീപം കത്തിച്ചു തന്നു. പാപംകൊണ്ടു് ചീഞ്ഞഴകി നശിക്കാതെ നിന്റെനാമം ആകുന്ന ലവണം ഞാൻ സ്വീകരിച്ചു.

(159–162) അനാദ്യഗുണനിധിയായ സർവ്വേശ്വരാ, പരാപരനേ, അനന്തമായ കാരുണ്യം നിറഞ്ഞവനേ, സർവ്വമംഗളങ്ങളുടെയും ദേവനേ, നിന്റെ അനന്തമായ കൃപാകടാക്ഷത്താൽ നിത്യം നിലനിൽക്കുന്ന ഒരു സൃഷ്ടിയായിത്തീരാൻ എനിക്കു് അങ്ങു് ഇടവരുത്തിയല്ലോ.

(163–172) എന്റെ ആദ്യപിതാവായ ആദം ചെയ്ത പാപം മൂലം എല്ലാ നന്മയും എനിക്കു നഷ്ടമായി. എന്നാൽ എല്ലാറ്റിനേയും അതിജീവിക്കുന്ന നിന്റെ നീതി എന്നെയും എന്റെ ജനത്തേയും ശിക്ഷിച്ചില്ല. മാത്രമല്ല അങ്ങു് അതുല്യമായ കനിവിനാലേ, വാഗ്ദാനം ചെയ്തതുപോലെ സ്വന്തം സുതനെ അയച്ചു. അവിടുന്നു് മർത്യരൂപം ധരിച്ചു. സ്വർഗ്ഗത്തിൽനിന്നുള്ള ദേവനും അതേ സമയം മർത്യനുമായിത്തീർന്നു. കാരുണ്യംകൊണ്ടു് ഭുവനവാസികൾക്കെല്ലാം സ്നേഹംനിറഞ്ഞ ജേഷ്ഠസഹോദരനുമായി മാറി.

---

1 ദ്യോവ്-ദയവിന്റെ ഗ്രാമ്യരൂപം

എന്നതന്നെയുമല്ലാ സകലദു:ഖകൃച്ഛ്രം
മന്നിലുള്ളതൊക്കവേ താൻ ക്ഷമിച്ചയ്യോ നാഥാ!
ഇതിനാലടിമയെയയത്തി മോക്ഷേ ചേർപ്പാൻ
പതീനാംപതി[1] നൃപാ! നിന്നുടെ സേവകമതി

എന്നിരിക്കുമ്പോഴും നിൻറെ സ്നേഹാബ്ധി നിമിത്തമായ്
നന്ദിഹീനനാമെൻറെ സ്നേഹത്തെ വലിപ്പാനായ്[2]
മുപ്പത്തുമൂന്നവർഷം വസിച്ച ഭൂലോകത്തിൽ
അപ്പത്തിൻ[3] സ്ഥലമതിൽ പിറന്നനേരം മുത
ലപ്പിറവിയും സർവ്വനായകാ ഓർത്തീടുകി-
ലിപ്പോലെയൊരു ദു:ഖപ്പിറവിയുണ്ടായില്ല.

പിതാവു മൂഹാ തൻറെ നടുവിലെഴുന്നള്ളി
പ്രതാപമേറും സ്രാപ്പെ ക്രോവകളം[4] നവവൃന്ദം.
എപ്പൊഴും നിൻറെ തിരുമുൻപിലാരാധിക്കുന്നു
മുപ്പാരിലുള്ള ഭാഗ്യമൊക്കെയും നിൻറെ സൃഷ്ടി

ഭൂലോകമഹത്വവും ഭൂപതിനൃപന്മാരും
ഭൂമിയൊക്കെയും നിൻറെ നോട്ടത്താൽ ഭ്രമിക്കുന്നു
മാടമാളികാനഗർ ഗോപുരഗൃഹങ്ങളും
നാടകം സമസ്തവും നിന്നുടെയിഷ്ടംപോലാ

(173_182) എന്നു മാത്രമല്ല, ഈ ഭൂമിയിലുള്ള എല്ലാ കഷ്ടപ്പാടുകളും അവിടുന്നു ക്ഷമയോടെ സഹിച്ചു. അല്ലയോ, രാജാധിരാജനായ നാഥാ, എന്നെ സ്വർഗ്ഗത്തിലേക്കു് കരേറുവാൻ അങ്ങയുടെ ഒരു വിയർപ്പുകണം മാത്രം മതിയായിരിക്കുന്നു. അങ്ങനെ ആണെങ്കിലും നിൻറെ അനന്തമായ സ്നേഹം കൊണ്ടു് കൃതഘ്നനായ എൻറെ സ്നേഹത്തെ വികസ്വരമാക്കാൻ ഈ ലോകത്തു് 33 സംവത്സരം ജീവിച്ചു. ബദ്ലേഹത്തു് അങ്ങു് ജന്മം കൊണ്ടനാൾ തൊട്ടുള്ളതെല്ലാം ഓർക്കുന്നു. സർവ്വലോകനായകാ, നിൻറെ ആ പിറവിതന്നെ ചിന്തിച്ചാൽ എത്രയോ ദുഃഖകരമായ ഒന്നായിരുന്നു.

(183_190) പിതാവായ ദൈവത്തിൻറെയും പരിശുദ്ധാത്മാവിയുടെയും മധ്യേ അങ്ങു് എഴുന്നെള്ളിയിരിക്കുന്നു. പ്രതാപവാന്മാരായ ക്രോവേ, സ്രാപ്പേ തുടങ്ങിയ ഒൻപതു വൃന്ദം മാലാഖാമാർ സദാസമയം തിരുമുമ്പിൽ ആരാധനാ പ്രകരണങ്ങളും നടത്തുന്നു. ഈ ഭൂമിയിലെ എല്ലാമഹത്വവും, രാജാക്കന്മാരും ഈ പ്രപഞ്ചമാകമാനവും നിൻറെ ഒറ നോട്ടംകൊണ്ടു് സംഭ്രമിക്കുന്നു. പ്രൗഢമന്ദിരങ്ങളും മാളികകളും നഗരങ്ങളും ഗോപുരങ്ങളും ഗൃഹങ്ങളും നാടകവും എല്ലാമെല്ലാം അങ്ങേ ഇഷ്ടത്തിനൊപ്പിച്ചു് നിലകൊള്ളുന്നു.

---

1 പതീനാംപതി-രാജാധിരാജൻ (സംസ്കൃതവിഭക്തിരൂപം)
2 വലിപ്പാൻ–വലുതാക്കാൻ (വളർത്താൻ) ഗ്രാമ്യപ്രയോഗം.
3 അപ്പത്തിൻ സ്ഥലം-ബത്ലഹം
4 സ്രാപ്പെ-ക്രോവ-മാലാഖാമാരുടെ വൃന്ദങ്ങളും

മക്കളാം മനുകുലം പൊയ്പ്പുളഞ്ഞുള്ള ഭാഗ്യ
മൊക്കെയും വരുത്തുവാൻ നിൻതിരുമനസ്സിനാൽ
പൊക്കമേറുന്ന ഭാഗ്യമൊക്കെയും ത്യജിച്ചു നീ
പൊയ്പ്പുളഞ്ഞതരുത്തിനെ തേടുവാൻ മാട്ടിൻകൊട്ടിൽ[1]
വേസരികാള[2] രണ്ടുമുഗത്തിൻ നടുവതിൽ
കേസരി[3] യുദാക്കുട്ടിയായി നീ പിറന്നയ്യോ.

അന്നേരം ശിശുവായ നിന്നുടെ ബാഹുക്കളെ
അന്നേരത്തുള്ള കുളിർപോക്കുവാൻ നീട്ടുന്നയ്യോ:
കാറിനാൽ വിറയ്ക്കുന്ന മഞ്ഞിനാൽ തണുക്കുന്ന
മാറുവാൻ മറയില്ല നീക്കുവാൻ വാതിലില്ല

എന്നുള്ളസ്ഥലമായ തൊഴുത്തിൽ വന്നുപിറ-
ന്നന്നുള്ള ദരിദ്രരിലൊക്കെയും മുഖ്യൻ നീയായ്

(191-196) മക്കളായ മാനവകുലം നഷ്ടപ്പെട്ടുത്തിയ ഭാഗ്യം മുഴുവനും വീണ്ടെടുക്കുവാൻ അങ്ങു തിരുമനസ്സായി. ഉന്നതമായ സ്വർഗ്ഗസൗഭാഗ്യം കൈവെടിഞ്ഞു. നഷ്ടപ്പെട്ടുപോയ ആട്ടിൻകുട്ടിയെ നേടുന്നതിനായി ഒരു കാലിത്തൊഴുത്തിൽ കോവർകഴുത, കാള എന്നീ രണ്ടു മൃഗങ്ങളുടെ മദ്ധ്യത്തിൽ ഒരു കേസരി അഥവാ സിംഹമായി (കേസരിയാ ദേശത്തു് എന്നും അർത്ഥം) യൂദാഗോത്രത്തിൽ നീ പിറന്നു.

(197-202) ആ സമയത്തു് ശിശുവായ നീ, നിന്റെ കരങ്ങളെ തണുപ്പിൽനിന്നു് മോചനം കിട്ടാൻവേണ്ടി ഉയർത്തിയല്ലോ. കുളിർ കാറിനാൽ വിറക്കുന്നു. മഞ്ഞുമൂലം തണുക്കുന്നു. നിന്റെ വാസസ്ഥലത്തിനു് മാറുവാൻ മറയോ നീക്കുവാൻ വാതിലോ ഇല്ല. അങ്ങനെയുള്ള ആ കാലിത്തൊഴുത്തിൽ പിറന്നവനീ നീ ഈ ലോകത്തിലെ ഏതൊരു ദരിദ്രനേക്കാളും ദരിദ്രനായിരുന്നല്ലോ.

---

1 മാട്ടിൻകൊട്ടിൽ-കാലിത്തൊഴുത്തു്.

2 വേസരി-വെട്ടിക്കുതിര (കോവർകഴുത)

3 കേസരി-കേസരിയാ ദേശത്തെ. (സിംഹം എന്നും അർത്ഥം)

അയ്യയ്യോ നാഥൻ നീയോ, നിന്നുടെ മാതാ നാഥ,
യേശയ്യാവചനം പോൽ ദാവീദു രാജഗോത്ര

മന്നവരുടെ മഹോന്നതമാം മാളികകൾ
മിന്നുന്ന കട്ടിൽമെത്ത കോതടി [1] കളില്ലയോ
പട്ടം പട്ടാളികളാൽ കുത്തിയ തലയിണ
പൊട്ടാതെ നിറച്ചുള്ള വട്ടമാം ചാവട്ടയും [2]

മെച്ചമാംമമ്മലുകൾ [3] രത്നക്കമ്പിളികളും
ഇഷ്ടയാൽ മൂടിക്കൊൾവാൻ മെച്ചമാം പുതപ്പുകൾ
ഇച്ചൊന്നതൊക്കെ നിൻറെ മഹിമയ്ക്കിണയതോ.
മെച്ചമൊക്കെയും നീക്കിയിച്ചിച്ച ദാരിദ്ര്യത്തെ

ദൈവദൂതന്മാരേ, യാകാശ ഠാണുക്കളേ, [4]
ദേവദേവനാം തവ രാജനെക്കാണുന്നില്ലേ,
വേസലം [5] ഹൃദയതിൽ വേദനയോടുകൂടെ
വേസരിയിടയതിൽ കിടക്കുന്നതെന്തയ്യോ.

(203_212) അയ്യയ്യോ അങ്ങു എല്ലാറ്റിനേറെയും നാഥനല്ലയോ? ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ അങ്ങയുടെ പ്രിയ മാതാവു് ദാവീദുരാജാവിൻെറ ഗോത്രത്തിൽ ജനിച്ചവളായിരുന്നല്ലോ?

രാജാക്കന്മാരുടെ മഹോന്നതമായ മാളികകൾ അങ്ങേയ്ക്കില്ലെന്നോ? വെട്ടിത്തിളങ്ങുന്ന കട്ടിലോ, പട്ടമെത്തയോ, പഞ്ഞിക്കിടക്കയോ അവിടേയ്ക്കില്ലെന്നോ? പട്ടം പട്ടുനൂലുകൾകൊണ്ടു തീർത്ത തലയിണയും മൃദുലമായ പഞ്ഞി നിറച്ച വൃത്താകാരത്തിലുള്ള ചാരു തലയിണയും മെച്ചമേറിയ മന്മൽത്തുണികളും, രത്നക്കമ്പിളി വസ്ത്രങ്ങളും ഇഷ്ടമനുസരിച്ചു പുതയ്ക്കുവാൻ വിലയേറിയ പുതപ്പുകളും അങ്ങേയ്ക്കില്ലെന്നോ? മേൽപ്പറഞ്ഞവയെല്ലാം ഉണ്ടെങ്കിൽത്തന്നെ അങ്ങയുടെ മഹിമയ്ക്കു് പര്യാപ്തമാകുമോ? അങ്ങനെ ആയിരുന്നിട്ടും, മെച്ചമേറിയ അവയെല്ലാം പരിത്യജിച്ചു് അങ്ങു് ദാരിദ്ര്യത്തെയാണല്ലോ കാംക്ഷിച്ചതു്.

(213_216) അല്ലയോ ദൈവദൂതന്മാരേ, ആകാശ സൈന്യങ്ങളെ, ദേവന്മാർക്കും ദേവനായ നിങ്ങളുടെ രാജാവിനെ കാണുന്നില്ലേ? ബദ്ലഹം ഹൃദയിൽ വേദനയോടുകൂടി കോവർ കഴുതയ്ക്കും കാളയ്ക്കും സമീപം അവിടുന്നു കിടക്കുന്നതു നിങ്ങൾ കാണുന്നില്ലേ?

---

1 കോതടി-കോസടിയുടെ ഗ്രാമ്യരൂപം,

2 ചാവട്ട-ചാരുതലയിണ 3 മമ്മൽ-മന്മൽത്തുണി.

4 ഠാണുക്കൾ-സൈന്യങ്ങൾ. 5 വേസലം-ബത്ലഹം.

കിടക്കയതിന്നായി വൈയ്ക്കോലുനിരത്തീട്ട
മിടത്തിൽക്കിടക്കുന്ന നാഥനെക്കാണുന്നില്ലേ
തലക്കീഴെന്താകുന്നു സൂക്ഷിപ്പിൻ ഭൃത്യന്മാരെ,
കനത്ത കല്ലാൽ മൃദുമൗലിയ്ക്കെന്തൊരു ദുഃഖം

മാതാവെ, ജനനിയേ കന്യകാരത്നമൗലേ,
താപാനുപമം നിനക്കെത്രയോയീദു നേരം
നിന്നുടെ സൃഷ്ടിതാവും സ്നിഗ്ധപുത്രനുമിയ്യാം
തന്നുടെ യശസ്സിന്റെ മഹത്വമറിഞ്ഞു നീ.

എന്നതിനാലേ തന്റെ ഹീനത കാണുന്നേരം
നന്ദിയാൽ നിന്റെ മനം ദുഃഖാബ്ധിമുങ്ങുന്നല്ലീ!
എങ്കിലും നിന്റെ ബാഹ്വവേലയാൽ മുന്നംതന്നെ
ശംഖിനുസമംവെള്ള വസ്ത്രത്തെ കരുതി നീ.

എന്നതിനാലേ നിന്റെ സ്നേഹപുത്രന്റെ തിരു-
സുന്ദരമേനിതന്നെപൊതിഞ്ഞു ചുറ്റിക്കെട്ടി
നിൽ തിരുമടിയതിൽ സ്നേഹത്താൽ ചേർത്തുകൊണ്ടു
നിൻതിരുപ്പാലാലൂട്ടിത്തഴകി മുത്തിക്കൊണ്ടും

(217-220) കിടക്കയില്ലാത്തതിനാൽ വൈക്കോൽ നാരുകൊ മിക്കിയ സ്ഥലത്തു് കിടക്കുന്ന നാഥനെ നിങ്ങൾ കാണുന്നില്ലേ? തലയിണയു പകരം അവിടത്തെ തലയ്ക്കു് കീഴിൽ എന്താണു് കിടക്കുന്നതെന്നു് സ്വർഗ്ഗീയനിവാസികളെ നിങ്ങൾ സൂക്ഷിച്ചു നോക്കുക? അതേ, മാർദ്ദവമില്ലാത്ത കരിങ്കല്ലു് തന്നെ. അവിടത്തെ മൃദുലമായ മൗലിക്കു് എത്രമേൽ വേദന വന്നിട്ടുണ്ടാകും എന്നു നിങ്ങൾ വിചാരിച്ചിട്ടുണ്ടോ?

(221-224) അല്ലയോ മാതാവേ, പരിശുദ്ധ ജനനീ, കന്യകാരത്നമേ മണിമകുടമേ, ഉപമിക്കാനരുതാത്ത എത്രയോ വലിയ ദുഃഖമാണു് അപ്പോൾ നിനക്കുണ്ടായതു്. നിന്റെ സ്രഷ്ടാവും, സ്നേഹം നിറഞ്ഞ പുത്രനും ആണു് ഈ കുമാരൻ എന്നും അവിടത്തെ മഹത്ത്വം എന്താണെന്നും ഗ്രഹിച്ചവളാണല്ലോ നീ?

(225-228) അവിടത്തെ ഈ കഷ്ടപ്പാടുകാണുന്ന സമയത്തു് നിന്റെ മനസ്സു് ദുഃഖാബ്ധിയിൽ മുങ്ങിയില്ലേ. എങ്കിലും നിന്റെ കരവേലകൊണ്ടു് നെയ്തൊരുക്കിയതും ശംഖിനു സമാനമായതുമായ വെള്ള വസ്ത്രത്തെ നീ കരുതിവച്ചിരുന്നുവല്ലോ.

(229-236) ആ മനോഹരമായ വസ്ത്രംകൊണ്ടു് സ്നേഹസുതന്റെ മൃദുമേനി നീ പൊതിഞ്ഞു. ഉണ്ണിയീശോയെ നിന്റെ മടിയിൽ

തന്നുടെ തിരുമുഖശോഭയും സുന്ദരമാം
ചെന്നിയും തിരുക്കൈകൊംകാൽകളും മുത്തംചെയ്തു
അത്തിരുപൈതൽ നിന്റെ മടിയിൽകിടന്നുട-
നത്തിരുമുത്തിളക്കി നിന്നെയും തോഷിപ്പിച്ചു. 236

മകനെയമ്മനോക്കും മാതാവേസുതൻ പാക്കൽ.
മനർഘസ്നേഹത്തോടേയിരുവരുനേരം
ക്ഷപനാം[1] പിതാവെന്റെ ശരണം ''യൂസെ'' മുനി
ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹുസ്നേഹാൽ 240

നായകാ നരദേവ, കരുണാനിധേ, നാഥാ
നയനാൽ തൃക്കൺപാർക്ക, മേ ദാസൻമഹാ പാപി.
നിന്ദിഹീനനാമെന്നെപ്പാർക്കുവാൻ യോഗ്യം പോരാ.
സുന്ദരി നിന്റെ മാതൃദാസനെന്നോർത്തീടുക. 244

വച്ചു. നിന്റെ മുലപ്പാൽ അവിടുത്തേയ്ക്കു നൽകിക്കൊണ്ടും, സ്നേഹചുംബനങ്ങൾ അണച്ചുകൊണ്ടും പരിലാളിച്ചു. അവിടുത്തെ ശോഭതിരളുന്ന സുന്ദരമായ കവിളുകളും, തൃക്കൈകളും, ചരണങ്ങളും ഉമ്മവച്ചുമ്മവച്ച് ആദരവു പ്രകടിപ്പിച്ചു. ആ പൈതൽ നിന്റെ മടിയിൽക്കിടന്ന് തിരുമുഖമാകുന്ന മുത്തു് ഇളക്കി നിന്നെ ആഹ്ലാദിപ്പിക്കയും ചെയ്തുവല്ലോ.

(237_244) മകനെ അമ്മ നോക്കുകയും അമ്മ മകനെ നോക്കുകയും ചെയ്യുന്ന അനർഘസ്നേഹത്തിന്റെ ആ സുന്ദരമായ നിമിഷങ്ങളിൽ ഇമകളും പോലുമിളക്കാതെ പ്രശാന്തനായി മകനെ സ്നേഹപൂർവ്വം വീക്ഷിക്കുന്ന മാർയൗസേപ്പുപിതാവെന്ന താപസനേയും ഞാൻ മഹാശരണത്തോടെ ഓർമ്മിക്കുന്നു.

അല്ലയോ നാഥാ, മനുഷ്യനായി അവതരിച്ച ദൈവമേ! കരുണാനിധേ, പാപിയും ദാസനുമായ എന്നെ അങ്ങു തൃക്കൺപാർക്കേണമേ. കൃതജ്ഞത സമർപ്പിക്കാൻ കഴിവില്ലാത്തവനായ ഈ എളിയവനു് അങ്ങേപ്പക്കൽ നില്ക്കുവാൻ യോഗ്യതയില്ല. എങ്കിലും അമല മനോഹരിയായ മാതാവേ, മാതൃദാസനായ എന്നിൽ കൃപാകടാക്ഷം നൽകേണമേ.

---

1 ക്ഷപൻ - ക്ഷമയുള്ളവൻ

കന്യകാമമമാതേ, യമ്മയേശരണം നീ.
അന്യഭാവേന ചരിച്ചയ്യയ്യോ മമ കുറ്റം
എങ്കിലുമമ്മനീയേ മറന്നീടരുതയ്യോ
ചങ്കിതിൽ നിൻറെയോർമ്മയെപ്പൊഴുമുണ്ടതാനും 248

എങ്കിലും മറന്നയ്യോ നിന്നെഞാൻ നന്ദിഹീനൻ
മങ്കയാംമനോഹരേ, യെന്നെനീ മറക്കുമോ?
മുന്നമേയെന്നെച്ചേർത്തുനിന്നുടെ ദാസനാക്കി
യന്നുനാംമുതൽനീയും പാലിച്ചു രക്ഷിച്ചല്ലൊ 252

എത്രയോയുഴം [1] ദൈവനീതിക്കുയോഗ്യനായി
യത്രയുമുഴം നിൻറെ മാദ്ധ്യസ്ഥാൽ കാത്തല്ലൊ നീ
ദൈവത്തിൻ തിരുക്കരം ശിക്ഷിപ്പാന്നോങ്ങുന്നേരം
ദൈവമാതാവേ നിൻറെ ദയയാൽ തടുത്തല്ലൊ. 256

(245_252) കന്യകയായ മാതാവേ, എൻറെ അമ്മേ, അങ്ങാണെൻറെ ആശ്രയം. ഭിന്നമായ മാർഗ്ഗങ്ങളിൽ കൂടി ചരിച്ച ഞാൻ തന്നെയാണ് എല്ലാതെറ്റിനും കാരണക്കാരൻ. എങ്കിലും എൻറെ പ്രിയമാതാവേ, എന്നെ ഉപേക്ഷിക്കരുതേ. നിൻറെ ഹൃദയത്തിൽ എനിക്കു സ്ഥാനം നൽകേണമേ.

അയ്യോ നന്ദിഹീനനായ ഞാൻ നിന്നെ മറന്നു. എങ്കിലും മനോഹരിയായ കന്യാരത്നമേ, നീ എന്നെ മറന്നുകളയുമോ? എൻറെ ചെറുപ്പം മുതൽത്തന്നെ നിൻറെ ദാസനായി എന്നെ നീ സ്വീകരിച്ചു. അന്നുമുതൽ നീ എന്നെ പരിപാലിച്ചുവെന്നു ഞാനറിയുന്നു.

(253_256) എത്രയേറെ പ്രാവശ്യം ദൈവത്തിൻറെ അലംഘ്യമായ നീതിക്കു ഞാൻ പാത്രീഭൂതനായി. അത്രയേറെ പ്രാവശ്യം നീ നിൻറെ മാധ്യസ്ഥ്യം മൂലം എനിക്കു രക്ഷ പകർന്നുതന്നു. ദൈവത്തിൻറെ തൃക്കരം എന്നെ ശിക്ഷിക്കാൻ തുടങ്ങിയപ്പോഴൊക്കെ അല്ലയോ മാതാവേ, നീ കാരുണ്യംകൊണ്ടു അതിനെ തടഞ്ഞു നിറുത്തിയല്ലോ.

---

1 ഉഴം - തവണ (പ്രാവശ്യം)

എന്നുടെപാപത്താലെ നിന്നുടെ തിരുപുത്രൻ
തന്നുടെ കോപാഗ്നിയെ കത്തിഞാനെരിയിച്ചു
അപ്പാപം നിമിത്തമായ് ശിക്ഷിപ്പാൻ തുടങ്ങുമ്പോ-
ലിപ്പാരിൽ തനിക്കുനീ ചെയ്തശുശ്രൂഷകളും
കാട്ടിവീണപേക്ഷിച്ചു നീക്കുവാൻ ശ്രമിക്കും നീ
കാട്ടിയെൻ കഠോരം പാപിയായതുമോർത്തീടാതെ
വീണതാണീടും വീണ്ടും പാപത്തിൽകൂടെക്കൂടെ.
താണപോകുന്നനേരം നിൻകൈയാൽപിടിച്ചെന്നെ
നിറുത്തിക്കൊണ്ടു തന്റെ കോപത്തെയമർത്തുവാൻ
വെറുത്തീടാതെകണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും

ദുഷ്ടനാ മടിയനീനന്ദിയോക്കാതെ കണ്ടു
കഷ്ടതയതിൽനിന്നു നീങ്ങാതെയിരിക്കയിൽ
കോപിച്ചുനിന്റെ പുത്രൻ കോപാഗ്നികലരുമ്പോഴും
ദോഷിച്ചുതള്ളീടുവാൻ കല്പിക്കും നേരമയ്യോ

(257_266) അല്ലയോ അമ്മേ, ഞാൻ പാപം നിമിത്തം നിന്റെ തിരുപുത്രന്റെ കോപാഗ്നി കത്തിയെരിയിച്ചു. ആ പാപങ്ങളോർത്തു് അവിടുന്നു് ശിക്ഷിപ്പാൻ ഒരുങ്ങുന്ന വേളയിൽ, നീ അവിടുത്തേയ്ക്കു് ചെയ്തീരുന്ന ശുശ്രൂഷകളും മറ്റും കാണിച്ചുകൊണ്ടു് എന്റെ പാപങ്ങൾക്കുവേണ്ടി താണു വീണു് അപേക്ഷിച്ചു ശിക്ഷയെ നീക്കാൻ പരിശ്രമിച്ചിരുന്നു.

എന്റെ പാപങ്ങൾ എന്താണെന്നു എനിക്കു കാണിച്ചു തരാനും തയ്യാറായി. എങ്കിലും ആ കാര്യമൊന്നും കരുതാതെ ഞാൻ പാപങ്ങളിൽ വീണ്ടുംവീണ്ടും വീണുതാണു. അങ്ങനെ വന്നപ്പോഴെല്ലാം തൃക്കരം നീട്ടി, വീണ്ടും വീണ്ടും എന്നെപിടിച്ചുയർത്തിക്കൊണ്ടു് ദൈവകോപത്തെ അടക്കുവാൻ വേണ്ടി യാതൊരു പരിഭവവും കൂടാതെ അമ്മേ എനിക്കുവേണ്ടി ഇടതടവില്ലാതെ നീ പ്രാർത്ഥിക്കുകയാണല്ലോ ചെയ്തതു്.

(267_280) അല്ലയോ മാതാവേ, ദുഷ്ടനായ ഈ ദാസൻ അങ്ങയുടെ നന്ദിനിറഞ്ഞ സഹായം ഓർക്കാതെ കഷ്ടമേറിയ പാപങ്ങളിൽത്തന്നെ ചരിച്ചു. അതിനാൽ നിന്റെ പുത്രൻ എന്നിൽ കോപാഗ്നികലർന്നവനായി ദോഷിച്ചു തള്ളാൻ കല്പിക്കും. അപ്പോഴും അമ്മേ, നീ കാരുണ്യത്തോടുകൂടി എന്നെ നിന്റെ പുത്രന്റെ സന്നിധിയിൽ പിടിച്ചുനിറുത്തി ദയാദാക്ഷിണ്യത്തിനായി അപേക്ഷിക്കും. അവിടുന്നു് അപ്പോഴും കരുണ കാട്ടിയില്ലെങ്കിൽ നീതിസൂര്യനായ അവിടുന്നു് അവതരിച്ച നാളുകളിൽ നീ അവിടുത്തേക്കു ചെയ്ത സ്നേഹപരിലാളനകളെക്കുറിച്ചു് ഓർമ്മിപ്പിക്കും. അവിടുത്തെ സംവഹിച്ച പരി

നിന്നുടെകരുണയിൻ മേന്മയാലടിയനെ
തന്നുടെതിരുമുമ്പിലണപ്പാൻ ശ്രമിച്ചിടും. 272

കരുണകാട്ടായ്കിലോ അരുണോദയേതവ
പെരുകീട്ടുള്ള ശ്രദ്ധയറിയിച്ചീടുമപ്പോഴം
കാട്ടിടും നിൻെറ ശ്രദ്ധതിരുവുദരത്തെയും
നീട്ടിടുംതന്നെ സ്നേഹാൽ ചുമന്നകൈയും മുട്ടും 276
പ്രാർത്ഥിക്കും മഹാദയാൽ കേംപ്പിക്കുമിതൊക്കവെ
പ്രാപ്തിഹീനനാം നിൻെറ ദാസനെതുക്കൺപാക്ക

ദയവിന്നയോഗ്യനായിവനെങ്കിലും തവ
ദയയാൽ വളർത്തപ്പെട്ടതിനെയോർത്തീടണം. 280
ഒൻപതുമാസംനിന്നെ ചുമന്നോരുദരവു-
മൻപിനാൽ കടിപ്പിച്ചുവളർത്തകൊങ്കകളു-
മാദരവോടുനിന്നെയെടുത്ത കരങ്ങളു-
മാദരിച്ചിരുത്തിയ മടിയും മുട്ടുകളും 284

സൂക്ഷിച്ചുപാർത്തു നിൻെറ മാതുവെപ്രതിയിപ്പോഴം
രക്ഷിച്ചീടണേ മമ ദാസനെന്നോർത്തിവനെ
ഇങ്ങനെ മുട്ടിച്ചുനീ പ്രാർത്ഥിക്കഹേതുവിനാൽ
അങ്ങുന്നു പൊറുത്തയ്യോ ശിക്ഷിച്ചില്ലതുകാലം. 288

ശ്രദ്ധിയാന്ന ഉദരവും അവിടുന്നു ഉണ്ണിയായിരുന്നപ്പോഴം ചുമന്ന സ്വകരങ്ങളും കാണിച്ചുകൊണ്ടും കഷ്ടപ്പാടുകഴം ഓർപ്പിച്ചുകൊണ്ടും അയോഗ്യനായ ഈ ദാസനെ കടാക്ഷിക്കേണമേ എന്നു നീ പ്രാർത്ഥന ചെയ്യും. അവിടുത്തേ ദയവിനു ഇവനർഹനല്ലെങ്കിൽ അങ്ങേ കൃപ മൂലം വളർന്നവനാണു ഇവൻ എന്നു ഓർക്കേണമേ എന്നു സ്നേഹപുത്ര നെ അറിയിക്കുകയും ചെയ്യും.

(281_288) ഒൻപതുമാസം നിന്നെ ചുമന്ന ഉദരവും സ്നേഹാമൃതം നൽകിയ സ്തനങ്ങളും ആദരവോടെ അങ്ങയെ വഹിച്ച കരങ്ങളും ബഹുമാനിച്ചിരുത്തിയ മടിയും മുട്ടുകളും സൂക്ഷിച്ച നോക്കുക. നിൻെറ മാതാവായ എന്നെയോർത്തു ഈ ദാസനെ രക്ഷിക്കുക. എന്നിങ്ങനെ നീ ശരണപ്പെട്ട പ്രാർത്ഥിച്ചതുമൂലം നിൻെറ തിരുക്കുമാരൻ എന്നിൽക്കനിഞ്ഞു എൻെറ പാപങ്ങഠം പൊറുക്കയും ശിക്ഷയെ പിൻവലിക്കയും ചെയ്തിരിക്കുന്നുവല്ലോ.

മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപക്കനത്തെ വർദ്ധിപ്പിച്ചു.
ആകാശഗമനവുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെസൃഷ്ടിച്ചതിനെന്തുകാരണമെന്നു-
മിതിനെക്കണ്ടുനിന്റെ മഹിമഗ്രഹിപ്പാനു
മിപ്പോലെയുള്ള ഭാഗ്യമീലോകെവച്ചുവെങ്കി-
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം!

എന്നിതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണതന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തുചെയ്യു!
കാണുന്ന വസ്തുവിനെ കണ്ടുകൊണ്ടതിൽത്തന്നെ
നാണംകൂടാതെ മമ ശരണംവച്ചേനയ്യോ!!

(290_302) മഹാപാപിയായ ഞാൻ അശ്രദ്ധനായി വീണ്ടും ജീവിച്ചു. നന്ദിഹീനതകൊണ്ട് എന്റെ പാപഭാരം വലുതാക്കുകയും ചെയ്തു.

അല്ലയോ ദൈവമേ! ആകാശമാർഗ്ഗത്തിൽ ചരിക്കുന്ന സൂര്യചന്ദ്രന്മാരെയും പ്രകാശഗ്രഹങ്ങളേയും നക്ഷത്രഗണങ്ങളേയും ഭൂമിയിൽ മുളച്ചു വളരുന്ന പുല്ലുകളേയും പുഷ്പജാലങ്ങളേയും ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളേയും ശ്രദ്ധയോടെ നോക്കിയിട്ട് ഇവയെല്ലാം സൃഷ്ടിച്ചതിന്റെ കാരണം എന്താണെന്നും, നിന്റെ മഹിമാതിരേകം എത്രയാണെന്നും അറിയാൻ എനിക്കു കഴിയുന്നു. ഇവയെല്ലാം ഈ ലോകത്തിൽ അങ്ങു് ഒരുക്കിയിരിക്കുന്നുവെങ്കിൽ ഇതിനപ്പുറത്തുള്ള പരലോകത്തിൽ എത്രയോ വലിയ ഭാഗ്യങ്ങളാണു് അങ്ങു് ഒരുക്കിയിരിക്കുന്നതു്. എല്ലാം എത്രയോ വിസ്മയകരമാകുന്നു! ഇവയെല്ലാം കാണുവാനും ഗ്രഹിക്കുവാനുമല്ലയോ അങ്ങെനിക്കു നയനങ്ങളും നല്കിയിരിക്കുന്നതു്. പക്ഷേ നന്ദിയില്ലാത്തവനായ ഞാൻ എന്റെ കണ്ണുകളുംകൊണ്ടു് എന്താണു് ചെയ്തതു്?

ഇക്കാണായ വസ്തുക്കളിൽ നയനമയച്ചുകൊണ്ടു് സമസ്തഭാഗ്യവും അവയാണെന്നു് ലജ്ജയില്ലാതെ ഞാൻ കരുതിയിട്ടു് അവയിൽ ശരണം വയ്ക്കുകയാണല്ലോ ചെയ്തതു്.

മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും
മിന്നൽപോൽ കടന്നീടുമെന്നുഞാനോത്തീടാതെ
കണ്ണിന്നിഷ്ടമായിട്ടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതെന്നോത്തീടാതെ മനസ്സുമതിൽ വച്ചേൻ

എന്നതുകൊണ്ടുനാഥൻ തന്ന കണ്ണിനാൽത്തന്നെ
നിന്ദിച്ചേനഹംതന്നെയയ്യയ്യോ മഹാകഷ്ടം
ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേക്ഷണേ

ഇന്നു കാണുന്നപച്ചപ്പുല്ലുതുനാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
പൊച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവു-
മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളോരഴകുമൊക്കെപ്പോകും.

ഇന്നിപ്പോൾ ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചുസേവിക്കുന്നു
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനു
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ടു്

(303_306) ഈ പ്രപഞ്ചത്തിലുള്ള ചെറുതും വലുതുമായ വസ്തുക്കളും മിന്നൽ വെളിച്ചം പോലെ കടന്നുപോകുന്നു! ഈ സത്യം ഞാൻ ഗ്രഹിച്ചില്ല. കണ്ണിനു് ഇമ്പകരമായ കാഴ്ചകളെ ഞാൻ കാര്യമായിക്കരുതി. നശ്വരമായ പ്രപഞ്ചമാണിതെന്നു് ധരിക്കാതെ അവയിൽ ഞാൻ മനസ്സുറപ്പുകയും ചെയ്തു.

ഞാൻ അങ്ങനെ ചെയ്തതുമൂലം സ്വന്തം കണ്ണുകൊണ്ടുതന്നെ എന്റെ നാഥനായ ദൈവത്തെ നിന്ദിച്ചു. അയ്യയ്യോ ഇതു് എന്റെ ദുർഭാഗ്യമായിരിക്കുന്നു. ഈ ഭൂമിയും ഇതിൽക്കാണുന്ന സമസ്തവസ്തുക്കളും നിശ്ചയമായും അനുക്ഷണം മാറി മാറിപ്പോകുന്നു.

(311_316) ഇന്നു നാം ഭൂമിയിൽക്കാണുന്ന പച്ചപ്പുല്ലു് നാളെത്തന്നെ സൂര്യന്റെ ചൂടേറ്റു് വാടിപ്പോകുന്നു. അതിമനോഹരമെന്നു് വിശേഷിപ്പിക്കാവുന്ന എത്രയെത്ര പുഷ്പങ്ങളാണു് നമുക്കു് കാണാൻ കഴിയുന്നതു്. ഹൃദ്യമായ ശോഭയും സുഗന്ധവും അവയ്ക്കുണ്ടു്. പക്ഷേ, അവയൊക്കെ അടുത്ത നിമിഷത്തിൽ കൊഴിഞ്ഞു വീഴുന്നു. വൈചിത്ര്യം നൽകുന്ന അവയുടെ സൗകുമാര്യവും ഇല്ലാതാകുന്നു.

(317_320) ഇന്നു് കുടുംബനാഥനായിക്കഴിയുന്ന കോടീശ്വരനെ സ്നേഹിക്കുവാനും സേവിക്കുവാനും ബഹുജനങ്ങളും ഓടിയെത്തുന്നു. ഇയാളും ബുദ്ധിമാനാണു്. സമർത്ഥനാണു് വലിയ ശക്തിയും ഇയാൾക്കുണ്ടു്. സമുദ്രതീരത്തെ മണലുപോലെ അളവില്ലാതെ ധനം ഇയാൾക്കുണ്ടു് എന്നെല്ലാം ആളുകളും പറയുന്നു.

വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നീടുന്നു.
പാക്കുവെറ്റിലകളാൽ ചുവക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോർക്കു
സുന്ദരന്മാരായിട്ടും പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞൊരനന്തരം

ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറും കണ്ടുസൂക്ഷിക്കും ബഹുജനം 328
'ഓഹോയീദേഹമേതെന്നാ ശങ്കതോന്നുന്നല്ലൊ
ആഹാ, ഹാ, സർവ്വേശ്വരായീയാൾക്കിതെന്തുവന്നു?!'
'വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല
വന്നതുപോലെയുള്ളതൊക്കെയുമിപ്പോഴുണ്ടു'. 332

എന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്ര ചിത്രം
ഇന്നതൊക്കെയുമോർത്താലെന്തൊരു വിസ്മയമേ! 336

(321_332) അവരുടെ വാക്കുകൾ ഉചിതമാണെന്നു് നമുക്കു് തോന്നിപ്പോകാം. പാക്കു്, വെറ്റില തുടങ്ങിയവകൊണ്ടു് ചുവന്ന ചുണ്ടുകൾ ഇയാളുടെ ശോഭയേറുന്നു. മഹാതേജസിയെന്നു് കാണുന്നവർ പറയുന്നു. സുന്ദരന്മാരും സുന്ദരികളുമായ പുത്രീപുത്രന്മാർ ഇയാൾക്കുണ്ടു്. ഇങ്ങനെ നാനാ തരത്തിലുള്ള ഭാഗ്യങ്ങളോടെ ഇയാൾ ജീവിക്കുന്നു. അപ്രകാരം കുറെ വർഷങ്ങൾ കടന്നു പോകുന്നു. അങ്ങനെയിരിക്കേ ഒരു ദിവസം അയാൾ വടിയും കയ്യിലൂന്നി അവശനായി വരുന്നതു് ജനങ്ങൾ കാണുന്നു. അപ്പോൾ അവർ പറയും ഓഹോ! ഒരാൾ വരുന്നുണ്ടല്ലോ? അദ്ദേഹമാരാണു് എന്നു് മനസ്സിലാവുന്നില്ലല്ലോ? ശരി, അയാൾ കഥാപുരുഷൻ തന്നെയോ? കഷ്ടം സർവേശ്വരാ! ആ മനുഷ്യനു ഈ ഗതി വന്നല്ലോ. അയാൾ സമ്പാദിച്ചതു് ഒന്നുമില്ല. നഷ്ടപ്പെട്ടതു് ഒന്നുമില്ല. ഭൂമിയിൽ വന്നപ്പോൾ ഉണ്ടായിരുന്നതൊക്കെ അയാൾക്കു് ഇപ്പോഴുമുണ്ടു്.

(333_336) ഇതെല്ലാം പരമാർത്ഥം തന്നെ. എന്നിരിക്കിലും ഇയാൾ സന്തോഷസമേതം ജീവിച്ചിരുന്നതു് കണ്ടവരുണ്ടോ? അന്നു് ഇയാളുടെ ബുദ്ധിശക്തി എത്രയോ കേമമായിരുന്നു. ഇതെല്ലാം ഓർത്താൽ ഈ ലോകത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ എത്ര വിചിത്രമാണു്! വിസ്മയകരമാണു്!!

ഇതുപോലുള്ള മഹാ കാഴ്ചയെ സൃക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെസ്സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കുതു ഞാൻ കരുവാക്കി 340

നല്ലതായുള്ള കേൾവി കേൾപ്പാനായ്കർണ്ണം തന്നു
അല്ലലുമതിനാലെ വരുത്തിമമചിത്തേ
നിന്നുടെ ദേവാലയേ ചെന്നുവന്ദിച്ചീടുവാൻ
തന്നല്ലോ കൈയും കാലും സർവ്വേശാ, ഗുണാംബുധേ 344

അന്ധരും മൂടരും ചെകിടർ പൊട്ടരൊക്കെ
യന്ധകാരനാമെന്നെയറിയുമയ്യോ നാഥാ,
ജ്ഞാനസ്നാനത്താലെന്നെ തനയനാക്കിവച്ച
മാനത്തെ നഷ്ടംചെയ്തു പിശാചിന്നടിമയായ് 348

വെണ്മയായ് നടപ്പാനായ്തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാ മൂഢൻ.
എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെസ്സേവിപ്പാൻ വഴികാട്ടുവാൻ പന്തംതന്നു 352

(337_340) ഇതുപോലുള്ള കാഴ്ചകളെ കണ്ടു് അത്ഥം മനസ്സിലാക്കാനും, അതുവഴിയായി ദൈവമേ, നിന്നെ സേവിച്ചാരാധിപ്പാനും വേണ്ടിയാണല്ലോ എനിക്കു കണ്ണുകൾ നൽകിയതു്. പക്ഷേ, ഞാൻ എന്താണു ചെയ്തതു്. നീ തന്ന കണ്ണുകളെ തിന്മചെയ്യുന്നതിനു് ഉപകരണമാക്കി ഞാൻ മാറ്റി.

(341_344) അല്ലയോ, ദൈവമേ, നല്ല കാര്യങ്ങൾ കേൾക്കുവാൻ വേണ്ടിയാണല്ലോ എനിക്കു നീ കാതുകൾ തന്നതു്! പക്ഷേ, ഞാൻ എന്റെ കർണ്ണങ്ങൾ വഴിയായി ഹൃദയത്തിനു് ദുഃഖമാണു് വരുത്തിയിട്ടുള്ളതു്. നന്മയുടെ സമുദ്രമായ സർവ്വേശ്വരാ, അങ്ങയെ ദേവാലയത്തിൽ ചെന്നു് കണ്ടു് ആരാധിക്കുവാനായി എനിക്കു് കാലും കരങ്ങളും അങ്ങു് പ്രദാനം ചെയ്തു.

(345_348) അല്ലയോ നാഥാ! അന്ധരും മൂടന്മാരും ചെകിടരും ബധിരരുമെല്ലാം ഹൃദയത്തിൽ ഇരുട്ടുനിറഞ്ഞവനായ എന്നെക്കണ്ടാൽ അറച്ചു പിന്മാറും. ജ്ഞാനസ്നാനം മൂലം അങ്ങു് എന്നെ പുത്രനായി സ്വീകരിച്ചുവല്ലോ. ആ ഉന്നതമായ പദവി ഞാൻ നഷ്ടമാക്കിക്കൊണ്ടു് പിശാചിന്റെ ദാസനായിരിക്കുന്നു.

(349_352) വെണ്മയുള്ള ആത്മാവോടെ നടക്കുവാൻ നിന്റെ വരപ്രസാദത്തിന്റെ പ്രതീകമായി നീ തന്ന വെള്ളവസ്ത്രവും നന്മകളും ബുദ്ധിശൂന്യനും പാപിയുമായ ഞാൻ നഷ്ടമാക്കി. എന്നെ കാണുന്ന ആളുകൾ എന്റെ സന്മാതൃകകണ്ടു് നിന്നെ സേവിക്കുന്നതിനു മാഗ്ദീപമായി പന്തം എനിക്കുതന്നു.

അയ്യയ്യോ, മഹാദുഃഖമടിയൻ വളർന്നപ്പോഴും
നെയ്യുമില്ലഗ്നിയില്ലാ പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാക്കണ്ടായി
യല്പൻ ഞാനറിയാതെ കെട്ടയ്യോമമവെട്ടം

മറ്റുള്ള ജനത്തെയും കാട്ടുവാനായിത്തന്ന
മാറേറും വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി
യിങ്ങനെയടിയന്റെ പൈതൽപ്രായത്തിൽതന്നെ
മംഗലമൊക്കെക്കെടുത്തയ്യയ്യോ മഹാദുഃഖം.

എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽ നിന്നു ചിന്തിയ കൺനീരിനാൽ
പാപിയാം മമപൈതൽപ്രായത്തിൻ കുറങ്ങളെ
താപത്താൽ പൊറുതിയെക്കേണമെ പ്രാർത്ഥിക്കുന്നേൻ

അമ്മാനവേലേ[1], നിനക്കുത്തമസ്തോത്രമായി
അമ്മാനാപൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം.

(353-356) അയ്യോ കഷ്ടം! ഞാൻ വളർന്നപ്പോഴും എന്റെ വിളക്കിൽ നെയ്യും അഗ്നിയും ഇല്ലാതായി. എന്റെ പന്തം പുകയുന്നതായി ഞാൻ കണ്ടു. ഇതുപോലെയുള്ള ഒരു ദുർഭാഗ്യം മറ്റാക്കാണണ്ടായതു്. അല്പനും അഹങ്കാരിയുമായ ഞാൻ എന്റെ വെളിച്ചം കെടുത്തിക്കളഞ്ഞിരിക്കുന്നു!

(357-360) എനിക്കും എന്റെ സഹജീവികൾക്കും പ്രകാശം പകരുവാൻവേണ്ടി നീ നല്കിയ ഉജ്വലമായ വെളിച്ചത്തെ ഞാൻ അന്ധകാരമാക്കി മാറ്റിക്കളഞ്ഞു. അങ്ങനെ അങ്ങേ ദാസനായ എനിക്കു് പൈതലായിരിക്കേ നൽകിയ അനുഗ്രഹങ്ങളെല്ലാം ഞാൻ കളഞ്ഞു കുളിച്ചു. അയ്യയ്യോ മഹാദുഃഖം എനിക്കു വന്നു ചേർന്നിരിക്കുന്നു!

(361-366) എന്റെ രക്ഷകനും നാഥനുമായ ദൈവമേ! നിന്റെ തിരുവവതാര നാളുകളിൽ പൈതലായ നിന്റെ ശോഭാവഹമായ കണ്ണുകളിൽനിന്നു് ഉറന്നൊഴുകിയ കണ്ണുനീരിനെ ഓർത്തു് പാപിയായ ഞാൻ എന്റെ പൈതൽ പ്രായത്തിൽ ചെയ്തുപോയ പാപങ്ങളെ പൊറുക്കേണമേ എന്നു് ഹൃദയതാപത്തോടുകൂടി പ്രാർത്ഥിക്കുന്നു.

അമ്മാനവേലായ നാഥാ (ദൈവം നമ്മോടുകൂടെ എന്നർത്ഥം) 'അങ്ങേയ്ക്കു് പരമോന്നതമായ സ്തോത്രം, ആമ്മേൻ' എന്നു് പറഞ്ഞു ഞാൻ സ്തുതിക്കുന്നു.

---

1. അമ്മാനവേൽ-ദൈവം നമ്മോടുകൂടെ, യേശുവിന്റെ മറ്റൊരു സംജ്ഞ. അമ്മാനാ-?

മൂന്നാം പാദം

ക്രിസ്തുചരിതം ആദ്യന്തം രേഖമാത്രമായി അതീവ ഹൃദ്യമായി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ദിവ്യജനനം മുതൽ സുവിശേഷത്തിലെ ഓരോ സംഭവത്തോടും ബന്ധപ്പെടുത്തി ക്രിസ്തുനാഥനെ 'കാണാകേണം' എന്നു് ആവർത്തിക്കുകയാണു്.

(വൃത്തം മഞ്ജരി)

കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യ[1] ശോഭയെ കാണാകേണം.

കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായു് 4
മാനുഷ നീചവേഷത്തെ ധരിച്ചൊരു
മാനുഷ ത്രാതാവേ, കാണാകേണം.

മിത്രനെ[2] മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രമെറച്ചതും കാണാകേണം. 8
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.

(1–10) കാരുണ്യമൂർത്തിയായ ദിവ്യശിശുവിന്റെ ഇളം ചുവപ്പാർന്ന ശരീരശോഭ എന്റെ ഉൾക്കണ്ണുകൾക്കു കാണാൻ കഴിയണം.

കാരുണ്യക്കടലായ അവിടുന്നു് മനുഷ്യകുലം തീർത്ത പാപങ്ങൾ പരിഹരിക്കുവാനായി മനുഷ്യരുടെ തന്നെ എത്രയും ഹീനമായ രൂപം ധരിച്ചു. അങ്ങനെയുള്ള മാനവകുലരക്ഷകനെ എന്റെ ആത്മീയനയനങ്ങൾകൂടി കാണുവാൻ ഇടയാകണം. സഹസ്രകിരണനായ സൂര്യന്റെ ശോഭയെ കെടുത്തിക്കളയുവാൻ പോരുന്ന ദീപ്തിയുള്ള അവിടുന്നു് സ്വന്തം ശരീരമാകുന്ന മറയ്ക്കുള്ളിൽ ആ പ്രകാശം ഒളിപ്പിച്ചതും എന്റെ ആത്മീയ നയനങ്ങളാൽ ഞാൻ ദർശിക്കണം. ഉന്നതനായ ദൈവകുമാരൻ കന്യകമറിയത്തിൽ വന്നു പിറന്നതു് കാണാകേണം.

---

1 ആരുണ്യം-ചെമപ്പുനിറം. 2 മിത്രൻ-സൂര്യൻ.

ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.
കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹം പുക്കതും കാണാകേണം.

അമ്മാനുവേലെന്ന നാമാത്മപോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം.
യാതൊരു വീടും കിട്ടാതെ ദുഃഖിച്ച, തൻ-
മാതാപിതാക്കളെ കാണാകേണം.

നാട്ടിൽസ്ഥലം കിട്ടാതത്തൽ[1] പെട്ട തൊഴു
ക്കുട്ടിൽ പിറന്നതും കാണാകേണം.
മത്സ്യരഹംകൃതിദോഷം ദ്വേഷിപ്പാനായ്
കർത്താവിൻ താഴ്മയും കാണാകേണം.

നോവും കറയും കൂടാതെ പ്രസവിച്ച
ദൈവമാതാവെയും കാണാകേണം.
കണ്ണിണ ചായാതെ കമ്പിട്ടതന്നുടെ
യുണ്ണിയെൻകൺകൾക്കു കാണാകേണം.

(11-22) മാതാവായ കന്യകമറിയത്തിന്റെ ഉദരത്തിൽ ഒൻപതു മാസം അൻപോടെ വാസം ചെയ്തതും ഞാൻ എന്റെ ആത്മാവിൽ ദർശിക്കണം. അവിടുന്നു ഗർഭസ്ഥനായിരിക്കേ, ആഗസ്റ്റസ് സീസറിന്റെ രാജാജ്ഞയനുസരിച്ച് ബദ്ലേഹം നഗരത്തിൽ എത്തിയതും എന്റെ ബോധത്തിൽ ദൃശ്യമാകണം. എമ്മാനുവേൽ എന്ന നാമം സാർത്ഥകമാക്കുംവിധം ദൈവം നമ്മോടു ചേരുവാൻ തയ്യാറായതും എന്റെ ഉൾക്കണ്ണുകൾക്കു കാണാൻ കഴിയണം. പാർക്കാനിടം കിട്ടാതെ ക്ലേശിച്ച അവിടുത്തെ മാതാപിതാക്കളെ എന്റെ അന്തർനേത്രങ്ങൾക്കു കാണാൻ കഴിയണം. ആ നാട്ടിലെങ്ങും സ്ഥലം ലഭിക്കാതെ കഷ്ടപ്പെട്ട അവിടുത്തേയ്ക്ക് ഒരു കാലിത്തൊഴുത്തിൽ പിറക്കാനിടവന്നതും എന്റെ മനോമുകുരത്തിൽ കാണുവാൻ ഇടയാകണം. മനുഷ്യരുടെ അഹങ്കാരം എന്ന ദോഷത്തെ പരിഹരിക്കാൻ വേണ്ടി കർത്താവു ചെയ്ത അത്യന്തം വിനീതമായ ഈ പ്രവൃത്തി എന്റെ ഉൾക്കണ്ണുകൾക്കു കാണാനിടയാക്കണം.

(23-32) വേദനയോ ഏതെങ്കിലും കളങ്കസ്പർശമോ ഇല്ലാതെ ദൈവകുമാരനു ജന്മമേകിയ കന്യകാമാതാവിനെയും എനിക്കു ദർശി

---

1 അത്തൽ - ദുഃഖം

മാലാഖാ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ [1] പുത്രനെ കാണാകേണം.

തുക്കണ്ണുകൊണ്ടു മാതാവെ നോക്കുന്ന
അക്കൺമണിയെ ഞാൻ കാണാകേണം.
പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം.

ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം.
അന്നേരം ജീവൻനില ചാഞ്ചലാടുന്ന
ആനന്ദാധിക്യവും കാണാകേണം.

സ്നേഹാധിക്യത്താൽ ചുരത്തിയപാൽ തള്ള
മോഹാൽ കൊടുത്തതും കാണാകേണം:
പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാം ക്ഷേമിയും കാണാകേണം:

ക്കാൻ കഴിയണം. കണ്ണിണ ചായാതെ കുമ്പിട്ട അവളുടെ പൊന്നോ മനപ്പൈതലിനെ എനിക്കു് അന്തർ നേത്രങ്ങൾക്കൊണ്ടു കാണാൻ കഴിയണം. മാതാവിന്റെ കരങ്ങളിൽ മാലാഖാ നൽകിയ ദൈവ പുത്രനെ ആത്മനാ എനിക്കു കാണാൻ കഴിയണം. തുക്കണ്ണിനാൽ അമ്മയെ നോക്കുന്ന കൺമണിയായ ദൈവകുമാരനെ എന്റെ മന സ്സിൽ ദർശിക്കാൻ കഴിയണം. പുഞ്ചിരികൊണ്ടു് സ്നേഹാഗ്നിയെ ഉജ്ജ്വലമാക്കിയ അവിടുത്തെ പൊൻചുണ്ടുകളെ എന്റെ ആത്മീയ നയനങ്ങൾ ദർശിക്കണം.

(33–40) സ്വമാതാവിനെ ഇച്ഛയോടെ കെട്ടിപ്പിടിച്ച അവിടു ത്തെ കൊച്ചുകരങ്ങളെ എന്റെ അന്തർനേത്രം ദർശിക്കണം. അപ്പോൾ ജീവന്റെ തളിരിലകൾ ആറ്റാദത്താൽ ചാഞ്ചാടുന്നതും മനോമുകര ത്തിൽ തെളിഞ്ഞുകാണണം. സ്നേഹാധിക്യത്താൽ അമ്മ തന്റെ ഇളം പൈതലിനായി അമ്മിഞ്ഞപ്പാൽ പകർന്നു കൊടുക്കുന്നതും എനിക്കു കാണാൻ കഴിയണം. ഓമനപ്പുത്രൻ മുലപ്പാൽ കുടിക്കുന്നതു കണ്ടു് ആ മാതാവിനുണ്ടായ സന്തോഷാധിക്യവും എനിക്കു ദർശിക്കു വാൻ ഇടയാകണം.

---

1 ആലാഹാ – ദൈവം (സുറിയാനി പദം)

എപ്പേരും കണ്ടോനന്ദാബ്ധിയിൽ താഴ്ന്ന
ചില്ലുമോൻ ''യൂസെ''യും കാണാകേണം.
ചങ്കുപോൽ സ്നേഹിക്കും കാന്തനെ മാതാവു
തങ്കൽവിളിച്ചതും കാണാകേണം.

ആരാധനയോടങ്ങത്രയും ഭക്തിയാൽ
ചാരത്തണഞ്ഞതും കാണാകേണം.
ഓമനപ്പൈതലേ ത്താവിൻകൈകളി
ലാമോദാൽചേർത്തതും കാണാകേണം.

ഭാര്യാസമേതനായുണ്ണിക്കു ചെയ്തോരു
ആര്യസ്തുതികളും കാണാകേണം.
പള്ളിയുറക്കം തുടർന്നോരുണ്ണിക്കവ-
രല്പൽതീക്കുത്തതും കാണാകേണം.

ആട്ടിടയന്മാരെ കേൾപ്പിച്ചവരുടൻ
കൂട്ടമായ് വന്നതും കാണാകേണം.
വാഴ്ത്തി സ്തുതിക്കുന്ന കൂട്ടത്തെ പാപി ഞാൻ
വാഴ്ത്തുവാൻ നിത്യവും കാണാകേണം.

(41_50) ഇതെല്ലാം കണ്ടു് സന്തോഷസാഗരത്തിൽ മുങ്ങിനി ല്ക്കുന്ന ദൈവികമനുഷ്യനായ യൗസേപ്പു് പിതാവിനേയും എന്റെ മനസ്സിൽ കാണുമാറാകണം. ഹൃദയതുല്യം സ്നേഹിക്കുന്ന തന്റെ ഭർത്താവിനെ പരിശുദ്ധ കന്യകാ മാതാവു് തന്റെ പക്കലേക്കു് വിളിക്കുന്നതും എനിക്കു കാണുവാൻ കഴിയണം. അദ്ദേഹം ഭക്തി യോടും വണക്കത്തോടുംകൂടി മറിയത്തിന്റെ സമീപം എത്തിയതും ദർശിക്കാൻ കഴിയണം കന്യകമറിയം ഓമൽക്കുമാരനായ ഈശോയെ ആഹ്ലാദപൂർവ്വം ഭർത്താവിന്റെ കരങ്ങളിലേല്പിച്ചതും എന്റെഹൃദയ മുകുരത്തിൽ ദർശിക്കാൻ കഴിയണം. ഭാര്യയോടൊത്തു് അദ്ദേഹം അത്യന്തം ശ്രേഷ്ഠമായ രീതിയിൽ ഉണ്ണിയീശോയ്ക്കു നൽകിയ വണക്ക ങ്ങളും കാണുവാൻ എനിക്കുംകാഴ്ച തരേണം.

(51_60) പള്ളിയുറക്കം നടത്തുന്ന ദൈവ രാജകുമാരൻ അവരുടെ ദുഃഖംശമിപ്പിക്കുന്നതും എന്റെ കണ്ണുകൾ ദർശിക്കണം. ഈ വാർത്ത യെല്ലാം ആട്ടിടയന്മാരോടു് പറഞ്ഞു് അവരെ കൂട്ടത്തോടെ സന്തോ ഷിപ്പിക്കുന്നതും എന്റെ മനക്കണ്ണുകൾക്കു ദൃശ്യമാകണം. ഉണ്ണിമിശി ഹായെ അവരെല്ലാം ചേർന്നു് വാഴ്ത്തുന്ന കാഴ്ചയും എനിക്കു നിത്യവും കാണാൻ കഴിയണം. ദൈവദൂതന്മാർ ഭൂമിയിലെത്തി കമ്പിട്ടവണ ങ്ങുന്നതും എനിക്കു കാണാൻ അനുഗ്രഹമുണ്ടാകണം.. എട്ടുദിവസത്തി

മലാഖമാർ വന്നു കമ്പിട്ടുവാഴ്ത്തുന്ന
ചേലൊത്തമേനി ഞാൻ കാണാകേണം.
എട്ടാംനാൾ വന്നു പട്ടക്കാരീശോ നാമ-
മിട്ട വിധത്തെയും കാണാകേണം.

ഛേദനാചാരത്താൽ ചോരചിന്തിയൊരു
വേദനയേയും ഞാൻ കാണാകേണം.
പത്തോട്ടു മൂന്നാംനാൾ മൂന്നു നൃപർ വന്നു
ഭക്ത്യാൽകമ്പിട്ടതും കാണാകേണം.

ചേർച്ചയോടുണ്ണിയെ പള്ളിയിൽ മാതാവു
കാഴ്ച കൊടുത്തതും കാണാകേണം.
കണ്ടുമരിപ്പാനിരുന്ന വയോധികൻ
കണ്ടു തുപ്പാദവും കാണാകേണം.

ഓടിയെജിപ്പിലൊളിപ്പിച്ച നാഥനെ
പേടിയൊഴിഞ്ഞു ഞാൻ കാണാകേണം.
ഏഴുസംവത്സരംപാർത്താജനങ്ങൾക്കു
വാഴ്വു ലഭിച്ചതും കാണാകേണം.

നശേഷം പുരോഹിതൻ ഈശോ എന്ന നാമം ദിവ്യ പൈതലിനു നൽകിയതും എനിക്കു കാണുവാൻ മനോഗ്രണം ഉണ്ടാകണം.

(61-70) ഛേദനാചാരകർമ്മത്തിൽ ഉണ്ണിമിശിഹാ ചോര ചിന്തിയ വേദനയും ഉംക്കണ്ണിനാൽ എനിക്കു ദർശിക്കാൻ സാധിക്കണം. പതിമൂന്നാം ദിനത്തിൽ പൂജരാജാക്കന്മാർ വന്നു ഉണ്ണിക്കു വണക്കം പ്രകടിപ്പിച്ചതും എനിക്കു കാണാൻ കഴിയണം. ഉചിതമായ വിധത്തിൽ മാതാവു ദിവ്യ പൈതലിനെ ദേവാലയത്തിൽ കാഴ്ചവച്ചതും എന്റെ ഉംക്കണ്ണിനു കാണാൻ ഇടയാകണം. ഈശോയെ കണ്ടതിനുശേഷം മരിക്കാൻ ആഗ്രഹിച്ച ശിമയോൻ പ്രവാചകൻ ആ പാദം പുണർന്നതും എനിക്കു കാണാൻ കഴിയണം. ഭയപ്പെട്ട ഈജിപ്തിലേക്കു ഓടിയൊളിച്ച ഉണ്ണിയെ ഭയരഹിതനായിക്കാണുവാൻ എനിക്കു വരം ലഭിക്കണം.

(71-80) ഈ ഈജിപ്തിൽ ഏഴു സംവത്സരം താമസിച്ചു അവിടത്തെ ജനങ്ങളെ വാഴ്വു നൽകി അനുഗ്രഹിച്ചതും എനിക്കു ദർശിപ്പാറാകണം. അന്നപാനത്തിനു മാർഗ്ഗമില്ലാതെ വിഷമിച്ച അന്നയുടെ പുത്രിയായ മറിയത്തിന്റെ മകനെ എനിക്കു കാണാൻ കഴിയണം. പന്ത്രണ്ടാം വയസ്സിൽ വേദശാസ്ത്രികളോടു ദൈവിക കാര്യങ്ങളിൽ തർക്കം നടത്തിയ നാഥനെ എനിക്കു കാണാൻ അനുഗ്രഹമു

അന്നപാനാദിക്കു മുട്ടി ദു:ഖിച്ചോരു
അന്നജാപുത്രനെ[1] കാണാകേണം.
ശാസ്ത്രികളോടൊത്തങ്ങിരാറുപ്രായത്തിൽ
ശാസ്ത്രം തർക്കിച്ചതു കാണാകേണം. 76

പുത്രനെക്കാണാതുഴന്ന പിതാക്കന്മാടെ
ചിത്തദു:ഖത്തെയും കാണാകേണം.
മൂന്നാംനാൾ പുത്രനെ കണ്ടപ്പോഴുണ്ടായ
ഉന്നതസ്നേഹവും കാണാകേണം. 80

മാതാപിതാക്കന്മാക്കു കീഴ്വഴങ്ങിപ്പാർത്ത
മാതൃകയേയും ഞാൻ കാണാകേണം.
മുപ്പതിറാണ്ടശ്രുവണം[2] പഠിപ്പിച്ച
തത്പരൻ മല്പാനെ[3] കാണാകേണം. 84

യോഹന്നാൻ കൈയാൽ ജ്ഞാനസ്നാനം കൈക്കൊണ്ട
സ്നേഹപ്രവൃത്തിയും കാണാകേണം.
ഏറ്റം വിശന്നും ദാഹിച്ചും വനമതിൽ
നേറ്റ നോയമ്പു ഞാൻ കാണാകേണം. 88

ദുഷ്ടപ്പിശാചിൻപരീക്ഷ ജയിപ്പാനായ്
കാട്ടിയ മാതൃക കാണാകേണം.

ണ്ടാകണം. പുത്രനെ കാണാതെ ദുഃഖപരവശരായ മാതാപിതാക്കളെയും എന്റെ ഹൃദയംകൊണ്ടു കാണുവാൻ കഴിയണം. മൂന്നാം ദിവസം പുത്രനെ കണ്ടപ്പോൾ അവർക്കുണ്ടായ ആഹ്ലാദവായ്പിനേയും എനിക്കു കാണുവാൻ കഴിയണം.

(81–90) മാതാപിതാക്കന്മാക്കു കീഴ്വഴങ്ങി ജീവിച്ച ഈശോയുടെ വിനയത്തേയും എനിക്കു മനോമുകുരത്തിൽ കാണാൻ കഴിയണം. മുപ്പതുവർഷത്തോളം വേദശാസ്ത്രങ്ങളും പഠിപ്പിച്ച ഈശോയുടെ വൈദിക ഗുരുവിനെയും എന്റെ നയനങ്ങൾ ദർശിക്കണം. സ്നാപക യോഹന്നാന്റെ കരങ്ങളിൽനിന്നും സ്നാനം സ്വീകരിച്ച ഈശോയുടെ സ്നേഹോഷ്മളകർമ്മവും എനിക്കു കാണുവാൻ ഇടയാകണം. വനഭൂമിയിൽ വിശപ്പും ദാഹവും സഹിച്ച നോയമ്പിൽ കഴിഞ്ഞ ഈശോയേയും എനിക്കു കാണാൻ കഴിയണം. ദുഷ്ടനായ പിശാചിന്റെ കഠിന പരീക്ഷകളും വിജയകരമായി തരണം ചെയ്ത ഈശോയുടെ മാതൃകയും ഞാൻ മനോമുകുരത്തിൽക്കാണണം.

---

1. അന്നജാപുത്രൻ - അന്നയുടെ മകളുടെ പുത്രൻ (ഉണ്ണിയേശു)
2. ശ്രവണം - വേദം 3. മല്പാൻ - വൈദികഗുരു

കല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം. 92

ആദിയിൽചെയ്ത പുതുമ[1] മാതാവിന്റെ
മോദംപോൽ ചെയ്തതും കാണാകേണം.
വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ
വേദനാഥൻതന്നെ കാണാകേണം. 96

നഷ്ടമായ്പോയോരജ്ഞരെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം.
നല്ലോരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും[2] ഞാൻ കാണാകേണം. 100

(91_100) കാനായിലെ കല്യാണപ്പന്തലിൽ വച്ച് വെള്ളം വീഞ്ഞാക്കിയ മംഗളരൂപനായ ഈശോയെ എന്റെ ഹൃദയ നയനങ്ങൾകൊണ്ട് കാണാൻ കഴിയണം. അവിടെ വച്ച് ആദ്യത്തെ അത്ഭുതകർമ്മം നിർവഹിച്ച സ്വമാതാവിനു് സന്തോഷം പകർന്ന ഈശോനാഥനെ എനിക്കു കാണാൻ സാധിക്കണം. വേദകാര്യങ്ങൾ പഠിപ്പിക്കുന്നതിനായി ശിഷ്യന്മാരെ തന്നോടൊപ്പം ചേർത്ത സമസ്തവിജ്ഞാനത്തിന്റെയും നാഥനായ ഈശോയെ എനിക്കു കാണാൻ കഴിയണം. നഷ്ടപ്പെട്ടുപോയ ആടുകളെ അന്വേഷിക്കുന്ന സ്രഷ്ടാവായ ദൈവത്തെ എനിക്കു ദർശിക്കാൻ ഇടയാകണം. ഞാൻ നല്ല ഇടയനാകുന്നുവെന്നരുളിച്ചെയ്ത നല്ലവനായ ദൈവപുത്രനെ എന്റെ മനോമുകുരത്തിൽ ദർശിക്കാൻ ഇടയാകണം.

---

1. പുതുമ - അത്ഭുതപ്രവൃത്തി.
2. നല്ലനെ – നല്ലവനെ

അനുബന്ധം

ലോകരക്ഷകനായ യേശുവിന്റെ ജനനംമുതൽ മരണംവരെയുള്ള സംഭവങ്ങളെ അനുസ്മരിച്ചുകൊണ്ട്, ക്ഷേതിപരവശനായ കവി ആത്മദൃഷ്ട്യാ അവയോരോന്നും കാണാൻ ആഗ്രഹിക്കുന്നതായി ആലാപനം ചെയ്യുന്നു. ഇതു് മൂന്നാം ഖണ്ഡത്തിന്റെ അനുബന്ധമോ അനുപൂരകമോ ആണ്.

കരുണാകരനീശോ പരമപിതൃസുതൻ
കരുണയൊടടിയാര് കാണാകേണം
കാരുണ്യവാരിധി ദയാനിധിനീയെ
കാരണൻ പാപ[1]ത്തെ നീക്കുവാനായ് 4

കാരാഗൃഹത്തിലകപ്പെട്ട ജന്മത്തിൽ
കാരണ ത്രാതാവെ, കാണാകേണം
കിരണനിധീശ്വരാ നിൻമഹിമയുണ
കിരണപ്രഭാനിധിയൊക്കെത്താഴ്ത്തി 8

കിരി[2]വൽ നടന്നുമാംപാപംപോക്കിയ
കിരീടധാരനെ കാണാകേണം.

(1–6) പരമപിതാവായ ദൈവത്തിന്റെ പുത്രനും കാരുണ്യത്തിന്റെ ഇരിപ്പിടവുമായ ഈശോയെ ആത്മീയ നയനങ്ങളാൽ ദർശിക്കുവാൻ ഈ ദാസനു അനുഗ്രഹം നൽകണം. കാരുണ്യത്തിന്റെ സമുദ്രവും ദയയുടെ സമ്പത്തും ആയവനെ ഉത്ഭവപാപം നീക്കുന്നതിനു വേണ്ടി മാനവജന്മമാകുന്ന കാരാഗൃഹത്തിൽ അകപ്പെട്ടവാൻ തയ്യാറായ പരിത്രാതാവേ, നിന്നെ എന്റെ മനോമുകുരത്തിൽ ദർശിക്കുവാൻ കഴിയണം.

(6–10) പ്രകാശകിരണങ്ങൾക്കു് അധീശ്വരനേ, നിന്റെ മഹിമയുടെ തേജോകിരണങ്ങൾ എല്ലാം മറച്ചുവച്ചു് കുന്നും മലകളും നിറഞ്ഞ ഭൂമിയിലൂടെ നടന്നു, എന്റെ പാപം (കാട്ടുപന്നിയെപ്പോലെ ചിന്താശൂന്യനായി നടന്ന എന്റെ പാപം എന്നും മറ്റൊരർത്ഥം പറയാം) നിർമ്മാർജ്ജനം ചെയ്ത കിരീടധാരിയായ ദൈവസുതാ, അങ്ങയെ എന്റെ കണ്ണുകൾക്കു കാണാൻ കഴിയണം.

---

1. കാരണൻപാപം - ഉത്ഭവപാപം
2. കിരി - ഗിരി (കിരി - കാട്ടുപന്നി. കാട്ടുപന്നിയെപ്പോലെ നടന്ന എന്റെ പാപം പോക്കിയ എന്നുമാകാം)

കീഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കീഴ്പെട്ടണഞ്ഞു പിതാവിഷ്ടംപോലെ

കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പെട്ട നിന്നെ ഞാൻ കാണാകേണം.
കൃസിതനായമേ കൃപധരിച്ചയ്യോ
കൃസനമെല്ലാനും ചിത്തമായി

കണിതനായ മാംപ്രതിമനുഷ്യന്റെ
കുമാരനായതേ കാണാകേണം.
കൂടസ്ഥൻ[1] നിശ്ചലൻ നിർവികാരൻ നീയെ
കൂടസ്ഥ![2] മേ വിധി നീക്കുവാനായി

കൃപംസമമായിത്തോന്നുന്ന മാട്ടിന്റെ
കുട്ടിൽ പിറന്നതും കാണാകേണം.

കേവലം നീയെന്നെ രക്ഷിപ്പതിനായി
കേണു പൈതൽസമമക്കാലത്തിൽ

കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം

(11–14) പിതാവിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ട് നിസ്സാര ദാസനായ എന്നെ ഉയർത്തുവാൻ അങ്ങു താഴേയ്ക്കുവന്നു. ഹീനരായ മനുഷ്യരെ മുഴുവൻ രക്ഷിക്കാൻ ഈ ഭൂമിയിൽ വന്നണഞ്ഞ അങ്ങയെ എന്റെ അന്തരാത്മാവിൽ ദർശിക്കാൻ എനിക്കു വരം തരേണമേ.

(15–18) കാരുണ്യമെന്ന ഉടയാട ധരിച്ച് അങ്ങ്, തികച്ചും ദ്രോഹബുദ്ധിയായ എന്റെ നിന്ദനങ്ങളും അനുഭവിക്കുന്നതിനും തയ്യാറായല്ലോ. ഭോഷനായ എന്നെപ്രതി മാനവകുലത്തിൽ പിറന്ന അങ്ങയെ എന്റെ ആത്മീയനേത്രങ്ങൾക്കു കാണുമാറാകണം.

(19–22) സർവവ്യാപിയും നിശ്ചലനും നിർവികാരനുമായ സർവ്വേശ്വരാ, അങ്ങ് എന്റെ ദുർവിധിയെ പരിഹരിക്കുന്നതിനായി വെറും പൊട്ടക്കുഴിയ്ക്കു തുല്യമായ പശുത്തൊഴുത്തിൽ വന്നു പിറന്നതും എന്റെ കണ്ണുകൾക്കു കാണാൻ കഴിയണം.

(23–26) അന്തസ്സാരശൂന്യനായ എന്നെ പരിത്രാണനം ചെയ്യുവാനായി ഒരു പിഞ്ചു പൈതലായി അങ്ങു കരഞ്ഞു. അല്ലയോ സിംഹമായവനേ അങ്ങയുടെ സുമോഹനമായ ആദർശവും മാതൃകയും ഈ കേരളത്തിലെ സകല ജനങ്ങളും കാണുമാറാകണം.

---

1. കൂടസ്ഥൻ – സർവ്വവ്യാപി 2. കൂടസ്ഥ - പരമാത്മാവു്

കൈതവം കൊണ്ടു നിറഞ്ഞൊരീ ഭൂതലേ
കൈകാര്യം ദുഷ്ടപ്പിശാചിനല്ലൊ

കൈകാലും ശേഷവും നൽകിയ നിവേദം
കൈക്കൊണ്ടീടുന്നതും കാണാകേണം
കോപത്തെ നീക്കുവാൻ ഗോപാലനായി നീ
കൊച്ചുകുഞ്ഞായിപ്പിറന്ന നിന്നെ

കോരിയെടുത്തു നിൻ മാതാവു സ്നേഹത്താൽ
കൊങ്കയൂട്ടുന്നതും കാണാകേണം.
കൗതുകമേ സർവ്വനാഥനെ നിൻതിരു
കൗളതിൽ[1] മുത്തുന്ന സ്നേഹമാതാ

കൗശലബുദ്ധിയാൽ തന്നെ തോഷിപ്പിക്കും
കൗതുഹലാ! നിന്നെ കാണാകേണം.
അൻപുള്ള ദൈവമേ, നിൻതിരുമുൻപതിൽ
അല്പനാമെന്നെ നീയോർത്തിടേണം

ആനന്ദമോടുനിൻ മാതൃതിരുമടി
യാദരിച്ചീടുമ്പോഴും കാണാകേണം

(27_30) വഞ്ചനകൊണ്ടു നിറഞ്ഞു നില്ക്കുന്ന ഈ പ്രപഞ്ചത്തിൽ അധീശത്വം ദുഷ്ടപ്പിശാചിനായിരിക്കുന്നുവല്ലോ. ഞങ്ങൾക്കു കാൽ കരങ്ങളും ശരീരവും നൽകിയവനായ നിന്റെ ആദർശം എല്ലാവരും സ്വീകരിക്കുന്നതു് കാണാൻ എന്റെ നയനങ്ങൾക്കിടയാകണം.

(31_34) ദൈവകോപത്തെ നീക്കിക്കളയുവാൻ ഗോപാലനായി ഒരു കൊച്ചു കുഞ്ഞായിപ്പിറന്ന നിന്നെ വാരിക്കോരിയെടുത്തു് സ്വമാതാവു് സ്നേഹപൂർവം അമ്മിഞ്ഞപ്പാൽ നൽകുന്നതും എന്റെ ആത്മീയ നയനങ്ങൾക്കു കാണുമാറാകണം.

(35_38) ഇതു് എത്രയോ കൗതുകകരം! സർവനാഥനായവനേ, കവിളുകളിൽ ഉമ്മവയ്ക്കുന്ന സ്നേഹമാതാവിനു കുതൂഹലം പ്രദാനം ചെയ്യുന്ന ആനന്ദമൂർത്തേ, അങ്ങയെ എന്റെ മനോമുകുരത്തിൽ എനിക്കു ദർശിക്കാൻ കഴിയണം.

(39_42) അൻപുള്ളവനായ ദൈവമേ, അല്പബുദ്ധിയായ എന്നെ നീ നിന്റെ സന്നിധിയിൽ ഓർമ്മിക്കേണമേ. നിന്നെ മടിയിലിരുത്തി ലാളിച്ച മാതാവിനെ നീ ആദരിക്കുന്നതും എനിക്കു കാണുവാൻ അനുഗ്രഹം നൽകേണമേ.

---

1 കൗളു്-കവിളു്

ഈ ഭുവിവന്നു നീ മാനുഷജന്മമായ്
ഇജ്ജനരക്ഷയ്ക്കു കർത്തനായി 44

ഈ മഹാ നാഥയാം കന്നികരംതന്നി-
ലീശനേ നിന്നെ ഞാൻ കാണാകേണം
ഉത്തരഭാഗെയയർത്തുവാൻ ഞങ്ങളെ
യുത്തമനായ നീ മർത്ത്യനായി 48

ഊഴിയിതിൽ ശയനിക്കുന്നയുണ്ണിയെ
യുനം കൂടാതഹം കാണാകേണം
ഋഷികൾക്കൊക്കെയുമീശൻ നീയെങ്കിലും
ഋഷഭവേസരി[1] മദ്ധ്യനായി 52

ഋക്ഷം മുതൽ[2] വെട്ടം നാണിപ്പിച്ചീടുന്ന
ഋതുധിനാഥനെ[3] കാണാകേണം.
എത്രയും ചിത്രമാം നിൻമുഖപത്മത്തെ
യേകാന്തപ്രേമത്താൽ പാർക്കുന്നഹം 56

(34_46) ഈ ലോകത്തിലെ ജനങ്ങൾക്കെല്ലാം കർത്താവായി ക്കൊണ്ടു് നീ ഈ ഭൂമിയിൽ ജനിച്ചു. അതിനെല്ലാം ഇടയാക്കിയ നാഥയായ കന്യകാമറിയത്തിന്റെ കരങ്ങളിൽ ഈശ്വരനായ അങ്ങു മരുവുന്നതു് എന്റെ മനോമുകുരത്തിൽ ദർശിക്കാൻ ഇടയാക്കേണമേ.

(47_50) അങ്ങേ വലംഭാഗത്തു ഞങ്ങൾ നില്ക്കുവാൻവേണ്ടി നമ്മ യുടെ ഉടയവനായ അങ്ങു് മർത്യരൂപം ധരിച്ചു. ഉണ്ണിയായി ഈ ഭൂമിയിൽ കിടക്കുന്ന അങ്ങയെ കാണാൻ എനിക്കു് അനുഗ്രഹം നൽ കേണമേ.

(51_54)ഋഷികൾക്കും തത്ത്വജ്ഞാനികൾക്കും ഈശ്വരൻ അങ്ങാ കുന്നു. എന്നിട്ടും ഒരു പുൽക്കൂട്ടിൽ കാളയുടെയും കഴുതയുടെയും മധ്യേ അങ്ങു് പിറന്നു. നക്ഷത്രം ആദിയായ തേജോഗോളങ്ങളെ പ്രകാശ ത്തിൽ അതിശയിക്കുന്ന സമസ്തകാലങ്ങളുടെയും അധിപനായവനേ, അങ്ങയെ എന്റെ മാനസ നേത്രങ്ങൾക്കു കാണുവാൻ കഴിയുമാറാക്കേ ണമേ.

(55_58) എത്രയും മനോഹരമായ അങ്ങയുടെ മുഖമാകുന്ന താമര പ്പൂവിനെ കാണണമെന്ന ഏകാഗ്രചിന്തയോടും സ്നേഹത്തോടുംകൂടി

---

1 ഋഷഭം -കാള 2 ഋക്ഷം-നക്ഷത്രം 3 ഋതുധിനാഥൻ-ഋതുക്കളുടെ (കാലഭേദങ്ങളുടെ) നാഥൻ

ഏകേശനാഥനെ, [1] നിന്നുടെ ദാസൻമേ-
യേകദാ നിന്നെ ഞാൻ കാണാകേണം
ഒന്നിന്നും തിട്ടതിയില്ലാത്ത [2] ഭാഗ്യൻ നീ
യോമന തൃക്കൈകൊ നീട്ടിക്കൊണ്ടു്

ഒന്മയിൽ [3] മാതാപിതാക്കൾക്കു കാട്ടുന്ന
യോമനപ്പഞ്ചിരി കാണാകേണം
അമ്മാനവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ

ആദിത്യയാടയണിഞ്ഞു മതിതന്നെ [4]
പാദത്തിൻകീഴിൽചെതിക്കും നാഥേ,
പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ-
പാദേയടിയനെ ചേർത്തീടേണം

ഞാൻ കാത്തിരിക്കുന്നു. ഏകദൈവമായവനേ, ഈ ദാസനു് ഒരി ക്കൽ അങ്ങേ തിരുമുഖം ദർശിക്കുവാനുള്ള അനുഗ്രഹം സാധിച്ചുതരണമേ.

(59–62) യാതൊരു കാര്യത്തിലും കുറവില്ലാത്ത ഭാഗ്യവാനായ അങ്ങു് അവിടുത്തെ ഓമനത്തുക്കരങ്ങളാൽ മാതാപിതാക്കളുടെ പക്കലേയ്ക്കു് നീട്ടിപ്പിടിച്ചുകൊണ്ടു് നിഷ്കളങ്കതയോടെ നൽകുന്ന പുഞ്ചിരി എന്റെ ആത്മനയനങ്ങൾ ദർശിക്കുമാറാകണം.

(63–68) എമ്മാനുവേലായ തമ്പുരാനേ, അങ്ങയെ അത്യധികമായ ആഹ്ലാദത്തോടെ പാപിയായ ഞാൻ വന്ദിയ്ക്കുന്നു. സൂര്യനാകുന്ന ഉടയാട അണിഞ്ഞവളും, ചന്ദ്രനെ പാദത്തിൻ കീഴ്ചാർത്തിയവളുമായ സ്വർഗ്ഗനാഥേ, പാപിയായ എന്റെ പാപങ്ങൾ പരിഹരിച്ചു് അങ്ങേ പാദദാസനായി എന്നെ ചേർക്കേണമേ.

---

1 ഏകേശനാഥൻ–ഏകദൈവം 2 തിട്ടതി–ആവശ്യം, ദുഃഖം
3 ഒന്മ–സത്യം, യാഥാർത്ഥ്യം
4 മതി–ചന്ദ്രൻ

നാലം പാദം

പൂർണ്ണഗർഭിണിയായ കന്യകാമാതാവിന്റെ ബത്ലഹേം യാത്രയും ആ ഗോത്രനഗരത്തിൽ അനുഭവിക്കേണ്ടിവന്ന തിരസ്ക്കാരവും തജ്ജന്യമായ നിസ്സഹായാവസ്ഥയും ആ സംഭവങ്ങളോട് ബന്ധപ്പെട്ടുത്തിയുള്ള അനുതാപ ഭരിതമായ അനുചിന്തനങ്ങളുമാണ് ഈ പാദത്തിലെ പ്രതിപാദ്യം.

വൃത്തം കേക

അൻപെറും സ്ത്രീണാംവരെ,[1] നിന്നുടെ ഗുണഗണാൽ
തമ്പുരാൻ കല്പിച്ചെന്നവാശ്രത്തം നിവൃത്തിയായ്.
മന്നിലുള്ളവക്കൊക്കെ മാതാവായീടും ഹവ്വാ
പന്നഗത്തിനാൽ ചതിപെട്ടതിൻശേഷത്തിങ്കൽ 4

ഉന്നതൻസർവ്വേശ്വരൻ പന്നഗത്തിനെനോക്കി[2]
മന്നിൽനീയിഴഞ്ഞീടും ധൂളിയെ ഭുജിച്ചിടും
എന്നരുൾചെയ്തശേഷമാദിമാതാവെപ്പാർത്തു[3]
നിന്നുടെ സുതന്മാർക്കുമിവന്നും ശത്രുത്വം 8

നിന്നിൽനിന്നുളവാകും സന്തതിയതിനാലെ
പന്നഗത്തിന്റെ തലതകർത്തു ഭേദംവിനാ
എന്നുള്ള നീതിവാക്യം നിന്നാലെസമാപ്തിയാ-
യെന്നതിനാലെന്നേയ്ക്കും സ്തുതിക്കയോഗ്യനീയേ. 12

(1-12) സ്ത്രീകളിൽ ശ്രേഷ്ഠയായ എത്രയും ദയയുള്ള കന്യകാ മറിയമേ, ദൈവം ആദിയിൽ ചെയ്ത വാഗ്ദാനം നിന്റെ ഗുണ ഗണങ്ങൾമൂലം പൂർത്തിയാക്കപ്പെട്ടു. ഈ ലോകത്തിലുള്ള എല്ലാ വർക്കും ആദ്യമാതാവായിത്തീർന്ന ഹൗവാ ഒരു സർപ്പം മൂലം വഞ്ചിതയായി. അപ്പോൾ ഉന്നതനായ സർവേശ്വരൻ ആ സർപ്പത്തോട് പറഞ്ഞു: "നീ മണ്ണിൽ ഇഴയുകയും പൊടി ഭക്ഷിക്കയും ചെയ്യും"

---

1 സ്ത്രീണാംവര - സ്ത്രീകളിൽ ശ്രേഷ്ഠ.

2 ഉൽപത്തി 3:14 3 ഉൽപത്തി 3:15

ആദത്തിൻസുതയായി നീ ജനിച്ചെന്നാകിലും
ഖേദത്തിൻമൂലമായ പാപത്തിൻ നിഴൽപോലും
നിന്നിലന്നണയാതെ നിന്നുടെ തിരുപ്പാദാൽ
പന്നഗംതന്റെ തല തകർത്ത ഗുണനാഥേ,

പാപത്തിൻഫലത്താലെ സ്ത്രീവർഗ്ഗം സകലവും
താപത്തിൻനോവാൽഗർഭം പ്രസവമെന്നസിദ്ധം
ഇങ്ങനെയുള്ള കുപ്പ റമൊന്നുമേയണകാതെ, [1]
തിങ്ങുന്നമഹിമയാൽ വിശുദ്ധ രൂഹായാലെ

ഗർഭാരിണിയായിയന്നതൊട്ടാഗർഭത്താൽ
നിർഭരസുഖമെന്യെ യസഹ്യമൊന്നുംവിനാ
അക്കാലം മഹാന്ത പനഗ്രസ്തോസ് കല്പനയാൽ
തൃക്കാലാൽ നടന്ന നീ ബേസലേംനഗരത്തിൽ.

കാന്തനാം പുണ്യശ്രേഷ്ഠൻ യൗസേപ്പിൻ മഹാസ്നേഹ-
കാന്തലാൽ [2] കല്പിക്കയാൽ ചിലപ്പോഴും മൃഗമേറി
നടന്ന മമനാഥേ, ദുർഗ്ഗമപന്ഥാവതിൽ
കടന്ന തിരികളുമണഞ്ഞു ബസ്ലഹെമിൽ.

ഇതിനുശേഷം ആദിമാതാവിനെ നോക്കി അവിടുന്നു പറഞ്ഞു: 'നിന്റെ സന്തതിയും, സർപ്പത്തിന്റെ സന്തതിയും തമ്മിൽ വൈരം ഞാൻ ഉളവാക്കും. എന്നാൽ നിന്നിൽനിന്നു ജനിക്കുന്നസന്തതി ഒരു നാൾ സർപ്പത്തിന്റെ തല തകർത്തുകളയും. ഇതിനു മാറ്റം വരികയില്ല'. ദൈവത്തിന്റെ നിതിപൂർണ്ണമായ അരുളപ്പാട്, അല്പയോ മറിയമേ നീ വഴിയായി പൂർത്തീകരിക്കപ്പെട്ട. അതിനാൽ എന്നേ സ്തുതിയും ബഹുമാനത്തിനു നീ അർഹയായിരിക്കുന്നു.

(13_24) പാദമർദ്ദനത്താൽ പന്നഗത്തിന്റെ തല തകർത്തവളായ നാഥേ, നീ ആദത്തിന്റെ മകളായി ഈ ഭൂമിയിൽ ജനിച്ചുവെങ്കിലും ദുഃഖത്തിന്റെ അടയാളമായ പാപത്തിന്റെ നിഴൽ പോലും നിന്നെ തീണ്ടിയില്ല. പാപത്തിന്റെ ഫലമായി സ്ത്രീവർഗ്ഗം മുഴുവനും വേദനയോടെ പ്രസവിക്കും എന്നുള്ള കല്പന പ്രസിദ്ധമാണ്. പക്ഷേ, ഇപ്രകാരമുള്ള കഷ്ടത അണുവും കൂടാതെ ഉന്നത മഹിമയോടെ പരിശുദ്ധാത്മാവു വഴിയായി നീ ഗർഭിണിയായി. അസ്വസ്ഥത കൂടാതെ മഹാനായ ആഗസ്റ്റസ് സീസറെന്ന ചക്രവർത്തിയുടെ കല്പന പ്രകാരം ബദ്ലേഹം നഗരത്തിലേയ്ക്കു നീ പുറപ്പെട്ട.

(25_28) നിന്റെ ഭർത്താവും പുണ്യശ്രേഷ്ഠനുമായ മാർ യൗസേപ്പ് തീക്ഷ്ണമായ സ്നേഹത്തോടെ നിന്നോടു അറിയിച്ചതനുസരിച്ച് ഒരു കഴുതപ്പുറത്തു സവാരി ചെയ്തു അതിവിദുർഘടമായ വഴികളിലൂടെ സഞ്ചരിച്ച് ബദ്ലേഹം നഗരത്തിൽ ചെന്നു ചേർന്നുവല്ലോ.

---

1 അണകുക - അടുക്കുക 2 കാന്തൽ - തീക്ഷ്ണത.

പരമപരാപരൻ സകലഗ്രണാന്വിത-
നപരൻ രാജരാജൻ സർവ്വജ്ഞൻ സമസ്തേശൻ.
പരമത്രീത്വത്തിന്റെ ദ്വിതീയൻ ദൈവസുതൻ
നരവഗ്ഗരാജ്ഞിയാൽ പരിരക്ഷിതൻനാഥൻ 32

തിരുമാതാവേ നീയിത്തിരുമാസമൊൻപതിൽ
പെരിയോരനിഷ്ടത്താൽത്തിരുയാത്രയെച്ചെയ്ത
അയ്യയ്യോ രാജേശ്വരീ, കറയില്ലാത്തനാഥേ-
നടിയൻപാപാൽ നീയുമരുഷ്ടിക്കുന്നതെല്ലാം 36

പരമഗ്രണനാഥൻ കരുണാനിധിദേവൻ
കരുതിയറിയിച്ചപെരുമ നിന്റെപൂർവ്വം
മന്നിലിങ്ങുണ്ടായൊരു മന്നവന്മാരിൽ മുഖ്യൻ
മന്നവൻശ്രേഷ്ഠോൻ തന്റെയുന്നതബുദ്ധിവശാ- 40

ലെത്രയും വിചിത്രമായിച്ചമച്ച ദേവാലയേ
ചിത്രമായ്ത്തുക്കീട്ടുള്ള തിരുശ്ശീലകംകളിൽ
ശുദ്ധശുദ്ധമാംസ്ഥലമതിന്റെ മദ്ധ്യസ്ഥലേ
ശുദ്ധമാം സുവർണ്ണത്താൽ വാർത്തുള്ളക്രോവേമദ്ധ്യേ 44

(29_56) ആ യാത്രയിൽ പരമപരാപരനും സകല ഗ്രണാന്വിതനും രാജരാജനും സർവജ്ഞനും, സമസ്തവസ്തുക്കളുടെയും ഈശ്വരനും പരമത്രീത്വത്തിലെ രണ്ടാമത്തെ വ്യക്തിയും, ദൈവപുത്രനുമായ നാഥൻ നരവഗ്ഗത്തിന്റെ രാജ്ഞിയായ നീ മൂലം പരിരക്ഷിതനായിരുന്നല്ലോ. അല്ലയോ അമ്മേ! നീ ഒൻപതുമാസം ഗർഭിണിയായിരിക്കേ ഏറെ വിഷമമേറിയ ഈ തീർത്ഥയാത്ര നടത്തി. അയ്യയ്യോ രാജേശ്വരീ, കളങ്കമില്ലാത്തവളേ എന്റെ പാപം മൂലമാണല്ലോ നീ ഈ കഷ്ടതകളെല്ലാം അനുഭവിക്കേണ്ടിവന്നതു്.

അല്ലയോ അമ്മേ! നിന്റെ ഈ മഹത്വം പരമമായ നന്മകളുടെ നാഥനും കരുണാനിധിയുമായ ദൈവം മറെറാരു വിധത്തിൽ മുൻകൂട്ടി കാണിച്ചു തന്നിട്ടുള്ളതാണല്ലോ? ലോകത്തിൽ ഉണ്ടായ രാജാക്കന്മാരിൽ ഏറ്റവും ശ്രേഷ്ഠനായ സോളമൻ തന്റെ അതുല്യമായ ബുദ്ധിസാമർത്ഥ്യം കൊണ്ടു് ഓർശലം ദേവാലയം നിർമ്മിച്ചു. ആ ദേവാലയത്തിന്റെ അതിവിശുദ്ധമായ സ്ഥലത്തിന്റെ നടുവിൽ തങ്കം കൊണ്ടു പണ്ടത രണ്ടു ക്രോവേ മാലാഖാമാരെ നിറുത്തി. അവരുടെ മധ്യത്തിലായി ദൈവം അരുളി ചെയ്ത വാക്യങ്ങളും രേഖപ്പെടുത്തിയ കല്പലകകളും രമ്യമായി സംവിധാനം ചെയ്തു വാഗ്ദത്ത പേടകം സ്ഥാപിച്ചു. (1 രാജാ. 8:6)

തൻതിരുവാക്യരേഖയുള്ള കല്പലകകം
ചന്തമായ്വച്ചീടുന്ന പെഴയെ [1] സ്ഥാപംചെയ്ത [2]
ഇന്നതുപോലെനിൻെറ ശുദ്ധമാമുദരത്തിൽ
വന്ദനയോഗ്യനായ തന്തിരുവടിതന്നെ 48

തിരുവസനമിട്ടങ്ങവിടെയെഴുന്നെള്ളി–
യിരിക്കുംപെട്ടിയല്ല കേവലം മാതുതന്നെ
അയ്യയ്യോനാഥാനിൻെറ മാതാവിൻസാദൃശ്യമാ-
മർച്ച്യശിഷ്ടപെട്ടി [3]യിൻ സന്നിധൗ 'ദാഗോൻ' ദേവൻ 52

എന്നവൻബിംബംവീണു കുമ്പിടുന്നതുസിദ്ധം
എന്നതുതേരിലോറിക്കെട്ടിയ പശുക്കുട്ടി
മന്ദമായ്നടന്നതു സൂര്യനാടതിൽപുക്കും, [4]
മന്ദിരേയടുത്തപ്പോൾ കണ്ടവർവന്ദിച്ചല്ലൊ. 56

ഇതുപോലെ തന്നെ അല്ലയോ അമ്മേ, നിൻെറ പരിശുദ്ധമായ ഉദരത്തിൽ ദൈവം തന്നെ എഴുന്നെള്ളിയിരിക്കുന്നു. ദേവാലയ വിരിയിട്ട് അതിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന പേടകമല്ല. ഇവിടെ പരിശുദ്ധമായ അമ്മ തന്നെയാണ് പകരമുള്ളതു്.

അയ്യയ്യോ നാഥനായ ദൈവമേ! അങ്ങേ തിരുമാതാവിൻെറ സാദൃശ്യമായ വാഗ്ദത്ത പേടകം ആ നാട്ടിൽ, ദാഗോൻ ദേവൻെറ സമീപം സ്ഥലവാസികൾ എത്തിച്ചപ്പോൾ ആ ദേവവിഗ്രഹം താഴെ വീണു കുമ്പിട്ട എന്നുള്ളതു് പ്രസിദ്ധമായ കാര്യമാണ്. പിന്നീട് ആ പേടകം പശുക്കുട്ടിയുടെ തേരിലോറി സാവധാനം ഫിലിസ്ത്യരുടെ ദേശത്തുനിന്നു് ഭവനത്തിൽ (അമിനാദാബിൻെറ ഭവനത്തിൽ 1 സാമു. 7:1) എത്തിച്ചപ്പോൾ അതുകണ്ട ഇസ്രായേൽ ജനം അതിനെ വണങ്ങുകയും ചെയ്തു.

---

1 പെഴ - പെട്ടി. 2 സ്ഥാപംചെയ്ത – സ്ഥാപിച്ചു.

3 അർച്ച്യശിഷ്ടപ്പെട്ടി - വാഗ്ദത്തപേടകം.

4 സൂര്യനാട് - ഫിലിസ്ത്യർ അപഹരിച്ചുകൊണ്ടുപോയി ദാഗോൻദേവൻെറ അമ്പലത്തിൽ സൂക്ഷിച്ചിരുന്ന വാഗ്ദത്തപേടകം രണ്ടു പശുക്കളെ കെട്ടിയ തേരിൽവെച്ച് ആദ്യം എത്തിച്ച ഇസ്രായേൽപ്രദേശം (ബത്ത്സമേസ്) 1 സാമുവൽ 6:1-7 : 17

ഇത്തിരുപ്പെട്ടിരാജൻ ദാവീദു മഹാഘോഷാൽ
അത്തിരുദേവാലയേയണച്ചീടുന്നമദ്ധ്യേ,
ദാൻതൊട്ടു സപ്തഗ്രഹയെന്നതിനോളമുള്ള
ദാവീദിൻപ്രജകളാമിസ്രയേലൊക്കെക്കൂട്ടി-

ദാനഹോമങ്ങളം വാദ്യഘോഷങ്ങളംപലതരം
ദാസനായ്ത്തോന്നി ദാവീദിന്നതൻ പ്രജാമുമ്പിൽ,
മറെറാരുദിനേ തിരുപ്പെട്ടിയെത്തൊട്ടമുഖ്യൻ[1]
മാറരെന്നിയേവീണു മരിച്ചെന്നതുംസിദ്ധം

പെട്ടിയോടണവാനും തൊട്ടതുചുമപ്പാനും
പട്ടക്കാരരിൽമുഖ്യ ശ്രേഷ്ഠന്മാർതന്നെവേണം.
എന്തൊരുക്ഷമയിതു സർവ്വേശാ നിൻെറമാതാ
തൻതിരുക്കാലാൽത്തന്നെ കല്ലിലുംനടക്കുന്നു!

അയ്യയ്യോയിതുപോരാ കേൾക്കണംസഖികളെ
യയ്യമായ്ത്തോന്നീടുന്നു കീർത്തിപ്പാൻ മമനാവാൽ.

(57–64) ഈ പേടകം ദാവീദുരാജാവു് വലിയ ആഘോഷത്തോടെ ആ ദേവാലയത്തിൽ സ്ഥാപിക്കുന്നതിനുമുൻപു് ദാൻ മുതൽ സപ്തഗ്രഹവരെയുള്ള പ്രദേശങ്ങളിലെ ഇസ്രായേൽ പ്രജകളെയെല്ലാം വിളിച്ചുകൂട്ടി പലതരത്തിലുള്ള ഹോമബലികളും ദാനങ്ങളും വാദ്യഘോഷങ്ങളും നടത്തി. ആ പ്രജകളടെയെല്ലാം മുമ്പിൽ ഒരു ദാസനേപ്പോലെ മഹാരാജാവു് പെരുമാറി (2 സാമു. 6:4). മറെറാരു ദിവസം വാശത്ത പേടകത്തെ സ്പർശിച്ച ഒരു മനുഷ്യൻ ശത്രുപ്രഹരം ഒന്നും കൂടാതെ തന്നെ തൽക്ഷണം മൃതിയടഞ്ഞുവെന്നുള്ളതും പ്രസിദ്ധമാണു് (2 സാമു. 6:6).

(65–68) വാശത്ത പേടകത്തോടു സമീപിക്കാനും സ്പർശിക്കാനും അതു സംവഹിക്കാനും പുരോഹിതരിൽ ശ്രേഷ്ഠന്മാർ തന്നെ വേണം. പക്ഷേ ഇവിടെ എന്തൊരു ക്ഷമ! എത്ര വലിയ ഔദാര്യം! അല്ലയോ സർവേശ്വരാ, അങ്ങേ സംവഹിച്ചുകൊണ്ടു് അങ്ങേ സ്നേഹമാതാവു തന്നെ കല്ലു നിറഞ്ഞ വഴികളിലൂടെ നടക്കുന്നു.

(69–76) അല്ലയോ സുഹൃദ്ജനങ്ങളെ, നിങ്ങളും കേൾക്കുക. മനസ്സുകൊണ്ടും വാക്കുകൊണ്ടും വർണ്ണിക്കുവാൻ എനിക്കു ശക്തി

---

1 തിരുപ്പെട്ടിയെത്തൊട്ടമുഖ്യൻ – ജറുസലേമിലേയ്ക്കുള്ള പേടകപ്രയാണത്തിനിടയ്ക്കു പേടകത്തെ സ്പർശിച്ചപ്പോളും മരിച്ചുവീണ, അനഭിഷിക്തനായ ഉസ്സാ.

ശ്രദ്ധവാളനാം [1] പിതാ യൗസേപ്പുപുണ്യശ്രേഷ്ഠൻ
സ്നിഗ്ധഭാര്യതൻ ദുഃഖം പാർക്കുന്നനേരംതന്നെറ 72

ഗോത്രകർ ബന്ധുക്കളും സ്നേഹിതർപലരുണ്ട്
നേത്രത്താൻ കണ്ടീടുമ്പോഴും ഉണ്ണുംക്ഷീണംതീരും
എന്നിതുനിരൂപിച്ചു നടന്നുതാനുംതന്നെറ
സന്നഗർ [2] പുക്കശേഷമെന്തയ്യോ ഭ്രതം [3] നാഥാ 76

മുഖ്യന്മാർപലരുണ്ട് ഭൃത്യന്മാർ ബഹുജനം
സഖ്യതയിവർക്കയ്യോ കിട്ടീല്ലനഗരത്തിൽ,
സമ്പന്നർപലർവന്നു ദൂരദേശവാസരായ്
വൻപനാമഗ്രസ്സോസിൻ കല്പനനിമിത്തമായ് 80

എങ്കിലും മമശ്രേഷ്ഠനായിടും പിതാവിന്നും
മങ്കമാർമണിയായ കാരുണ്യമാതാവിന്നും
തന്നുടെപാദംവച്ചു തങ്ങിയങ്ങിരിപ്പാനായ്
തന്നില്ലയൊരുതിണ്ണയ്ക്കാലമയ്യോ, ദുഃഖം 84

പോരാ. പുണ്യശ്രേഷ്ഠനും നിർമ്മലനുമായ യൗസേപ്പുപിതാവു് തന്റെ സ്നേഹവതിയായ ഭാര്യയുടെ ദുഃഖം മനസ്സിലാക്കിയിട്ടുണ്ടു്. ഗോത്രക്കാരും ബന്ധുക്കളും സ്നേഹിതരും പലരുണ്ടു്. അവരെ നേരിൽക്കണ്ടു കാര്യം അറിയിയ്ക്കുമ്പോഴും എല്ലാ ബുദ്ധിമുട്ടും ക്ഷീണവും അവസാനിച്ചുകൊള്ളും എന്നു മനസ്സിൽക്കരുതി അദ്ദേഹം നടന്നു. അയ്യോ നാഥാ അവർ തങ്ങളുടെ പ്രിയപ്പെട്ട പട്ടണത്തിൽ എത്തിയതിൽപ്പിന്നീടു് എന്തൊക്കെയാണു് അവർക്കു സംഭവിച്ചതു്?

(77_80) വളരെയധികം ഭൃത്യജനങ്ങളുള്ള പ്രമുഖരായ വ്യക്തികളും പലരുണ്ടു്. പക്ഷേ, സൗഹൃദഭാവം അവരാരും യൗസേപ്പിനോടും മറിയത്തോടും കാട്ടിയില്ല. അഗസ്റ്റസു് സീസർ ചക്രവർത്തിയുടെ കല്പനയാൽ ദൂരദേശവാസികളായ അനേകം സമ്പന്നന്മാർ ബെത്ലഹത്ത വന്നുവെന്നതായിരുന്നു കാരണം.

(81_84) എന്റെ ശ്രേഷ്ഠനായ യൗസേപ്പുപിതാവിനും കാരുണ്യവതിയും സ്നേഹവും മകുടവുമായ മാതാവിനും ആ ബന്ധുക്കളുടെ വീട്ടുതിണ്ണയിൽ കാലുകുത്തുന്നതിനുപോലും സാധ്യമായില്ല. അയ്യയ്യോ ഇതു് എത്രയോ ദുഃഖകരമായ കാര്യമായിരിക്കുന്നു!

---

1 ശ്രദ്ധവാളൻ - പുണ്യവാൻ.

2 സന്നഗർ - ബത്ലഹേംനഗരം. 3 എന്തയ്യോഭ്രതം - എന്താണു് സംഭവിച്ചതു്!

തന്നുടെമഹാപിതൃ മന്നവർസ്ഥലമതു-
മെന്നുടെവാസത്തിന്നുചിന്നിതു കിട്ടുംതിട്ടം,
എന്നുറച്ചവിടത്തിൽ ചെന്നതുനേരത്തിങ്ക-
ലന്നവിടത്തിലകംപുകുവാൻ വശമില്ല. 88

മുഖ്യതവേണ്ടാകൊച്ചു കച്ചിലായൊരുസ്ഥലം [1]
സഖ്യതയായിക്കിട്ടായെന്നതും വന്നീടുമോ
എന്നുറച്ചവിടെനിന്നകന്നനേരം കണ്ടു
തന്നുടെസ്നേഹിതനാം മുഖ്യനായൊരുദേഹം 92

ഇവന്നുപല വീടുമാടമാളികയുണ്ടു്,
അതിന്നുകൂലിവേണ്ട കിട്ടുമിന്നതിലൊന്നു്
അങ്ങനെനിരൂപിച്ചങ്ങടുത്തനേരമവൻ
പണ്ടൊരുനാളും കണ്ടിട്ടില്ലെന്നപോലെ മുഖം 96

കണ്ടതുനേരംമുഖ്യൻ മിണ്ടാതെമണ്ടിമാറി
കണ്ടകം [2] ചങ്കിൽ കുത്തുന്നെന്നതുപോലെ ദുഃഖം
നേരവുമകാലമായു് സൂര്യനുമറഞ്ഞയ്യോ!
നാരിയാംമമശ്രേഷ്ഠയവിടെ നിന്നീടുന്നു 100

(85_88) തങ്ങളുടെ മഹാപിതാവായ ദാവീദുരാജാവിന്റെ സ്ഥലമാണു് ഈ പട്ടണം. ഇവിടെ തീച്ചൂയായും പാക്കാൻ സ്ഥലം കിട്ടും എന്നു പ്രതീക്ഷിച്ചു ചെന്നസമയത്തു് അകത്തു പ്രവേശിക്കാൻ പോലും സ്ഥലമില്ലാതിരിക്കുന്നുവെന്നു് അവർ അറിഞ്ഞു.

(89_100) അത്ര വിശേഷപ്പെട്ട സ്ഥലമൊന്നും വേണ്ടായിരുന്നു. വെറും ഒരു കൂനാപ്പുര കിട്ടിയാൽ അതു മാത്രം മതി. അതെങ്കിലും ഈ നഗരത്തിൽ കിട്ടാതെ വരുമോ! എന്നെല്ലാം വിചാരിച്ചുകൊണ്ടു് യൗസേപ്പു് നില്ക്കുമ്പോഴും അദ്ദേഹത്തിന്റെ സ്നേഹിതനും പ്രമുഖനുമായ ഒരു വ്യക്തി നില്ക്കുന്നതു കണ്ടു. ആ മനുഷ്യനു് പല വീടുകളും മാളികകളുമുണ്ടു്. വാടകയൊന്നും കൂടാതെ ഒരു വസതി അയാൾ എനിക്കും തരും എന്നു മനസ്സിൽ കരുതി യൗസേപ്പു് അയാളുടെ സമീപമെത്തി. അപ്പോഴും മുൻപൊരിക്കലും പരിചയമില്ലാത്ത മട്ടിൽ മുഖഭാവം മാറ്റിക്കൊണ്ടു് അയാൾ സൂത്രത്തിൽ മാറിക്കളഞ്ഞു. തന്റെ ഹൃദയത്തിൽ മുള്ളുകൊണ്ടുള്ള കുത്തേറ്റതുപോലെ യൗസേപ്പിനു് അനുഭവപ്പെട്ടു. സമയം അതിക്രമിച്ചിരിക്കുന്നു. സൂര്യൻ അസ്തമിച്ചുകഴിഞ്ഞു. സ്ത്രീകൾക്കു മകുടമായ മറിയം എന്റെ സമീപം നില്ക്കുന്നു.

---

1 കച്ചിൽ - കൂനാപ്പുര 2 കണ്ടകം - മുള്ളു്

കൂട്ടരുമില്ല വഴികാട്ടുവാനാരുമില്ല.
കൂട്ടിനായ്ച്ചമച്ചുമാം സർവ്വേശാ, നിൻെറ ദയാൽ,
നിന്നുടെ മാതാവിനി,ന്നെന്നുടെ വശഹീനാൽ
മന്നിലെന്തെല്ലാം ദു:ഖംവരുമോ മേ, ദൈവമേ. 104

ഇപ്പോഴുതെവിടെഞാനിരുത്തുന്നയ്യോ, നാഥാ
തല്പരമാതാവിവൾ വരവർണ്ണിനീ ശ്രേഷ്ഠാ,
ഇത്തെരുവതിൽ രാത്രൗയിരിക്കുന്നെന്നാകിലി-
തില്പരമതിലെന്തു ദു:ഖമേ, സർവ്വേശ്വരാ! 108

ഇക്കൃപാകരിയാകുംനിന്നുടെ മാതാവിനെ
ഇക്കൃമിയായയെന്നെയേല്പിച്ചോ, മമനാഥാ
നിന്നുടെപുത്രനിപ്പോൾ തന്നുടെയുദരത്തിൽ
മിന്നുന്നചന്ദ്രൻ മേഘാലെന്നപോൽ മന്ദിക്കുന്നോ! 112

ഇന്നുഞാനിതൊക്കെവേ നിനച്ചുനിന്നീടുകി-
ലിന്നുതന്നെയാകുമോ തൻതിരുസൂതീദിനം? [1]

(101_104) ബന്ധുജനങ്ങൾ ആരുമില്ല. വഴി കാണിച്ചുതരുവാൻ ഒററയാളുമില്ല. സർവ്വേശ്വരാ അങ്ങയുടെ ദയമൂലം ഇവൾക്കു കൂട്ടിനായി നിസ്സഹായനായ എന്നെ നിശ്ചയിച്ചിരിക്കുന്നു. ഹാ ദൈവമേ, എൻെറ കഴിവുകേടുമൂലം അങ്ങേ മാതാവിനു എന്തെങ്കിലും ബുദ്ധിമുട്ടുവരുമോ ആവോ?

(105_108) അല്ലയോ നാഥാ, സ്ത്രീരത്നങ്ങളിൽ ശ്രേഷ്ഠയായ അങ്ങയുടെ മാതാവിനെ ഈ മുഹൂർത്തത്തിൽ ഞാൻ എവിടെയാണ് ഇരുത്തുന്നതു്? ദൈവമേ! രാത്രി സമയത്തു് ഈ തെരുവിൽ ഇവളെ ഇരുത്തുന്നതിനേക്കാൾ അധികമായി എന്തുവലിയ ദുഃഖമാണ് ലോകത്തിലുള്ളതു്.

(109_112) അല്ലയോ നാഥാ! കൃപാവർഷിണിയായ അങ്ങയുടെ മാതാവിനെ, ഈ കൃമിസദൃശ്യനായ എന്നെയാണോ ഏല്പിച്ചിട്ടുള്ളതു്? നിൻെറ സ്നേഹപുത്രൻ ഇവളുടെ ഉദരത്തിൽ പ്രകാശവാനായ ചന്ദ്രൻ മേഘത്തിനുള്ളിലെന്നതുപോലെ പ്രഭമറച്ചിരിക്കുന്നുവെന്നോ?

---

1 സൂതിദിനം - പ്രസവദിവസം.

എന്തേറെക്ലേശിക്കുന്നു പോകണമിവിടെനി-
ന്നെന്തൊരുപായമുള്ള? സർവ്വേശാ, കാട്ടീടണം. 116

എന്നുടെനഗരവും ഗോത്രവും ബന്ധുക്കളെ-
മെന്നുള്ളൊരഹംമതിയൊക്കെയും ഫലംനാസ്തി
എങ്കിലും സർവേശ്വരാ, നിന്നുടെമാതുവിവം
ചങ്കിലും വെണ്മയേറും നിർമ്മലമണിയല്ലൊ. 120

എന്നയീശ്രേഷ്ഠതന്റെ മംഗലപാദങ്ങളെ-
യിന്നവംമടക്കിയങ്ങിരിപ്പാൻ സ്ഥലമില്ലേ!
പന്ഥാവിൽനിന്നവരും തന്നുടെബന്ധുക്കളെ
സന്ധിച്ചുപാലിക്കണമെന്നുംനീ കല്പിച്ചല്ലൊ? 124

എന്നുള്ളഗ്രണം പോലുമിന്നവംക്കാരും ചെയ്യാ-
യെന്നതുമമപാപമുന്നതമതുതന്നെ.
ഓഹോ, ഞാനിവിടത്തിലെന്തു പാർത്തുനില്ക്കുന്നു.
അഹഹാ, കഷ്ടം, നാഥാ, മാതാവെന്തുഹിക്കുന്നോ! 128

(113_116) ഈ കാര്യങ്ങളൊക്കെ ചിന്തിച്ചുകൊണ്ട് ഇന്നു് ഞാൻ ഇവിടെ നില്ക്കുന്നു. ഒരുപക്ഷേ അങ്ങയുടെ തിരുവവതാരദിനം ഇന്നുതന്നെയായിരിക്കുമോ? എത്രയധികം ക്ലേശകരമായ കാര്യമാണിതു്? ഇവിടെനിന്നു് മറെറവിടെയെങ്കിലും പോകുവാൻ എതാണു മാർഗ്ഗം? സർവ്വേശ്വരാ അങ്ങു് എനിക്കു വഴി കാണിച്ചുതരണമേ.

(117_120) എന്റെ നഗരമാണിതു്. എന്റെ ഗോത്രമാണിതു്. എന്റെ ബന്ധുക്കളും ഇവിടെയുണ്ടു് എന്നെല്ലാം വിചാരിച്ചു് അഹങ്കരിക്കുന്നതു് അർത്ഥശൂന്യമാണെന്നു ഞാൻ അറിയുന്നു. എന്തുതന്നെയായിരുന്നാലും സർവ്വേശ്വരാ, അങ്ങയുടെ മാതാവു് ശംഖിനേക്കാളും വെണ്മയുള്ള നിർമ്മലയാണല്ലോ.

(121_124) അങ്ങനെയുള്ള ഈ നാഥയുടെ പുണ്യപാദങ്ങളുംക്കു് നിലകൊള്ളുവാൻ ഒട്ടും സ്ഥലം ഇവിടെയില്ലെന്നോ? വഴി യാത്രക്കാരായി വരുന്ന ബന്ധുജനങ്ങളെ സ്വീകരിച്ചു പാലിക്കണമെന്നു് അങ്ങുതന്നെയല്ലേ കല്പിച്ചിട്ടുള്ളതു്.

(125_128) ആ കാര്യമോർത്തെങ്കിലും ആരെങ്കിലും സഹായം ഇവുംക്കു ചെയ്യാത്തതെന്തുകൊണ്ടാണു്? തീർച്ചയായും ഇതെല്ലാം എന്റെ പാപം മൂലം വന്നുചേർന്ന കാര്യമാണു്. ഓഹോ! ഞാൻ എന്തിനീസ്ഥലത്തു് ഓരോന്നു ചിന്തിച്ചുകൊണ്ടു നില്ക്കുണം. ഹാ! നാഥാ ഇപ്പോഴും എന്തായിരിക്കുമോ അവിടുത്തെ മാതാവു് ഊഹിക്കുന്നതു്?

ഇത്തെരുവതിൽ പല ചാവടി [1] സ്ഥലങ്ങളും
നൽപ്പെരുവഴിപോക്കർ പാർപ്പാനുമിടമുണ്ട്
അസ്ഥലമെന്നാകിലുമൊന്നു ഞാൻ സൂക്ഷിക്കട്ടെ.
ഇത്തലസ്ഥള്ളോരത്തൊഴിപ്പാൻ വശമുണ്ടോ! 132

അങ്ങനെനിനച്ചവിടത്തിലും ചെന്നശേഷം
തിങ്ങുന്നജനത്തിനാൽ തിണ്ണയും നിറഞ്ഞുപോ-
യിങ്ങനെയുള്ളമഹാ ദുഃഖത്താൽ പുണ്യപിതാ
മംഗലഭാര്യാപക്കൽ പിന്തിരിഞ്ഞയ്യോ, ദുഃഖം 136

എന്നുടെ പാപമിതോയിപ്പുലരി നിർഭാഗ്യമോ
നിന്നുടെതിരുവുള്ളമെന്തിതോ സർവ്വേശ്വരാ!
കാണികം ദൂഷിക്കുന്നേ ദൂഷികം മേഭാഗ്യമീ-
കന്യകദുഃഖിക്കുന്നേ കാരണമെന്തിതയ്യോ. 140

(129_132) ഈ തെരുവിൽ പല സത്രങ്ങളും കാണുന്നുണ്ട്. വഴിപോക്കരായ മാന്യന്മാർക്കു താമസിക്കാൻ സൗകര്യമുണ്ട്. ഇപ്പോൾ വന്നുചേർന്നിട്ടുള്ള ദുഃഖം ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു ഞാൻ അന്വേഷിച്ചു നോക്കട്ടെ.

(133_136) ഇങ്ങനെ ചിന്തിച്ചുകൊണ്ടു ആ സത്രത്തിലും യൗസേപ്പുപിതാവെത്തി. അപ്പോൾ തിണ്ണയിൽ കാൽകുത്തുവാൻ പോലും വയ്യാത്ത അവസ്ഥയിൽ ആളുകൾ നിറഞ്ഞു നില്ക്കുകയായിരുന്നു. അങ്ങനെയുള്ള മഹാദുഃഖത്തോടെ ആ പുണ്യപിതാവു് മംഗലദായികയായ ഭാര്യയുടെ സമീപത്തേയ്ക്കു പിന്തിരിഞ്ഞുവന്നു.

(137-140) ഇതിന്റെയെല്ലാം കാരണം എന്റെ പാപങ്ങളാണോ? അതോ ഈ പട്ടണത്തിന്റെ നിർഭാഗ്യമാണോ? അതോ സർവ്വത്തിനും അധീശനായ ദൈവമേ, അങ്ങയുടെ തിരുവിഷ്ടം ഇതായിരിക്കുന്നതുകൊണ്ടാണോ? കാണികം ദൂഷിത വാക്കുകൾ കൊണ്ടു ഭത്സിക്കുന്നു. എന്റെ ഭാഗ്യമാകുന്ന ഈ കന്യാമണി ദുഃഖിക്കുവാൻ എന്താണിപ്പോൾ കാരണമായി ഭവിച്ചിട്ടുള്ളതു്.

---

1 ചാവടി-സത്രം.

ഇരപ്പോർക്കുള്ളദാനം പരപ്പിൽ സമുദ്രംപോ-
ലിരട്ടിച്ചുള്ള പാപംകെടുത്തും മനസഖേ-
യിങ്ങനെകണ്ടു ചൊല്ലി മറെറാരുത്തനോടപ്പോ-
ളുണ്ടുന്നമുൻവന്നെങ്കിൽ മേ ഭാഗ്യം വർദ്ധിച്ചേനെ- 144

യെന്നവൻ ഹാസ്യവാക്കു ചൊന്നതുകേട്ട പുണ്യൻ
അന്നവൻ കൃതജ്ഞതചെയ്തെന്നു സ്മരിച്ചിടും.
അങ്ങനെദുഃഖാംബുധൗ മുങ്ങിനില്ക്കുന്നമദ്ധ്യേ
മന്നവൻനീതിക്കാരും കണ്ടവർ കരംകെട്ട,[1] 148

രാജകല്പനയതും ഭേദമെന്നിയെതീർത്തു
നേരവുംരാത്രിപാതിയടുപ്പാൻ സമയമായ്
ചെന്നുതൻപുണ്യകന്യ തന്നുടെയരികത്തിൽ
ചൊന്നുതാൻ മഹാദുഃഖാൽ കന്നിമാതാവെ നോക്കി 152

നല്ലൊരുജലംമേഘം തന്നിൽനിന്നിങ്ങുവീണു
വല്ലപങ്കമാംമണ്ണിൽ കലർന്നങ്ങൊന്നിക്കുമ്പോഴും
നിർമ്മലംവെളുത്തുള്ള വെള്ളത്തിൻ നിറംമാറി
അമ്മലച്ചെളിയായിക്കലർന്നീടുന്നു ദൃഢം. 156

(141_146) മറെറാരാളെക്കണ്ടു് യൗസേപ്പു് ഇങ്ങനെ പറഞ്ഞു: യാചിക്കുന്നവക്കു് ദാനം കൊടുത്താൽ വിസ്തൃതമായ സമുദ്രംപോലെ ഇരട്ടിയായുള്ള പാപം മുഴുവനും ഇല്ലാതാകും ഭാഗ്യം വരുത്തുകയും ചെയ്യും. അപ്പോൾ അതുകേട്ടു് യൗസേപ്പിനെ പരിഹസിച്ചുകൊണ്ടു് അയാൾ പറഞ്ഞു: ''സുഹൃത്തേ, താങ്കൾ നേരത്തേ വരാൻ പാടില്ലായിരുന്നോ എങ്കിൽ എൻെറ ഭാഗ്യം ഇരട്ടിച്ചു് വിശാലമാകുമായിരുന്നല്ലോ'' എന്നു്. ഇതു കേട്ടു് പുണ്യവാനായ യൗസേപ്പു് അയാൾ കൃതജ്ഞത പറഞ്ഞുവെന്നതുപോലെ കരുതി അയാളെ സ്മരിച്ചുകൊണ്ടു മടങ്ങി.

(146_160) ഇങ്ങനെ ദുഃഖസാഗരത്തിൽ മുഴുകി നിന്നതിൻെറ മദ്ധ്യേ രാജാവിൻെറ നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ കണ്ടു് രാജഭോഗം കൊടുത്തു. അങ്ങനെ രാജകല്പനയും വേണ്ടവിധം നിറവേറി. സമയം പാതിരാത്രിയായി. പുണ്യകന്യകയായ മറിയത്തിൻെറ സമീപം യൗസേപ്പു ചെന്നു. അവളെ അത്യധികമായ ദുഃഖത്തോടെ വീക്ഷിച്ചു് ഇങ്ങനെ ചിന്തിച്ചു; വെണ്മയേറിയതും അതിനിർമ്മലവുമായ ജലം മേഘത്തിൽനിന്നും താഴെവീണു് തീർത്തും

---

1 കരംകെട്ട–രാജഭോഗം കൊടുത്തു.

എന്നപോലടിയന്റെ കല്മഷഹേതുവാലെ
നന്ദനൻസർവ്വേശന്റെ മാതൃവേതവഖേദം
അമരാപുരിനാഥൻ കരുണനിമിത്തമായ്
നഗരമിതിൽവന്ന സ്വജനംത്യജിച്ചല്ലൊ. 160

മേൽഗണഭൃത്യന്മാരാൽ വന്ദിക്കപ്പെട്ടം നാഥൻ
മേഹ്നവശഹീനാൽ ദുഃഖിപ്പാൻയുക്തനുമായ്,
പോകണംനഗരിയിൽ നമുക്കു സ്ഥലമില്ല,
പോരുമ്പോഴംകണ്ട ഗ്രഹയതിൽ നാം തങ്ങിടണ- 164

മെന്നതു പുണ്യശ്രേഷ്ഠൻ ചൊന്നതുനേരം കന്യാ
നന്നിതെന്നുരചെയ്യ പുറപ്പെട്ടയ്യോ ദുഃഖം.
പൂർണ്ണഗർഭിണിയായ നാഥന്റെ മാതാവിന്നു
പൂർണ്ണമായിരിപ്പാനുമില്ലല്ലോയൊരുകേതം[1] 168

രാജനാംദാവീദിന്റെ നഗരമിതല്ലയോ?
രാജഗോത്രക്കാരിവർ ദാവീദിൻപുത്രരല്ലേ!
രാജനായ് വാണീടുവാനുള്ളൊരു നാഥനല്ലേ!
രാജ്ഞിയാം ത്രിലോകത്തിൻ നാഥയുമിവളല്ലേ! 172

പങ്കിലമായ മണ്ണിൽക്കലരുമ്പോഴം അതിന്റെ വെണ്മയില്ലാതാവുകയും ചെളിവെള്ളമായി മാറുകയും ചെയ്യുമല്ലോ. അതുപോലെ എന്റെ പാപങ്ങളം വഴിയായി, സർവ്വേശ്വരമാതാവായ നിനക്ക് ദുഃഖങ്ങളം വന്നുചേർന്നുവല്ലോ. സ്വർഗ്ഗസീമയിൽ വിരാജിച്ച ദൈവം തന്റെ കാരുണ്യംമൂലം ഈ നഗരത്തിലെത്തി. പക്ഷേ, സ്വന്തം ജനം അവിടത്തെ തിരസ്കരിച്ചു.

(161-168) ദൈവദൂതന്മാരാകുന്ന ഭൃത്യന്മാരാൽ സ്വർഗ്ഗത്തിൽ ആരാധിക്കപ്പെടുന്നവനായ നാഥനു് എന്റെ വശക്കേടുമൂലം ദുഃഖമനുഭവിക്കാൻ ഇടവന്നു. നമുക്കു് ഇവിടെ താമസത്തിനു സ്ഥലമില്ല. ഈ നഗരി വിട്ടുപോകണം. നമ്മം ഇങ്ങോട്ടു പോരുമ്പോഴം വഴിയിൽക്കണ്ട ഗ്രഹയിൽപ്പോയി പാക്കുകയേ നിവൃത്തിയുള്ള. അതുതന്നെയാണു് നല്ലതു് എന്നു പരിശുദ്ധമറിയം പറഞ്ഞു: അവർ പുറപ്പെട്ടു. ഇതെത്രയൊ ദുഃഖകരമായ കാര്യമാണു്. പൂർണ്ണഗർഭിണിയായ ആ മാതാവിനു് സന്തോഷത്തോടെ വസിക്കുവാൻ മറെറാരു സ്ഥലമില്ലാതായല്ലോ.

(169-172) ഇതു് രാജാവായ ദാവീദിന്റെ നഗരമല്ലയോ? രാജഗോത്രത്തിൽപ്പിറന്ന ഈ ദമ്പതിമാർ ദാവീദിന്റെ മക്കളാണല്ലോ. രാജാവായ് വാഴുവാനുള്ള നാഥനല്ലേ, ഈ മനുഷ്യൻ? മൂന്നു ലോകങ്ങളുടെയും നാഥയായ രാജ്ഞിയല്ലേ ഇവളം?

---

1 കേതം-നികേതം, ഇരിപ്പിടം.

അയ്യയ്യോ നഗരമേ, യാരെനീയുപേക്ഷിച്ചു?
അയ്യത്തിന്നല്ലാതിനി നിനക്കയോഗ്യമുണ്ടോ?
തന്നെ നീയുപേക്ഷിച്ച തള്ളിനിൻപുറമതിൽ
തന്നാലേയുപേക്ഷിക്കപ്പെട്ട നീയതുംതിട്ടം

മന്നമേയെത്ര, തന്നെപ്പാത്തുപേക്ഷിച്ചുവന്ന,
മന്നവർ പ്രസിദ്ധരും ദീർഘദർശകന്മാരും
ഇന്നനീയതൊക്കെയേ മറന്നു ദുർഭാഗ്യയായ്
ഇനിനീയുപേക്ഷിക്കും സാധ്യമില്ലയ്യോ, ദുഃഖം.

മുഖ്യനാം പിതാവായ അബ്രാഹം തൻറെകേതം
മുഖ്യരെക്കൈക്കൊണ്ടതാൻ, എത്രയോ സ്തുതിയോഗ്യം
എന്നവരുടെനാഥൻ താൻതന്നെയെഴുന്നെള്ളി-
യിന്നവർതന്നെത്തള്ളിയെന്നതെത്രയോ ദുഃഖം

ഇങ്ങനെ മമതാതൻ നരമുഖ്യനാംശ്രേഷ്ഠൻ
യിങ്ങിന ദുഃഖത്തോടെ പുറപ്പെട്ടയ്യോ, ഖേദാൽ
അയ്യയ്യോയവരെഞാനെന്തിനു വിധിക്കുന്നു!
ഐന്ദ്രിയസ്നേഹവശാലടിയനുമതേ ചെയ്തു.

(173-180) അയ്യയ്യോ പട്ടണമേ! നീ ആരെയാണു് ഉപേക്ഷിച്ചതു്? ലജ്ജയുല്ലാതെ നിനക്കെന്താണു് സ്ഥാനമുള്ളതു്? നീ ദൈവത്തെ ഉപേക്ഷിച്ചു പുറമതിലിൽത്തള്ളി. തീർച്ചയായും ദൈവത്താൽ നീയും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. രാജാക്കന്മാരും പ്രശസ്തവ്യക്തികളും ദീഘ്ദർശികളും ആയ എത്രയോ ആളുകൾ ഈ ലോകത്തിൽ അവിടുത്തെ അന്വേഷിച്ചുവന്നു. അക്കാര്യമെല്ലാം നീ മറന്നു് അവിടുത്തെ ഉപേക്ഷിച്ചു. ഇനി നീ അവിടുത്തേ അന്വേഷിക്കും. പക്ഷേ, നിൻറെ ആഗ്രഹം സഫലമാവുകയില്ല. അയ്യോ എത്ര ദുഃഖകരമായ അവസ്ഥയാണിതു്.

(181-184) പിതാക്കന്മാരിൽ മുഖ്യയായ അബ്രാഹം തൻറെ ഗൃഹത്തിൽ മുഖ്യരായ വിരുന്നുകാരെ സ്വീകരിച്ചു. അദ്ദേഹം ഏറെ സ്തുതിക്കയോഗ്യനായി. (ഉൽപത്തി 18:1-8) എന്നാൽ അവരുടെയെല്ലാം നാഥൻ ഇവിടെ എഴുന്നെള്ളിവന്നു. പക്ഷേ അവിടുത്തെ അവർ ബഹിഷ്കരിക്കുകയാണല്ലോ ചെയ്തതു്.

(185-188) ഇങ്ങനെ പറഞ്ഞു് എൻറെ താതൻ മനുഷ്യവർഗത്തിലെ മുഖ്യനായ യൗസേപ്പു് ഹൃദയത്തിൽ തിങ്ങിനിറഞ്ഞ ദുഃഖത്തോടെ പുറപ്പെട്ടു. അയ്യയ്യോ! ഞാൻ എന്തിനു് ആ മനുഷ്യരെ കുറ്റപ്പെടുത്തുന്നു. ഇന്ദ്രിയചാപല്യങ്ങൾക്കു് അടിമയായിത്തീർന്ന ഞാനും അതുതന്നെയല്ലേ ചെയ്തിട്ടുള്ളതു്. എത്ര ദുഃഖകരമായ കാര്യമാണിതു്.

എന്നുടെ നാഥൻ കുഞ്ഞിപ്പൈതലാമമ്മാനുവേൽ
തന്നുടെവാസത്തിന്നായെൻമനമിച്ഛിച്ചില്ലൊ.
ദുഷ്ടനാമടിയന്റെയിഷ്ടമീലോകേവച്ചു
ശിഷ്ടനാംതന്നെ ഞാനുമകറ്റിയയ്യോ ദുഃഖം

എന്നുടെയാത്മാവിനെ തന്നുടെരുധിരത്താൽ
മുന്നമേസ്നാനംകൊണ്ടു ചെയ്തതിൽഞാനുംമഹാ-
സന്തോഷാലെഴുന്നള്ളി വസിപ്പാനിച്ഛിച്ചല്ലൊ
ബന്ധുവായ്ച്ചമച്ചഞാൻ അന്തകപ്പിശാചിനെ

എത്രയോകഷ്ടമയ്യോ മേപാപമോർക്കുംവിധൗ
ശത്രുവായ്ചമച്ചഞാൻ മേപിതൃസർവ്വേശനെ.
എന്നതുനിനയ്ക്കുമ്പോളിന്നവർ ചെയ്തകറ-
മെന്നതിൽമഹാകഷ്ടമെന്നുടെ നന്ദിഹീനം

മേപ്രിയതാതൻനീയേ, യോർത്തുനിൻദാസനെന്നെ
ചേർത്തുനിൻസുതൻപക്കലണച്ചീടണമെന്നെ.
നിന്നുടെസ്നേഹപത്നീതന്നുടെയപേക്ഷയാ-
ലെന്നുടെ പൈതൽക്കൃതിയൊക്കെയും [1] പോക്കീടണം

(189_192) എന്റെ നാഥനും പിഞ്ചുപൈതലുമായ എമ്മാനുവേലിന്റെ വാസത്തിനുവേണ്ടി എന്റെ മനസ്സു് ആഗ്രഹിച്ചില്ലല്ലോ ദുഷ്ടനായ ഞാൽ എന്റെ ഇഷ്ടമെല്ലാം ഈ ലോകത്തുവച്ചു് ജീവിച്ചു. നല്ലവനായ അവിടുത്തെ ഞാൻ അകറ്റിക്കളയുകയാണു് ചെയ്തതു് അയ്യയ്യോ എനിക്കു് ദുഃഖംമാത്രമാണീ ലോകത്തുള്ളതു്.

(193_200) എന്റെ ആത്മാവിനെ അവിടുത്തെ രക്തംകൊണ്ടു് സ്നാനം ചെയ്യിച്ചു് അവിടുന്നു് എന്റെ ഹൃദയത്തിൽ എഴുന്നെള്ളി വന്നു വസിക്കാൻ മുമ്പു് ആഗ്രഹിച്ചിരുന്നു. എന്നാൽ പിന്നീടു് അന്തകനായ പിശാചിനെ ഞാൻ ബന്ധുവായി വരിച്ചു. എന്റെ പാപങ്ങളെക്കുറിച്ചോർത്താൽ എത്രയോ കഷ്ടമാണു്. എന്റെ പിതാവായ സർവേശ്വരനെ ഞാൻ ശത്രുവായി മാറ്റി. ഈ കാര്യങ്ങളെല്ലാം ഓർത്തുനോക്കുമ്പോൾ അവിടുത്തെ തിരസ്കരിച്ച ജനങ്ങൾ ചെയ്തതിനേക്കാൾ നന്ദിഹീനതയാണു് ഞാൻ പാപം മൂലം ചെയ്തിട്ടുള്ളതു്.

(201_204) എന്റെ പ്രിയതാതനായ യൗസേപ്പുപിതാവേ, ഈ ദാസനെ നിന്റെ പുത്രന്റെ പക്കൽ ചേർത്തു നിറുത്തേണമേ. നിന്റെ സ്നേഹപത്നിയുടെ അപേക്ഷകൾ മൂലമായി എന്റെ പൈതൽ പ്രായത്തിൽ ഞാൻ ചെയ്തുപോയ പാപങ്ങൾക്കെല്ലാം പൊറുതിവാങ്ങിത്തരേണമേ.

---

1 പൈതൽക്കൃതി - ബാല്യകാലത്തെ (അറിവില്ലാത്ത കാലത്തെ) പാപപ്രവൃത്തികൾ.

(മാതാവേ, മമനാഥേ, ദാസനെയോത്തീടണം
ത്രാതാവുതവരത്നമെത്രയോ നിന്നെസ്നേഹം
മുന്നമേനിൻെറദാസനിപ്പൊഴമിനിയെന്നും
മന്നിൽനിന്നകന്നിട്ടും നേരത്തിൽവിശേഷമാ- 208

യെന്നെനീയോർത്തുനിൻെറ പുത്രനോടപേക്ഷിച്ചു
നല്ലൊരുമൃത്യുതന്നു രക്ഷിക്കമമതായേ.
നിന്നുടെതിരുമുമ്പിലെന്നുടെ ദേഹംദേഹി-
യിന്നിതാകാഴ്ചവച്ചു നിന്നെഞാനേല്പിക്കുന്നേൻ.)

തരണമടിയനു ശരണം നിന്നാൽതന്നെ-
യിതിനാൽദോഷ്യാമ്യഹം സകലപാപം ത്വയാ. 214

(205-214) അല്ലയോ മാതാവേ, മമനാഥേ നിൻെറ ദാസനെ നീ ഓർക്കേണമേ. നിൻെറ ഓമനപ്പുത്രനാണല്ലോ ഞങ്ങളുടെയെല്ലാം രക്ഷകൻ. നിൻെറ സ്നേഹം എത്രയോ വലുതെന്നും ഞാനറിയുന്നു. ഞാൻ മുമ്പു് നിൻെറ ദാസനായിരുന്നു. ഇപ്പോഴും എപ്പോഴും അങ്ങനെ ആയിരിക്കയും ചെയ്യും. ഈ മന്നിൽനിന്നും ഞാൻ വേർപിരിയുന്ന സമയത്തു് സവിശേഷ താൽപ്പര്യത്തോടെ എന്നെ നീ സ്മരിക്കയും നിൻെറ പുത്രനോടു് എനിക്കുവേണ്ടി അപേക്ഷിക്കയും ചെയ്തു് ഒരു നല്ല മരണം തന്നു് സഹായിച്ചു രക്ഷിക്കേണമേ, എൻെറ ആത്മ ശരീരങ്ങളെ നിൻെറ തിരുസന്നിധിയിൽ കാഴ്ചവയ്ക്കുന്നു. നീ വഴിയായി ഞാൻ പാപങ്ങളും എല്ലാം പൊറുക്കയും നിന്നിൽ ശരണം വയ്ക്കുവാൻ എനിക്കു് ഇടയാക്കുകയും ചെയ്യേണമേ.

അഞ്ചാം പാദം

ഗോശാലയിലെത്തിയ ദിവ്യദമ്പതിമാർ പ്രാർത്ഥനാപൂർവ്വം പ്രതീക്ഷിച്ചിരിക്കവെ, തിരുവവതാരം നടക്കുന്നു. തുടർന്ന് വാനവഗണം സ്വർഗ്ഗീയ കീർത്തനങ്ങളും ആലപിക്കുന്നു. ആട്ടിടയന്മാരെ, സന്തോഷവാർത്തയറിയിക്കുന്നു. ദൈവദൂതഗണം ദിവ്യമാതാപിതാക്കന്മാരെ വാഴ്ത്തുന്നു; ഒപ്പം കവിയും. യൗസേപ്പു താതൻ ഉണ്ണിയേശുവിനെ സ്വകരങ്ങളിൽ എടുത്തു ലാളിക്കുന്നതായി ചിത്രീകരിച്ചുകൊണ്ടും ഉണ്ണിയേശുവിന്റെ ചേതോഹരമായ ഒരു വന്ദനീയ ചിത്രം അവതരിപ്പിച്ചുകൊണ്ടും ഈ ഖണ്ഡം അവസാനിപ്പിക്കുന്നു.

വൃത്തം കേക

അഗ്നിക്കായ് വെട്ടപ്പെട്ടും വൃക്ഷശാഖകളും തന്നെ
ഭഗ്നകന്മാർക്കു[1] തണൽകൊടുക്കും പത്രങ്ങളാൽ
അന്നപാനവും തേനും പാലാദിപാനങ്ങളും
പന്നഗം[2] കൈപ്പിച്ചീടും[3] തന്നുടെ വിഷത്തിനാൽ 4

എന്നപോൽ നരശ്രേഷ്ഠരാകുന്ന പുണ്യന്മാരെ
ഇന്നവർ ദ്വേഷിച്ചതും സ്മരിച്ചീടാതെ കണ്ട
പരമദേവൻ പൈതൽ ദരിദ്രമിച്ഛിച്ചതെ
പരരായ് നമുക്കിവരെന്നോർത്തു തോഷിച്ചവർ. 8

(1–8) അഗ്നിയിൽ എരിയിക്കുന്നതിനുവേണ്ടി വൃക്ഷ ശാഖകളെ വെട്ടുന്ന നാശകന്മാരെയും ആ വൃക്ഷം തന്റെ ഇലകളാൽ തണൽ നൽകി ആദരിക്കുന്നു. ഭക്ഷണസാധനങ്ങളും തേനും പാലുമെല്ലാം പാമ്പ് തന്റെ വിഷം കൊണ്ട് കയ്പുള്ളതാക്കി മാറ്റുന്നു. ഇതു പോലെ മനുഷ്യവർഗത്തിലെ ശ്രേഷ്ഠന്മാരായ പുണ്യാത്മാക്കളും തങ്ങളെ ദ്വേഷിക്കുന്നവരെ ദ്വേഷിക്കാതെ അവർ നല്ലവർ തന്നെയെന്നു വിചാരിച്ചു സന്തോഷം കാണിച്ചു. ഇങ്ങനെ പരമദേവനായ ദിവ്യപൈതൽ ദാരിദ്ര്യത്തെ ഇഷ്ടപ്പെടുകയാണ് ചെയ്തത്.

---

1 ഭഗ്നകന്മാർ - നശിപ്പിക്കുന്നവർ (വെട്ടുന്നവർ) 2 പന്നഗം - പാമ്പ്

3 കൈപ്പിച്ചീടും – കയ്പുരസമുള്ളതാക്കും.

താമസീരാത്രൗ അവർ പുറപ്പെട്ടതുനേരം,
തമിസ്രം[1] മീക്കിരശ്മ്യാൽ സഹസ്രദൈവദൂതർ
ചെന്നവർ ഗോഷ്ഠാനത്തിൽ[2] പുക്കതുനേരമുടൻ
മന്ദിരം സ്വർഗ്ഗപുരിയെന്നപോൽ പ്രകാശിച്ചു. 12

സൂര്യാട സോമൻപാദേ ലക്ഷ്മകടധാരി
വീര്യവാൻ ഭർത്താവിനെ സൂക്ഷിച്ചു. പൊന്നാളപ്പോം
''രാത്രിയുമകാലമായ്, ഗാത്രവും ബഹുക്ഷീണം
നേത്രമെങ്കിലുമടച്ചീടണമിനി ഭവാൻ.'' 16

എന്നതുകേട്ട പുണ്യൻ മാറിയങ്ങൊരുസ്ഥലേ
മന്ദത്തിന്നായത്തമായ് സ്തുതിച്ചു സർവ്വേശനെ
വന്നൊരു ദുഃഖമൊക്കെ മറന്നെന്നതുപോലെ
ഖിന്നമൊക്കെയും[3] പോയി തെളിഞ്ഞു തന്റെ ചിത്തം. 20

സന്തോഷപ്പെരുപ്പത്തിൽ സംഗതി തിരിയാതെ
സലിലം വാർത്തു കൺകളം നദിയെന്നതുപോലെ
അത്തെളിവോടെ സർവ്വനാഥനെ പാർത്തുകൊണ്ടു
ഉൽക്കരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ചവച്ചു. 24

(9–12) അവർ ഇരുട്ടുനിറഞ്ഞ രാത്രിയിൽ യാത്ര പുറപ്പെട്ടു. അപ്പോൾ പ്രകാശരശ്മികളം കൊണ്ട് ഇരുട്ട് നിവാരണം ചെയ്തു ആയിരക്കണക്കിനു ദൈവദൂതന്മാർ കാലിത്തൊഴുത്തിൽ പ്രവേശിച്ചു. ആ ആലയം സ്വർഗ്ഗനഗരത്തിനുതുല്യം പ്രകാശപൂർണമായിത്തീർന്നു.

(13–20) സൂര്യനെ വസ്ത്രമായി ധരിച്ചു ചന്ദ്രക്കലയെ പാദത്തിലും നക്ഷത്രങ്ങളം മകുടത്തിലും ചാർത്തി വിരാജിക്കുന്നവളായ മറിയം വീരപുരുഷനായ ഭർത്താവിനെ നോക്കിക്കൊണ്ട് പറഞ്ഞു. 'രാത്രി ഏറെ ചെന്നിരിക്കുന്നു. അങ്ങയുടെ ശരീരവും വളരെ ക്ഷീണിച്ചിട്ടുണ്ടല്ലോ. അങ്ങു അല്പസമയമെങ്കിലും ഒന്നുമയങ്ങിക്കൊള്ളുക'.

അതുകേട്ട് പുണ്യവാനായ യൗസേപ്പ് ഒരു സ്ഥലത്തേയ്ക്കു മാറി നിന്നു. ഉറങ്ങുന്നതിനു ഒരുക്കമായി സർവേശ്വരനെ സ്തുതിച്ചു. തനിക്കുണ്ടായ ദുഃഖമെല്ലാം മറന്നിട്ടെന്നതുപോലെ ഹൃദയം തെളിഞ്ഞുനിന്നു.

(21–24) തന്റെ സന്തോഷാധിക്യത്തിന്റെ കാരണം എന്തെന്നറിയാതെ യൗസേപ്പ്, ഒരു നദി എന്നതുപോലെ ആനന്ദാശ്രു ഒഴുക്കി ആനന്ദപ്രകർഷിതനായി ഉൽക്കരുന്നലിഞ്ഞു സർവേശ്വരനെ സ്തുതിച്ചു.

---

1 തമിസ്രം – ഇരുട്ട്. 2 ഗോഷ്ഠാനം - കാലിത്തൊഴുത്ത്

3 ഖിന്നം - ദുഃഖം.

സർവ്വേശാ, പരാപരാ സർവ്വമംഗലനിധേ
സർവ്വരക്ഷയ്ക്കായ് തന്ന നിന്നുടെ പുത്രൻ തന്നെ
മേഘത്തിൻ മറനീങ്ങിശോഭിക്കും സൂര്യൻപോലെ
മേപ്രിയകന്നി തന്റെ ഉദരത്തിര[1] നീക്കി
മേദിനിയിതിൽകണ്ടു വന്ദിപ്പാനരുളണം
ദാഹത്തെ തീർത്തിടുവാൻ വേഗത്തിൽ കാട്ടേണമേ.

ഇങ്ങനെ പുണ്യശ്രേഷ്ഠൻ പുറത്തു പ്രാർത്ഥിക്കുമ്പോഴം
മംഗലജനനീതാനുള്ളതിൽ[2] പുക്കുഭക്ത്യാ
മേലാടയഴിച്ചുടൻ വിരിച്ചുധരയതിൽ
മേല്പെട്ട ധ്യാനത്തിന്നായ്ക്കൊപ്പിട്ട പുണ്യമാതു.

അന്നേരമുദരത്തിൽ തന്നുടെ തിരുപ്രജാ
സുന്ദരൻ കുമാരന്റെയിളക്കമറിഞ്ഞുതാൻ
പൂർവ്വപാപത്തിൻ നിഴൽ തീണ്ടാത്ത കന്യാമണി
പൂർവ്വശാപത്തിൻ സൂതിവേദനയണുകാതെ[3]

മുമ്പൊരുനാളും കാണാത്തുള്ളൊരു പൂർണ്ണാനന്ദം
അമ്പൊട്ട തിരുഹൃദി നിറഞ്ഞു കവിഞ്ഞുടൻ

(25_30) 'അല്ലയോ സർവേശ്വരാ, പരാപരനായ ദൈവമേ, സർവമംഗളങ്ങൾക്കും ഇരിപ്പിടമായവനേ, സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി നീ ആയയ്ക്കുന്ന പുത്രനെ, മേഘങ്ങളാകുന്ന മറ നീക്കി പ്രകാശിക്കുന്ന സൂര്യനെപ്പോലെ എന്റെ പ്രിയ ഭാര്യയുടെ ഉദരമാകുന്ന തിരശ്ശീലനീക്കി ഈ ഭ്രമിയിൽ കാണിക്കാനും എനിക്കു വന്ദിപ്പാനും ഇടയാക്കേണമേ. എന്റെ ഹൃദയംഗമമായ അഭിലാഷത്തെ സാക്ഷാത്കരിക്കാനായി എത്രയും വേഗം നിന്റെ പുത്രനെ എനിക്കു കാണിച്ചുതരേണമേ'.

(31_34) പുണ്യാത്മനായ യൗസേപ്പ് ഈ വിധത്തിൽ പ്രാർത്ഥിക്കവേ, മംഗലയായ മാതാവ് ആ പുൽക്കൂട്ടിൽ പ്രവേശിച്ച് തന്റെ മേൽവസ്ത്രം അഴിച്ച് ഭ്രമിയിൽ വിരിച്ചു. ഉന്നതമായ ദൈവികധ്യാനത്തിനായി അവൾ ഒരുങ്ങി.

(35_42) അപ്പോൾ മറിയം തന്റെ ഉദരത്തിൽ തന്റെ ഓമനപൈതലായ ദിവ്യകുമാരന്റെ ചലനം മനസ്സിലാക്കി. ജന്മപാപ

---

1 ഉദരത്തിര-വയറാകുന്ന മറ. 2 ഉള്ളതിൽ–അകത്തെ മുറിയിൽ
3 സൂതിവേദന–പ്രസവവേദന.

മേല്പോട്ട നയനങ്ങളുയർത്തി പിതാവിങ്കൽ
കീഴ്പ്പെട്ട എളിമയാൽ പ്രാർത്ഥിച്ചങ്ങുണർത്തിച്ചു. 42

കരുണക്കടലായ പിതാവെ, നിന്റെ രൂഹാ
കരുണനാഥൻ തന്റെ കനിവാൽ മമോദരേ
ജനിച്ച മണിക്കും ഭമാകിയ തിരുപ്പുത്രൻ
ജനക്കൺ[1] പ്രത്യക്ഷമായ് തരണം മമകയ്യിൽ 46

എന്നപേക്ഷിച്ചു സർവ്വനാഥനെ വന്ദിച്ചുടൻ
നന്ദനൻ തിരുപ്പുത്രൻ കണ്ടതൻ പുരോഭാഗേ
സൂര്യാഭപോളകിനെ കടക്കുമെന്നപോലെ
നാര്യാര്യകന്നിക്ഷയം[2] വരാതെ പെറ്റുദ്ഭവം 50

മദ്ധ്യരാത്രിയാം നേരം മാർത്താണ്ഡദേവപ്രഭ
മദ്ധ്യാഹ്നനേരംപോലേ പെയ്തുടൻ തൊഴത്തതിൽ

ത്തിന്റെ നിഴൽപോലും തീണ്ടാത്ത കന്യകാരത്നം, പൂർവികമായ ശാപംകൊണ്ടുള്ള പ്രസവവേദന അനുഭവിക്കാതെ നിലകൊണ്ടു. തന്റെ ജീവിതത്തിൽ ഇതിനുമുമ്പ് ഒരിക്കലെങ്കിലും അനുഭവിക്കാൻ കഴിയാത്ത ആനന്ദം ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതായി അവൾക്കുതോന്നി. മറിയം ഉന്നതങ്ങളിലേയ്ക്കു മിഴികളുയർത്തി പിതാവായ ദൈവത്തോട് അത്യന്തം എളിമയോടെ ഇങ്ങനെ പ്രാർത്ഥിച്ചു:

(43_50) ''കരുണക്കടലായ ദൈവപിതാവേ, നിന്റെ പരിശുദ്ധാത്മാവിന്റെ കാരുണ്യംവഴിയായി എന്റെ ഉദരത്തിൽ സ്ഥിതിചെയ്യുന്ന തങ്കക്കുടമാകുന്ന തിരുപ്പുത്രനെ ജനങ്ങളുടെ കണ്ണിനു പ്രത്യക്ഷമാക്കാൻ പോരുന്നവിധത്തിൽ എന്റെ കരങ്ങളിലേയ്ക്കു നൽകുവാൻ കൃപയുണ്ടാകേണമേ.'' ഇങ്ങനെ അപേക്ഷിച്ചുകൊണ്ടു സകലത്തിന്റെയും നാഥനായ ദൈവത്തെ വന്ദിച്ചു. അപ്പോഴേക്കും തന്റെ പുത്രനായ ദൈവകുമാരനെ തന്റെ മുമ്പിൽ കണ്ടു. കണ്ണാടിയിൽക്കൂടി സൂര്യപ്രകാശം എങ്ങനെ കടന്നു പോകുന്നുവോ അതുപോലെ സ്ത്രീജനങ്ങൾക്കു ശ്രേഷ്ഠയായ മറിയം, തന്റെ കന്യത്വത്തിനു ഭംഗം വരുത്താതെ പുത്രനു ജന്മം നൽകി.

(51_62) പാതിരാത്രിയിൽ, മധ്യാഹ്ന സമയത്തെന്നപോലെ സൂര്യദേവന്റെ പ്രകാശം ആ കാലിത്തൊഴുത്തിൽ വർഷിച്ചു. ആ

---

1 ജനക്കൺ - ജനങ്ങളുടെ കണ്ണിനു്

2 നാര്യാര്യ - നാരി + ആര്യ (ശ്രേഷ്ഠയായനാരി)

അപ്പൊഴതാകാശത്തിലെത്രയും മഹാഘോഷാൽ
മച്ചടരിനേക്കാളും [1] ശോഭിച്ചു വിളങ്ങീട്ട്,

ദ്യോവിൽനിന്നിറങ്ങുന്ന വാനവർ മഹാകൂട്ടം
നാവിനാൽ സ്തുതിക്കുന്ന പാട്ടുന്ന ഗാനഗീതം
''ഉയരങ്ങളിൽ സ്തുതി കൂടസ്ഥൻ സർവ്വേശനു്
ഉന്നത മഹത്വവും ഭൂതലേ മനുഷ്യർക്കു്.

നല്ലൊരു ശരണവും തെളിവും സമാധാനം
വല്ലഭൻ സർവ്വേശനു കൂടസ്ഥ സ്തുതിജയ''
ഇങ്ങനെ കാണപ്പെട്ട സ്തുതിച്ചോരനന്തരം
അങ്ങവരിടയക്കു കാണപ്പെട്ടറിയിച്ചു.

ധാത്രിയൊക്കെയും ശ്രുത്വം [2] തെളിവിനുള്ള വാർത്ത
ഗോത്രഗോപാലന്മാരെ കേട്ടുകൊ മഹാഭാഗ്യം
രക്ഷാനാഥനാം ബാലൻ പിറന്നു നിങ്ങൾക്കിപ്പോം
ഇക്ഷണെപോവിൻ വെസ്ലേംതന്നെ വന്ദിപ്പാനായി.

വാനിലും പുരത്തിലും കോവിലിൻപുരത്തിലു
വാനവരാടിപ്പാടി പുഷ്പവൃഷ്ടിയും ചെയ്തു
മുഖ്യനാം മിഖായെലു മാഖ്യനാം [3] ഗൗറിയേലും
മുഖ്യനാഥനാം കുഞ്ഞിപ്പൈതലെ വന്ദിച്ചുടൻ

സമയത്തു് സൂര്യനേക്കാളും ശോഭയോടെ വലിയ ആഘോഷത്തോടുകൂടി ദൈവദൂതന്മാരുടെ വലിയ ഗണം സ്വർഗ്ഗത്തിൽനിന്നുമിറങ്ങി. സ്തുതിഗീതങ്ങളും അവർ പാടി. സകലത്തിന്റെയും അധിനായകനായ ദൈവത്തിനു് ഉന്നതങ്ങളിൽ സ്തുതിയും മഹത്വവും. ഭൂമിയിൽ മനുഷ്യർക്കെല്ലാം ശരണവും സമാധാനവും സന്തോഷവും, വല്ലഭനായ സർവേശ്വരനു വിജയവും സ്തുതിയും. ഇങ്ങനെ അവർ സ്തുതിപാടി. ആട്ടിടയന്മാരെ ദൈവദൂതന്മാർ ഇങ്ങനെ അറിയിച്ചു;

(63_66) ഭൂമിയിലെല്ലാം അറിയപ്പെടുന്ന ഈ സന്തോഷവാർത്ത കേൾക്കുവാൻ ഇടയന്മാരെ നിങ്ങളും പോവുക. നിങ്ങൾക്കായി ഒരു രക്ഷകൻ ശിശുവായിപ്പിറന്നിരിക്കുന്നു. ഈ നിമിഷംതന്നെ അവിടുത്തെ വന്ദിക്കുന്നതിനായി ബെത്ലേഹത്തേയ്ക്കു് നിങ്ങളും പുറപ്പെടുക. (ലൂക്കാ 2:10)

(67_70) ആകാശത്തിലും, ആ നഗരത്തിലും ദേവാലയത്തിന്റെ മുകളിലും ദൈവദൂതന്മാർ ആനന്ദനൃത്തം ചെയ്തും ഗാനങ്ങളും ആലപിച്ചും പുഷ്പവൃഷ്ടി നടത്തി. മുഖ്യദൈവദൂതനായ മിഖായേലും പ്രശസ്തനായ ഗൗറിയേലും എല്ലാവർക്കും നാഥനായ ആ ശിശുവിനെ വന്ദിച്ചു.

---

1 ചുടർ - സൂര്യൻ 2 ശ്രുതം - കേട്ടിട്ട്
3 ആഖ്യൻ-പേരുള്ളവൻ (പ്രധാനി)

ഇരുപേർ കരങ്ങളിലാദരാലെടുത്തു തൻ-
തിരുമാതാവിൻ കയ്യിലണച്ചു സ്വപുത്രനെ
പ്രസൂനം വാട്ടംവിനാ സുഗന്ധപ്രകാശവൽ
പ്രസു[1] കന്യാത്വം വിടാതീറുനോവറിയാതെ[2] 74

പെറ്റൊരു മാതൃതന്റെ പുത്രനെ കയ്യിൽ വാങ്ങി
കൊറവക്ഷിപനാം[3] പുത്രനെ വന്ദിച്ചമ്മ.
അന്നേരം കുഞ്ഞിപ്പൈതൽ നയനം തുറന്നുതൻ
സുന്ദരമുഖിയായ അമ്മയെ തൃക്കൺപാർത്തു. 78

അൻപേറും മമ തായേ, എന്നെ നീ നോക്കിക്കൊണ്ടു
പിൻപിനാൽ നടന്നുമേയമ്മയായ് കാട്ടീടുക
എന്നുള്ള തിരുവാക്യമുള്ളതിലരുൾചെയ്തു[4]
നന്ദിയിൻ ചിഹ്നമാ പുഞ്ചിരികാട്ടി നാഥൻ 82

അപ്പൊഴതമ്മ തന്റെ സുഷുതാവെന്നുറച്ചു
ശീലിപമായ് പൈതൽ തന്റെ തുപ്പാടേമുത്തി ഭക്ത്യാൽ
തന്നുടെ രക്ഷാരഥൻ രാജരാജനെന്നുള്ള
ചിഹ്നമായ് തൃക്കൈകളും മുത്തിതൻ മഹാസ്നേഹാൽ 86

(71-78) ആ ദൈവദൂതന്മാർ രണ്ടുപേരും ചേന്നു് ഉണ്ണിയെ കരങ്ങളിലെടുത്തു് അവിടത്തെ തിരുമാതാവിന്റെ കൈകളിലേക്കു് കൊടുത്തു. വാടാത്ത സുഗന്ധവും പ്രകാശവുമുള്ള പുഷ്പം പോലെ, തനിക്കു പ്രസവവേദന കൂടാതെയും കന്യാത്വം നഷ്ടപ്പെടാതെയും ജന്മം കൊണ്ട ആ പിഞ്ചിളം പൈതലിനെ അമ്മ സ്വന്തം കരങ്ങളിൽ സംവഹിച്ചു. രാജാക്കന്മാക്കുപോലും അധിപനായുള്ള ആ കുമാരനെ അമ്മ വന്ദിച്ചു. അപ്പോഠം ആ കുഞ്ഞു് സ്വന്തം നയനങ്ങഠം തുറന്നു് സുന്ദരവദനയായ മാതാവിനെ കടാക്ഷിച്ചു.

(79-82) ''അല്ലയോ കാരുണ്യവതിയായ അമ്മേ, എന്നെ നോക്കിയും പിൻനടന്നും അങ്ങു് എന്റെ മാതാവാണെന്നു് എല്ലാവർക്കും കാണിച്ചുകൊടുക്കുക''. ഇങ്ങനെയുള്ള ആശംസ മനസ്സിൽ ഉരുവിട്ടു് കൃതജ്ഞതയുടെ അടയാളമായ പുഞ്ചിരിപൊഴിച്ചു.

(83-90) ആ സമയത്തു് മറിയം ആ പൈതൽ തന്റെ സ്രഷ്ടാവത്രേ എന്നു് ദൃഢമായി വിശ്വസിക്കുകയും ആ സ്നേഹമൂർത്തിയുടെ

---

1 പ്രസു – അമ്മ 2 ഈറുനോവു് - പ്രസവവേദന

3 കൊറവർ - രാജാക്കന്മാർ 4 ഉള്ളതിൽ-മനസ്സിൽ

എത്രയുമിമ്പമിച്ചുള്ള തനുജൻ പ്രിയസുതൻ
ചിത്രകൗതുകത്തോടെ മുത്തിതൻ കവിളതിൽ
എന്നതിൻശേഷം തന്റെ മാറതിലണച്ചുടൻ
നന്ദിയാലൂട്ടി തന്റെ നിർമ്മല മുലപ്പാലും.

മാതുവിന്നാശയൊക്കെ തീർത്തിടും മമസുതാ
ഭൂമിയിൽ നീ പോടീടും താപത്തിലതിതാപം
ഭൂമിമാനുഷർ നിന്നെയൂട്ടിട [1]മെന്നാകിലും
ഭൂമിയിൽ പാപംപോക്കും വരുത്തും ശ്രമമില്ലോ. 94

എന്നതു മാതുചൊന്ന നേരത്തു കുഞ്ഞിപ്പൈതൽ
പുഞ്ചിരികാട്ടി നീട്ടി സുന്ദരകരങ്ങളെ
കന്യകയപ്പോൾ തന്റെ ചങ്കിനു ചേർത്തുകൊണ്ടു
കാർത്തിക പുഷ്പസമം കൈകളാൽ തഴകിനാൾ 98

പരമസുതൻ തന്റെ പിറവി പ്രകാശവും
പരലോകരാലുള്ള സ്തുതികളും സമസ്തവും

തുപ്പാദങ്ങളിൽ അത്യധികമായ സ്നേഹവായ്പ്പോടെ ചുംബനങ്ങൾ അർപ്പിക്കയും ചെയ്തു. ഞാൻ ഹൃദയംഗമമായി അഭിലഷിച്ചിരുന്ന എന്റെ പൈതൽ, പ്രിയങ്കരനായ പുത്രൻ എന്നെല്ലാം ഏറെ സന്തോഷത്തോടെ ഓർത്തു് അവിടുത്തെ കവിളിൽ ചുംബിച്ചു. അതിനു ശേഷം അവനു തന്റെ നൈർമല്യമാർന്ന അമ്മിഞ്ഞപ്പാൽ നൽകുകയും ചെയ്തു.

(91_94) ''ഈ നിന്റെ മാതാവിന്റെ ആഗ്രഹമെല്ലാം സാധിച്ചുതരുന്ന എന്റെ മകനെ, നീ ഭൂമിയിൽ നീ കാംക്ഷിക്കുന്ന ദുഃഖത്തേക്കാൾ വലിയ ദുഃഖം മനുഷ്യർ നിനക്കു വരുത്തും. എന്നിരുന്നാലും നിന്റെ ആഗമനം കൊണ്ടു് ഈ ഭൂമിയിലെ പാപങ്ങളെല്ലാം പൊറുക്കപ്പെടുമല്ലോ. ഈ ലോകത്തിനു് മംഗളം വരുകയും ചെയ്യുമല്ലോ''.

(95 98) മാതാവു് ഇങ്ങനെ പറയുന്നതു കേട്ടിട്ടു് ആ ഇളം പൈതൽ പുഞ്ചിരി പൊഴിച്ചുകൊണ്ടു് അവൾക്കു നേരെ തന്റെ കരങ്ങൾ നീട്ടി. കന്യകയായ അമ്മ അപ്പോൾ തന്റെ മാറോടു ചേർത്തു് കാർത്തിക പുഷ്പമെന്നതുപോലെ അവനെ തഴകി.

(99 106) പരമപിതാവിന്റെ പുത്രൻ പിറന്നപ്പോഴുള്ള പ്രകാശവും ദൈവദൂതന്മാരുടെ സ്തുതിഗീതങ്ങളും നരശ്രേഷ്ഠനായ യൗസേപ്പു്

---

1 ഊട്ടിടും-അനുഭവിക്കും.

നരശ്രേഷ്ഠനാം പിതായൗസേപ്പു ധ്യാനത്തിനാൽ
വരസന്തോഷത്തൊടു കാണുന്നുവെന്നാകിലും 102

പരമധ്യാനവൃത്തി ശയനനിദ്രയായി
കഴികയുംനേരമതിൽ തദനുവാദം വിനാ
വരവർണ്ണനീ ശ്രേഷ്ഠതന്നുടെ തിരുമ്പിൽ
തരണംചെയ്വാൻ[1] ന്യായം തോന്നായ്കനിമിത്തമായ് 106

സകലജ്ഞനാം പൈതൽ ഉദയം ചെയ്യുന്നതും
തരളഭ്രമിക്കുള്ള ശോഭയും പ്രകാശവും
മഹിമസ്തുതികളും സമ്മോദം പാർത്തെന്നാലും
എളിമനിമിത്തമായ് പ്രവേശിച്ചില്ല പുണ്യൻ 110

ഭർത്താവിൻ സ്വഭാവത്തെ ഗ്രഹിച്ചീടുന്ന കന്യാ
പാർത്തുകൊൾ ദേവസുതൻ നമുക്കു പ്രത്യക്ഷമായ്
എന്നരുൾചെയ്ത നേരം പുണ്യശ്രേഷ്ഠനുമോദാൽ
സുന്ദരിമാതു തന്റെ സന്നിധൗ എഴുന്നള്ളി 114

പിതാവു് ധ്യാനസ്ഥനായി നില്ക്കേ അത്യധികമായ സന്തോഷത്തോടെ കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. എങ്കിലും ശയനനിദ്രയായി പരമമായ ധ്യാനത്തിൽ മുഴുകിയിരുന്ന സമയത്തു് വരവർണ്ണിനിയായ തന്റെ ഭാര്യയുടെ അടുത്തേക്കു് അവൾ പറഞ്ഞിട്ടല്ലാതെ കടന്നു ചെല്ലുന്നതു് ഉചിതമായി അദ്ദേഹത്തിനു തോന്നിയില്ല.

(107–110) സകലജ്ഞനായ ദിവ്യപൈതൽ അവതാരം ചെയ്യുന്നതും ക്ഷണഭംഗുരമായ ഈ ഭ്രമിക്കു് അപ്പോൾ കൈവന്ന മനോഹാരിതയും പ്രകാശവും അപ്പോൾ മുഴങ്ങിയ മഹത്തരമായ സ്തുതിഗീതങ്ങളും അധിക സന്തോഷത്തോടെ ആ പുണ്യപിതാവു് മനസ്സിലാക്കി. എങ്കിലും വിനയം കൊണ്ടു് അദ്ദേഹം അവിടേയ്ക്കു പ്രവേശിച്ചില്ല.

(111–114) ഭർത്താവിന്റെ സ്വഭാവം നന്നായറിയുന്ന കന്യാമാതാവു് 'അങ്ങു് നോക്കിയാലും ദൈവസുതൻ ഇതാ നമുക്കു പ്രത്യക്ഷനായിരിക്കുന്നു' എന്നു് അദ്ദേഹത്തെ അറിയിച്ചു. ഇതുകേട്ടു് പുണ്യശ്രേഷ്ഠനായ യൗസേപ്പു് സുന്ദരിയായ ഭാര്യയുടെ സമീപം വന്നു.

---

1 തരണംചെയ്കുക-കടക്കുക (പ്രവേശിക്കുക)

സൂര്യാഭവിളങ്ങുന്ന താമരക്കൈകളിൽ
വീര്യവാൻ തിരുസ്നേഹം മോദത്താൽ തുകൺപാർത്തു
ധരണീനാഥൻ കുഞ്ഞിപ്പൈതലിൻ തിരുമുൻപിൽ
ധരയിൽചെന്നുവീണു സാഷ്ടാംഗംചെയ്തു പുണ്യൻ 118

കനകാമണിരത്നം തൻ തിരുക്കുമാരനെ
കനിവാൽ ഭർത്താവിന്റെ കരത്തിൽ നീട്ടിച്ചൊല്ലി
'കൈക്കൊൾക മുത്തീടുക നിന്നുടെയിഷ്ടം നാഥാ
കൈയേല്ക്കുദുഃഖം യഥാസുഖവും തഥാമയാ' 122

കേട്ടുടൻ പുണ്യൻ മഹാ താഴ്മയായ് യോഗ്യഹീനം
കാട്ടിയെങ്കിലും കേട്ട നീട്ടിതൻ കരങ്ങളും
സുതനാമുണ്ണിപ്പൈതൽ ശിശുബാഹ്യക്കം നീട്ടി
സ്വതന്ത്രാതതാതൻ[1] കൈകളിലെഴുന്നെള്ളി 126

സൂര്യനെ സൂക്ഷിച്ചൊരു താമരപുഷ്പംപോലെ
സൂരിനാഥനാം പൈതൽപാദത്തെ മുത്തംചെയ്തു

(115_118) സൂര്യപ്രകാശം പോലെ തിളക്കമാർന്നതും താമരപ്പൂ പോലെ മനോഹരവുമായ കൈകളിൽ സംവഹിക്കപ്പെട്ട തിരുക്കുമാരനെ അദ്ദേഹം കടാക്ഷിച്ചു. ഭൂമിയുടെ അധിനാഥനായ ആ ദിവ്യ പൈതലിന്റെ മുമ്പിൽ അദ്ദേഹം സാഷ്ടാംഗനമസ്കാരം ചെയ്തു.

(119_122) കനകകാന്തി മണിരത്നമായ മറിയം അനുകമ്പയോടെ തന്റെ തിരുക്കുമാരനെ ഭർത്താവിന്റെ കരങ്ങളിലേക്കു പകർന്നു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: 'നാഥാ പൈതലിനെ അങ്ങു സ്വീകരിച്ചാലും. അങ്ങയുടെ ഇഷ്ടം പോലെ ഈ കുഞ്ഞിനെ ചുംബിച്ചുകൊള്ളുക. സുഖം എങ്ങനെയോ അങ്ങനെ തന്നെ ദുഃഖവും അങ്ങു കയ്യേറുകൊള്ളുക'.

(123_126) ഇതുകേട്ടിട്ട് എത്രയും എളിമയോടെ താൻ അർഹനാണോ എന്നു ചിന്തിച്ചുവെങ്കിലും അദ്ദേഹം കരങ്ങം നീട്ടി. തന്റെ വളർത്തുപിതാവായ യൗസേപ്പിന്റെ നേർക്കു ആ പിഞ്ചുപൈതൽ സ്വന്തം കൈകം നീട്ടി അദ്ദേഹത്തിന്റെ കരങ്ങളിലേക്കു എഴുന്നെള്ളി.

(127_130) സൂര്യനെ കാംക്ഷിച്ച താമരപ്പൂവിനു സമാനം വിദ്വജ്ജ ജനങ്ങൾക്കെല്ലാം അധിനാഥനായ ആ ദിവ്യപൈതലിന്റെ

---

1 സ്വതന്ത്രാത താതൻ-തന്റെ ശരീരം രക്ഷിക്കുന്ന പിതാവു് (വളർത്തു പിതാവു്)

ഏററിതൻ[1] ചെന്നിയതിൽ [2]കമല തിരുപ്പാദം
ഏററവും സ്നേഹത്താലെ സുന്ദരകരങ്ങളും 130

താതൻ താൻ തനയനുമെന്നപോൽ നാഥനുണ്ണി
തൻതിരുച്ചുണ്ടുകളാൽ പുഞ്ചിരികാട്ടിമോദാൽ
കണ്ടൊരു പിതാവുടൻ സന്തോഷത്തിനാലശ്രു
രണ്ടു കണ്ണുകളും നിറഞ്ഞൊഴുകി നദിയഥാ 134

ബ്രഹ്മചാരി വത്സലൻ ധർമ്മഗാമി സ്നേഹിതൻ
ബ്രഹ്മചാരി ശ്രേഷ്ഠനാം തന്നുടെ പത്നീരത്നം
കന്നിഹീനത്വം വിനാ, ഗർഭധാരിണിയായി
കന്യാത്വക്ഷയം വിനാ പെറുതാൻ ദൈവസുതം 138

ദൈവദൂത മുഖ്യരാം വാനവർ നമസ്കൃത്യാ
ദൈവമാതരം തഥാഭർത്താരം വാഴ്ത്തി നിന്നാർ
നായക, സർവ്വേശ്വരാ, നരരക്ഷക നാഥാ
നയനാൽ പാർത്തീടണം പാപിയാമടിയനെ 142

തൃപ്പാദത്തിൽ അദ്ദേഹം ചുംബനമേകി. അവിടുത്തെ പാദകമലവും ഭംഗിയേറിയ കരങ്ങളും അദ്ദേഹം സ്വന്തം നെറുകയിൽ ഏറുകയും ചെയ്തു.

(131_134) പിതാവും പുത്രനുമെന്നതുപോലെ അവർ കാണപ്പെട്ടു. നാഥനായ ഉണ്ണിമിശിഹാ പാവനാധരങ്ങൾ വിടർത്തി പൂപ്പുഞ്ചിരി പൊഴിച്ചു. അതുകണ്ടു് ആ പിതാവു് സന്തോഷാശ്രുക്കളിൽ മുങ്ങിനിന്നു. ഇരുനയനങ്ങളും നദി എന്നതുപോലെ കവിഞ്ഞൊഴുകി.

(135_138) ഈശ്വരവിശ്വാസികൾക്കു വത്സല പിതാവും, ധർമ്മമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർക്കു് സ്നേഹിതനും, ബ്രഹ്മചാരികളിൽ മുഖ്യനുമായ യൗസേപ്പിന്റെ പത്നിയായ മറിയം കന്യാത്വത്തിനു ഭംഗംവരാതെ ഗർഭിണിയായി. കന്യകയായിക്കൊണ്ടുതന്നെ അവൾ ദൈവകുമാരനെ പ്രസവിക്കയും ചെയ്തു.

(139_146) മുഖ്യന്മാരായ വാനവദൂതന്മാർ ദൈവമാതാവിനേയും അവിടുത്തെ പിതാവിനേയും വാഴ്ത്തിക്കൊണ്ടു നിലകൊണ്ടു.

അല്ലയോ സർവേശ്വരാ, നരരക്ഷകനായ നാഥാ, പാപിയായ എന്നെ അങ്ങു തൃക്കൺ പാർക്കേണമേ. ഈ പ്രപഞ്ച

---

1 ഏററി–കയററി (ഉയർത്തിപ്പിടിച്ചു)

2 ചെന്നിത്തടം-നെററി

നിഖിലപതി നിയെ, നിഷ്ക്കളങ്കൻ നിർമ്മലൻ
നിർഗ്ഗുണ പാപിയഹം ദുർബലൻ തവദാസൻ
നിന്നുടെ മഹത്വവും സകല ഗുണങ്ങളും
ഇന്നു ഞാൻ നിനയ്ക്കുമ്പോഴം ക്ലേശിച്ചു ദുഃഖിക്കുന്നേൻ

എന്നുടെ പിതാവു നീ സൃഷ്ടിനാഥനും നീയെ
നിന്നുടെ സ്നേഹഗുണമാറുമല്ലെന്നു സിദ്ധം
എങ്കിലും മമ പാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുൻപിലണഞ്ഞിടുന്നിതഹം?

പാക്കുവാൻ യോഗ്യനല്ല സൂക്ഷിപ്പാൻ വശമില്ല
പേടുത്തു ഞാനെവിടത്തിൽപോകുന്നു, ദയാനിധേ
നിന്നുടെ തിരുമേനി സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങഠം ശോഭിതതിരുനാസി

ചുവന്നോരധരങ്ങഠം ശംഖുവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും
പാക്കുവാൻ കൊതിക്കുന്നു കേഠംക്കുവാനാശിക്കുന്നു
പാടുത്തു സൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയ്യോ നാഥാ!

ത്തിന്റെ മുഴുവൻ രാജാവു നീയാകുന്നു. നീ നിഷ്കളങ്കനും മാലിന്യലേശമില്ലാത്തവനുമാകുന്നു. നിന്റെ ദാസനായ ഞാൻ നിർഗ്ഗുണനും ദുർബലനുമായ പാപിയാകുന്നു. നിന്റെ മഹത്വവും സമസ്തഗുണങ്ങളും ഞാൻ മനസ്സിലാക്കുമ്പോഴം മനസ്സിൽ ദുഃഖം നിറയുന്നു.

(147–150) എന്റെ പിതാവും സ്രഷ്ടാവും നീയാണല്ലോ. നിന്റെ സ്നേഹത്തിനോ നന്മകഠംക്കോ യാതൊരു മാറ്റവും സംഭവിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. എന്നിരിക്കിലും എന്റെ പാപത്തിന്റെ വലുപ്പം ഞാൻ ഓർക്കുമ്പോഴം നിന്റെ സന്നിധിയിൽ എങ്ങനെ എനിക്കുവരാൻ കഴിയും?

(151–158) നിന്റെ മുമ്പിൽ നിലകൊള്ളുവാൻ ഞാൻ അർഹനല്ല. നിന്നെ നോക്കുവാൻപോലും എനിക്കു യോഗ്യതയില്ല. എങ്കിലും ദയയുള്ളിരിപ്പിടമായ നാഥാ, നിന്റെ പക്കലല്ലാതെ മറ്റെവിടെയാണു് എനിക്കു പോകാൻ കഴിയുന്നതു്. അല്ലയോ നാഥാ നിന്റെ പവിത്രമായ ശരീരം, മനോഹരമായ വദനം, ഒളി മിന്നുന്ന നയനങ്ങഠം, കാന്തി വഴിയുന്ന നാസിക, കുങ്കുമച്ചുവിയാർന്ന അധരങ്ങഠം, ശംഖുപോലെ വെണ്മയാർന്ന ദന്തനിര, തേൻതുള്ളികഠം പോലെ നിന്റെ ചുണ്ടിൽ നിന്നിറ്റിറ്റുവീഴുന്ന മധുരസ്വരം എന്നിവയെല്ലാം കാണുവാനും കേഠംക്കുവാനും ഉൽക്കടമായി ഞാൻ അഭിലഷിക്കുന്നു. എങ്കിലും അയ്യോ നാഥാ, നിന്നെ വീക്ഷിക്കുവാൻ എന്റെ മിഴികഠംക്കു് യോഗ്യത ഒന്നും ഇല്ലല്ലോ.

സ്നേഹാഗ്നി നീയെന്നതും നിന്നുടെ ദയാനിധി
ദാഹിച്ചു കൊതിക്കുന്നേൻ മേപാപം തടവിതോ[1]
എങ്കിലും സർവ്വേശ്വരാ നിന്നുടെ തിരുക്കൺകൾ
ശങ്കയേ നീക്കീടുന്നു എന്നു ഞാൻ സ്മരിക്കുന്നു

ശോഭിത തിരുമുഖം നോക്കുന്ന നേരത്തുകൾ
താപത്തിന്നല്ല സ്നേഹം ശോഭിച്ചു വിളങ്ങുന്നു
ശിക്ഷിപ്പാനല്ല ചക്ഷുസ്സുതിനെ പാക്കുന്നപ്പോൾ
രക്ഷിപ്പാൻ വന്നേനെന്നു കാട്ടുന്നു കടാക്ഷത്താൽ

നീട്ടുന്ന കൃശബാഹുനോക്കുന്ന നേരത്തിങ്കൽ
കാട്ടുന്നു വാഴ്വുമോട്ടാൽ തഴുകുവാനുമിച്ഛ
കമല തിരുപ്പാദം കാണുന്ന നേരത്തുകൾ
സകല പാപികളെ തേടുവാനോടുംവണ്ണം

എന്നിതൊക്കെയും ദാസൻ പാർക്കുന്ന നേരത്തുകൾ
നന്ദിഹീനനെന്നാലും ചേതസി തണുക്കുന്നു

(159–162) അല്ലയോ സർവേശ്വരാ, നീ സ്നേഹം ജ്വലിപ്പിക്കുന്ന അഗ്നിയാണു്. നിന്റെ ദയാവായ്പു് കൊതിച്ചുകൊണ്ടു കഴിയുന്ന എനിക്കു് എന്റെ പാപങ്ങളാണല്ലോ തടസ്സമായിട്ടുള്ളതു്. എങ്കിലും നിന്റെ അനുകമ്പാർദ്രമായ നയനങ്ങളും എന്റെ ഭയമെല്ലാം ദൂരീകരിക്കുമെന്നു ഞാൻ ഓർമ്മിക്കുന്നു.

(163–166) നിന്റെ മനോജ്ഞമായ വദനത്തിൽ നോക്കുമ്പോൾ ദുഃഖത്തിനു അവകാശമില്ല. സ്നേഹമാണു് അവിടെ തിളങ്ങി നില്ക്കുന്നതു്. ശിക്ഷിക്കുവാനല്ല ഞാൻ രക്ഷിക്കുവാൻ വേണ്ടിയാണു് ആഗതനായതു് എന്നു് ആ നയനങ്ങളും കടാക്ഷംകൊണ്ടു് കാണിച്ചുതരുന്നു.

(167–170) നീ നീട്ടുന്ന ആ കൊച്ചു കരങ്ങളും ഞാൻ നോക്കുന്ന ഈ അവസരത്തിൽ അശീർവാദം നൽകുകയാണു്. ആനന്ദത്തോടെ എന്നെ തഴുകുവാൻ അവിടുന്നു് ഇച്ഛിക്കുന്നു. സകല പാപികളേയും അന്വേഷിച്ചിറങ്ങുവാൻ എന്നവണ്ണം അവിടുത്തെ ചരണ നളിനങ്ങളും കാണപ്പെടുന്നു.

(171–174) ഈ കാര്യങ്ങളെല്ലാം ദാസനായ ഞാൻ ഓർക്കുന്ന ഈ അവസരത്തിൽ നന്ദിഹീനതയാൽ താപമാർന്ന എന്റെ മനസ്സു്

---

1 തടവിതോ–തടസ്സമാണോ

പൊയ്പോയോരജത്തിനെ തേടുവാൻ വന്നനീയെ
കൈക്കൊണ്ടു രക്ഷിക്കണം ഞാനുമിന്നതിലൊന്നു് 174

എന്നുടെ പൈതൽപ്രായേ നിന്നിൽനിന്നകന്നു ഞാൻ
ഇന്നു നിൻതിരുമുൻപിൽ ശരണം പ്രാപിക്കുന്നു.
നിന്നുടെ തിരുക്കരം നീട്ടിനിൻ തിരുവാഴ്വു
തന്നീടേണമേ, മമ പാപവും പോക്കീടേണം 178

പാക്കേണമടിയെൻ മേൽ തീക്കണം മമക്ലേശം
കാക്കണമെന്നെയും നീ ചേക്കണം തിരുമുൻപിൽ
നിന്നുടെ പിതാമഹൻ ദാവീദു പുണ്യശ്രേഷ്ഠൻ
മന്നവൻ തിരുവാക്യം ഇന്നു ഞാൻ ചൊന്നീടുന്നു
ശിശുകാലത്തിൻ മമ കൃതി നീ ഓർത്തീടാതെ
ശിശുനിൻ കടാക്ഷത്താൽ ശമനം വരുത്തണം 182

തണക്കുന്നു. നഷ്ടപ്പെട്ടുപോയ കുഞ്ഞാടിനെ അന്വേഷിച്ചു കണ്ടെത്തുവാൻ വന്നവനാണല്ലോ അങ്ങു്. ഞാൻ അവിടുത്തെ ആടുകളിലൊന്നാണല്ലോ. എന്നെ അവിടുന്നു് സ്വീകരിച്ചു് രക്ഷിക്കേണമേ.

(175-178) എന്റെ പൈതൽ പ്രായത്തിൽത്തന്നെ നിന്നിൽ നിന്നു് ഞാൻ അകന്നുപോയി. ഇന്നു് നിന്റെ സന്നിധിയിൽ ശരണാഗതനായി എത്തിയിരിക്കുന്നു. നിന്റെ തൃക്കരം നീട്ടി എനിക്കു് അനുഗ്രഹാശിസ്സു നൽകണം. എന്റെ പാപങ്ങളും പോക്കുകയും ചെയ്യണം.

(179-182) എന്റെ മേൽ അങ്ങു് കടാക്ഷം ചൊരിയണം. എന്റെ ക്ലേശങ്ങളും തീർത്തു തരണം. എന്നെ കാക്കുകയും തിരുമുമ്പിൽ സ്വീകരിക്കയും ചെയ്യണം. നാഥാ നിന്റെ പിതാമഹനായ ദാവീദു് രാജാവു് എന്ന പുണ്യപുരുഷൻ അരുളിയ തിരുവചസ്സുകളും ഇന്നു് ഞാൻ സ്മരിക്കുന്നു. പൈതലായിരിക്കേ ഞാൻ ചെയ്തുപോയ തെറ്റുകളും വിസ്മരിച്ചുകൊണ്ടു് പൈതലായ നീ കൃപാകടാക്ഷത്താൽ എന്റെ ദുഃഖങ്ങളൊക്കെല്ലാം ശമനം നൽകിയാലും!

ആറാം പാദം

തിരുവവതാരത്തെത്തുടന്നു് ക്രേദനാചാരംവരെയുള്ള സംഭവങ്ങളാണു് ഈ ഖണ്ഡത്തിന്റെ ഉള്ളടക്കം. കൂടാതെ, ശാന്തിയെന്ന ഇടച്ചിയുമായി കന്യകാമാതാവിന്റെ സങ്കല്പഭാഷണവും നിബന്ധിച്ചിട്ടുണ്ടു്. മിശിഹായുടെ രണ്ടാമത്തെ ആഗമനം, ലോകാവസാനം, പൊതുവിധി ഇവയും പ്രതിപാദിതമായിട്ടുണ്ടു്. കവിയുടെ പ്രാർത്ഥനാഭരിതമായ ആത്മരോദനം ഇവിടെയും ആവർത്തിക്കപ്പെടുന്നു.

കേക

വാനത്തിൽ ബഹുവിധശോഭയും ഘോഷങ്ങളും
വാനവർ പാട്ടും സ്തുതിഗീതവും സ്വരങ്ങളും
കേട്ടവരിടയരും ആട്ടകരും കാക്കുന്നോരും
കേട്ടൊരു സ്വരത്തിനെ സൂക്ഷിച്ചു പാർക്കുംവിധൗ 4

ഉയരങ്ങളിൽ സ്തുതിധരണി മർത്യജനം
ഉയർന്നു സമാധാനം സന്തോഷം തൃപ്തിശുഭം.
ധരിത്രീ രക്ഷാർത്ഥമായ് സർവ്വേശസുതനിതാ
ധരവേസലേമതിൽ പിറന്നുനരനായി 8

വേഗത്തിൽ പോയിത്തന്നെ കുമ്പിട്ടാരാധിക്കുവിൻ
വേസര വൃഷഭങ്ങൾക്കിടയിൽ കണ്ടീടുമേ

(1–8) ആകാശത്തു് വിസ്മയകരമായ പ്രകാശവും ഘോഷവും ദൈവദൂതന്മാരുടെ സ്തുതിഗീതവും, സ്വരങ്ങളും കേട്ടു് ഇടയന്മാരും, ആട്ടകരുംക്കു കാവൽ നില്ക്കുന്നവരും അവ എന്താണെന്നു ശ്രദ്ധിച്ചുകൊണ്ടു് നിലകൊണ്ടു. ഉന്നതങ്ങളിൽ സ്തുതി. ഭൂമിയിൽ മനുഷ്യകുലത്തിനു് സമാധാനവും സന്തോഷവും, സംതൃപ്തിയും മംഗളവും ഉയർന്നിരിക്കുന്നു. സർവേശ്വരസുതൻ ലോകത്തെ രക്ഷിക്കാൻവേണ്ടി ധരാതലത്തിലെ ബത്ലേഹം നഗരത്തിൽ മനുഷ്യനായിപ്പിറന്നിരിക്കുന്നു.

(9–12) നിങ്ങളും ഉടനെ പോയി അവിടുത്തെ ആരാധിക്കുവിൻ. കാളയുടെയും കഴുതയുടെയും മദ്ധ്യേ അവിടുന്നു് കാണപ്പെടും. ഇങ്ങ

എന്നുള്ള പാട്ടിൻധ്വനി കേട്ടതിനോടുകൂടെ
സുന്ദരമുഖവാന്മാർ ദേവസേവികയും കൂട്ടം

കാണപ്പെട്ടവരുടെ ശോഭയും സ്തുതികളും
ത്രാണത്തിൻ നാഥൻ[1] തന്റെ പിറവിവൃത്താന്തവും
ഗ്രഹിച്ചു ഗോപാലന്മാരെത്രയും ശീഘ്രത്തോടെ
നരപാലനാം പൈതൽ തന്നുടെ പാരേ ചെന്നു.

പാത്തവർ കമ്പിട്ടടൻ കേട്ടവർ വൃത്താന്തങ്ങളും
പേത്തവർ കൂട്ടത്തോടും പാർച്ചക്കാരോടും ചൊല്ലി
കേട്ടൊരു ഗോപാലന്മാർ കൂട്ടമായോരോരുത്തർ
ശ്രേഷ്ഠപാലനാം പൈതലുണ്ണിയെ കാണ്മാൻ വന്നു.

ബാലരും വൃദ്ധന്മാരും ശിശുക്കളും ശക്തന്മാരും
ബാലനുണ്ണിയെ കാണ്മാൻ വൃദ്ധാദിവധൂക്കളും
അജകുട്ടിയും ചിലർ ക്ഷീരാദിപാനങ്ങളും
അജപാലനാം പൈതലുണ്ണിക്കു കാഴ്ചവയ്പാൻ

നെയ്യുള്ള ഗാനത്തിന്റെ മാറ്റൊലി കേട്ടതോടുകൂടിത്തന്നെ മുഖശ്രീയുള്ള ദൈവദൂതന്മാരുടെ സംഘത്തെ അവർ കണ്ടു. അങ്ങനെ പ്രത്യക്ഷരായ സ്വർഗദൂതന്മാരുടെ ദീപ്തിയും അവരുടെ സ്തുതിഗീതങ്ങളും രക്ഷാനാഥനായ ദൈവപുത്രന്റെ പിറവിയുടെ വൃത്താന്തവും ഇടയന്മാർ ഗ്രഹിച്ചു ദ്രുതഗതിയിൽ ആ ദിവ്യപൈതലിന്റെ സന്നിധിയിലണഞ്ഞു.

(17_20) അടുത്തു ചെന്നു അവർ ഉണ്ണിയെ വണങ്ങി. പിന്നീടു അവർ തങ്ങളുടെ ബന്ധുജനങ്ങളോടും കൂട്ടുകാരോടും ഈ വാർത്തകളും അറിയിച്ചു. അതനുസരിച്ചു ഗോപാലകന്മാർ കൂട്ടമായും തനിച്ചും മനുഷ്യവർഗ്ഗത്തിന്റെ സമുന്നത പാലകനായ പൈതലിനെ കാണുവാനെത്തി.

(21-28) ബാലന്മാരും, വൃദ്ധന്മാരും, ശിശുക്കളും, ശക്തന്മാരും, വധൂജനങ്ങളും എത്തി. ദിവ്യപൈതലിനു കാഴ്ചവയ്ക്കാൻ ചിലർ ആട്ടിൻകുട്ടികളും,ചിലർ പാൽ തുടങ്ങിയ പാനീയങ്ങളും കൊണ്ടുവന്നു. മറ്റു ചിലർ കനികളും പുഷ്പങ്ങളും കാഴ്ചവച്ചു. കൊച്ചുകുട്ടികളും പക്ഷിക്കുഞ്ഞുങ്ങളെ സന്തോഷപൂർവ്വം ഉണ്ണിയ്ക്കു സമ്മാനമായി നല്കി.

---

1 ത്രാണനത്തിൻ നാഥൻ–രക്ഷകൻ

വൃക്ഷസ്യഫലം ചിലർ പുഷ്പമാലകം ചിലർ
പക്ഷിക്കുഞ്ഞുങ്ങം ചില കൊച്ചുപൈതങ്ങം മോദാൽ
ഇപ്രകാരമുള്ളോരോ കാഴ്ചകം വച്ചംകൊണ്ട
തൽപ്രഭാകരനുണ്ണിപ്പൈതലെ വന്ദിക്കുന്നു.

ബ്രഹ്മചാരിണിമാരാം സുന്ദരാംഗികം, ബാലർ
ബ്രഹ്മനാഥന്റെ പാദേ മാലകം ചൂടീടുന്നു.
മാതൃതൻ കരങ്ങളിൽ വാണരുളുന്ന സുതൻ
മൃദുവാം കരങ്ങളാൽ വാഴ്വെ നൽകീടുന്നു.

ആമ്പൽപ്പൂവതിൻമീതെ താമരപൂവെച്ചപോൽ
അംബുധിതാരനാഥ തൻകരേ സുതൻനാഥൻ
താമരമെത്തതന്മേൽ അന്നക്കുഞ്ഞതിൻവണ്ണം
താരസമുദ്ര[1]കൈയിൽ നിദ്രയും മനോഹരം

അന്നൊരുവൃദ്ധ - ശാന്തിയെന്നുള്ളൊരിടച്ചിയും
സുന്ദരീ മാതൃചാരെ ചെന്നുകണ്ടണർത്തിച്ചു
നന്ദനൻ നിന്റെ സുതൻ സകലേശ്വരൻ സ്ഥിതം
ഇങ്ങനെ ദുഃഖാർത്തനായ് വന്നതെന്തയ്യോ നാഥേ.

ഈ വിധത്തിൽ വിവിധങ്ങളായ കാഴ്ചകം നൽകിക്കൊണ്ട്, സൂര്യനെപ്പോലെ ശോഭിയ്ക്കുന്ന ആ ഇളം പൈതലിനെ അവർ വണങ്ങി.

(29_32) സുന്ദരാംഗികളായ കന്യാമണികളും ബാലികാബാലന്മാരും സർവ്വലോക സ്രഷ്ടാവായ അവിടുത്തെ പാദത്തിൽ പുഷ്പമാലകം കാഴ്ചവച്ചു. മാതാവിന്റെ കരങ്ങളിൽ വാണ ഓമൽക്കുമാരൻ തന്റെ മൃദുലമായ കരതളിരിനാൽ അവർക്കെല്ലാം ആശീർവ്വാദം നല്കി.

(33_36) വെള്ളാമ്പൽ പൂവിനുള്ളിൽ ഒരു ചെന്താമരസൂനം വച്ചതുപോലെ സമുദ്രനാഥയായ മാതാവിന്റെ കരങ്ങളിൽ ആ പുത്രൻ വാണരുളി. അവിടുന്ന് സമുദ്രതാരയായ കന്യാമറിയത്തിന്റെ കരങ്ങളിൽ ഉറങ്ങിക്കിടന്നതു് താമരപ്പൂമെത്തയിൽ അരയന്നക്കുഞ്ഞു് എന്നതുപോലെയായിരുന്നു.

(37_40) അന്നു് ശാന്തി എന്ന പേരുള്ള വൃദ്ധയായ ഇടയസ്ത്രീ സുന്ദരിയായ മറിയത്തിന്റെ സമീപമണഞ്ഞു് ഇങ്ങനെ ചോദിച്ചു. 'സർവ്വേശന്റെ പുത്രനും, നിന്റെ ഓമൽക്കുമാരനുമായി സ്ഥിതി ചെയ്യുന്ന ഈ പൈതൽ ഇത്രമേൽ ദുഃഖിതനായിത്തീരുവാൻ കാരണം എന്താണു്?'

---

1 താരസമുദ്ര – സമുദ്രതാരയെന്നുള്ള കന്യകാമാതാവിന്റെ പര്യായം ഇവിടെ ഓർമ്മിക്കുക.

മന്നവർക്കധിപൻ താൻ കൂടസ്ഥപിതാപുത്രൻ[1]
മന്നിലിങ്ങിത്ര മഹാ നിർദ്ധനനായതെന്തേ?
മുഖ്യസേനകളായ വാനവർ ശക്തിശ്രേഷ്ഠർ
സംഖ്യയില്ലാതെ തന്റെ മന്ദിരേയിരിക്കുന്നു.

എന്നൊരു പിതാദേവൻ തന്നുടെ തിരുപുത്രൻ
ഇന്നൊരു തുണയില്ലാതെന്തിതോ, മഹാദുഃഖം
സോമപാദിനി[2] താരമകുടമണി[3] ശ്രേഷ്ഠ
സേനനായകീ മാതാവീവണ്ണമരുൾചെയ്തു.

''തന്നുടെ ശക്തിവശാൽ സാധിപ്പാൻ വശമില്ലാ–
യെന്നുള്ള നൃപന്മാർക്കു സേനസേവകരും ദൃഢം
തന്നാൽ താൻ വശഹീനരായീടും നരന്മാർക്കു
തന്നുടെ ദൂതന്മാരാൽ കാര്യസാദ്ധ്യവും ശുഭം.

സ്വയംഭു സർവ്വേശ്വരൻ സകലസൃഷ്ടിസ്ഥിതി
സ്വമനശ്ശക്തിവശാൽ സകലം സാദ്ധ്യംക്ഷണം

(41–44) രാജാക്കന്മാക്കു് അധിപനല്ലേ ഇദ്ദേഹം? പരമോന്നതനായ പിതാവിന്റെ പുത്രനല്ലേ ഇദ്ദേഹം? പക്ഷേ ഭൂമിയിൽ തീർത്തും ദരിദ്രനായിരിക്കുന്നു. എന്താണിതിനുകാരണം? ശക്തികൊണ്ടു പ്രമുഖരായ സ്വർഗ്ഗസൈന്യാധിപന്മാർ സംഖ്യയിലൊടുങ്ങാത്ത മട്ടിൽ അവിടുത്തെ കൊട്ടാരത്തിൽ കാവൽ നില്ക്കുന്നുണ്ടല്ലോ? അങ്ങയുടെ പിതാവായ ദൈവത്തിന്റെ പരിശുദ്ധനായ പുത്രൻ ഇന്നു് യാതൊരാശ്രയവും ഇല്ലാതെ ഇവിടെക്കഴിയുന്നതു് എത്രയോ ദുഃഖകരമായ കാര്യമാണു്! അപ്പോഴും വാനവസൈന്യത്തിന്റെ നാഥയും ചന്ദ്രക്കലപാദപീഠമാക്കിയവളും നക്ഷത്രമകുടം ശിരസ്സിൽ ചൂടിയവളുമായ കന്യകാമാതാവു് ഇങ്ങനെ അവളോടു് പറഞ്ഞു:

(49–52) സ്വന്തം ശക്തികൊണ്ടു് കാര്യങ്ങളും നിർവഹിക്കാൻ കഴിയാത്ത രാജാക്കന്മാക്കു് സേനകളും സേവകന്മാരും തീർച്ചയായും ആവശ്യമുണ്ടു്. തനിക്കുതന്നെ കാര്യങ്ങളും ചെയ്യാൻ സാദ്ധ്യമല്ലാത്ത മനുഷ്യർക്കു് കാര്യസാദ്ധ്യം ദൂതന്മാർ വഴിയായേ ഉണ്ടാവുകയുള്ളൂ.

(53–56) സ്വയംഭുവായ സർവ്വേശ്വരനു് സകലവും സൃഷ്ടിക്കുന്നതിനും ഭരിച്ചു പരിപാലിക്കുന്നതിനും സ്വന്തം മനശ്ശക്തിയാൽ

---

1 കൂടസ്ഥപിതാ - ഉന്നതനായ (പരമ) പിതാവു്.

2 സോമപാദിനി - ചന്ദ്രനെ പാദപീഠമാക്കിയവളും 3 താരമകുടമണി - നക്ഷത്രത്തെ ചൂഡാരത്നമാക്കിയവളും.

എന്തോന്നു തനിക്കിഷ്ടമെന്നതൊക്കെയുമടൻ
താൻ തന്റെ ചിത്താൽ സാദ്ധ്യം വേറൊരു ദൂതൻവേണ്ട. 56

എന്നു തന്നെയുമല്ല, തന്റെ നീതിയെ പാർപ്പാൻ
മുന്നമേ കലിയുഗം തന്നിലങ്ങറിയിച്ചു.
പിന്നെയും മന്നിൽ നരർ കാമമോഹാഗ്നിവശാൽ
തന്നെ നിന്ദിച്ച ഹേതുവഗ്നിയാൽ ദഹിപ്പിച്ചു. 60

എന്നതിൻ വണ്ണമുള്ള നീതികം മുന്നംകാട്ടി
ഇന്നതൻ ദയാശോഭ കാട്ടുവാനെഴുന്നെള്ളി
നഷ്ടമായ് നരജനം പാപത്താൽ നശിപ്പിച്ച
ശിഷ്ടഭാഗ്യത്തെ തിരിപ്പിപ്പതിനെഴുന്നെള്ളി 64

തനയൻമാർക്കു വന്നവിനാശം തീർപ്പാൻതാതൻ
തനിയേയെഴുന്നെള്ളി സകലം ക്ഷമിപ്പാനായ്'''
ചൊന്നതുകേട്ട ശാന്തി പിന്നെയുമുണർത്തിച്ചു
ഇന്നുമേ മനമതിൽ കുത്തുന്ന മറൊന്നുണ്ട് 68

ക്ഷണനേരംകൊണ്ട് കഴിയും. തനിക്ക് ഇഷ്ടമുള്ളതെല്ലാം തന്റെ ഇച്ഛാശക്തികൊണ്ട് സാധിക്കുന്ന അവിടുത്തേയ്ക്ക് ഏതെങ്കിലും ഒരു ദൂതന്റെ സഹായംപോലും ആവശ്യമില്ല.

(57–60) എന്നു തന്നെയല്ല തന്റെ നീതി നിങ്ങൾ പാത്തിരിക്കുകയെന്ന് കലിയുഗത്തിൽത്തന്നെ അവിടുന്ന് മുന്നറിയിപ്പു നൽകി. എങ്കിലും മനുഷ്യർ കാമക്രോധമോഹങ്ങളാൽ അവിടുത്തെ വീണ്ടും നിന്ദിക്കയാണ് ചെയ്തത്. തന്മൂലം അവരെ ക്രോധാഗ്നികൊണ്ട് ദഹിപ്പിച്ചു.

(61–66) ''ഇങ്ങനെ സർവ്വേശ്വരൻ തന്റെ നീതിയെ മുൻപെല്ലാം വെളിപ്പെടുത്തി. എന്നാൽ ഇന്നു വന്നിട്ടുള്ളത് തന്റെ കാരുണ്യശോഭ മനുഷ്യർക്കു കാണിച്ചുകൊടുക്കുവാനാണ്. പാപത്താൽ മനുഷ്യർ നഷ്ടമാക്കിക്കളഞ്ഞ വിശിഷ്ട ഭാഗ്യത്തെ അവർക്കു തിരിയെ നൽകുന്നതിനത്രേ അവിടുന്ന് എഴുന്നെള്ളി വന്നിട്ടുള്ളത്. മക്കൾക്കു വന്ന നാശം തീർക്കുന്നതിനു താതനായ അവിടുന്ന് തനിയേ നമ്മുടെ മുമ്പിൽ ആഗതനായിരിക്കുന്നു. അവിടുന്ന് സകലതും ക്ഷമിക്കുവാൻ സന്നദ്ധനമായിരിക്കുന്നു.''

(67–76) മറിയം ഇങ്ങനെ പറഞ്ഞതു കേട്ടിട്ട് ശാന്തി എന്ന ആ ഇടയസ്ത്രീ വീണ്ടും ഇപ്രകാരം പറഞ്ഞു. എന്റെ മനസ്സിൽ കുത്തി മുറിവേല്പിക്കുന്ന ഒരു സംശയം ബാക്കി നില്ക്കുന്നു. അല്ലയോ കൃപാ

എന്നുടെ സംശയത്തെത്തീർക്കുവാൻ ദയാനാഥേ
നിന്നുടെ സുതാസ്നേഹാലിന്നതും ചൊന്നീടണം
സർവ്വേശസുതൻ ലോകരക്ഷകൻ വരുന്നേരം
സർവ്വലോകവും തന്നെ ശങ്കിക്കും ഭേദംവിനാ 72

മന്നവർക്കധിപനാം മന്നവൻ ദൈവസുതൻ
തന്നുടെ തിരുമുൻപിൽ വിറ്റും ധരിത്രിയും
എന്നുള്ള വേദവാക്യം സത്യമെന്നതുമുന്നം
എന്നുടെ പിതൃക്കളാൽ കേട്ട ഞാൻ നാരീമണേ. 76

നേരുനിൻ വചനവും കേൾക്കണമെന്നാലിതും
നേരയിവരവു രണ്ടുണ്ടിയാൾക്കിഹലോകെ
മുൻപിനാൽ നരകുലം രക്ഷിപ്പാനെഴുന്നെള്ളും
വൻപിനാൽ ശിക്ഷാരക്ഷാനീതിക്കായ് രണ്ടാമതും 80

ഇപ്പോഴതവൻ തന്റെ ദയയെ പ്രകാശിപ്പി
ച്ചുല്പരാം നരകുല രക്ഷസ്സായെഴുന്നെള്ളി
തന്നുടെ ക്ഷമാകേൾവി[1] പൂട്ടി രണ്ടേരായിട്ട[2]
മിന്നുന്ന തിരുദേഹേ ഉഴുതുരക്തംവാർത്തും 84

പൂർണ്ണയായ മാതാവേ, നിന്റെ പുത്രനോടുള്ള സ്നേഹത്തെപ്രതി എന്റെ സംശയം തീർത്തുതരണം, ലോകരക്ഷകനായ സർവ്വേശ പുത്രൻ വരുന്ന സമയത്തു് സർവലോകവും അവിടുത്തെ ഭയപ്പെടും; തീർച്ച. സ്ത്രീകൾക്കു രത്നമായ മാതാവേ, രാജാക്കൾക്കും രാജാവായ ദൈവപുത്രന്റെ മുമ്പിൽ ഈ ധരാതലം മുഴുവൻ വിറപൂണ്ടു നിലവിക്കും. എന്നിപ്രകാരമുള്ള വേദവാക്യം സത്യമാണെന്നു് മാതാപിതാക്കന്മാർ പറഞ്ഞു് ഞാൻ കേട്ടിരിക്കുന്നുവല്ലോ?

(77-80) ദൈവമാതാവു് അവളോടുപറഞ്ഞു: 'അല്ലയോ ശാന്തീ, നീ പറഞ്ഞ കാര്യം നേരുതന്നെയാണു്. എങ്കിലും നീ ഒരു കാര്യം മനസ്സിലാക്കണം. ദൈവപുത്രനു് ഭൂമിയിലേക്കു് രണ്ടു പ്രാവശ്യത്തെ വരവു് ഉണ്ടു്. ഒന്നാമതു് മനുഷ്യകുലത്തെ രക്ഷിക്കുവാൻ വന്നെത്തും. രണ്ടാമതു് വലിയ ശക്തിമഹത്വങ്ങളോടെ മനുഷ്യനു ശിക്ഷയോ രക്ഷയോ നൽകി നീതി നടത്തുവാനായിട്ടു് അവിടുന്നു് എഴുന്നെള്ളി വരും.

(81-88) ഈ സമയത്തു് അവിടുന്നു് ആഗതനാകുന്നതു് തന്റെ കാരുണ്യത്തെ പ്രദർശിപ്പിക്കുന്നതിനുവേണ്ടിയാണു്. നിസ്സാരന്മാരായ

---

1 കേൾവി - അനുസരണം. 2 രണ്ടേരായിട്ട - ജോടിയായി (കാളയോ പോത്തോ)

ദയാകാരുണ്യമെന്ന വിത്തുകൾ വിതച്ചിട്ട
യഥായോഗ്യങ്ങൾപോലെ വെള്ളമാംവരംനൽകും
ഇങ്ങനെ വളർന്നങ്ങു ഫലിക്കും ധാന്യങ്ങളെ
ഭംഗിയായ്ച്ചേർത്തു തന്റെ മക്കളെപ്പോഷിപ്പിക്കും 88

ഇന്നിതു താൻ കാട്ടാതെ മാനുഷജനംനമ്മൾ
നിന്ദയും ദാരിദ്ര്യാദിദുഃഖവും ക്ഷമിക്കേണം
എന്നുതാൻ കല്പിക്കുകിൽ കേൾക്കുന്ന ജനമേതു
നല്ലൊരുപഴം കയ്യിലെടുത്തുകാട്ടിക്കൊണ്ടു 92

എല്ലാരും സൂക്ഷിക്കണം നഞ്ചിതു[1] കയ്പും ദുഢം
തിന്നുന്ന മനുഷ്യനുപ്പെഴെ ചത്തുവീഴും
എന്നവൻ ചൊല്ലിക്കൊണ്ടു താനതു ഭക്ഷിക്കുകിൽ
ചൊല്ലിയ സത്യം നേരെന്നുറയ്ക്കുന്നവനുണ്ടോ? 96

എന്നപോലല്ല നാഥൻ, തന്നുടെ തിരുദേഹാൽ
ഇന്നിതൊക്കെയും ക്ഷമിച്ചീടുവാനെഴുന്നെള്ളി
തന്നുടെ നീതിശക്തി മുഷ്ക്കരം കാട്ടീടുവാൻ
തൻ തിരുശോഭയോടെ വന്നീടുമൊട്ടക്കത്തിൽ 100

നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു് എഴുന്നെള്ളിവരുന്നു. അവിടുന്നു് തന്റെ ക്ഷമ അനുസരണം എന്നിവയെ രണ്ടുജോഡിയായിട്ടു് കലപ്പയിൽക്കെട്ടി ഒളിമിന്നുന്ന തന്റെ തിരുശ്ശരീരത്തിൽ ഉഴുതുകൊണ്ടു് രക്തം വാർത്തു് ദയ കാരുണ്യം എന്നീ വിത്തുകളെ വിതയ്ക്കുന്നു. ആവശ്യാനുസരണം പ്രസാദവരമാകുന്ന വെള്ളവും നൽകുന്നു. ഇങ്ങനെ വളർന്നു് ഫലം ചൂടുന്ന ധാന്യങ്ങളും തന്റെ മക്കൾക്കു ഭംഗിയായി നൽകി അവരെ പരിപോഷിപ്പിക്കുന്നു. ഇങ്ങനെയാണു് അവിടുന്നു് പ്രവർത്തിക്കുന്നതു്.

(89_96) അവിടുന്നു് അപ്രകാരം സ്വയം ചെയ്യാതെ മനുഷ്യരായ നമ്മൾ ജീവിതത്തിൽ അപമാനവും ദാരിദ്ര്യവും അഭ്യസിക്കണം എന്നു് അവിടുന്നു കല്പിക്കുകയാണെങ്കിൽ അതു് ആരെങ്കിലും കേൾക്കുമോ? നല്ല ഒരു പഴം കാണിച്ചുകൊണ്ടു് ഇതു് വിഷമാണു് കയ്പു് തീർച്ചയായും ഉളവാക്കും ഇതുതിന്നുന്ന മനുഷ്യൻ ഉടനെ മരിച്ചു വീഴും എന്നു പറഞ്ഞുകൊണ്ടു് ഒരാൾ സ്വയം അതു ഭക്ഷിക്കുകയാണെങ്കിൽ അയാൾ പറയുന്നതു് ആരെങ്കിലും അനുസരിക്കുമോ?

(97_100) ''നാഥനായ അവിടുന്നു് അപ്രകാരമല്ല പ്രവർത്തിച്ചിട്ടുള്ളതു്. സ്വന്തം ശരീരത്തിൽ ഈ ദുഃഖമെല്ലാം സഹിക്കുവാനായി അവിടുന്നു് എഴുന്നെള്ളിവന്നിരിക്കുന്നു. അവിടുന്നു് തന്റെ നീതിയും പ്രതാപവും പ്രദർശിപ്പിക്കുവാൻ തന്റെ മഹത്വത്തോടുകൂടി വീണ്ടും ഒരിയ്ക്കൽക്കൂടി ആഗതനാകും.''

---

1 നഞ്ചു്-വിഷം

എന്നതിൻ ചിഹ്നം മുൻപിൽ കാട്ടീടുമാകാശത്തിൽ
മന്നിലുള്ളവരൊക്കെ കണ്ടുടൻ ഭ്രമിച്ചീടും
എത്രയും ഘോരമായ മിന്നലുമിടികളും
ത്രാസം[1] കൊണ്ടു ജനം കാനനമതിൽ പുക്കും

സമുദ്രം കലങ്ങീടും പൊങ്ങിടുമതിൽ ജലം
സരന്ധ്രങ്ങളിൽ[2] നിന്നു സിംഹാദി മൃഗങ്ങളും
പുറപ്പെട്ടങ്ങുമിങ്ങുമോടീടും പരിഭ്രമാൽ
ധരിത്രിയിളകീടും നശിക്കും ഗ്രഹങ്ങളും

ആദിത്യൻ കറുത്തീടും സോമനും ചുമന്നീടും
ആദിയിൽ കാണാത്തുള്ള കാഴ്ചയാൽ നരജനം
മൃഗങ്ങൾ കഴികളിലൊളിപ്പാൻ ശ്രമിച്ചീടും
മൃഗജന്തുക്കളൊക്കെ നഗരി തന്നിൽ പുക്കും

ഇങ്ങനെയുള്ള ബഹുഘോരമാം ഭയത്തിനാൽ
തിങ്ങുന്ന ദുഃഖത്തിനാൽ നിർജ്ജീവർ നരന്മാരും
അപ്പൊഴഗ്നിമഴ വർഷിക്കും, പുറപ്പെടും
അപ്പുവിൽ നിന്നു[3] മഗ്നിയൊഴുകും ജലംപോലെ

(101_104) ആ ദ്വിതീയാഗമനത്തിനുള്ള അടയാളങ്ങൾ അവിടുന്നു് തനിയ്ക്കു മുൻപേ ആകാശത്തിൽ കാണിക്കും. അപ്പോൾ ഈ ഭൂമിയിലുള്ളവരെല്ലാം അതുകണ്ടു് ഭ്രമിക്കും. എത്രയും ഘോരഘോരമായ ഇടിമിന്നലുകൾ ഉണ്ടാകും. ഭയചകിതരായ ആളുകൾ അതുകണ്ടു് കാടുപൂകും.

(105_108) സമുദ്രം കലങ്ങി മറിയും. ജലം ഇളകി ഉയരും. ഗ്രഹകളിൽനിന്നു് സിംഹം തുടങ്ങിയ മൃഗങ്ങൾ പുറപ്പെട്ടു് നാലുപാടും പായും. പരിഭ്രമംകൊണ്ടു് ധരാതലം ഇളകും. ആകാശമാധ്യത്തിലെ ഗ്രഹങ്ങൾ തകർന്നുവീഴും.''

(109_112) സൂര്യൻ ഒരു കരിക്കട്ടയായി മാറും. ചന്ദ്രബിംബം ചുവപ്പുരാശിപൂകും. അന്നോളം കണ്ടിട്ടില്ലാത്ത കാഴ്ചകൾകണ്ടു് മനുഷ്യരും മൃഗങ്ങളും ഗ്രഹകളിലൊളിക്കാൻ ശ്രമിക്കും. പട്ടണത്തിലേയ്ക്കു് ഹിംസ്രജന്തുക്കൾ പാഞ്ഞുവരും.

(113_116) ''ഇങ്ങനെയുള്ള ഭയങ്കരമായ അവസ്ഥയിൽ ലോകം മുഴുവൻ ഭയംകൊണ്ടു് തിങ്ങി നിറയും. മനുഷ്യരെല്ലാം ജീവച്ഛവങ്ങളേപ്പോലെ വിറങ്ങലിച്ചു നില്ക്കും. അപ്പോൾ ആകാശത്തുനിന്നു് അഗ്നി വർഷിക്കപ്പെടും സമുദ്രത്തിൽനിന്നും അഗ്നി ജലംപോലെ ഒഴുകും.''

---

1 ത്രാസം-ഭയം 2 സരന്ധ്രം-ഗ്രഹ 3 അപ്പു-സമുദ്രം, വെള്ളം

അതിനാൽ മനു ജന്മം സകലം മരിച്ചീടും
അതിവേഗത്തോടഴിഞ്ഞൊക്കെയും ഭസ്മമാകും
ഝടുതി സർവ്വേശ്വര കല്പന നിമിത്തമായ്
ത്ഝഷപോഷിത[1] മാംസമാദിയായ് കൂട്ടീടുവാൻ

മുഖ്യരാം ദൈവദൂതർ പുറപ്പെട്ടുടൻ താരാ[2]
ശക്തിയാലുത്തും നാദം കേട്ടീടും ജഗത്തെയെ
മൃതരാം നരജനമൊക്കെയുമെഴുന്നേല്പിൻ
കൃതാകൃതങ്ങൾക്കൊക്കെ[3] തൽഫലം വാങ്ങിപ്പാനായ്

എന്നുള്ള സ്വരത്താലെ സകലമനുഷ്യാത്മം
തന്നുടെ ശരീരത്തോടൊന്നിച്ചു പുറപ്പെടും
കൂട്ടീടുമവർകളെ ജോസപ്പാത്തെന്ന സ്ഥലെ
കാട്ടീടുമപ്പോൾ ശ്രുഭാശ്രുഭങ്ങൾ തൻ ശക്തിയെ

തിരിക്കുമവർകളെയിരു ഭാഗങ്ങളാക്കി
തിരിയുമവർകളും മനസ്സാലുടൻ തന്നെ
നിറുത്തും വലത്തേതിൽ ശ്രുഭഗാമികളെയും
വെറുപ്പ കാട്ടീടുവാൻ ദുഷ്ടരെയിടത്തെതിൽ

(117_126) ''മനുഷ്യരെല്ലാം മരിച്ച വീഴും ഉൽക്കടമായ വേഗത്തിൽ എല്ലാം ഭസ്മമായീ മാറും. പൊട്ടന്നനേ, സർവേശ്വരൻ നൽകുന്ന കല്പന കേട്ട് മത്സ്യങ്ങളാൽ ഭക്ഷിക്കപ്പെട്ട മാംസാദികം ഒരുമിച്ച് കൂട്ടുവാൻ പ്രധാന ദൈവദൂതന്മാർ പുറപ്പെടും. അവർ അത്യുച്ചമായ ശക്തിയാൽ കുഴലൂത്തും. ഈ ലോകത്തിൽ മരണമടഞ്ഞ മനുഷ്യരെ നിങ്ങളെല്ലാവരും എഴുന്നേൽക്കുവിൻ. നിങ്ങൾ സത്കർമ്മങ്ങൾക്കും ദുഷ്കർമ്മങ്ങൾക്കും അനുസൃതമായ പ്രതിഫലം വാങ്ങിയ്ക്കുവിൻ എന്നു അവർ ഉദ്ഘോഷിക്കും. അതുകേട്ട് സകല മനുഷ്യരും തങ്ങളുടെ ആത്മാവോടും ശരീരത്തോടും ഒരുമിച്ച് പുറപ്പെടും.''

(127_132) ''അവരെയെല്ലാം ജോസഫാത്തു് എന്ന താഴ്വരയിൽ ഒരുമിച്ച കൂട്ടും. നന്മയേയും തിന്മയേയും വേർതിരിച്ച കാണിക്കുന്ന അവിടുത്തെ ശക്തി മഹത്വം ആ മനുഷ്യരെയെല്ലാം രണ്ടു ഭാഗമാക്കിത്തിരിക്കും. എന്നല്ല, അവർതന്നെ സ്വമനസ്സാ രണ്ടുഭാഗമായി തിരിഞ്ഞു നില്ക്കും. അവിടുന്നു ശ്രുഭഗാമികളെ വലത്തു വശത്തും വെറുപ്പു കാട്ടാനായി ദുഷ്ടന്മാരെ ഇടത്തുവശത്തും നിറുത്തും.'' (മത്താ. 25: 32_33)

---

1 ത്ഝഷം–മത്സ്യം 2 താരം–അത്യുച്ചമായ

3 കൃതാകൃതങ്ങൾ-ചെയ്തതും ചെയ്യാതിരുന്നതും

അപ്പൊഴതാകാശത്തിൽ നിർമ്മലമേഘം തന്നിൽ
തൽപ്പരൻ നാഥൻ കൊടി ചിഹ്നമാം സ്ത്രീവാകാണും
സേനകൾ സേനാ പതി വീരന്മാർ ദൈവദൂതർ
സീമയില്ലാത്ത ജന ശോഭിത നിരകളും 136

പിന്നാലെ പരാപരൻ കൂടസ്ഥൻ നീതീശ്വരൻ
മിന്നുന്ന മുഖത്തോടെ മേഘത്തിലെഴുന്നെള്ളും
അഹാ ഹാ! മഹാഭയേഘോരഘോരമാം കാഴ്ച
അഹാ ഹാ! മഹാ ദുഃഖം ദുഷ്ടന്മാർക്കയ്യോ ശാപം 140

തന്നുടെ തിരുമുഖച്ഛായയിലാദിത്യൻ പോൽ
മിന്നുന്ന നയനങ്ങൾ തീജ്വാലയെന്നപോലെ
തിരുവായതിൽ നിന്നു നേർവാളിൻ പുറപ്പാടും
തിരുപ്പാദങ്ങൾ മിന്നും പൊന്നിനെ നാണിപ്പിക്കും 144

സൂക്ഷിച്ചു പാർക്കും വിധൗ ആകാശം വിറച്ചീടും
ചക്ഷുസ്സിൽ മറവുള്ള സ്ഥലമില്ലയ്യോ ദുഃഖം
ഇരുഭാഗത്തുമുള്ള നരന്മാർ സർവ്വരുടെ
കരണങ്ങളെ സർവ്വരറിവാൻ പ്രസിദ്ധമാം 148

(133_136) ആ സമയത്തു് ആകാശത്തു് ഒരു വെൺമേഘത്തിൽ ജഗത്പൊരുളായ നാഥന്റെ കൊടിയടയാളമായ കുരിശു് പ്രത്യക്ഷപ്പെടും. സ്വർഗ്ഗീയ സൈന്യങ്ങളും അവയുടെ അധിപന്മാരും അതിരില്ലാതെ സ്വർഗ്ഗവാസികളുടെ കൂട്ടവും കാണപ്പെടും.

(136_140) അനന്തരം പരാപരനും സർവശക്തനും നീതിമാനുമായ നാഥൻ മിന്നിത്തിളങ്ങുന്ന വദനത്തോടെ മേഘത്തേരിൽ എഴുന്നെള്ളിവരും. ആഹ ഹ! ഭയജനകമായ എത്രയോ ഘോരഘോരമായ കാഴ്ചയാണിതു്. അയ്യയ്യോ! എത്രയോ വലിയ ദുഃഖം. ദുഷ്ടന്മാർക്കെല്ലാം ശാപം വന്നിരിക്കുന്നു.

(141_144) അവിടുത്തെ പവിത്രമായ മുഖച്ഛായയിൽ സൂര്യനേപ്പോലെ വിളങ്ങുന്ന കണ്ണുകൾ തീജ്വാലയെന്നപോലെ കാണപ്പെടും. അവിടുത്തെ നാവിൽനിന്നു പുറപ്പെടുന്ന വാക്കുകൾ വാളിനു സമാനമായിരിക്കും. മിന്നിത്തിളങ്ങുന്ന സ്വർണ്ണത്തെ ലജ്ജിപ്പിക്കുന്ന പ്രഭയോടെ അവിടുത്തെ തൃപ്പാദം കാണപ്പെടും.

(145_148) "അവിടുന്നു സൂക്ഷിച്ചു നിരീക്ഷിക്കുമ്പോൾ ആകാശം വിറച്ചു നില്ക്കും. ആ കണ്ണുകൾക്കു മറഞ്ഞിരിക്കാൻ ഇടം യാതൊരുത്തർക്കുമില്ല. ഇരുഭാഗത്തും നില്ക്കുന്ന മനുഷ്യരുടെ കരങ്ങളെല്ലാം സർവർക്കും പ്രസിദ്ധമായിരിക്കും."

അപ്പൊഴതവരവർ ചെയ്തൊരു ദുഷ്ടക്രിയാ
എപ്പേരും പ്രസിദ്ധമായ് ശങ്കിക്കും ദുഷ്ടജനം
നിനവാൽ നിനച്ചതും ജിഹ്വയാൽ പറഞ്ഞതും
തനിവാൽ വായിച്ചതും മറവെന്നിയെ കാണും 152

ഈ ലോകേ പ്രസിദ്ധരായ് നടന്ന ജനമപ്പോഴം
ആലോഭചപലരായ് ലജ്ജിച്ചു വിറച്ചീടും
അന്നേരം നീതീശ്വരൻ അഗ്നിവൽമുഖത്തോടേ
നിന്ദ്യരാം ജനങ്ങളെപ്പാർത്തു താനരുഷംചെയ്യും 156

നോക്കുന്ന നയനങ്ങൾ തീക്കുന്തമെന്നപോലെ
വാക്കതിമൂർച്ചയുള്ള നേർവാളെന്നതു സമം
പാർക്കുന്ന തിരുമുഖം നോക്കുന്നേരം തെല്ലും
പാർക്കുവാൻ വശമുള്ള സൃഷ്ടിയില്ലയ്യോ ഭയം 160

ശിലകളം പൊടിയാക്കി തകർക്കുമിടിപോലെ
ചപലന്മാരെ പാർത്തു കല്പിക്കും നരദേവൻ
ദുഷ്ടരേ, നിന്ദിഹീന മൂഢരേ നിങ്ങൾക്കായി
സൃഷ്ടി നാഥനാം നാമും ദുഷ്ടനായിഹലോകേ. 164

(149_152) ഓരോ വ്യക്തിയും ചെയ്ത ദുഷ്കർമ്മങ്ങളം എല്ലാവർക്കും പ്രസിദ്ധമായിത്തീരും. ദുർജ്ജനങ്ങളം ദുഃഖിതരാകും. മനസ്സിൽ വിചാരിച്ചതും, നാവുകൊണ്ടു പറഞ്ഞതും ധിക്കാരപൂർവ്വം വായിച്ചതും എല്ലാം ഒരു മറവും കൂടാതെ പരസ്യമാക്കപ്പെടും.

(153_156) ഈ ലോകത്തിൽ പ്രസിദ്ധരായി നടന്ന ജനങ്ങളം പ്രലോഭനങ്ങളാൽ ചപല ചിത്തരായിരുന്നുവെന്നതു് പരസ്യമാകെക്കൊണ്ടു് ലജ്ജിക്കയും വിറയ്ക്കുകയും ചെയ്യും. അപ്പോഴം സർവ്വേശ്വരൻ അഗ്നിയുതിർക്കുന്ന മുഖഭാവത്തോടെ നിന്ദ്യരായി നില്ക്കുന്ന ജനങ്ങളെ നോക്കി വിധി പ്രസ്താവിക്കും.

(157_160) അപ്പോഴം സർവ്വേശ്വരന്റെ നയനങ്ങളം തീക്കുന്തങ്ങളെന്നതുപോലെയും, വാക്കുകളം അത്യധികം മൂർച്ചയുള്ള വാളു് എന്നതുപോലെയും ആയിരിക്കും. അവിടത്തെ തിരുമുഖത്തുതെല്ലു നേരം പോലും നോക്കിനില്ക്കുവാൻ കഴിവുള്ള യാതൊരു സൃഷ്ടിയും ഉണ്ടായിരിക്കയില്ല. അയ്യയ്യോ! ഭയങ്കരമായിരിക്കുന്ന ഇതു്.

(161_164) പാറകളം പൊടിച്ചു് തരിപ്പണമാക്കുന്ന ഭയങ്കരമായ ഇടിപോലെ ദുഷ്ടന്മാരെ വീക്ഷിച്ചുകൊണ്ടു് മനുഷ്യപുത്രനായ ദൈവം ഇങ്ങനെ പറയും. 'അല്ലയോ ദുഷ്ടന്മാരെ, നിന്ദിഹീനരേ, മൂഢന്മാരെ, നിങ്ങളെ രക്ഷിക്കാൻ സൃഷ്ടികളുടെ നാഥനായ ഞാൻ ഈലോകത്തിൽ ഏവക്കും പ്രത്യക്ഷനായി.

ജലഗർഭമേഘങ്ങൾ സലിലം വാർക്കും തഥാ
ജഗതിയതിൽ പെയ്തു മമമനോരങ്ങൾ ദൃഢം
സൂക്ഷിപ്പിൻ മമഗാത്രേ നിങ്ങൾക്കായ് ക്ഷമിച്ചോരു
സാക്ഷിപ്പീക്കരങ്ങളിലതിതാ കാണുന്നില്ലേ? 168

അദ്രികൾക്കിടയിൽ നാമീഗിരിമുകളതിൽ
നിദ്രഹീനനായ് കാട്ടി നിങ്ങൾക്കു തപഃകൃത്യം
മാടതിൽ കട്ടി സമം വേസലേം ഗ്രഹയതിൽ
മാടകൾക്കിട[1]യതിൽ നാം പിറന്നവിടത്തിൽ 172

മുപ്പതും മൂന്നും സമാ നിങ്ങൾക്കായ് ഭൂലോകത്തിൽ
എപ്പൈഴമനുഷ്യിച്ചു ദാസനു സമ മഹം
ഗെദസേമ്മനിയതിൽ ധരിത്രീ ശാപം തീർപ്പാൻ
ക്ഷതജം[2] നദിയഥാ ഒഴുക്കിമമദേഹാൽ 176

ചോരനു സമനായി കരങ്ങൾ കെട്ടിമമ
ചാരരാം പ്രിയ ജനം മമസൃഷ്ടികൾ നിങ്ങൾ
ദുഷ്ടരെ കെട്ടിയടിച്ചീടുന്ന തുണതന്മേൽ
ശിഷ്ടനാം മമദേഹമൊക്കെയും ചതച്ചില്ലീ! 180

(165_168) ഘനമുകിൽനിര ജലം വർഷിക്കുന്ന രീതിയിൽ ഈ ലോകത്തിൽ എന്റെ ദാനങ്ങൾ വർഷിച്ചു. നിങ്ങൾ സൂക്ഷിച്ചുനോക്കുക. നിങ്ങൾക്കുവേണ്ടി ക്ഷമിച്ചതിന്റെ സാക്ഷ്യം എന്റെ കൈകളിൽ കാണുന്നില്ലേ?

(169_172) മലകൾക്കിടയിലുള്ള ആ പർവ്വതത്തിന്റെ മുകളിൽ നിദ്രാവിഹീനനായി ഞാൻ നിങ്ങൾക്കു തപസ്സിന്റെ മാതൃക പകർന്നു കാട്ടി. ബേദ്ലേഹം ഗ്രഹയിൽ കന്നുകാലികൾ വസിക്കുന്ന തൊഴുത്തിൽ അവയുടെ കുട്ടിയേപ്പോലെ നിസ്സഹായനായി ഞാൻ പിറന്നു.

(173_176) മുപ്പത്തിമൂന്നുവർഷം നിങ്ങൾക്കുവേണ്ടി ഈലോകത്തിൽ ദാസനേപ്പോലെ ഞാൻ പ്രവർത്തികൾ ചെയ്തു. ഈലോകത്തിന്റെ ശാപം പരിഹരിക്കാൻ ഗത്സേമനിയിൽ വച്ച് എന്റെ ദേഹത്തുനിന്ന് രക്തം ഒരു നദിയുടെ സമാനം ഒഴുക്കി.

(177_180) ഒരു തസ്കരനെന്നപോലെ എന്റെ കരങ്ങൾ ബന്ധിച്ചു. എന്റെ പ്രിയജനമേ, എന്റെ സൃഷ്ടികളായ മക്കളെ, നിങ്ങൾ ചാരന്മാരെപ്പോലെ പെരുമാറിക്കൊണ്ട് എന്നെ ദുഷ്ടന്മാരെ കെട്ടിയിടുന്ന തുണിൽപ്പിടിച്ചു കെട്ടി യാതൊരു തെറ്റും ചെയ്യാത്ത എന്റെ ദേഹമെല്ലാം തല്ലിച്ചതച്ചില്ലയോ?

---

1 കിട – പറം (തൊഴുത്ത്) 2 ക്ഷതജം-രക്തം

നിങ്ങളെ സ്വർഗ്ഗമതിലേറുവാൻ മമതോളിൽ
ഭംഗിയില്ലാത്ത മരം ചുമന്നീഗിരിയേറി
തറച്ചു മമ കരം കാൽകളുമതിൽ ചേർത്തു
മുറിച്ചു മമ നാഡി ഉയർത്തിയതിനോടെ 184

നിറഞ്ഞ ഉച്ചനേരം നിങ്ങൾക്കായ് ഗിരിയുച്ചി
മുറിച്ച ആണികളാൽ നിന്നു ഞാൻ പ്രാർത്ഥിച്ചല്ലോ
മാത്താണ്ഡൻപോലും മമ ദുഃഖം കണ്ടിരുണ്ടു പോയ്
മർത്യരാം നിങ്ങൾക്കിതും തോന്നിയില്ലാഹാ കഷ്ടം! 188

പൊടിഞ്ഞു ശിലകളും മുറിഞ്ഞു തിരശ്ശീല
പൊടിഞ്ഞ കണ്ണും തുറന്നറിഞ്ഞു മമ ദുഃഖം
മരിച്ച ജനത്തിന്റെ കബറും തുറന്നിതാ
മുറിച്ച ദുഷ്ടജനം നിങ്ങൾമേയറിഞ്ഞില്ല. 192

നിന്ദിച്ചുമമനാമം ലംഘിച്ചു സുജ്ഞാനവും
വന്ദിച്ചുദുഷ്ട ശത്രുപ്പിശാചിൻ സേവന്മാരായ്
പോകുവിൻ മമ നേത്രസന്നിധിയകന്നുടൻ
വീഴുവിൻ നരകത്തിൽ ദഹിപ്പിൻ നിത്യകാലം 196

(181–188) നിങ്ങളെ സ്വർഗ്ഗമാകുന്ന മന്ദിരത്തിൽ കയറുന്നതിനു് ഭംഗിയില്ലാത്ത കുരിശുമരം ചുമലിൽ കരേറ്റിക്കൊണ്ടു് ഞാൻ ഗിരിയുടെ മുകളിൽ കയറി. ആ കുരിശിൽ നിങ്ങൾ എന്റെ കാലും കരങ്ങളും തറപ്പിച്ചു. എന്റെ നാഡി ഞരമ്പുകൾ മുറിച്ചു. എന്നിട്ടു് ആ കുരിശോടുകൂടി നിങ്ങളെന്നെ ഉയർത്തി കത്തുന്ന മധ്യാഹ്നവേളയിൽ കുരിശിന്മേൽ ആണികളാൽ മുറിഞ്ഞുനിന്നു് ആ മലമുകളിൽ വച്ചു് നിങ്ങൾക്കുവേണ്ടിയാണല്ലോ ഞാൻ പ്രാർത്ഥിച്ചതു്.

അപ്പോൾ സൂര്യബിംബം എന്റെ ദുഃഖം കണ്ടു് ഇരുണ്ടുപോയി. അത്രയും ദുഃഖംപോലും മനുഷ്യരായ നിങ്ങൾക്കു് തോന്നിയില്ലല്ലോ ഹാ. കഷ്ടം!

(189–192) പാറകൾ തകർന്നു. ദേവാലയതിരശ്ശീല രണ്ടായി പിളർന്നു. പടയാളിയുടെ തകർന്ന കണ്ണു് വിടർന്നു എന്റെ ദുഃഖം അറിഞ്ഞു. പരേതാത്മാക്കളുടെ കല്ലറകൾ തുറന്നു. പാപങ്ങളാൽ എന്നെ മുറിവേല്പിച്ച ദുഷ്ടജനങ്ങളെ, നിങ്ങൾ മാത്രം എന്നെ അറിഞ്ഞില്ലല്ലോ (മർക്കോ 15:38).

(193–196) എന്റെ നാമം നിങ്ങൾ നിന്ദിച്ചു. ഞാൻ നല്കിയ നിയമങ്ങൾ നിങ്ങൾ ലംഘിച്ചു. സേവകരെന്നപോലെ, ദുഷ്ടനായ പിശാചിനെ നിങ്ങൾ വന്ദിച്ചു. എന്റെ കൺമുമ്പിൽനിന്നു് അകന്നു പോകുവിൻ. തീനരകത്തിൽ വീണു് നിത്യകാലം ദഹിക്കുവിൻ.

അയ്യയ്യോ! മഹാദുഃഖമയ്യയ്യോ! മഹാകഷ്ടം!
അയ്യയ്യോ ദുർഭാഗ്യരേ! തീർന്നുപോയെന്നെന്നേയ്ക്കും
കേട്ടുടൻ ദുഷ്ടജനം നഷ്ടത്തെ ദുഷ്ടംയഥാ
ദുഷ്ടിയായട്ടഹസിച്ചലറിവൃഥാഫലം. 200

അയ്യയ്യോ മമതറയേ, യടിയൻ സ്മരിക്കുമ്പോഴും
അയ്യയ്യോ ഭയത്തിനാൽ ഞടുങ്ങുന്നമ്മേ, നാഥെ
ദുഷ്ക്കൃതിനിനച്ചഹം പാക്കുന്നനേരം മഹാ
ഉൾക്കുചമർറം[1] വർദ്ധിക്കുന്നു ഭയത്താൽ വിറയ്ക്കുന്നു 204

മേ പാപം മഹാപാപം മേതാപം വർദ്ധിക്കുന്നു
മേ നാഥേ ശരണം നീയല്ലാതെയില്ലമേ
നിൻതിരുക്കരെയെഴുന്നെള്ളി നിന്നമൃതുണ്ട്
തൻ തിരുത്തല ചായ്ച്ചു സുനിദ്രാ മയങ്ങുന്ന 208

തിരുപ്പുത്രന്റെ തിരുശ്രോത്രത്തിലടിയന്നായ്
തിരുവാമൊഴിഞ്ഞു നീ പ്രാർത്ഥിക്ക മമതായെ
നിൻ തിരുദാസനഹമെന്നു ഞാനറിയാതെ
തൻതിരുവാത്ത[2] നിന്ദിച്ചയ്യയ്യോ മഹാദുഃഖം 212

(197_200) അയ്യയ്യോ! മഹാദുഃഖം! അയ്യയ്യോ മഹാ കഷ്ടം! അയ്യയ്യോ ദുർഭഗരായ മനുഷ്യരെ, എല്ലാം എന്നേയ്ക്കുമായി അവസാനിച്ചിരിക്കുന്നു. ഇങ്ങനെയുള്ള വിധി വാക്യം കേട്ടിട്ട് ഉടനെ തങ്ങളുടെ നഷ്ടം എത്രയധികമെന്നു മനസ്സിലാക്കി അട്ടഹസിച്ച് അലറും. പക്ഷേ അതെല്ലാം നിഷ്ഫലമായിത്തീരും.

(201_204) അയ്യയ്യോ! എന്റെ അമ്മേ, ഈ കാര്യങ്ങളൊക്കെ ഞാൻ സ്മരിക്കുമ്പോഴും ഭയം കൊണ്ട് ഞടുങ്ങിപ്പോകുന്നു. അല്ലയോ നാഥേ, എന്റെ ദുഷ്ക്കർമ്മങ്ങളെക്കുറിച്ച് ഓർക്കുന്ന ഈ നിമിഷത്തിൽ എന്റെ മനോവൈഷമ്യം വർദ്ധിക്കുന്നു. ഞാൻ ഭയംകൊണ്ടു വിറയ്ക്കുന്നു.

(205_212) എന്റെ പാപം വലിയ പാപമാണ്. എന്റെ ദുഃഖം വർദ്ധിക്കുന്നു. അമ്മേ നീയല്ലാതെ എനിക്കൊരു ശരണവുമില്ല. നിന്റെ കരങ്ങളിൽ എഴുന്നെള്ളിയിരിക്കുന്നതു് അമൃതമാണ്. തന്റെ തിരുശിരസ്സ് നിന്റെ മാറിൽ ചായിച്ച് മയങ്ങുന്ന ഓമൽക്കുമാരന്റെ ചെവിയിൽ എനിക്കുവേണ്ടി നീ പ്രാർത്ഥിക്കണമേ. എന്റെ അമ്മേ, നിന്റെ ദാസനാണ് ഞാൻ എന്നതു് ഓർക്കാതെ അവിടുത്തെ സ്നേഹവാത്സല്യത്തെ ഞാൻ നിന്ദിക്കയാണ് ചെയ്തതു്. വലിയ ദുഃഖത്തിനു് ഇതു് നിദാനമായിരിക്കുന്നു.

---

1 ഉൾക്കുചമർറം – മനോവൈഷമ്യം 2 തിരുവാത്ത – സുവിശേഷം

തൻതിരുവാക്യത്തിനാൽ ശാന്തിയെ ഗ്രഹിപ്പിച്ച
തൻ തിരുവരവിനെയോർത്തു ഞാൻ ക്ലേശിക്കുന്നു
ആ നേരം മമനാഥേ നീയുമത്തിരുമുൻപിൽ
തൻതിരുമാതാവായിയെഴുന്നെള്ളീടും ദൃഢം. 216

ഇരിക്കും തൻറെ തിരുവലത്തുഭാഗേനീയും
ഇരുത്തും വിധിപ്പാനായ് ത്രൈലോക്യരാജ്ഞിനിന്നെ
അടിയനതുനേരം തിരുവാസനമടി[1]
യിടയിലൊതുങ്ങുവാനരുളീടണം. നാഥേ! 220

നിന്നുടെ മടിയിലീ പുഞ്ചിരികാട്ടും നാഥൻ
തന്നുടെ മുഖം ക്രൂരഭാവമായ് പകരുമ്പോഴും
നിന്നുടെ സിംഹാസനമറവാലടിയൻറെ
ചിമ്മിന്ന[2] കണ്ണുകളെ മറച്ചീടണം തായേ. 224

സ്നേഹമായ് നിന്നെപ്പാർത്തു സൂക്ഷിക്കും തൃക്കണ്ണുകൾ
കോപമായഗ്നിപ്പൊരി വീഴുന്ന സമയത്തിൽ
തീക്കനൽപോലെ കത്തും കോപാഗ്നി തടുക്കുവാൻ
ത്രിലോകനാഥേ തവ കാപ്പയാൽ മറയ്ക്കുമാം. 228

(213_218) തിരുവാക്യം കൊണ്ട് ശാന്തി എന്ന ഇടയസ്ത്രീയെ ഗ്രഹിപ്പിച്ച അവിടുത്തെ രണ്ടാമത്തെ ആഗമനമോർത്ത് ഞാൻ ദുഃഖിതനായിരിക്കുന്നു. ആ സമയത്ത് അല്പയോ എൻറെ മാതാവേ, നീയും അവിടുത്തെ തിരുമുമ്പിൽ തിരുമാതാവായി എഴുന്നെള്ളുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു

(219_220) അവിടുത്തെ വലത്തുഭാഗത്തും നീയും ആസനസ്ഥയാകും. ത്രിലോകരാജ്ഞിയായ നിന്നെ വിധി പറയുവാനായി അവിടുന്ന് ഇരുത്തും. നാഥേ, അപ്പോൾ എനിക്ക് നിൻറെ മടിയായിക്കത്തുന്ന ഇരിപ്പിടത്തിൻറെ അടിയിൽ ഒതുങ്ങിയിരിക്കുന്നതിനുള്ള അനുഗ്രഹം തരേണമേ.

(221_224) നിൻറെ മടിയിലിരുന്ന് പുഞ്ചിരി പൊഴിക്കുന്ന നാഥൻറെ മുഖം ക്രൂരഭാവമായി പകരുമ്പോഴും, അമ്മേ നിൻറെ സിംഹാസനത്തിൻറെ മറവിൽ എൻറെ ചിമ്മുന്ന കണ്ണുകളെ മറച്ചീടണമേ.

(225_228) സ്നേഹത്തോടെ നിന്നെ നോക്കുന്ന തൃക്കണ്ണുകൾ കോപം പകർന്ന് അഗ്നികണങ്ങൾ പടർത്തുമ്പോഴും തീക്കനൽപോലെ കത്തുന്ന അവിടുത്തെ കോപാഗ്നി തടയുന്നതിന് ത്രിലോകനാഥയായ അമ്മേ, നിൻറെ ഉത്തരീയംകൊണ്ട് എന്നെ മറയ്ക്കണമേ.

---

1 ആസനമടി - മടിയായി കത്തുന്ന ഇരിപ്പിടം 2 ചിമ്മിന്നി – ചിമ്മുന്ന

ദുഷ്ടരെ പാർത്തു കല്പിച്ചീടുന്ന ശാപവിധി
ശിഷ്ടദാസനാമെന്നെ കേൾപ്പിച്ചീടല്വേനാഥേ
ഇന്നുനാം വരെയുള്ള എന്നുടെ പാപകൃഷ്ടം
ഇന്നു ഞാൻ ദ്വേഷിച്ചുറച്ചേറവും ഖേദിക്കുന്നു

എന്നുടെ പാപം പൊറുത്തെന്നു ഞാനുറപ്പാനായ്
നിന്നുടെ തിരുപ്പുത്രൻ സന്നിധൗ വഴങ്ങുന്നേൻ
ദുഷ്ടരെ ശാസിച്ചുടൻ വലത്തു ഭാഗേ നോക്കി
ശിഷ്ടരെ തൃക്കൺപാർത്തു കല്പിക്കും മഹാസ്നേഹാൽ

എന്നുടെ തിരുവാത്മകേട്ടതിൻ വണ്ണംനിങ്കം
മന്നിലെ സുഖമൊക്കെ ത്യജിച്ചു തള്ളിക്കൊണ്ടു
നിങ്കൾക്കു തന്ന കട്ടിവരങ്കം സൂക്ഷത്തോടേ
തിങ്ങിന സന്താപങ്കം സഹിച്ചു വർദ്ധിപ്പിച്ചു.

വിശന്നും ദാഹിച്ചും ഞാൻ നടന്നനേരം നിങ്കം
വലഞ്ഞ മമ ദാഹം തീർത്തുമേ പോഷിപ്പിച്ചു
നഗ്നനായെന്നെക്കണ്ടനേരത്തു നിങ്കം മമ
നഗ്നത തീർത്തുതന്നു വസ്ത്രത്താൽ പുതപ്പിച്ചു.

(229_232) ദുഷ്ടന്മാരെ നോക്കി ഉച്ചരിക്കുന്ന ശാപവിധി ശിഷ്ടദാസനായ എന്നെ എന്റെ അമ്മേ കേൾപ്പിക്കരുതേ. ഇന്നുവരെ ഞാൻ ചെയ്തുപോയ കഷ്ടതരമായ പാപങ്ങളെ ഞാൻ അതിയായി ദ്വേഷിക്കയും അവയെ ഓർത്തു ഖേദിക്കുകയും ചെയ്യുന്നു.

(233_240) എന്റെ പാപങ്ങളെല്ലാം അവിടുന്നു ക്ഷമിച്ചു എന്ന കാര്യത്തിൽ എനിക്കുറപ്പു കിട്ടാൻ അല്ലയോ നാഥേ, അങ്ങേ തിരുപ്പുത്രന്റെ സന്നിധിയിൽ ഞാൻ കുമ്പിടുന്നു. ദുഷ്ടന്മാരെ ശാസിച്ചതിന്റെ ശേഷം വലത്തുഭാഗത്തുള്ള ശിഷ്ടരെ അവിടുന്നു അത്യധികമായ സ്നേഹത്തോടെ തൃക്കൺപാർത്തു ഇങ്ങനെ കല്പിക്കും:

എന്റെ സുവിശേഷം ഗ്രഹിച്ചു അതനുസരിച്ചു നിങ്കം ലോകസുഖങ്ങളെല്ലാം ത്യജിച്ചു വന്നല്ലോ. നിങ്കൾക്കു ഞാൻ നൽകിയ വിലയേറിയ വരദാനങ്കം നിങ്കം വലിയ ശ്രദ്ധയോടെ സൂക്ഷിക്കയും, വളരെ ക്ലേശങ്കം സഹിച്ചുകൊണ്ടു അവയെ വർദ്ധിപ്പിക്കയും ചെയ്തു. (ലൂക്കാ. 19:11_27)

(241_244) വിശന്നും ദാഹിച്ചും നടന്ന എന്റെ ദാഹവും വിശപ്പും തീർത്തു നിങ്ങളെന്നെ പരിപോഷിപ്പിച്ചു. എന്നെ നിങ്കം നഗ്നനായി കണ്ടപ്പോൾ എന്റെ നഗ്നതമറയ്ക്കുവാൻ വസ്ത്രം നിങ്കംതന്നു.

അന്യനായ് നിങ്ങളം ദേശേ നടന്ന സമയത്തിൽ
മാന്യമായ് കൈക്കൊണ്ടെന്നെ കേതവും നൽകീ ശുഭം
രോഗിയായ് വലഞ്ഞു ഞാൻ കാരാഗൃഹിയുമായി
ആരോഗ്യം വരുത്തുവാൻ സഹായിച്ചഹോ നിങ്ങളം

ഇച്ചെയ്ത വൃത്തിക്കിതായെന്നെന്നും മമ വീട്ടിൽ
തൽപിന്തയൊന്നും വിനാ, തോഷിപ്പിൻ നിരന്തരം
എന്നുള്ള തിരുവാക്കു തേൻ തുള്ളിയതിൻ സമം
കേട്ടുള്ളം തെളിഞ്ഞവർ സംപൂർണ്ണസന്തോഷമാം

അപ്പൊഴതവരുടെ ശുദ്ധമാം ശരീരങ്ങളം
മുപ്പൊഴതി[1]നെ തോല്പിച്ചീടുന്ന രശ്മിവീശും
ദുഷ്ടരെ ശപിച്ചിടും ധരിത്രി തുറന്നവർ
കഷ്ടാശുപികളോടെ യൊന്നിച്ചു മറയുമ്പോളം

തന്നുടെ സ്നേഹപാത്രമൊന്നിച്ചു മോക്ഷാലയേ
തന്നോടുകൂടെ വാഴ്വാൻ പുക്കിടും നിത്യകാലേ

(244-248) ഞാൻ പരദേശിയായി നടന്നപ്പോളം നിങ്ങളം എന്നെ മാന്യതയോടെ സ്വീകരിച്ചു എനിക്കു താമസസ്ഥലം തന്നു മംഗളം വരുത്തി. ഞാൻ രോഗിയായി വലഞ്ഞും കാരാഗൃഹവാസിയായി കഷ്ടപ്പെട്ടും കഴിഞ്ഞു, അപ്പോളം എനിക്കു ആരോഗ്യം പ്രദാനം ചെയ്വാൻ നിങ്ങളം സഹായിച്ചുവല്ലോ.

(249-252) ഇങ്ങനെ നിങ്ങളം ചെയ്ത സൽക്കർമ്മങ്ങളംകൊണ്ടു എന്റെ മന്ദിരത്തിൽ ദുഃഖമില്ലാതെ നിത്യവും സന്തോഷത്തോടെ വസിക്കുവിൻ. തേൻതുള്ളിയുടെ സമമായ ഈ വാക്കുകളം കേട്ടു ഹൃദയം തെളിഞ്ഞു അവർ പൂർണ്ണസന്തോഷം കൈവരിക്കും. (മത്താ. 25:31-40)

(253-258) ആ സമയത്തു അവരുടെ പവിത്രമായ ശരീരങ്ങളം സൂര്യനേക്കാളം പ്രകാശം പൊഴിയുന്ന രശ്മികളം പുറപ്പെടുവിക്കും. നാഥൻ അപ്പോളം ദുഷ്ടന്മാരെ ശപിക്കും. ഭൂമി തുറന്നു കഷ്ടാശുപികളൊത്തു അവർ മറയുമ്പോളം അവിടുന്നു തന്റെ സ്നേഹത്തിനു പാത്രമായ നല്ലവരോടൊരുമിച്ചു മോക്ഷമാകുന്ന വസതിയിൽ നിത്യകാലം വാഴുവാൻ പ്രവേശിക്കും.

---

1 മുപ്പൊഴതു-സൂര്യൻ

ഈ വണ്ണമുള്ള വരവിതല്ലെന്നറിക നീ
അവ്വണ്ണമുള്ള തന്റെ മഹിമ ദയയാക്കി

കരുണകാട്ടിത്തന്റെ ജനത്തെ രക്ഷിപ്പാനായ്
കരുണാനാഥൻ തന്റെ പ്രഥമവരവിതാ
കേട്ടൊരു ശാന്തി തന്റെ കൂട്ടരും ദിനേദിനേ
കൂട്ടമായ് വന്നു ശ്രേഷ്ഠനാഥനെയാരാധിച്ചു.

അഷ്ടമീദിനേ രാത്രൌ അദ്ഭിശി സമസ്തവും
എട്ടുദിക്കുകും മഹാ പ്രകാശം കാണപ്പെട്ടു
രാത്രി പാതിയും കഴിഞ്ഞന്നൊരു നേരത്തിങ്കൽ
ധാത്രീപാലകൻ[1] സേനാ സഹസ്രഗണം ദൂതൻ

സുവർണ്ണവണ്ണംപെറും വസ്ത്രങ്ങളണിഞ്ഞവർ
സുവർണ്ണംകൊണ്ടു മാർവ്[2] മഴകിൽ ശോഭിപ്പിച്ചു
സുവർണ്ണം മാറേറുന്ന പൊന്നിനാൽ മാർവിൽവൃത്തം
സുവർണ്ണമഷിയതാൽ ലിഖിതം തിരുനാമം

അവർക്കു സേനാപതിയിരുവരൊത്തുചേർന്നു
സ്വർഗ്ഗം തന്നിൽ മുഖ്യർ മിഖായേൽ ഗൗറിയേലും
ഇരുവർ കിരീടങ്ങളും ലിഖിതമിതുതന്നെ
ഇരുപാരിലുമിതിൽ പ്രകാശം വീശീടുന്നു.

(259–264) ഇത്തരത്തിലുള്ള അവിടത്തെ വരവ് ഇതല്ല എന്നു നീ മനസ്സിലാക്കുക. അത്തരത്തിലുള്ള തന്റെ പ്രതാപം ഇപ്പോൾ ദയയാക്കി മാറിക്കൊണ്ട് അനുകമ്പാപൂർവ്വം സ്വന്തം ജനത്തെ രക്ഷിക്കാൻവേണ്ടി അവിടുന്നു നടത്തുന്ന ഒന്നാമത്തെ ആഗമനം ആണ് ഇതു്. ഇതെല്ലാം കേട്ട ശാന്തിയും കൂട്ടരായ ആട്ടിടയരും ദിനന്തോറും കൂട്ടം ചേർന്നു വന്നു് ശ്രേഷ്ഠനായ നാഥനെ ആരാധിച്ചു.

(265–276) എട്ടാമത്തെ ദിവസം ആ പ്രദേശത്തു് എട്ടു ദിക്കിലും വലിയ പ്രകാശം കാണപ്പെട്ടു. പാതിരാത്രിയായപ്പോൾ ലോകരക്ഷകനായ ദൈവത്തിന്റെ സഹസ്രക്കണക്കിനു് ദൂതന്മാർ സ്വർണ്ണവർണ്ണമുള്ള വസ്ത്രങ്ങൾ അണിഞ്ഞും, മാറിടത്തിൽ സ്വർണ്ണച്ചട്ട ഭംഗിയോടെ ധരിച്ചും മാറേറുന്ന തങ്കംകൊണ്ടുള്ള വൃത്താകാരമായ തകിടു് ഹൃദയഭാഗത്തു് പിടിപ്പിച്ചും തിരുനാമം സുവർണ്ണലിപികളാൽ എഴുതിയും പ്രത്യക്ഷരായി സ്വർഗ്ഗത്തിലെ മുഖ്യദൂതരും സേനാനായകന്മാരുമായ മിഖായേലും ഗൗറിയേലും തങ്ങളുടെ കിരീടങ്ങളിൽ തിരുനാമം മുദ്രിതമാക്കിയും സ്വർഗ്ഗത്തിലും ഭൂമിയിലും പ്രകാശം ചൊരിഞ്ഞും പ്രത്യക്ഷപ്പെട്ടു.

---

1 ധാത്രീപാലകൻ- ദൈവമെന്നു് അർത്ഥകല്പന.
2 മാർവ്-ഹൃദയഭാഗം (മാറിടം)

ഇങ്ങനെയുള്ള ശോഭോസേനകം നിരനിര
ഭംഗിയായണിയിരുപേർ നടുവതിൽ
സുമുക്ത[1] പ്രവാളങ്ങം വൈരം വൈഡൂര്യം നല്ല
സുവർണ്ണശ്രീരോമണി ഗോമേദപുഷ്യരാഗം 280

ഒക്കെയും നാണിപ്പിച്ചു വിളങ്ങും ശിരോരത്നം
ഓക്കുന്നവക്കു രക്ഷ ഈശോയീത്തിരുനാമം
ഈവണ്ണമിരുനേരം കൂട്ടമായ് പൈതൽ മുൻപിൽ
വരവർണ്ണരാം ശ്രേഷ്ഠരിരുവർ നാമംകൊണ്ടും 284

ഇങ്ങനെവന്നു പുക്കുമന്ദിരേ പിതൃക്കടെ
മുമ്പിൽവന്നാരാധിച്ചു കുമ്പിട്ട പാദേ നാഥൻ
ഉന്നതന്മാരാം ശ്രേഷ്ടദൂതന്മാരിരുവരും
മന്നിലെ മനുഷ്യരെ രക്ഷിക്കുതിനാലേ 288

ഉന്നതൻ പിതാസുതൻ നരദൈവമാമിയാം
ഉന്നതകീത്തിപൊങ്ങും ഈശോ നാമമാഖ്യതേ
എന്നവരുണർത്തിച്ചു നേരത്തങ്ങെല്ലാവരും
വന്ദിച്ചുകേംപ്പിച്ചുടൻ വീണാദിഗാനഗീതം 292

(277-286) ഇപ്രകാരത്തിലുള്ള പ്രകാശവാന്മാരായ വാനവസേന നിരനിരയായി വന്നു. അണിഅണിയായി രണ്ടുനിര നിന്നു. അവരുടെ നടുവിൽ നല്ലമുത്തു്, പവിഴങ്ങം, വൈരം, വൈഡൂര്യം, സുവർണ്ണശിരോമണിയായ ഗോമേദകംപുഷ്യരാഗം എന്നിവയെല്ലാം നാണിപ്പിക്കുന്ന ശിരോരത്നമായിട്ടുള്ളതും ഓക്കുന്നവക്കു രക്ഷപകരുന്നതുമായ ഈശോയെന്ന തിരുനാമം, ഇരുഭാഗത്തും അണിനിന്നവരുടെ ശ്രേഷ്ഠന്മാരായ മിഖായേലും ഗൗറിയേലും ചേന്നു് ആ പൈതലിനു നൽകി. ഇപ്രകാരം വന്നു് അവർ ആ മന്ദിരത്തിൽ പ്രവേശിച്ചു് മാതാപിതാക്കളുടെ മുമ്പിൽ വച്ചു് നാഥന്റെ പാദത്തിൽ കുമ്പിട്ട ആരാധിച്ചു.

(287-292) ഉന്നതന്മാരായ ദൈവദൂതന്മാർ രണ്ടുപേരും വന്നു് ഉന്നതനായ പിതാവിന്റെ സുതനായ നരദൈവം ഇദ്ദേഹമാകുന്നു. മന്നിൽ മനുഷ്യരെയെല്ലാം രക്ഷിക്കാൻ ആഗതനായിരിക്കുന്നു. ഈശോ എന്ന നാമത്തിനു് ഉന്നതമായ കീത്തി ഉണ്ടായിരിക്കും. എന്നു് ഉദ്ഘോഷിച്ചു. അപ്പോഴം വീണകം മുതലായവയിൽ ഗീതങ്ങം ഉയത്തിക്കൊണ്ടു് എല്ലാവരും ചേന്നു് ഉണ്ണിയെ വന്ദിച്ചു.

---

1 സമുക്തം-നല്ല മുത്തു് (നവരത്നങ്ങളെ സൂചിപ്പിക്കുന്നു)

ജഗത്രാതാവിൻ നാമം കേട്ടടൻ ജഗത്രയേ
ജയസന്തോഷം പാടിത്തെളിഞ്ഞു മോക്ഷാലയേ
ക്ഷിതിപാലന നാഥൻ തിരുനാമം കേംവിയാൽ
ക്ഷിതിയിൽ നിശനേരം വിളങ്ങി നട്ടച്ചപോൽ 293

നരശത്രുവിൻ ബലംകെട്ടത്തും നാമത്തിനാൽ
നരകപിശാചുക്കൾം ഭയന്നുവിറച്ചുടൻ
വാടാത്ത മലർക്കൊടി വീരനാം പുണ്യൻതാനും
പാദസോമനീ താരാധാരിണിപത്നീസഹ 300

നന്ദിച്ചു തിരുനാമം ഭക്തിയാൽ ചൊന്നശേഷം
വന്ദിച്ചുകുമ്പിട്ടതൻ ജനരക്ഷിതാപാദെ
ദിനകരുദിച്ചുശോഭിച്ചതിൻ[1] ശേഷത്തിങ്കൽ
ജനകനാഥൻ തന്റെ കല്പനതികപ്പാനായ് 304

ദേവശ്രുശ്രൂഷകനെ[2] വരുത്തി വിധിയഥാ
ചേലാകർമ്മവും[3] ചെയ്തു വേദനയെന്നാകിലും
രക്ഷിതാവെന്നനാമമപ്പൊഴെ കാട്ടിത്തന്റെ
രക്തവും ചിന്തിക്കുഞ്ഞിപ്പൈതൽ താനച്ചാരമായ് 308

(293_296) ലോകരക്ഷകന്റെ നാമം ഉച്ചരിക്കുന്നതുകേട്ട് മൂന്നു ലോകത്തിലും വിജയത്തിന്റെ അലകളുണർന്നു. സ്വർഗമന്ദിരത്തിൽ ഗാനങ്ങളും ഉയർന്നു കേട്ടു. ഭൂലോകനാഥന്റെ പരിശുദ്ധമായ നാമശ്രവണമാത്രയിൽ ഇരുട്ടു നിറഞ്ഞ രാത്രി മധ്യാഹ്നം പോലെ വിളങ്ങി പ്രശോഭിച്ചു.

(297_302) നരശത്രുവായ പിശാചിന്റെ ശക്തി നിഹനിക്കുന്ന നാമം കേട്ട് തൽക്ഷണം നരകപിശാചുക്കളും ഭയന്നുവിറച്ചു. വാടാത്ത പുഷ്പമുള്ള ദണ്ഡു കൈയിലേന്തി ശ്രേഷ്ഠനായ യൗസേപ്പ് പുണ്യപിതാവു് ചന്ദ്രക്കലാധാരിയും, നക്ഷത്രമാല ചൂടിയവളുമായ സ്വപത്നിയോടുകൂടി ആനന്ദപൂർവ്വം പുത്രന്റെ തിരുനാമം വിളിച്ചശേഷം തങ്ങളുടെ രക്ഷിതാവിന്റെ പാദതാരിൽ കുമ്പിട്ടു.

(303_308) ശോഭയോടെ സൂര്യൻ ഉദിച്ചതിനു ശേഷം പിതാവായ ദൈവത്തിന്റെ കല്പന നിറവേറ്റുന്നതിനുവേണ്ടി പുരോഹിതനെ വരുത്തി യഥാവിധി ചേലാ കർമ്മം നടത്തി. ഏറെ വേദന അനുഭവിച്ചുവെങ്കിലും ആ കുഞ്ഞിപ്പൈതൽ തന്റെ രക്ഷാകർമ്മത്തിനു് അച്ചാരമായി രക്തം ചിന്തിക്കൊണ്ടു് രക്ഷിതാവു് എന്ന നാമത്തിന്റെ അർത്ഥം എല്ലാവർക്കും കാണിച്ചുകൊടുത്തു.

---

1 ദിനകൻ - സൂര്യൻ (ദിനകരൻ)

2 ദേവശ്രുശ്രൂഷകൻ - പുരോഹിതൻ 3 ചേലാകർമ്മം – ഛേദനാചാരം

അയ്യയ്യോ മമ നാഥാ നിർമ്മല! പുഷ്പാമലാ!
അയ്യയ്യോയിപ്പോഴംതന്നെ കാട്ടിയോ നിന്റെ കൃപ
പുഷ്പമുല്ലയ്ക്ക സമം നിർമ്മല ശരീരമേ
അല്പമായൊരു മൂർച്ചയെത്രയൊ ദുഃഖം ദുഢം. 312

ദാസനാമടിയനെ ചാരെയങ്ങിരുത്തുവാൻ
ദാസനായ് നാഥാ നീയുമിതഥമതിയല്ലീ?
നിന്നുടെ പാദചർമ്മമുദുത്വം സൂക്ഷിക്കുമ്പോഴം
എന്നുടെ കണ്ണിൻമണി എന്നതിൽ മൃദുത്വമേ 316

ഇന്നതിൽ മൃദുത്വമാം കുഞ്ഞിപ്പൈതലായ നിൻ
സുന്ദര തിരുമേനിയെത്രയോ മൃദുത്വമാം
പൈതൽ പ്രായത്തിൽ സഹിച്ചീടുന്ന ദുഃഖങ്ങളെ
ബോധഹീനത്താലതിൽ ശോകങ്ങളറിവില്ല. 320

നിനക്കോഗുണാംബുധേ സകലബോധാത്മാവേ
ജനിച്ചക്ഷണം തന്നെയറിവിൻ സമൃദ്ധിയും
നിറഞ്ഞുബോധത്തിനാലറിഞ്ഞു സമസ്തവും
മുറിഞ്ഞൊരീനേരത്തിലതിനാലെത്ര ദുഃഖം 324

(309-312) അയ്യോ! എന്റെ നാഥാ, നിർമ്മലനായവനേ, പുഷ്പംപോലെ മാലിന്യമില്ലാത്തവനേ, അയ്യയ്യോ നീ ഇപ്പോഴത്തന്നെ നിന്റെ കാരുണ്യം കാണിച്ചുതുടങ്ങിയോ? മുല്ലപ്പൂവിനു സമാനമായ നിന്റെ നിർമ്മലമേനിയ്ക്ക് നിസ്സാരമായ മുറിവുപോലും തീർച്ചയായും അങ്ങേയ്ക്ക് എത്രയോ ദുഃഖം വരുത്തുന്നതാണ്.

(313-316) ദാസനായ എന്നെ നിന്റെ അടുത്തിരുത്തുവാൻ നീ ദാസനായി ഇവിടെ പ്രവർത്തിച്ചതു മാത്രം മതിയായിരിക്കുന്നുവല്ലോ?

നിന്റെ പാദത്തിലെ ചർമ്മം നിരീക്ഷിക്കുകയിൽ അതു് എന്റെ കണ്ണിന്റെ കൃഷ്ണമണിയേക്കാളും മൃദുലമായിരിക്കുന്നുവെന്നു മനസ്സിലാക്കുന്നു.

(317-320) ഇന്നു് ഏറ്റവും മൃദുത്വമാർന്ന ഇളംപൈതലായ നിന്റെ ശരീരം ഏറ്റവും തരളമാണു് എന്നു് ഞാൻ അറിയുന്നു. നിന്റെ ഈ ശിശുപ്രായത്തിൽ സഹിക്കുന്ന ദുഃഖങ്ങളും എത്രമാത്രമാണു്. ബോധമില്ലാത്തവനായ ഞാൻ നിന്റെ വ്യസനങ്ങളും അറിയുന്നില്ല എന്നതാണു് സത്യം.

(321-324) ഗുണസമുദ്രമായവനേ ജ്ഞാനപ്പൊരുളെ, ജനിച്ചക്ഷണം മുതൽ സകല അറിവും നിനക്കുണ്ടായിരിക്കുന്നുവല്ലോ. സമസ്തവും നീ ബോധംകൊണ്ടു് അറിഞ്ഞിരിക്കുന്നു എന്നതു കൊണ്ടാണല്ലോ അങ്ങു് ഏറ്റവും ദുഃഖിതനായിരിക്കുന്നതു്.

എങ്കിലും പൈതൽസമമെന്നതിൻവണ്ണംതന്നെ
കൺകളും നിറഞ്ഞയ്യൊ കവിളിലശ്രുവാർത്തു
അയ്യയ്യോ മമനാഥ അയ്യയ്യോ മമസ്നേഹം
അയ്യയ്യോ മമ പാപം കാരണമിതിന്നയ്യോ 328

കണ്ടുനില്ക്കുന്ന നാഥൻതന്നുടെ കണ്ണുംചങ്കും
കണ്ടിച്ചു മുറിഞ്ഞയ്യൊ ഒഴുകി നദിയഥാ,
മാതൃതൻ ക്ലേശം സുതദുഃഖവും മുറിവതും
താതനാം താനും കണ്ടു ദുഃഖാബ്ധൗമുങ്ങീദ്ധ്രുവം 332

നാഥനേ പരാപരനായകാശരണമേ
ദാസനാമടിയന്റെ രക്ഷയ്ക്കുച്ചാരമിതായ്
പുഞ്ചിരികാട്ടിത്തന്റെ മാതരംതോഷിപ്പിക്കും
തൻതിരുവധരങ്കം ചുവന്നുചുളിഞ്ഞയ്യോ 336

സൂക്ഷിക്കുംവിധൗ സ്നേഹം ജ്വലിപ്പിച്ചിടും തന്റെ
അക്ഷികൾ രണ്ടുമിപ്പോളടച്ചു ദുഃഖാലയ്യോ
ധവളക്കുമിളവൽ[1] ത്തുടിച്ചു ശോഭിക്കുന്ന
കവിളുരണ്ടുമിപ്പോൾ പിറയ്ക്കുന്നയ്യൊ ദുഃഖാൽ 340

(825-329) എങ്കിലും ഒരു പൈതൽ എന്ന വിധത്തിൽ നിന്റെ കണ്ണുകൾ നിറഞ്ഞിരിയ്ക്കുന്നു. കവിൾ കണ്ണീരിൽ മുങ്ങി നില്ക്കുന്നു. അയ്യയ്യോ! എന്റെ നാഥാ, അയ്യയ്യോ! എന്റെ സ്നേഹമേ, അയ്യയ്യോ, പാപങ്ങൾ ഇതിനെല്ലാം കാരണമായിരിക്കുന്നുവല്ലോ.

(329-332) നാഥനെ നോക്കി നില്ക്കുന്ന മാതാവിന്റെ കണ്ണും ഹൃദയവും വെട്ടിമുറിച്ച് കണ്ണീരും രക്തവും നദിക്കു സമാനം ഒഴുക്കിയിരിക്കുന്നു. മാതാവിന്റെ ക്ലേശവും സുതനെക്കുറിച്ചുള്ള ദുഃഖവും മുറിവുകളും വളർത്തുപിതാവായ യൗസേപ്പു കണ്ടിട്ട് അദ്ദേഹം നിശ്ചയമായും ദുഃഖസമുദ്രത്തിൽ മുങ്ങിയിട്ടുണ്ട്.

(333-336) നാഥാ, പരാപരനായക, എന്റെ ശരണമേ, ദാസനായ എന്റെ രക്ഷയ്ക്കുവേണ്ടി അച്ചാരമായിട്ട് വന്ന നീ പുഞ്ചിരികാട്ടി സ്വമാതാവിനെ സന്തോഷിപ്പിക്കുന്നു. ഹാ, നിന്റെ അധരങ്ങൾ ചുവന്നു ചുളിഞ്ഞു കാണപ്പെടുന്നുവല്ലോ?

(337-340) സൂക്ഷിച്ചു നോക്കുക. ഹാ അവിടുത്തെ സ്നേഹം ജ്വലിപ്പിക്കുന്ന കണ്ണുകൾ രണ്ടും ദുഃഖംകൊണ്ട് അടഞ്ഞു കഴിഞ്ഞു. വെൺകുമിളകൾ പോലെ തുടമാർന്നു ശോഭിക്കുന്ന ആ കവിൾത്തടങ്ങൾ ദുഃഖംകൊണ്ട് വിറയ്ക്കുന്നുവല്ലോ.

---

1 ധവളക്കുമിളവൽ - വെളുത്ത കുമിളപോലെ

വെള്ളിനൽത്തകിടതിൽ സുവർണ്ണപുഷ്പംയഥാ
കണ്ണുകം മദ്ധ്യെപൊങ്ങും നാസിയും ബന്ധുരമാം
കണ്ണിന്നുമീതെപൊങ്ങും സുന്ദരഫാലസ്ഥലം
ദണ്ണത്താൽ ചൂളിക്കുന്നു ദുഃഖമേ മഹാദുഃഖം. 344

റോസപ്പൂഷ്പത്തിൻ മധ്യേപൊങ്ങുന്നൊരല്ലിപോലെ
ലാലസപൂരിപ്പിക്കും നാവിതാ വിറയ്ക്കുന്നു.
സുമനസ്സുകളൊക്കെ കൊതിച്ചു കേട്ടീടുന്നു.
സുരസമധുരമാം സ്വരവും പകർന്നയ്യോ 348

തന്നുടെ ചിത്തംകൊണ്ടു സമസ്തം സൃഷ്ടിച്ചതാൻ
ഒന്നിനും വശഹീനപ്പൈതലായ് കരയുന്നു
എന്തിതു സർവ്വേശ്വരാ! നിന്നുടെ സ്നേഹംതന്നെ
എന്നതെന്നിയേ മറൊന്നില്ലിതിന്നവകാശം
കരുണാനിധേ നിൻറെ രുധിരമതിനാലെ
തരണമടിയനു സമസ്തപാപശുദ്ധി. 352

(341 _ 344) നല്ല വെള്ളിത്തകിടിൽ സ്വർണ്ണവർണ്ണമാർന്ന പുഷ്പം പോലെ കണ്ണുകൾക്കു നടുവിലായി ഉയർന്നിട്ടുള്ള നാസിക എത്രയോ മനോഹരമായിരിക്കുന്നു. നയനങ്ങൾക്കു മുകളിലായി കാണപ്പെടുന്ന സുന്ദരമായ നെറ്റിത്തടം മനോവ്യാകുലതയാൽ ചുളിയുന്നു. ഹാ, ദുഃഖം മഹാദുഃഖം തന്നെ.

(245_348) റോസാപുഷ്പത്തിൻറെ മധ്യേ ഉയരുന്ന മനോഹരമായ ഒരു ദളം പോലെ ഉമിനീർ ഇറ്റിറ്റുവീഴ്ത്തുന്ന നാവ് ഇതാ വിറയ്ക്കുന്നു. സഹൃദയന്മാരെല്ലാം കേൾക്കുവാൻ കൊതിക്കുന്ന സരസമധുരമായ അവിടുത്തെ സ്വരവും പതറിപ്പോയിരിക്കുന്നു.

(349_352) തൻറെ മനസ്സുവഴി സകലതും സൃഷ്ടിച്ച സർവശക്തൻ യാതൊന്നിനും ശക്തിയില്ലാത്ത ഒരു ശിശുവായിക്കിടന്നു കരയുന്നു. അല്ലയോ സർവേശ്വരാ, അങ്ങയുടെ സ്നേഹമല്ലാതെ ഇതിനു വേറൊരു കാരണവുമില്ല. കരുണാനിധിയായ ദൈവമേ, അങ്ങേ തിരുരക്തം വഴിയായി എൻറെ സമസ്തപാപങ്ങൾക്കും പൊറുതി നൽകി എന്നെ പരിശുദ്ധനാക്കേണമേ.

ഏഴാം പാദം

പൂജരാജാക്കന്മാരുടെ ആഗമനവും തിരുമൽക്കാഴ്ച സമർപ്പണവും, നാല്പതാം ദിവസം ദിവ്യശിശുവിനെ ദേവാലയത്തിൽ കാഴ്ചവെയ്ക്കുന്നതും ശിമയോൻ ഹന്നാമാരുടെ പ്രവചനാഭിവാദനങ്ങളും വിവരിച്ചതിനുശേഷം, പരാമർശിതമായ പീഡാനുഭവങ്ങളെയും അതുവഴി മാതാവിനുണ്ടാകുന്ന വ്യാകുലാധിക്യത്തെയും കുറിച്ചു ധ്യാനിക്കുകയും ഇതിനെല്ലാം ഹേതുഭൂതമായതു് സ്വന്തം പാപവൃത്തികളാണെന്നു് സ്വയം അനുതപിക്കുകയും ചെയ്തുകൊണ്ടു് വി. അന്ത്രയോസു് കൊർസീനിയെ മാനസാന്തരപ്പെടുത്തിയതുപോലെ തന്നെയും വിശ്വാസികരിക്കണമെന്നു ഹൃദയംഗമമായി പ്രാർത്ഥിക്കുകയുമാണു് ഈ കാണ്ഡത്തിൽ

കേക

ഇങ്ങനെ ജനനത്തിൻ പ്രഭയെ ഭൂമ്യഖിലം
തിങ്ങിനശോഭയോടെ വീശിയനേരത്തിങ്കൽ
പൂർവ്വന്മാർ പിതാക്കളാൽ ചൊല്ലിക്കേട്ടതിൻവണ്ണം
അവ്റാഹം പിതാതന്റെ രണ്ടാം പത്നിയാം കെന്തോർ 4

തന്നുടെ തനയർക്കു താതൻ താൻ കൊടുത്തുള്ള
പൊന്നാദിസമ്പത്തിനാൽ വാങ്ങുന്നനേരത്തിങ്കൽ
സ്വജനരക്ഷാർത്ഥമായ ജനിക്കും ദൈവസുതൻ
സ്വജനദോഷത്രാണ തല്പരൻ തന്റെ മുൻപിൽ 8

വരണംതന്റെ കാല്മൽ കുമ്പിട്ടാരാധിപ്പാനായ്
തരുളും ബഹുശോഭ കാണുമന്നാകാശത്തിൽ

(1–10) ഇങ്ങനെ ഭൂമിയിലെല്ലാം ദൈവകുമാരന്റെ ജനനത്തിൽ പ്രകാശം തിങ്ങി നിറഞ്ഞുനിന്നു. പൂർവ്വികരായ പിതാക്കന്മാരാൽ പറയപ്പെട്ടതുപോലെ പിതാവായ അബ്രാഹം തന്റെ രണ്ടാം ഭാര്യയായ കെന്തോറി (ആഗാർ)ന്റെ പുത്രന്മാക്കു് പൊന്നും സമ്പത്തും കൊടുത്ത അവസരത്തിൽ അവരോടു് ഇങ്ങനെ പറഞ്ഞു. ദൈവസുതൻ സ്വജനങ്ങളെ രക്ഷിക്കാൻവേണ്ടി, സ്വന്തം ജനങ്ങളുടെ പാപം പരിഹരിക്കാൻ തല്പരനായി, ഭൂമിയിൽ ജനിക്കും. അപ്പോഴം അവിടുത്തെ കുമ്പിട്ടാരാധിക്കാനായി നിങ്ങളം വരണം. അന്നു് ആകാശത്തിൽ അതിമനോഹരമായ കാഴ്ചകം നിങ്ങളം കാണും.

താതൻ തൻ വാത്തകേട്ടു പിരിഞ്ഞു തനയന്മാർ
ഭയാദി വർദ്ധിച്ചുള്ള ഗണമായ് പാരേസതിൽ

വസച്ചീടുന്ന ജനവംശത്തിൽ ദീർഘദർശി
വദിച്ചു പുതുതാരമുദിക്കും യാക്കോവിൽ നി-
ന്നെന്നതും കേട്ടു ദൃഷ്ടമെന്നപോലുറച്ചവർ
മന്നവന്മാരുംകൂടി മുന്നമേ മേഗ്രശന്മാ[1]-

രെന്നുള്ള നാമത്തോടെയാകാശേയവർ നോക്കി
യിരുന്ന സൂക്ഷിപ്പാനായ് ദ്വാദശജനം വച്ചു-
ഇങ്ങനെയിരുന്നവരക്കാലം ഗഗനത്തിൽ
തിങ്ങുന്ന ശോഭയുതമുദിച്ചു പുത്തൻതാരം

എന്നതു കണ്ടപ്പൊഴേ സംഗതി നിനച്ചവർ
മന്നവന്മാരും കൂടേ ഭൃത്യർതൻ ഗണങ്ങളും
ഒന്നിച്ചു പുറപ്പെട്ടു നടന്നു ദീർഘം വഴി
അന്നവർ നക്ഷത്രത്താൽ വഴിയും ഗ്രഹിച്ചുടൻ

(10–20) പിതാവായ അബ്രാഹത്തിന്റെ വാക്കുകൾ കേട്ടിട്ട് ആ മക്കൾ പിരിഞ്ഞു. അവർ പാരേസ് എന്ന പ്രദേശത്തു് കൂട്ടമായി താമസിച്ചു. അപ്പോൾ അവരുടെയിടയിലുണ്ടായിരുന്ന ഒരു ദീർഘദർശി ഇങ്ങനെ പറഞ്ഞു. ''യാക്കോബിൽനിന്നു് ഒരു പുതിയ താരം ഉദയം ചെയ്യും.'' ഇതു് ഒരു ദൃഷ്ടാന്തമായി അവർ സ്വീകരിച്ചു. വാനശാസ്ത്രജ്ഞന്മാർ എന്നുകൂടി മുൻപേ തന്നെ അപരനാമമുണ്ടായിരുന്ന അവിടെയുള്ള രാജാക്കന്മാർ അടയാളങ്ങൾ ദർശിക്കുന്നതിനു പന്ത്രണ്ടുപേരെ പ്രത്യേകം നിയോഗിച്ചു. ഇങ്ങനെ പ്രതീക്ഷിച്ചിരുന്ന അവർക്കു് ഒരു പുതിയ നക്ഷത്രം അത്യന്തം ശോഭയോടെ ഉദിച്ചിരിക്കുന്നുവെന്നകാര്യം ഗ്രഹിയ്ക്കാൻ കഴിഞ്ഞു.

(21–24) അതു കണ്ടപ്പോൾതന്നെ കാര്യങ്ങളെല്ലാം അവർ മനസ്സിലാക്കി. രാജാക്കന്മാരും അവരുടെ ഭൃത്യഗണങ്ങളും ഒരുമിച്ചു് ദീർഘയാത്രയ്ക്കു് പുറപ്പെട്ടു. നക്ഷത്രം അവർക്കു വഴി കാണിച്ചു.

---

1. മേഗ്രശന്മാർ—പൂജരാജാക്കന്മാർ

ഇങ്ങനെ പോയിമാജർ[1] ഓർശലേം നഗരത്തിൽ
തിങ്ങിന ശോഭ കോട്ട വാതിലിനടുത്തപ്പോഴം
കണ്ടിരുന്നൊരുതാരം മറഞ്ഞെന്നതിനാലെ
കണിച്ച[2] രാജാക്കന്മാർ മന്നനെ പൂകചൊല്ലി 28

യൂദർക്ക രാജൻദേവൻ പിറന്നെന്നതിനാലെ
ആരാധിപ്പാനായ് ഞങ്ങം പുറപ്പെട്ടയാം മുൻപിൽ
ഉദിച്ചതാരം വാനിൽ കണ്ടിങ്ങു ചേർന്നു ഞങ്ങം
ഉദയമിപ്പോഴം മറഞ്ഞെവിടെ രാജസുതൻ 32

എന്നതു കേട്ട ദുഷ്ടരാജനാം ഹേറോദേസും
അന്നവിടത്തിലുള്ള മുഖ്യരെ വരുത്തീട്ട്
ചോദിച്ച രാജാദേവസുതന്റെ പിറവിയെ
ആദരിപ്പാനായ് നാമും പോകണമെന്നു കാട്ടി. 36

ബേസ്ലഹം നഗരിയിലന്നുള്ള പ്രസിദ്ധരാം
വേദന്യായത്താൽ ശാസ്ത്രവീരന്മാരറിയിച്ചു
കേട്ടടൻ നിങ്ങം പോയിക്കമ്പിട്ടവരുംവഴി
കോട്ടമെന്നിയേ നമ്മെയറിയിക്കണം സ്ഥലം 40

(25_28) വാനശാസ്ത്രജ്ഞന്മാരായ രാജാക്കന്മാർ യാത്രചെയ്തു് ജറുസലേം നഗരത്തിലെത്തി. മനോഹരമായ കോട്ടവാതിലിന്റെ സമീപം ചെന്നപ്പോഴം അവർ അതുവരെ കണ്ടിരുന്ന നക്ഷത്രം മറഞ്ഞു പോയി. അവർ തന്മൂലം ജറുസലേമിലെ രാജാവിനെ കണ്ടു് അന്വേഷണം നടത്തി.

(29_32) യൂദന്മാക്കു് രാജാധിരാജനായ ദേവൻ ഭൂമിയിൽ ജനിച്ചുവെന്നറിഞ്ഞു് അദ്ദേഹത്തെ ആരാധിക്കുന്നതിനായിട്ടാണു് ഞങ്ങം വന്നിട്ടുള്ളതു്. ഞങ്ങംക്ക മുൻപിൽ ഉദിച്ചുയന്ന താരം കണ്ടുകൊണ്ടാണു് ഇത്രയും എത്തിയിട്ടുള്ളതു്. ആ നക്ഷത്രം ഇപ്പോഴം മറഞ്ഞിരിക്കുന്നു. രാജപുത്രൻ എവിടെയാണെന്നു് അങ്ങേയ്ക്കറിയാമോ?

(33_36) ഇതുകേട്ട ദുഷ്ടനായ ഹേറോദേസു് രാജാവു് അന്നു് അവിടെയുള്ള പ്രധാനികളെയെല്ലാം കൊട്ടാരത്തിൽ വരുത്തി. രാജകുമാരൻ പിറന്നതെവിടെയെന്നു് അദ്ദേഹം ചോദിച്ചു. അവനെ ആരാധിക്കുവാൻ എനിക്കും പോകണം എന്നു പറയുകയും ചെയ്തു.

(37_40) അന്നു് അവിടെയുണ്ടായിരുന്ന പ്രസിദ്ധരായ വേദപണ്ഡിതരും ശാസ്ത്രജ്ഞന്മാരും ബേദ്ലഹം നഗരത്തിലാണു് രാജകുമാരൻ ജനിക്കുന്നതെന്നു് അറിയിച്ചു. ''നിങ്ങം ചെന്നു് അവനെ വണങ്ങിയിട്ടു് തീർച്ചയായും ഇവിടേയ്ക്കു തിരിച്ചു വരണം. കാര്യങ്ങളെല്ലാം എന്നെ അറിയിക്കണം.''

---

1. മാജർ—മാഗികം (രാജാക്കന്മാർ) 2. കണിച്ചു—കണിതപ്പെട്ട.

എന്നവൻ ഹേറോദേസു ചൊല്ലിയശേഷമുടൻ
വന്നവർ പോയിക്കണ്ടു പിന്നെയും താരശോഭ
എന്നതു നടന്നതൻ നാഥന്റെ മന്ദിരത്തിൽ
ഉന്നതിയതിൽനിന്നു കാട്ടിതൻ നാഥസ്ഥലം 44

വന്നവരുടൻ പുക്കു ബഹുവാദരത്തോടെ
വന്ദിച്ചുകമ്പിട്ടവർ കാഴ്ചയുംവച്ചു മോദാൽ
സർവ്വതുമറിയുന്ന നാഥനുണ്ണിയുമപ്പോഴം
സർവ്വദാവശഹീനനെന്നപോൽ കാണിച്ചാലും 48

മാതാവിൻ തിരുമടിതന്നിലങ്ങിരുന്നെള്ളി
മന്നവൻ മുഖംപാർത്തു ബാഹുവാൽ വാഴ്വുനൽകി
നായകാ പരാപരാ നാഥനെയടിയനെ
നയനംപാർത്തു വാഴ്വു നൽകണം മനോഹ്രണാൽ 52

സർവ്വത്തിൻ നാഥൻ നീയേ സർവ്വജ്ഞൻ നീയെങ്കിലും
സർവ്വതും കാട്ടീടുന്നു മാതരം രോദനത്താൽ
സർവ്വദാ നിന്നാൽ സർവ്വം നടന്നീടുന്നാകിലും
സർവ്വരാജ്ഞിയിൻ കൈയിലുണ്ണിയായുറങ്ങുന്നു. 56

(41_44) എന്നിങ്ങനെ ഹേറോദേസ് രാജാവു് പറഞ്ഞു. ഉടനെ തന്നെ അവർ പുറപ്പെട്ടു. അപ്പോഴം നക്ഷത്രത്തിന്റെ പ്രകാശം വീണ്ടും അവർ കണ്ടു. ഉന്നതത്തിൽനിന്നുകൊണ്ടു് ആ നക്ഷത്രം അവക്കു് നാഥന്റെ ജന്മസ്ഥലം ഏതെന്നു കാണിച്ചുകൊടുത്തു.

(45 48) അവർ വളരെ ആദരവോടെ കാലിത്തൊഴുത്തിൽ പ്രവേശിച്ചു. ഉണ്ണിയെ കുമ്പിട്ടു് അവിടത്തേയ്ക്കു് അവർ കാഴ്ചകം സമർപ്പിച്ചു. എല്ലാം അറിയുന്ന നാഥനായ പൈതൽ എല്ലാവിധത്തിലും താൻ വശഹീനനാണെന്നതുപോലെ അവക്കു സ്വയം കാണിച്ചുകൊടുത്തു.

(49_52) മാതാവിന്റെ മടിയിലെഴുന്നെള്ളിയിരുന്നു് മന്നവൻ മാക്കു് മുഖം കാട്ടി കൈകളം നീട്ടി അവരെ ആശീർവദിച്ചു. പരാപരനായ നായകാ എന്നിലും അങ്ങു് നയനം പാർത്തു് മനോഹ്രണങ്ങളം നൽകേണമേ.

(53_56) നീ സർവ്വത്തിന്റെയും നാഥനാണു്. സർവ്വജ്ഞനു മത്രേ. എങ്കിലും രോദനംകൊണ്ടു് സകല കാര്യങ്ങളും അമ്മയെ ഗ്രഹിപ്പിക്കുന്നു. ഈ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും നീ വഴിയായി സ്ഥിതിചെയ്യുന്നുവെങ്കിലും സർവ്വരാജ്ഞിയായ മാതാവിന്റെ കൈകളിൽ നിദ്രകൊള്ളുന്നു.

കാട്ടുന്നു ദുഃഖം പശിരോദനാൽത്തന്നെയൊക്കെ
കാട്ടുന്നതൊക്കെ മാതാക്ഷണത്താൽ നടത്തുന്നു
അയ്യയ്യോയിതൊക്കെയും മമരക്ഷാർത്ഥം തന്നെ
അയ്യയ്യോ സഹിക്കുന്നു പാപനാശത്തെ ചെയ്‌വാൻ 60

പാപിയാമടിയനോ നന്ദിഹീനനുമായി
പാപത്തെ വർദ്ധിപ്പിച്ചു, മേദുഃഖം മഹാദുഃഖം
നാഥനെ നോക്കീടണം പോക്കണം മമപാപം
നീതിയെ നോക്കുന്നെങ്കിൽ ശിക്ഷിപ്പാൻ യുക്തം ദൃഢം 64

ധീരതയോടെ രാജ്യഭാരത്തെ നടത്തുന്ന
ജ്യോതിശാസ്ത്രജ്ഞന്മാരും ദൂരവാസികളുമായ്
എന്നവരിതാ നിന്നെ വന്ദിപ്പാൻ ഭാഗ്യന്മാരായ്
മുന്നമായ് പാർത്തജനം നിന്ദിച്ചു ചപലരായ് 68

എന്നപോൽ പാപിയഹം പാപത്താൽ ദൂരത്തായി
നന്ദിഹീനനെങ്കിലും വന്ദിക്കുന്നിതാ പാദം
ശിശുബാഹുക്കളെവർ ശിരസ്സിൽ പൊക്കിക്കൊണ്ട്
തിരുവാശീർവാദത്തെക്കൊടുത്തെന്നതു വിധം 72

(57_60) നിന്റെ വിശപ്പും ദുഃഖങ്ങളും രോദനത്താൽത്തന്നെ നീ കാണിക്കുന്നു. തൽക്ഷണം നിനക്കു വേണ്ടതെല്ലാം ആ അമ്മ നല്കുന്നു. അയ്യയ്യോ! ഇതെല്ലാം എന്റെ രക്ഷക്കായിട്ടാണല്ലോ, അയ്യയ്യോ! നീ ഇതൊക്കെ സഹിക്കുന്നതു് എന്റെ പാപങ്ങളെ പരിഹരിക്കുവാനാണല്ലോ.

(61_64) പാപിയായ ഞാൻ കൃതഘ്നനായി എന്റെ പാപങ്ങളെ വർദ്ധിപ്പിച്ചു. എന്റെ ദുഃഖം മഹാ ദുഃഖം തന്നെ. നാഥാ! എന്നെ കടാക്ഷിക്കേണമേ. എന്റെ പാപങ്ങളും ക്ഷമിക്കേണമേ. നീതി മാത്രം പരിഗണിച്ചാൽ എന്നെ ശിക്ഷിക്കുക എത്രയോ യുക്തമായിരിക്കുന്നു.

(65_68) ധീരരായി രാജ്യഭരണം നടത്തിയിരുന്ന ജ്യോതിശാസ്ത്രജ്ഞന്മാർ വിദൂരവാസികളാണെന്നിരിക്കിലും നിന്നെ വന്ദിക്കാൻ അവർക്കു് ഭാഗ്യം ലഭിച്ചു. നേരത്തേതന്നെ പ്രതീക്ഷിച്ച ജനം കൊള്ളരുതാത്തവരായിത്തീർന്നു.

(69_74) അതുപോലെ തന്നെ പാപിയായ ഞാൻ പാപം മൂലം അകലെ സ്ഥിതിചെയ്യുന്നു. നന്ദിഹീനനാണെങ്കിലും നിന്റെ പാദം ഇപ്പോൾ വന്ദിക്കുന്നു. അവരുടെ ശിരസ്സിനു മുകളിൽ പിഞ്ചു

തവദാസനാമഹം ശിശുവാം കാലേ ചെയ്ത
പെരിയ പാപം പോക്കിത്തരണമാശീർവ്വാദം
ഇങ്ങനെ രാജാക്കന്മാർ വന്ദനചെയ്തശേഷം
തിങ്ങിന ശോഭയുതവാനവർ പ്രത്യക്ഷമായ് 76

വന്നൊരു വഴിതന്നിൽ പിന്തിരിയാതെ മറു-
പന്ഥാവിൽ നടന്നവർ മന്ദിരേ പോവാൻ ചൊല്ലി
കേട്ടവരതിൻവണ്ണം പോയതിൻ ശേഷത്തിങ്കൽ
കൂട്ടമായ്പ്പലർ വന്ന കേംവിയും നീളെ വീശി 80

ശ്രേഷ്ഠനാം പിതൃയുസെ താഴ്ചയെയിച്ഛിക്കയാൽ
കൂട്ടത്തെക്കണ്ടമങ്ങിയൊളിച്ചു വാങ്ങിപ്പാർപ്പാൻ
നന്ദനൻ തിരുമനസ്സറിഞ്ഞു മാതൃസഹ
മന്ദിരം ബെസ്ലേമുള്ളിലെത്രയും ചെറുഗൃഹം 84

ആയതിൽ പുക്കു താനും നാഥനും തന്റെ പത്നി
നായകിദേവ മാതൃതാനുമായ് ചതുർദശ-
വാസരെ [1] ദേവാലയെ നാഥനെക്കാഴ്ചവെപ്പാൻ
വേദന്യായംപോൽ പോകും നാംവരെയതിൽ പാർത്തു 88

കൈകളും ഉയർത്തിക്കൊണ്ട് അവർക്കു നീ പവിത്രമായ ആശീർവാദം നല്കിയതുപോലെ നിന്റെ ദാസനായ ഞാൻ ശൈശവകാലത്തു ചെയ്ത വലിയ പാപങ്ങളെ ക്ഷമിച്ച് ആശീർവാദം നല്കേണമേ.

(75–80) ഇപ്രകാരം രാജാക്കന്മാർ ഉണ്ണിയെ വന്ദിച്ച ഉടനെ പ്രകാശം പൊഴിച്ചുകൊണ്ട് സ്വർഗ്ഗദൂതന്മാർ അവർക്കു പ്രത്യക്ഷരായി. വന്ന വഴിയേ പോകാതെ മറൊരു വഴിയിലൂടെ സ്വദേശങ്ങളിലേയ്ക്കു പോവുക എന്നു് അവരോടു് ദൈവദൂതന്മാർ അറിയിച്ചു. ആ നിർദ്ദേശം കേട്ട അവർ അതനുസരിച്ചു തിരിച്ചുപോയി. പിന്നീടു് പല ആളുകളും അവിടെ കൂട്ടമായിവന്നുചേർന്നു. ഈ കാര്യങ്ങൾ നാട്ടിലെല്ലാം പരന്നു.

(81–88) ശ്രേഷ്ഠനായ വളർത്തുപിതാവു് യൗസേപ്പു് അത്യന്തം എളിമയോടുകൂടിക്കഴിയാൻ ആഗ്രഹിച്ചു് ആ ആംകൂട്ടത്തിൽ നിന്നു് ഒളിച്ചു മാറി. പുത്രന്റെ ഇഷ്ടമറിഞ്ഞു് അവന്റെ അമ്മയോടുകൂടി ബെദ്ലഹേമിലുള്ളതിലേക്കും ഏറ്റവും ചെറിയ ഒരു വീട്ടിൽ പ്രവേശിച്ചു താമസിച്ചു. നാഥനായ പൈതലും ദേവനായികയായ മറിയവുമൊരുമിച്ചു് നാല്പതാംനാൾ നാഥനെ ദേവാലയത്തിൽ കാഴ്ചവയ്ക്കാൻ പോയ ദിവസംവരെ അവിടെക്കഴിച്ചുകൂട്ടി.

---

1 ചതുർദശവാസരെ – നാല്പതാം ദിവസം

തൊഴക്കൂടതിൽനിന്നു പുറപ്പെട്ടതുനേരം
തോഴരായ്പ്പാർത്തീടുന്ന വാനവനൊരുത്തനെ
പാർത്തുടൻ ദേവമാതുകല്പിച്ച മമപുത്രൻ
പർത്തൊരു ഗ്രഹയതിൽ പാർത്തു നീ സൂക്ഷിക്കണം 92

സൃഷ്ടിയിൻ നാഥനിതിൽ പിറന്നെന്നതിനാലെ
സൃഷ്ടിയാം മൃഗജന്തു തീണ്ടാതെ സൂക്ഷിക്കണം
എന്നു കല്പിച്ചവണ്ണം ലോകാന്തംവരെയിതിൽ
ചെന്നാദി[1] മൃഗമൊന്നും പൂകായ്വാൻ സൂക്ഷിക്കുന്നു 96

ഇങ്ങനെ ചതുർദ്ദശവാസരം തികഞ്ഞപ്പോൾ
ഭംഗിയേറീടും ദേവ കോവിലിൽ നാഥൻതന്നെ
വേദന്യായത്തിൻ വണ്ണമർച്ചന ചെയ്തീടുവാൻ
ദേവമാതാവും തിരുപുത്രനുമൊരുമിച്ചു 100

മുഖ്യനാം പിതാവുതൻ കടത്തെത്തികപ്പാനായ്
മുഖ്യമാം ജരുശെലം നഗരിക്കെഴുന്നെള്ളി
ചെന്നതുനേരം മഹാ സന്തോഷത്തോടുകൂടെ
അന്നുള്ള ഗുരുമുഖ്യശ്രേഷ്ഠനാം ശീമോൻ പിതാ 104

(89_96) അവർ തൊഴത്തിൽനിന്നു പുറപ്പെട്ടപ്പോൾ വാന ദൂതന്മാരിൽ ഒരാളെ വിളിച്ചു മറിയം ഇങ്ങനെ പറഞ്ഞു: എന്റെ പുത്രൻ താമസിച്ച ഗ്രഹയാണ് ഇതു്. നീ ഇതു് കാത്തുസൂക്ഷിക്കണം. സൃഷ്ടിനാഥനായ അവിടുന്നു് ഇതിൽപ്പിറന്നു എന്നതുകൊണ്ടു് അവിടുത്തെ സൃഷ്ടികളായ മൃഗങ്ങളോ മറ്റു ജന്തുക്കളോ ഇതിൽ പ്രവേശിക്കാതെ ശ്രദ്ധിച്ചുകൊള്ളുക എന്നു കല്പിച്ചതനുസരിച്ചു് ലോകാവസാനം വരെ ചെന്നായ് ആദിയായ മൃഗങ്ങളൊന്നും അതിൽക്കയറാതെ ദൈവദൂതന്മാർ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു.

(97_108) ഇങ്ങനെ നാല്പതു ദിവസങ്ങൾ കഴിഞ്ഞു. അന്നു് ഭംഗിയേറിയ ജറുസലേം ദേവാലയത്തിൽ മതനിയമപ്രകാരം ഉണ്ണിയേശുവിനെ കാഴ്ചവയ്ക്കുവാൻ ദൈവമാതാവു് പുത്രനോടുകൂടിപ്പോയി. ദൈവപിതാവിന്റെ കടങ്ങളെ തികയ്ക്കുന്നായി ജറുസലേം എന്ന പ്രസിദ്ധമായ ദേവാലയത്തിൽ മറിയം പ്രവേശിച്ചു. അന്നു് ഉണ്ടായിരുന്ന പുരോഹിതന്മാരിൽ ശ്രേഷ്ഠനായ ശീമയോൻ എന്ന വയോധികൻ സന്തോഷസമേതം വന്നു. ദൈവികജ്ഞാനംകൊണ്ടു് ദിവ്യശിശുവിന്റെ പാദം വണങ്ങി ചുംബനമർപ്പിച്ചു. ദീർഘകാലമായി

---

1 ചെന്നാദി – ചെന്നായ് ആദിയായ

വന്നുടൻ ദേവാലയേ ദിവ്യജ്ഞാനത്താൽ ദൃഢം
വന്ദിച്ചു തിരുപ്പൈതൽ തന്നുടെ തിരുപ്പാദം
കമ്പിട്ടു മുത്തിക്കൊണ്ടു കേണപേക്ഷിച്ചു സ്നേഹാൽ
കണ്ടിട്ടു മരിപ്പാനായ് പാർത്തിരുന്നതിൻവണ്ണം

നിന്നുടെ മനോഗ്രണ ദയയും കരുണയും
നിന്നുടെ ദാസനഹം കണ്ടിനി, അയയ്യാ നീ
ലോകത്തിൻ വെളിവായ് നീയുഷച്ചെ[1]ന്നതിനാലെ
ലോകരാമിസ്രായേലിൻ സ്തുതിയും നിന്നിലുണ്ടായ്

ദീർഘദർശനമായിപ്പേർത്തുരചെയ്തു വീണ്ടും
ദൃക്കി[2]യാം നരന്മാർക്കെന്നാകിലും ബഹുജനം
വീഴ്ചക്കുമീയാത്മതന്നെ രക്ഷയും തന്നാലത്രെ
തീർച്ചയാണിയാളാലെ നിന്നുടെ തിരുച്ചങ്കിൽ

മൂർച്ചയേറീടും കന്തമുനയാൽ മുറിപ്പെട്ടും
നിശ്ചയമിതെന്നമ്മ കന്നിതന്നോടും ചൊല്ലി
നിർമ്മലമാതാവിനോടരുളിച്ചെയ്ത വാക്യാൽ
നിഷ്ക്കളങ്ക ശ്രേഷ്ഠനാം പിതാവും മുറിവേറ്റു

താൻ കാത്തിരുന്നതിൻ വണ്ണം അവിടുത്തെ കണ്ടിട്ടു മരിക്കാൻ എനിക്കിടവന്നുവെന്നു് ആദരവോടെ പറഞ്ഞു.

(109_112) നിന്റെ മനോഗ്രണങ്ങളും ദയയും ഞാൻ ഇതാ ദർശിച്ചിരിക്കുന്നു. ഇനി ഈ ലോകത്തിൽനിന്നും പിരിഞ്ഞുപോകാൻ എന്നെ അനുവദിക്കുക, ലോകത്തിന്റെ പ്രകാശമായി നീ ഉദയം ചെയ്തു. ഇസ്രായേലിൽ അതിനാൽ സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കുന്നു.

(113_120) ശിമയോൻ ദീർഘദർശനമായിപ്പറഞ്ഞു: ''ഇവൻ മനുഷ്യരുടെ രക്ഷയ്ക്കായിട്ടാണ് വന്നിരിക്കുന്നതെങ്കിലും വളരെപ്പേരുടെ വീഴ്ചക്കു് കാരണമായിരിക്കും''. മറിയത്തോടു് ആ ദീർഘദർശി പറഞ്ഞു: ''തീർച്ചയായും ഇവൻമൂലം നിന്റെ ഹൃദയത്തിൽ മൂർച്ചയുള്ള ഒരു കുന്തം കടക്കും''. നിർമ്മലയായ മറിയത്തോടു് ഇങ്ങനെ അരുളിച്ചെയ്തതു കേട്ടു് ശ്രേഷ്ഠപിതാവായ യൗസേപ്പിന്റെ ഹൃദയത്തിനും മുറിവേറ്റു.

---

1 ഉഷച്ചു - ഉദിച്ചുവെന്നർത്ഥമാക്കണം

2 ദൃക്കു് – കാഴ്ച (പ്രകാശം)

അന്നേരം പുണ്യവൃദ്ധ അന്നയെന്നുള്ള മാതു
മന്ദിരം തന്നിൽ പുണ്യമാതുവേപ്പാലിച്ചവം
റൂഹാ[1] യാലറിഞ്ഞവം ദേവാലയത്തിൽ വന്നി
ട്ടാലാഹാ പുത്രനിയാളെന്നുറപ്പിച്ച വാക്കാൽ 124

വേദന്യായംപോലൊക്കെതികച്ചശേഷം, മുഖ്യ
വേദനയുടൻ ഭാവിച്ചെന്നതു പൊന്നീടന്നേൻ
ഇങ്ങനെ ദേവാലയേ പൂജകർമ്മാദിചെയ്തു
ഭംഗിയേറീടം നഗർ വാസത്തിൽ പുക്കശേഷം 128

ഇത്തിരുവാക്യംകേട്ട മാതാവുമതുനേരം
കത്തികൊണ്ടതുപോലെ വാടിതൻ തിരുമുഖം
വത്സലനണ്ണിപ്പൈതൽ തൻ തിരുമുഖശോഭ
വാത്സല്യത്തോടുകൂടെത്തിരുബാഹുക്കം തന്നിൽ 132

ഏന്തിയങ്ങലിവോടു സൂക്ഷിച്ചുതോഷിക്കുമ്പോഴം
തൻ തിരുശോകദുഃഖമൊക്കെയുമുണർന്നവം
ഇതിനാൽ തന്റെ തിരുപ്പാദകമലങ്ങളും
സ്തുതിയോഗ്യതയായ ഓമനക്കൈകളുമം 136

(121–124) അപ്പോഴം, പുണ്യമാതാവായ മറിയത്തെ പരിപാലിച്ച അന്നയെന്ന വൃദ്ധതാപസി പരിശുദ്ധാത്മാവാൽ പ്രചോദിതയായി ദേവാലയത്തിൽ വന്നു. ദിവ്യപൈതൽ ദൈവകുമാരനാണെന്നു അവം ഉറപ്പിച്ചു പറഞ്ഞു.

(125–128) വേദവിധിപ്രകാരം കർമ്മങ്ങം പൂർത്തിയാക്കിയെങ്കിലും ആ മാതാപിതാക്കം അതിയായ വേദന ഹൃദയത്തിൽ അനുഭവിച്ചു. പൂജ ആദിയായ കമ്മങ്ങം നിർവഹിച്ചശേഷം മനോഹരമായ സ്വന്തം ഭവനത്തിൽ അവർ പ്രവേശിച്ചു.

(129–140) തന്നോടു പറയപ്പെട്ട കാര്യങ്ങം പ. അമ്മ ഓർത്തപ്പോഴം ഹൃദയത്തിൽ ആഘാതമേറ്റതുപോലെ അവളുടെ തിരുമുഖം വാടി. വത്സലനായ ദിവ്യപൈതലിനെ തന്റെ കരങ്ങളിലെടുത്തു സന്തോഷിപ്പിച്ച അവസരത്തിൽ ശോകസങ്കുലമായ കാര്യങ്ങം മനസ്സിൽ ഉണർന്നു. അവിടുത്തെ തിരുപ്പാദകമലങ്ങളും സ്തുതിക്കു യോഗ്യമായ മനോഹരമായ കൈകളും ആണികംകൊണ്ടു തുളയ്ക്കപ്പെടും.

---

1 റൂഹാ – പരിശുദ്ധാത്മാവു്

തുളസ്സിമാണികളാൽ തറസ്സും കരിശതിൽ
തുറക്കും തിരുവിലാപരുത്ത കന്തത്തിനാൽ
ഇത്യാദിദുഃഖകഷ്ടമൊക്കെയുമതുനേരം
അത്യന്ത ദുഃഖത്തോടെ സ്മരിച്ചു ക്ലേശിച്ചപ്പോൾ 140

അയ്യയ്യോ സർവ്വേശ്വരാ നിർമ്മല ഗുണനിധേ!
ഐന്ദ്രിയമാം [1] മലനിഴലില്ലാത്ത [2] നാഥെ! അമ്മെ! !
നിന്നുടെ പുത്രദുഃഖകഷ്ടാനുഭവങ്ങളും
നിൻതിരുവടിയുടെ വ്യാകുല ദുഃഖാബ്ധിയും. 144

എന്നുടെ മഹാപാപകാരണമതിൻ ഫലം
എന്ന ഞാനോർക്കുന്നേരമെത്രയോ മമദുഃഖം
ഇന്നിതാ മഹാമുനിശ്രേഷ്ഠന്റെ വാക്യം യഥാ
എന്നതു ഞാനുമിപ്പോൾച്ചൊല്ലുവാൻ വിധിനുനം 148

പഴുത്ത ഞാനുമിതാ കഴച്ചു മമദേഹം
അഴക എന്നുചൊൽവാൻ വിധി എന്നതാകിലും
പിഴച്ചമമപാപമാലിന്യം സ്മരണാദി
ഉഴന്നു നോക്കുന്നേരം ഭീതിദം മഹാഭയം 152

കുരിശിൽക്കിടക്കുമ്പോൾ ക്രൂർത്ത കന്തത്താൽ ഹൃദയം കുത്തിത്തുറക്കപ്പെട്ടും. ഇങ്ങനെയുള്ള ദുഃഖകരമായ കാര്യങ്ങൾ ഓർത്തോർത്തു് മറിയം ക്ലേശം അനുഭവിച്ചു.

(141_148) അയ്യയ്യോ! നിർമ്മല ഗുണനിധിയായ സർവേശ്വരാ, ഇന്ദ്രിയസംബന്ധമായ മാലിന്യങ്ങളുടെ നിഴലുപോലും ഏലു് ക്കാത്ത നാഥേ, എന്റെ പ്രിയമാതാവേ, നിന്റെ പുത്രന്റെ ദുഃഖം നിറഞ്ഞ കഷ്ടാനുഭവങ്ങളും അവിടുത്തെ വ്യാകുലസാഗരവും എന്റെ മഹാപാപങ്ങൾ മൂലം ഉണ്ടായതാണു്. ഇതു ഞാൻ ഓർക്കുമ്പോൾ എന്റെ ദുഃഖം പെരുകുന്നു. ഇന്നു് മഹാമുനിശ്രേഷ്ഠന്റെ വാക്യം അപ്രകാരംതന്നെ എന്നു് എനിക്കു പറയേണ്ടിവന്നിരിക്കുന്നു എന്നതു് സത്യം തന്നെ.

(149_152) എന്റെ ദേഹം തളർന്നു്, പഴുത്തു് അഴകിയിരിക്കുന്നു എന്നു പറയാനാണു് വിധി. പിഴചെയ്ത എന്റെ പാപമാലിന്യത്തെ സ്മരിക്കയിൽ എത്രയും ഭീതിജനകമായിരിക്കുന്നുവെന്നു് മഹാഭയത്തോടെ അറിയുന്നു.

---

1 ഐന്ദ്രിയം - ഇന്ദ്രിയസംബന്ധമായ 2 മലനിഴൽ - പാപത്തിന്റെ നിഴൽ

അയ്യയ്യോ ! മമഭീതി എന്തിന്നു ഫലമിതു്
അയ്യമെന്നതാകിലും പൊയ്യല്ല യാത്ര ദ്ധ്രുവം
ഇതിന്നുപായമിതൊന്നല്ലാതെ എന്തുള്ളയ്യോ!
ഇതിന്നു പലവഴി നോക്കുകിലസാദ്ധ്യമേ. 156

പാപത്തെ തീർപ്പാൻ തപസ്സെന്നതു തുപ്പാതയെ
താപസനായീടുവാൻ ദേഹവും ക്ഷയിച്ചല്ലോ.
മോഹിച്ചു കാലം കഴിച്ചീടുന്നതെന്തു ഫലം
ദാഹിച്ചാൽ കഴിവില്ലാ എന്നതും കണ്ടീടുന്നു 160

യോഗ്യനായിരുന്നപ്പോൾ ഭാഗ്യമുണ്ടായില്ലയ്യോ
അയോഗ്യനായിന്നേരമെന്തിതു ദാഹിക്കുന്നു
എങ്കിലുമീദാഹവും പങ്കിലിങ്ങുറച്ചിട്ടു്
പങ്ക കിട്ടുവാൻ തന്നേറ പങ്കപ്പാടിതു ശ്രുതം 164

എന്നതിനാലേ മമനാഥയേ അമ്മേ മണേ
ഇന്നെനിക്കുകുലം നീയല്ലാതാരുള്ളയ്യോ

(153_156) അയ്യോ എന്റെ ഭയം എന്നതുകൊണ്ടു് എന്തു ഫല മാണുള്ളതു്? മഹാകഷ്ടമെന്നതാണെങ്കിലും നിന്റെ പക്കലേയ്ക്കുള്ള യാത്ര മാത്രമാണു് എനിക്കുള്ള വഴി. അല്ലാതെ എന്താണു് രക്ഷാ മാർഗ്ഗം? പാപങ്ങളം പരിഹരിക്കുവാൻ മറ്റുമാർഗ്ഗങ്ങളം അന്വേഷി ച്ചാൽ അതെല്ലാം നിഷ്ഫലമായിരിക്കും.

(157_160) തപസ്സെന്ന പരിശുദ്ധമാർഗ്ഗം അവലംബിച്ചു് പാപ പരിഹാരം ചെയ്താലോ? പക്ഷേ തപസ്സുചെയ്യാൻ കഴിയാത്ത വിധം എന്റെ ശരീരം ക്ഷീണിതമായിരിക്കുന്നുവല്ലോ. മോഹങ്ങളു മായി കാലം കഴിച്ചുകൂട്ടിയാൽ എന്താണു് ഫലമുള്ളതു്? അതിനായി മോഹിച്ചതുകൊണ്ടു് ഇനി അതിനു കഴിവുണ്ടാകയില്ല എന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

(161_164) ഞാൻ യോഗ്യനായിരുന്നപ്പോൾ വേണ്ടതുചെയ്യു വാൻ ഭാഗ്യമുണ്ടായില്ല. ഇപ്പോൾ അയോഗ്യനായി മാറിയിരിക്കുന്നു. ഇപ്പോൾ എന്തിനു് ഇക്കാര്യമെല്ലാം ഞാൻ ആശിക്കുന്നു. എങ്കിലും എന്റെ ഈ പ്രതീക്ഷ എന്റെ ഹൃദയത്തിൽ ഞാൻ ഉറപ്പിച്ചു വയ്ക്കുന്നു. നിന്റെ കഷ്ടപ്പാടുകളിൽ ഒരു ഓഹരി കിട്ടിയാൽ എനിക്കെല്ലാം ശ്രുതമായിത്തീരും.

(165_168) അതിനാൽ മമനാഥനേ, അമ്മേ, സ്ത്രീകുലോത്തം സമേ, നീയല്ലാതെ മറ്റാരാണു് എനിക്കിന്നു് സഹായമായുള്ളതു്.

നിൻ തിരുവടിയുടെ ദാസൻ ഞാൻ മുന്നം ദുഷ്ടം
നന്ദിഹീനതചെയ്ത മന്നിലെ നിർമ്മോഹത്താൽ[1] 168

എങ്കിലും നാഥെ അമ്മേ എന്നെ നീ കൈവിട്ടില്ല
എന്നതിനുള്ള ചിഹ്നം ഇന്നു ഞാൻ കാണുന്നല്ലൊ
ഇന്നതിനാലേ മമഹൃദയേ ധ്വനിക്കുന്ന
ഇന്ദ്രിയമോഹം ചൊൽവാൻ ശങ്കിച്ചുമടിക്കുന്നേൻ 172

കർമ്മല, അമ്മ നീയേ എന്നതു മഹാമുഖ്യം
നിർമ്മലയ് അമ്മേ തവ ദാസ്യവുമതു കിട്ടി
എന്നതു നിനയ്ക്കുമ്പോഴ് എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനുമുരയ്ക്കുന്നയോഗ്യനായ് 176

എന്നതിനാലെ മുന്നംചൊന്നതു കാട്ടീടുവാൻ
ഇന്നു ഞാൻ പേടിക്കുന്നു എങ്കിലും ചൊല്ലുന്നഹം
ഉപരിഭവനത്തിൽ സുഖിക്കും മഹാമുഖ്യൻ
അന്ത്രയാക്കോൻ സീനി എന്നൊരു മഹാഭാഗ്യൻ 180

ഞാൻ ആദ്യംതന്നെ നിന്റെ ദാസനാണല്ലോ. അരുതാത്ത വികാരങ്ങൾക്കു വശംവദനായി ഞാൻ പാപംചെയ്തുപോയി.

(169-172) എങ്കിലും എന്റെ മാതാവേ, എന്റെ നാഥേ നീ എന്നെ കൈവെടിഞ്ഞില്ല. അതിനുള്ള അടയാളം ഇന്നു ഞാൻ കാണുന്നുണ്ടല്ലോ. അതിനാൽ എന്റെ ഹൃദയത്തിൽ മാറ്റൊലിക്കൊള്ളുന്ന ആഗ്രഹങ്ങൾ പറയാൻ ഞാൻ മടിച്ചു നില്ക്കുന്നു.

(173_176) നീ കമ്മലമാതാവാകുന്നു എന്നതു് ഏറ്റവും പ്രധാനകാര്യമാണു്. നിർമ്മലയായ അമ്മേ, നിന്റെ ദാസ്യസ്ഥാനം എനിക്കു ലഭിച്ചു. അതോർക്കുമ്പോൾ അക്കാര്യം എന്റെ മഹാഭാഗ്യമായിക്കരുതുന്നു. ഇന്നു ഞാൻ ആ പദവിക്കു് അയോഗ്യനായി മാറിയിരിക്കുന്നു.

(177_188) അതിനാൽ ഞാൻ ആദ്യം പറഞ്ഞകാര്യം അറിയിക്കുവാൻ ശങ്കിക്കയാണു്. എങ്കിലും ഞാൻ പറയട്ടെ. സ്വർഗ്ഗമാകുന്ന ഉന്നത സദനത്തിൽ വസിക്കുന്ന മഹാഭാഗ്യവാനായ അന്ത്രയോസു് സീനി എന്ന രാജാവു് അമ്മയുടെ ഉദരത്തിൽ വസിച്ചതിനുശേഷം

---

1 നിർമ്മോഹം - ദുർമ്മോഹംതന്നെ

അമ്മതൻ തിരുദരെ വസിക്കും കാലത്തിങ്കൽ
തന്നുടെ ഉദരത്തിൽ ജനിച്ച ചെന്നായ്ക്കുട്ടി
മുന്നമെയതിൻ ഗതി കാണിക്കുമെന്നാകിലും
കർമ്മല മാതൃദേവി കോവിലിൻ വാതിലതിൽ 184

ഒന്നയായടുത്തപ്പോഴം ചെമ്മരിക്കിടാവായി
എന്നുള്ള കാഴ്ചയതു കണ്ടതുമതിൻവണ്ണം
ഇന്നിതാ മഹാഭാഗ്യയോഗ്യനായ് കൊണ്ടോട്ടന്നു
എന്നതിൻവണ്ണമെന്നു് ചൊല്ലുവാൻ യോഗ്യംവിനാ. 188

എങ്കിലുമമ്മേ നിന്റെ ദാസനെന്നുള്ള നാമം
തന്നു നീ അടിയനുമെന്നതിനാലേ അഹം
ഇന്നിതാനിൻ പാദത്തിൽ വീണുകൊണ്ടിരക്കുന്നേ
മേപാപം മഹാപാപം മാലിന്യം മണൽസമം 192

മേ ഭാഗ്യം മഹാഭാഗ്യം മേ നാഥ മഹാനാഥ
സർവ്വജ്ഞൻ സർവ്വേശ്വരൻ നിന്നുടെ സ്നേഹപുത്രൻ
സർവ്വർക്കും മാതാവായി നിന്നെത്തന്നനിനിക്കും
പിന്നെയും മമതായിൻ[1] ബാഹ്വാൽ തവപാദെ 196

ഒരു ചെന്നായ്ക്കുട്ടിയെപ്പോലെ ജനിച്ചു. ആദ്യം ദുഷ്ടമൃഗത്തെപ്പോലെ ജീവിച്ചിരുന്ന എങ്കിലും, കർമ്മല അമ്മയായ ദേവി അങ്ങയുടെ ദേവാലയവാതിലിൽ ഭംഗിയായി അണഞ്ഞപ്പോഴം ഒരു ചെമ്മരിയാടിനു തുല്യനായിത്തീർന്നു. ഈ കാഴ്ച കണ്ണുകൊണ്ടു കണ്ടതുപോലെ ഇന്നു് അദ്ദേഹത്തെ മഹാ ഭാഗ്യവാനായി ഞാൻ വണങ്ങുന്നു, ഇതു് എത്രമാത്രം മഹനീയമായ കാര്യമെന്നു് പറയുവാനുള്ള യോഗ്യത എനിക്കില്ല.

(189_192) എങ്കിലും അമ്മേ അങ്ങേ ദാസനായിരിക്കാനുള്ള വരം ആദ്യംതന്നെ എനിക്കു നൽകി. അതിനാൽ ഞാൻ നിന്റെ പാദത്തിൽ താണുവീണു് അപേക്ഷിക്കുന്ന എന്റെ പാപം മഹാപരാധംതന്നെ. എന്റെ മാലിന്യം മണൽപോലെ അളവില്ലാത്തതാണു്.

(193_200) എന്റെ ഭാഗ്യം മഹാഭാഗ്യമാണു്. എന്റെ അമ്മേ, മഹാമാതാവേ, സർവ്വജ്ഞനും സർവ്വേശ്വരനുമായ നിന്റെ പ്രിയ

---

1 തായ് - അമ്മ

എന്നെ നിൻ ദാസനായി കൈക്കൊണ്ട മേ ഭാഗ്യമായ്
വീണ്ടുമേ, ബാല്യത്തിങ്കൽ ഭ്രക്ഷധാരിയിന്ന[1] മദ്ധ്യാൽ[2]
കൊണ്ട ഞാൻ നിന്റെ ദാസ്യം റുസാരി[3] സദാനാമാൽ
ഒട്ടകം മഹാഭാഗ്യാൽ പൊട്ടക്കെന്നതുപോലെ 200

അടുത്തകാലമതിൽ ലഭിച്ചേൻനിന്റെവസ്ത്രം
നിന്നുടെ മഹാഭക്തനെന്നുടെ മഹാശ്രേഷ്ഠൻ[4]
തന്നുടെ കരങ്ങളാൽ കൈക്കൊണ്ടേനേ കമ്മൽസദാ
എന്നിതു നിനയ്ക്കുമ്പോഴും എത്ര ദുഷ്ടനാകിലും 204

എന്നെ നീ പകർത്തീടുമെന്നുഞാനുറയ്ക്കുന്നു.
എന്നുറച്ചടിയനും നിന്നുടെ പാദാന്തികെ
വന്നുകേണീടുന്നമ്മേ കേൾക്കണം മമ ദുഃഖം
നിന്നുടെ തിരുകൈയിലിരിക്കുമുണ്ണിപ്പൈതൽ 208

തന്നുടെ കഷ്ടം സർവ്വംനിന്നുടെ ചങ്കിൽകൊണ്ട
നിന്നുടെ ദുഃഖത്തിനും പുത്രസങ്കടത്തിനും
എന്നുടെ പാപംതന്നെ കാരണമെന്നാകിലും
കാരുണ്യം ലഭിപ്പാനുമിതല്ലാതെനിക്കില്ല. 212

പുത്രൻ സകലക്കും മാതാവായി നിന്നെ നൽകി. എനിയ്ക്കും അങ്ങു മാതാവാകുന്നു, എന്റെ അമ്മേ, അങ്ങേ കൈകളാൽ പുണർന്നു പാദത്തിൽ ചേർത്തു എന്നെ ദാസനായി കൈക്കൊണ്ട എന്റെ ഭാഗ്യമായി ത്തീർന്നിരിക്കുന്നു. എന്നു മാത്രമല്ല എന്റെ ബാല്യ പ്രായത്തിൽ ദുഷ്ടനിക്കോസു പുണ്യവാന്റെ മാധ്യസ്ഥത്താൽ ദാസനായിത്തീർന്നു എപ്പോഴും ജപമാലയാലുള്ള നിരന്തരമുള്ള അർത്ഥനവഴി അവസാനം മഹാഭാഗ്യം സിദ്ധിച്ചിരിക്കുകയാണു.

(201_212) അടുത്ത കാലത്തു ഞങ്ങൾക്കു നിന്റെ പുണ്യവസ്ത്രം ലഭിച്ചു. അവിടുത്തെ മഹാഭക്തനും എന്റെ ശ്രേഷ്ഠനുമായ മർസെല്ലിനോസു എന്ന പുരോഹിതന്റെ കൈകൊണ്ടുതന്നെ കമ്മലവസ്ത്രം എനിക്കു ലഭിച്ചു. അതു ഓർക്കുമ്പോഴെല്ലാം, ഞാൻ എത്ര ദുഷ്ടനാണു എന്നിരുന്നാൽപ്പോലും എന്നെ നീ നല്ലവനാക്കി മാറ്റുമെന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.

ഈ കാര്യം മനസ്സിലാക്കി ഞാൻ നിന്റെ പാദത്തിൽ വന്നു കരഞ്ഞു അപേക്ഷിക്കുന്നു. എന്റെ ദുഃഖം നീ അറിയണമേ. നിന്റെ കരത്തിൽ വാഴുന്ന ദിവ്യപൈതലിന്റെ കഷ്ടപ്പാടുകളും നിന്റെ ഹൃദയത്തിൽപ്പതിച്ചുവല്ലോ. നിന്റെ സന്താപത്തിനും പുത്രന്റെ ദുഃഖത്തിനും എന്റെ പാപങ്ങളും കാരണമായി എന്നാലും നിന്റെ കാരുണ്യം തേടുകയല്ലാതെ മറ്റൊരു വഴിയും എനിക്കില്ല.

---

1 ഭ്രക്ഷധാരി - ദുഷ്ടനിക്കോസു 2 മദ്ധ്യാൽ – മദ്ധ്യസ്ഥതയാൽ
3 റുസാരി - Rosary. 4 മഹാശ്രേഷ്ഠൻ—മാർസ്സീനോസു.

കരുണ നല്ലീടണം ശരണം നീയെനാഥേ !
നാഥനേപരാപരാ, പാപിയാമടിയനെ
നീതിപോൽ ഭേദിക്കുകിൽ ഞാനെന്തുത്തരിക്കുന്നു
നിൻതിരുവാക്യത്താലെ ചൊന്നതുനിനയുമ്പോഴം

എൻമനമുറയുന്നു രക്ഷാർത്ഥം സുനിശ്ചയം
സുവാക്യമുരച്ച ധൂർത്തിളയ പുത്രൻ ഞാനേ
സുഭാഗ്യം ലഭിപ്പാനായ് വന്നുനിൻ പാദാന്തികെ
നീയിനിക്കായിത്തന്ന സമ്പത്തും ധനങ്ങളും

നീതികേടായി ധൂളിച്ചയ്യയ്യോ[1] മഹാകഷ്ടം
സമ്പത്തുനഷ്ടം ചെയ്തിതെന്നതും മഹാദുഃഖം
ഇമ്പത്തെത്തന്ന പിതൃനിന്നെയും നിന്ദിച്ചയ്യോ !
അയ്യയ്യോ തിരുമേനി നോക്കുമ്പോഴം മഹാദുഃഖം

പെയ്യുന്ന മഴസമം നിന്നുടെ രക്തം ചിന്തി
എന്നെ നിൻ കരത്താലെ സൃഷ്ടിച്ചുപോറ്റീടുന്ന
തന്നു നീ അടിയനും കരങ്ങളും രണ്ടും ദ്രുഢം
എന്നുടെ കരങ്ങളാൽ ചെയ്യുന്ന പാപങ്ങളാൽ

(213_218) എന്റെ ശരണമായ അമ്മേ അങ്ങേ ദയാവായ്പ് എന്നിൽ ഉണ്ടാകട്ടെ. പരാപരനായനാഥാ, നിന്റെ നീതിയനുസരിച്ച് എന്നെ നീ വിധിക്കുമ്പോഴം എന്താണ് ഞാൻ ഉത്തരം പറയേണ്ടിവരിക. നിന്റെ വാക്യത്താൽ നീ പറഞ്ഞ കാര്യങ്ങളം ഞാൻ ചിന്തിക്കുമ്പോഴം എന്റെ രക്ഷയ്ക്കുവേണ്ടിയാണ് ഇതെല്ലാം എന്നും എന്റെ മനസ്സു് എന്നോടു പറയുന്നു.

(219_224) നല്ലവാക്കിലൂടെ അങ്ങു് കാണിച്ചുതന്ന ധൂർത്തനായ ഇളയപുത്രനാണ് ഞാൻ. സൗഭാഗ്യം കൈവരിക്കുവാൻ നിന്റെ പാദാന്തികത്തിൽ വന്നിരിക്കുന്നു. നീ എനിക്കു തന്ന സമ്പത്തും ധനവും നീതികേടുമൂലം ധൂർത്തടിച്ചുകളഞ്ഞവനാണ് ഞാൻ. മഹാകഷ്ടം. സമ്പത്തു നശിപ്പിച്ചു കളഞ്ഞുവെന്നതു് വലിയ ദുഃഖത്തിനു കാരണമായിരിക്കുന്നു. അതിലേറെ, എനിക്കു സന്തോഷം പ്രദാനം ചെയ്ത പിതാവേ, നിന്നെ ഞാൻ നിന്ദിക്കയും ചെയ്തിരിക്കുന്നു. ഇന്നു നിന്റെ പവിത്രമായ ശരീരം വീക്ഷിക്കുമ്പോഴം മഹാദുഃഖത്തിനു ഞാൻ പാത്രീഭൂതനായിരിക്കുന്നു.

(225_236) മഴ പെയ്യുന്നതുപോലെ രക്തം ചിന്തിക്കൊണ്ടുള്ള, ആ കരങ്ങളംകൊണ്ടുതന്നെ എന്നെ അങ്ങു സൃഷ്ടിച്ചു പരിപാലി

---

1. ധൂളിച്ചു—നശിപ്പിച്ചു (പൊടിയാക്കി)

നിൻ തിരുക്കരങ്ങളെ തൊട്ടേനഹം കഷ്ടം
നടപ്പാനായിക്കൊണ്ടു തന്നു നീ പാദങ്ങളെ
കടപ്പാലടിയനും തറച്ചേൻ നിൻപാദങ്ങളും
മുറിച്ചുനിന്റെ ദേഹമെൻ പാപകഷ്ടത്താലേ 232

പറിച്ചേൻ നിൻ മാംസത്തെ പുലിക്കുസമമയ്യൊ
അറപ്പാനുള്ള കുട്ടം സ്മരിച്ചെന്നതുഹേതുവാൽ
തറച്ചേൻ ശിരസ്സിലും കണ്ടകമുനകളെ
കർണ്ണവും കണ്ണുംതന്നു എന്നതു നിമിത്തമായ് 236

കൺകളിൽകൂടെ മഹാമൂഢമുനപതിച്ചയ്യോ!
കഷ്ടമേ, മഹാകഷ്ടം, ദുഃഖമെ, മഹാദുഃഖം
ദുഷ്ടനായടിയനു പോക്കിട[1]മെവിടത്തിൽ
ഞാൻ കഷ്ടൻ മഹാദുഷ്ടൻ നന്ദിഹീനനാകിലും 240

ഞാൻ നിന്റെ കരവൃത്തി, പോക്കിടം [1]നീയേ നാഥാ!
അനന്തഗുണനിധെ! എവിടെയിടമുള്ള
നിൻ തിരുമുൻപിൽനിന്നു ഭയത്താലൊളിപ്പാനായ്
നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും 244

ക്കയും ചെയ്യുന്നു. എനിക്കു നീ രണ്ടു കരങ്ങളും പ്രദാനം ചെയ്തു. ആ കൈകളുംകൊണ്ടുതന്നെ നിന്റെ പവിത്രമായ കൈകളെ ഞാൻ തൊട്ടു. ഹാ, കഷ്ടം. എനിക്കു നടക്കാൻവേണ്ടി നൽകിയ എന്റെ പാദങ്ങളും കൊണ്ടു് ഞാൻ ചെയ്ത പാപകടങ്ങളാൽ നിന്റെ പാദങ്ങളും ആണികൊണ്ടു തറച്ചു. എന്റെ തിന്മകളാൽ നിന്റെ ദേഹം മുറിവേല്പിച്ചു. ഒരു പുലിയേപ്പോലെ ഞാൻ നിന്റെ മാംസത്തെപ്പറിച്ചു ക്ലേശിപ്പിച്ചു. അറയ്ക്കേണ്ട തരത്തിൽ തിന്മയായ കാര്യങ്ങളും ഞാൻ ചിന്തിച്ചതിനാൽ നിന്റെ ശിരസ്സിൽ ഞാൻ മൂർമുനകളെ തറച്ചു. എനിക്കു കർണ്ണവും കണ്ണുകളും തന്നതിനുപകരം ഞാൻ ഇങ്ങനെയാണല്ലോ ചെയ്തതു്.

(237_244) നിന്റെ കൺകളിൽകൂടി ഞാൻ ഹീനമായ മൂർമുനകളും പതിപ്പിച്ചു. കഷ്ടമേ കഷ്ടം. മഹാ ദുഃഖമേ ദുഃഖം. ദുഷ്ടനായ എനിയ്ക്കു് അഭയസ്ഥാനം ഈ ലോകത്തിൽ എവിടെയുണ്ടു്? മഹാകഷ്ടം നിറഞ്ഞവനും ദുഷ്ടനും നന്ദിഹീനനുമാണു് ഞാൻ എന്നിരുന്നാലും ഞാൻ നിന്റെ കരങ്ങളുടെ സൃഷ്ടിയാണല്ലോ. അനന്തഗുണനിധിയായ ദൈവമേ, നിന്റെ തിരുമുമ്പിൽനിന്നു് ഭയംകൊണ്ടു് ഒളിച്ചോടാൻ ഞാൻ ആഗ്രഹിച്ചാലും എവിടെയാണു് എനിക്കിടമുള്ളതു്. എന്റെ നാഥാ, എനിക്കു് അഭയസ്ഥാനം അങ്ങു മാത്രമാണു്.

---

1 പോക്കിടം – അഭയസ്ഥാനം.

എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ചു പിന്തിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻതുടന്നെന്റെ പിൻപെ
വഴക്കിയില്ലായെന്നെ[1] പുഴക്കം കടിപ്പാനായ്

പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ലനീയേ
ഇത്രനിന്ദിതനായ അടിയൻ നിന്റെ തിരു
ച്ചിത്രകൗതുകമായ കൂട്ടത്തിൽ[2] ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ

നിന്ദിതനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ള
സ്മരിച്ച ചേർന്നീടുകിൽ ചേത്തീടും നിൻ പാദത്തിൽ
ഇതിനായൊരു കഴിവിതെന്നു സ്മരിച്ചിപ്പോം

മതിയാൽവരുന്നു[3] ഞാൻ ഗദസെമ്മനിയതിൽ
പരമദേവസുതാ, കരുണ നിധേ, നാഥാ!
പരനാം പിതൃസമകൂടസ്ഥാ! സമസ്നേശാ!
നരവർഗ്ഗത്തിൻ രാജാ! ദാവീദിൻ സുതൻ രാജൻ

(245_256) ഞാൻ നിന്നെ മറന്നുവെന്നതു സത്യമാണ്. എന്നിരിക്കലും എന്നെ നീ ഉപേക്ഷിച്ചില്ല എന്നതു തീർച്ചയാണ്. നിന്നെ ഞാൻ ഉപേക്ഷിച്ച് പിന്തിരിഞ്ഞുപോയപ്പോം എന്നെ നീ മറക്കാതെ എന്റെ പിന്നാലെ നീ വന്നു. ക്ഷുദ്രജീവികൾക്ക് ഉപദ്രവം ചെയ്യാൻ നീ എന്നെ വിട്ടു കൊടുത്തില്ല. ഞാൻ പാപം ചെയ്യുവെങ്കിലും എന്നെ ഉപേക്ഷിച്ചില്ല. ഇത്രയേറെ നിന്ദ്യനായ എന്നെ നിന്റെ പരിശുദ്ധവും മനോഹരവുമായ (സന്യാസ) സമൂഹത്തിൽ അംഗമായിച്ചേരുവാൻ ഇന്ന് ഇടയാക്കിയിരിക്കുന്നുവല്ലോ. അതിനാൽ ഞാൻ പരിത്യക്തനായിത്തീർന്നിട്ടില്ല എന്നതു വ്യക്തമായിരിക്കുന്നു. ഞാൻ മരിച്ചിട്ടില്ല, തളർന്ന് അവശനായിട്ടേയുള്ള. ഞാൻ ഇതെല്ലാം ഓർത്തു നിന്റെ പാദത്തിൽ വന്നാൽ എന്നെയും നീ ഉൾപ്പെടുത്തും. അതിനായുള്ള അവസരമാണിതെന്നു ചിന്തിച്ച് നിന്നെ ഞാൻ സ്മരിക്കുന്നു.

(257_264) അതുകൊണ്ട് ഇപ്പോം എന്റെ മനസ്സുകൊണ്ട് ഗദ്സേമിനിയിലേയ്ക്ക് ഞാൻ വരുന്നു. പരമദൈവത്തിന്റെ പുത്രനായ നാഥാ കരുണാനിധേ, പരമപിതാവിനു സമനായി

---

1 വഴക്കിയില്ല – വിധേയനാക്കിയില്ല.

2 ചിത്രകൗതുകമായ കൂട്ടം - പുതിയ സന്യാസസഭയേയാകാം ഉദ്ദേശിക്കുന്നത്.

3 മതിയാൽ – മാനസികമായി

പരരക്ഷയെ ചെയ്പാൻ നീയെന്യെ മറ്റാരുള്ള
ഒൻപതുവൃന്ദം ദേവസുന്ദരഗണമൊക്കെ
മുൻപിലാരാധിച്ചിടും നിൻതിരുവടിയല്ലൊ
ഈ നിശാമദ്ധ്യെനീയീക്കാടതിലെഴന്നെള്ളി 264

ഈശനായിരിക്കുന്ന നീ എന്തു തേടീട്ടന്നു
എന്നുടെ സ്നേഹാജ്ഞാം നിന്നെത്തേടുവാനായി
മന്നിലിങ്ങെഴന്നെള്ളി സ്നേഹത്താൽ വലയുന്നേൻ
മുപ്പത്തിമൂന്നുവർഷം ഐപ്പാഴം[1] ദു:ഖത്തോടെ 268

അല്പനാം നിന്നെത്തേടി വലഞ്ഞേൻ മാസുതാ
മലകളാഴികളുമടവിതെരു വീഥി
വലഞ്ഞേനഹം തേടിമേ സുതാ! മഹാ ദുഃഖാൽ
കല്ലുകളും മുള്ളുകളും ചവിട്ടിപ്പൊടിച്ചു ഞാൻ 272

തെല്ലൊരുനേരം വൃഥാ ഞാനിരുന്നില്ല മോദാൽ
തൊണ്ണൂറ്റൊൻപതു നല്ലോരജ്ഞാടും വച്ചേച്ചു ഞാൻ
എണ്ണത്തിലൊന്നാം നിന്നെ തേടി ഞാൻ വലഞ്ഞിതാ
മമതാതനേറ ദേവമടിയിൽ നിന്നുനീങ്ങി 276

ട്ടുള്ള സർവേശ്വരാ, സമസ്തവസ്തുക്കളുടെയും ദൈവമേ, മനുഷ്യ വംശത്തിനേറ രാജാവേ, ദാവീദിനേറ പുത്രനായ രാജകുമാരാ, സ്വർഗ്ഗീയരക്ഷ പ്രദാനം ചെയ്യാൻ നീയല്ലാതെ മറ്റാരാണുള്ളതു്. ഒൻപതു വൃന്ദം സുന്ദരരായ ദൈവദൂതന്മാർ ആരാധിക്കുന്ന സർവോന്നതനായ നീയാണല്ലോ ഈ പാതിരാവിൽ ഈ കൊടുംകാട്ടിൽ എഴുന്നെള്ളി വന്നിരിക്കുന്നതു്?

(265_280) ഈശ്വരനായ അങ്ങു് എന്താണന്വേഷിക്കുന്നതു്? എന്നേറ സ്നേഹമേറിയ ആട്ടിൻ കുട്ടിയായ നിന്നെത്തന്നെ ഞാൻ അന്വേഷിക്കുന്നു. അതിനായി ഞാൻ ഈ ഭൂമിയിൽ വന്നു. നിന്നോടുള്ള സ്നേഹംകൊണ്ടു് എന്നേറ ഹൃദയം നിർഭരമായിരിക്കുന്നു. മുപ്പത്തിമൂന്നു വർഷം സദാ ദുഃഖത്തോടെ നിസ്സാരനായ നിന്നെത്തേടി ഞാൻ വലഞ്ഞു. മലയും ആഴിയും കാടുകളും തെരുവീഥികളും താണ്ടി ഞാൻ അലഞ്ഞു. എന്നേറ കുഞ്ഞേ, നിന്നോടുള്ള സ്നേഹത്താൽ ദുഃഖപരവശനായി കല്ലുകളും മുള്ളുകളും നിറഞ്ഞ വഴി ചവിട്ടി നടന്നു. തെല്ലു നേരംപോലും ഞാൻ സന്തോഷപൂർവം വൃഥാ ചെലവഴിച്ചില്ല. കാണാതെപോയ നിന്നെത്തേടി തൊണ്ണൂറ്റൊൻപതു ആടുകളെയും മാറ്റിനിർത്തിയിട്ടു് എണ്ണത്തിൽ ഒന്നുമാത്രമായ നിന്നെ അന്വേഷിച്ചു

---

1 ഐപ്പാഴം - എപ്പോഴും എന്നൊരു പാഠഭേദമുണ്ടു്.

മമ സ്നേഹമാതരം ദുഃഖാബ്ധി മുക്കിത്വയാ
വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനേ
ഭേദത്തെ നിനയ്ക്കേണ്ട സർവ്വവും മറന്നു ഞാൻ
അയ്യയ്യോ സ്നേഹപിതാ ദൈവമേ സർവ്വേശ്വരാ! 280

അയ്യത്താൽ മടുക്കുന്നേൻ പൊക്കുവാൻ മമനേത്രം
നിന്നുടെ തിരുമുഖം പാർക്കുവാൻ മഹാമോഹം
എന്നുടെ മഹാ പാപാൽ ശങ്കിക്കുന്നേഹമയ്യോ!
ഒക്കെയും പൊറുത്തു ഞാനടുത്തു വന്നീടുക 284

പൊക്കിയ മമകരം നീട്ടി ഞാൻ കഴുകട്ടെ
കരുണയേറും പിതു ഞാനെന്നു നിനച്ചിപ്പോൾ
കരുതിയണഞ്ഞുവാ, നിന്നെ ഞാൻ മുത്തീടുവാൻ
കഷ്ടനാമടിയന്റെ ദുഷ്കൃത ഹേതുവിനാൽ 288

നഷ്ടമായ് ദേഹീരൂപം ദുർഗ്ഗന്ധം വീശുന്നയ്യോ!
നിൻ തിരുവടിയുടെ നാവിനാലതും ചെയ്താൽ
പിന്തിരിഞ്ഞടിയനു ലഭിക്കും ദേഹീഗുണം
നിൻതിരുമേനിയതിൽ നിന്നൊഴുകുന്ന രക്തം 292

വലഞ്ഞു. എന്റെ താതനായ സർവേശ്വരന്റെ മടിയിൽ നിന്നു് ഞാനിറങ്ങി ഈ വഴികളിലൂടെയെല്ലാം ഞാൻ നടന്നു. നിനക്കുവേണ്ടി എന്റെ സ്നേഹമാതാവിനെ ദുഃഖക്കടലിൽ ഞാൻ മുക്കി. നീ വേഗം എന്റൊപക്കൽ വന്നാലും. ഞാനാണു് നിന്റെ പിതാവു്. നീ ഒട്ടും സംശയിക്കേണ്ട. സർവ്വവും മറന്നു് നിനക്കുവേണ്ടി ഞാൻ വന്നു.

(281_284) അയ്യയ്യോ! സ്നേഹപിതാവായ സർവേശ്വരാ, ദൈവമേ! എന്റെ കണ്ണുകൾ നിന്റെ പക്കലേയ്ക്കുയർത്തുവാൻ ലജ്ജ കൊണ്ടു് ഞാൻ ഭയപ്പെടുന്നു. നിന്റെ തിരുമുഖം ദർശിക്കുവാൻ എനിക്കു ദാഹിക്കുന്നു. എന്റെ പാപങ്ങളെ ഓർത്തു് അടുത്തുവരാൻ ഞാൻ ശങ്കിക്കുന്നു.

ഞാൻ എല്ലാം നിന്നോടു ക്ഷമിച്ചിരിക്കുന്നു. എന്റെ അടുക്കലേയ്ക്കു് നീ വന്നാലും.

(285_288) മകനെ ഞാനുയർത്തിയിട്ടുള്ള എന്റെ കരങ്ങളാൽ നിന്നെ ആശ്ലേഷിക്കട്ടെ. ഞാൻ നിന്റെ കാരുണ്യവാനായ പിതാവെന്നു് കരുതിക്കൊണ്ടു് എന്റെ അടുത്തുവരിക. നിന്നെ ചുംബിക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു.

(289_292) കൊള്ളരുതാത്തവനായ എന്റെ ദുഷ്ടതമൂലം എന്റെ ആത്മാവിന്റെ രൂപം എനിക്കു നഷ്ടമായി. ദുർഗന്ധം വമിക്കുന്നു. ദൈവമേ നിന്റെ നാവിനാൽ എന്നോടു് അരുളിച്ചെയ്താൽ എനിക്കെന്റെ ആത്മാവിന്റെ യഥാർത്ഥരൂപം ലഭിക്കും.

എൻ മഹാ കഷ്ടം പാപം കഴുകിവെളുപ്പിക്കും
അയ്യയ്യോ! കാണുന്നു ഞാൻ എത്രയും മഹാ ജനം
അയ്യമില്ലാതെ മുൻപിൽ കാണുന്ന ദുഷ്ടശിഷ്യൻ
വന്നവനടുത്തുടൻ തൻ തിരുമുഖമതിൽ 296

വന്ദന കാട്ടിക്കൊണ്ടു മുത്തിനാലേൽപ്പിച്ചയ്യോ!
എങ്കിലും മഹാദയാൽ പിന്തിരിഞ്ഞരുൾചെയ്തു
ശങ്കയില്ലാതെ സഖേ! ഇങ്ങനെ കാട്ടീടുന്നോ?
ചൊന്നുടനതുനേരം വൈരിവൃന്ദത്തെപ്പാർത്തു- 300

'വന്നതിനവകാശമെന്തെന്നു ചൊൽവിൻ നിങ്ങൾ''
'നസറേയനാമേശുവെന്നുള്ള ദേഹത്തിനെ
അരുച കല്പനയാൽ തേടുവാൻ വന്നു ഞങ്ങൾ''
''യേശുവെന്നുള്ള ദേഹം നാം തന്നെ അറിഞ്ഞാലും 304

മോശമൊന്നുമേ ശിഷ്യരോടു ഭാവിക്കവേണ്ടാ''
നാം തന്നെ എന്ന നാദം കേട്ടടൻ വൈരിവൃന്ദം
താൻ താനെ വീണു ജനമൊക്കെയും ശവംസമം
നാഥനേ! മമ ദേവാ! കോപമായൊരു വാക്യം 308

(293_300) നിന്റെ പവിത്രമായ ശരീരത്തിൽനിന്നൊഴുകുന്ന രക്തം എന്റെ ദുരിതങ്ങൾക്കിടയാക്കുന്ന പാപങ്ങളെയെല്ലാം കഴുകി വെടിപ്പാക്കും. അയ്യയ്യോ! എണ്ണമില്ലാതെ ജനങ്ങൾ തിങ്ങിനിൽക്കുന്നതും ലജ്ജയില്ലാതെ അവരുടെയിടയിൽ ദുഷ്ടനായ ശിഷ്യൻ നിൽക്കുന്നതും കാണുന്നു. അവൻ അടുത്തുവന്നു് നിന്റെ തിരുമുഖത്തു് ബഹുമാനം ഭാവിച്ച ചുംബനം അർപ്പിക്കുന്നു. എങ്കിലും നീ അതുല്യമായ ദയാവായ്പോടെ അവനോടു് അരുളിച്ചെയ്യുന്നു. അല്ലയോ സുഹൃത്തേ, ശങ്കയില്ലാതെ ഇങ്ങനെ ചെയ്യുവാനായിട്ടോ നീ വന്നതു് എന്നു്.

(300_312) ശത്രുഗണത്തെ നോക്കി നീ ഇങ്ങനെ അരുൾ ചെയ്തു. നിങ്ങൾ വന്നതിന്റെ കാര്യം എന്താണു് എന്നു് എന്നോടു പറയുക?

'നസ്രായനായ യേശു എന്നയാളിനെ അന്വേഷിച്ചു് രാജകല്പനയോടെയാണു ഞങ്ങൾ വന്നിട്ടുള്ളതു്?

യേശു എന്നയാൾ ഞാൻ തന്നെയാണു് എന്നു നിങ്ങൾ അറിഞ്ഞുകൊള്ളുക. നിങ്ങൾ എന്റെ ശിഷ്യരോടു് യാതൊരു അക്രമവും കാട്ടരുതു്!'

ഞാൻതന്നെയാണു് എന്നു് പറഞ്ഞുകഴിഞ്ഞപ്പോൾ ആ ശത്രുക്കൾ സ്വയം ആ ഭൂമിയിൽ ശവങ്ങൾ കണക്കെ വീണു. അല്ലയോ

നീയരുൾ ചെയ്തില്ലല്ലൊ എന്തിതു മഹാശക്തി
അയ്യയ്യോ കോപത്തിന്റെ നാളത്തു വന്നീടമേ
പെയ്യുമെന്നാളിലഗ്നിശരങ്ങൾ മഹാക്രൂശാൽ
ഇന്നു ഞാൻ സുവാക്യത്തിൻ സാരത്തെ സൂക്ഷിക്കുകിൽ

ചൊന്നതിൻ സാരം മഹാ ദയയിൻ സാരാർത്ഥമേ
വന്ന നിങ്ങളാരെന്നും നാമാരായിട്ടെന്നെന്നും
നന്നായി ഗ്രഹിച്ചതോ, നാം തന്നെ സൃഷ്ടിനാഥൻ
എന്നതന്നെയുമല്ല നിങ്ങളെൻ ഭൃത്യവൃന്ദം.

നന്ദിയാൽ പിതൃക്കളെ വരിച്ച നാഥൻ നാമെ
നിങ്ങളാ എജീപ്പിൽ തല്ലുകൊണ്ടീടുന്നേരം
മംഗലരാജ്യമതിൽ ചേർപ്പിച്ച നാഥൻ നാമെ
വലിയ വനമതിൽ പശിച്ചു ദാഹിച്ചപ്പോൾ

കല്ലിനാൽ ദാഹം പശിമഞ്ഞിനാൽ തീർത്തുവല്ലോ
ഇനിയും മമശക്ത്യാൽ യോസപ്പാത്തതിൻ ധരെ
വഹ്നിയാൽ ശുഭാശുഭം വിധിക്കുന്നതും നാമെ
ഇങ്ങനെയുള്ള പല സാരാർത്ഥമവരോടും

നാഥാ, എന്റെ ദൈവമേ ആ സന്ദർഭത്തിൽ കോപത്തോടെ ഒരു വാക്കുപോലും നീ അരുളിച്ചെയ്തില്ലല്ലോ? അങ്ങയുടെ ശക്തി അപാരമായിരിക്കുന്നു, അയ്യയ്യോ! കോപത്തിന്റെ ഒരുദിനം ഇനിയുണ്ടാകും. അന്നു് നീ മഹത്തായ കുരിശ്രൂംപേറി വരുമ്പോൾ ആഗ്നേയാസ്ത്രങ്ങളായിരിക്കും പൊഴിക്കുന്നതു്.

(313_316) ഇന്നു ഞാൻ നിന്റെ സുന്ദരമായ വാക്യത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ നീ അരുളിച്ചെയ്തതിന്റെ സാരാംശം മഹത്തായ ദയ ഒന്നു മാത്രമാണെന്നു് അറിയുന്നു.

നിങ്ങളാരാണെന്നുള്ളതും ഞാൻ ആരായിത്തീരുമെന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഞാൻ നിങ്ങളുടെ സ്രഷ്ടാവാണു്. എന്നു മാത്രമല്ല നിങ്ങളെല്ലാം എന്റെ ഭൃത്യന്മാരാകുന്നു.

(317_332) കൃതജ്ഞതാപൂർവം പിതൃക്കളെ സ്വീകരിച്ച നാഥൻ ഞാനാണു്. നിങ്ങൾ ഈജിപ്തിൽ വച്ചു് അവരുടെ പ്രഹരമേറപ്പോൾ നന്മയുടെ നാട്ടിലേക്കു് ആനയിച്ച നാഥനും ഞാൻ തന്നെ. വലിയ വനത്തിൽ നിങ്ങൾ വിശന്നുവലഞ്ഞു നടന്നു. കല്ലിൽനിന്നൊഴുക്കിയ നീരുറവയാൽ നിങ്ങളുടെ ദാഹം തീർത്തതും

മംഗലശൂന്യനായ എന്നോടുമിതുതന്നെ
എന്നുടെ ബോധക്കണ്ണുതുറന്ന നന്മതിന്മ
ഇന്നതെന്നറിഞ്ഞതിൻ ശേഷത്തിൽ മമാത്മാവിൻ
പാടങ്ങളായിടുന്ന ചിത്താദിഗതികളും[1] 328

പാതകങ്ങളും കണ്ട നേരത്തിൽ മഹാദയാൽ
എന്നുടെ ആത്മനെ താൻ സൂക്ഷിച്ച മമചങ്കിൽ
തന്നുടെ തിരുവാക്യമീവണ്ണം കേറ്റംപ്പിച്ചയ്യോ
നിന്നുടെ താതൻ നാമേ സ്നേഹദേവനും നാമേ 332

എന്നുടെ ചങ്കിൽ നീയ കന്തത്തെ പതിക്കുന്നൊ
അയ്യയ്യോ സ്നേഹപിതാ, സൃഷ്ടിനാഥനേ, മമ
അയ്യത്താലധോമുഖേ, താഴ്ത്തുന്നേൻ മമാനനം
എന്നതന്നെയുമല്ല, പിന്നെയും മമബുദ്ധി 336

ആകാശത്തുനിന്നു പൊഴിച്ച മന്നായാൽ നിങ്ങളുടെ വിശപ്പ് തീർത്തതും നിങ്ങളോർക്കുന്നില്ലേ? ഇനിയും ഒരുദിനം മഹാപ്രതാപത്തോടെ ജോസഫാത്തിന്റെ താഴ്വരയിൽ അഗ്നികൊണ്ട് നന്മയും തിന്മയും വേർതിരിക്കുന്നവനും വിധിവാക്യം അരുളിച്ചെയ്യുന്നവനും ഞാൻ തന്നെയത്രേ. ഇങ്ങനെയുള്ള സാരാർത്ഥം അവരോടും നന്മകൾ കളഞ്ഞുകുളിച്ചവനായ എന്നോടും പറയുന്നുണ്ട്, എന്റെ ബോധമാകുന്ന കണ്ണ് തുറന്നു നന്മയേതു തിന്മയേതു എന്നു വിവേചിച്ചറിഞ്ഞിട്ടും എന്റെ ആത്മാവിന്റെ പാടങ്ങളാകുന്ന ചിന്തകളും പ്രവർത്തനങ്ങളും കൊടിയപാപങ്ങളും നിറഞ്ഞു നില്ക്കുന്നതു നീ കണ്ട. എന്നിട്ടും നീ മഹാ ദയവോടെ എന്റെ ആത്മാവിനെ സൂക്ഷിച്ചുനോക്കിയിട്ട് എന്റെ ഹൃദയത്തിൽ തിരുവാക്യം പതിയുംവണ്ണം അരുളിച്ചെയ്യുന്നു.

(333_336) നീന്റെ പിതാവ് ഞാൻതന്നെ. സ്നേഹം നിറഞ്ഞ ദൈവവും ഞാനാകുന്നു. നീ എന്റെ ഹൃദയത്തിൽ കുന്തം പതിക്കുകയാണോ ചെയ്യുന്നതു എന്നു.

അയ്യയ്യോ! സ്നേഹപിതാവേ, സൃഷ്ടാവേ, എന്റെ നാഥാ, ലജ്ജയാൽ എന്റെ മുഖം ഞാൻ താഴ്ത്തുന്നു. മാത്രമല്ല, എന്റെ ബുദ്ധി ഭൗമികകാര്യങ്ങളിൽ മുഴുകി പാപം ചെയ്യാനാശിച്ച ചരിക്കവേ നീ അത്യധികമായ ദയയോടെ എന്റെ പിന്നാലെ നടന്നു.

---

1 ചിത്താദി - ചിന്താദിയെന്നും പാഠഭേദമാകാം

മന്നിലെ നിർമ്മോഹത്തെയാശിച്ചു ചരിക്കുമ്പോഴും
എന്നുടെ പിന്നാലെ നീ നടന്നു മഹാദയാൽ
നന്ദിയെ കാട്ടി എന്നെ വിളിച്ചു കരുണയാൽ
പാപി ഞാൻ ദുർഭാഗ്യത്താൽ ശ്രോത്രത്തെ
പൊത്തിക്കൊണ്ടു[1]

പാപപന്ഥാവിൽ നടന്നയ്യയ്യോ, മഹാ ദുഃഖം
പാതകനായിത്തന്യപാതയിൽ നടന്നപ്പോഴും
താതനെപ്പോലെ മമ പിന്നാലെ നടന്നു നീ
ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻ മമ സ്നേഹം

നല്ലൊരു മാതാവും നാം മേ സുത സ്മരിക്ക നീ
ഇങ്ങനെ ഓരോന്നുമേ മാനസേ തോന്നിച്ചു നീ
മംഗലശൂന്യനയ്യോ ഞാൻ ത്യജിച്ചതുകാലേ
ഇക്രിയകളും മമ ദുഷ്ക്രിയകളുമോർത്താൽ

ഇക്ഷ്മിയായ ഞാനു, മീ ജനത്തിനു സമം
എന്നു ഞാനോക്കും നേരം വിറച്ചു ഭ്രമിക്കുന്നു,
നന്ദിഹീനനാമെന്നെ നീയുപേക്ഷിച്ചീടുമോ
നിൻകരുണങ്ങൾക്കിതു തോന്നീടുമെന്നാകിലും

(337-344) സന്തോഷം കാണിച്ചുതന്നു് നീ എന്നെ അനുകമ്പയോടെ വിളിച്ചു. എന്നാൽ ദുർഭഗപാപിയായ ഞാൻ എന്റെ ചെവി പൊത്തിക്കൊണ്ടു് തിന്മയുടെ വഴികളിലൂടെ ചരിച്ചു. അയ്യോ! എനിക്കു ദുഃഖം. ഒരു പിതാവെന്നപോലെ നീ എന്റെ പിന്നാലെ നടന്നുവന്നു.

(345-355) നീ എന്നോടു പറഞ്ഞു. ഞനാണു് നിന്റെ സ്നേഹപിതാവു്. നിനക്കു നല്ല അമ്മയും ഞാനാകുന്നു. അല്ലയോ മകനെ നീ ഇതെല്ലാം സ്മരിക്കുക. ഇങ്ങനെ ഓരോ കാര്യവും എന്റെ മനസ്സിൽ നീ തോന്നിച്ചു.

നന്മ നഷ്ടപ്പെടുത്തിയവനായ ഞാൻ നിന്റെ കാരുണ്യം പരിത്യജിച്ചു. നിന്റെ സ്നേഹപ്രവൃത്തികളും എന്റെ ദുഷ്കർമ്മങ്ങളും പരിഗണിച്ചാൽ ഈ കൃമിയായ ഞാനും അങ്ങേ വൈരീഗണത്തിനു സമനായിരിക്കുന്നു. ഇതോക്കുമ്പോഴും ഞാൻ ഭയന്നുവിറയ്ക്കുന്നു. കൃതഘ്നനായ എന്നെ നീ മറന്നുകളയുമോ?

---

1 ദുർഭാഗ്യത്താൽ ശ്രോത്രത്തെ പൊത്തിക്കൊണ്ടു് – ദൈവത്തിന്റെ കരുണാപൂർവ്വമായ വിളിക്കെതിരെ ചെവി പൊത്തിയതു് നിർഭാഗ്യമായിപ്പോയെന്നു വിലപിക്കുന്നു.

എൻ കരുണയെക്കാണ്മാൻ പിമ്പിനാൽ വരിക നീ
ധീസ്മരണങ്ങൾകൊണ്ട[1] ഗാഗ്രൽത്താ ഗിരിയതിൽ
ധ്യാനത്താൽക്കേറിക്കാൺക മമ സ്നേഹത്തിൻ വൃത്തി
ശരണം നീയെ നാഥാ! മരണമടുത്തു നിൻ

സ്മരണയിതല്ലാതെ ശരണം മറൊന്നില്ലെ,
പൊയ്പോയോരജ്ഞിനെത്തേടുവാൻ നീ വന്നെന്നും
കെല്പുകേടുള്ളോർക്കെല്ലാം വൈദ്യനും നീയേ സ്വാമി!
നിന്നുടെ പക്കൽച്ചേർന്ന പാപികൾ സകലർക്കും

നിന്നുടെ ദയവിനെ ലഭിച്ചെന്നതും നൂനം
എങ്കിലും മഹാ തപസനുഷ്ഠിച്ചവരെല്ലാം
ശങ്കയില്ലാതെ നിൻറെ സന്നിധിയണഞ്ഞവർ
പാപിയാം ഞാനോ മമ പാപാബ്ധികാണുന്നിതാ

താപസനായീടുവാൻ മേ ശക്തി വശഹീനം
നിൻ തിരുപ്പാട്ടുകളെ സ്മരിച്ചു ചിന്തിപ്പാനും
നിൻതിരുരക്തത്താലെ ശരണം പ്രാപിപ്പാനും
ഇന്നിതെന്നിയേ മറു തപസ്സിന്നനുഷ്ഠിപ്പാൻ

'മകനെ നിൻറെ മനസ്സിനു ഇങ്ങനെയൊക്കെ തോന്നുമെങ്കിലും എൻറെ കാരുണ്യമെന്തെന്നു് അനുഭവിച്ചറിയുവാൻ എൻറെ പിന്നാലെ നീ വരിക. എൻറെ സ്നേഹം നിറഞ്ഞ ചെയ്തികളെ ന്തെന്നു് ബുദ്ധികൊണ്ടും സ്മരണകൊണ്ടും ഗാഗ്രൽത്താഗിരിയിൽ നീ കയറി ധ്യാനത്തിലൂടെ ദർശിച്ചാലും.'

(356–364) നാഥാ നീ മാത്രമാണെൻറെ ശരണം. എൻറെ മരണം സമീപിച്ചിരിക്കുന്നു, നിന്നെ സ്മരിക്കയല്ലാതെ പ്രതീക്ഷകൾ മറൊന്നുമില്ല. കാണാതെപോയ ആടിനെ തേടുവാൻ നീ വന്നുവെന്നും രോഗമുള്ളവർക്കെല്ലാം വൈദ്യൻ നീ തന്നെയാണെന്നും നാഥനായ നിൻറെ പക്കലണഞ്ഞ പാപികൾക്കെല്ലാം നിൻറെ കാരുണ്യം ലഭിച്ചെന്നും സത്യമായി വിശ്വസിക്കുന്നു. മഹാതപസ്സനുഷ്ഠിച്ചവരെല്ലാം നിസ്സംശയമായും നിൻറെ സന്നിധിയിൽ എത്തിച്ചേർന്നിട്ടുണ്ടു്. പാപിയായ ഞാൻ എൻറെ പാപങ്ങളുടെ സമുദ്രം ദർശിക്കുന്നു.

(365–380) താപസനായി ജീവിക്കുവാൻ എൻറെ ശരീരത്തിനു ശക്തി പോരാ. നിൻറെ തിരുമുറിവുകളെ ഓർത്തു ധ്യാനി

---

1 ധീസ്മരണങ്ങൾ - ബുദ്ധിയും ഓർമ്മയും

എന്നാലസാദ്ധ്യം ദ്ധം ശരണം തിരുരക്തം
ഇത്തിരു രക്തത്തിന്നു ദാഹിച്ചു വൈരിവൃന്ദം
അത്തിരു വാക്യം കേട്ടങ്ങണഞ്ഞു ദയവിനാൽ
രക്തപ്രിയനാം വ്യാഘ്രമെന്നപോൽചിലർ തന്നെ 372

രക്തനാഡിയോടീട്ടം ഗളത്തെയമർത്തിയും
സിംഹവൽ ക്രോധത്തോടെ മാറലർ തള്ളിയുന്തി
സിംഹരാജേന്ദ്ര രാജനാഥനെ വീഴിച്ചയ്യോ!
അടിച്ചു കന്നത്തിലും പറിച്ചു തിരുമുടി 376

പിടിച്ചുകെട്ടി കൈകളം പിൻകെട്ടാൽചോരൻസമം
ക്രോധമേറീട്ടം ജനം ക്രുദ്ധിച്ചശ്വാക്കളം യഥാ,
ക്രൂരമായടിച്ചവർ വിഷസർപ്പത്തെപ്പോലെ
ശത്രുസംഹാരംചെയ്യ സേനാവൃന്ദത്തെപ്പോലെ 380

തത്രാസം [1]കൊണ്ട ശിഷ്യരൊക്കെയുമൊളിച്ചയ്യോ!
ഇങ്ങനെയവർ തന്നെ ഓർസലേം നഗർനീളെ
മംഗലനാഥൻ തന്നെപ്പാശത്താൽ വലിച്ചയ്യോ!
തന്നുടെ തിരുച്ചിത്തം കരത്താലെന്നെച്ചെയ്യ 384

ക്കാനും നിന്റെ തിരുരക്തം വഴിയായി ശരണം തേടുവാനും അല്ലാതെ മറ്റു തപോനുഷ്ഠാനങ്ങളം നടത്താൻ എനിക്കു കെല്പില്ല എന്നതു് തീർച്ചയാണു്. എനിക്കു് പ്രതീക്ഷ നൽകുന്നതു് നിന്റെ പാവനമായ രക്തമാണു്. വൈരികളം ആ രക്തത്തിനായി ദാഹിച്ചു എന്നു് ദയവിനാൽ നീ അരുളിച്ചെയ്ത വാക്കുകളം കേട്ടു് രക്തദാഹികളായ വ്യാഘ്രങ്ങളെപ്പോലെ ചിലർ നിന്നെ വളഞ്ഞു. നാഡിഞരമ്പുകളിലൂടെ ചുടുരക്തമൊഴുകുന്ന കഴുത്തിൽ അമർത്തിയും, സിംഹത്തിനു തുല്യമായ ക്രോധം കാട്ടിക്കൊണ്ടു തള്ളിയും ഉന്തിയും ശത്രുക്കളിൽ ചിലർ രാജസിംഹമാകുന്ന നാഥാ നിന്നെ നിലത്തു വീഴിച്ചല്ലോ. കവിളിൽ ആഞ്ഞടിച്ചു. തലമുടി പറിച്ചുകളഞ്ഞു. ഒരു മോഷ്ടാവിനെ എന്നപോലെ കൈകളം പിന്നിലേക്കു പിടിച്ചുകെട്ടി. കോപവെറിപൂണ്ട ജനങ്ങളം ക്രൂരരായ നായ്ക്കളെപ്പോലെ കുരച്ചുകൊണ്ടു നിന്നു. ശത്രുസംഹാരം ചെയ്യുന്ന സൈന്യവ്യൂഹത്തെപ്പോലെയും വിഷസർപ്പത്തെയെന്നപോലെയും അവർ ക്രൂരമായി നിന്നെ മർദ്ദിച്ചു.

(381–390) ഭയചകിതരായി ശിഷ്യന്മാർ ഓടിയൊളിച്ചു. ഹാ കഷ്ടം! ശത്രുക്കളം നന്മകളംകൂടയവനായ നാഥനെ കയറിൽ

---

1 തത്രാസം – പേടി

എന്നതിൻ കൃതജ്ഞത കാട്ടിയെൻ കരമയ്യോ!
പിന്നെയും മമ പാപാൽ ഉന്നതവിധിയതിൽ
എന്നെ രക്ഷിപ്പാനുള്ള തന്നുടെ മഹാദയാൽ
സർവ്വരെ വിധിക്കുന്ന നീതിമാൻ പാപിസമം

പൂർവ്വംഹന്നാനുമുൻപിൽ നീതിയെ കേൾപ്പാൻനിന്ന
പിന്നെയും ഗ്രുശ്രേഷ്ഠൻ കയ്യേപ്പാ തന്റെ മുൻപിൽ
ഉന്നതൻ നാഥൻ തന്നെയണച്ച ദുഷ്ടജനം.
'നിന്നുടെ ശിഷ്യജനമെവിടെ എത്രമാത്രം

മന്നിലൊക്കെയും കേൾപ്പിച്ചെന്നതുചൊന്നീടുക'
നില്ക്കുന്ന മഹാജനമൊക്കെയും കേൾക്കെച്ചൊല്ലി,
'ഇന്നിവർ ചൊന്നീടുമെ, രഹസ്യമൊന്നുമില്ല.
ഇങ്ങനെ സാധുത്വമായുത്തരിച്ചതുനേരം

തിങ്ങിനകോപത്തോടെയടിച്ച തുക്കവിളിൽ
അയ്യയ്യോ അടിയുടെ കാരണം ഗ്രഹിച്ചുഞാൻ,
അയ്യമില്ലാതെ, അഹംചെയ്ത വൃത്തിയാലയ്യോ
ദുർഗ്ഗതിയോഗ്യനായ മേവിധി നീക്കീടുവാൻ

വരിഞ്ഞുകെട്ടി ജറുസലേം നഗരത്തിലൂടെ വലിച്ചിഴച്ചു. നിന്റെ മനസ്സു് സ്വകരങ്ങളാൽ എന്നെ സൃഷ്ടിക്കാൻ തയ്യാറായി. അയ്യോ എന്റെ കരങ്ങം എത്തു് കൃതജ്ഞതയാണു് നിനക്കപ്പിച്ചതു്? എന്റെ പാപങ്ങംനിമിത്തം എനിക്കുവരുന്ന അന്ത്യവിധിയിൽ എന്നെ ദയവോടെ രക്ഷിക്കുന്നതിനുവേണ്ടി സർവരേയും വിധിക്കുന്ന വിധിയാളനായ നീ ഒരു മഹാപാപിക്കു സമമായി മുൻപുതന്നെ സ്ഥാപകയോഹന്നാന്റെ മുമ്പാകെ നിന്നു വിധികേട്ടു, പിന്നീടു് പ്രധാനാചാര്യനായ കയ്യപ്പാസിന്റെ സന്നിധിയിലും വിധികേൾക്കാൻ നിന്നു. ഉന്നതനായ നാഥാ അങ്ങയോടു് ആ ദുഷ്ടന്മാർ ചോദിച്ചു.

[391–401] നിന്റെ ശിഷ്യന്മാർ എവിടെ? നീ എന്തൊക്കെയാണു് ഈ നാട്ടിലൊക്കെ പഠിപ്പിച്ചു നടന്നതു് എന്നും പറയുക. അവിടെനിന്ന ജനങ്ങളെല്ലാം കേൾക്കത്തക്കവിധം നീ പറഞ്ഞു. 'എനിക്കു രഹസ്യമായിട്ടു് ഒന്നുമില്ല. ഞാൻ പഠിപ്പിച്ചതൊക്കെ എന്താണു് എന്നു് ഇവിടെ നില്ക്കുന്ന ജനങ്ങളം തന്നെ പറഞ്ഞുകൊള്ളും.

ഇങ്ങനെ സൗമ്യതയോടെ നീ പറഞ്ഞ സമയത്തു് വർദ്ധിച്ച കോപത്തോടെ തിരുക്കവിളിൽ അവർ ആഞ്ഞടിക്കയാണല്ലോ ചെയ്തതു്. അയ്യയ്യോ! നിന്നെ അടിച്ചതിന്റെ കാരണം ഞാൻ ഗ്രഹി

ദുഷ്ടനാൽ വിധികേട്ടെൻ ജനകൻ മഹാദുഃഖം
വീണ്ടുനീ രാത്രൗപെട്ട ദുഃഖവും മഹാകഷ്ടം
വീണ്ടും വീണ്ടുമേയുള്ള വീഴ്ചകൾ ക്ഷമിച്ചയ്യോ!
വെളുത്തനേരം നിന്നെക്കടുത്ത വൈരിവൃന്ദം

വെളുത്തോൻ[1] പീലാത്തോസിൻ വശത്തിലേല്പിച്ചവർ
വിധിപ്പാനവൻ നിന്നിൽക്കുറ്റ വസ്തു ഏതും
വിധത്തിൽ കണ്ടില്ലെന്നും സ്വരത്താലറിയിച്ച.
കടുത്ത വൈരികളെയടക്കീടുവാൻ പിന്നെ

തടുത്തു പൊല്ലിയിയാം ഗലീലാക്കാരൻ സ്ഥിരം
അടുത്തിരിക്കുമേറോദേസിൻറെ നീതിസ്ഥലേ
തടുത്തുകൂട്ടി അവനയച്ചു വ്യാപ്തിവശാൽ[2]
ദുർമ്മാർഗ്ഗ പഥഗാമി പ്രത്യക്ഷം[3] കണ്ടിടുവാൻ

ദുർമ്മോഹാലിപ്തിച്ചവൻ ചോദിച്ചു പലവിധം
നിർമ്മല! സർവ്വേശ്വര! നിന്നുടെ നാദം കേൾപ്പാൻ
അമ്മലഗാമി[4] യോഗ്യനായില്ലാദ്യന്തം തന്നെ.
എന്നുടെ സ്നേഹപിതാ നിന്നുടെ സുതൻ ഞാനും

ച്ചിരിക്കുന്നു. ലജ്ജയില്ലാതെ ഞാൻ ചെയ്ത പാപങ്ങളാണ് കാരണം. ദുരന്തത്തിനു മാത്രമർഹനായ എൻറെ ശിക്ഷാവിധി മാറ്റിക്കളയുവാൻ മഹാദുഃഖത്തോടെ എൻറെ സ്നേഹപിതാവായ നീ ദുഷ്ടൻറെ വിധിവാക്യം കേട്ട.

(402-416) പിന്നെയും നീ ആ രാത്രിയിൽ സഹിച്ച ക്ലേശങ്ങൾ എത്രയോ വലുതായിരുന്നു. തുടരെത്തുടരെയുള്ള കഷ്ടതകളെല്ലാം നീ ക്ഷമാപൂർവം സഹിച്ചു. നേരം വെളുത്തപ്പോൾ കഠിനഹൃദയരായ ശത്രുക്കൾ നിന്നെ റോമൻവംശജനായ പീലാത്തോസിൻറെ മുമ്പാകെ നിറുത്തി. നിന്നെ വിധിക്കാൻ ഒരുങ്ങിയ അയാൾ നിന്നിൽ യാതൊരു തെറ്റും കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചു. കഠിനമനസ്കരായ ശത്രുക്കളെ അടക്കി നിറുത്തുവാൻ അവരെ ചേർത്തുനിറുത്തിക്കൊണ്ട് പറഞ്ഞു. അടുത്തുള്ള ഹേറോദേസ് രാജാവിൻറെ അധികാരപരിധിയിൽപ്പെട്ടയാളാണ്, സ്ഥിരം ഗലീലായിൽ വസിക്കുന്ന ഇദ്ദേഹം. ഹേറോദേസ് ഇദ്ദേഹത്തെ നീതിവിധി ചെയ്യട്ടെ എന്നു്.

---

1 വെളുത്തോൻ - വെളുത്തവൻ (റോമൻ വംശജൻ)
2 വ്യാപ്തിവശാൽ - അധികാരവ്യാപ്തിയിൽ പെട്ടിരുന്നതിനാൽ
3 പ്രത്യക്ഷം - അത്ഭുതദൃശ്യം 4 മലഗാമി - പാപത്തിൽ ചരിക്കുന്നവൻ.

എങ്കിലും പാപിഞാനെന്നോക്കുമ്പോഴം വിറയ്ക്കുന്നേൻ
ഇന്നവൻ സുവാക്യത്തെ കേഴംപ്പതിന്നയോഗ്യനായ്
എന്നപോൽ നിന്റെ സ്വരം നിറുത്തീടല്ലേ താതാ!
പിന്നെയും നിന്നെയവൻ ഭ്രാന്തനായ്ച്ചമച്ചയ്യോ! 420

മിന്നും തിരുമേനിയിൽ വെള്ളപ്പട്ടടപ്പിച്ചു.
അയ്യയ്യോ വൈരീവൃന്ദം പൊയ്സാക്ഷി [1] വീണ്ടും കൂട്ടി
അയ്യമില്ലാതെ വീണ്ടും പന്തിയോസിന്നേംപ്പിച്ചു
ദുഷ്ടക്രിഷ്ടമാകുവാൻ വീണ്ടുമെൻനാഥാ ! നിന്നെ 424

ദുഷ്ടനങ്ങേംപ്പിച്ചയ്യോ ! നാഥനെ ഭടന്മാക്കു
നിർമ്മല ! മമ ദേവാ ! സുന്ദരശരീരിയെ !
എൻമലപാപാൽ [2] നിന്നെത്തല്ലുവാൻ വിധിച്ചയ്യോ !
ബ്രഹ്മചാര്യന്നും നീയെ നിർമ്മലശ്ശരീരി, നീ 428

ബ്രഹ്മകല്പനവിധി ഏവക്കും ചതുർദ്ദശം
തികപ്പാൻ വിധിയില്ല, മുപ്പതും നവംമാത്രം
അടിപ്പാൻ ന്യായമിതും നിനക്കില്ലയ്യോ നാഥാ !
അഴിച്ചതിരുവസ്ത്രം മുറുക്കിക്കെട്ടിളണിൽ 432

ദുർമ്മാർഗ്ഗപഥത്തിൽ ചരിച്ചിരുന്ന ഹേറോദേസ് നിന്നിൽ നിന്നു് ഒരത്ഭുതം കാണാൻ മോഹിച്ചു് പല ചോദ്യങ്ങളും ചോദിച്ചു. നിർമ്മലനായ സർവേശ്വരാ, നിന്റെ സ്വരം കേഴംക്കുന്നതിനു് ആ ദുർമ്മാർഗി യോഗ്യനായിരുന്നില്ല എന്നതു തീർച്ചയാണു്. എന്റെ സ്നേഹപിതാവേ, നിന്റെ പുത്രനായ ഞാനും അയോഗ്യനായിരിക്കുന്നു.

(417_419) എന്റെ പിതാവേ, ഈ കാര്യം പാപിയായ ഞാൻ ഓക്കുമ്പോഴം വിറയ്ക്കുന്നു. എന്നാലും നിന്റെ തിരുവചനങ്ങളം ഹേറോദേസിനു് കേഴംക്കാൻ കഴിയാതെ വന്നതുപോലെ എന്നോടുള്ള അവിടുത്തെ സ്നേഹസംഭാഷണം നിറുത്തരുതേ.

(420_427) ഹേറോദേസ് നിന്നെ ഭ്രാന്തനായി പരിഹസിച്ചു. മനോഹരമായ നിന്റെ ശരീരത്തിൽ വെള്ളപ്പട്ടുതുണി ഉടുപ്പിച്ചു. അയ്യയ്യോ! വൈരികളം വീണ്ടും പോയിസാക്ഷികളെ കൂട്ടിച്ചേർത്തു് പീലാത്തോസിന്റെ പക്കലേയ്ക്കു് കൊണ്ടുവന്നു. എന്റെ നാഥാ, ദുഷ്ടന്മാക്കു് ഇഷ്ടമായ വിധത്തിൽ നിന്നോടു പെരുമാറുവാനായി

---

1 പൊയ്സാക്ഷി – കള്ളസാക്ഷി.

2 മലപാപാൽ – മലപോലെ കൂമിഞ്ഞ പാപങ്ങളാൽ.

അടിക്കും ഭടന്മാക്കും കൊടുത്തു രൊക്കം പണം
അമ്മയേ ! മഹാദയാ നാഥയേ ! രാജ്ഞീമമ
നിർമ്മലാംഗിയേ ! മമശക്തിയേ ! രാജേശ്വരീ !
ഇന്നിതുനേരം നീയീകാഴ്ചയെ ദർശിച്ചിതോ

എന്തുനീ ചെയ്തീടുന്നു നിന്നുടെ പുത്രനിതാ,
നിന്നുടെ തിരുദരെ താനിരിക്കുമ്പോഴുംതന്നെ
മുന്നമേ ഉടപ്പിപ്പാൻ ചമച്ചതിരുവസ്ത്രം.
നിർമ്മല ബാഹുക്കളാൽ നീ തന്നെ നൂൽകയും നൂറ്റു

ഒന്നയാൽ[1] നെയ്ത ചമച്ചന്നൊരു പിള്ളക്കച്ച
നിൻമണവാളൻ തന്റെ കൈകളാൽ സുപുഷ്പങ്ങാം
ചെമ്പകമല്ലിനല്ല പിച്ചകകുസുമാദി
ഇമ്പമേറീടും കറുവാ[2] യാദിവർഗ്ഗങ്ങളെ

നിന്നെ വീണ്ടും ദുഷ്ടന്റെ കയ്യിൽ ഏല്പിച്ചു. അയ്യോ മലപോലുള്ള എന്റെ പാപങ്ങൾമൂലം നാഥ, നിർമ്മലനെ, എന്റെ ദേവനായവനേ, സുന്ദര ശരീരമുള്ളവനേ, നിന്നെയാണല്ലോ ഭടന്മാർക്കു് പ്രഹരിക്കുവാൻ വേണ്ടി ഏല്പിച്ചു കൊടുത്തതു്.

(428–436) ബ്രഹ്മകല്പന വിധിയനുസരിച്ചു് മുപ്പത്തൊൻപതു് അടിയിൽ കൂടുതൽ കൊടുത്തു് ഒരുവനെ ശിക്ഷിക്കാൻ പാടില്ലെന്നുണ്ടു്, അങ്ങനെ പ്രഹരമേല്പിക്കുന്നുള്ള അർഹത നിനക്കില്ലല്ലോ. പക്ഷേ നാഥാ, നിന്നെ അവർ കൽത്തൂണിൽക്കെട്ടി നിന്റെ വിശുദ്ധ വസ്ത്രം അഴിച്ചുമാറ്റി അടിച്ച ഭടന്മാർക്കു് അവർ ഉടനെ പണം കൊടുത്തു. അല്ലയോ അമ്മേ, മഹാദയയുള്ള നാഥേ, ശക്തിദായികേ എന്റെ രാജ്ഞീ, രാജേശ്വരിയായവളേ ഈ കാഴ്ച നീ ദർശിച്ചുവോ?

(437–456) അമ്മേ എന്താണു് നീ ചെയ്യുന്നതു്? നിന്റെ പുത്രൻ ഉദരത്തിൽ സ്ഥിതിചെയ്യുമ്പോഴുംതന്നെ അവിടത്തേയ്ക്കു ധരിക്കാനുള്ള വസ്ത്രം നീ നെയ്യുവല്ലോ. നിർമ്മലമായ നിന്റെ കൈകൾകൊണ്ടു് നൂല്നൂറ്റു് മനോഹരമായി നെയ്തെടുത്ത കുട്ടിയുടുപ്പു നിന്റെ മണവാളൻ കൊണ്ടുവന്ന ചെമ്പകം രാജമല്ലി, പിച്ചകം എന്നിങ്ങനെയുള്ള പൂവുകളും കറുവാപ്പട്ട തുടങ്ങിയ സുഗന്ധ വസ്തുക്കളും കൂട്ടിച്ചേർത്തു് ഉണ്ടാക്കിയ പരിമള ജലം കൊണ്ടു് തളിച്ചു് ഒരു പെട്ടിയിൽ ഒളിച്ചു സൂക്ഷിച്ചുവച്ചുവല്ലോ. ഇളം പൈതലായിക്കിടന്നപ്പോൾ

---

1 ഒന്ന-ഒണ്ണ (അഴകു്)

2 കറുവാ-ഒരു സുഗന്ധവർഗ്ഗം

ഒക്കെയും കൂട്ടിച്ചമച്ചെത്രയും സുബുദ്ധിയാൽ
വെക്കമായ് മാററിക്കൊണ്ട സുഗന്ധജലത്തിനാൽ
തളിച്ച ശുദ്ധീകരിച്ചടച്ച പെട്ടിതന്നിൽ
ഒളിച്ച സൂക്ഷിച്ചല്ലോ പിറക്കും മുൻപിലയ്യോ 448

ഇതുമെന്നിയെ തന്റെ ശിശുവാം കാലത്തിങ്കൽ
സുതിയാലീജിപ്പതിൽ ചമയിച്ചിതു നീയെ
സുതനും പഞ്ചവയസ്സടുക്കുന്നതിൻ മുൻപെ
സുതചിത്തം പോലിതു ധരിപ്പിച്ചതുമുതൽ 452

സുന്ദരൻ സുതനോടുമൊന്നിച്ചുവളർന്നതും
അന്നെന്നപോലെയിന്നും മിന്നുന്ന വസ്ത്രമിതാ
ഇന്നിതാ ദുഷ്ടജനം പറിച്ചുനീക്കിക്കൊണ്ട
സുതിയോഗ്യമാം തന്റെ കാൽകരം കെട്ടുന്നതും 456

മറെറാരു ജനത്തിന്റെ കൈകളിൽ കൊടുക്കാത്ത
ഉററനിൻ സ്നേഹസുത ദേഹത്തെക്കാണുന്നിതോ !
ദുഷ്ടരാമവർ തന്നെയടിച്ച അടികളാൽ
കഷ്ടമായ് തന്റെ ദേഹമൊക്കെയും മുറിഞ്ഞയ്യോ! 460

പിന്നെയുമടിയതിലടിക്കനിമിത്തമായ്
സുന്ദരദേഹഖണ്ഡം ചിതറി വീഴുന്നയ്യോ !

പുതപ്പിച്ചതും, ഈജിപ്തിലേയ്ക്ക് ഒളിച്ചോടിയപ്പോഴും ധരിപ്പിച്ചതും ഈ വസ്ത്രം ആയിരുന്നു. അഞ്ചുവയസ്സിനു മുമ്പ് ധരിച്ചുകൊണ്ട നടന്ന ഈ വസ്ത്രം അവിടുത്തെ ഇഷ്ടത്തിനനുസരിച്ചു ധരിപ്പിച്ചതു മുതൽ സുന്ദരനായ ആ പുത്രന്റെ വളർച്ചയ്ക്കനുസരിച്ചു ആ വസ്ത്രവും വലുതായിക്കൊണ്ടിരുന്നു. അന്നത്തേതുപോലെ ഇന്നും മിന്നിത്തിളങ്ങുന്ന ആ ഉടുപ്പ് ഇന്നും ദുഷ്ടന്മാരായ ശത്രുക്കൾ പറിച്ചു നീക്കുന്നു. സുതിയ്ക്കു യോഗ്യമായ അവിടുത്തെ തൃക്കാൽക്കരങ്ങൾ വരിഞ്ഞു കെട്ടുന്നതും നീ കാണുന്നു.

(457-464) മറെറാരു മനുഷ്യരുടെയും കയ്യിൽക്കൊടുക്കാതെ ഉററ സ്നേഹത്തോടെ പരിപാലിച്ച പുത്രന്റെ തിരുമേനിയെ അല്ലയോ നീ ദർശിക്കുന്നതു്. ദുഷ്ടന്മാരായ അവർ നടത്തിയ പ്രഹരങ്ങളാൽ അതീവ കഷ്ടതരമായി അവിടുത്തെ ദേഹം മുറിയുകയാണല്ലോ. പിന്നെയും പിന്നെയും അവർ അടിച്ചതുമൂലം അവിടുത്തെ മനോഹരമായ ശരീരം കഷണങ്ങളായി ചിതറി വാഴുകയാണല്ലോ. അല്ലയോ

അമ്മയെ! പ്പാക്നിൻെറ സുതൻെറ സുദേഹത്തെ
നിർമ്മലൻ തന്നെക്കണ്ടാലെന്തിതോ മഹാദുഃഖം 464

വൈരികളുടെ മനമിതു കാത്തതിനാലെ
ക്രൌര്യവീരന്മാർ വീണ്ടും താഡിച്ച മുറിക്കുന്നു
അയ്യയ്യോ വൈരികളെ പൊയ്യാനി ദൃഷിക്കുന്നു
മെയ്യയ്യോ ഞാൻ ചെയ്തൊരു പാപകാഠിന്യമിതേ 468

നാഥനെ! പാപിയെന്നെ ശിക്ഷിക്കചിത്തംപോലെ
നാഥയാം തായെനിന്നെ ഖേദിപ്പിക്കുന്നതി ദുഃഖം
പിഴച്ച പാപി ഞാനെ പ്രാശ്ചിത്തം[1] നീ ചെയ്യുന്നോ
കുഴച്ച പാപിതാനുമസാദ്ധ്യനെന്നു ദൃഢം 472

എങ്കിലും മമപാപമൊത്തിരി കുറഞ്ഞെങ്കിൽ
നിൻ തിരുവടിയുടെ കഷ്ടവും കുറഞ്ഞേനേ!
ഞാൻ സർവ്വപാപംചെയ്തമേ സർവ്വശരീരത്താൽ
നിൻ സർവ്വശരീരാംഗമൊക്കെയും ദുഃഖിപ്പിച്ചേൻ 476

അമ്മേ, അങ്ങേ തിരുക്കുമാരൻെറ ശരീരം കാണുക. നിർമ്മലനായ അവിടുത്തെ കാണുന്ന മാത്രയിൽ മഹാദുഃഖമല്ലാതെ മറെറന്താണ് ഉണ്ടാകുന്നതു്.

(465-472) വൈരികൾ ഇത്രകണ്ടു് മനസ്സിൽ കാഠിന്യം വർദ്ധിച്ചവരായി അതിക്രൂരതയോടെ അവിടുത്തെ വീണ്ടും മർദ്ദിക്കുന്നു. അയ്യയ്യോ ഞാൻ ആ പാപികളെ വെറുതേ ദൃഷിക്കയാണ് അവിടുത്തെ മെയ്യിലേറെറതു് എൻെറ പാപങ്ങളുടെ കാഠിന്യം കൊണ്ടുള്ള ശിക്ഷയാണ്. നാഥാ! അങ്ങേ ചിത്തത്തിനനുസരിച്ചു് എന്നെ ശിക്ഷിക്കുക. എൻെറ നാഥയായ അമ്മേ, നിനക്കു വലുതായ ഖേദം ഞാൻ വരുത്തി. പിഴചെയ്ത പാപി ഞാൻ തന്നെയാണ്. കൊള്ളെരുതാത്ത പാപിയായ എനിക്കു് അസാധ്യമെന്നു മനസ്സിലാക്കിയിട്ടു അമ്മേ, നീ തന്നെ എൻെറ പാപങ്ങൾക്കു പരിഹാരം അനുഷ്ഠിക്കുകയാണല്ലോ.

(473–476) എങ്കിലും എൻെറ പാപങ്ങൾ അല്പമെങ്കിലും കുറവായിരുന്നെങ്കിൽ നാഥനായ അവിടുത്തെ പീഡാനുഭവവും അല്പമെങ്കിലും കുറയുമായിരുന്നു. ഞാൻ എൻെറ ശരീരത്തിൻെറ സർവ അവയവങ്ങൾക്കൊണ്ടും പാപം ചെയ്തു; നിൻെറ ശരീരത്തിൻെറ സർവ അംഗങ്ങളേയും ദുഃഖത്തിലാഴ്ത്തി.

---

1 പ്രാശ്ചിത്തം–പ്രായശ്ചിത്തം

എങ്കിലും ദയാനിധേ നിൻസർവ്വദേഹംദു:ഖം
ശങ്കിലുള്ളടിയന്റെ ദു:ഖത്താലല്പം നീങ്ങും
എന്നിതുമാത്രം മമ മനസ്സിലുറച്ചിട്ട
ഇന്നു ഞാൻ ഖേദിച്ചിടാമിതല്ലാതെന്തുഗതി 480

ഇങ്ങനെ ദുഷ്ടജനം തന്നുടെ ശരീരത്തിൽ
തിങ്ങിനക്രോധത്തോടെ തികച്ചു സഹസ്രങ്ങം[1]
സുന്ദരശരീരത്തിന്നംഗങ്ങംക്കൊന്നും സുഖം
മുന്നമേയുള്ള ശർമ്മമാംസമെങ്ങുമേയില്ല 484

ഇന്നിതു മതിയാക്കിയെങ്കിലുമുടൻതന്നെ
പിന്നെയുമതിലല്പരമുന്നതപട്ടംകൂട്ടി
തന്നുടെ സ്നേഹജനലോകരാമിവർകൾക്കു
തന്നുതാൻ രാജ്യം പിന്നെ രാജാവിൻ കിരീടവും 488

എന്നതിനുള്ള നന്ദികാട്ടുവാൻ നാഥൻതന്റെ
സുന്ദരശിരസിനും ചമച്ചുമുള്ളാൽമുടി
പിഴച്ച പിതാവിനാൽ[2] മുളച്ചമുംകം തെറ്റി
ചമച്ചനാഥൻ തന്റെ ശിരസിൽത്തറച്ചയ്യോ! 492

(477_480) എങ്കിലും ദയാനിധിയായ ദൈവമേ, നിന്റെ സർവാംഗദുഃഖം എന്റെ ഹൃദയത്തിലുള്ള അനുതാപംകൊണ്ടു് അല്പമെങ്കിലും കുറയും. ഈ കാര്യം മാത്രം ചിന്തിച്ചുകൊണ്ടു് ഞാൻ അനുതപിക്കാം. അതല്ലാതെ എന്താണെനിക്കു മാശ്രുമുള്ളതു്?

(481_484) ഇപ്രകാരം ദുഷ്ടന്മാരായ ആ ജനങ്ങം ക്രൂരതയുടെ പാരമ്യത്തിൽ സഹസ്രക്കണക്കിനു പ്രഹരങ്ങളേല്പിച്ചു. സുന്ദരമായ നിന്റെ ശരീരത്തിൽ അവയവങ്ങംക്കെല്ലാം വേദനമാത്രമായിരുന്നു. നേരത്തേ സുഖം നൽകിയിരുന്ന മാംസപേശികം ഇപ്പോം ഒന്നും തന്നെയില്ല, നിന്റെ ശരീരത്തിൽ.

(485_492) പ്രഹരങ്ങം അവസാനിപ്പിച്ചിട്ടു് അതിനേക്കാം വലിയ ഒരു പദവികൂടി അവിടുത്തേയ്ക്കു നൽകുന്നു. അവിടുന്നു തന്റെ സ്നേഹത്തിനുപാത്രമായ മനുഷ്യക്കു് സ്വന്തം രാജകിരീടവും തന്നല്ലോ. അതിനു നന്ദികാട്ടുവാനെന്ന വിധത്തിൽ നാഥന്റെ സുന്ദരമായ ശിരസ്സിൽ മുംമുടിയാണു് കൊടുത്തതു്. പിഴച്ച പിതാവായ ആദം മൂലം മുളച്ച മുള്ളുകം! ചരാചരങ്ങളെ സൃഷ്ടിച്ച നാഥന്റെ തലയിൽ മുംമുടി അവർ തറച്ചുവച്ചു.

---

1 തികച്ചു സഹസ്രങ്ങം – ആയിരക്കണക്കിനു" അടികം തികച്ചു.
2 പിതാവു് - ആദം

തുളച്ച തലച്ചോറിൽപ്പതിച്ച ചിലമുന
വിളിച്ച നാമത്തിനെ തിരിപ്പാൻ ചിഹ്നങ്ങളായ്
പൊളിച്ച പഴഞ്ചാൽവാ [1]കഴത്തിൽ ധരിപ്പിച്ച
കൊടുത്തുനാഥൻ മുൻപിൽ ശവുത്ത; [2] അഹറോനും

കൊടുത്ത കോലാൽ മൂശപകുത്തു കടലതും
അടിച്ചകോലാൽപ്പിന്നെക്കുടുത്തപാറയതിൽ
തടിച്ച ജനത്തിനെ കുടിപ്പിച്ചുടൻജലം
കൊടുത്തു പിന്നെച്ചെങ്കോൽ കൊടുക്കോൻ കീശിൻപുത്രു

ന്നടുത്ത സുതസുതൻ ശലമ്മെൻ തനിക്കമ
ഇതിനു പ്രത്യുത്തരം കൊടുപ്പാൻ വിധിതന്നെ
അതിനുനിവൃത്തിയായിക്കൊടുത്തങ്ങില്ലിക്കോലും
ഇങ്ങനെ രാജചിഹ്നമൊക്കെയും തികച്ചുടൻ

ഭംഗിയാൽ സിംഹാസനേയിരുത്തിപൊന്തിയോസും
മാനിച്ചുമാനം കാണ്മാൻ മോഹിച്ച ജനത്തിനെ
ക്കാണിച്ചുചൊല്ലിയവൻ 'ഹാഗൗറാ [3] കാണ്മിൻ നിങ്ങടം
ക്രുദ്ധരായ് ജനമുടൻ ക്രുദ്ധിച്ചശ്ലാക്കും യഥാ

(493_504) അവിടത്തെ തലച്ചോറിൽ ചില മുള്ളിൻ മുനകൾ തറഞ്ഞു കയറി. അവിടന്നു് സ്നേഹപുരസ്സരം വിളിച്ച നാമത്തെ വ്യക്തമാക്കിക്കാട്ടാൻ അടയാളമായിട്ടു് കീറിപ്പൊളിഞ്ഞ അങ്കി അവിടത്തെ കഴുത്തിൽ ധരിപ്പിച്ചു. നാഥനായ അങ്ങു് അഹറോനു് ഒരു വടി സമ്മാനിച്ചിരുന്നല്ലോ. ആ വടികൊണ്ടു് മൂശ കടൽ രണ്ടായി പകുക്കുകയും, ആ വടികൊണ്ടുതന്നെ പാറയിൽ അടിച്ചു് ജലം ഒഴുക്കി നന്ദികെട്ട ജനത്തെ ജലം കുടിപ്പിക്കയും ചെയ്തു. കീശിന്റെ പൗത്രനായ സോളമനു് അവിടന്നു് ചെങ്കോൽ നൽകി. ഇതിനു് അവിടത്തേയ്ക്കു് പ്രത്യുത്തരം നൽകിയതാകട്ടെ ഒരു ഇല്ലിക്കോലാണു് ഇങ്ങനെ രാജകീയ ചിഹ്നങ്ങളെല്ലാം ശത്രുക്കൾ തികച്ചു.

(505_512) പന്തിയോസു് പീലാത്തോസു് അങ്ങയെ ആദരിച്ചു് ഒരു സിംഹാസനത്തിൽ ഇരുത്തി. അങ്ങയുടെ ഈ സ്ഥിതി കാണാൻ മോഹിച്ച ജനത്തെ നോക്കി അവരെ കാണിച്ചുകൊണ്ടു് 'ഇതാ മനുഷ്യൻ നിങ്ങടം ഇവനെ കാണുവിൻ' എന്നു് വിളിച്ചു പറഞ്ഞു. ക്രൂദ്ധ

---

1 പഴഞ്ചാൽവാ - പഴഞ്ചനായ സാൽവാ. 2 ശവുത്ത - വടി.

3 ഹാഗൗറാ - ഇതാമനുഷ്യൻ (സുറിയാനി പദം)

ക്രൂരമായ് കൂകീട്ടുടൻ ''തൂക്കുക കുരിശതിൽ''
''നിങ്ങൾക്കു രാജനിയാം എന്നയീയേശുവിനെ
ഭംഗിയാൽ കുരിശതിൽ തൂക്കട്ടെ; മനസ്സിതോ''
എന്നവൻ വീണ്ടും ചൊല്ലിക്കാട്ടിയനേരംതന്നെ

''ഇന്നു ഞങ്ങൾക്കു രാജൻ കേസറല്ലാതില്ലഹൊ''
എന്നവർ ചൊന്നനേരമിന്നിയാം രക്തപ്പഴി
നമ്മുടെ മേലില്ലെന്നും ചൊന്നവൻ കയ്യും മുക്കി.
എന്നതു നേരമയ്യൊ നമ്മുടെയമ്മനാഥ

മന്ദിരേനിന്നുതാനും കുമ്പിട്ട സ്വപുത്രനെ
മുട്ടുകുത്തിഭക്ത്യാൽ സാഷ്ടാംഗം ചെയ്യുന്നേരം
ഇഷ്ടനാം യോഹന്നാനും മറ്റുള്ളയാളുകളും
ദുഷ്ടരാം യൂദജനമട്ടഹാസത്തോടപ്പോഴും

കൂപ്പിട്ട രക്തപ്പഴി ഞങ്ങൾക്കും തനയർക്കും
ഇന്നു ഞാനവരുടെ നന്ദിഹീനത്തെ വൃഥാ
എന്തിന്നു വിസ്മീർണ്ണമായ ചൊല്ലുന്ന മമാത്മാവെ,
ദുർമ്മോഹം നിനച്ച നീ ഗാംഭീര്യഭാവംപൂണ്ടു

ദുർമ്മനോചരങ്ങളെയോർത്തു നീഖേദിച്ചാലും
നേരയ്യോമമതാത നിന്നുടെ തിരുമൗലി

രായ നായ്ക്കളെപ്പോലെ കോപപരവശരായ ജനങ്ങൾ ഇങ്ങനെ അട്ടഹാസം മുഴക്കി. 'അവനെ കുരിശിൽ തൂക്കുക' എന്നു്.

'നിങ്ങളുടെ രാജാവല്ലേ യേശു എന്ന ഈ മനുഷ്യൻ, നിങ്ങൾ പറയുന്നതു് ഇയാളെ കുരിശിൽ തറയ്ക്കണമെന്നാണോ?' എന്നു് പീലാത്തോസു് ചോദിച്ചു.

(513_528) അപ്പോൾ അവർ പറഞ്ഞു 'ഞങ്ങൾക്കു സീസറല്ലാതെ വേറെ രാജാവില്ല.' അങ്ങനെ അവർ പറയുന്നതു് കേട്ടു് പീലാത്തോസു് ഇവന്റെ രക്തം ചിന്തിയതുമൂലമുള്ള പഴി എന്റെമേൽ ഉണ്ടാകാതിരിക്കട്ടെ എന്നു പറഞ്ഞു കൈ കഴുകി. ഈ സമയത്തു് കഷ്ടം നമ്മുടെ അമ്മയായ നാഥ ആ കൊട്ടാരത്തിനടുത്തുനിന്നു് സ്വപുത്രനെ ഭക്ത്യാദരവുകളോടെ മുട്ടുകുത്തി സാഷ്ടാംഗം പ്രണമിക്കയായിരുന്നു. സ്നേഹശിഷ്യനായ യോഹന്നാനും മറ്റുള്ളവരും അവരോടുകൂടിയുണ്ടായിരുന്നു. ദുഷ്ടരായ യൂദന്മാർ അട്ടഹസിച്ചു് കുമ്പിട്ടു് പറഞ്ഞു: 'ഇവന്റെ രക്തത്തിന്റെ പഴി ഞങ്ങളിലും ഞങ്ങളുടെ കുഞ്ഞുങ്ങളിലും ആയിരിക്കട്ടെ' എന്നു്. എന്തിനു് ഇന്നു് ഞാൻ

ഘോരമായ് മുറിച്ചതും ഞാൻതന്നെ മഹാദു:ഖം.
കണ്ടുകേട്ടുള്ള കാഴ്ചകേംവികം നിമിത്തമായ് 528

കണ്ടകനീണ്ടമുന ഞാൻതന്നെ പതിച്ചല്ലൊ.
എന്നുടെ നേത്രശ്രോത്രൗ ഞാൻ ഭേദിച്ചിരുന്നെങ്കിൽ
നിന്നുടെ മുംമൂർച്ചകംക്കാശ്വാസം ഭവിച്ചേനെ
അയ്യയ്യൊ സ്നേഹപിതാ നീതന്നമമനേത്രം 532

മെയ്യയ്യൊ തദ്ധേതുവാൽ മുംമുനകണ്ണിൽകൊണ്ടു
ഞാൻ ജനിച്ചതുകാലമന്തരിച്ചെന്നാകിലും
ഞാൻ പാപം ചെയ്തക്ഷണമെന്നെ ശിക്ഷിച്ചെങ്കിലും
ഇന്നിതിൻ മുനകളാൽ നിന്നുടെ ശിരസിന്നു 536

വന്നൊരു പീഡതെല്ലുമന്ദമായ്ച്ചമഞ്ഞനെ
ആയുരാദികം നീട്ടിത്തന്നുനീ പുന:പുന:
ആയതും മമകർമ്മാൽ ദുഷ്കൃതസ്സാക്കിയയ്യൊ.
പിന്നെയും നിന്നിലയ്യൊ, നിന്നുടെ ദുഃഖക്കൂമ്പാരം 540

വഹ്നിപോലെരിയുന്ന വൈരികം മനോദ്വേഷാൽ
കൂപ്പിട്ടാശബ്ദം കേട്ടപീലാത്തോസ് ഭയപ്പെട്ട

അവരുടെ നന്ദിഹീനതയെ വെറുതേ വിസ്തരിച്ചു വർണ്ണിക്കണം. അല്ലയോ എന്റെ ആത്മാവേ നീ ദുർമോഹവും അഹങ്കാരവും പൂണ്ടു ചെയ്ത തിന്മകളെയോർത്തു് ദുഃഖിച്ചാലും അവിടുത്തെ ക്രൂരമായി ശിക്ഷിച്ചതു് ഞാൻതന്നെയാണു്. അരുതാത്ത കാഴ്ചകളും കേംവികളും മൂലം ഞാൻ അവിടുത്തെ ശിരസ്സിൽ മുംമുനകം പതിപ്പിച്ചു.

(529_539) എന്റെ കണ്ണുകളെയും കാതുകളെയും ഞാൻ നിയന്ത്രിച്ചിരുന്നെങ്കിൽ നിന്റെ ശിരസ്സിലെ മുള്ളിന്റെ മൂർച്ചയ്ക്കു് അല്പം ശമനം ഉണ്ടാകുമായിരുന്നു. അയ്യയ്യോ! സ്നേഹപിതാവേ, നീ എനിക്കു കണ്ണുകം തന്നു. എന്നാൽ അതുവഴിയായി മുംമുന നിന്റെ കണ്ണിൽ തറയ്ക്കാൻ സത്യമായും ഞാനിടയാക്കി. ഞാൻ ജനിച്ച നിമിഷത്തിൽത്തന്നെ മരിച്ചുപോയിരുന്നെങ്കിലും, ഞാൻ ആദ്യം പാപം ചെയ്ത ആ ക്ഷണത്തിൽത്തന്നെ എന്നെ നീ ശിക്ഷിച്ചിരുന്നുവെങ്കിലും ഇന്നു് ആ മുള്ളുകം മൂലം നിന്റെ ശിരസ്സിനുണ്ടായ പീഡ ഇത്ര തീവ്രതരമാകുമായിരുന്നില്ല, എനിക്കു് ആയുസ്സും ആരോഗ്യവും നീ വീണ്ടും വീണ്ടും തന്നു. പക്ഷേ, അവയെല്ലാം തിന്മയ്ക്കായിട്ടുമാത്രമാണു് ഞാൻ വിനിയോഗിച്ചതു്.

(540_544) നിന്റെ പീഡാനുഭവങ്ങം ഇനിയും തീർന്നിട്ടില്ലല്ലൊ. നിന്റെ ശത്രുക്കളുടെ മനസ്സിൽ ദ്വേഷം കാട്ടു തീ പോലെ

കോപ്പിട്ട തീർപ്പു പെയ്പാൻ എഴുതി മൃത്യുവിധി
കേട്ടതു നേരമവർ കൂട്ടമായ് പുറപ്പെട്ട

കോട്ടമെന്നിയെ കാട്ടി സ്ത്രീവായെ നാഥൻ തന്നെ
കണ്ടതു നേരമമ്മ കന്നിയും യോഹന്നാനും
മണ്ടി വീണുകമ്പിട്ട മറു ഭക്തസ്ത്രീകളും
എന്നുടെ പിതാ നീയെക്കണ്ടുടൻ മഹാമോദാൽ

നിന്നുടെ തിരുക്കൈകളം നീട്ടിയങ്ങുടൻ കാട്ടി
അക്ഷണം പീലാത്തോസിൻ ദുഷ്ടതത്തീർപ്പിൻ പത്രം
സൂക്ഷമായ്ക്കേൾപ്പിപ്പാനായ് കല്പിച്ച പറകൊട്ടി
അയ്യയ്യോ! സർവ്വേശ്വരാ പിതാവേ! നീതീശ്വരാ!

അയ്യമില്ലാത്ത ദുഷ്ടവിധിയെ സ്മരിക്ക നീ
കല്പിച്ച തുറപ്പിക്ക മോക്ഷത്തിൻ വാതിലയ്യോ
കെല്പുള്ള നിൻറെ സേനക്കൂട്ടത്തിൻ ''ധളകത്ഥൻ''
സേനാധിപതികളാം മിഖായേൽ ഗൗറിയേലും

റപ്പായേൽ യൂദിയേലും വക്കായേൽ ശെല്സ്സിയേലും
ഊറിയേൽ എന്നുമുള്ള സപ്തശ്രേഷ്ഠാധിപന്മാർ

കത്തിയെരിഞ്ഞു. അവരുടെ ഒന്നാകെയുള്ള ശബ്ദം കേട്ട് പീലാത്തോസ് ഭയചകിതനായി. ശിക്ഷ നടത്തുവാൻ തീരുമാനിച്ച മരണവിധി എഴുതി. അതുകണ്ട് അവർ എല്ലാവരുംകൂടി പുറപ്പെട്ട.

(545-553) അവർ യാതൊരു സങ്കോചവും കൂടാതെ നാഥൻറെ കയ്യിലേക്ക കുരിശുമരം നൽകി. അതുകണ്ട് കന്യകയായ അമ്മയും യോഹന്നാനും മറുപുണ്യസ്ത്രീജനങ്ങളും മനസ്സു തകർന്ന് കമ്പിട്ട വീണു. എൻറെ പിതാവായ നാഥാ നിന്നെ നോക്കിയ അവരെ കണ്ട് നീ സന്തോഷത്തോടുകൂടി ഇരുകരങ്ങളും അവരുടെ നേരേ നീട്ടിയല്ലോ. ആ സമയത്തു് പീലാത്തോസ് കല്പിച്ച വിധിപത്രം സകല ജനങ്ങളേയും കൃത്യമായി അറിയിക്കുന്നതിനുവേണ്ടി ഭടന്മാർ പറകൊട്ടി വിളംബരം നടത്തി.

അയ്യയ്യോ സർവേശ്വരാ പിതാവേ, നീതിമാനായ ദൈവമേ! നിർലജ്ജമായ ഈ ശിക്ഷാവിധിയെ നീ ഓർക്കേണമേ.

(554-567) പിതാവായ ദൈവമേ മോക്ഷത്തിൻറെ വാതിൽ തുറക്കാൻ അങ്ങു കല്പിക്കേണമേ. നിൻറെ ശക്തരായ ദൂതന്മാരുടെ

നറിയേലന്മാരായ ഒൻപതു വൃന്ദങ്ങളും.
ഒക്കെയും വന്നു നിന്റെ പുത്രസ്യമൃത്യുവിധി

കേഴപ്പതിന്നരുളാലേ ദുഃഖമേ, മഹാ ദുഃഖം
വാചകമിതു തന്നെ മേ പാപാൽ ദയാപിതാ
പാപി തൻ വിധി സമം കേട്ടുമേ രക്ഷാതീർപ്പു
ചൊല്പെട്ട നഗരമാം ജരുസ്സേംറെജ്ഞ തിയും

മേല്പെട്ട ഗലീലയിൻ പ്രസിദേന്തിയും മഹാ
കീർത്തിമാൻ മഹാശക്തൻ റോമ്മായിസരത്തോരിൻ. [1]
ആക്പ്രെസിദെൻ സ്യാ പളാസിൽ വച്ചവിധി
നമ്മുടെ സെനത്തിന്നും [2] തീബേരിക്കേസറിന്നും

ഒന്നുകൂടാതെ നടന്നീടുന്നനസ്രേൻ യേശു
രാജാവിൻ നാട്യം കാട്ടി ജനത്തെ ഭേദിക്കയാൽ
രാജകല്പനയാലെ കുരിശിൽ തൂക്കീടണം
ഈ വിധിയിൽ ചുറ്റി ബഹുലോകരെ കഴപ്പിച്ചു

കൂട്ടത്തിൽ പ്രധാന സേനാനായകരായ മീഖായേൽ, ഗൗറിയേൽ, റപ്പായേൽ, യൂദിയേൽ പക്കായേൽ, ശെലസ്സിയേൽ, ഊറിയേൽ എന്നീ ശ്രേഷ്ഠന്മാരും, ഗറിയേലന്മാരായ ഒൻപതുവൃന്ദം മാലാഖമാരും ഒരുമിച്ചു് വന്നു് നിന്റെ തിരുക്കുമാരന്റെ മരണവിധി കേട്ടിരിക്കുന്നുവല്ലോ. അതിൽ എത്രയോ വലിയ ദുഃഖമാണവർക്കുള്ളതു്. പാപികളെ ശിക്ഷിക്കുന്ന മട്ടിലുള്ള ഈ വിധിക്കിടയാക്കിയതു് എന്റെ പാപങ്ങളത്രേ. ദയനിറഞ്ഞ പിതാവേ, ഈ വിധി വാക്യം അങ്ങു് ശ്രവിച്ചിട്ടു് എന്റെ പാപങ്ങൾക്കു് പൊറുതി തരേണമേ.

(565_672) പ്രസിദ്ധ നഗരമായ ജറുസലേമിന്റെ ഭരണകർത്താവും പ്രസിദ്ധമായ ഗലീലാ നാടിന്റെ അധികാരിയും പേർപെറ്റ ശക്തനായ റോമ്മാ ചക്രവർത്തിയുടെ പ്രധാന പ്രതിനിധിയും ആയ പീലാത്തോസു് തന്റെ അരമനയിൽ വച്ചു് വിധി പ്രസ്താവിച്ചു.

നമ്മുടെ ഭരണസമിതിയായ സെനറിനും, ചക്രവർത്തി തിബേരിയൂസു് സീസറിനും അനുസരണകൂടാതെ നടക്കുന്ന നസ്രായക്കാരനായ യേശു ഒരു രാജാവിന്റെ നാട്യം കാണിച്ചു് ജനങ്ങളെ വഞ്ചിച്ചിരിക്കുന്നു. അതിനാൽ കുരിശിൽ തറച്ചു ഇയാളെ കൊല്ലണം. ഈ നാട്ടുകളിൽ നടന്നു് ആളുകളെയെല്ലാം ഇയാളം തെറ്റിദ്ധരിച്ചിരിക്കുന്നു.

---

1 റോമ്മായിസരത്തോർ - റോമാചക്രവർത്തി 2 സെനത്തു് - ഭരണസമിതി

ആ ദൂതൻ ദൈവപുത്രൻ യിസ്രായേൽ രാജാവെന്നും
കാണിപ്പാൻ ബഹുഘോഷാൽ ഒലിവിൻകൊമ്പുംകൊണ്ട
മാനത്താൽ ദേവാലയെ പുക്കിയാശു നാട്യത്തോടെ
വൻപനാം മഹാവീര്യതിബേര്യോകേസറിന്നും 576

ഇമ്പമായുള്ള യീറ[1]കൊട്ടപ്പാൻ തട്ടത്തതാൻ
നമ്മുടെ പ്രമാണത്താൽ കൽത്തൂണിൽ കെട്ടിത്തല്ലി
തന്നുടെ കൈകൾകെട്ടിക്കാണുന്ന ഈയാളിനെ
കാണികൾ കാണുന്നേരം യേശുവെന്നറിവിനായ് 580

പാണിയൊന്നഴിച്ചു മുൻ വസ്ത്രത്തെ ധരിപ്പിച്ചു
ഗാഗുൽത്താഗിരിയതിൽ തുക്കുവാനുള്ള മരം
വേഗത്തിലിവനുടെ തോളതിലേറ്റിക്കൊണ്ട്
ചോരരാമിരുവരിൽ നടുവിൽ നടത്തിയും 584

ഘോരമായ് വഴിതന്നിൽ വാചകം ചൊല്ലിക്കൊണ്ടും
ചെന്തുരേയാൻ കീന്തൊകൊർണ്ണൻ എന്ന നീയാദിയായി
പിന്തിരിയാതെ സ്വർണ്ണവാതിലിൻ വഴിനേരെ
നടത്തി ഗിരി തന്നിൽ കയറ്റി മറ്റുള്ളോരും 588

(573_584) ഇയാൾ ദൈവത്തിൽനിന്ന് അയയ്ക്കപ്പെട്ട ദൂതനാണെന്നും ദൈവപുത്രനാണെന്നും ഇസ്രയേലിന്റെ രാജാവാണെന്നും പറഞ്ഞു. അതു തെളിയിക്കാൻ വലിയ ആഘോഷത്തോടെ ഒലിവിലക്കമ്പുകളായി ദേവാലയത്തിൽ പ്രവേശിച്ചു. മഹാനായ തിബേരിയൂസ് സീസറിനു ഉചിതമായിട്ടുള്ള നികൃതി കൊടുക്കേണ്ടതില്ല എന്നിയാൾ പറഞ്ഞു.

റോമൻ നിയമമനുസരിച്ച് ഇയാളെ ഞാൻ കൽത്തൂണിൽ കെട്ടി പ്രഹരിച്ചു. ഇയാളുടെ കൈകൾ രണ്ടും ബന്ധിച്ചു. കാണികൾക്ക് ഇയാൾ യേശു തന്നെയെന്നറിയാൻ വേണ്ടി ഒരു കയ്യിലെ വിലങ്ങ് അഴിച്ച് മുൻവസ്ത്രം ധരിപ്പിച്ചു ഗാഗുൽത്താമലയിൽ തുക്കുവാനുള്ള കുരിശുമരം വേഗം വരുത്തി ഇയാളുടെ തോളിൽവച്ചുകൊടുത്തു. അതും പേറിക്കൊണ്ട് രണ്ടു തസ്കരന്മാരുടെ നടുവിൽ നടക്കാൻ ആജ്ഞാപിച്ചു.

(585_596) ദുർഘടമായ വഴിയിലൂടെ വിധിവാചകം വിളംബരം ചെയ്തുകൊണ്ടും ശതാധിപനും സഹസ്രാധിപനും മറ്റുള്ളവരും

---

1 ഈറ - നികൃതി

ഭയത്താലവൻ നേമം മറുപ്പാതിരിപ്പാനായ് [1]
നടത്തിക്കൊണ്ടു ചെന്നു കുരിശിൽ തറച്ചുടൻ
മറുത്തോരിരുവരിൽ നടുവിൽ നാട്ടിക്കൊണ്ടു്
കടക്കും ജനമൊക്കെ പ്രസിദ്ധമറിവാനായ്

നടക്കുമിവനുടെ നാമവും ലേഖിക്കണം [2]
യൂദരിൽ രാജനിവൻ യേശു നസ്രേനുമെന്നു്
ഭേദമെന്നിയെ മുഖ്യപേച്ചുകൾ മൂന്നും വേണം
എവുറായയും [3] മുഖ്യഗ്രേക്കും [4] ലത്തീനിലും

വേറുകുറ [5] കൂടാതെയേവരും ഗ്രഹിപ്പാനായ്
ഇച്ചൊന്ന വസ്തുക്കളിൽ യാതൊന്നും കുറപ്പാനായ്
മേൽച്ചൊന്ന ജനങ്ങളിലേവനും ഭാവിക്കുകിൽ,
ഭേദമെന്നിയേയവൻ ജീവനും വസ്തുസർവ്വും

ഭേദിക്കും നശിച്ചീടും റോമ്മാകേസരാൽ ദൃഢം
ഈവണ്ണം വിധിചെയ്തു റോമ്മാ എവു്റായിൻ മാഗ്ഗാൽ
സുവർണ്ണ ലോകസൃഷ്ടിക്കഞ്ചാകും സഹസ്രവും
രണ്ടു നൂർമുപ്പതും മൂന്നുമാം കാലമതിൽ

''സ്വർണ്ണവാതിലിനു'' നേരെയുള്ള വഴിയിലൂടെ യേശുവിനെ മലയുടെ മുകളിലേയ്ക്കു് ആനയിച്ചു.

ഭയംകൊണ്ടു് ഒളിച്ചു പോകാതിരിക്കാൻ വേണ്ടി യേശുവിനെ നടത്തിക്കൊണ്ടുപോയി അവർ കുരിശിൽ തറച്ചു. കള്ളന്മാരുടെ മധ്യത്തിൽ കുരിശുനാട്ടിക്കൊണ്ടു് ആ വഴി പോകുന്ന ജനമൊക്കെയും പരസ്യമായി അറിയുന്നതിനുവേണ്ടി കുരിശിന്റെ നടുക്കായി ഇവന്റെ നാമം എഴുതിവയ്ക്കണം. യൂദന്മാരുടെ രാജാവായ നസ്രായനായ യേശുവാണിതു് എന്നു് മാറ്റമില്ലാതെ ഹീബ്രൂ, ഗ്രീക്കു്, ലത്തീൻ എന്നീ ഭാഷകളിൽ എഴുതി ഒരു വ്യത്യാസവും കൂടാതെ എല്ലാ മനുഷ്യരും ഗ്രഹിക്കാൻ ഇടവരുത്തണം.

(600–609) ഞാൻ ഈ കല്പിച്ച കാര്യങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുത്താൻ ആരെങ്കിലും തുനിഞ്ഞാൽ ഞാൻ അവന്റെ ജീവനും, അവനുള്ള സമസ്ത വസ്തുക്കളും നശിക്കാൻ ഇടയാക്കും.

---

1 മറുപ്പാൻ - ലംഘിക്കുവാൻ
2 ലേഖിക്കുക - എഴുതിവയ്ക്കുക 3 എവുറായ - സുറിയാനി 4 ഗ്രേക്കു് – ഗ്രീക്കു്
5 വേറു കുറ് - വ്യത്യാസം

വീണ മാസമാം മീനമിരുപത്തഞ്ചും വെള്ളി
എന്ന യീ ദിവസത്തിൽ ചെയ്തിതു തീർപ്പുനാമും
മന്നഹാസനാൽ റോമ്മാ എമ്പ്രദോരിന്റെ പേക്കായ്
മേല്പട്ട ഗലീലായിൻ ഗോവർണ്ണത്തോരും തഥാ
ചൊല്പെട്ട നീതീകരൻ പൊന്തിയോസ്
പീലാത്തോസ് നാം 609

റോമ്മാ സമ്രാട്ടിന്റെ നാമത്തിൽ ഇതു് സത്യം. ഇങ്ങനെ അദ്ദേഹം ഈ വിധി പ്രസ്താവിച്ചു. ഹെബ്രായ കണക്കനുസരിച്ചു് ലോകസൃഷ്ടിക്കുശേഷം അയ്യായിരത്തി ഇരുന്നൂറിമുപ്പത്തി മൂന്നാം വർഷത്തിൽ മീനമാസം 25-ാം തീയതി വെള്ളിയാഴ്ച റോമാചക്രവർത്തിയുടെ പ്രതിപുരുഷനും ശലീലായിലെ ഗവർണ്ണറും പ്രസിദ്ധനായ വിധികർത്താവുമായ പന്തിയോസ് പീലാത്തോസ് ആകുന്ന നാം ഇങ്ങനെ വിധി തീർപ്പു പ്രസ്താവിക്കുന്നു.

******

എട്ടാം പാദം

യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ ഒരു ചിത്രീകരണമാണ് എട്ടാംകാണ്ഡം, മിശിഹാ കഴുമരം സസന്തോഷം തോളിലേറുന്നതും കാൽവരിയിലേയ്ക്കു നയിക്കപ്പെടുന്നതും, ശിമയോൻ സഹായിക്കുവാൻ നിയോഗിക്കപ്പെടുന്നതും മാതാവും യോഹന്നാനും ഈ വിലാപയാത്രാരംഗത്തിനു സാക്ഷ്യം വഹിക്കുന്നതും ഗാഗുൽത്തായിലെത്തിയ ശേഷം കുരിശു നാട്ടപ്പെടുന്നതും മറ്റും ഒരു ചിത്രത്തിലെന്നപ്പോലെ മിഴിവോടെ ഇതിൽ വിവരിച്ചിരിക്കുന്നു. കുരിശിൽനിന്നുള്ള ഏഴു തിരുവാക്യങ്ങളും സമാഹരിച്ചവതരിപ്പിച്ചുകൊണ്ട് ഈ കാണ്ഡം ഉപസംഹരിക്കുന്നു.

കേക

സ്നേഹമേ! മമദേവ! നാഥനേ! നരരക്ഷാ-
ദാഹഘോരത്താലിതും കേഴ്പ്പതിന്നിച്ഛിച്ചിതൊ
സ്വകാര്യവിധിയായ മരണനേരത്തിലും
സൂര്യാദം[1] നാണിപ്പിക്കും നിന്നുടെ വരവിലും 4

മേകമ്മ പാപത്തിനു യോഗ്യമാം ക്രോധസ്വരം
തേ ധർമ്മ ശ്രവണത്താലൊഴിച്ചു പകർത്തുവാൻ
സ്നേഹദേവനേ! നീയീഘോരമാം വിധിസ്വരം
പാപദാഹിയായിടും മാം പ്രതിശ്രുവിച്ചയ്യോ. 8

(1-8) സ്നേഹമേ, എന്റെ ദേവാ, എന്റെ നാഥനായവനേ, നരരക്ഷാദാഹത്താൽ ഇതും നീ കേഴ്പ്പിക്കുവാൻ ആഗ്രഹിച്ചുവെന്നോ? സ്വകാര്യവിധിയായ എന്റെ മരണത്തിന്റെ വേളയിലും, സൂര്യപ്രഭയെ വെല്ലുന്ന അങ്ങേ ദ്വിതീയാഗമന വേളയിലും എന്റെ പാപകർമ്മങ്ങൾക്കു ഉചിതമായ ക്രോധത്തിന്റെ സ്വരം നിന്റെ ധർമ്മശ്രവണം കൊണ്ട് മാറ്റി നിറുത്തുവാൻ നീ ആഗ്രഹിച്ചു. ഹാ സ്നേഹം നിറഞ്ഞ ദേവാ! പാപത്തിനു ദാഹിക്കുന്നവനായ എന്നെപ്രതി ഘോരഘോരമായ ആ വിധിയുടെ സ്വരം ശ്രവിക്കുവാൻ നീ സന്നദ്ധനല്ലോ.

---

1 സൂര്യാദം - സൂര്യാഭയെ എന്നു വിവക്ഷ

ഈ വിധി പ്രസിദ്ധമായ് കേൾപ്പിച്ചക്ഷണം യൂദർ
ക്രോധാധിയോടുകൂട്ടി നാഥനെക്കുരിശയ്യോ
അക്കുരിശിനെ കണ്ട നേരത്തു രക്ഷാർത്ഥമായ്
അക്കളിപ്പോട്ട[1] ചൊല്ലി സ്വതവാചകം ഹൃദി 12

ഓ! മമ മഹാസ്നേഹധാമമേ സ്വീവായെ! നീ
വേഗമായ്വന്നു നിന്റെ കൈകളിൽ കൈക്കൊൾകമാം
എന്നുടെ സ്നേഹജനമന്നിലെ മനുക്കളെ
നമ്മുടെ സ്വന്തം പിതൃമുൻപിൽ നാം നിരത്തുവാൻ 16

നിന്നുടെ മുകളായ അംത്താരിയതിൻമീതെ
നിന്നു നാം നമ്മെത്തന്നെയർച്ചനയണക്കുവാൻ
ഇന്നു നാം നിന്നെക്കാണ്മാനെത്രയോ മുന്നംമുതൽ
നന്ദിയാം സ്നേഹാഗ്രഹാലെത്രയോ പാത്തേനഹം 20

നിൻമീതെ ശയനിച്ച സുനിദ്രവെടിപ്പാനായ്
എൻ മനസ്സെത്ര ദാഹാൽ മോഹിച്ചേൻ ആകാശത്തിൽ
നിന്നു നാമിറങ്ങുവാൻ കാരണം നിയെ, സഖേ!
നിൻ മോഹാർത്തനെത്രാശോക മാംസത്തെ ചേർത്തേൻ 24

(9_14) കഠിനമായ വിധി പരസ്യമായി കല്പിച്ച ക്ഷണത്തിൽ യൂദന്മാർ ക്രോധപരവശരായി നാഥനെ കുരിശിൽ തറച്ചല്ലോ.

ആ കുരിശിനെ നീ കണ്ട നിമിഷത്തിൽ രക്ഷയ്ക്കുവേണ്ടിയുള്ളതെന്നു മനസ്സിലാക്കി ആത്മാർത്ഥതയോടെ പരിശുദ്ധമായ വാക്യം നീ ഹൃദയത്തിൽ ചൊല്ലി. ഓ എന്റെ സ്നേഹധാമമായ കുരിശേ, വേഗം വന്നു് എന്നെ നിന്റെ കൈകളിൽ സ്വീകരിച്ചാലും!

(15_24) എന്റെ സ്നേഹജനങ്ങളായ ഈ ഭൂമിയിലെ മക്കളെ പ്രിയംകരനായ പിതാവിന്റെ മുമ്പിൽ നിറുത്തുന്നതിനുവേണ്ടി ഉന്നത സ്ഥാനമായ അംത്താരയുടെ മീതെ നിലകൊണ്ടു് എന്നെത്തന്നെ അർച്ചനയായി സമർപ്പിക്കുന്നതിനു് സ്നേഹത്തോടും സന്തോഷത്തോടുംകൂടി എത്രയോ നാളായി ഞാൻ നിന്നെ കാത്തിരിക്കുന്നു. നിന്റെ മീതെ കിടന്നു് സുഖനിദ്ര ചെയ്യുന്നതിനു് എന്റെ മനസ്സു് എത്രയോ ദാഹത്തോടെ കഴിഞ്ഞു. ആകാശത്തിൽനിന്നും ഭൂമിയിലേക്കിറങ്ങുവാൻ എന്റെ കാരണവും നീ തന്നെ. അല്ലയോ സ്നേഹിതാ, നിന്നോടുള്ള ഉൽക്കടസ്നേഹം മൂലമാണു് ഇപ്രകാരം ഞാൻ എന്റെ ദുഃഖപൂർണ്ണമായ ശരീരത്തെ നിന്നെ ഏല്പിക്കുന്നതു്.

---

2 അക്കളിപ്പു് – ആത്മാർത്ഥത

നീ തന്നെ വീര്യായുധം നമ്മുടെ ജയത്തിനും
നീ തന്നെ മോക്ഷദ്വാരം തുറപ്പാനുള്ള താക്കോൽ
നീ തന്നെ മഹാപൂജമാനുഷൻ ഗുണമുക്തി
നിന്നാലെ മർത്യനിസ്വം [1] സമ്പാദ്യം ചേർപ്പാനും

നിന്നിലുള്ളപമാനസുനിന്ദ കഠിനത
നിന്നാലെ തന്നെ നമ്മിൽ മാധുര്യം വരുത്തിമേ
പിന്നാലെ മനുഷ്യക്കളോടിച്ചേർപ്പിനായ് നിന്നെ
കണ്ടുമേ സ്നേഹവൃന്ദം നിന്നെയാശ്ലേഷം ചെയ്തു

നിന്നാലെ തുറക്കുന്ന പാതയിൽ മമജനം
പിന്നാലെയോടി നിന്നെയന്വേഷിച്ചീടും ദൃഢം
എന്നുടെ സ്നേഹപിതാനാദ്യന്തൻ [2] ദേവൻ നീയെ
നീ തന്നെ ഭൂമ്യാകാശസൃഷ്ടിതാവെന്നും ദൃഢം

നിന്നുടെ ചൊൽകേട്ട ഞാൻ വഴക്കി മമ കരം
എന്നുടെ മക്കൾക്കുള്ള രക്ഷാർത്ഥം ലഭിപ്പാനായ്
ഇന്നു ഞാനണയുന്ന പൂജയ്ക്കു വിറകിതാ
മേ പിതായിനി മമ ഗോത്രരായ് മനുവൃന്ദം

(25–32) അല്ലയോ കുരിശേ, എന്റെ വിജയത്തിനുള്ള വീര്യായുധം നീ തന്നെയാണ്. നീ തന്നെയാണ് മോക്ഷകവാടം തുറക്കാനുള്ള താക്കോൽ. മനുഷ്യകുലത്തിനു മുക്തി നൽകുന്ന മഹത്തായ പൂജ നിന്നിൽത്തന്നെയാണ്. നിർദ്ധനനായ മനുഷ്യനു് സമ്പാദ്യം നേടുവാനുള്ള വഴിയും കുരിശേ, നീ തന്നെയാണ്.

കുരിശേ, നീ വഴിയായുള്ള അപമാനവും നിന്ദയും കാഠിന്യവും നീ വഴിയായിത്തന്നെ പരിഹരിച്ചു് ഞാൻ മാധുര്യം വരുത്തിയിരിക്കുന്നു. പിന്നാലെ വരുന്ന മനുഷ്യമക്കളെ നിന്നെ ആശ്ലേഷിക്കുന്നതിനുവേണ്ടി നിന്നെ ഞാൻ ദർശിച്ചു. സ്നേഹത്തോടെ അനേകമാളുകളെ നിന്നെ ആലിംഗനം ചെയ്തു.

(33–42) അല്ലയോ, കുരിശേ, നീ വഴിയായി തുറക്കപ്പെട്ടുന്ന പാതയിൽ എന്റെ ജനങ്ങളെ എന്റെ പിന്നാലെ ഓടി വന്നു് നിന്നെ തീർച്ചയായും അന്വേഷിക്കും.

---

1 നിസ്വം – നിർദ്ധനം

2 അനാദ്യന്തൻ – ആദിയും അന്ത്യവും ഇല്ലാത്തവൻ

തേ സുതരിവർ തന്നെയടിയാരല്ലല്ലിനി
മാംപ്രതിയിനി നിൻെറ സമ്പത്തിന്നനന്തരർ
താം പ്രതിയന്നദിനെ കടക്കും നിൻെറ മുൻപിൽ
ഈവണ്ണം സ്തുതിചെയ്തു പഞ്ചവും ദശാ[1] നീളം

ഔവണ്ണം കനമൊത്ത കുരിശെത്തോളിൽക്കേറി
പുറത്തുപുറപ്പെട്ട നേരം കണ്ടമ്മമുഖം
കുറുത്തുമഹാദുഃഖാൽ സാഷ്ടാംഗം കുമ്പിട്ടയ്യോ
കണ്ടടൻ തൻെറ കാവൽദൂതരാം മാലാകാമാർ

ഇണ്ടൽപൂണ്ടുള്ള നാരികന്നിയും യോഹന്നാനും
ഒക്കെയും മുട്ടുകുത്തി കുമ്പിട്ടനാഥൻതന്നെ
ദുഃഖമേ മഹാദുഃഖം മാംപ്രതിസർവ്വമയ്യോ
എന്നുടെ പാപത്തിൻെറ എണ്ണങ്ങൾ കുറഞ്ഞെങ്കിൽ

എൻെറ പിതാവും ആദിയും അന്ത്യവുമായിരിക്കുന്ന ദൈവമേ, നീ തന്നെ ഭൂമിയും ആകാശവും സൃഷ്ടിച്ചുവെന്നുള്ളതു് നിശ്ചയമാകുന്നു. നിൻെറ വാക്കുകേട്ടു് എൻെറ മനസ്സിനെ അതനുസരിച്ചു് വഴക്കി എൻെറ മക്കൾക്കു രക്ഷ ലഭിക്കുന്നതിനുവേണ്ടി ഞാൻ ഇന്നു് അർപ്പിക്കുന്ന ബലിക്കുള്ള വിറകു് ഈ കുരിശു തന്നെയാകുന്നു. എൻെറ പിതാവേ, മനുഷ്യകുലം മുഴുവൻ എൻെറ ഗോത്രക്കാരായി മാറിയിരിക്കുന്നു. എൻെറ മക്കളായ അവർ ഇനിമേൽ ദാസന്മാരല്ല. ഞാൻ വഴിയായി അവരെല്ലാം നിൻെറ സമ്പത്തിനു് അവകാശികളായിത്തീർന്നിരിക്കുന്നു.

(43_48) ഈ കുരിശുവഴിയായി മനുഷ്യർ ഓരോ ദിവസവും നിൻെറ മുമ്പിലേക്കു് ആനയിക്കപ്പെട്ടും ഈ വിധത്തിൽ സ്തുതിച്ചുകൊണ്ടു് പതിനഞ്ചു് അടി നീളവും, അതിനുതക്ക ഭാരവും ഉള്ള കുരിശു് തോളിലേറി അവിടുന്നു് പുറപ്പെട്ട. അതു കണ്ടു് ദുഃഖത്താൽ മുഖം കുറുത്തു് സാഷ്ടാംഗം വീണു് കാവൽ ദൂതരായ മാലാഖാമാർ നിലകൊണ്ട.

(49_51) ദുഃഖനിമഗ്നരായി കന്യകാമറിയവും യോഹന്നാനും ഇതെല്ലാം കണ്ടു് മുട്ടുകുത്തി കുമ്പിട്ടനിന്നു. എൻെറ ദുഃഖം വർണ്ണനാതീതമാണു്. എല്ലാം എൻെറ പാപങ്ങളം നിമിത്തം വന്നു ചേർന്നതാണല്ലോ. എൻെറ പാപങ്ങളുടെ എണ്ണം കുറഞ്ഞിരുന്നെങ്കിൽ അവിടുത്തെ കുരിശിൻെറ ഭാരവും കുറയുമായിരുന്നു.

---

1 പഞ്ചവുംദശം - പതിനഞ്ചു്

തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞെനെ
ഞാൻ ക്രീഡനിമിത്തമായോരോരൊപാപകർമ്മം
താൻ പീഡക്ഷമിപ്പാനായ്ക്കുട്ടിയെൻ മഹാകുമ്പൽ[1]
അയ്യയ്യോ സർവ്വേശരാ! കാരണം ഗ്രഹിക്കാതെ

പൊയ്മെയ്യും സ്മരിക്കാതെ, ചെയ്തയ്യോ മഹാകഷ്ടം
അറിവില്ലെന്നും ദുഷ്ടമറിഞ്ഞാലല്ലെന്നും ചൊൽവാൻ
മറിവെന്നതും[2] വരുമറിഞ്ഞും ചെയ്തേനയ്യോ
ഇങ്ങനെ നിന്റെ തിരുത്തോളതിൽ കുരിശിനെ

മംഗലൻ മമ താതാ കേറി നീ നടന്നയ്യോ
ദുഷ്ടരാം വൈരിവൃന്ദമൊക്കെയുമിരുഭാഗെ
ദുഷ്ടസേനകളും കുരേകെട്ടകവും മുൻപും പിൻപും
അങ്ങോട്ടമിങ്ങോട്ടമായിഴയ്ക്കുനിമിത്തമായ്

പൊങ്ങിയ പാറകളിൽ വീണയ്യോ പലതരം
സ്നേഹമേറിടും നാഥാപിതാവേ തവതിരു-
ലോഹിത ശിരസ്സതിൽ ചൂട്ടിയ[3] തിരുമുടി
ശോഭിച്ച വിളങ്ങുന്ന ലോഹിത[4] പ്രവാഹങ്ങളും

(52-58) ഞാൻ എന്റെ വിനോദങ്ങളും നിമിത്തം പാപകർമ്മങ്ങളും ചെയ്തു. അവിടുത്തേയ്ക്ക് പീഡകളും നൽകുന്നതിനായി എന്റെ അഹങ്കാരത്തെ ഞാൻ വർദ്ധിപ്പിച്ചു.

അയ്യയ്യോ! സർവേശരാ കാരണം ഗ്രഹിക്കാതെ സത്യവും അസത്യവും മനസ്സിലാക്കാതെ ഞാൻ മഹാ കഷ്ടതരമായ പാപങ്ങളും ചെയ്തുവല്ലോ.

(59-68) അറിവില്ലാതെയും, അറിഞ്ഞിട്ടും അറിഞ്ഞില്ലാ എന്നു പറഞ്ഞുകൊണ്ടും, തെറ്റുകളും വരുമെന്നു മനസ്സിലാക്കിക്കൊണ്ടും ഞാൻ അവ ചെയ്തു. നന്മനിറഞ്ഞവനായ എന്റെ പിതാവേ, അങ്ങു്, അവിടുത്തെത്തോളിൽ കുരിശു് എടുത്തുകൊണ്ടു് നടന്നല്ലോ. ദുഷ്ടന്മാരായ ശത്രുക്കളും ഇരുഭാഗത്തും നടന്നു. നിന്റെ കരങ്ങളിൽ മുൻപും പിൻപുമായി ബന്ധനങ്ങളും ചെയ്തു. അവ മുന്നോട്ടും പിന്നോട്ടും വലിച്ചിഴക്കയാൽ, ഉയർന്നു നില്ക്കുന്ന പാറക്കല്ലുകളിൽ നീ തട്ടി വീണു.

---

1 കുമ്പൽ - അഹങ്കാരം

2 മറിവു് - പിശകു്

3 ചൂട്ടിയ - ചൂടിച്ച 4 ലോഹിത - രക്താങ്കിതമായ

ദാഹിച്ചു കടിപ്പാനായിചു ചരിച്ചേനഹംപാപി
സ്നേഹിതസ്നേഹിയോന്റെ സുന്ദരിപ്പുത്രികളെ!
സ്നേഹമേറീടും നിങ്ങൾ മണവാളനെ കാണ്മിൻ
തന്നുടെ സ്നേഹമാതാമന്നവൻ ശ്രേഷ്ഠോനിനെ 72

തന്നുടെ സ്നേഹാൽ ചാർത്തിയേറിയ കിരീടത്താൽ
പേർത്തവൻ തന്റെ സ്നേഹപാത്രമാം മണാമണെ[1]
ചേർത്തുനൽ വിവാഹത്തിന്നായുക്കൊണ്ടു യാത്രയിതാ
ആർത്തുള്ള സ്നേഹാഘോഷാൽ ചാർത്തിയങ്ങയത്തിയ 76

ധൂർത്തുള്ള മണപ്പന്തൽ[2] ഗാഗുൽത്താകൊട്ടമുടി
ധീഗത്യാമഹാവേഗമായുള്ള യാത്ര കാണ്മാൻ
ധീരതയുള്ള സ്നേഹവാമിനി[3] വന്നീടുക
സൂക്ഷിക്ക മഹാസ്നേഹമണവാളന്റെ ഗളേ 80

സൂക്ഷിപ്പാൻ ചക്ഷുസ്സിന്ന ശക്തിയെത്താത്ത മാല
തൻ കരകടക[4]ങ്ങളെത്രയോ മഹാചിത്രം

സ്നേഹം നിറഞ്ഞ പിതാവേ, എന്റെ നാഥാ, നിന്റെ പവിത്രവും കുങ്കുമവർണ്ണം ചേർന്നതുമായ ശിരസ്സിൽ ചൂടിച്ച മുൾമുടിമൂലം രക്തധാര ഉണ്ടായല്ലോ.

(69-82) ആ രക്തം കുടിക്കാനാണു പാപിയായ ഞാൻ ആഗ്രഹിച്ചതു്, സ്നേഹമേറിയ സെഹിയോൻ പുത്രിമാരേ, നിങ്ങളുടെ പ്രിയങ്കരനായ മണവാളനെ നിങ്ങൾ കാണുവിൻ. രാജാവായ സോളമനു് തന്റെ സ്നേഹമാതാവു് പ്രേമപൂർവ്വം ചാർത്തിയ കിരീടം ധരിച്ചു് പ്രിയ മണവാട്ടിയോടു ചേർന്നു് വിവാഹത്തിനായി നടത്തിയ യാത്രയല്ലേ ഇതു്. ആർപ്പുവിളികളും, ആഘോഷങ്ങളും സഹിതം അലങ്കാരനിബിഡമായ വിവാഹ പന്തൽ ഇവിടെ കാണുന്നു. അതു് ഗാഗുൽത്താ എന്ന മലയുടെ മുകളം ഭാഗമാണു്. ഉദ്വേഗപൂർണ്ണമായ ഈ യാത്ര കാണാൻ മനസ്സുകൊണ്ടു്, ധീരതയുള്ള സുന്ദരിയായ ആത്മാവേ, നീ വേഗം വരിക. നിന്റെ സ്നേഹമണവാളന്റെ കഴുത്തിലേയ്ക്കു് നോക്കുക. നിന്റെ കണ്ണുകൾക്കു കാണാൻ കഴിയാത്ത ഒരു മാലയാണു് കഴുത്തിൽ കിടക്കുന്നതു്. അവിടുത്തെ കരങ്ങളിൽ കിടക്കുന്ന വളകളം എത്രയോ വിചിത്രമായിരിക്കുന്നു.

---

1 മണാമണേ - ഉത്തമമണവാട്ടി

2 മണപ്പന്തൽ - വിവാഹമണ്ഡപം 3 ധീരി - സുന്ദരി

4 കടകം - വള

അംബരശ്രേഷ്ഠന്മാക്കും പാർക്കുവാൻ[1] തിറം[2] പോരാ
സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ

സുന്ദരാംഗിയെ മഹാസ്നേഹത്താൽ സൂക്ഷിക്ക നീ
നിന്നുടെ സ്നേഹവശാലിന്നു മാത്രമായിതു
തന്നുടെ ശിരസ്സിണഞ്ഞീടുവാനായിത്തീർത്തു
മന്നിലുള്ളോരു മഹാമന്നവന്മാക്കുമിതിൻ

മുന്നിലുള്ളോർക്കുമില്ലായെന്നതും സുനിശ്ചയം
ഇക്കിരീടത്തിൽ പതിച്ചീടുന്ന രത്നാമണി
അക്കരകാണാതുള്ള നല്പമാം വിലയേറും
നീണ്ടതും വളഞ്ഞതും കൂർത്തതും നേർത്തിട്ടുള്ള

ചുണ്ടവൽ സമം ചിലതെത്രയും മഹാരശ്മി
വീണ്ടതിൻ ചുറ്റുംനിന്നും തുങ്ങുന്നമുത്തുമണി
നീണ്ട തൻ നെറ്റിചെവി ചുറ്റുമാരശ്മിരസം
കല്യാണവസ്ത്രത്തിലും തുങ്ങുന്നീശിരോമണി

കല്യാണപ്പന്തൽവരെ പാവാടയിതുതന്നെ
ഇത്തരുണത്തിലൊന്നാഗ്രഹിക്കുന്നോരെത്ര!

(83–89) അംബരത്തിലെ ശ്രേഷ്ഠന്മാരായ മാലാഖാമാക്കും പോലും ഇതു കാണുവാനുള്ള സാമർത്ഥ്യമില്ല. സുന്ദരമണവാളനായ അവിടുത്തെ കിരീടം സുന്ദരാംഗിയായ ആത്മാവേ, നീ സൂക്ഷിച്ചു നോക്കുക നിന്നോടുള്ള സ്നേഹവായ്പ് ഒന്നുകൊണ്ടുമാത്രമാണ് ഇതു് സ്വന്തം ശിരസ്സിൽ അണിയുവാൻ അവിടുന്നു് തയ്യാറായതു്. ഇന്നു് ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഏതെങ്കിലും രാജാക്കന്മാർക്കോ, മുൻപു് ജീവിച്ചിരുന്നവർക്കോ, ഇതുപോലെ ഒരു കിരീടം ഉണ്ടായിട്ടില്ല എന്നതു തീർച്ചയാണ്.

(90–99) ഈ കിരീടത്തിൽ പതിച്ചിട്ടുന്ന മനോഹരമായ രത്നങ്ങളും അളവില്ലാത്ത വിധത്തിൽ വിലയുള്ളതാണ്. കനം കുറഞ്ഞു് ചുണ്ട പോലുള്ളതും നീണ്ടു വളഞ്ഞുകൂർത്തതുമായ മുള്ളുകളും രക്തംചൂടി കുങ്കുമ രശ്മികളും വിതറുന്നു. വീണ്ടും അവയിൽ മുത്തുമണികളും പോലെ രക്തബിന്ദുക്കളും തങ്ങി നില്ക്കുന്നു. അവ ഒഴുകി നീണ്ടു് നെറ്റിയിലും ചെവിയിലും, കല്യാണവസ്ത്രത്തിലും മണികളും പോലുള്ള രക്തകണങ്ങളായി കാണപ്പെടുന്നു. ആ മനോഹരവസ്ത്രംതന്നെ

---

1 പാർക്കുവാൻ – നോക്കുവാൻ 2 തിറം - മിടുക്കു്.

സുത്തിരുപതീ നിങ്ങഃക്കെത്രയോയിതുയുക്തം
പിന്നെയും തന്റെ കൈയിൽ പിടിച്ച മഹായുധം 100

മിന്നുന്നൊരുടവാളിൻ മൂർച്ചയെത്രയോ ചിത്രം
തന്നുടെ ദൈഭാഗത്തിലുണ്ടിരുതോഴ൯മക്കാരും
അന്നുടൻതന്നെ ചേർത്തു ഭംഗിയാലിവരെയും
ഇത്തിരുകാഴ്ച കാണ്മാനെത്രയോ മഹാജനം 104

അത്തിരുമണവാളൻ മാതാവും പിമ്പെയയ്യോ
നാഥനേ മമാദേവാ രാജനേ ഞാനും പിമ്പെ
പഥം നീ നനയ്ക്കുന്നമേ പാപത്താലെ രക്തത്താൽ
നിന്നുടെ മരണത്തിൻ പങ്കാളീ ഞാനുംകൂടെ 108

യാണ൯ കല്യാണപ്പന്തൽവരെയും അവിടത്തേക്കു൯ ധരിക്കുവാൻ കിട്ടിയിട്ടുള്ളതു൯. നയനമോഹനമായ ഈ രത്നങ്ങളിൽ ഒന്നെങ്കിലും കിട്ടുവാൻ ആഗ്രഹിക്കുന്നവർ എത്രയധികമാണ൯.

അല്ലയോ മണവാട്ടിയായ എന്റെ ആത്മാവേ നിനക്കു൯ ഇതു൯ എത്ര ഉചിതമായിരിക്കുന്നു.

(100_108) എന്നു തന്നെയല്ല, അവിടത്തെ കരങ്ങളിൽ പേറിയിട്ടുള്ള ആയുധമായ മിന്നിത്തിളങ്ങുന്ന ഉടവാളിന്റെ മൂർച്ച എത്രയോ വിചിത്രമായിരിക്കുന്നു.

അവിടത്തെ ഇരുപാർശ്വങ്ങളിലായി രാജപരിചാരകന്മാർ നിൽക്കുന്നു, അവരെയും അകമ്പടിക്കാരായി ഈ എഴുന്നെള്ളത്തിനു൯ അവിടുന്നു൯ കൂട്ടുചേർത്തു. ഈ പരിപാവനമായ കാഴ്ച കാണുവാൻ മഹാജനങ്ങൾ കൗതുകത്തോടെ നിൽക്കുന്നു.

തിരുമണവാളനായ അവിടത്തെ പിമ്പേ സ്വന്തം മാതാവും പോകുന്നു. അയ്യോ! നാഥാ, ദേവാ എന്റെ രാജാവേ, ഞാൻ പിമ്പേ വരട്ടെ. എന്റെ പാപങ്ങളുടെ ശക്തിയാൽ നീ ചിന്തുന്ന രക്തത്താലെ നീ നടപ്പാത നനയ്ക്കുന്നുവോ? നിന്റെ മരണത്തിന്റെ പങ്കാളി ഞാനും കൂടെ അല്ലയോ?

എന്നുടെ അയോഗ്യത്താൽ യോഗ്യമില്ലെന്നാകിലും
ഇങ്ങനെ നാഥൻ തന്റെ വൻകുരിശതുംകൊണ്ടു
തിങ്ങിന മോദത്തോടെ യാത്രയെന്നിതും ദൃഢം
മല്ലനെപ്പോലെ തന്റെ വഴിയിലോട്ടമെന്ന

മംഗലൻ പിതാവിന്റെ പാതപോൽ യാത്രയിതിൻ
ഭാരമാം കുരിശിന്റെ ക്രൂരമാംവൈരത്തിനാൽ
ഭാരിച്ച വ്രണം തോളിൽ ഭവിച്ച ക്ഷീണിച്ചുടൻ
സ്നേഹമേറീടും മാതാസർവ്വവും ഹൃദികണ്ടു

ദാഹസ്നേഹത്താൽ കേണപ്രാർത്ഥിച്ചാശ്വാസത്തിന്നായ്
പ്രിയമേറീടും പുത്രൻ കേട്ടതൻമാതൃവാചം
പ്രതികൃ വൈരാഗ്യത്തെ ശമിപ്പിച്ചുടൻ ദൂതൻ
ഇതിനാൽ വഴിപോക്കനായൊരു ശിമയോനെ

ഇതിനായ് പിടിച്ചവർ ചുമപ്പിച്ചുടൻ പിൻപെ
വീണ്ടും മാതാവു തന്റെ പുത്രനെയൊട്ടുകമായ്
വീര്യസ്നേഹത്താൽ മുഖം കാണ്മതിന്നിച്ചിച്ചിതൊ
ആയതും പുത്രൻ കേട്ട കല്പിച്ച ദൂതന്മാരാൽ

ആയവർ വഴിനീക്കിച്ചേർപ്പിച്ച പുത്രൻ പക്കൽ
കണ്ടുടൻ മാതൃസുതർ തമ്മിലങ്ങിതു നേരം
ഇണ്ടലുണ്ടായവസ്ഥയെന്തു ഞാൻ ചൊല്ലുന്നയ്യോ
എങ്കിലും സ്നേഹശക്ത്യാൽ മിണ്ടുവാനാശിച്ചേറ്റം

(109_116) നിന്റെ കൂടെ നിൽക്കുവാൻ പാപിയായ ഞാൻ അർഹനല്ല. ഇങ്ങനെ നാഥൻ തന്റെ വൻകുരിശും പേറിക്കൊണ്ടു, സസന്തോഷം യാത്ര ചെയ്യുവെന്നതു തീർച്ചയാണു.

മല്ലനെപ്പോലെ തന്റെ വഴിയിൽ ഓടുമെന്നുള്ള തിരുവചനപ്രകാരം നന്മയുടെ ഉടയവനായ പിതാവിന്റെ വഴികളിലൂടെ എന്നവണ്ണം ഈ യാത്രയിൽ ഭാരമേറിയ കുരിശിന്റെ ക്രൂരതയാൽ മനയേറും കനത്ത വ്രണംകൊണ്ടു തോളു മുറിഞ്ഞും ക്ഷീണിച്ചും അവിടുന്നു സഞ്ചരിച്ചു.

(117_129) സ്നേഹം നിറഞ്ഞ മാതാവു ഇതെല്ലാം ദർശിച്ചു. ഹൃദയത്തിൽ ഉയിർക്കൊണ്ട ദാഹംകൊണ്ടും സ്നേഹംകൊണ്ടും ആശ്വാസത്തിനുവേണ്ടി കേണപേക്ഷിച്ചു. പ്രിയപുത്രനായ യേശു, അമ്മയുടെ തിരുമൊഴി കേട്ട.

ശങ്കയില്ലാത്ത ദുഷ്ടൻ സമ്മതിച്ചില്ലല്ലയ്യോ
തീർച്ചയിൽ ദ്വീസഹാക്കു[1] ചേന്നടൻ ഗാഹ്രൽത്തായിൽ
മൂച്ചയാൽ കുരിശതിൽ തറപ്പാൻ വസ്ത്രംനീക്കി
ആത്തിയാലപ്പോഴ്തന്നെയമ്മയും യോഹന്നാനും 132

ചേന്നുള്ള മറിയമാർ മൂന്നുമായ്ക്കുമ്പിട്ടടൻ
മാതാവുമതുനേരമാകാശപിതാവിന്നു്
ജാതിരക്ഷാർത്ഥം പ്രതികാഴ്ചവച്ചുടൻ സുതം
സ്വദേശനടപ്പുപോൽ കുടിപ്പാൻ പാനം നൽകി 136

സ്വജാതി ജനമതിൽക്കലർത്തിക്കയ"ച്ച വിഷം
സ്വമാതാവതും കണ്ടപ്രാർത്ഥിച്ചുങ്കശ്രുക്കളാൽ
സ്വസ്നേഹാൽ കുടിക്കല്ലേയെന്നതു കേട്ടനാഥൻ
എങ്കിലും ദുഃഖമൊക്കെ പുത്രൻ സ്നേഹത്താലേൽപ്പാൻ 140

പ്രതികളുടെ വൈരാഗ്യത്തെ ഒരു ദൂതൻ ശമിപ്പിച്ചു. തന്മൂലം വഴിപോക്കനായ ശിമയോനെ പിടിച്ചു് കുരിശു് ചുമപ്പിച്ചു. മാതാവു് വീണ്ടും സ്നേഹത്തോടും ധീരതയോടുംകൂടി അവസാനമായി സ്നേഹപുത്രന്റെ മുഖം ഒന്നു കാണാൻ ഇച്ഛിച്ചു. മാതാവിന്റെ ഈ ആഗ്രഹം പുത്രൻ കേട്ടു. ഉടനെതന്നെ ദൈവദൂതന്മാരെ പുത്രൻ അറിയിച്ചു. തൽക്ഷണം ദൈവദൂതന്മാർ വഴിയിൽനിന്നു് ആളുകളെ വകഞ്ഞു നീക്കി മാതാവിനെ പുത്രന്റെ പക്കലാനയിച്ചു.

മാതാവും സുതനും തമ്മിൽ കണ്ട ആ സമയത്തു് അവർക്കുണ്ടായ ദുഃഖം എത്രയധികമായിരുന്നുവെന്നു് ഞാൻ വർണ്ണിക്കുന്നതെങ്ങനെയാണു്. സ്നേഹത്തിന്റെ ആധിക്യത്താൽ അവർ തമ്മിൽ സംഭാഷണംചെയ്യാൻ തുനിഞ്ഞു. പക്ഷേ, കഠിന ഹൃദയരായ ശത്രുക്കൾ അതിനു് സമ്മതിച്ചില്ല.

(130_135) രണ്ടാമത്തെ ഇസഹാക്കു് സത്യമായും ഗാഹ്രൽത്തായിൽ എത്തി. മൂർച്ചയോടെ കുരിശിൽ തറയ്ക്കുന്നതിനായി അവിടത്തെ വസ്ത്രം നീക്കി ദുഃഖത്തോടെ അമ്മയും യോഹന്നാനും മറിയ എന്ന നാമം ധരിച്ച മൂന്നുപേരും കുമ്പിട്ടു് വണങ്ങി. ആ സമയത്തു് സ്വർഗ്ഗസ്ഥനായ പിതാവിനു് തന്റെ പുത്രനെ മാതാവു് മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി കാഴ്ച സമർപ്പിച്ചു.

(136_142) സ്വദേശത്തെ മര്യാദ അനുസരിച്ചു് കുടിക്കുവാൻ പാനീയം നൽകി. എന്നാൽ സ്വജാതിക്കാരായ ജനം അതിൽ വിഷം

---

1. ദ്വീസഹാക്കു്—രണ്ടാം ഇസഹാക്കു്, (ക്രിസ്തു)

ശങ്കയില്ലെന്ന കാട്ടാൻ രസിച്ചുകടിച്ചല്ലോ
ദയയില്ലാത്ത ജനം തിരുവസ്ത്രത്തെ നീക്കി
ദയയാൽ മാതാനെയ്യുവായിതിൻ തലസമം
അതിനാൽ തിരുമുടി നീക്കാതെയിഴക്കയാൽ 144

അനിതോട്ടടൻ മുടി നീങ്ങിയെങ്കിലുമതിൽ
ചിലമുംമുനകളം തലയോടതിൽപൂണ്ട
ചലനം കൂടാതൊടിഞ്ഞവിടെയിരുന്നയ്യോ
തിരുവസ്ത്രത്തെ നാലുവട്ടമായഴിച്ചവർ 148

കരികൽത്തുണ്ടുകൊൽകെട്ടി രാജവസ്ത്രത്തെച്ചാത്തീ
മരണവിധി കേൾപ്പാൻ കുരിശിൽത്തറപ്പാനും
കരുണകൂടാതവരഴിച്ചെന്നതാകിലും
ഇതുപോലുള്ള മഹാ അസഹ്യം മുൻപായില്ല 152

കലത്തി. സ്വന്തം മാതാവു് അതുകണ്ടു് പ്രാത്ഥനയോടെയും അശ്രുക്കളും പൊഴിച്ചും സ്നേഹപൂർവ്വം അപേക്ഷിച്ചു: 'എന്റെ മകനെ നീ അതു കടിക്കരുതേ' എന്നു്.

എങ്കിലും മനുഷ്യരോടുള്ള സ്നേഹം നിമിത്തമാണു് ഈ ദുഃഖമെല്ലാം കയ്യേൽക്കുന്നതു് എന്നു് വ്യക്തമാക്കിക്കൊണ്ടു് അവിടുന്നു് സന്തോഷത്തോടെ പാനം ചെയ്തു.

(143–152) യാതൊരു കാരുണ്യവും കാണിക്കാതെ ദുഷ്ടന്മാർ അവിടത്തെ വസ്ത്രം വലിച്ചൂരി, തലയുടെ അളവിനൊത്തു് വായ് വെട്ടിത്തയിച്ച തിരുവസ്ത്രം, അവിടത്തെ ശിരസ്സിലുള്ള മുൾമുടി നീക്കാതെ വലിച്ചൂരി അഴിക്കയാൽ അതിനോടുകൂടി മുൾമുടി അല്പം നീങ്ങിപ്പോയി. അതുകൊണ്ടു് ചില മുൾമുനകൾ തലയോട്ടിയിൽ അമന്നുചേന്നു. അയ്യോ! അവ ചലനം കൂടാതെ ഒടിഞ്ഞു് അവിടെത്തന്നെ തറഞ്ഞിരുന്നു.

തിരുവസ്ത്രത്തെ നാല്തവണയായിട്ടാണു് ശത്രുക്കൾ അഴിച്ചതു്. ഒന്നാമതു് കൽത്തുണിന്മേൽ കെട്ടിക്കൊണ്ടു്. രണ്ടാമതു് പരിഹസിച്ചു് രാജവസ്ത്രം അണിയിക്കാൻ വേണ്ടി. മൂന്നാമതു് മരണവിധി അറിയിച്ച അവസരത്തിൽ. നാലാമതു് കുരിശിൽ തറയ്ക്കുവാൻ വേണ്ടി. എങ്കിലും ഇപ്പോൾ അഴിച്ചതുപോലുള്ള അസഹനീയമായ ഒരവസ്ഥ ഇതിനു് മുൻപുണ്ടായിട്ടില്ല.

അത്ര നേരത്തു മഹാ കളിർകാറുതി തത്ര
ഇതുമെന്നിയെയമ്മ ശിശുവാംകാലം തന്നിൽ
മൃദുവാം മേനിയതിൽവച്ചുള്ള മാനവസ്ത്രം
ആയതും നീക്കീടുവാൻ ദുഷ്ടന്മാർ വട്ടംകൂടി 156

ആയതും ക്ഷമിപ്പാനും നീ മടിച്ചില്ലില്ലയ്യോ
എങ്കിലുമമ്മയുടെ ചൊൽവിളി കേൾപ്പാനായി
ശങ്കയില്ലാത്ത കഷ്ടം നീയനുവദിച്ചില്ല
കുരിശിൽത്തറപ്പാനായൊരുങ്ങും നേരത്തിങ്കൽ 160

തിരുമാതാവെത്തന്റെ പിതാവെ എഴുപ്പിച്ചുടൻ
തന്നുടെ ശിഷ്യജനം പിൻവരും പ്രിദെസ്ലിനാത്[1]
തന്നോട്ട ചേരുന്നോരും പാപികൾ സമസ്തർക്കും
കുരിശിൽത്തറയ്പാനായ്ക്കടമയിരിപ്പോർക്കും 164

കരുതിയപേക്ഷിച്ചു നാഥനുമതുനേരം
അപ്പോലെ മാതാവുമീയപേക്ഷയണച്ചുടൻ
ചൊൽപെരിയോരു മഹാസ്നേഹത്താലുദ്ഘം
ആക്കൊലക്കാരുനാഥൻ തന്നുടെ തിരുക്കരം 168

(153_159) അപ്പോഴം അവിടെ ഒരു കളിർക്കാറ് ഉതി. മാതാവ്, മകന്റെ ശിശുപ്രായത്തിൽ മൃദുമേനിയിൽ ചാർത്തുവാൻ നല്ലിയ മനോഹരമായ വസ്ത്രവും കൂടി മാറിക്കളയുവാൻ തയ്യാറായി. ആ മഹാ അപരാധവും ക്ഷമിക്കുവാൻ നാഥാ നീ മടിച്ചില്ലല്ലോ. എങ്കിലും അമ്മയുടെ ചൊൽവിളി കേൾക്കുന്നതിനു് ശങ്കയില്ലാത്ത തരത്തിലുള്ള കഷ്ടപ്പാടുകൾ നീ അനുവദിച്ചില്ല.

(160_165) കുരിശിൽ തറയ്ക്കുന്നതിനു് ശത്രുനിര ഒരുങ്ങുന്ന സമയത്തു് അവിടുന്നു് തന്റെ ദിവ്യ അമ്മയെ പരമപിതാവിന്റെ കരങ്ങളിൽ ഏല്പിച്ചു. തന്റെ ശിഷ്യഗണങ്ങളിൽ മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടവർക്കും, തന്നോടുകൂടി ചേരുന്നവർക്കും സമസ്ത പാപികൾക്കും കുരിശിൽ തന്നെ തറച്ച പാപികൾക്കും വേണ്ടി അവിടുന്നു് പ്രാർത്ഥിച്ചു.

(166_176) അതുപോലെതന്നെ മാതാവും അവർക്കുവേണ്ടി അത്യധികമായ സ്നേഹത്തോടെ പ്രാർത്ഥിച്ചു. കൊലയാളികളായ ശത്രുക്കൾ നാഥന്റെ തുക്കരം കുരിശിൻമീതെ നീട്ടുവാൻ കല്പിച്ചു.

---

1 പ്രിദെസ്ലിനാത്ത്—മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവൻ

ആക്കരിശതിൻമീതെ നീട്ടുവാൻ പ്രമാണിച്ചു
കേട്ടടൻ മഹാസ്നേഹാൽ നീട്ടിതൻ കരങ്ങളും
ദുഷ്ടരായവർ സൂക്ഷം കൂടാതെവച്ചു ചിഹ്നം
അടയാളത്താലാണിപ്പഴുതും ചെയ്താരുടൻ 172

അടയാളങ്ങൾ പക്ഷെ സ്വല്പമായ് നീങ്ങിദ്ധ്യം
അന്നേരം സ്നേഹമാതാവണഞ്ഞുസുതനപക്കൽ
സുന്ദരതിരുക്കരം ഭക്തിയാൽ മുത്തീയപ്പൊ
അമ്മയങ്ങണഞ്ഞതും കണ്ടവർ വൈരീവൃന്ദം 176

നിർമ്മലന്നത ദുഃഖമുണ്ടാവാൻ മുടക്കീല്ല
വീണ്ടവർ തിരുക്കരമൊന്നതിലാണിവച്ചു
രണ്ടാമപ്പഴുതിലെത്തീല്ല തിരുക്കരം
എന്നതുകണ്ടു കയറെടുത്തു തിരുകൈയിൽ 180

നന്നായി ബലത്താലെ കെട്ടിയങ്ങിഴച്ചപ്പൊ
ഇങ്ങനെ കരംരണ്ടും ക്രൂരമായ് തറച്ചുടൻ
മംഗലപാദങ്ങളും ചേർത്തവർ തറച്ചപ്പൊ
വീണ്ടവരാണി മുനമടക്കിത്തറപ്പാനായ് 184

ആണ്ടവൻ കുരിശോടെ നിലത്തിൽ കമത്തുവാൻ
ഭാവിച്ച നേരത്തികൽ കാണികൾ ബഹുജനം

അവിടുന്നു വലിയ കാരുണ്യത്തോടെ കരങ്ങൾ നീട്ടിക്കൊടുത്തു. ആ ദുഷ്ടന്മാർ ആണിപ്പഴുതിനുള്ള അടയാളം രേഖപ്പെടുത്തി. പക്ഷേ, അവർ വച്ച അടയാളം അല്പം അകന്നു മാറിപ്പോയി. സ്നേഹമാതാവായ മറിയം അവിടുത്തെ പക്കലണഞ്ഞു തൃക്കരങ്ങളിൽ ചുംബനമർപ്പിച്ചു.

(177_186) നിർമ്മലനായ നാഥനു് കഠിനദുഃഖം വരുമെന്നതിൽ അവർക്കു ഖേദമുണ്ടായില്ല. അവിടുത്തെ ബലമായിപ്പിടിച്ചു് ഒരു തൃക്കരത്തിൽ ആണി അടിച്ചുകയറ്റി. രണ്ടാമത്തെ കരത്തിൽ ആണി അടിക്കാൻ നോക്കിയിട്ടു് അടയാളമിട്ട സ്ഥലത്തേയ്ക്കു് അവിടുത്തെ കരം എത്തുന്നില്ല. അതുകൊണ്ടു് രണ്ടാമത്തെ കരം കയറുകൊണ്ടു് ബന്ധിച്ചു വലിച്ചിഴച്ചു. അങ്ങനെ രണ്ടു കൈകളിലും കാരുണ്യമില്ലാതെ ആണി അടിച്ചുകയറ്റി. മംഗല്യമാർന്ന പാദങ്ങളിലും അവർ ആണി തറച്ചുകയറ്റി. പിന്നീടവർ ആണിയുടെ മുന മടക്കി അടിച്ചുറപ്പിക്കാൻ നാഥനായ ക്രിസ്തുവിനെ കുരിശു നിലത്തു കമിഴ്ത്തുവാൻ ഭാവിച്ചു.

ഭാവസ്നേഹത്താൽ ക്രൂരമിതെന്നങ്ങൊരുസ്വരം
കേട്ടടൻ മാതാവമ്മയറിഞ്ഞു മഹാദുഃഖാൽ 188

ദുഷ്ടിയെ പൊക്കിക്കൊണ്ടു പ്രാർത്ഥിച്ചു സ്നേഹപിതാ
ദുഷ്ടനിൻ സുതനുടെ ദുഷ്ടിയെ ദുഷ്ടജനം
കഷ്ടമായ് കരിങ്കല്ലിൽ മുട്ടിക്കാതിരിക്കയ്യോ
പിതാവു സ്നേഹമകം ദുഃഖരോദനം കേട്ടു 192

മാതാവിന്നിഷ്ടം ചെയ്വാൻ കല്പിച്ച ദൂതന്മാരെ
വേഗമായ് മാലഖാമാർ കരിശിന്നധോഭാഗെ
ഗോചരം കൂടാതവർ നിറുത്തി മദ്ധ്യസ്ഥലെ
നിലത്തങ്ങുറച്ചെന്നു ഭാവിച്ചുകൊലക്കാരൻ 196

ബലത്താലാണിമുന മടക്കിയുറപ്പിച്ചു
വീണ്ടുമാക്കരിശോടെ കഴിയിൽ നാട്ടീടുവാൻ
നീണ്ടവരുടെ തോളുകരങ്ങംകൊണ്ടും പൊക്കി
എങ്കിലും കഴിയതിൽ നാട്ടുവാനതുപോരാ 200

എന്നവർ കണ്ട കുന്തത്തടികം മറ്റും കരു
ഇങ്ങനെ നാഥൻ തന്റെ രണ്ടു കക്ഷങ്ങളിലും
തിങ്ങിന ശക്തിയോടെ കരിശിൽ കൈകംചേർത്തും
മൂർച്ചയുള്ളൊരു മറായുധങ്ങംകൊണ്ടും കുത്തി 204

(187_191) അതു കണ്ട കാണികം അനുകമ്പയോടെ ഇതു് എത്ര ക്രൂരമായിരിക്കുന്നുവെന്നു പറഞ്ഞു. അതുകേട്ടു് അമ്മയായ മറിയം മഹാദുഃഖത്തോടെ കണ്ണുകളയത്തിക്കൊണ്ടു് ഇങ്ങനെ പ്രാർത്ഥിച്ചു. 'സ്നേഹപിതാവായ ദൈവമേ, അങ്ങു കണ്ടാലും! അങ്ങേ പ്രിയ പുത്രന്റെ നയനങ്ങളെ ഈ ദുഷ്ടജനങ്ങം ഇത്രയും ക്രൂരമായി കരിങ്കല്ലിൽ മുട്ടിക്കാതിരിക്കാൻ അങ്ങു് സൂക്ഷിക്കേണമേ''.

(192_195) സ്നേഹപുത്രിയുടെ ദുഃഖരോദനം ദൈവപിതാവു് ശ്രവിച്ചു. കന്യകാമാതാവിന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ ദൈവദൂതന്മാരോടു കല്പിച്ചു. ദൂതന്മാർ വന്നു കരിശിന്റെ താഴെ നിലകൊണ്ടു. മറ്റുള്ളവരുടെ കണ്ണിനു മറഞ്ഞുനിന്നുകൊണ്ടു് കരിശിനെ ഭൂമിക്കും ആകാശത്തിനും മദ്ധ്യത്തിലായി ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നു.

(196_207) കരിശു് നിലത്തു് ഉറച്ചിരിക്കുന്നുവെന്നു കരുതികൊണ്ടു് കൊലയാളി ബലമായി ആണിയുടെ മുന അടിച്ചുമടക്കി ഉറപ്പിച്ചു. പിന്നീടു് ആ കരിശു കഴിയിൽ നാട്ടുവാൻവേണ്ടി പൊക്കു

ചേർച്ചയായ്പൊക്കിടുവാൻ മാംസത്തിനുള്ളിൽത്താഴ്ത്തി
തീർച്ചയിലതിശയാൽ പൊക്കിയക്കഴിയതിൽ
ഈർച്ചയോടവർ നാട്ടിവ്രണങ്ങളം തുറന്നയ്യോ
ഇപ്പൊഴതുള്ളത്തിൽ വീണൊരു ഗ്രുധസ്വരം

അപ്പലരിലും പലവിധമായ് പുറപ്പെട്ട
എന്നതിൽ ചിലരിയാളം നീതിമാനെന്നും ചൊല്ലി
നന്ദിയുള്ളലിവോട്ട ദുഃഖരോദനം കാട്ടി
കാണുന്ന യുദാജനം ഭാഷിച്ച നിന്ദിക്കയും

കണ്ടറിവില്ലാതുള്ളൊരന്യദേശികളം ഭ്രമാൽ
നിശ്ചലരായുള്ളോരെ മറവർ പഴിക്കയും
നിശ്ചലമായുള്ളൊരു മറ്റുള്ള ചിലകൂട്ടം
നീതിമാനെന്നാകിലും ഘാതകനെന്നാകിലും,

നീതികേടായ ശിക്ഷ കാണുവാൻ വശഹീനാൽ
തുങ്ങി നില്ക്കുന്ന നാഥൻ ദേഹഭാരത്താൽ വ്രണം
താങ്ങിയും ഞരമ്പുകളംപൊട്ടിയും വാർത്തിടുന്ന
രക്തകാഴ്ചയാലുറച്ചീടുവാൻ വശഹീനം

മുള്ളവർ തോളുകൊണ്ടും കരങ്ങളംകൊണ്ടും അതു് ഉയർത്തിപ്പിടിച്ചു. എങ്കിലും കുരിശിനെ കുഴിയിൽ നാട്ടുവാൻ ഈ യത്നം പോരാ എന്നു് അവർ മനസ്സിലാക്കി. അതുകൊണ്ടു് കൂടുതൽ ഉയർത്തിപ്പിടിക്കാൻ വേണ്ടി കൈയിൽക്കിട്ടിയ തടികളും കന്തങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചു. ഇങ്ങനെ നാഥന്റെ രണ്ടു കക്ഷങ്ങളിലും മൂർച്ചയുള്ള ആയുധങ്ങളം ചേർത്തുപിടിച്ചും അധികം ശക്തിയോടെ കുരിശിൽ കൈകൊണ്ടു അമർത്തിപ്പിടിച്ചും, കുരിശു് കുത്തി ഉയർത്തുവാൻ ശ്രമിച്ചു. അങ്ങനെ ആയുധങ്ങളം മാംസത്തിനുള്ളിൽ കുത്തിക്കൊണ്ടു് ഉയർത്തി കോപകലുഷിതരായി കുരിശു് കുഴിയിൽ നാട്ടി. അവിടുത്തെ തിരുമേനിയിൽ വ്രണങ്ങളം തുറന്നു കാണപ്പെട്ടു.

(208–220) അപ്പോളം വീണ്ടും ഗ്രുധസ്വരങ്ങളം പലരിൽനിന്നും പലവിധത്തിൽ ഉയർന്നു. ഇദ്ദേഹം നീതിമാനാകുന്നു എന്നു ചിലർ പറഞ്ഞു. ഉള്ളിൽ കൃതജ്ഞതയും അനുകമ്പയും കാട്ടിക്കൊണ്ടു് ചിലർ ദുഃഖിച്ചുകരഞ്ഞു. യുദജനം അവിടുത്തെ കണ്ടു് പരിഹാസവാക്യങ്ങളം മുഴക്കി. നാഥനെ കണ്ടറിഞ്ഞിട്ടില്ലാത്ത അന്യദേശക്കാർ ഈ കാഴ്ച കണ്ടു് വിഹ്വലരായി നിശ്ചലം നിലകൊണ്ടു. അങ്ങനെ അവർ സ്തബ്ധരായി നില്ക്കുന്നതുകണ്ടു് ശത്രുക്കളം അവരെ പരിഹസിച്ചു. ഇയാളം നീതിമാനായാലും ഘാതകനായാലും ഈ നീതികെട്ട ശിക്ഷ കാണുവാൻ എന്റെ കണ്ണുകൾക്കു ശക്തി പോരാ എന്നു ചിലർ

രക്ഷനാഥന്റെ തൊട്ടിൽ ജലത്തെക്കുഴിച്ചീടും
രക്ഷയ്ക്കായെന്നേശയ്യാ വചനം തികഞ്ഞയ്യോ
രക്ഷാർത്ഥമടിയനെ നൽകുവാനായിട്ടല്ലൊ
സ്വജനവിശ്വാസവും കാഠിന്യചിത്തമതും 224

സ്വജന്മസ്നേഹമാതൃകാൺകയാൽ പിതാവൊട്ട്
പ്രാർത്ഥിച്ചങ്ങിതു നീങ്ങിപ്പലരും വിശ്വസിപ്പാൻ
പ്രത്യക്ഷ കാഴ്ചയാലേ പുത്രന്റെ മരണത്താൽ
പിതാവു മകളുടെയപേക്ഷയംഗീകരി 228

ച്ചതു നേരത്തിൽതന്നെ സൂര്യനും മൂടിമുഖം
ഭൂമിയുമിളകിത്തൻ ക്ലേശത്തെയറിയിച്ചു
ഭൂതമായ് കൊട്ടത്തിലും [1] രണ്ടായി കീറപ്പെട്ട
ഇങ്ങനെ കുരിശതിൽ തൂങ്ങിനിൽക്കുന്നനേരം 232

തിങ്ങിനദാഹത്തോടെ പ്രാർത്ഥിച്ചു പിതാവോട്ട്
ദൈവമേയറിയാതെ ചെയ്യുന്നയിവരോട്ട്
ദയയാൽ പൊറുക്കണമെന്നു താനൊന്നാമതും
ഇത്തിരുവചനത്തെ കേട്ടടൻ വലത്തേതാം 236

പറഞ്ഞു. കുരിശിൽ തൂങ്ങി നില്ക്കുന്ന നാഥനാകട്ടെ, ദേഹഭാരം കൊണ്ടുള്ള വ്രണങ്ങളും അണിഞ്ഞും ഞരമ്പുപൊട്ടി ചോര വാന്നൊഴുകിയും നിലകൊണ്ടു. അതു് കാണുവാൻ എന്റെ കണ്ണുകൾക്കു ശക്തിയില്ലാതായിരിക്കുന്നു.

(221–228) ലോകരക്ഷയ്ക്കായി രക്ഷാനാഥന്റെ തൊട്ടിൽ ജലത്തെ ഒഴുക്കും (1) എന്നുള്ള ഏശയ്യായുടെ പ്രവചനം ഇവിടെ പൂർത്തിയായിരിക്കുന്നു. രക്ഷയ്ക്കുവേണ്ടി എന്നെ ഒരുക്കുവാനായിട്ടാണല്ലോ സ്വജനങ്ങളിലെ വിശ്വാസക്കുറവും കഠിനമായ മനഃസ്ഥിതിയും ജന്മം മുതലേ എന്നെ സ്നേഹിക്കുന്ന അമ്മ കണ്ടിട്ട് ആ പ്രതിബന്ധങ്ങൾ നീങ്ങിപ്പോകാൻ പിതാവിനോടു പ്രാർത്ഥിച്ചതു്. പ്രത്യക്ഷങ്ങളായ അടയാളങ്ങൾ കണ്ടു പലരും വിശ്വസിക്കുന്നതിനായി, പുത്രന്റെ മരണസമയത്തു് കന്യകാമാതാവു് അപേക്ഷിച്ച കാര്യം പിതാവു് നിറവേറ്റി.

(229 – 243) അപ്പോൾ സൂര്യൻ മുഖം മറച്ചു; ഭൂമി ഇളകി. സ്വന്തം ക്ലേശത്തെ പ്രകടമാക്കി. ദേവാലയ വിരി രണ്ടായി കീറി. ഇങ്ങനെ നാഥൻ കുരിശിൽ തൂങ്ങിക്കിടക്കുന്ന സമയത്തു് അവിടുന്നു്

---

1 കൊട്ടത്തിലു് – കർട്ടൻ (1) ഏശയ്യാ 35:7

കരിശ്രുതന്നിൽനിന്നു പ്രാർത്ഥിച്ചു നല്ലചോരൻ
''കർത്താവേ, നിന്റെ തിരുരാജ്യത്തിലെത്തുന്നേരം
കാത്തുരക്ഷിച്ചീടണം പാപിയാമടിയനെ''
കേട്ടതുനേരം നാഥൻ, ''ഇന്നു നീ പർദീസായിൽ 240

കോട്ടമില്ലാതെനമ്മോടൊന്നിക്കു''മെന്നും പിന്നെ
''സ്ത്രീയെ നിൻ പുത്രനിതാ''യെന്നു തൻ മാതാവോട്ടും
പ്രിയശിഷ്യനെ നോക്കി ''നിൻറമ്മയിതാ''യെന്നും
ഇന്നേരംവരെ മഹാ സംശയം പിശാചിനു 244

അന്നേരം കണ്ടു സർവ്വമിത്തിരുത്രിവാർത്തയാൽ
അറിയാതെ ചെയ്യുന്നെന്നും പറുദീസിലാമെന്നും
സ്ത്രീയെ നിൻ പുത്രനെന്നും കേട്ടപ്പോൾ ബോധിച്ചവർ
പാർത്തിരുന്നൊരു ൟശീഹാ താൻതന്നെയെന്നും കണ്ടു 248

പേർത്തവൻ തലചതയ്ക്കുന്ന[1] തീയമ്മയെന്നും
ദൈവമേ മമദേവാ, എന്തുകൊണ്ടിതിൻവണ്ണം

പിതാവിനോട് ഉള്ളുണാകുലനായി ഇങ്ങനെ പ്രാർത്ഥിച്ചു. 'ദൈവമേ അജ്ഞതമൂലം ഇവർ ചെയ്യുന്നതു് ഇവരോടു ക്ഷമിക്കേണമേ' ഈ തിരുവാക്യം കേട്ടിട്ട് അവിടത്തെ വലത്തുഭാഗത്തു കുരിശിൽക്കിടന്ന നല്ലവനായ തസ്കരൻ പ്രാർത്ഥിച്ചു. 'കർത്താവേ അങ്ങേ രാജ്യത്തു് അങ്ങു് പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ' എന്നു്.

നാഥൻ ഇതു കേട്ടു് അവനോടു പറഞ്ഞു 'തീർച്ചയായും ഇന്നു് പറുദീസായിൽ എന്നോടുകൂടി ആയിരിക്കും' പിന്നീടു് തന്റെ സ്നേഹമാതാവിനോടു് 'അല്ലയോ സ്ത്രീ ഇതാ നിന്റെ പുത്രൻ' എന്നും മറിയത്തെ കാണിച്ചുകൊണ്ടു് സ്നേഹശിഷ്യനായ യോഹന്നാനോടു് 'നിന്റെ അമ്മ ഇതാ' എന്നും ഉദ്ഘോഷണം ചെയ്തു.

(244 – 249) ഇതുവരെ പിശാചിനു് വലിയ സംശയം ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാം തെളിവായിരിക്കുന്നു. അറിയാതെ ചെയ്യുന്നതു ക്ഷമിക്കണമെന്നും, നല്ല കള്ളൻ പറുദീസായിൽ പ്രവേശിക്കുമെന്നും സ്ത്രീയെ നിന്റെ പുത്രൻ ഇതാ എന്നുമുള്ള മൂന്നു വാക്യങ്ങൾ കേട്ടിട്ടു് അവനു് എല്ലാം ബോധ്യമായി. പ്രതീക്ഷിച്ചിരുന്ന രക്ഷകൻ അവിടുന്നു തന്നെയാണു് എന്നും തന്റെ തലയെ തകർക്കുന്നവൾ ഈ അമ്മയാണു് എന്നും പിശാചിനു ബോധ്യമായി.

---

1 പേർത്തവർ തലചതയ്ക്കുന്നതു് – തന്റെ തല തകർക്കുന്നതു ദൈവമാതാവാണെന്നു് പിശാചു് ഓർത്തു്.

നീ ദയാഹീനം കൈവിട്ടെന്നതു നാലാമതും
ദാഹമെന്നഞ്ചാമതും തികഞ്ഞെന്നാറാമതും 252

ദേഹിമേ, ബാവാ കൈയിലേല്പിക്കുന്നെന്നുംചൊല്ലി
അപ്പൊഴതിടിപോലെ ലൂസിഫർ കൂട്ടത്തോടെ
ചൊല്പെരിയൊരു ക്രോധാൽ ദുഷ്ടതിവീണതാണു. 255

(250-255) അല്ലയോ, ദൈവമേ! എന്റെ ദേവാ, എന്തു കൊണ്ടു് അങ്ങു് എന്നെ ദയവെടിഞ്ഞു് ഉപേക്ഷിച്ചിരിക്കുന്നു എന്നു നാലാമതും, എനിക്കു ദാഹിക്കുന്നുവെന്നു് അഞ്ചാമതും, എല്ലാം പൂർത്തിയായിരിക്കുന്നു വെന്നു് ആറാമതും, പിതാവേ എന്റെ ആത്മാവിനെ അങ്ങേ കരങ്ങളിലേല്പിക്കുന്നുവെന്നു് ഏഴാമതുമായി തിരുവാക്യങ്ങൾ അവിടുന്നു് ഉരുവിട്ടു. ആ സമയത്തു് ഇടി മുഴങ്ങുന്ന ശബ്ദത്തിൽ ലൂസിഫറും കൂട്ടരും അത്യധികമായ ദൈവകോപത്തിനു പാത്രീഭൂതരായി നരകത്തിൽ വീണു താഴുകയും ചെയ്തു.

ഒൻപതാം പാദം

മിശിഹായുടെ കുരിശുമരണത്തെ തുടർന്നുള്ള സംഭവങ്ങളാണ് ഈ കാണ്ഡത്തിലെ പ്രതിപാദ്യം. കുരിശിൽ തുങ്ങിയ കള്ളന്മാരുടെ കണങ്കാൽ തല്ലിത്തകർക്കുന്നതും ലൊങ്കീനോസ് എന്ന കുരുടൻ മിശിഹായുടെ തിരുഹൃദയം കുത്തിപ്പിളർക്കുന്നതും വിവരിച്ചശേഷം, തിരുമേനി കുരിശിൽ നിന്നിറക്കി ദിവ്യമാതാവിന്റെ അങ്കതലത്തിൽ കിടത്തുന്നതും പിന്നീട് പൂജ്യമായി സംസ്കരിക്കുന്നതും വർണ്ണിച്ചിരിക്കുന്നു. അത്ഭുതകരമായി കാഴ്ചശക്തി ലഭിച്ച ലൊങ്കീനോസിന്റെ കൃതജ്ഞതാസ്തുതിയും പുത്രന്റെ തിരുമേനി മടിയിൽ കിടത്തിക്കൊണ്ടുള്ള മാതൃവിലാപവും നിരാഹാരമായി, മൗനമുദ്രിതയായി, ദുഃഖദഗ്ധയായി കഴിഞ്ഞിരുന്ന മാതാവിനെ ആശ്വസിപ്പിക്കാൻ വരുന്ന കേപ്പായുടെ പശ്ചാത്താപവും ഈ കാണ്ഡത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നുണ്ട്.

ഏകപദം ഗാനകീർത്തനം

കിളിപ്പാട്ട്

ഇങ്ങനെ നാഥൻ നയനമടച്ചുടൻ
തിങ്ങിന ദുഃഖമായ്ത്തൽക്കുരിശ്ശുടിയതിൽ
കഠിന ദുഃഖടയാളം കാട്ടാതെ മറിയങ്ങളം
നടുവിലുറച്ചു നിലയ്ക്കുന്നൊരു വേളയിൽ 4

ത്വടുതിയൊടു നാഥന്റെ തിരുദേഹം കുരിശതിൽ
ത്വടുതകൂടാതത്തരുശിഖരമായതിൽ
നിന്നിറക്കിബ്ഭൂമിദാനം ചെയ്തീടുവാൻ
നന്ദിയാലുള്ളൊരു നേർവഴിയതെങ്ങനെ 8

(1–10) ഇങ്ങനെ യേശു കണ്ണുകളടച്ചു മരണമടഞ്ഞതുകണ്ട്, ഹൃദയത്തിൽ തിങ്ങി നിറഞ്ഞ ശോകത്തോടെ ആ കുരിശിന്റെ ചുവട്ടിൽ, കഠിനമായ ദുഃഖത്തിന്റെ അടയാളം പ്രകടിപ്പിക്കാതെ മറ്റു രണ്ടു മറിയ നാമധാരികളുടെ മധ്യത്തിലായി കന്യകാമറിയം നിലകൊണ്ടു.

എന്നതാൻ ദൂതരാമശരീരിജനമോട്ട
നന്ദനപ്രേമയായ് ചിന്തിക്കുന്നേരത്തു
മലയുടെയടിയതിൽ നിന്നു വരുന്നൊരു
പലവിധ കരുക്കളാലുള്ളൊരു സേനയും 12

മന്നവരണഞ്ഞുതൻ രണ്ടു ഭാഗങ്ങളിൽ
മന്ദമായ തുങ്ങുന്നവരുടെ തുടകളെ
നീതിപ്രകാരം തകർത്തിതശേഷമായ്
നാഥൻ മരിച്ചെന്നു കാൺകയാൽ തന്നുടെ 16

ദേഹത്തിലിതു ചെയ്തതില്ലെന്നുമായ് വരാം
ദാഹമെന്നാകിലും ചെയ്തില്ല നിർണ്ണയം
എന്നതു നേരത്തൊരു കൺകുരുടനാം
വന്നതിലുള്ളൊരുലൊങ്കിനു എന്നവൻ 20

കുന്തമതുകൊണ്ടു നാഥന്റെ ചങ്കതിൽ
കുത്തിയുടൻതന്നെ രക്തവും വെള്ളവും
വാർത്തതുംകണ്ടു നില്ക്കുന്നൊരുമാതുവും
പേർത്തുടൻ പുത്രനെ പ്രാർത്ഥിച്ചു സ്നേഹമായ് 24

അപ്പോഴും സമയം കളയാതെ യേശുവിന്റെ തിരുശരീരം കുരിശിൽനിന്നു് സാവധാനം ഇറക്കി സംസ്കരിക്കുവാൻ വഴി എന്താണെന്നു് ആഗ്രഹിച്ചു. പുത്രനോടുള്ള പ്രേമത്താൽ പരവശയായ മറിയം അശരീരികളായ മാലാഖാമാരോടു് ആലോചിക്കുകയായിരുന്നു.

(10_24) മലയുടെ ചെരുവിൽനിന്നു് പലവിധ ആയുധങ്ങളുമായി ഒരു സേനാവിഭാഗം വന്നു. രാജകിങ്കരന്മാർ, ഇരുഭാഗത്തും തളർന്നു കുരിശിൽ തുങ്ങിക്കിടന്നവരുടെ തുടകളെ നിയമപ്രകാരം തകർത്തുകളഞ്ഞു. അപ്പോഴേയ്ക്കും യേശു പ്രാണൻ വെടിഞ്ഞുവെന്നു് മനസ്സിലാക്കി. അതുകൊണ്ടു് അവിടുത്തെ ദേഹത്തിൽ മറ്റുള്ളവരോടു ചെയ്തതിനു സമാനമായകാര്യം ചെയ്തില്ല. അവർക്കു് അങ്ങനെ ചെയ്വാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അങ്ങനെ ചെയ്തില്ല എന്നതു തന്നെ നിശ്ചയമായിരിക്കുന്നു.

അപ്പോഴും ഒരു കണ്ണിനു കാഴ്ചയില്ലാത്തവനായ ലൊങ്കിനോസു് എന്ന ഒരുവൻ കുന്തംകൊണ്ടു് നാഥന്റെ ഹൃദയഭാഗത്തു് ആഞ്ഞു കുത്തി. അപ്പോഴും രക്തവും വെള്ളവും അവിടെ നിന്നൊഴുകി. അതു കണ്ടുകൊണ്ടു്നിന്ന പരിശുദ്ധ അമ്മ പുത്രനെ സ്നേഹപൂർവ്വം നോക്കി ഇങ്ങനെ പ്രാർത്ഥിച്ചു.

നാഥനെ നീ നിൻ കരുണക്കടാക്ഷമായ്
നീതിദയയായ് പകർത്തി സൂക്ഷിക്കണേ
എന്നയീ അമ്മയുടെ പ്രാർത്ഥന കേട്ടുടൻ
നന്ദിയാലൊരുതുള്ളി രക്തമക്കണ്ണതിൽ

ചിന്തിയുടനേ തെളിഞ്ഞക്ഷിയും ചിത്തവും
ചന്തമോടേയവൻ വന്ദിച്ച നാഥനെ
ശനിവാസരമുഖി[1] പുലരുന്ന കാരണാൽ
ശിഖരം കരിശതിൽ നിന്നതൻ പുത്രനെറ

ചരണാദിയിലുള്ളയാണികളഴിപ്പാനും
ശരണമതു കാണായ്ക കാരണം മാതാവും
ആകാശമാർഗ്ഗേ ഉയർത്തിതൻ കൺകളെ
ആകാശ സ്നേഹപിതാവോട പ്രാർത്ഥിച്ച.

ചതുർപദഗാഥകീർത്തനം

അമ്മകന്നി തനെറ ദുഃഖരോദനങ്ങളും നായകൻ
അൻപിനോട കേട്ടുടൻ അയച്ചുമിത്രമർത്യരെ

(25-30) അല്ലയോ നാഥാ, നിനെറ കരുണാകടാക്ഷത്താൽ നീതിയെ ദയയായിപ്പകർത്തി ഇയാളെ പരിപാലിക്കേണമേ. ഇങ്ങനെയുള്ള മാതാവിനെറ പ്രാർത്ഥന ശ്രവിച്ച പുത്രൻ കൃതജ്ഞതയോടെ തനെറ ഹൃദയത്തിലെ ഒരു തുള്ളി രക്തം ലൊങ്കിനോസിനെറ കാഴ്ച ശക്തിയില്ലാത്ത കണ്ണിലേയ്ക്ക് വീഴ്ത്തി. തൽക്ഷണം അയാളുടെ കണ്ണും ഹൃദയവും ഒരുമിച്ച തെളിഞ്ഞു. അയാളും കൃതജ്ഞതയോടെ നാഥനെ വാഴ്ത്തിപ്പാടി.

(31-36) ശനിയാഴ്ച ദിവസം വരികയാണ്. അതുകൊണ്ട് കുരിശുമരത്തിനെറ ശിഖരത്തിൽനിന്നും ആണികളും ഊരി നാഥനെറ ശരീരം താഴെയിറക്കേണ്ടിയിരിക്കുന്നു. അതിനുള്ളവഴികളും കാണാതെ മാതാവ് തനെറ നയനങ്ങളും മുകളിലേയ്ക്കുയർത്തി സ്വർഗ്ഗസ്ഥനായ സ്നേഹപിതാവിനോട പ്രാർത്ഥിച്ചു.

ചതുർപദഗാഥകീർത്തനം

(37-40) അമ്മയായ കന്യകമറിയത്തിനെറ സന്താപഭരിതമായ പ്രാർത്ഥനകേട്ട് നായകനായ ദൈവം അലിവാണ് മിത്രങ്ങളായ

---

1. ശനിവാസരമുഖി—ശനിയാഴ്ചരാവിലെ.

അമ്മലയടിയിൽനിന്നു വന്നണഞ്ഞു കൂട്ടമായ്
അമ്മയങ്ങുകണ്ടുടൻ ഖേദിച്ചു ദുഃഖസംശയം. 40

ആയവരിതെന്തിതോ, വരവിനുള്ള കാരണം
ആദിയിലണഞ്ഞവരു ചെയ്യുപോലെ ചെയ്യുമോ?
ആയുധങ്ങളുണ്ടവരിലെന്തിതെന്നറിവില്ല
ആയതിനാലാധിപൂണ്ട അമ്മയെന്നുകണ്ടുടൻ 44

ഇഷ്ടമുള്ള ശിഷ്യനായ യോഹന്നാനതുവിധൗ
ഇജ്ജനത്തെ സൂക്ഷ്മമായറിഞ്ഞു കണ്ടുമാനസേ
ഇമ്പമോടടുത്തുചൊല്ലി അമ്മയോടു സാന്ത്വനാൽ
ഇണ്ടലൊന്നുമില്ലയമ്മെ ഇവരുനല്ല സ്നേഹിതർ. 48

ഈപ്സ[1]യോടണഞ്ഞിവരു നിന്റെ വാർത്ത കേൾക്കുവാൻ
ഈശനെക്കുരിശിൽ നിന്നിറക്കുവാനുമെന്നിയും
ഈ ശരീരം പൂജ്യമായിപ്പുശ്രുവാൻ സുഗന്ധവും
ഈ വിശുദ്ധദേഹമങ്ങു മൂടുവാൻ നിചോളവും[2] 52

ആളുകളെ അയച്ചു. ആ മലയുടെ അടിവാരത്തുനിന്നു് അവർ പുറപ്പെട്ടുവന്നു. അതുകണ്ടു് മറിയം ദുഃഖിതയും സന്ദേഹഭരിതയുമായിത്തീർന്നു.

(41-48) 'ഇവർ വരുന്നതെന്തിനാണു്. ആദ്യം അവർ വന്നു് ചെയ്തതുപോലെയുള്ള ദ്രോഹകൃത്യങ്ങളും ചെയ്യുമോ? എന്തൊക്കെയോ ആയുധങ്ങളും അവരുടെ കൈവശമുണ്ടു്. അവ എന്തിനുവേണ്ടിയാണു് എന്നു നിശ്ചയമില്ല. ഇങ്ങനെ ചിന്തിച്ചു് മറിയം വ്യാകുലഭാവത്തോടെ നിലകൊണ്ടു.

പ്രിയ ശിഷ്യനായ യോഹന്നാൻ ഇതു മനസ്സിലാക്കി. ആ മനുഷ്യരെ വളരെ വ്യക്തമായി അറിഞ്ഞിരുന്ന അദ്ദേഹം അമ്മയുടെ സമീപമണഞ്ഞു. അമ്മയെ സാന്ത്വനപ്പെടുത്തിക്കൊണ്ടു് പറഞ്ഞു. 'അല്ലയോ അമ്മേ, ഈ വരുന്നതു് ശത്രുക്കളല്ല നമ്മുടെ നല്ല സ്നേഹിതന്മാരാണു്.

(49-60) ഇവർ സ്നേഹത്തോടെ വന്നിട്ടുള്ളതു് നിന്റെ കാര്യങ്ങളും അറിയാനാണു്. ഈശോയെ കുരിശിൽനിന്നു താഴെയിറക്കാനും ഇവർ ആഗ്രഹിക്കുന്നു. അവിടുത്തെ ശരീരം പൂശുവാൻ സുഗ

---

1. ഈപ്സ—ആഗ്രഹം
2. നിചോളം—മൂടുപടം

ഉക്ത[1]മായതെന്നപോലെ മൂസേനിക്കാദേമൊസും
ഉത്തമരിവരുമവരുടെ ക്ഷേത്രാം പരിചാരരും
ഉഗ്രദുഃഖമോട്ട നില്ക്കുമമ്മ പാദസന്നിധൗ
ഉചിതസ്നേഹമോടണഞ്ഞു ഭൂരിദുഃഖഭാഷയാൽ 56

എണ്ണമില്ലാത്തുള്ള ദുഃഖമുള്ളിൽക്കൊണ്ടുനിന്നിടും
ഏകനായകീമുഖത്തെ നോക്കിയിവരുസാദരം
ഏറമായ ക്ലേശമോട്ട വാക്കുമുട്ടി നിന്നവർ
എന്നതമ്മ നീക്കിയപ്പോഴം വന്ദനയണച്ചുടൻ 60

ഒന്നയോടണഞ്ഞവർ ഇരുവരുമാത്ത ഭക്തിയാൽ
ഒട്ടുമേയിളക്കമില്ലാതേണിവച്ചു കുരിശതിൽ
ഒരുവനങ്ങു കേറിയാണി നീക്കുവാൻ ഒരുങ്ങുമേ
ഒന്നുണർത്തിയമ്മയോട്ട കുന്നിലുള്ളയീയുസെ 64

ന്ധവും, വിശുദ്ധ ദേഹം മൂടുവാൻ മൂടുപടവും ഇവർ കൊണ്ടുവന്നിരിക്കുന്നു. യോഹന്നാൻ പറഞ്ഞതുപോലെ ഉത്തമരായ മൂസേയും നിക്കദേമോസും ഭക്തന്മാരായ അവരുടെ പരിചാരകന്മാരും സ്നേഹത്തോടെ വന്നു, കഠിനദുഃഖത്തോടെ നിലകൊണ്ട അമ്മയുടെ പാദസന്നിധിയിൽ നിന്നു.

അത്യധികമായ ദുഃഖത്തിന്റെ രൂപമണിഞ്ഞും, ഹൃദയത്തിൽ സീമയറ സന്താപം പേറിയും അവിടെ എല്ലാവക്കും ഒരേ ഒരു മാതാവായും നിന്ന മറിയത്തിന്റെ മുഖത്തേക്കു് അവർ ആദരവോടെ നോക്കി. അപാരമായ ദുഃഖംകൊണ്ടു് അവർ യാതൊന്നും സംസാരിക്കാൻ കഴിയാത്തവരായിത്തീർന്നു. അപ്പോഴം അമ്മ അവരുടെ ദുഃഖം ഇല്ലാതാക്കി. അവർ അവളെ വന്ദിച്ചു.

(61_64) ആത്മാർത്ഥതയോടെ അവിടെ വന്ന അവർ ഉന്നതമായ ഭക്തി പ്രകടിപ്പിച്ചുകൊണ്ടു് ഇളക്കം തട്ടാത്തവിധത്തിൽ കുരിശിൽ ഏണി ചാരി. ഒരാൾ കയറി ഈശോയുടെ ശരീരത്തിലെ ആണി നീക്കുവാൻ ഒരുങ്ങി. ആ ഗാഗുൽത്താമലയിൽ നിന്നിരുന്ന യൂസെപ്പു് അമ്മയോടു് ഇപ്രകാരം ഉണർത്തിച്ചു

---

1. ഉക്തം—പറയപ്പെട്ടതു്.

കരുണയുള്ള അമ്മ നീയകന്നനുകൂലത്തൊട്ട
കമലപാദലസ [1] മട്ടക്കിയിരിക്കണം സുനേരമെ
കണ്ടിതമ്മയുസെപ്പിന്റെ ഉക്തശക്തിയൊക്കെയും
കരുണാഗാധബുദ്ധിയരുളിച്ചെയ്തു സിഞ്ഞോരി [2] 68

ഖംധരണിനരകം [3] മുന്നു ജഗമതിന്റെ നായകൻ
ഖഗഃസംഖ്യനക്ഷത്രങ്ങളാദിയായ യാവയും [4]
ഖമിൽഗമിക്കും [5] പക്ഷിയാദിസൃഷ്ടിചെയ്തമേസുതൻ
ഖലർകരങ്ങളാലെ തന്റെ സുന്ദരതിരുമുഖം 72

ഗണനമേറെയാന്ന ദുഃഖതാഡനങ്ങൾ യാവയും
ഗർവ്വമാന്ന നീചർചെയ്ത തിരുമുഖത്തിലടിയതും
ഗർവ്വഹീനമേഷമായത്തിരുമകൻ സഹിക്കയിൽ
ഗൽഗദസ്വരങ്ങളാദിഹീനമായിനിന്നഹം 76

(65_68) കരുണാനിധിയായ അമ്മേ, ഞങ്ങളുടെ അഭ്യർത്ഥന കൈക്കൊണ്ട് അങ്ങ് അല്പസമയത്തേയ്ക്ക് അവിടുത്തെ പാദപങ്കജം അടക്കിയിരിക്കണമേ. യൂസെപ്പിന്റെ വാക്കുകളുടെ പ്രാധാന്യം അമ്മ അപ്പോഴം മനസ്സിലാക്കി. അഗാധകരുണാനിധിയും ബുദ്ധിമതിയും ആയ അമ്മ അയാളോട് ഇങ്ങനെ അരുൾചെയ്തു.

(69_76) 'അല്ലയോ മാന്യന്മാരെ! ആകാശം ഭൂമി നരകം എന്നീ മൂന്നു ലോകങ്ങളുടെ നായകനും ആകാശത്തിലെ സംഖ്യാതീതമായ നക്ഷത്രങ്ങളും, ആകാശത്തിൽ ചരിക്കുന്ന പക്ഷികളും ആദിയായ എല്ലാ വസ്തുക്കളും സൃഷ്ടിച്ചവനുമായ എന്റെ പുത്രൻ ദുഷ്ടന്മാരുടെ കരത്താൽ പീഡിപ്പിക്കപ്പെട്ട അവിടുത്തെ സുന്ദരമായ മുഖം എണ്ണമില്ലാത്തവിധത്തിൽ മർദ്ദനത്തിനു വിധേയമായി. അഹങ്കാരികളായ ആ നീചന്മാർ തിരുമുഖത്തു പ്രഹരമേല്പിച്ചു. അതെല്ലാം കറയറ്റ കുഞ്ഞാടായ എന്റെ മകൻ സഹിച്ചു. അതുകണ്ട് ഗദ്ഗദസ്വരങ്ങളും പോലും പുറപ്പെടുവിക്കാൻ കഴിയാത്തവളായി ഞാൻ നിലകൊണ്ടു.

---

1. പാദലസം—ഭംഗിയുള്ള പാദം
2. സിഞ്ഞോരി—മാന്യന്മാരെ (ഇറാലിയൻപദം)
3. ഖംധരണി നരകം—സ്വർഗ്ഗം, ഭൂമി, നരകം.
4. യാവയും—സമസ്തവും
5. ഖമിൽഗമിക്കും—ആകാശത്തു സഞ്ചരിക്കുന്ന

കരുണയുള്ള അമ്മ നീയകന്നനുകൂലത്തൊട്ട
കമലപാദലസ [1] മട്ടക്കിയിരിക്കണം സുനേരമെ
കണ്ടിതമ്മയുസെപ്പിന്റെ ഉക്തശക്തിയൊക്കെയും
കരുണാഗാധബുദ്ധിയരുളിച്ചെയ്തു സിഞ്ഞോരി [2] 68

ഖംധരണിനരകം [3] മുന്നു ജഗമതിന്റെ നായകൻ
ഖഗഃസംഖ്യനക്ഷത്രങ്ങളാദിയായ യാവയും [4]
ഖമിൽഗമിക്കും [5] പക്ഷിയാദിസൃഷ്ടിചെയ്തമേസുതൻ
ഖലർകരങ്ങളാലെ തന്റെ സുന്ദരതിരുമുഖം 72

ഗണനമേറെയാന്ന ദുഃഖതാഡനങ്ങൾ യാവയും
ഗർവ്വമാന്ന നീചർചെയ്ത തിരുമുഖത്തിലടിയതും
ഗർവ്വഹീനമേഷമായത്തിരുമകൻ സഹിക്കയിൽ
ഗൽഗദസ്വരങ്ങളാദിഹീനമായിനിന്നഹം 76

(65_68) കരുണാനിധിയായ അമ്മേ, ഞങ്ങളുടെ അഭ്യർത്ഥന കൈക്കൊണ്ട് അങ്ങ് അല്പസമയത്തേയ്ക്ക് അവിടുത്തെ പാദപങ്കജം അടക്കിയിരിക്കണമേ. യൂസെപ്പിന്റെ വാക്കുകളുടെ പ്രാധാന്യം അമ്മ അപ്പോഴം മനസ്സിലാക്കി. അഗാധകരുണാനിധിയും ബുദ്ധിമതിയും ആയ അമ്മ അയാളോട് ഇങ്ങനെ അരുൾചെയ്തു.

(69_76) 'അല്ലയോ മാന്യന്മാരെ! ആകാശം ഭൂമി നരകം എന്നീ മൂന്നു ലോകങ്ങളുടെ നായകനും ആകാശത്തിലെ സംഖ്യാതീതമായ നക്ഷത്രങ്ങളും, ആകാശത്തിൽ ചരിക്കുന്ന പക്ഷികളും ആദിയായ എല്ലാ വസ്തുക്കളും സൃഷ്ടിച്ചവനുമായ എന്റെ പുത്രൻ ദുഷ്ടന്മാരുടെ കരത്താൽ പീഡിപ്പിക്കപ്പെട്ട അവിടുത്തെ സുന്ദരമായ മുഖം എണ്ണമില്ലാത്തവിധത്തിൽ മർദ്ദനത്തിനു വിധേയമായി. അഹങ്കാരികളായ ആ നീചന്മാർ തിരുമുഖത്തു പ്രഹരമേല്പിച്ചു. അതെല്ലാം കറയറ്റ കുഞ്ഞാടായ എന്റെ മകൻ സഹിച്ചു. അതുകണ്ട് ഗദ്ഗദസ്വരങ്ങളും പോലും പുറപ്പെടുവിക്കാൻ കഴിയാത്തവളായി ഞാൻ നിലകൊണ്ടു.

---

1. പാദലസം—ഭംഗിയുള്ള പാദം
2. സിഞ്ഞോരി—മാന്യന്മാരെ (ഇറാലിയൻപദം)
3. ഖംധരണി നരകം—സ്വർഗ്ഗം, ഭൂമി, നരകം.
4. യാവയും—സമസ്തവും
5. ഖമിൽഗമിക്കും—ആകാശത്തു സഞ്ചരിക്കുന്ന

കരുണയുള്ള അമ്മ ദയീയകന്നനുകൂലത്തൊട്ട
കമലപാദലസ [1] മട്ടക്കിയിരിക്കണം സുനേരമെ
കണ്ടിതമ്മയുസെപ്പിന്റെ ഉക്തശക്തിയൊക്കെയും
കരുണാഗാധബുദ്ധിയരുളിച്ചെയ്ത സിഞ്ഞോരി [2] 68

ഖംധരണിനരകം [3] മുന്നു ജഗമതിന്റെ നായകൻ
ഖഗഃസംഖ്യനക്ഷത്രങ്ങളാദിയായ യാവയും [4]
ഖമിൽഗമിക്കും [5] പക്ഷിയാദിസൃഷ്ടിചെയ്തമേസുതൻ
ഖലർകരങ്ങളാലെ തന്റെ സുന്ദരതിരുമുഖം 72

ഗണനമേറെയാന്ന ദുഃഖതാഡനങ്ങൾ യാവയും
ഗർവ്വമാന്ന നീചർചെയ്ത തിരുമുഖത്തിലടിയതും
ഗർവ്വഹീനമേഷമായത്തിരുമകൻ സഹിക്കയിൽ
ഗൽഗദസ്വരങ്ങളാദിഹീനമായിനിന്നഹം 76

(65_68) കരുണാനിധിയായ അമ്മേ, ഞങ്ങളുടെ അഭ്യർത്ഥന കൈക്കൊണ്ട് അങ്ങ് അല്പസമയത്തേയ്ക്ക് അവിടുത്തെ പാദപങ്കജം അടക്കിയിരിക്കണമേ. യൂസെപ്പിന്റെ വാക്കുകളുടെ പ്രാധാന്യം അമ്മ അപ്പോൾ മനസ്സിലാക്കി. അഗാധകരുണാനിധിയും ബുദ്ധിമതിയും ആയ അമ്മ അയാളോട് ഇങ്ങനെ അരുൾചെയ്തു.

(69_76) 'അല്ലയോ മാന്യന്മാരെ! ആകാശം ഭൂമി നരകം എന്നീ മൂന്നു ലോകങ്ങളുടെ നായകനും ആകാശത്തിലെ സംഖ്യാതീതമായ നക്ഷത്രങ്ങൾ, ആകാശത്തിൽ ചരിക്കുന്ന പക്ഷികൾ ആദിയായ എല്ലാ വസ്തുക്കളും സൃഷ്ടിച്ചവനുമായ എന്റെ പുത്രൻ ദുഷ്ടന്മാരുടെ കരത്താൽ പീഡിപ്പിക്കപ്പെട്ട അവിടുത്തെ സുന്ദരമായ മുഖം എണ്ണമില്ലാത്തവിധത്തിൽ മർദ്ദനത്തിനു വിധേയമായി. അഹങ്കാരികളായ ആ നീചന്മാർ തിരുമുഖത്ത് പ്രഹരമേല്പിച്ചു. അതെല്ലാം കറയറ്റ കുഞ്ഞാടായ എന്റെ മകൻ സഹിച്ചു. അതുകണ്ട് ഗദ്ഗദസ്വരങ്ങൾ പോലും പുറപ്പെടുവിക്കാൻ കഴിയാത്തവളായി ഞാൻ നിലകൊണ്ടു.

---

1. പാദലസം—ഭംഗിയുള്ള പാദം
2. സിഞ്ഞോരി—മാന്യന്മാരെ (ഇറാലിയൻപദം)
3. ഖംധരണി നരകം—സ്വർഗ്ഗം, ഭൂമി, നരകം.
4. യാവയും—സമസ്തവും
5. ഖമിൽഗമിക്കും—ആകാശത്തു സഞ്ചരിക്കുന്ന

ഘാതകന്മാർ നിങ്ങളല്ല മിത്രമെന്ന നിശ്ചയം
ഘാത[1]മൊന്നും ചെയ്വതിന്നുമല്ല നിങ്ങൾ വന്നതും
ഘൃണ[2] സുവൃത്തി നിങ്ങൾ ചെയ്യുമെന്നനേരം ഞാനുമേ
ഘൃണിയെനിക്കു ദുഃഖമില്ലനുകൂലമാം സുസന്നിധി 80

ചഞ്ചലങ്ങളൊട്ടുമില്ലിനീക്കിടുന്നു സൂകലം
ചരമതാക്കിയാണിനീക്കി സുതകരങ്ങൾ താങ്ങുവാൻ
ചരമമായ കരണമേ തരായ്കയല്ലനിശ്ചയം
ചലനമൊക്കെ നീങ്ങിയങ്ങണഞ്ഞവരുമകളതിൽ 84

ജനനിയെ തവ സുതനഹം ദുരാത്മകംവിഷാദ്
ജനകിരീടമായ തലയിൽ ചൂടിയൊരുമുടി
ജനനി നീയെൻ തിരുക്കരത്തിലൊതുക്കിവച്ചുഭക്തിയാൽ
ജനനപാപമാദിയായ് ഹരിച്ചനൽകുമേജയം 88

(77-80) നിങ്ങൾ ഘാതകന്മാരല്ല എന്നതു് എനിക്കു നന്നായറിയാം. നിങ്ങൾ വന്നതു് ദ്രോഹങ്ങളൊന്നും ചെയ്യുന്നതിനുമല്ല. കൃപയോടുകൂടി നിങ്ങൾ ഈ നല്ല പ്രവൃത്തികൾ ചെയ്യുന്ന സമയത്തു് നിങ്ങളോടു സ്നേഹമുള്ളവളായ എനിക്കു ദുഃഖമില്ല. ആനുകൂല്യം മാത്രമേ ഈ സന്നിധാനത്തിൽ എനിയ്ക്കുള്ളൂ.

(81-83) നല്ല മക്കളെ, നിങ്ങൾ ആണി നീക്കി ചലിപ്പിക്കാൻ കഴിയുന്ന വിധത്തിൽ തരുന്ന എന്റെ പുത്രന്റെ കരങ്ങൾ താങ്ങുവാൻ എനിക്കു യാതൊരു ചാഞ്ചല്യവുമില്ല. ഇപ്പോൾ തന്നെ മരിച്ചു കഴിഞ്ഞ എന്റെ അന്തരക്കണത്തെ ഒരിക്കൽ കൂടി നിങ്ങൾ ആണിയാൽ തറയ്ക്കാനല്ല ഒരുങ്ങുന്നതെന്നു് എനിക്കു നിശ്ചയമായിട്ടും അറിയാം. ഇതുകേട്ടു് മനശ്ചാഞ്ചല്യം വെടിഞ്ഞു അവർ കുരിശിന്റെ മുകളിൽ എണിവച്ചു കയറി.

(84-88) അല്ലയോ അമ്മേ, അങ്ങേ പുത്രൻ കിരീടമായി ശിരസ്സിൽ ചൂടിയ മുൾമുടി ദുർബുദ്ധിയായ എന്റെ പാപങ്ങൾ മൂലമുള്ളതാണു്. അമ്മേ, ആ മുൾമുടി എന്റെ കരങ്ങളിൽ ഒതുക്കിവച്ചു എന്റെ ഉത്ഭവപാപം തുടങ്ങിയുള്ള എല്ലാ പാപങ്ങളും നിർമ്മാർജനം ചെയ്തു് എനിക്കു ജയം നല്കണമേ.

---

1. ഘാതം—ദ്രോഹം (വധം)
2. ഘൃണ—കൃപയുള്ള

തദനന്തരശേഷമമ്മ മുട്ടകുത്തി നീട്ടികരങ്ങളെ
തദ്വരസിംഹാസനെ ബഹുഭക്തിയാലതു വാങ്ങിതാൻ
തൽക്ഷണം തിരുവാനനത്തിലണച്ചുമുക്കിനയനാശ്രുവിൽ
തരളചുണ്ടുകം ചേർത്തണച്ചവം ധ്യാനാലംപമതും ദൃഢം 92

ദയയതിന്നുടെ ചിഹ്നമായൊരു ശിഷ്യപുത്രനുമാവിധം
ദയവുസ്നേഹമിതേറെയുള്ളൊരു ത്രീമറിയകളാദിയും
ദയസഹിതമനസ്സുകൊണ്ടവരേവരും ബഹുഭക്തിയാൽ
ദയനിധിയമ്മയിതുവിധം തിരുവാണികംക്കുമാരാധനം 96

ധർമ്മപാലൻ സുതസ്യദേഹമിക്കുരിശതിൽ നിന്നിറക്കുന്ന
ധർമ്മവൃത്തിയണഞ്ഞുവെന്നതു കണ്ടമാതുവുടൻതന്നെ
ധാമധാരണമേംക്കുവാൻ ബഹുഭക്തിയോടു തിരുക്കരം
ധാരണച്ചുവിരിച്ചു കൈകളിൽ മെച്ചമാം പരിവട്ടവും 100

നദിയഥാ ഒഴുകുന്ന തന്നുടെ നയനമൊട്ടിളകാതെയും
നാഥ കുരിശടിചേർന്ന മുട്ടകം കുത്തിയങ്ങുമഹാദയാൽ
നന്ദനതിരുദേഹമൻപൊടുവാങ്ങുവാൻ ബാഹുനീട്ടിയും
നമസ്ക്കൃത്യമൊടൊന്നു മുത്തിടാനെഴുമാശയോടുടനമ്മയും 104

(89-92) അതിനുശേഷം അമ്മ മുട്ടുകുത്തി തന്റെ കരങ്ങളം നീട്ടി. ആ വിശിഷ്ടമായ സിംഹാസനത്തിൽ ഇരുന്നു വലിയ ഭക്തിയോടെ മുംമുടി വാങ്ങി. തൽക്ഷണം തന്റെ മുഖത്തോടടുപ്പിച്ചു മുത്തി ആ മുടിയിൽ ചുടുകണ്ണീർക്കണങ്ങളം വീഴ്ത്തി. മൃദുലമായ ചുണ്ടുകളം അതിൽ ചേർത്തുവച്ചുകൊണ്ടു അലംപസമയം ധ്യാനനിമഗ്നയായിരുന്നു.

(93-96) ദയയുടെ അടയാളവും ശിഷ്യനും പുത്രനുമായ യോഹന്നാനും, കാരുണ്യവും സ്നേഹവും അത്യധികമായുള്ള മറിയം നാമധാരികളായ മൂന്നുപേരും അനുകമ്പയും ആർദ്രതയുമുള്ള മറ്റുള്ളവരും ദയാനിധിയായ അമ്മ പറഞ്ഞ വാക്കുകളെ ഭക്ത്യാദരത്തോടെ സ്വീകരിച്ചു.

(97-100) ധർമ്മപരിപാലകനായ പുത്രന്റെ ദേഹം കുരിശിൽ നിന്നിറക്കുന്ന പുണ്യകർമ്മം ഇതാ നടക്കുന്നുവെന്നു കണ്ട മാതാവു് ഉടൻതന്നെ ആ ശരീരം കൈക്കൊള്ളുവാൻവേണ്ടി അളവറ്റ ഭക്തിയോടെ കൈകളിൽ വിശിഷ്ടമായ വസ്ത്രം വിരിച്ചുകൊണ്ടും പുത്രന്റെ മേനിയെത്തന്നെ ധ്യാനിച്ചുകൊണ്ടും അവിടെ നിന്നു.

(101-104) നിർന്നിമേഷാക്ഷയായി നദിസമാനം അശ്രുകണം ഒഴുക്കിയും കുരിശിന്റെ ചുവടു് ചേർന്നു മുട്ടുകുത്തിയും പുത്രന്റെ മൃതശ

പരമനാഥനെക്കുരിശതിങ്കൽനിന്നു നിക്കാദെമോസുമായ്
പരമസങ്കടമോട്ടു മഗ്ദേനേ പാദപങ്കജം താങ്ങിയും
പക്ഷമുള്ളോരു ശിഷ്യനാത്തിരുശിരസ്സിനെയിളക്കാതെയും
പാർത്തുനില്ക്കുന്ന അമ്മതന്നുടെ തൃക്കരങ്ങളിൽ വച്ചവർ 108

ഫൽഗ്രനമായ[1] ദുഃഖഭാഷകം കന്നിഅമ്മയിൽ അദൃഷ്ടം
ഫലബലദുഃഖം കാട്ടിത്തന്നുടെ കണ്ണുകം രക്തധാരയാൽ
പണിയെന്നുടെ നാവിനാലറിയിപ്പതിന്നിതുനിർണ്ണയം
ഫലമിനിക്കു ലഭിപ്പതിന്നിതു മാത്രമായ് അറിവിച്ചഹം 112

ബന്ധനാശമതാക്കി[2] തന്നുടെ പുത്രദേഹം മടിയതിൽ
ബന്ധനം ചെയ്തുതൻ മനമതു പുത്രദേഹമൊടൊന്നിച്ചു
ബഹുദയയോടുമുത്തി മുറിവുകളൊക്കെയും മഹാഭക്തിയാൽ
ബാഹുദ്വയമതിൽ വച്ചുകൊണ്ടവരൊക്കയും മുത്തംനൽകുന്നു 116

രീരം സംവഹിക്കാൻ കൈകം നീട്ടിയും ആരാധനാ നമസ്ക്കാരങ്ങളോടെ ചുംബിക്കാനുള്ള ഉൽക്കടമായ ആഗ്രഹം ഹൃദയത്തിൽ നിറഞ്ഞും ആ അമ്മ നിലകൊണ്ടു.

(105_108) പരമനാഥനായ യേശുവിനെ കുരിശിൽ നിന്നിറക്കിയ നിക്കദേമോസിനോടൊത്തു് അതീവ സങ്കടത്തോടെ മഗ്ദലനാമറിയം അവിടുത്തെ പാദപങ്കജങ്ങളും താങ്ങി. പ്രിയപ്പെട്ട ശിഷ്യനാകട്ടെ അവിടുത്തെ ശിരസ്സിനെ ഇളകാതെ പിടിച്ചു. അവർ, പുത്രനെ പ്രതീക്ഷിച്ചു നിന്ന അമ്മയുടെ കൈകളിൽ ആ മൃതമേനിവച്ചു.

(109_112) മുൻപൊരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള വലിയ ദുഃഖത്തിന്റെ അടയാളങ്ങളും കന്യകാമാതാവിൽ കാണപ്പെട്ടു. അതിന്റെ ഫലമായി ദുഃഖം ആ കണ്ണുകളെ രക്തപ്പുഴയിൽ മുക്കി. ഈ കാര്യങ്ങളെല്ലാം വർണ്ണിക്കുവാൻ ഞാൻ അശക്തനാണു് എന്നതു സത്യം. എനിക്കതിന്റെ ഫലം ലഭിക്കുവാൻവേണ്ടി മാത്രമാണു് ഇത്രയും ഞാൻ വിവരിച്ചതു്.

(113_116) മറിയം തന്റെ പുത്രന്റെ ശരീരം, കെട്ടുകളഴിച്ചു് മടിയിൽ വച്ചു് തന്റെ മനസ്സു് ആ ശരീരത്തോടുകൂടി ബന്ധിച്ചു. വലിയ ആദരവോടെ അവയും ചുംബനങ്ങളും മുറിവുകളിൽ അർപ്പിച്ച ഭക്തി പുരസ്സരം സ്വന്തം കരങ്ങളിൽവച്ചു. അപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം ആ തിരുമേനിയിൽ ചുംബനമർപ്പിച്ചു.

---

1 ഫൽഗ്രനം - ചുവന്ന (വഡ്ഡിച്ചതെന്നു സാരം)

2 ബന്ധനാശമതാക്കി - കെട്ടുകൾ അഴിച്ചു്.

ഭാന്തരശ്മിമറഞ്ഞുമാഞ്ഞിതു നേരമന്നവർ കണ്ടുടൻ'
ഭക്തവത്സലനായ ശിഷ്യനും യൂസെയാദിയുമായവർ
ഭക്തിയോടവരങ്ങണഞ്ഞമ്മ കന്നിയോടിതുണർത്തിയാർ
ഭാസ്കരശ്മി പോയ്മറഞ്ഞിതു, അമ്മയെ നിൻറെ പുത്രൻറെ 120

മംഗളമണിമാണിക്യദേഹം ഭൂമിദാനമതാക്കുവാൻ
മധുരമേറിയ നിൻതിരുമനസ്സാകണം അതുനേരമേ
മനസ്സിനൻപൊടുകേംക്കവേയുടൻ തായ ബഹുഭയേചിത്തയായ്
മരണദേഹമരിന്നുചെയ്യുന്ന മീറഹുംവനപൂശിനാം 124

ഉചിതമായ് തിരുദേഹമൻപൊടുമഞ്ചലമതിൽവച്ചുടൻ
യഥാക്രമാൽ യൂസെനിക്കാദെമോസ് സ്നേഹപുത്രനാം ജോനിയും
യഥോസ്ഥിതചെന്തുരിയോനെ കൊർണ്ണലിയുമെന്ന പുരുഷർ
യക്കലസ്തലവനായി വിശ്വസിച്ചു ചുമന്നിവർ 128

രക്ഷനാഥശരീരവന്ദനം ഘോഷമോടുനടത്തുവാൻ
രാജകല്പനയാലുടൻ ദ്യോവിൽ നിന്നിറങ്ങി ''തെഗമ്മകം''
രണസമയമതൊക്കെയിൽ തുണചെയ്ത തന്നുടെ ദൂതരും
രസസമൂഹമിരുവശംമധ്യേ മാതുവും തിരുദേഹവും 132

(117_124) സൂര്യൻറെ സായംകാലരശ്മികളും മാഞ്ഞു തുടങ്ങി എന്നകാര്യം മനസ്സിലാക്കി ഭക്തവൽസലനായ യോഹന്നാനും യൂസെപ്പ് തുടങ്ങിയവരും ഭക്തിപൂർവ്വം കന്യകാമാതാവിൻറെ സമീപമെത്തി ഇങ്ങനെ പറഞ്ഞു. 'അമ്മേ, ഇപ്പോൾ സന്ധ്യയായിരിക്കുന്നു. അങ്ങേ ഓമൽക്കുമാരൻറെ മംഗളമാണിക്യമായ ദേഹം സംസ്കരിക്കുവാൻ അങ്ങേ മധുരോദാരമായ തിരുമനസ്സ് അനുവാദം നൽകണം.' ഇതുകേട്ട് അമ്മ വളരെ ദയചിത്തയായിത്തീർന്നു.

(125_128) മൃതശരീരത്തിൽ പൂശുവാനുള്ള മീറ മുതലായവ അന്നു കമ്പാർദ്രയായി അവൾ പൂശി. ആ ശരീരം സ്നേഹപൂർവ്വം സമുചിതമായി മഞ്ചലിൽവച്ചു. യൂസെപ്പ്, നിക്കദേമോസ്, വത്സല പുത്രനായ യോഹന്നാൻ, അവിടെ നിന്നിരുന്ന ശതാധിപനായ കൊർണ്ണേലിയൂസ് എന്നിവരെല്ലാം ചേർന്ന് ആ കൂട്ടത്തിനെല്ലാം തലവനായ മിശിഹായുടെ ശരീരമാണിതെന്ന് വിശ്വസിച്ചുകൊണ്ട് ആ മഞ്ചൽ ചുമലിലേറ്റി നടന്നു.

(129_136) രക്ഷാനാഥൻറെ തിരുശരീരത്തിനുള്ള വന്ദനം ആഘോഷപൂർവം നടത്തുന്നതിനു ദൈവകല്പന ലഭിച്ചതനുസരിച്ച് സ്വർഗ്ഗത്തിൽനിന്നു തെഗമ്മകളായ ദൂതന്മാർ ഇറങ്ങി. യുദ്ധസമയത്തു സഹായമരുളിയ ദൂതരും സ്നേഹസമൂഹവും ഇരുവശത്തുമായി

ലാക്കതായതുപോലണഞ്ഞവർ ചേരെയുള്ളൊരു തോപ്പതിൽ
ലാലസംബഹുദാഹമോടുടൻ യൂസെതന്നുടെ പുത്തനാം
ലാഭലേഭിതമിതെന്നുറച്ചുകൊടുത്തു തന്നുടെ കവറ്റും
ലംഘനാലയമായ ശുദ്ധശരീരമായതിൽവച്ചവർ 136

വായതിന്നുടെ മൂടിയായൊരു കല്ലുവയ്ക്കുമതിന്നുമുൻ
വത്സലസുതസ്യാത്മദേഹഞ്ചസൃഷ്ടി ചെയ്തതിരുമുഖം
വത്സകപ്രിയമോടു മാതുവൊടുക്കമായതു മുത്തുവാൻ
വന്ദനം ചെയ്തണഞ്ഞു തന്നുടെ തിരുമുഖപരിവട്ടവും 140

ശമനയത്തൊടു നീക്കിയലംപമായ് നോക്കി മുട്ടകം കത്തിതാൻ
ശരണമാദിയായൊക്കയും നോക്കി മുത്തിതിരുമുഖമമ്മയും
ശരണമായതു പാത്തുനിന്നതു ഭക്തിയുള്ളവരൊക്കെയും
ശരണരക്ഷയും തന്നതന്നുടെ ചരണവുമാരാധിച്ചുടൻ 144

സത്വരം തിരുക്കവറുമൂടിയായക്കല്ലിടപ്പിനെ വച്ചവർ
സമസ്തനാഥയും പാത്തുതന്നുടെ ദൂതരായവരോടുടൻ
സർവരക്ഷയും ചെയ്ത നാഥന്റെ ദേഹരക്ഷയിൻ കാവലായ്
സന്ധ്യസംകടമാംവരെയിവിടത്തിൽ നിങ്ങളും സ്തുതിക്കുവിൻ 148

നില്ക്കുവേ അവരുടെ മദ്ധ്യത്തിലായി മാതാവും ചേർന്നു, തിരുശരീരവും വഹിച്ചു സമീപത്തുള്ള ഒരു തോട്ടം ലക്ഷ്യമാക്കി നടന്നു. പ്രാർത്ഥനാപൂർവകമായും അത്യധികമായ ആഗ്രഹത്തോടു കൂടിയും യൂസെപ്പു് ഇതു് എനിക്കു കിട്ടുന്ന വലിയ ലാഭം തന്നെ എന്നു നിനച്ചു് തനിക്കുണ്ടായിരുന്ന പുതിയ കല്ലറ നൽകി. ആലയത്തെ ലംഘിക്കുന്ന ആ പരിശുദ്ധ ശരീരം അവർ ആ കല്ലറയിൽവച്ചു.

(137_144) കല്ലറയ്ക്കു് മൂടിയായ ഒരു വലിയ കല്ലുവയ്ക്കുന്നതിനു മുമ്പായി മാതാവു് തന്റെ ദേഹത്തേയും ആത്മാവിനേയും സൃഷ്ടിച്ച ഓമൽപുത്രന്റെ പരിശുദ്ധവദനം പുത്രവാത്സല്യത്തോടെ ചുംബിക്കാനായി വന്ദനം ചെയ്തുകൊണ്ടു് അടുത്തു. അവൾ തന്റെ മുഖപടം സംയമനത്തോടെ തെല്ലു നീക്കിക്കൊണ്ടു നോക്കി. ദൈവജനനി ശരണത്തോടെ മുട്ടുകുത്തിക്കൊണ്ടു് ആ തിരുമുഖത്തു് ചുംബനം അർപ്പിച്ചു. പ്രത്യാശാഭരിതരായി ചുറ്റും നിന്ന ഭക്തരായ എല്ലാവരും തങ്ങൾക്കു് ശരണവും രക്ഷയും നൽകിയ നാഥന്റെ പാദങ്ങളെ ആരാധിച്ചു.

(145_148) പെട്ടെന്നു് ആ ശവമഞ്ചം മൂടി. കല്ലറ ഒരു ശിലാഖണ്ഡംകൊണ്ടു് മറച്ചു സമസ്തനാഥയായ മറിയം കാത്തുനിന്ന ദൂതരോടു പറഞ്ഞു: 'സമസ്തലോകത്തിനും രക്ഷപകർന്ന നാഥന്റെ തിരു

അമ്മകന്നിയുമിങ്ങനെയരുംചെയ്തശേഷമായേവരും '
അമ്മലയിലണഞ്ഞുവന്നൊരു വിശ്വസിച്ച സമൂഹത്തെ
അൻപിനോടുടൻ കൂട്ടിയൊന്നിച്ചു പിന്നെയും കുരിശടിയതിൽ
അണഞ്ഞുവന്ദനചെയ്തു വീണ്ടുമക്കുരിശടിയതിലേവരും
ആയവർകളെ ഒക്കെയും ബഹുഅൻപിനോടുടൻ മാതുവും
ആദരിച്ചുനടന്നു തന്നുടെ കേതമാം സെഹിയോനതിൽ 154

ശ്ശരീരത്തിനു കാവലായി നിങ്ങളും സന്ധ്യ തീരുംവരെ ഇവിടെയിരുന്നു് അവിടുത്തെ സ്തുതിക്കുവിൻ.'

(149_154) കന്യകാമാതാവു് ഇങ്ങനെ കല്പിച്ചശേഷം കൂടെയുണ്ടായിരുന്നവരോടൊന്നിച്ചു് മലയുടെ അടിവാരത്തിലേയ്ക്കുപോയി. ആ മലയുടെ താഴ്വരയിൽ വിശ്വാസപൂർവം എത്തിയ ജനങ്ങളെയും ചേർത്തു് പിന്നെയും കുരിശിന്റെ സമീപത്തേക്കു് മറിയം വന്നു. അവിടെ എല്ലാവരും ഒരുമിച്ചു് സ്നേഹാദരങ്ങളോടെ കുരിശിനെ വന്ദനം ചെയ്തു. അതിനുശേഷം വസതിയായ സെഹിയോൻ മാളികയിലേക്കു് അവർ സാദരം നടന്നു.

മാതൃദുഃഖം

(യേശുവിന്റെ മൃതശരീരം കല്ലറയിൽ വച്ചശേഷം ഭവനത്തിലെത്തിയ കന്യാംബിക, ദുഃഖസിന്ധുവിൽ ആകന്ദരം മുങ്ങിനിന്നു് വിലപിക്കുന്ന വികാരതരളിതമായ രംഗമാണു് കവി വരച്ചുകാട്ടുന്നതു്. എഴുത്തച്ഛന്റെ 'ഗാന്ധാരീ വിലാപം' പോലെയും അർണ്ണോസുപാതിരിയുടെ 'ഉമ്മാദുഃഖം' പോലെയും ഭാഷയിൽ അതുല്യഭാസ്സോടെ ചിരകാലം നിലനിൽക്കുന്ന കാവ്യ കാണ്ഡമാണു് മാതൃദുഃഖം.)

അമ്മകന്നിയാജനത്തിനാശിസ്സേകി വിട്ടടൻ
അന്നവരു പൂത്തിയോടുചേർന്ന തന്റെ കേതങ്ങൾ
എന്നതിന്റെ ശേഷമമ്മ സ്നേഹശിഷ്യനും സഹ
നന്ദിയോടുചേന്ന മറ്റു നാരികളോടൊത്തുടൻ 4

ത്വടുതിയോടുചെന്ന സ്നേഹപുത്രനായ യോഹന്നാൻ
മടിയതൊക്കെ നീക്കിയമ്മ ചേരെയങ്ങണഞ്ഞയാൾ
അമ്മയോടുചൊല്ലി ദുഃഖരോദനസ്വരത്തിനാൽ
അമ്മയിന്നരണ്ടതായി വാഴ്വരം നിൻവദനമോ 8

യാവയൊന്നുമേ ഭുജിച്ചിടാതെ പാക്കാരണാൾ
യാവ്യ[1] മായി വാച്ചതും[2] നിൻഗാത്രരക്ഷയാക്കണം

(1–4) കന്യാമാതാവു്, തന്റെ പുത്രന്റെ ശവസംസ്കാരത്തിൽ സംബന്ധിച്ച ജനങ്ങൾക്കു് ആശീർവാദം നൽകി അവരെ പറഞ്ഞയച്ചു. സംതൃപ്തിയോടെ അവരെല്ലാം തങ്ങളുടെ വീടുകളിൽ ചെന്നെത്തി. അതിനുശേഷം മറിയം സ്നേഹശിഷ്യനായ യോഹന്നാനോടും മറ്റു് സ്ത്രീജനങ്ങളോടുംകൂടി വസതിയിലെത്തി.

(4–12) താമസംവിനാ, സ്നേഹപുത്രനായ യോഹന്നാൻ ഉത്സാഹപൂർവ്വം അമ്മയുടെ സമീപമണഞ്ഞു. ദുഃഖം നിറഞ്ഞ സ്വരത്തിൽ അദ്ദേഹം പറഞ്ഞു. ''അമ്മേ, ഇന്നു രണ്ടു ദിവസമായല്ലോ എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ടു്. നിന്റെ വദനം ശോകപൂർണ്ണമായിരി

---

1 യാവ്യം-ക്ഷണം (യാവന) 2 വാച്ചതും-വല്ലതും

എന്നുചൊന്ന നേരമമ്മ ദീർഘശ്വാസമോടുടൻ
നന്ദിയായി യോഹന്നാനെപ്പാർത്തരുളിയീവിധം 12

ഗാത്രരക്ഷ നീ എനിക്കു സ്നേഹപുത്രനല്ലയോ?
പേത്തനുഗ്രഹമെനിക്കു സ്നേഹജന്മയിർപ്പതിൽ
പാത്രകണ്ടതിന്റെ ശേഷമെന്നിയെ അനാവശ്യം
പാത്രകൊണ്ടുസുഖം സഹോദരികളായവരുടെ 16

സാമ്യമാസഹായമൊക്കെ അന്വേഷിച്ചുകൊള്ളുക
സാദ്ധ്യമായതൊക്കെയും യഥോചിതം ത്വയാഗ്രരോ,
ആശീർവ്വാദമായിനിക്കനുവദിക്കുകേതമെ
ആശ്രുപൂക്കടങ്ങിടട്ടെ ദാസിയെന്റെ സുസ്സുതോ ..... ! 20

(മട്ടുമാറി)

എന്നരുൾചെയ്തതിൻശേഷം പുക്കുതന്നുടെ മന്ദിരെ
അന്നുരാത്രി അതിന്റെ ഉള്ളതിൽ അമ്മ തന്നുടെ ദുഃഖമെ
ശത്രുസേനകളും മദ്ധ്യയങ്ങൊരു വീര്യശ്രൂരണാപതി
തത്രസംവിനാനിന്നു ദുഃഖമതിങ്കലേറ്റമുറിവുകൾ 24

കേതമായതിൽ പുക്കു ശസ്ത്രമതിന്നടുത്തുതുടങ്ങുമ്പോൾ
പാദകരഗളമക്ഷികൂക്ഷിയിതാദിയായി തൻദേഹത്തിൽ
പെട്ടകണ്ടകളും വെട്ടുകുത്തുകളൊക്കെയുമിതുനേരമെ
സൂഷ്മമായറിഞ്ഞുകണ്ടു നൽനൊമ്പരങ്ങൾ തുടങ്ങുമോ ! 28

ക്കുന്നു. ശരീരരക്ഷയെപ്രതി എന്തെങ്കിലും ആഹാരം കഴിയ്ക്കാൻ അമ്മ തയ്യാറാകണം''. ഇങ്ങനെ പറഞ്ഞപ്പോൾ കൃതജ്ഞതാപൂരസ്സരം യോഹന്നാനെ നോക്കി നെടുവീർപ്പിട്ട് അമ്മ ഇങ്ങനെ പറഞ്ഞു:

(12–20) യോഹന്നാനേ, നീ എന്റെ വത്സലപുത്രനാണല്ലോ. എന്റെ പ്രിയ സുതനായ ഈശോയുടെ പുനരുത്ഥാനം കണ്ടതിനുശേഷമേ ദേഹരക്ഷയ്ക്കായി ഭക്ഷണം ഞാൻ കഴിയ്ക്കുകയുള്ളൂ. നീ സന്തുഷ്ടനായിക്കഴിയുക. നിന്റെ സഹോദരികളായ ഈ പെൺകുട്ടികളുടെ കാര്യങ്ങൾ നീ നന്നായി നോക്കിച്ചെയ്യുക. ഇതെല്ലാം ചെയ്തതിന്റെ ശേഷം, നിന്റെ ഗുരുവിന്റെ അനുഗ്രഹം എന്ന നിലയ്ക്ക് ഒരു വീട് എനിയ്ക്കു നീ തന്നാലും. എന്റെ പ്രിയ മകനേ, ഞാൻ അതിൽ പ്രവേശിച്ച് വിശ്രമിക്കട്ടെ.

(21–28) ഇങ്ങനെ പറഞ്ഞതിന്റെ ശേഷം കന്യാംബിക തനിയ്ക്കായി കിട്ടിയ ഗൃഹത്തിൽ പ്രവേശിച്ചു. അന്നു രാത്രി അമ്മ ഏറെ

മാതൃദുഃഖം

(യേശുവിന്റെ മൃതശരീരം കല്ലറയിൽ വച്ചശേഷം ഭവനത്തിലെത്തിയ കന്യാംബിക, ദുഃഖസിന്ധുവിൽ ആകന്ധരം മുങ്ങിനിന്നു് വിലപിക്കുന്ന വികാരതരളിതമായ രംഗമാണു് കവി വരച്ചുകാട്ടുന്നതു്. എഴുത്തച്ഛന്റെ 'ഗാന്ധാരീ വിലാപം' പോലെയും അർണ്ണോസുപാതിരിയുടെ 'ഉമ്മാദുഃഖം' പോലെയും ഭാഷയിൽ അതുല്യഭാസ്സോടെ ചിരകാലം നില'നിൽക്കുന്ന കാവ്യ കാണ്ഡമാണു് മാതൃദുഃഖം.)

അമ്മകന്നിയാജനത്തിനാശിസ്സേകി വിട്ടവൻ
അന്നവരു പൂത്തിയോടുചേർന്ന തന്റെ കേതങ്ങൾ
എന്നതിന്റെ ശേഷമമ്മ സ്നേഹശിഷ്യനും സഹ
നന്ദിയോടുചേന്നു മറ്റു നാരികളോടൊത്തുടൻ 4

ത്വട്ടതിയോടുചെന്ന സ്നേഹപുത്രനായ യോഹന്നാൻ
മടിയതൊക്കെ നീക്കിയമ്മ ചേരെയങ്ങണഞ്ഞയാൾ
അമ്മയോടുചൊല്ലി ദുഃഖരോദനസ്വരത്തിനാൽ
അമ്മയിന്നുരണ്ടതായി വാസരം നിൻവദനമോ 8

യാവയൊന്നുമേ ഭുജിച്ചിടാതെ പാക്കുകാരണാൽ
യാവ്യ[1] മായി വാച്ചതും[2] നിൻഗാത്രരക്ഷയാക്കണം

(1–4) കന്യാമാതാവു്, തന്റെ പുത്രന്റെ ശവസംസ്കാരത്തിൽ സംബന്ധിച്ച ജനങ്ങൾക്കു് ആശീർവാദം നൽകി അവരെ പറഞ്ഞയച്ചു. സംതൃപ്തിയോടെ അവരെല്ലാം തങ്ങളുടെ വീടുകളിൽ ചെന്നെത്തി. അതിനുശേഷം മറിയം സ്നേഹശിഷ്യനായ യോഹന്നാനോടും മറ്റു് സ്ത്രീജനങ്ങളോടുംകൂടി വസതിയിലെത്തി.

(4–12) താമസംവിനാ, സ്നേഹപുത്രനായ യോഹന്നാൻ ഉത്സാഹപൂർവ്വം അമ്മയുടെ സമീപമണഞ്ഞു. ദുഃഖം നിറഞ്ഞ സ്വരത്തിൽ അദ്ദേഹം പറഞ്ഞു. ''അമ്മേ, ഇന്നു രണ്ടു ദിവസമായല്ലോ എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ടു്. നിന്റെ വദനം ശോകപൂർണ്ണമായിരി

---

1 യാവ്യം-ഭക്ഷണം (യാവന) 2 വാച്ചതും-വല്ലതും

എന്നുചൊന്ന നേരമമ്മ ദീർഘശ്വാസമോടുടൻ
നന്ദിയായി യോഹന്നാനെപ്പാർത്തരുളിയീവിധം 12

ഗാത്രരക്ഷ നീ എനിക്കു സ്നേഹപുത്രനല്ലയോ?
പേത്തനുഗ്രഹമെനിക്കു സ്നേഹജന്മയിർപ്പതിൽ
പാത്രകണ്ടതിന്റെ ശേഷമെന്നിയെ അനാവശ്യം
പാത്രകൊണ്ടുസുഖം സഹോദരികളായവരുടെ 16

സാമ്യമാസഹായമൊക്കെ അന്വേഷിച്ചുകൊള്ളുക
സാദ്ധ്യമായതൊക്കെയും യഥോചിതം ത്വയാഗ്രരോ,
ആശീർവ്വാദമായിനിക്കനുവദിക്കകേതമെ
ആശ്രമപുക്കടങ്ങിടട്ടെ ദാസിയെന്റെ സുസ്ഥതോ ..... ! 20

(മട്ടുമാറി)

എന്നരുൾചെയ്തതിൻശേഷം പുക്കതന്നുടെ മന്ദിരെ
അന്നരാത്രി അതിന്റെ ഉള്ളതിൽ അമ്മ തന്നുടെ ദുഃഖമെ
ശത്രുസേനകൾ മദ്ധ്യയങ്ങൊരു വീര്യശ്രൂരണാപതി
തത്രസംവിനാനിന്നു ദുഃഖമതികലോറമുറിവുകൾ 24

കേതമായതിൽ പുക്കു ശസ്ത്രമതിന്നടുത്തുതുടങ്ങുമ്പോൾ
പാദകരഗളമക്ഷികക്ഷിയിതാദിയായി തൻദേഹത്തിൽ
പെട്ടകണ്ടകൾ വെട്ടകുത്തുകളൊക്കെയുമിതുനേരമെ
സൂഷ്മമായറിഞ്ഞുകണ്ടു നൽനൊമ്പരങ്ങൾ തുടങ്ങുമോ ! 28

ക്കുന്നു. ശരീരരക്ഷയെപ്രതി എന്തെങ്കിലും ആഹാരം കഴിയ്ക്കാൻ അമ്മ തയ്യാറാകണം''. ഇങ്ങനെ പറഞ്ഞപ്പോൾ കൃതജ്ഞതാപൂരസ്സരം യോഹന്നാനെ നോക്കി നെടുവീർപ്പിട്ട് അമ്മ ഇങ്ങനെ പറഞ്ഞു:

(12_20) യോഹന്നാനേ, നീ എന്റെ വത്സലപുത്രനാണല്ലോ. എന്റെ പ്രിയ സുതനായ ഈശോയുടെ പുനരുത്ഥാനം കണ്ടതിനുശേഷമേ ദേഹരക്ഷയ്ക്കായി ഭക്ഷണം ഞാൻ കഴിയ്ക്കുയുള്ളൂ. നീ സന്തുഷ്ടനായിക്കഴിയുക. നിന്റെ സഹോദരികളായ ഈ പെൺകുട്ടികളുടെ കാര്യങ്ങൾ നീ നന്നായി നോക്കിച്ചെയ്യുക. ഇതെല്ലാം ചെയ്തതിന്റെ ശേഷം, നിന്റെ ഗുരുവിന്റെ അനുഗ്രഹം എന്ന നിലയ്ക്ക് ഒരു വീട് എനിയ്ക്കു നീ തന്നാലും. എന്റെ പ്രിയ മകനേ, ഞാൻ അതിൽ പ്രവേശിച്ച് വിശ്രമിക്കട്ടെ.

(21_28) ഇങ്ങനെ പറഞ്ഞതിന്റെ ശേഷം കന്യാംബിക തനിയ്ക്കായി കിട്ടിയ ഗൃഹത്തിൽ പ്രവേശിച്ചു. അന്നു രാത്രി അമ്മ ഏറെ

എന്നുചൊന്ന നേരമമ്മ ദീർഘശ്വാസമോടുടൻ
നന്ദിയായി യോഹന്നാനെപ്പാർത്തരുളിയീവിധം 12

ഗാത്രരക്ഷ നീ എനിക്കു സ്നേഹപുത്രനല്ലയോ?
പേത്തനുഗ്രഹമെനിക്കു സ്നേഹജന്മയിർപ്പതിൽ
പാത്രകണ്ടതിന്റെ ശേഷമെന്നിയെ അനാവശ്യം
പാത്രകൊണ്ടുസുഖം സഹോദരികളായവരുടെ 16

സാമ്യമാസഹായമൊക്കെ അന്വേഷിച്ചുകൊള്ളുക
സാദ്ധ്യമായതൊക്കെയും യഥോചിതം ത്വയാഗ്രരോ,
ആശീർവ്വാദമായിനിക്കനുവദിക്കകേതമെ
ആശ്രമപുക്കടങ്ങിടട്ടെ ദാസിയെന്റെ സുസ്ഥതോ ..... ! 20

(മട്ടുമാറി)

എന്നരുൾചെയ്തതിൻശേഷം പുക്കതന്നുടെ മന്ദിരെ
അന്നരാത്രി അതിന്റെ ഉള്ളതിൽ അമ്മ തന്നുടെ ദുഃഖമെ
ശത്രുസേനകൾ മദ്ധ്യയങ്ങൊരു വീര്യശ്രൂരണാപതി
തത്രസംവിനാനിന്നു ദുഃഖമതികലോറമുറിവുകൾ 24

കേതമായതിൽ പുക്കു ശസ്ത്രമതിന്നടുത്തുതുടങ്ങുമ്പോൾ
പാദകരഗളമക്ഷികക്ഷിയിതാദിയായി തൻദേഹത്തിൽ
പെട്ടകണ്ടകൾ വെട്ടകുത്തുകളൊക്കെയുമിതുനേരമെ
സൂഷ്മമായറിഞ്ഞുകണ്ടു നൽനൊമ്പരങ്ങൾ തുടങ്ങുമോ ! 28

ക്കുന്നു. ശരീരരക്ഷയെപ്രതി എന്തെങ്കിലും ആഹാരം കഴിയ്ക്കാൻ അമ്മ തയ്യാറാകണം''. ഇങ്ങനെ പറഞ്ഞപ്പോൾ കൃതജ്ഞതാപൂരസ്സരം യോഹന്നാനെ നോക്കി നെടുവീർപ്പിട്ട് അമ്മ ഇങ്ങനെ പറഞ്ഞു:

(12_20) യോഹന്നാനേ, നീ എന്റെ വത്സലപുത്രനാണല്ലോ. എന്റെ പ്രിയ സുതനായ ഈശോയുടെ പുനരുത്ഥാനം കണ്ടതിനുശേഷമേ ദേഹരക്ഷയ്ക്കായി ഭക്ഷണം ഞാൻ കഴിയ്ക്കുയുള്ളൂ. നീ സന്തുഷ്ടനായിക്കഴിയുക. നിന്റെ സഹോദരികളായ ഈ പെൺകുട്ടികളുടെ കാര്യങ്ങൾ നീ നന്നായി നോക്കിച്ചെയ്യുക. ഇതെല്ലാം ചെയ്തതിന്റെ ശേഷം, നിന്റെ ഗുരുവിന്റെ അനുഗ്രഹം എന്ന നിലയ്ക്ക് ഒരു വീട് എനിയ്ക്കു നീ തന്നാലും. എന്റെ പ്രിയ മകനേ, ഞാൻ അതിൽ പ്രവേശിച്ച് വിശ്രമിക്കട്ടെ.

(21_28) ഇങ്ങനെ പറഞ്ഞതിന്റെ ശേഷം കന്യാംബിക തനിയ്ക്കായി കിട്ടിയ ഗൃഹത്തിൽ പ്രവേശിച്ചു. അന്നു രാത്രി അമ്മ ഏറെ

എന്നതുവിധമമ്മ ഈ നിശതൻ മാനസനികേതത്തിൽ
ഒന്നടങ്ങിയിരുന്ന സമയമനുഭവിച്ചൊരുനൊമ്പരം
ഇത്ര പാപിയധികമൂഢനാമെന്റെ നാവിനാൽകാട്ടുവാൻ
തത്രദുർബലനെങ്കിലുമ്മമദാഹമാകയാലാശിച്ചേൻ 32

ഇങ്ങനെയമ്മ മന്ദിരത്തിന്റെ ഉള്ളതിൽ പുക്കനേരമെ
അങ്ങതിനുടെ മദ്ധ്യേ തുങ്ങുന്ന വെട്ടമുള്ള വിളക്കിനെ
കണ്ടതുക്ഷണമമ്മ തന്നുടെ ദുഃഖകാഴ്ചതുടക്കമായ്
ഇണ്ടലേറുമതുള്ളിൽ കൊണ്ടതി ദുഃഖമായിതു രോദനാൽ 36

എന്റെ കണ്ണിനു വെട്ടമായതുമെന്റെ സ്നേഹവും ജീവനും
എന്റെ ചങ്കിനിളക്കമായതുമെന്റെ പുത്രനതല്ലയോ
ജീവപോയൊരു ദേഹമെങ്ങനെ ചീഞ്ഞിടാതെയിരിക്കുമോ
ജീവനുമമ ജീവനായതും നിൻതിരുസ്നേഹമല്ലയൊ 40

എത്രയേറിയ ദാഹമോടു ഞാൻ രതതിരുമുഖശോഭയെ
തത്രചാരെയണഞ്ഞു കാണ്മതിനെത്രയാഗ്രഹമായിഞാൻ
അമ്മതന്നുടെ യുദർനാടതിലൻപിനോടു വസിക്കയിൽ
അന്നുതൊട്ടുഞാനെത്ര പ്രാർത്ഥന നിൻതിരുമുമ്പിൽ വച്ചിതേ 44

ദുഃഖം അനുഭവിച്ചു. ശത്രുസൈന്യങ്ങളുടെ മദ്ധ്യേ വീരനും ശൂരനുമായ ഒരു പടയാളി ദുഃഖിതനായി അവിടെ പ്രവേശിച്ചു് ശസ്ത്രക്രിയയ്ക്കായി നിലകൊള്ളുന്നതും, കണ്ണും, കൈകാലുകളും, നയനം, ഉടൽ എന്നിവയിലെല്ലാം ആയുധങ്ങൾക്കൊണ്ടു് ഉണ്ടായ വെട്ടുകളും കുത്തുകളും കണ്ടു് ദുഃഖപൂരിതനായി ഭവിക്കുന്നതുമായ കാഴ്ച എത്ര ദാരുണമാണു്.

(29_36) ഈ വിധത്തിലുള്ള ഒരു കാഴ്ച ആ രാത്രി സമയത്തു്, കന്യാംബിക തന്റെ ഹൃദയമാകുന്ന ഗൃഹത്തിൽ പ്രവേശിച്ചു കണ്ടു. അവിടെ ഏകയായിരുന്ന ആ അമ്മ അനുഭവിച്ച വേദനകളും അത്യന്തം പാപിയും മൂഢനുമായ എനിക്കു് വാക്കുകളാൽ വരച്ചു കാണിക്കുവാൻ സാധ്യമല്ല. ഇങ്ങനെയൊക്കെയെങ്കിലും ദുർബലനായ ഞാൻ ഉൽക്കടമായ ആഗ്രഹം കൊണ്ടു് അക്കാര്യം ചെയ്യട്ടെ.

ഇങ്ങനെ കന്യകാമാതാവു് ആ ഗൃഹത്തിനുള്ളിലെ മുറിയിൽ കഴിയുമ്പോൾ അതിന്റെ മധ്യഭാഗത്തായി തുങ്ങിനിന്ന ഉജ്ജ്വലമായ ദീപം ദർശിച്ചു. ആ ക്ഷണം മുതൽ അവൾക്കു് ദുഃഖ സമ്മിശ്രമായ കാഴ്ചകൾ ഓരോന്നായി ഉണ്ടായി. ആ ദുഃഖം ഹൃദയം വിട്ടൊഴുകുന്ന രോദനമായി മാറി.

(37_44) എന്റെ നയനങ്ങൾക്കു് പ്രകാശവും, എന്റെ സ്നേഹവും ജീവനും എന്റെ ഹൃദയത്തിന്റെ സ്പന്ദനവും എല്ലാം എന്റെ

പള്ളിതന്നുടെയുള്ളിൽ ഞാനിരുന്നമ്പിനോടു ഭജിക്കയിൽ
തെല്ലുനേരവുമിടവിടാതെ ഞാൻ നിന്റെ വരവിനെയാശിച്ചേൻ
പാപമരണമൊഴിപ്പതിന്നുനീ ലോകരക്ഷക്കു വന്നീടും
പരമനായികയായ് മാൻമിഴി നിന്നെപ്പെറു വളർത്തീടും 48

അന്നു ഞാനോ അമ്മ തന്നുടെ ചേടി[1] യായി കുഞ്ഞിനെ
അമ്പൊടന്നു ഞാനാദരിച്ചു തൻ പാദപങ്കജം മുത്തീടും
എന്നിതു വിധമാഗ്രഹിച്ചു കൊതിച്ചിരുന്നതു നേരമേ
നിന്റെ കരുണയധികരിച്ചു നീ പാർത്തിതെന്നുടെ താഴ്ചയെ 52

യാത്രയാക്കി അയച്ചു നിന്നുടെ ഭൃത്യനാം ഗൗരിയേലിനെ
തത്രയാളെന്നെപ്പാർത്തു സ്ത്രീകളിൽ ആര്യ ഞാനെന്നരുളിയേ
ഇന്നിതാ അഹം സ്ത്രീകളൊക്കെയിലെത്രയും മഹാദ്ഭുതാ
നന്ദനേ മമ കൺകളെങ്ങനെ ഇന്നിശയിലടച്ചീടും 56

പുത്രൻ തന്നെ ആയിരുന്നല്ലോ. ജീവൻ അകന്നുപോയ ശരീരം ചീയാതിരിക്കുമോ? എന്റെ ജീവന്റെ ജീവനായിരുന്നതു് അവിടുത്തെ സ്നേഹമായിരുന്നല്ലോ! അവിടുത്തെ തിരുമുഖത്തിന്റെ ഛായയെ ഒന്നു് അടുത്തു ദർശിക്കുവാൻ എത്രയോ അധികം കാത്തിരുന്നു. എന്റെ അമ്മയായ അന്നാ ജീവിച്ചു യൂദാനാട്ടിൽ ഞാൻ അവളുടെ ഓമനപ്പുത്രിയായി കഴിഞ്ഞകാലം മുതൽ ഈ കാര്യത്തിനായി ഞാൻ എത്രയോ വട്ടം പ്രാർത്ഥിച്ചു.

(45-52) ദേവാലയത്തിനുള്ളിലിരുന്നു് ഞാൻ ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചുകൊണ്ടു്, അവിടുത്തെ വരവിനെ ഓർത്തു് ഞാൻ നിമിഷങ്ങളും എണ്ണിയെണ്ണിക്കഴിച്ചു. പാപവും അതിന്റെ ഫലമായ മരണവും ഇല്ലാതാക്കുന്നതിനായി നീ വരും. ലോകത്തെ രക്ഷിക്കും. പരമ നായികയായ ഒരു നാരി നിന്നെ പ്രസവിച്ചു വളർത്തും. അന്നു് ഞാൻ ആ അമ്മയുടെ ദാസിയായിക്കഴിയും. അവളുടെ കുഞ്ഞിനു സ്നേഹാദരങ്ങളും അർപ്പിച്ചു് അവന്റെ കാൽത്താരിൽ ചുംബനം നൽകും. ഇങ്ങനെയെല്ലാം ആഗ്രഹിച്ചു് ഞാൻ കഴിഞ്ഞിരുന്ന സമയത്തു് എന്നെ നീ ദർശിച്ചു് സംപ്രീതനായി.

(53-56) അല്ലയോ നാഥാ, നീ നിന്റെ ഭൃത്യനായ ഗൗരിയേലിനെ എന്റെ പക്കലേയ്ക്കു് അയച്ചു. എന്റെ മുമ്പിൽ വന്നു്, എന്നെ നോക്കി ഗബ്രിയേൽ ''സ്ത്രീകളിൽ നീ ഭാഗ്യവതി'' എന്നു് എന്നോടു് അരുളിച്ചെയ്തു. ഇന്നാകട്ടെ ഞാൻ ഈ ലോകത്തിലെ

---

1 ചേടി — പരിചാരിക

നവമാസങ്ങളിൽ ഞാൻ ചുമന്നതിലൊരു ദിനത്തിന്റെ കാഴ്ചയെ
നയനനീർമണി ചിന്തി ഞാനിഹ അത്ഥിക്കാതെയിരുന്നിതോ
നിന്റെ പാലന താതനൻപൊട്ട ബേദ്ലഹമ്മിനു യാത്രയായ്
തന്റെ യാത്രയതിന്നകത്തു ഞാനാസ്സമാക്കി [1] നിചോളവും 60

അൻപോടെന്നുടെ പുണ്യനാമിയാളനേഷിച്ചു പ്രസൂനങ്ങം [2]
ഇമ്പമോടതുമാററി നിന്നുടെ തുയിലു [3] ഞാനർച്ചിച്ചിതെ
അമ്മല വഴിയാത്രയെങ്കിലുമിമ്മലഹീന വസ്ത്രവും
അമ്മ ഞാനതി സൂക്ഷ്മമായ് ചുമന്നങ്ങണച്ചിതുബേലഹേം 64

എത്രയും ശ്രദ്ധമേറെയുള്ള നിൻ കൊച്ചുഗാത്രം പുതയ്ക്കുവാൻ
എത്രയുമധികാശയോടു ഞാൻ പാത്തിരുന്നതു കാലമെ
ഇന്നിതെന്നുടെ സ്നേഹസൂനുവിൻ ശ്രദ്ധ ദേഹമെവിടെയായ്
ഇന്നിശ ഞാനകന്നിരിക്കുന്നതെത്രയോ യതിദുഃഖമെ 68

എല്ലാ സ്ത്രീകളിലും ഭാഗ്യംകെട്ടവളായിത്തീർന്നിരിക്കുന്നു. എന്റെ മകനേ, ഈ രാത്രിയിൽ എങ്ങനെ ഞാൻ എന്റെ കണ്ണുകം അടയ്ക്കും?

(57–60) മകനേ, ഞാൻ നിന്നെ ഒൻപതുമാസം ചുമന്നു. നീ പിറന്നു വീഴുന്ന ആ സുന്ദരദിനത്തിന്റെ കാഴ്ചയോർത്തു് കണ്ണീർമണികം വീഴ്ത്തിക്കൊണ്ടു് ഞാൻ പ്രാത്ഥിക്കാതെ ഇരുന്നുവെന്നാണോ നീ കരുതുന്നതു്. നിന്റെ വളർത്തുപിതാവായ മാർ യൗസേപ്പു് ബദ്ലേഹത്തേയ്ക്കു് യാത്ര തിരിച്ചു. ഞങ്ങളുടെ ആ യാത്രയിൽ കൊണ്ടുപോകുന്നതിന്നായി ഒരു വിരിവസ്ത്രവും ഞാൻ തയ്യാറാക്കി വച്ചു.

(61–68) പുണ്യവാനായ യൗസേപ്പു് വളരെ താല്പര്യപൂർവ്വം നിനക്കുവേണ്ടി പ്രസൂതികാഗൃഹങ്ങം അന്വേഷിച്ചു നടന്നു. ഞാനാകട്ടെ നിനക്കായി തയിച്ച വസ്ത്രം അർപ്പിച്ചു. ആ മലയിലൂടെയുള്ള വഴി ദുർഘടമായിരുന്നെങ്കിലും, മാലിന്യമില്ലാത്ത ആ വസ്ത്രം വളരെ സൂക്ഷ്മത്തോടെ ചുമന്നുകൊണ്ടു് ബദ്ലേഹത്തേയ്ക്കു് പോയി. പവിത്രമായ നിന്റെ മൃദുല ശരീരത്തെ ആ വസ്ത്രം കൊണ്ടൊന്നു പുതപ്പിക്കുവാൻ പുലരുന്ന പുണ്യദിനം അത്യാശയോടെ ഞാൻ കാത്തിരുന്നു. എന്നാൽ ഇന്നു് എന്റെ സ്നേഹപുത്രന്റെ പരിശുദ്ധ ശരീരം എവിടെപ്പോയി? ഈ നിശീഥിനിയിൽ ഞാൻ നിന്നെ അകന്നിരിക്കുന്നുവെന്നതു് എത്രയോ ദുഃഖകരമായ കാര്യമാണു്.

---

1 ആസ്സമാക്കി — ഒരുക്കി 2 പ്രസൂനങ്ങം — പിറവിസ്ഥലങ്ങം

3 തുയിലു് — വസ്ത്രം

നിന്നെയൊൻപതുമാസവും ചുമന്നൻപൊടെന്നുടെകയ്യതിൽ
സുന്ദര തിരുമേനി കണ്ടൊരുനാഥംവരെയൊരുനിമിഷവും
തന്നിനിക്കില്ല നീയതൊക്കെയും ഇന്നിശസ്ത്രുതുവച്ചിതോ
നന്നിനിക്കിതു സ്നേഹമേ, സുത, നിൻെറ മനസ്സിതു ദാസിക്കും 72

അന്നു രാത്രിയിൽ നിന്നെക്കണ്ടു ഞാൻ മുത്തിനിൻ പാദപങ്കജം
നന്ദിയോടെൻെറ ദൈവം നീയെന്നും പിന്നെ നിൻെറ തിരുക്കരേ
രാജമഹിമയേറുമുണ്ടെന്നും നീ ഗുരുശ്രേഷ്ഠനെന്നും താൻ
രാജിത സ്നേഹമേറിയ മമ സൂനുവുമെന്നു ദാഹമായ് 76

മുത്തി നിന്നുടെ രത്നമാണിക്യകൺമണീ മമ മുഖമയ്യോ
ഇത്തിരുമുഖമിന്നി ഞാനെൻെറ നയനകാഴ്ചയിതെപ്പഴോ
എട്ടുനാളിനുശേഷം നിന്നുടെ വൃത്തഛേദനമാകുവാൻ
പട്ടമുള്ളൊരു പുരുഷൻ വന്നുചൊല്ലിയെന്നോടിതും ദുഃഖം 80

അമ്മ ഞാനിതു കാരണാലെൻെറ കയ്യതിൽനിന്നു പുത്രനെ
ഇമ്മഹാദുഃഖം കണ്ടിടേണ്ട നീ ശ്രുശ്രൂഷി കൈയിലേല്പിക്ക

(69-72) സ്നേഹപുത്രാ, നിന്നെ ഒൻപതുമാസം ഞാൻ ചുമന്നു. നിൻെറ സുന്ദരമായ ശരീരം എനിക്കു പ്രത്യക്ഷമായശേഷം ഈ നിമിഷംവരെ എൻെറ കൈകളിൽ ഇത്ര കഠിനമായ ദുഃഖം നീ തന്നിട്ടില്ല. ഈ ദുഃഖമെല്ലാം ഈ രാത്രിയിലേക്കു് നൽകാൻ നീ ഒരുക്കിവച്ചതായിരുന്നോ? സ്നേഹമേറിയ എൻെറ മകനേ, എനിക്കിതു് നന്നായിരിക്കുന്നു. നിൻെറ മനസ്സു് മാത്രമാണു് നിൻെറ ദാസിയായ എനിക്കുമുള്ളതു്.

(73-80) പ്രിയ മകനേ, അന്നു് നിന്നെ ദർശിച്ച ആദ്യരാത്രിയിൽ നിൻെറ പാദപത്മങ്ങളിൽ ഞാൻ മുത്തം നൽകി. ആനന്ദത്തോടെ, നീ എൻെറ ദൈവമാണെന്നും നിൻെറ തിരുക്കരങ്ങളിൽ രാജത്വത്തിൻെറ മഹിമാവു് നിലകൊള്ളുന്നുവെന്നും ഞാൻ പറഞ്ഞു. മാത്രമല്ല, നീ ഗുരുവും ശ്രേഷ്ഠനുമാണെന്നും സ്നേഹംകൊണ്ടു വിരാജിതനായ നീ എൻെറ ഓമൽക്കുമാരനാണെന്നും ഉദീരണം ചെയ്തു. അല്ലയോ രത്നവും മാണിക്യവുമായ കൺമണീ, അന്നു ഞാൻ നിൻെറ മുഖത്തു് ചുംബനം നൽകി. എന്നാൽ ഇനി ആ മുഖം ചുംബിക്കുവാൻ എനിക്കെന്നാണു് കഴിയുക. എട്ടുദിവസത്തിനുശേഷം നിൻെറ ഛേദനാചാരകർമ്മം വന്നു. പുരോഹിതൻ എൻെറ മുന്നിലണഞ്ഞു് ഇങ്ങനെ പറഞ്ഞു.

(81-84) ''അമ്മയായ നീ ഇതു കണ്ടാൽ വലിയ ദുഃഖത്തിനിടയാകും. അതുകൊണ്ടു് കുഞ്ഞിനെ ശ്രുശ്രൂഷിയുടെ കരങ്ങളിൽ ഏല്പി

എന്നതു നേരമെന്റെയാഗ്രഹം നയമതോടെയുണർത്തി ഞാൻ
അന്നയാളതു സമ്മതിച്ചു ഞാൻ കണ്ടു നിന്നുടെ അച്ചാരം 84

എന്നയെന്നുടെ കണ്ണിതയ്യോ ഇന്നലെ പകലൊക്കെയും
എന്തു കണ്ടെന്റെ കൺകളേ നിങ്ങളെന്നൊടൊക്കെ വദിക്കണം
തന്തതായുമെൻ പുണ്യപുരുഷൻ ഇപ്പോഴും നീയുമകന്നിതേ
വീണ്ടും നാൽത്തുശാദ്ദശവാസരത്തിൽ ഞാനൻപൊടമ്മഹാമന്ദിരെ 88

കൊണ്ടുപോയ് പിതൃവർച്ചനയായി നിന്നെ വച്ചു ഞാനമ്പോടെ
അന്നുമെന്നുടെ ശ്രോത്രമായതിൽ വീണ നിൻ ഗുരുനാവിനാൽ
നന്ദന പ്രേമമേനിനക്കു ഭവിക്കുമെന്നുള്ള വാക്കിനാൽ
അമ്മയായയെനിക്കുമെന്നുടെ ചങ്കിനുള്ളതിൽ വാഴുമുന 92

ഇമ്മഹാമതിഗൂഢമൊക്കെയും വെട്ടമാക്കുവാനേൽക്കുമെ
എന്നതന്നെയുമല്ല യിസ്രയേൽ വീഴ്ചയും പലർ രക്ഷയും
നന്ദനൻ നീ കല്ലായിടും പലർ മുട്ടിനിന്നിലുതച്ചിടും
എന്നതാംമൊഴിയെങ്കിലും മമ സ്നേഹമേ സുത ദാസിയാൽ 96

ക്കുക.'' അപ്പോഴും എന്റെ ആഗ്രഹം അദ്ദേഹത്തെ ഞാൻ ഉണർത്തിച്ചു. അദ്ദേഹം അതു സമ്മതിച്ചു. അന്നു ഞാൻ നിന്റെ വേദനയുടെ അച്ചാരം ദർശിച്ചു.

(85–87) അങ്ങനെയുള്ള എന്റെ കണ്ണുകളും ഇന്നലെ പകൽസമയത്തു് എന്തൊക്കെയാണു് കണ്ടതു്. ഹാ എന്റെ കണ്ണുകളേ! നിങ്ങളും തന്നെ എന്നോടു് അതെല്ലാം പറഞ്ഞാലും. നിന്റെ പിതാവും എന്റെ പുണ്യ ഭർത്താവുമായവൻ എന്നെ പിരിഞ്ഞുപോയി. ഇതാ ഇപ്പോഴും നീയും എന്നെ വിട്ടുപോയിരിക്കുന്നുവെന്നോ?

(88–93) വീണ്ടും നാല്പതാം ദിവസം ഞാൻ വലിയ സ്നേഹത്തോടെ ജറുസലേം ദേവാലയത്തിൽ പിതാവിനു സമർപ്പിക്കാനായി നിന്നെ കൊണ്ടുപോയി. അന്നും എന്റെ ചെവികളിൽ പുരോഹിതന്റെ വാക്കുകളും വീണു. പുത്രനോടു് അതീവ സ്നേഹമുള്ളവളേ, നിന്റെ ഹൃദയത്തിൽ ഒരു വാളുമുന കടക്കും. ഈ മഹാനായ പുത്രൻ അതിനിഗൂഢമായവയെല്ലാം വെളിച്ചത്തുകൊണ്ടുവരും.

(94–97) എന്നുമാത്രമല്ല നിന്റെ ഈ പുത്രൻ ഇസ്രയേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഈ തിരുപ്പുത്രൻ ഒരു കല്ലായിട്ടു് കാണപ്പെടും. ആ കല്ലിൽത്തട്ടി പലരും മറിഞ്ഞു വീഴും. ഇതായിരുന്നു, ആ പുരോഹിത ശ്രേഷ്ഠന്റെ വാക്കുകളും.

നന്ദിയേകി നീ ഇസ്രേൽ തന്നുടെ സംശയങ്ങളെ തീർക്കുക
നിന്നെ അമ്പൊടുപൊറ കൊട്ടിലിൽ നിന്നു ഞാൻ പിരിഞ്ഞപ്പഴെ
മന്നിലിസ്ഥലം തന്നിൽ യാതൊരു ജന്തുവാഴരുതെന്നതാൽ
വൻപനായൊരു വാനവനെ ഞാൻ കാവലാക്കിയതിൻ ദ്വേഷം

ഒമ്പതു ഗണം കൂമ്പിടും മമ സൂനു നീയിപ്പൊളെവിടെയായ്?
മന്ദിരമതിലർച്ചന ചെയ്യ നവദിനസ്തുതി ചെയ്യുവാൻ
ഒന്നിച്ചെന്നുടെ പുണ്യനോട്ട ഞാൻ ചിലദിനം തികച്ചിടുമ്പോൾ
അന്നു രാത്രിമുഖം തുടങ്ങിയ നേരം നിന്നുടെ ദൂതനാൽ

നന്ദനപ്രിയനായ പുണ്യനു കാട്ടി ദുഷ്ടവിചാരണ
എന്നരായിരുൾ മദ്ധ്യേ നിന്നെ ഞാൻ കയ്യിലമ്പൊട്ട ചേർത്തയ്യോ
സുന്ദരാ നിന്നെ ശത്രു കയ്യതിൽനിന്നു രക്ഷണ ചെയ്യുവാൻ
അന്നു ഞാൻ നിന്നെ തഴകിയൻപൊട്ട രാവതൊക്കെ നടന്നിതേ

എങ്കിലും എന്റെ സ്നേഹമകനേ, നിന്റെ ദാസിയായ ഇവൾക്കു് പാരിതാത്ഥം നൽകി. ഇസ്രായേലിന്റെ സംശയങ്ങളെ എല്ലാം തീർത്താലും.

(98–101) സ്നേഹപുത്രാ, നിന്നെ പ്രസവിച്ച കൊച്ചു കുടിലിൽ നിന്നു് ഞാൻ പിരിഞ്ഞപ്പോൾ, അതിനുള്ളിൽ യാതൊരു ജീവിയും നിവസിക്കാതെ സൂക്ഷിക്കണം എന്നു പറഞ്ഞു് ശക്തനായ ഒരു ദൈവ ദൂതനെ ഞാൻ കാവൽ നിറുത്തി. എന്നാൽ ഒൻപതു വൃന്ദം ദൈവദൂതന്മാർ കൂമ്പിട്ടു് ആരാധിക്കപ്പെടുവാൻ യോഗ്യനായ എന്റെ മകനേ നീ ഇപ്പോൾ എവിടെയാണു്?

(102–109) ദേവാലയത്തിലെത്തി നവനാൾ സ്തുതി ചെയ്യുന്നതിനായി ഞാൻ ഭർത്താവിനോടുകൂടി കുറെ ദിവസങ്ങൾ പൂർത്തിയാക്കി. അന്നു് സന്ധ്യാവേളയിൽ നിന്റെ ദൂതന്മാരിലൊരാൾ പ്രത്യക്ഷനായി. ഹേറോദേസു് രാജാവിന്റെ ദുഷ്ടവിചാരങ്ങൾ യൗസേപ്പു് പിതാവിനു് കാണിച്ചു കൊടുത്തു. അതുകൊണ്ടു് അന്നു് പാതിരാവിൽ നിന്നെ ഞാൻ കയ്യിലെടുത്തു. നിന്നെ താല്പര്യപൂർവം തഴുകിക്കൊണ്ടു് ആ രാത്രികളെല്ലാം അലഞ്ഞു.

എന്നാൽ ഈ രാത്രിയിൽ എന്റെ കണ്ണുകൾക്കു് നീ അപ്രത്യക്ഷനായിരിക്കുന്നല്ലോ?

ഇന്ന രാവിതിൽ നിന്നെയെന്നുടെ കണ്ണിൽ കാണുവതില്ലയ്യൊ
മുന്നം നിന്നുടെ പിതൃജനതതി സഞ്ചരിച്ച എജിപ്തതിൽ
ചെന്ന ചേർന്ന ഹെലിയോപ്പോലതിൽ നഗരവാസി
യുമായി ഞാൻ
അന്നവിടെ നിൻ സുന്ദര തിരുമേനി മൂടുവാനാടയെ 112

നന്ദനാ! തവ മാതുവായ ഞാൻ നെയ്തിതെന്നുടെ കൈകളാൽ
മെച്ചമായ നിൻ കൊച്ച സുന്ദരമേനി മാനമതാക്കുവാൻ
ഇച്ഛയോട വച്ചുള്ളവസ്ത്രവും മെച്ചമായൊരു ളോവയും
ഇച്ഛയുള്ളതായി നിന്നൊടുകൂടെ ആടവളർന്നതും 116

ഇമ്മിച്ചിന്നലെ സേന പങ്കു പകുത്തനേരം വരെയിതേ
ഇമ്പമോടടുക്കാൻ തുയിലാക്കി നിനയ്ക്കുമെന്നതു മിന്നലെ
ഇമ്പമായവർ നീക്കിയെങ്കിലും മുമ്പിൽ വച്ചതു നിങ്കലെ
അന്ന നിന്നുടെ പാദമീഭുവിചേർപ്പതിനുള്ള കാലമെ 120

നന്ദിയോട നിനക്കു ചേർത്തു ഞാൻ നൂലുകൊണ്ടുള്ള പാദുകം
അന്ന നീയടിയാട്ടിയോടര ചെയ്ക നിന്നുടെ മുപ്പതിൽ
നന്ദന പ്രേമമായി മർത്യരെ ചേർക്കുമെന്ന കാലംവരെ
ഇന്ന നിന്നുടെയിഷ്ടമെന്നപോൽ വച്ച പാദമിരിക്കട്ടെ 124

(110_119) മുമ്പ് നിന്റെ പിതൃജനങ്ങൾ സഞ്ചരിച്ച ഈജിപ്തിൽ എത്തി. ''ഹെലിയോപ്പോലെ'' എന്ന നഗരത്തിൽ ഞാൻ താമസിക്കുകയും ചെയ്തു. അന്ന ബാലനായ നിനക്കു ധരിക്കുന്നതിനായി ഒരു മനോഹരമായ വസ്ത്രം എന്റെ കരങ്ങൾകൊണ്ടുതന്നെ ഞാൻ നെയ്തെടുത്തു. ഒരു ഉടുപ്പും ഞാൻ നിർമ്മിച്ചുതന്നു. അതു നിന്റെ ഇപ്പോഴത്തെപ്പം, നിന്റെ വളർച്ചയ്ക്കനുസരിച്ച് വളരുന്നതു് ആയിരുന്നു. പട്ടാളക്കാരൻ അവരുടെ ഇഷ്ടംപോലെ ആ ഉടുപ്പ് ഉരിഞ്ഞുമാറി എന്റെ കൺമുമ്പിൽവച്ച് പങ്കിട്ടെടുക്കുന്നതാണ് ഞാൻ ഇന്നലെ കണ്ടതു്.

(120_125) ഈ ഭൂമിയിൽ പിച്ചവെച്ചു നടക്കുവാൻ നിനക്കു പ്രായമായപ്പോൾ ഞാൻ ആനന്ദപൂർവം നൂലുകൊണ്ടു തയിച്ച പാദുകങ്ങൾ നിനക്കായി സമ്മാനിച്ചു. അതുധരിച്ച നീ ഈ ദാസിയായ എന്നോടു് മുപ്പതാംവയസ്സിൽ പറഞ്ഞു. ''മനുഷ്യമക്കളെ എന്റെ കൂടെ ചേർക്കുവാൻ എനിക്കു സമയമായിരിക്കുന്നു'' 'വെന്നു്. 'മകനേ, നിന്റെ ഇഷ്ടം എന്താകുന്നുവോ അതുപോലെ നീ ചെയ്യുക. അതിനായി കാലെടുത്തുവച്ചല്ലോ? അതു് അങ്ങനെതന്നെ സംഭവിക്കട്ടെ' എന്നു് ഞാൻ പറഞ്ഞു് നിന്റെ കല്പന സ്വീകരിച്ചു.

എന്റെ നിന്റെടെ കൽപനാ സമം നിൻെറ പാദങ്ങേന്യസ്സ[1]മെ
കാട്ടിലും മലമേട്ടിലും കരിങ്കല്ലിലും ചൊരിമണലിലും
കോട്ടമെന്നിയെ നീ നടന്നയ്യോ എത്ര നേർത്തുള്ള കാൽകളാൽ
നാഥനേ! തവദാസി മാമക പാതകങ്ങളതൊക്കെയും 128

നാസ്സിയാക്കിയരുളണേ തവ പാദതാരതിൻ ശക്തിയാൽ
അന്യനാടതിൽ നിൻെറ പാലനാ പരിചയം വിനാ എന്നതാൽ
അന്നെനിക്കു നിനക്കുമുള്ളൊരു ജീവസങ്കടമെത്രയൊ?
വീണ്ടും നിന്റെടെ ചിത്തമെന്നപോൽ നസ്രസ് നാട്ടിനു
തിരിവതിൽ 132

ആണ്ടിരുന്ന നൃപസ്ഥനന്റെടെ ഓമ്മയാലതിദുഃഖമായ്
പന്തിരുവയസ്സായ നാളതിൽ മൂന്നു വാസരമായ്മറ-
ഞ്ഞന്തരാ അടിയാനം മനമതിൽ സംഭവിച്ചതും കണ്ടു നീ
പുണ്യ പുരുഷനന്തരിച്ചതിൻ ശേഷമായ് മമ മന്ദിരെ 136

ഉണ്ണി നിന്റെടെ സന്നിധാനമിടവിടാതെ പുണർന്നു ഞാൻ
പിന്നെ നിന്റെടെ ജ്ഞാനസ്നാനമതിന്നു സമയമടുത്തുടൻ

(126_129) അങ്ങനെ ഉഴിഞ്ഞു വെയ്ക്കപ്പെട്ട നിൻെറ മൃദുലമായ പാദങ്ങംകൊണ്ടു് കാട്ടിലും, മലയിലും കരിങ്കല്ലിലും, മണൽക്കാട്ടകളിലും, ക്ഷീണം വകവയ്ക്കാതെ നീ നടന്നല്ലോ. ഹാ നാഥാ, നിൻെറ ദാസിയായ എൻെറ പാപങ്ങം എല്ലാം നിൻെറ കാൽത്താരിൻെറ ശക്തിമൂലം നീ പൊറുക്കേണമേ.

(130_131) പ്രിയമകനേ, നിൻെറ പരിപാലനം വേണ്ടവിധം നടത്താൻ എനിക്കു് ആ അന്യനാട്ടിൽവച്ചു് കഴിഞ്ഞില്ല. അതു കൊണ്ടു് എനിക്കും നിനക്കും ഉണ്ടായ സങ്കടങ്ങം എത്രയധികം ആയിരുന്നു.

(132_133) മകനേ, നിൻെറ തിരുമനസ്സു് അനുസരിച്ചു് വീണ്ടും നസ്രസ്സിലേയ്ക്കു് തിരിയെ വന്നല്ലോ. അപ്പോഴം ഹേറോദേസു് രാജാവിൻെറ പുത്രനായ അക്കലാവോസിൻെറ കാര്യം ഓർത്തു് എത്രയധികം ദുഃഖമാണു് നമുക്കുണ്ടായതു്.

(134_141) നിനക്കു പന്ത്രണ്ടു വയസ്സായിരിക്കേ മൂന്നു ദിവസം നിന്നെ പിരിഞ്ഞു കഴിയേണ്ടി വന്ന നിൻെറ ഈ ദാസിയുടെ അന്ത

1 ന്യസ്തം—വയ്ക്കപ്പെട്ടതു്

എന്നെ അൻപൊട്ട തഴുകി നിന്നുടെ നെഞ്ചിനോട്ടമണച്ചയ്യോ
ഇന്നു ഞാനിത നിന്നെ അങ്ങുവച്ചെങ്ങനെയിതു രാത്രിയിൽ 140

വന്നെനിക്കു സഹായമാകുവാനരുളുള്ള മമ സുതാ
പിന്നെ നിന്നുടെയൻപതിനാലെയഞ്ചു ശിഷ്യരുമായി നീ
എന്നെ കാൺമതിനായണഞ്ഞു നീ അന്നുമാമക മന്ദിരേ
അൻപിനോട്ട ഞാൻ ദാസി നിന്നുടെ പാദതാരതിൽ മുത്തിണാം 144

(മട്ടുമാറി)

മുൻപിനാലെതന്നെനിക്കുനിന്റെ ശ്രുദ്ധസ്നാനവും
എന്നതിന്നു നിന്റെ ദൈവശക്തിയും സുസ്നേഹവും
അന്നെനിക്കു കാട്ടുവാൻ നീയിഷ്ടമായി ദാസിയിൽ
മുക്തി നിന്റെ ശ്രുദ്ധമുള്ള കൈകളാലൊ ദാസിയെ 148

രംഗത്തിലുണ്ടായ നൊമ്പരം എത്രയായിരുന്നുവെന്നും നീ അറിഞ്ഞിട്ടുണ്ടല്ലോ. എന്റെ പുണ്യഭർത്താവു് മരിച്ചതിന്റെ ശേഷം അല്പയോ ഉണ്ണീ, നമ്മുടെ വാസഗൃഹത്തിൽ നിന്റെ സാന്നിദ്ധ്യം പുണരുന്നതു മാത്രമായിരുന്നല്ലോ എന്റെ ആനന്ദം. പിന്നീടു് നിന്റെ ജ്ഞാന സ്നാനത്തിനുള്ള സമയം സമാഗതമായപ്പോഴും നീ വന്നു് ഈ അമ്മയെ സ്നേഹപുരസ്സരം തഴുകിയതും ഓർക്കുന്നില്ലേ? ഹാ സ്നേഹമകനേ, ഞാൻ നിന്നെ അങ്ങകലെ വച്ചിരിക്കുകയാണല്ലോ. ഈ രാത്രിയിൽ എന്റെ അടുക്കൽ വന്നു സഹായമരുളുവാൻ നീ അല്ലാതെ എനിക്കാരാണുള്ളതു്.

(142_144) പ്രിയ മകനേ, നീ പിന്നീടു് അൻപത്തിനാലു ശിഷ്യന്മാരോടുകൂടി വീട്ടിൽ എന്നെ കാണുന്നതിനായി വന്നു. സ്നേഹപൂർവ്വം ഈ ദാസിയായ എന്റെ പാദപത്മങ്ങളിൽ നീ ചുംബനമർപ്പിക്കയും ചെയ്തുവല്ലോ.

(മട്ടുമാറി)

(145_148) അനാദിയിൽ മുതൽ എനിക്കു് പരിശുദ്ധമായ സ്നാനം നൽകി അതിനുള്ള അടയാളമായി നിന്റെ ദൈവികശക്തിയും സ്നേഹവും ഈ ദാസിയിൽ നീ ചൊരിഞ്ഞു. നിന്റെ പവിത്രമായ കരങ്ങൾക്കൊണ്ടു് എനിക്കു് മുക്തി നൽകുകയുംചെയ്തു.

ശക്തിയുള്ള എന്റെ സ്നേഹപുത്രിയെന്ന ബാവയും
ഇവരെ ഞാൻ തിരഞ്ഞെടുത്തതിന്റെ കാരണമെന്നതോ
ഇവരെനിക്ക ദാസ്യമെന്നും എന്റെ അമ്മ എന്നും നീ
ആയിരത്തിൽ നിന്ന ഞാൻ തിരിഞ്ഞെടുത്ത മഹിഷിസാ[1] 152

ആയുരാദിശ്രുദ്ധിദാന സ്നേഹദൈവവും തഥാ
അപ്രകാരമന്ന നീയുയർത്തി എന്നെ മൽസുതാ
ഇപ്രകാരമിന്ന ഞാനകന്നുപോയതെങ്ങനെ?
നരകുലത്തിനായി നിന്റെ സ്വന്തവേലയതൊക്കെയിൽ 156

പരജനത്തിനായി ദാസി നിന്റെ പിന്നിൽ ചരിക്കുവാൻ
നിന്റെയിഷ്ടമെന്നറിഞ്ഞഹംതെളിഞ്ഞു ചേന്നിതെ
എന്റെയിഷ്ടമൊക്കെയും മൽസുനവേ നിനയ്ക്കുന്നസ്സമേ
മമ സുതന്റെ മരണത്തിന്നുപകരമായ് ദാസി ജീവനെ 160

(149_152) പിതാവായ ദൈവം ''ശക്തയായ എന്റെ സ്നേഹ പുത്രീ'' എന്ന ഈ ദാസിയെ വിളിച്ചു. ''ഇവളെ ഞാൻ തിരഞ്ഞെടുത്തത് എന്തുകാരണത്താലാണെന്നോ? ഇവൾ എനിക്ക് ദാസിയും മാതാവും ആയിരിക്കും'' എന്ന നീയും പറഞ്ഞു. ''ഞാൻ ആയിരങ്ങളിൽനിന്ന തിരഞ്ഞെടുത്ത ഇവൾ എന്റെ രാജ്ഞി ആണ്'''എന്നും ആയുരാഭിശ്രുദ്ധിദാനങ്ങൾ നൽകുന്ന സ്നേഹദൈവമായ റൂഹാദക്കുദീശായും എന്നെ പ്രകീർത്തിച്ചു.

(153_155) എന്റെ പ്രിയ പുത്രാ, ഇപ്രകാരമെല്ലാം നീ എന്നെ ആദരിച്ചുയർത്തി. എന്നാൽ, ഞാൻ ഇപ്പോൾ ഈ വിധത്തിൽ നിന്നിൽനിന്നും അകന്നുപോകാനുള്ള കാര്യം എന്താണ്.

(156_158) മനുഷ്യകുലത്തിനുവേണ്ടിയുള്ള നിന്റെ കർമ്മങ്ങളിലെല്ലാം സഹകാരിണിയാകുവാനും, മനുഷ്യസേവനത്തിനായി നിന്റെ പിന്നാലെ വരുവാനും എന്നെ നീ അനുവദിച്ച് അനുഗ്രഹിച്ചു. നിന്റെ അഭിലാഷം മനസ്സിലാക്കി നിന്നോടൊത്ത് പ്രവർത്തിച്ചു.

(159_161) എന്റെ മകനേ, എന്റെ ആഗ്രഹങ്ങളെല്ലാം നിനക്കായി ഞാൻ ഉഴിഞ്ഞുവച്ചു. എന്റെ പുത്രന്റെ മരണത്തിന പകരമായി അവിടുത്തേ ദാസിയായ എന്റെ ജീവനെ സമർപ്പിക്കാൻ ഞാൻ തയ്യാറായെങ്കിലും, ദൈവതിരുമനസ്സ് ഇപ്പോൾ അതല്ലെന്ന മനസ്സിലാക്കി ഞാൻ അതിന കീഴ്വഴങ്ങി.

---

1 മഹിഷിസാ—ഇവൾ രാജ്ഞി

പരമനീതി ശരിയിതല്ലയെന്നു ദാസിമേ സമ്മതം
മൂന്നു സമകളിൽ നിൻെറ പിൻപേ ഞാൻ നടന്നു സാദരം
അന്നവരുടെ അൻപിനാലെ നിനക്കയാവന നോക്കി ഞാൻ
ഇന്നു നിന്നുടെ ദാസിയെന്നെ അകത്തിവച്ചു നീ പോയതാൽ 164

നന്ദികേടെന്നിലെന്തു കണ്ടു നീ കണ്മണീ! മമ പ്രേമമെ!
ഇന്നലെയിതു നേരമെന്നതിനൻപതേറിയ കരുണയെ
തന്നു നീ സ്നേഹചിഹ്നമായ് ഞങ്ങളം നിന്നിൽനിന്നകലായ്കുവാൻ
എന്നതിന്നുടെ ശേഷവും മമ സ്നേഹമെ! നിന്നെ ഏവരും 168

നന്ദിഹീനതകാട്ടി വിട്ടുപിരിഞ്ഞുപോയതിതെന്തയ്യോ?
എങ്കിലും ശിഷ്യർ മരണഭീതിയാൽ കൈവിട്ടെന്നുനിനച്ചിടാം
ശങ്കഹീനമായുള്ള കരണ[1]മീയുദാസ് ചെയ്തിതെന്തയ്യയ്യോ?
പങ്കമായൊരു വെള്ളിയിലതിസ്നേഹമായവനുള്ളതോ 172

(162_165) മൂന്നുവഷ്ം നിൻെറ പിന്നാലെ ആദരവോടെ ഞാൻ നടന്നു. അന്നു് നിൻെറയും നിൻെറ ശിഷ്യന്മാരുടെയും ഭക്ഷണകാര്യങ്ങളം അന്വേഷിച്ചു ഞാൻ ജീവിച്ചു. പക്ഷേ, ഇന്നു് ഈ നിന്നുടെ ദാസിയെ അകറിക്കൊണ്ടു് എവിടെപ്പോയിരിക്കുന്നു? എൻെറ കൺമണി, എൻെറ സ്നേഹമേ, ഇതിനു തക്കതായ നന്ദികേടു് എന്താണു് എൻെറ പക്ഷത്തുനിന്നുണ്ടായതു്, പറയൂ?

(166_167) പ്രിയ മകനേ, ഇന്നലെ ഈ സമയത്തു് നിൻെറ ആർദ്രതയുള്ള കാരുണ്യം എനിക്കു കാണിച്ചുതന്നു. അതു നിൻെറ സ്നേഹത്തിൻെറ അടയാളമായി ഞാൻ കാണുകയുംചെയ്തു. നിന്നിൽ നിന്നു് ഞങ്ങളം ഒരിക്കലും അകലാതിരിക്കുന്നതിനാണല്ലോ നീ അങ്ങനെ ചെയ്തതു്.

(168_172) എൻെറ സ്നേഹമായ ഉണ്ണീ, അയ്യോ! അതെല്ലാം ദർശിച്ച അവരൊക്കെ നിന്നോടു് നന്ദികേടുകാട്ടി പിരിഞ്ഞുപോകുന്നതാണല്ലോ നീ കണ്ടതു്. നിൻെറ ശിഷ്യന്മാർ മരണഭയംകൊണ്ടു് നിന്നെ പിരിഞ്ഞുപോകുവാൻ ഇടയായി എന്നു കരുതാം. അയ്യോ! യൂദാസ് ശങ്കയില്ലാതെ പ്രവർത്തിച്ചതു് എന്തുകൊണ്ടാണു്? കുറെപ്പുരണ്ട വെള്ളിനാണയം നേടുവാനുള്ള അത്യാർത്തി അവൻെറ ഹൃദയത്തിൽ നിറഞ്ഞുനിന്നതുകൊണ്ടായിരിക്കുമോ?

---

1 കരണം—പ്രവൃത്തി

ചങ്കിലും മമ ഭാവമെങ്കിലോ വിറ്റിടാഞ്ഞിതു ദാസിയെ
പൊൻമണീ മണിമാണിക്യങ്ങളുമൊൻപതുവകരത്നവും
അൻപനെന്നുടെ സ്നേഹമേ, നിൻറെ വാക്കിനാലുളവാക്കിയേ
ഇതു നിന്ദിതനെന്നപോലവൻ വിറ്റതിന്നെന്തു കാരണം 176

തത്രസംഭവമായതെന്തിതു ശത്രുവെന്നവനോത്തിതൊ
സ്നേഹമാതുവെ! നിൻറെ പുത്രനെ മുപ്പതിന്നവൻ വിറ്റിതെ
പ്രേമശൂന്യമതായ വസ്തുവാലെത്രയുഴമായ് വിറ്റഹം.
നിൻറെ സ്നേഹിതനെന്നവൻ ചതികാട്ടി മുത്തിനാലൊറ്റിനാൻ 180

എൻറെ സ്നേഹിതനിന്നിതിന്നായി വന്നിതോ എന്ന ശിക്ഷയൊ?
എങ്കിലും നിൻറെയൻപിനാലവനെൻറെ പക്കലണഞ്ഞെങ്കിൽ
ശങ്കകെട്ടവനോട്ട നീ ദയ ചെയ്വതിന്നുഭീഷ്മമായ്
ഇങ്ങനെയുള്ള നിൻ മനോദുഃഖമെന്നിയെ നിൻറെ പുത്രനാൽ 184

(173–177) ഈ ദാസിയായ എന്നെ എന്തുകൊണ്ടാണു് വില്ക്കാതിരുന്നതു് എന്നാണു് എനിക്കറിയാത്തതു്! എൻറെ നേരേ താല്പര്യവും സ്നേഹവും ഉള്ളവനേ, നീ സ്വർണ്ണവും മാണിക്യമണികളും ഒൻപതുതരം രത്നവും സ്വന്തം വാക്കുകളാൽ നല്കിയവനാണല്ലോ. അങ്ങനെയുള്ള നിന്നെ ഗർഹണീയനെന്നപോലെ വെള്ളിനാണയത്തിനായി യൂദാസു് വിറ്റതിൻറെ കാരണമെന്താണു്? ഒരു ശത്രുവാണു് എന്നു് അവൻ നിന്നെ കരുതിയതുകൊണ്ടാണോ ഇങ്ങനെ ഒക്കെ ചെയ്തതു്.

(178–180) (കവിയുടെ ആത്മഗതം) അല്ലയോ സ്നേഹംനിറഞ്ഞ അമ്മേ, നിൻറെ പുത്രനെ യൂദാസു് മുപ്പതുവെള്ളിനാണയങ്ങൾക്കു വേണ്ടി വിറ്റു. സ്നേഹത്തിനു് അർഹമല്ലാത്ത വസ്തുക്കൾക്കുവേണ്ടി ഞാൻ എത്രയോവട്ടം നിൻറെ പുത്രനെ വിറ്റിരിക്കുന്നു.

(181–183) എൻറെ മകനേ, യൂദാസു് നിൻറെ സ്നേഹിതനെന്നു നടിച്ചു്, വഞ്ചനയോടെ ചുംബനം നിനക്കേകി ഒറ്റിക്കൊടുത്തു. എൻറെ സ്നേഹിതാ, ഇതിനായിട്ടാണോ നീ വന്നിരിക്കുന്നതു് എന്നുള്ള ചോദ്യമായിരുന്നോ നിൻറെ ശിക്ഷ? എങ്കിലും നിൻറെ കരുണയാർത്തു് യൂദാസു് എൻറെ പക്കൽ സ്നേഹപൂർവം വന്നിരുന്നെങ്കിൽ ശങ്കയില്ലാത്ത അവനോടു് കരുണ കാണിക്കണമേ എന്നു് ഞാൻ പ്രാർത്ഥിക്കുമായിരുന്നു.

ഇന്നലെപ്പകൽ കണ്ടതാൻ നിൻെറ മനമതിൽപുക്കവാഹ്മുന
ദക്കെയും തവദാസി[1]യാം മമ നാവിനാൽ പറഞ്ഞൊപ്പിപ്പാൻ
ഒക്കെയിൽ മഹാമൂഢബുദ്ധി അഹം ഇതിൽ മതിയായിടാ
തദ്ഹേതുവതിനാൽ നിറുത്തി, നിൻ ദാസിയിൽ തവ ആശ്രയം 188

തദ്വരങ്ങളം തന്നീടണമുണർത്തുവാൻ ശനിവാസരെ
സൂര്യോദയമതിന്നുമുൻപങ്ങണഞ്ഞു സ്നേഹസുതൻ ജ്ഞാവാൻ
സൂര്യദേവജനനിയെക്കണ്ടു വാഴ്വാങ്ങിയശേഷമായ്
ശിഷ്യന്മാരതിൽ ശ്രേഷ്ഠനാകിയ കേപ്പതന്നെവരുത്തുവാൻ 192

ശിഷ്യനാഥയിൻ കല്പിതം കേട്ടയാത്രയായി തിരക്കുവാൻ
വെട്ടമായൊരു നേരമൻപൊടുചേരെ[2]ക്കണ്ടിതുപേത്രുവെ[3]
തട്ടുകെട്ടു കരഞ്ഞു മണ്ണിലിരുന്ന രാവതുമുഴുവനും
ഇങ്ങനെ തൻെറ സ്നേഹശ്രേഷ്ഠനെക്കണ്ടതുനേരമൻപിനാൽ 196

(184_189) (കവിയുടെ ആത്മഗതം) അല്ലയോ അമ്മേ, ഇപ്രകാരം നിൻെറ മനസ്സിലുളവായ ദു:ഖങ്ങം ഞാൻ ദർശിച്ചു. നിൻെറ പുത്രൻ വഴി നിൻെറ ഹൃദയത്തിൽ വാഹ്മുന പതിയുന്നതും ഞാൻ കണ്ടു. അമ്മേ, നിൻെറ ദാസി (ആത്മാവു്: സ്ത്രീലിംഗം ഉപയോഗിച്ചിരിക്കുന്നു.) യായ എൻെറ നാവിനാൽ പറഞ്ഞറിയിയ്ക്കാൻ കഴിയുന്നില്ല. ബുദ്ധിഹീനനായ എനിക്കു ശക്തിയുമില്ല. തന്മൂലം ഇവിടെ നിറുത്തട്ടെ. എൻെറ ആത്മാവിൽ നിൻെറ ആശ്രയവും വരങ്ങളും ചിന്തേണമേ. അങ്ങനെ എൻെറ ബുദ്ധിയെ ഉണർത്തേണമേ.

(190_195) ശനിയാഴ്ച സൂര്യോദയത്തിനു മുൻപായി സ്നേഹപുത്രനായ യോഹന്നാൻ ദേവസൂര്യൻെറ ജനനിയായ മറിയത്തെക്കണ്ടു് വാഴ്വു് വാങ്ങിക്കാൻ സന്നിധിയിലെത്തി. അവളുടെ ആശീർവാദം വാങ്ങി. ''ശിഷ്യന്മാരുടെ നേതാവായ കേപ്പായെ (പത്രോസിനെ) ഇവിടേയ്ക്കു കൊണ്ടുവരണം'' നന്മകളുടെയെല്ലാം അധിനാഥയായ നിൻെറ കല്പനകേട്ടു് യോഹന്നാൻ യാത്രയായി. അദ്ദേഹം അന്വേഷണം തുടങ്ങി. പുലർച്ചയിൽ തൻെറ സമീപത്തു് പത്രോസു് നില്ക്കുന്നതു് യോഹന്നാൻ കണ്ടു. വെറും പൂഴിമണ്ണിലിരുന്നു്, മനം തകർന്നു് ആ രാത്രി മുഴുവനും പത്രോസു് കരയുകയായിരുന്നു.

(196_199) ഇങ്ങനെ തൻെറ സ്നേഹമുള്ള നേതാവിനെ കണ്ടമാത്രയിൽ യോഹന്നാൻ അറിയിച്ചു. ''പത്രോസേ, അങ്ങു് ദുഃഖ

---

1 ദാസി—ദാസൻ എന്നയർത്ഥത്തിലാണു്.

2 ചേരെ—അടുത്തു് 3 പേത്രു—പത്രോസു് (കേപ്പാ)

അങ്ങു ചെല്ലുവാൻ അമ്മ കല്പനഖേദമൊക്കെ നീ നീക്കുക
ചഞ്ചലിച്ചു ചലിക്കവേണ്ടഹോ അമ്മ എത്ര ദയാനിധി
ചഞ്ചലംവിനാ ദൈവപുത്രന്റെ അമ്മയേകരുണാംബുധി
കേട്ടടൻ കേപ്പദുഃഖമൊക്കെ അകറിയെങ്കിലും ദുർബലൻ

കൂട്ടനോട്ട നടന്നുമെല്ലവെ ലജ്ജയെത്രയും ശക്തിയും
എങ്ങനെയെന്റെ അമ്മ തന്നുടെ തിരുമുഖത്തിനെ നോക്കുവാൻ
മംഗലൻ തന്റെ അൻപുപെരികിയ പുത്രനെഅഹം വിട്ടയ്യോ
എത്ര ശക്തി ഉറപ്പുകാട്ടി ഞാനേവരും കേംക്കയിന്നലെ

ശത്രുവിൻ ക്രോധമെങ്കിലുമഹം വിട്ടുമാറുകില്ലുങ്ങയെ
എന്ന തന്നുടെ തിരുസമൂഹമിരുന്ന ചൊന്നതു ഞാനിതൊ
വന്നശത്രു പിടിച്ച നേരമിതെന്റെ ശക്തിക്ഷയിച്ചയ്യൊ
വിട്ടതന്നെയുപേക്ഷചെയ്ക ഞാനിത്ര മൂഢനിതായയ്യൊ?

പൊട്ടനാരിയിൻ വാക്കുകേട്ട ഞാൻ രക്ഷനാഥനെ വിട്ടയ്യൊ
ഇങ്ങനെയുള്ള ദു:ഖരോദനാൽ വന്നണഞ്ഞു സേനാക്കളിൽ
തിങ്ങിന ദു:ഖമോട്ട വാതിൽ കടപ്പതിന്നു മഹാപണി
ജ്യാനി[4]തന്നുടെ വാക്കുകേട്ട നിറുത്തി ദു:ഖമതൊക്കെയും

മെല്ലാം കളയുക. തന്റെ സമീപത്തേയ്ക്കു ചെല്ലുവാൻ അമ്മ സ്നേഹപൂർവം വിളിക്കുന്നു. ചാഞ്ചല്യം ഒന്നും വേണ്ട. അമ്മ എത്രയോ ദയാനിധിയാണ്. ദൈവപുത്രന്റെ അമ്മയായ കരുണക്കടലാണ് വിളിച്ചതു്. സംശയം കൂടാതെ വരിക.''

(200–208) ഇതുകേട്ട് പത്രോസ് ദുഃഖമെല്ലാം മാറി. എങ്കിലും ഒരു ദുർബലനേപ്പോലെ അദ്ദേഹം കൂട്ടുകാരനോടൊപ്പം മന്ദം നടന്നു. ലജ്ജാവിവശനായി അദ്ദേഹം ചിന്തിച്ചു. അമ്മയുടെ തിരുമുഖം ദർശിക്കുവാൻ എനിക്കു് എവിടെനിന്നു ശക്തി കിട്ടും? മംഗലവാനായ സ്നേഹപുത്രനെ ഞാൻ ഉപേക്ഷിച്ചു കളഞ്ഞല്ലോ. അയ്യോ! എത്ര ശക്തമായ ഉറപ്പോടെ എല്ലാവരുടെയും മുൻപാകെവച്ചു്, ക്രോധത്തോടെ ശത്രുക്കൾ വന്നാലും അവിടുത്തെ ഉപേക്ഷിക്കയില്ലെന്നു് തിരുസമൂഹത്തിന്റെ നേതാവു് എന്ന കണക്കെ ഞാൻ പ്രഖ്യാപിച്ചതാണല്ലോ. അവിടുത്തെ ഉപേക്ഷിക്കുവാൻ തക്കവിധം ഞാൻ അത്ര ദോഷനായിപോയല്ലോ.

(209–211) ഒരു പൊട്ടപ്പെണ്ണിന്റെ വാക്കുകേട്ടു് ഞാൻ രക്ഷാനാഥനെ ഉപേക്ഷിച്ചു. ഇങ്ങനെ ചിന്തിച്ചുകരഞ്ഞുകൊണ്ടു് മാളിക

---

4 ജ്യാനി—ജോൺ (യോഹന്നാൻ, ജുവാൻ എന്നതും ഈ അർത്ഥത്തിലാണു്)

ജ്വലന ദുഃഖിതരായ ശിഷ്യരെയൊക്കെയുംകൂട്ടി അക്ഷണെ
അങ്ങടുത്തതു നേരമമ്പൊട്ട പുക്കുമുമ്പനായ് കേപ്പയും
മംഗലപ്രേമ ദുഃഖരഞ്ജിത അമ്മ തന്നുടെ സന്നിധെ
പുക്കടുത്തതു നേരമൻപൊട്ട ശിഷ്യരൊക്കയും നില്ലുവെ 216

പൊക്കഗം ഗദമായ വാക്കിനാൽ കുറപിഴകളിരങ്ങയാം
കുറംചെയ്യു പിഴച്ചഹം മമ ദൈവഗുരുവിൻെറ സന്നിധൗ
ഏറമായ് ബഹുനന്ദികേട്ട ഞാൻ അമ്മ മുൻപിലും ചെയ്യയ്യൊ
ഇത്രയൊക്കെ ഉരച്ചതെന്നിയെ മറ്റയാവ[1] ഉണർത്തുവാൻ 220

തത്ര വശഹീന നിർജീവനായി വാക്കതും മുട്ടി തൽക്ഷണെ
താണ്മ[2]യേറിയ അമ്മയപ്പൊഴെ മുട്ടുകുത്തി വിനയമായ്
വെണ്മയോടരുളി കേപ്പയെ തൻെറ വീഴ്ചയിൻ പൊറുതികിട്ടുവാൻ
എൻെറ സ്നേഹസുതനുമാം തഥാ നിങ്ങൾക്കൻപുടമാഗ്രരു 224

യിൽ പത്രോസ് എത്തി. മനസ്സിൽ തിങ്ങിനിറഞ്ഞ വ്യസനംകൊണ്ട് ആ മുറിയുടെ വാതിലിൽ പ്രവേശിക്കാനും അദ്ദേഹം പണിപ്പെട്ട.

(212–216) യോഹന്നാൻെറ വാക്കു് കേട്ട് പത്രോസ് ദുഃഖമെല്ലാം വെടിഞ്ഞു. സങ്കടംകൊണ്ടു് ജ്വലിച്ചുനിന്ന ശിഷ്യന്മാരെല്ലാവരേയും ചേർത്തു്, ആ നിമിഷത്തിൽ പത്രോസ് അവരുടെ നേതാവായി മംഗലവാനായ പുത്രനോടുള്ള സ്നേഹത്താൽ ദുഃഖത്തിൽ മുഴുകിനിന്ന മാതാവിൻെറ സന്നിധിയിൽ നിന്നു. ശിഷ്യന്മാരെല്ലാം അദ്ദേഹത്തിൻെറ സമീപം നിലകൊണ്ട.

(217–221) പത്രോസ് തൻെറ കുറങ്ങളും പിഴകളും ആ വേദിയിൽ ഇടറുന്ന വാക്കുകളോടെ ഏറ്റു പറഞ്ഞു. ''ഞാൻ എൻെറ ദിവ്യഗുരുവിൻെറ സന്നിധിയിൽ കുറം ചെയ്തു് പാപിയായിത്തീർന്നു. വളരെയധികം നന്ദികേടുകൂടം എൻെറ അമ്മയുടെ മുൻപിലും ഞാൻ ചെയ്തു. ഇത്രയും പറഞ്ഞിട്ട് മറ്റു യാതൊന്നും പറയാനാവാത്തവണ്ണം തൽക്ഷണം വശഹീനനായി ജീവച്ഛവംപോലെ നിലകൊണ്ട.

(222–225) എത്രയും വിനീതയായ കന്യാമറിയം ഉടൻതന്നെ മുട്ടുകുത്തിനിന്നു് ഭംഗിയായി അരുംചെയ്തു: ''എൻെറ പുത്രനും നിങ്ങളുടെ പ്രിയംകരനായ ഗുരുവുമായ നാഥൻ തൻെറ ദയാവായ്പിനാലെ പത്രോസിൻെറ പാപങ്ങളും പൊറുക്കുവാൻവേണ്ടി നമുക്കേവർക്കും പ്രാർത്ഥിക്കാം.

---

1 യാവ—യാതൊന്നും 2 താണ്മ—താഴ്മ (വിനയം)

തന്റെ ദയയുടെ കരുണയാൽ പൊറുത്തീടുവാൻ പ്രാർത്ഥിച്ചീടുനാം
എന്നരുൾചെയ്ത നേരമൊരുവനു പിൻപതായി മറേറവരും
വന്നണഞ്ഞുടൻ പൊറുതിദുഃഖമായ് വീണപേക്ഷിച്ച ശിഷ്യരും 228

മട്ടുമാറി

എത്രയും വിവേകമുള്ളൊരു അമ്മയപ്പൊളതുവരെ
തത്രകയ്യുയർത്തി നൽകി പൊറുതിയും സ്വ ആശ്രയേ
സോപ്പി[1]ൽ വച്ച വേർപിരിഞ്ഞശേഷമുള്ളതൊക്കെയും
സ്നേത്രം ചെയ്തചൊല്ലി അമ്മ കേട്ടതൊക്കെയും ദൃഢം
പുത്ര ദുഃഖ സർവവും അതിങ്കലുള്ളതൊക്കെയും 232

പുത്രദേഹി അങ്ങ പാതാളത്തിലെത്തി സർവവും
അമ്മയങ്ങരുപിയാലറിഞ്ഞു വാർത്തയെങ്കിലും
ഒന്നയോട്ട ശിഷ്യവാർത്ത ഒക്കെയും ശ്രുവിച്ചകൊ
ണ്ടമ്മയങ്ങനന്തരം വിടാതെ തന്റെ ധ്യാനത്തെ
അന്തരംഗമായ് ശനിദിനത്തിനങ്ങടങ്ങിനാം. 238

(226_228) ഇങ്ങനെ മാതാവ് അരുൾചെയ്തപ്പോൾ പത്രോസും അദ്ദേഹത്തിനു പിന്നിലായി വന്ന ശിഷ്യന്മാരും പാപപ്പൊറുതിക്കായി ദുഃഖത്തോടെ താണുവീണ് അപേക്ഷിച്ചു.

(229_232) വിവേകവതിയായ കന്യകാംബിക തന്റെ കൈ ഉയർത്തി സ്വന്തം ശക്തിയാൽ അവർക്ക് പൊറുതി നൽകി. തോട്ടത്തിൽവച്ച് സ്നേത്രം ചൊല്ലി അവർ വേർപിരിഞ്ഞതിനു ശേഷമുള്ള കാര്യങ്ങളെല്ലാം അമ്മ വ്യക്തമായി അവരിൽനിന്നു കേട്ടു.

(233_238) എന്നാൽ, പുത്രന്റെ ദുഃഖങ്ങളും അതിനോട് ചേർന്നുള്ള മറെറല്ലാക്കാര്യങ്ങളും, പുത്രന്റെ ആത്മാവ് പാതാളത്തിൽ എത്തി എന്നുള്ള സംഗതിയും അമ്മ അരുപിയാൽ നേരത്തേതന്നെ അറിഞ്ഞിരുന്നു. എങ്കിലും ശിഷ്യന്മാർ ഭംഗിയായി വിവരിച്ച കാര്യങ്ങളും ഓരോന്നും കേട്ടുകൊണ്ട്, ഹൃദയത്തിലെ ധ്യാനത്തിനു ഭംഗം വരാതെ ശനിയാഴ്ച ദിനം പുലരുന്നതിനായി കാത്തു മാതാവ് പ്രശാന്തതയോടെ കഴിഞ്ഞു.

---

1 സോപ്പ—തിരുശരീരം മറവുചെയ്ത തോട്ടം, തോപ്പ്.

പത്താം പാദം

മനുഷ്യപുത്രന്റെ പുനരുത്ഥാനം, മാതൃസന്ദർശനം, സ്വർഗ്ഗാരോഹണം തുടങ്ങിയ സംഭവവിവരണങ്ങളാണ് തുടക്കത്തിൽ. പിന്നീട് സെഹിയോനിലെ പരിശുദ്ധാത്മാഗമനം, തിരുസ്സഭാസമാരംഭ വികാസസംരംഭങ്ങൾ, സാവോം മാനസാന്തരം, മേഘമാർഗ്ഗേണയുള്ള മാതാവിന്റെ യാത്രകൾ, യാക്കോബിന്റെ രക്തസാക്ഷിത്വത്തിൽ മാതാവിന്റെ സാന്നിദ്ധ്യം, ഡയാനാ ദേവീ ക്ഷേത്രത്തിലെ ദുർനടപടികൾ അവസാനിപ്പിച്ചതും അബലാലയം സ്ഥാപിച്ചതും, മാതാവിന്റെ സാന്നിദ്ധ്യത്തിൽ ജറുസലം സമ്മേളനം നടന്നതും ഈ കാണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ഇങ്ങനെ ത്രിലോകത്തിൽ രാജ്ഞിയാമ്മഹാനാഥ
മംഗലപ്പുത്രദുഃഖാൽ നാല്പതുമണി കേണ
സൂര്യവാസരേ[1] ഉഷസ്സുമയെനാഥൻ താനും
സൂര്യനെത്തോൽപിച്ചീടും പ്രഭയോൽ താനും തന്റെ 4

സേനകളും മാലാഖാമാർ പാതാളേഭജിച്ചൊരു
സേനയാം ബാവാന്മാരാം പുണ്യാത്മസമൂഹവും
ഇങ്ങനെ ചെന്നനേരം സെപ്പുൾക്രു[2] തന്നിൽ നാഥ
അന്നങ്ങു നിറുത്തിയ കാവലാം മാലാഖമാർ 8

(1–18) ഇങ്ങനെ മൂന്നുലോകങ്ങളുടെയും രാജ്ഞിയായ ദിവ്യനാഥ മംഗളം നല്ലവനായ പുത്രന്റെ മരണംകൊണ്ടുള്ള ദുഃഖത്താൽ നാല്പതു മണിക്കൂറുകൾ വിലപിച്ചു.

ഞായറാഴ്ച രാവിലെ സൂര്യനെ തോല്പിക്കുന്ന പ്രഭാപൂരത്തോടെ നാഥനും, തന്റെ സേനകളായ മാലാഖമാരും, പാതാളത്തിൽ തന്നെ പുകഴ്ത്തിക്കൊണ്ട് പ്രതീക്ഷിച്ചിരുന്ന പിതൃജനങ്ങളും, പുണ്യവാന്മാരുടെ സമൂഹവും ഒന്നിച്ചു നിലകൊണ്ടു. കല്ലറ സൂക്ഷത്തിനായി മാതാവ് നിറുത്തിയ കാവൽ മാലാഖാമാരും അവളുടെ ആജ്ഞയനുസരിച്ച് മറ്റു ദൈവദൂതന്മാരും അവിടെയുണ്ടായിരുന്നു. പുത്രന്റെ തിരുമേനിയിൽനിന്നും ഒഴുകി കല്ലുകളിലും മറ്റും പതിഞ്ഞിരുന്ന രക്ത

---

1 സൂര്യവാസരം–ഞായറാഴ്ച 2 സെപ്പുൾക്രു-കല്ലറ

പിന്നെയും അമ്മ ചൊൽപോൽ വാനവർ തന്റെ പുത്ര
സുന്ദരതിരുമേനി തന്നിൽനിന്നൊഴകിയ
ക്ഷതജത്തുള്ളികളാക്കല്ലിലും മറ്റുംനിന്നും
ക്ഷതത്തിൽനിന്നു തെറിച്ചുള്ളൊരു മാംസത്തുണ്ടും

ഒക്കെയും കൂട്ടീടുവാൻ കല്പിച്ച വണ്ണമവർ
ഭക്തിയാശ്രദ്ധമേറും റെലീക്കാ[1] യത്തുമായി
കൂടിനിന്നതു നേരം നാഥനും ബാവാന്മാരും
കൂടെയങ്ങെഴുന്നെള്ളിക്കാട്ടിതൻ ദേഹക്ഷതം

ഒക്കെയും കണ്ട പിതാമഹന്മാർ യോക്യൻ[2] യൂസെ
തക്ക സ്നേഹത്തോടുടൻ അമ്മയിൻ അമ്മാദിയായ്
എന്നതിനുശേഷം ദേവദൂതൻ തൻ ചിത്തംയഥാ
ഒന്നിച്ചുടനേ ശ്രുദ്ധദേഹത്തിൽ മാംസാദികം

പുക്കുടനതിൽ തന്റെ ദേഹി ദൈവശക്തിയാൽ
വെക്കമായ് അതു മൃത്യുഹീനാദി വരങ്ങളും
എത്രയും മഹാശോഭശക്തിയും കൊടുത്തതിൽ
തത്രമർത്യക്കുമിതു സംബന്ധമതുമാക്കി

ത്തുള്ളികളും, തെറിച്ച വീണ മാംസത്തുണ്ടുകളും എടുത്തുവയ്ക്കുവാൻ മാതാവു് കല്പിച്ചതനുസരിച്ചു് അവർ ഭക്തിയോടെ ആ പരിശ്രുദ്ധമായ തിരുശേഷിപ്പുകളും എടുത്തു. അപ്പോൾ നാഥനായ ക്രിസ്തുവും, പൂർവപിതാക്കൻമാരെല്ലാവരും ആഘോഷമായി എഴുന്നെള്ളി. നാഥൻ തന്റെ ശരീരത്തിലെ മുറിവുകളും അവക്കു കാണിച്ചുകൊടുത്തു. അതു കണ്ട പൂർവപിതാക്കന്മാരായ യോവാക്കീം തുടങ്ങിയവരും യൂസെപ്പും സ്നേഹാതിരേകത്തോടെ ആമ്മേൻ ആമ്മേൻ എന്നു് ഉരുവിട്ടു.

(19–32) അതിനുശേഷം, നാഥന്റെ ഇംഗിതമനുസരിച്ചു 'ഒരു ദൈവദൂതൻ തിരുശേഷിപ്പായി എടുത്തിരുന്ന മാംസത്തുണ്ടുകളും നാഥന്റെ പരിശ്രുദ്ധ ശരീരത്തിൽ ഒന്നാക്കിച്ചേർത്തു.

അവ ശരീരത്തിൽചേർന്ന ഉടനെ നാഥന്റെ ആത്മാവിന്റെ ശക്തിമൂലം അമർത്യത തുടങ്ങിയ വരങ്ങളും അത്യധികമായ ശോഭയോടും ശക്തിയോടും അവിടത്തേക്കു ലഭ്യമായി. ഇതുതന്നെ മനുഷ്യക്കും സംഭവിക്കുമെന്ന കാര്യം വെളിവാക്കുവാൻ അവിടത്തന്നെ

---

1 റെലീക്കാ–തിരുശേഷിപ്പു് (ഇറാലിയൻ) 2 യോക്യൻ-യോവാക്കിം

എത്രയുമുചിതമായിതിനെ ഉറപ്പിപ്പാൻ
തത്രവച്ചിതും ചില പുണ്യവാന്മാർക്കും നൽകി
ഇതിനാൽ അതിൽ ചിലർ സ്വദേഹത്തോടുംകൂടി
ഉദിതസൂര്യസമം ഉയിർത്തങ്ങവരുമായ് 28

ഒന്നിച്ചു പുറപ്പെട്ട മന്ദിരേ മാതാപക്കൽ
നന്ദിയാൽ ദാഹിച്ചങ്ങു പാർത്തിരുന്നൊരു നാഥാ
പുത്രന്റെ തിരുമുഖം കണ്ടതു നേരത്തിങ്കൽ
എത്രയുമെളിമയാൽ സാഷ്ടാംഗം ചെയ്തവരെ 32

സ്നേഹപുത്രനുമുടൻ അണഞ്ഞു മാതാപക്കൽ
സ്നേഹത്താൽ ഉയർത്തിയങ്ങണച്ചു തങ്കൽ അമ്മെ
അപ്പൊഴതണഞ്ഞൊരു നിക്ഷേപത്തെളിവിനാൽ
നിശ്ചയം ശക്തിഹീനം പ്രത്യക്ഷം ചെയ്തില്ലെങ്കിൽ 36

ഈനേരമതിലശരീരിയാം സ്വരം കേട്ട
സ്നേഹിതെ കരേറുക മേല്പോട്ടെന്നതു നേരം
ഈശ്വരശക്തിവശാൽ നാഥയും പകർന്നുടൻ
ഈശ്വരത്വത്തിൻ കാഴ്ച രസിച്ച മഹാമോദാൽ 40

ഈ വിധം കറഞ്ഞൊരു നേരമായ്പ്പാർത്തമൂലം
എവ്വിധം സൃഷ്ടിപ്പിന്നു നൽകുവാൻ വശംതഥാ
ദൈവദാനങ്ങളായ വരങ്ങളം ബഹുവിധം
ദൈവപുത്രനുമപ്പോളം നൽകിതൻ മാതാവിന്നായ് 44

വച്ച് പുണ്യവാന്മാക്കും അനുഗ്രഹം നല്കി. തന്മൂലം അവരിൽ ചിലർ സ്വന്തം ശരീരത്തോടു കൂടി ഉദയ സൂര്യനേപ്പോലെ ഉയിർത്തെഴുന്നേറ്റു വന്നു.

അവരെല്ലാം ഒരുമിച്ച് വീട്ടിൽ മാതാവിന്റെ പക്കലേക്കു പുറപ്പെട്ടു. പുത്രനെ കാണാൻ ദാഹിച്ചു മോഹിച്ചിരുന്ന അമ്മ ആ പുത്രന്റെ തിരുമുഖം ദർശിച്ച സമയത്തു് അവരെയെല്ലാം എത്രയും വിനയത്തോടുകൂടി സാഷ്ടാംഗം പ്രണമിച്ചു.

(33–44) സ്നേഹപുത്രനായ മിശിഹാ സ്വമാതാവിന്റെ പക്കലണഞ്ഞു. സ്നേഹത്തോടെ അവിടുന്നു് മാതാവിനെ പിടിച്ചുയർത്തി ആലിംഗനം ചെയ്തു. ആ സമയത്തുണ്ടായ ആത്മീയാനന്ദം എന്താണെന്നു് വർണ്ണിക്കുവാൻ അവിടുന്നു കൃപചെയ്തില്ലെങ്കിൽ ശക്തിപോരാ എന്നതു നിശ്ചയമത്രേ.

എന്നതിൻശേഷം അമ്മതന്നുടെ പിതൃക്കളും
നന്ദിയേറീടും തന്റെ പുണ്യഭർത്താവും സ്നാനൻ[1]
ഇങ്ങനെയുള്ള പുണ്യശ്രേഷ്ഠന്മാരോടുകൂടി
മംഗലവാർത്ത ചൊല്ലിത്തോഷിപ്പാന[2]നവാദം 48

കണ്ടുടനറിഞ്ഞു മൻപാദിയാം ജനകരെ
കണ്ടുതോഷിച്ചു പീണ്ടും അമ്മ അന്നായും യോക്കീൻ
സ്നേഹമേറീടും മണവാളനാം യൗസേപ്പിതാ
സ്നേഹമായ് പ്പാലിച്ചെന്ന മാംദാനായുമായിന്ന 52

പ്രിയരഞ്ജനാൽ മോദം മനസ്സിന്നിഷ്ടം യഥാ
പ്രതി പ്രേമമാൽ[3] പ്രശ്നം നാല്പതുദിനംവരെ
ഇതിനുള്ളതിൽ നാഥൻ തന്നുടെ ഉത്ഥാനത്തെ[4]
ഉദിതം യഥാ കാട്ടി ഉറപ്പു ദത്തം സർവ്വം 56

ആ സമയത്തു് ഒരു അശരീരി കേട്ടു. 'സ്നേഹിതാ നീ ഉന്നതങ്ങളിലേയ്ക്കു കരേറുക.' ദൈവികശക്തിമൂലം നാഥയും തന്റെ ഭാവം പകർന്നു. ഈശ്വരചൈതന്യത്തിന്റേതായ ആ കാഴ്ചയിൽ ആനന്ദപൂർണ്ണയായിത്തീർന്നു. ഈ വിധത്തിൽ കുറെ സമയം അങ്ങനെ കഴിഞ്ഞു. അവ എങ്ങനെയെന്നു വ്യക്തമാക്കുവാൻ എനിക്കു വശമില്ല. ദൈവപുത്രൻ ദൈവികദാനങ്ങളായ അനുഗ്രഹങ്ങളും തന്റെ മാതാവിനു് അപ്പോൾ നൽകി.

(45_48) അതിനുശേഷം അമ്മ കൃതജ്ഞതാഭരിതരായ തന്റെ പിതൃജനങ്ങളോടും, പുണ്യവാനായ ഭർത്താവിനോടും സ്നാപകയോഹന്നാനോടും കൂടി സന്തോഷവാർത്ത പറഞ്ഞു് സന്തോഷിക്കുന്നതിനുള്ള അനുവാദം സമ്പാദിച്ചു.

(49_56) തന്റെ മാതാപിതാക്കളെ കന്യകാമറിയം കണ്ടറിഞ്ഞു് ആനന്ദിച്ചു. മറിയത്തിന്റെ അമ്മയായ അന്നയും, യോവാക്കീമും സ്നേഹമണവാളനായ യൗസേപ്പും, സ്നേഹശ്രുശ്രൂഷ ചെയ്ത യോഹന്നാൻ മാംദാനായും വന്നുചേർന്നതിലുള്ള സന്തോഷത്തോടെ മനസ്സിനിണങ്ങിയവിധം നാല്പതു ദിവസത്തെയ്ക്കു് കഴിയുവാൻ ആഗ്രഹിച്ചു. ഇതിനുള്ളിൽ തന്റെ ഉയിർപ്പിന്റെ സാക്ഷ്യം നൽകി അവർക്കെല്ലാം നാഥൻ ഉറപ്പുനൽകി.

---

1 സ്നാനൻ - യോഹന്നാൻ മാംദാന 2 തോഷിപ്പാൻ – സന്തോഷിക്കുവാൻ.
3 പ്രേമമാൽ - പ്രേമത്താൽ 4 ഉത്ഥാനം - ഉയിർപ്പു്

ഈ ചതുർദ്ദശദിനേ മരിക്കും പുണ്യാത്മങ്ങൾ
ഇപ്പുയേറിയ മോക്ഷേ നാഥനെക്കാണും വണ്ണം
എന്നപോൽ സെഹ്യോനെന്ന മന്ദിരമതിൽ തന്നെ
ചെന്നു പൂകുന്ന ആത്മമെന്നതിൽ പരിഹാരാൽ

രക്ഷനാഥന്റെ കാഴ്ച്ചയ്ക്കന്യരായീടുന്നോരും
രക്ഷനാഥയാം അമ്മതന്നുടെ അപേക്ഷയാൽ
ആയവക്കുള്ള പരിഹാരവും തീർത്തുനാഥൻ
ആയതിൽത്തന്നെ മോക്ഷകാഴ്ചയും കൊടുത്തീടും

പിന്നെയുമൊരുദിനേ അമ്മതൻ ധ്യാനസ്ഥലെ
മിന്നുന്ന മഹാകാഴ്ചകണ്ടിതു മഹാശ്ചര്യം
നിത്യനാം പിതാവും തൻ സ്നേഹറൂഹായും ശ്രുദ്ധൻ
സത്യാവതാരംചെയ്ത പുത്രനും ത്രീത്വമായി

പുത്രന്റെ കരേറ്റത്തിൻ സമീപമായ മൂലാൽ
തത്രയങ്ങെഴുന്നള്ളിയൊക്കെയും കല്പിപ്പാനായ്
വിസ്മയകാഴ്ചയിതു കണ്ടതുനേരം അമ്മ
വിസ്മയ എളിമയാൽ മൂലയിൽ സാഷ്ടാംഗമായ്

വീണുടൻ കമ്പിട്ടമ്മ ഭീതിപോൽ മുഖം ധരെ
വീണു താഴ്ത്തിക്കൊണ്ടമ്മ വന്ദിച്ചു മഹാഭക്ത്യാൽ
അന്നേരം നിത്യപിതാ കല്പിച്ചു ദൂതന്മാരും
സന്നിധൗ സിംഹാസനേ ചേർപ്പിപ്പാൻ മാതാവിനെ

(57_64) ഈ നാല്പതു ദിവസങ്ങൾക്കുള്ളിൽ മരിക്കുന്ന പുണ്യാത്മാക്കൾക്കു് തങ്ങൾ ആശയോടെ പാത്തിരിക്കുന്ന മോക്ഷത്തിൽ നാഥനെ കാണാൻ തക്കവണ്ണം അവസരം നൽകി. അതുപോലെ തന്നെ സെഹിയോൻ എന്ന മാളികയിൽ പ്രവേശിക്കുന്നവക്കെന്നപോലെ രക്ഷാനാഥന്റെ കാഴ്ച്ചു് പാത്രീഭവിക്കാത്തോർക്കും രക്ഷകയായ അമ്മയുടെ അപേക്ഷമൂലം അവക്കുള്ള പരിഹാരവും നാഥൻ തീർത്തു് അവക്കും മോക്ഷപ്രവേശനം നൽകും.

(65_68) പിന്നീടു് ഒരു ദിവസം അമ്മയുടെ ധ്യാനമന്ദിരത്തിൽ പ്രകാശം പരത്തുന്ന ഒരു കാഴ്ച്ച ആശ്ചര്യകരമാംവിധം ഉണ്ടായി. നിത്യനായ പിതാവു്, സ്നേഹമേറിയ പരിശ്രുദ്ധൻ, സത്യാവതാരം ചെയ്തവനുമായ പുത്രൻ എന്നിങ്ങനെ പരിശ്രുദ്ധ ത്രീത്വം നില കൊള്ളുന്നു.

(69_76) പുത്രനായ ദൈവത്തിന്റെ ഉയിർപ്പുമൂലം ആ സ്ഥലത്തു് ത്രീത്വം എഴുന്നെള്ളിയിരിക്കുന്നു. വിസ്മയകരമായ ഈ കാഴ്ച്ച

കേട്ടുടൻ സ്വരം മുൻപിൽ കേട്ടതുപോലെതന്നെ
കേട്ടിതു സ്നേഹതായെ മേല്പോട്ട കരേറുക
അപ്പൊഴതമ്മ ശ്രുദ്ധസന്നിധിയണഞ്ഞുടൻ
തല്പരൻ ദൈവപിതാ കല്പിച്ച മകളെ നിൻ 80

പുത്രനാം മമസുതൻ ഭ്രലോകത്തിലിപ്പോം
പുത്തനായ് സ്ഥാപിച്ചൊരു പള്ളിയാം വിശ്വാസികം
നിന്നുടെ അനുകൂലാൽ വളർന്നു പെരുകുവാൻ
നിന്നുടെയാശ്രയത്തിൽവച്ച നാമേൽപ്പിക്കുന്നു. 84

അപ്പൊഴതുടൻ ശ്രുദ്ധ റൂഹാദക്കുദശാ തൻ
പൊല്പെട്ട ദാനം ബുദ്ധിശക്തിയും ദാനംചെയ്ത
സ്നേഹമേറീടും സുതൻ തന്നുടെയിടമതായ്
സ്നേഹപത്നിയാം പള്ളി അമ്മയെ ഭരമാക്കി 88

കേട്ടുടൻ മാലാഖമാർ കൂട്ടമായവർക്കുള്ള
കോട്ടമെന്നിയെ രാജ്ഞിയെന്നവർ കാട്ടിയുടൻ

കണ്ടു വലിയ എളിമയോടെ നമ്മുടെ അമ്മ അവിടെ സാഷ്ടാംഗം വീണു കുമ്പിട്ടു. ഭീതിയോടും ക്ഷേതിയോടും ഭ്രമിയിൽ മുഖം ചേർത്തു പരിശുദ്ധത്രിത്വത്തെ അമ്മ ആരാധിച്ചു. അപ്പോഴം നിത്യപിതാവായ ദൈവം തന്റെ സന്നിധിയിലുള്ള സിംഹാസനത്തിൽ മാതാവിനെ ഇരുത്തുവാൻ സ്വർഗീയ ദൂതന്മാരോടു കല്പിച്ചു.

(77_80) മുൻപു കേട്ടതുപോലെ ഒരു സ്വരം വീണ്ടും കേട്ടു 'അല്ലയോ സ്നേഹമാതാവേ, അങ്ങു ഉന്നതങ്ങളിലേക്കു കയറുക' അപ്പോഴം പരിശുദ്ധ അമ്മ ദൈവത്തിന്റെ പവിത്രസന്നിധിയിലേക്കു ഉയർന്നു. ഉടനെ സ്നേഹം നിറഞ്ഞ പിതാവു ഇങ്ങനെ കല്പിച്ചു.

(81_84) അല്ലയോ മകളെ, നിന്റെ പുത്രനും എന്റെ സുതനുമായ മിശിഹാ ഭ്രലോകത്തു ആയിരുന്നപ്പോഴം പുതുതായി സ്ഥാപിച്ച സഭയിലെ വിശ്വാസികളെ നീ പരിപാലിക്കണം. അവർ വർദ്ധമാനമാകുവാൻ നിന്നെ ഞാൻ ചുമതലയേല്പിക്കുന്നു.

(85_88) ആ സമയത്തു പരിശുദ്ധാത്മാവു തന്റെ ദാനങ്ങളും ബുദ്ധിശക്തിയും മാതാവിനു ദാനമായി നൽകി. അവിടുന്നു സ്നേഹമേറിയ സുതന്റെ ഇടവും തന്റെ പരിശുദ്ധപത്നിയുമായ സഭയെ മാതാവിനു ഭരമേല്പിച്ചു.

സൃഷ്ടിപ്പിൻ രാജ്യം ശ്രുദ്ധപള്ളിക്ക സദാകാലം
കൂടസ്ഥൻ മാതാ പാപവാളക്ക [1] സങ്കേതവും 92

ഇങ്ങനെയുള്ള സ്ഥാനയോഗ്യതയൊക്കെത്തന്റെ
മംഗലമകൾക്കായിക്കല്പിച്ച ദൈവപ്പിതാ
വീണ്ടതൻ പുത്രൻ മോക്ഷാരോഹണ ദിനത്തിങ്കൽ
കണ്ടതൻ മാതാവിന്നും ശതവിംശതിക്കുമായ് [2] 96

എന്നതിൽ പതിനൊന്നു ശ്രീഹരും ഫൽദ്വാദശം
എന്നുള്ള ശിഷ്യർ പിന്നെ മറിയം മത്താലാസർ
മറുള്ള ഭക്തസ്ത്രീകളും വിശ്വസിച്ചുള്ള ജനം
ഉറവരെല്ലാവരും സെഹിയോനതിൽ കൂടി 100

നാഥനും തന്റെ മാതൃതന്നുടെ ബ്ലാവിൻ [3] ചേരെ
നാഥയോടൊന്നിച്ചായിപ്പുറപ്പെട്ടടൻ പാടെ
പുണ്യനാം പിതാക്കളിൽ സമൂഹം പിന്നേ ദൂതർ
പുണ്യമായ്ച്ചേർന്ന കൂട്ടം നൂറിരുപതുമത്രെ. 104

(89_92) ഇതു കേട്ട് മാലാഖമാർ അവരുടെ കൂട്ടത്തിനു് കുറവില്ലാത്ത രാജ്ഞിയായി മാതാവിനെ സ്വീകരിച്ചു. അവർ പറഞ്ഞു: പരിശുദ്ധപള്ളിയ്ക്കു് രാജ്യം സൃഷ്ടിക്കുവിൻ ദൈവമാതാവു് പാപികൾക്കു സങ്കേതമായി ഭവിക്കട്ടെ' എന്നു്.

(93_96) ഇങ്ങനെയുള്ള സ്ഥാനയോഗ്യതകളെല്ലാം തന്റെ പുണ്യപുത്രിക്കായി ദൈവപിതാവു് കല്പിച്ചു. വീണ്ടും അവിടുത്തെ പുത്രൻ സ്വർഗാരോഹണ വേളയിൽ തന്റെ മതാവിനും ഒരു നൂറ്റി ഇരുപതുപേർക്കും ദർശനം നൽകി.

(97_100) പതിനൊന്നു ശിഷ്യന്മാരും മറിയം, മത്താ, ലാസർ എന്നിവരും ഭക്തരായ സ്ത്രീജനങ്ങളും, വിശ്വാസികളും, ബന്ധുജനങ്ങളും ചേർന്നു് സെഹിയോനിലേയ്ക്കു പുറപ്പെട്ടു.

(101_104) നാഥനായ മിശിഹായും, മാതാവിന്റെ ഹൃദയത്തോടു ചേന്നു് പുറപ്പെട്ടപ്പോഴും അവരുടെ പിന്നാലെ പുണ്യപിതാക്കളും ദൈവദൂതന്മാരും ഒരുമിച്ചു വന്നു. അങ്ങനെ എല്ലാവരും ചേർന്നുള്ള ആ സമൂഹം നൂറ്റി ഇരുപതു പേരായിരുന്നു.

---

1 പാപവാളർ - പാപികൾ

2 ശതവിംശതി—ഒരുനൂറ്റിയിരുപതു്

3 ബ്ലാവു്—വിലാവു്, ഹൃദയം.

ഇങ്ങനെ ജെരുസലേം നഗരിപാതേ കൂടെ
അങ്ങരവനഷ്ടിപ്പാൻ പോരാഞ്ഞു ധൈര്യമപ്പോഴ
ഘോഷമായുള്ള പ്രദക്ഷിണംപോൽ മുമ്പിൽ സേന
ഘോഷിച്ചു പാടിക്കൊണ്ടു ശേഷമാപുണ്യന്മാരും 108

ഒക്കം മിലിത്താന്തി [1] എന്ന പള്ളിയുമതിൽ
നടുവിൽ നാഥൻ രാജൻ അമ്മയാം രാജ്ഞിസഹ
ചെന്നങ്ങു സൈത്തെന്ന മലയിൽ പുക്കശേഷം
ചേന്ന മാതാവു പുത്രൻ പാദെ സാഷ്ടാംഗം ചെയ്ത 112

കേട്ടടൻ ഒക്കമായ് പുത്രനേറയാശീർ പാദം
കേട്ടതുപോലെ ശേഷം കൂട്ടവുമടനപ്പോഴ
ഇങ്ങനെ സുവന്ദനം ചെയ്തടൻ നാഥൻ കൃപാൽ
അങ്ങവക്കനുകൂലാലാശീർവാദവും നൽകി 116

തന്നുടെ പാദത്തിന്റെ ചിഹ്നം കല്ലിൽ പതിച്ചു
തന്നുടെ ശക്തിവശാൽ പൊങ്ങിത്താൻ മന്ദം മന്ദം
എന്ന നേരത്തിൽ പുത്രനമ്മസ്സുചെയ്ത മുക്തി
മന്ദനാം മമനാവാൽ ചൊല്ലുവാൻ വശഹീനം 120

(105_108) ഇങ്ങനെ ജറുസലേം നഗരത്തിന്റെ വീഥികളിൽ കൂടി അവർ നീങ്ങിയപ്പോഴ അവക്ക ധൈര്യപ്പെടുവാൻ ആഘോഷമായുള്ള പ്രദക്ഷിണത്തിനെന്നതുപോലെ വാനവസേന മുമ്പിൽ നടന്നു. ഉറക്കെ ഗാനങ്ങഠം ആലപിച്ചുപോയ അവരുടെ പിന്നാലെ പുണ്യവാന്മാരായ ആളുകഠം സഞ്ചരിച്ചു.

(109_112) അവസാനം മിലിത്താന്തി (സമരസഭ) എന്ന പള്ളിയുടെ നടുവിലായി മിശിഹാനാഥൻ രാജ്ഞിയായ അമ്മയോടൊത്തു് സൈത്തുമലയിൽ പ്രവേശിച്ചു. അപ്പോഴ മാതാവ് തന്റെ പുത്രന്റെ പാദത്തിൽ സഷ്ടാഗനമസ്കാരം ചെയ്തു.

(113_116) പുത്രന്റെ ആശീർവാദവാക്യം അമ്മ കേട്ടു, അമ്മയെ പിൻചെന്ന ആ സമൂഹവും നാഥന്റെ ആശീർവാദത്തിനായി വന്ദനം ചെയ്തുനിന്നു. നാഥൻ കൃപയോടെ അവക്കെല്ലാം ആശീർവാദം നൽകുകയും ചെയ്തു.

(117_120) നാഥനായ മിശിഹാ തന്റെ കാൽപ്പാദത്തിന്റെ അടയാളം താഴെയുള്ള കല്ലിൽ പകർത്തിയിട്ടു് സ്വയം ശക്തിയാൽ

---

1 മിലിത്താന്തി—സമരസഭ (ഭൂമിയിൽ സമരം ചെയ്യുന്ന സഭ) ഇറാലിയൻ പദം.

എന്നശക്തിയാലമ്മേപ്പേത്തു യോഹന്നാൻ കണ്ടേ
മന്ദമായ് ധരേ വീണു താബോറിൽ യഥാവിധം
വീണ്ടമ്മ തന്റെ സ്നേഹമക്കൾ വിശ്വാസികളെ
ആണ്ടവൻ കല്പിച്ചപോൽ പാർപ്പിച്ചു സെഹിയോനിൽ 124

പാർക്ലെത്ത[1] എന്ന മൂന്നാം ദൈവാളാം തന്റെ വരം
പാത്തു ധ്യാനത്താൽപ്പത്താം നാഥവരെയതിനുള്ളിൽ
പേത്തു താനെഴുന്നെള്ളിക്കൊട്ടുത്ത ശക്തികളും
പാത്തലമെങ്ങും കേപ്പാ തന്നുടെ ശക്തികളും 128

ഒക്കെയുമിതിലെന്റെ നാവിനാൽക്കാട്ടീടുവാൻ
ഒക്കയുമില്ല[2] ഒപ്പിച്ചീടുവാൻ വശം നാസ്തി
ഇങ്ങനെ ദിനേ ദിനേ വിശ്വസിച്ചുള്ള ജനം
അങ്ങൊരു ദിനം മൂവായിരം പിന്നയ്യായിരം 132

ആകാശത്തിലേയ്ക്ക് മന്ദം മന്ദം ഉയർന്നു. ആ സമയത്തു് പുത്രൻ അമ്മയ്ക്കു നൽകിയ മുക്തി എത്രയോ ആനന്ദകരമായിരുന്നുവെന്നു് അല്പബുദ്ധിയായ എനിക്കു് വാക്കുകൊണ്ടു് പറഞ്ഞറിയിക്കാൻ ശക്തിയില്ല.

(121_124) യോഹന്നാൻ തന്റെ ശക്തിയാൽ അമ്മയെ ദർശിച്ച ഒരിക്കൽ താബോർമലയിൽ വീണതുപോലെ സാവധാനം ഭൂമിയിൽ നിപതിച്ചു. അമ്മ ആ വിശ്വാസികളെയെല്ലാം ദൈവം കല്പിച്ചതനുസരിച്ചു് വീണ്ടെടുത്തു് യോഹന്നാനെ സെഹിയോൻ മാളികയിൽ താമസിപ്പിച്ചു.

(125_130) പാറക്ലേത്താ (ആശ്വാസപ്രദൻ) എന്ന ദൈവത്തിന്റെ മൂന്നാം ആളായ പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചു് ആ സെഹിയോൻ മാളികയിൽ പത്തു ദിവസം ധ്യാനത്തിൽ മുഴുകിക്കഴിഞ്ഞു. വീണ്ടും നാഥൻ എഴുന്നെള്ളിക്കൊണ്ടു് നൽകിയ ശക്തികളും ലോകമെങ്ങും കേപ്പായ്ക്കു നൽകിയ അധികാരവും എല്ലാം എന്റെ വാക്കുകൊണ്ടു വരച്ചു കാണിക്കുവാൻ ഞാൻ പ്രാപ്തനല്ല. ചേർത്തു പറയാൻ എനിക്കു യാതൊരു കഴിവുമില്ല.

(131_140) ഇങ്ങനെ ദിനംപ്രതി വർദ്ധിച്ചുവരുന്ന ജനം ഒരു ദിവസം മൂവായിരമായിരുന്നു. പിന്നീടു് അയ്യായിരം ഇങ്ങനെ

---

1 പാർക്ലെത്ത—പരിശുദ്ധാത്മാവു് (ഗ്രീക്കു് പദം)

2. ഒക്കയുമില്ല—സാധിക്കുകയില്ല.

ഇങ്ങനെയനുദിനെ വർദ്ധിക്കും നേരത്തിങ്കൽ
അങ്ങൊരു മഹാ ദുഃഖമുണ്ടായി മുമ്പായിട്ട
അക്കലെക്കത്തിൽവച്ചു മുമ്പനാം എസ്തപ്പാനോസ്
പൊക്കമുള്ളൊരു സാക്ഷിക്കിരീടം കടിഞ്ഞൂലായ് 136

കൈക്കൊണ്ട ശേഷത്തിങ്കൽ ദുഷ്ടനാം ലൂസിപ്പേറും
ഈക്കലെക്കത്താൽ നോക്കി കൂട്ടരെ കൂട്ടീടുവാൻ
അമ്മയുമേന്നേരവും പുത്രന്റെയാട്ടിൻകൂട്ടം
ഒന്നയാൽ പാലിക്കുന്നേ എപ്പൊഴും പ്രാർത്ഥിക്കുന്നേ 140

അക്കാലം ശാവോൽ തന്റെ പൊക്കവും പഠനവും
ഒക്കെയും മുഖ്യം തന്റെ ജന്മവും ജനമാഗ്ഗ്വും
എന്നുറച്ചുടൻ ശക്തിമാഗ്രുവിനാൽ പെറ്റു
അന്നൊരു ലേഖനവും സേനയും കൂട്ടിക്കൊണ്ട് 144

ദർമ്മസോക്കതിലുണ്ടായുള്ളൊരു വിശ്വാസികൾ
ദുർമ്മതത്തിലായെന്നും ശക്തിയാൽ തിരിക്കണം
അല്ലെങ്കിൽ ശിക്ഷിക്കണം വിലങ്ങിൽ പൂട്ടീടണം
ഇല്ലാകില്ലെന്നും വച്ചങ്ങശ്വമേറിപ്പോയപ്പോൾ 148

അനുദിനം വർദ്ധിക്കുന്ന അവസരത്തിൽ അവിടെ ഒരു വലിയ ദുഃഖം ഉണ്ടായി. ഒരു വലിയ കലഹത്തിൽ വച്ച് യേശുവിന്റെ ശിഷ്യന്മാരിൽ മുഖ്യനായ എസ്തഫാനോസ് ഉന്നതമായ രക്തസാക്ഷ്യകിരീടം ചൂടി. രക്തസാക്ഷികളിൽ കടിഞ്ഞൂലെന്നവിധം അദ്ദേഹം മരിച്ച ഉടനെ ദുഷ്ടനായ ലൂസിഫറും തന്റെ കൂട്ടരെ വർദ്ധിപ്പിക്കാൻ ആ കലഹത്തിനിടയിൽ നോക്കി. അമ്മ എല്ലായ്പ്പോഴും തന്റെ ആട്ടിൻകൂട്ടത്തെ ഭംഗിയായിപ്പാലിക്കുന്നു. സദാസമയം പ്രാർത്ഥികയും ചെയ്യുന്നു.

(141_148) അക്കാലത്ത് ശാവോൽ തന്റെ ഗോത്രവും പഠനവും, സ്ഥാനവും ഉന്നതമാണെന്ന് അഹങ്കരിച്ചുകൊണ്ട് താൻ ജനങ്ങൾക്കു മാർഗ്ഗം തെളിക്കുന്നവനാണെന്നും പ്രസിദ്ധനായ ഗുരുവിന്റെ ശിഷ്യനാണെന്നും ഉറച്ചുവിശ്വസിച്ചു. ദർമ്മസോക്കിലെ ക്രിസ്തുമതവിശ്വാസികൾ എല്ലാവരും ദുർമ്മതത്തിലാണെന്നും ശക്തികൊണ്ട് മാനസാന്തരപ്പെടുന്നില്ലെങ്കിൽ അവരെ ശിക്ഷിക്കണം ചങ്ങലകളിൽ പൂട്ടിയിടണം എന്നിങ്ങനെ അദ്ദേഹം ചിന്തിച്ചു. അതിനായി ഒരു ലേഖനവും പേറി സേനയും കൂട്ടിക്കൊണ്ട് അദ്ദേഹം ആശ്വാരൂഢനായി പുറപ്പെട്ടു.

ദുഷ്ടനാം ലൂസിപ്പേറും തന്നുടെ ചാരന്മാരാം
ദുഷ്ടരായുള്ളഗണം രഹസ്യത്തുണയ്ക്കാക്കി
അമ്മയുമിതൊക്കവേ കണ്ടറിഞ്ഞതിനാലെ
നന്മയ്ക്കായ് തിരിപ്പാനായ് പ്രാർത്ഥിച്ച ദയാപുത്രം 152

കേട്ടുടൻ സ്നേഹപുത്രൻ പ്രാർത്ഥന മാതാവിന്റെ
കോട്ടമെന്നിയെകാര്യം സാദ്ധ്യമെന്നതും കാട്ടി
അപ്പൊഴതാകാശത്തിൽ നിന്നുതാൻശാവോലിനെ
അപ്പരിശോടെ തിരിച്ചുപൊട്ട യാത്രയാക്കി. 156

ചെന്നയാഹ്നപുക്ക കാര്യമൊക്കെയും ഗ്രഹിച്ചപ്പോഹ
മന്ദമായ് ബുദ്ധിബഹുസങ്കടം ഭവിച്ചേറ്റം
അമ്മയും ജരുശലേ ദുഃഖമെന്നതുമോർത്തീ
യമ്മയിൻ തിരുമുഖമെങ്ങനെ പാക്കുന്നെന്നും 160

ഇങ്ങനെശാവോലുടൻ ദുഃഖമായ്ച്ചലിച്ചപ്പോശ
അങ്ങൊരു അശരീരി ദൂതനെയയച്ചമ്മ
തീർത്തുടൻ വിഷാദവും കൈക്കൊണ്ട മാമ്മോദിസാ
ചേർത്തയാഹ് ഗുണദോഷാൽ പ്രാർത്ഥിച്ച മാതാവോടെ 164

(149_152) ദുഷ്ടനായ ലൂസിഫറും അയാളുടെ ക്രൂരസേനകളും സാവൂളിന്റെ സഹായത്തിനായി വന്നു. അമ്മ ഇതെല്ലാം കണ്ടു് സാവൂളിനെ നന്മയിലേയ്ക്കു തിരിച്ചുവിടുന്നതിനായി പുത്രനോടു പ്രാർത്ഥിച്ചു.

(153_156) സ്നേഹപുത്രനായ മിശിഹാ പ്രാർത്ഥന ശ്രവിച്ചു. തീർച്ചയായും അതു സാധ്യമാക്കാമെന്നു് ഉറപ്പു കൊടുത്തു. അവിടുന്നു് ആകാശത്തിൽനിന്നു്, നല്ല പരിചയും കൊടുത്തു് സ്നേഹപൂർവ്വം സാവൂളിനെ യാത്രയാക്കുകയും ചെയ്തു.

(157_160) അദ്ദേഹം അവിടെയെത്തി കാര്യങ്ങളെല്ലാം ഗ്രഹിച്ചപ്പോഹ അദ്ദേഹത്തിന്റെ ബുദ്ധിമങ്ങി ഏറെ സങ്കടം അനുഭവിക്കയും ചെയ്തു. അമ്മയ്ക്കു് ജറുസലേമിൽ ദുഃഖം ഉണ്ടായിരിക്കുന്നല്ലോ എന്നും അമ്മയുടെ മുഖത്തു് എങ്ങനെ ഞാൻ നോക്കും എന്നും വിചാരിച്ചു് സാവൂളിനു വിഷമം തോന്നി.

(161_164) ഇങ്ങനെ സാവൂഹ ദുഃഖിതനായി ഭവിച്ചപ്പോഹ മാതാവു് ഒരു ദൈവദൂതനെ സാവൂളിന്റെ പക്കലേയ്ക്കയച്ചു് അദ്ദേഹത്തിന്റെ ദുഃഖം ശമിപ്പിച്ചു. സാവൂളിനു് മാമ്മോദീസാ കൊടുത്തു് അയാളെ സഭയിൽ ചേർക്കയും ചെയ്തു. അദ്ദേഹം മാതാവിനോടു പ്രാർത്ഥിച്ചു.

അമ്മയുമുടൻ തന്റെ മക്കൾക്കും തുണക്കിയായം
നന്മയായ് ഭവിപ്പാനായ് പ്രാർത്ഥിച്ചുതോഷിപ്പിച്ചു
മുമ്പനാം മൂക്കോരവൻ[1] മരണശേഷമൊരു
മെത്രും നാലും മാസം കഴിഞ്ഞു നാഥൻ കാലം 168

ത്രീദശ ആറും സമപഞ്ചവിംശതീമകരം
ത്രീത്വ ഏകനിൽ ശാവോൽ ഉറച്ചുതിരിഞ്ഞിതേ
ഇങ്ങനെ പിശാചിന്റെ വീഴ്ചയെ ലൂസിപ്പേരും
അങ്ങവൻ നരകത്തിലറിഞ്ഞു കൂട്ടംകൂട്ടി 172

നമ്മുടെ വാഴ്ചയ്ക്കിപ്പോഴം തോൽവികണ്ടിടുന്നിതാ
ഇമ്മഹിമയ്ക്ക ശത്രുവാരെന്നു തിരക്കുവാൻ
നാം തന്നെ ലോകേപുക്കു ശ്രമിച്ചീടുവാൻ ദൃഢം
നമ്മുടെ നിറമുള്ള സേനാധിപന്മാരുമായ് 176

എന്നവനുറച്ചു പൊങ്ങിയാകാശ മദ്ധ്യേ
സുന്ദരനഗരിയാം ജെരുശ്ശേം നോക്കിക്കണ്ടു
കരുണുക്രോധാലവൻ അവന്റെ സിംഹാസനം
മറിഞ്ഞെന്നതുകണ്ടു തുടങ്ങിമുറിവുകം 180

(165–170) അമ്മ ഉടനെതന്നെ തന്റെ മക്കൾക്കെല്ലാം തുണയായി സാവൂം പ്രവർത്തിക്കുവാൻവേണ്ടി പ്രാർത്ഥിച്ച് പത്രോസിനെ സന്തോഷിപ്പിച്ചു. മിശിഹായുടെ മരണം കഴിഞ്ഞ് പതിമൂന്ന് മാസത്തിനുശേഷം ക്രിസ്തുവർഷം 36 മകരമാസം ഇരുപത്തഞ്ചാം തീയതി ഏക ത്രിത്വ സർവേശ്വരനിൽ സാവൂം ഉറപ്പോടെ വിശ്വാസം സ്വീകരിച്ചു.

(171–178) ഇങ്ങനെ പിശാചിനുണ്ടായ വീഴ്ചയെ ലൂസിഫറും കൂട്ടരും അറിഞ്ഞ് നരകത്തിൽ യോഗം ചേർന്നു. നമ്മുടെ ഭരണത്തിനു് ഇതാ തോൽവി കണ്ടുതുടങ്ങുന്നു. നമ്മുടെ മഹിമയ്ക്ക് ശത്രുവാരെന്നു് മനസ്സിലാക്കാൻ നാം തന്നെ ലോകത്തിലേയ്ക്കു ചെല്ലുവാൻ തീർച്ചയായും ശ്രമിക്കും. സമർത്ഥരായ നമ്മുടെ സേനാധിപന്മാരേയും കൂടെ ചേർത്തുകൊണ്ടായിരിക്കും പോകുന്നതു്. എന്നിങ്ങനെയെല്ലാം പറഞ്ഞിട്ട് ലൂസിഫർ ആകാശത്തിൽ ഉയർന്നു. അവൻ സുന്ദര നഗരമായ ജറുസലേമിനെ നോക്കി അവിടെ നടക്കുന്നതെല്ലാം കണ്ടു.

(179–188) ലൂസിഫർ ക്രോധംകൊണ്ട് നിലവിളിച്ചു. അവന്റെ സിംഹാസനം മറിഞ്ഞുവീണിരിക്കുന്നുവെന്നു കണ്ടു മുറിവുകം

---

1 മുമ്പനാം മൂക്കോരവൻ—പത്രോസ്.

ഹേറോദേസ് ഗുരുക്കളുമായുള്ള ജനങ്ങളിൽ
മാറാതെ ക്രോധം പൂകിച്ചവരാൽ കൊലചെയ്ക
നരനാം യേശുവിൻെറ ശിഷ്യരാലിത്ര ശക്തി
നകരീൽ[1] നടക്കുന്നതെത്രയും ഹീനംതന്നെ

എന്നുള്ള ദുഷ്ടബുദ്ധി കടത്തി തുടങ്ങിയാ
നിന്ദകളും വിലങ്ങുകളും നല്ലവക്തിദുഃഖം
ഇതിനാൽ സ്നേഹസുതനമ്മയോടറിവിച്ചു
സ്വാധീനമിസ്സുമായ അപ്പേസോസ്സുതിൽ പോവാൻ

എളിമയിൽ നാഥതൻെറ മനസീശിഷ്യൻ പക്കൽ
ചൊൽവിളി നിമിത്തമായ് വഴക്കി സമ്മതിച്ചു
പോകുവാനുള്ളയാത്ര യോഹന്നാൻ കൂട്ടംനേരം
വേഗമായ് രക്ഷനാഥൻ കാണപ്പെട്ടരുൾചെയ്ക

എപ്പോസിനുള്ളയാത്രയെന്നതിൻ മുമ്പിൽതന്നെ
എസ്പാന്യയതിലെഴുന്നെള്ളിത്തൻ ശിഷ്യയാക്കോ
സക്കോസിലിരിക്കയാൽ അയാളെ കണ്ടതൻെറ
സഞ്ചാരമവിടത്തിൽ ചെയ്യിപ്പിച്ചതിൻശേഷം

അവനിലേറ്റു. ഹേറോദേസ് രാജാവു് പുരോഹിതപ്രമാണികളിൽ ക്രോധം ജനിപ്പിച്ചു് അവരാൽ കൊല ചെയ്യിച്ച ക്രീസ്തുവിൻെറ ശിഷ്യന്മാരുടെ ശക്തി മൂലമാണ് ജറുസലേം നഗരത്തിൽ ഇതെല്ലാം സംഭവിക്കുന്നതു്. ഇതു് എത്രയും ഹീനമായിരിക്കുന്നു എന്നു ചിന്തിച്ച അവൻെറ ദുഷ്ടബുദ്ധി ഒരുക്കിയ നിന്ദകളും വിലങ്ങുകളും നല്ല ആളുകൾക്കു് അപാരമായ ദുഃഖം പ്രദാനം ചെയ്തു. തന്മൂലം മാതാവിനോടു് സ്നേഹപുത്രനായ മിശിഹാ സ്വാധീനസമ്പാദ്യമാകുന്ന എഫേസൂസിലേയ്ക്കു പോകുവാൻ അറിയിച്ചു.

(189–192) വിനയത്തോടുകൂടി മാതാവു് സാവൂളിനോടു് അവിടെപ്പോകുവാനുള്ള നിർദ്ദേശം അനുസരിക്കണമെന്നു് പറഞ്ഞു മനസ്സിലാക്കി. അവിടേക്കു പോകുവാൻ യോഹന്നാനോടുകൂടി ഒരുങ്ങുമ്പോൾ പെട്ടെന്നു് രക്ഷാനാഥനായ മിശിഹാ അവർക്കു കാണപ്പെട്ടു് ഇങ്ങനെ പറഞ്ഞു:

(193–200) എഫേസൂസിനുള്ള യാത്രയ്ക്കു മുമ്പിലായി ഇസ്പാനിയായിലേയ്ക്കു പോകണം. അവിടെ യാക്കോബ്യശ്രീഹാ വസിക്കുന്നുണ്ടല്ലോ. അദ്ദേഹത്തെ കാണണം. അദ്ദേഹത്തോടു് ജറുസലേം

---

1 നകരീൽ—നഗരിയിൽ എന്നു് പാഠഭേദമുണ്ടു്.

ഇതുശ്ശേം നഗരിയിൽ വന്നുമുമ്പിനാലിയാം
ശിരസ്സു നമുക്കായിച്ചേദനം ചെയ്യീടണം
നാഥന്റെ തിരുവാക്യം കേട്ടടൻതികപ്പാനായ്
നാഥയും വട്ടംകൂട്ടി കമ്പിട്ടസ്വപുത്രനെ

ക്ഷണത്തിൽതന്റെകാവൽ ദൂതരാം മാലാഖമാർ
ക്ഷിതിയിൽകാണാത്തുള്ള ശോഭിതമേഘത്തേരിൽ
മോക്ഷരാജ്ഞിയെക്കേറി കൂട്ടമായ്മേൽഭാഗേന
മോക്ഷരാഗങ്ങൾപാടിക്കൊണ്ടവർ ക്ഷണംകൊണ്ട്

സർക്കോസിലെത്തിമാതാ ശ്രീഹായെകണ്ടതന്റെ
പുത്രന്റെ തിരുവുള്ളമൊക്കെയും കേൾപ്പിച്ചപ്പോൾ
ദൈവദൂതരുമടനത്ഭുതാങ്കണമതിൽ
ദൈവമാതാവിൻ ചിത്രരൂപവും സ്ഥാപം ചെയ്തു

വീണ്ടുമുപള്ളിയായിട്ടെത്രയും നന്മഗ്രണം
ആണ്ടവനവർതാൻ നടത്തി ബഹുശക്തി
അമ്മയ്ക്കുമമ്പത്തുനാല് വയസ്സും മൂന്നുമാസം
ചെന്നപ്പോളീവന്ദന നടത്തീതന്റെ പുത്രൻ

നഗരിയിലേയ്ക്കു പുറപ്പെടാൻ കല്പിക്കണം. അവിടെവച്ച് യാക്കോബ് തന്റെ ശിരസ്സ് എനിക്കുവേണ്ടി അർപ്പിക്കണമെന്നു പറയണം. നാഥന്റെ കല്പന മാതാവു കേട്ടിട്ട് അതു നിർവഹിക്കുവാൻ തയ്യാറാവുകയും സ്വപുത്രനെ കുമ്പിട്ടു ആരാധിക്കയും ചെയ്തു.

(201_208) തൽക്ഷണം കാവൽ ദൂതന്മാരായ മാലാഖമാർ ലോകത്തിൽ കാണാൻ കഴിയാത്ത പ്രകാശമാനമായ മേഘത്തേരിൽ മോക്ഷരാജ്ഞിയെ കയറി കൂട്ടം ചേർന്നു സ്വർഗ്ഗീയഗാനങ്ങൾ പാടി നിമിഷംകൊണ്ട് സാർക്കോസിൽ എത്തി. യാക്കോബുശ്ലീഹായെക്കണ്ട് തന്റെ പുത്രന്റെ ഇംഗിതമെല്ലാം അറിയിച്ചു. അത്ഭുതകരമായ ആ അങ്കണത്തിൽ ദൈവദൂതന്മാർ ദൈവമാതാവിന്റെ ചിത്രം സ്ഥാപിച്ചു.

(209_212) പിന്നീട് ആ സ്ഥലം ഒരു ദേവാലയമായി മാറി. ദൈവം തന്റെ അതുല്യമായ ശക്തിയാൽ അവർക്കെല്ലാം വലിയ മനോഗ്രണങ്ങൾ ചെയ്തുകൊടുത്തു. ദൈവമാതാവിനു അമ്പത്തിമൂന്നു വയസ്സും മൂന്നുമാസവും പ്രായം ഉണ്ടായിരിക്കേ ബഹുമാനം സ്വപുത്രൻ നൽകി ആദരിച്ചു.

അപ്പോലെതന്നെയുടൻ ജരുശ്ശേം നഗരിക്കാർ
അപ്രഭാമേഘത്തേരാൽ തിരിഞ്ഞുക്ഷണംകൊണ്ട്
എത്തിയഉടൻതന്നെമാപുത്രൻ യോഹന്നാനും
കല്പനകൊടുത്തെപ്പെസ് യാത്രയ്യാസ്ഥാക്കവാൻ 216

കേട്ടൊരുവിശ്വാസികളും കൂട്ടമായ്പ്പലകാഴ്ച
കോട്ടമില്ലാതെ വഴിയാത്രയ്യായണച്ചുടൻ
ദരിദ്രയായോരമ്മയൊന്നുമേ കൈയ്യേൽക്കാതെ
ദരിദ്രക്കുത്തോരുവാഹനം മാത്രമേറ്റു 220

സെഹിയോൻ പദ്രോനയെയേൽപ്പിച്ചു യാത്രചൊല്ലി
സ്നേഹപുത്രന്റെ കൂട്ടാൽ നാവതിൽ പുക്കമാതാ
സമുദ്രമദ്ധ്യേയാത്ര കഴിക്കുന്നതുനേരം
സമുദ്രതാരമമ്മ സമസ്തസൃഷ്ടിപ്പിനും 224

ഇതിനാൽകടലുള്ളിലടങ്ങും മത്സ്യാദികളും
ഉദിതമനസ്സോടെയിരുഭാഗവുംകൂടി
ചെറുതും വലിയതും തരങ്ങളൊക്കെക്കൂടി
ഗർവ്വ ദ്വേഷങ്ങളും നിക്കിയടുത്തുതടുക്കുമ്പോൾ 228

(213_216) അതുപോലെ തന്നെ ജറുസലേം നഗരിയിൽ പ്രഭാപൂർണ്ണമായ മേഘത്തേരിലേറി ക്ഷിപ്രവേഗത്തിൽ അവർ എത്തിയ ഉടനെ എഫേസൂസിലേയ്ക്ക് യാത്ര തിരിക്കുവാൻ യോഹന്നാനോടും മിശിഹാ കല്പിച്ചു.

(217_220) ഇവയെല്ലാം കേട്ടറിഞ്ഞെത്തിയ വിശ്വാസികളും കൂട്ടം ചേർന്ന് ഭംഗിയായി അവരെ വഴിയാത്രയ്യയയ്ക്കാൻ അനേകം കാഴ്ചകളുമായി എത്തി. ദരിദ്രർക്കുതകുന്ന ഒരു യാത്രാവാഹനമല്ലാതെ മറെറാന്നും ദരിദ്രയായ ആ അമ്മ കൈക്കൊണ്ടില്ല.

(221_224) സെഹിയോൻ മാളിക പദ്രോനായെ ഏല്പിച്ചതിനുശേഷം അവരോടെല്ലാം യാത്ര പറഞ്ഞ് സ്നേഹപുത്രനായ യോഹന്നാനോടുകൂടി ഒരു നൗകയിൽക്കയറി. സമുദ്രത്തിന്റെ നടുവിൽകൂടി യാത്ര കഴിയുന്ന സമയത്ത് അവം സമുദ്രതാരവും സമസ്തസൃഷ്ടികളുടെയും മാതാവുമാണ് എന്നത് മത്സ്യങ്ങളും മനസ്സിലാക്കി.

(225_228) തന്മൂലം കടലിലുള്ള മത്സ്യാദിജീവികളും വിടർന്ന മനസ്സോടെ നൗകയ്ക്ക് ഇരുഭാഗത്തുംകൂടി നിരന്നു. അങ്ങനെ ചെറുതും വലുതുമായ മീനുകളും അഹങ്കാരവും വിദ്വേഷവും മറന്ന് അടുത്തുവന്ന നൗക തടഞ്ഞുനിന്നു.

തലകൾപൊക്കിക്കൊണ്ടാ ജലത്തിൻ മീതെനീട്ടി,
തലയാമവരുടെ രാജ്ഞിയെക്കാണ്മാൻമോദാൽ
ഇങ്ങനെ മുമ്പിൽക്കണ്ടിട്ടില്ലാത്തപലതരം
ഭംഗിയേറീടും ബഹുമീൻതരങ്ങളെക്കണ്ടു 232

കപ്പലിലുള്ളജനം സാരത്തെഗ്രഹിക്കാതെ
ഇപ്പെരിമയെന്തെന്നും തോഷിച്ചുംഭയമോടും
ഈ ബഹുകൂട്ടം ചിലതെത്രയുമുരുതരം
ആ മഹാ പടവിനെ[1] മുമ്പോട്ടും വിടുന്നില്ല. 236

എന്നിതൊക്കെയുംകണ്ട പുത്രനാം യോഹന്നാനും
നന്ദിയെഗ്രഹിച്ചടറാണഞ്ഞു മാതൃപക്കൽ
അമ്മയെനിന്നെക്കണ്ട മോദത്താൽ കടൽജനം
ഒന്നെയിൽക്കൂടിനിന്നെറ വാഴ്വൊക്കെക്കൊള്ളുവാൻ 240

വേഗത്തിൽ പാർത്തീടണം കൊടുത്തീടണംവാഴ്വും
ഭാഗത്തിൽനിന്നല്ലെങ്കിൽ പിരികയില്ലാദ്ധ്വം
വെള്ളത്തിലുള്ള വർഗ്ഗമൊക്കെയും കൂടിക്കൊണ്ടു
തള്ളുന്നവിധം കപ്പൽ നടത്തുന്നില്ലായിവർ 244

(225–236) അവ ശിരസ്സുകൾ പൊക്കിക്കൊണ്ട് ജലത്തിന്റെ മീതെ തങ്ങളുടെ ശിരസ്സായിട്ടുള്ള മോക്ഷരാജ്ഞിയെക്കാണാൻ സന്തോഷത്തോടെ കൂട്ടം ചേർന്നുനിന്നു. ഇങ്ങനെ, മുൻപൊരിക്കലും കണ്ടിട്ടില്ലാത്ത വിവിധ തരത്തിലുള്ള മീനുകൾ നില്ക്കുന്നതു കണ്ടിട്ട് ഇതിന്റെ സാരമെന്തെന്നു കപ്പലിലുള്ളവർ മനസ്സിലാക്കിയില്ല. ഈ വലിയ അത്ഭുതം എന്തെന്നറിയാതെ അവർ സന്തോഷിച്ചും എന്നാൽ സംഭീതരായും നിലകൊണ്ടു. ഈ മത്സ്യസഞ്ചയത്തിലെ ചിലതു് വളരെ വലിപ്പമുള്ളതായിരുന്നു. അവ നൗകയെ മുന്നോട്ടോ പിന്നാട്ടോ വിട്ടിരുന്നില്ല.

(237–244) ഇതെല്ലാം ദർശിച്ച സ്നേഹപുത്രനായ യോഹന്നാൻ ഈ കൃതജ്ഞതാ പ്രകടനത്തെ മനസ്സിലാക്കി മാതാവിന്റെ സമീപമണഞ്ഞു. അല്ലയോ അമ്മേ, നിന്നെ കണ്ടിട്ട് ഭംഗിയോടും, സന്തോഷത്തോടുംകൂടി കടലിലെ ജീവികളും നിന്റെ ആശീർവാദം നേടുന്നതിനു് അടുത്തുകൂടിയിരിക്കുകയാണു്. എത്രയും പെട്ടെന്നു് ഇവരിൽ നീ കനിയണം. ഇവക്കു് ആശീർവാദം കൊടുക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഈ മത്സ്യജാലം ഇവിടെനിന്നു പിരിഞ്ഞുപോവുക

---

1 പടവു്—കപ്പൽ

കേട്ടടനമ്മതന്റെ തൃക്കൈകൾപൊക്കിക്കൊണ്ട്
കൂട്ടത്തിൽപെട്ടണയാ കൊടുത്തങ്ങാശീർവാദം
അപ്പൊഴതെല്ലാംകൂടെ വെക്കമായ് തലപൊക്കി
അപ്പരിശോടെ താഴ്ത്തി വന്ദനം ചെയ്തശേഷം 248

തെളിഞ്ഞങ്ങവരുടെ സ്ഥലങ്ങൾക്കായിക്കൊണ്ട്
തെളിവോടടൻപിരിഞ്ഞകന്ന ക്രമംയഥാ
വേഗമായ് പ്രത്യക്ഷത്താൽ എത്തിയങ്ങപ്പോസതിൽ
ദാരുണാൽ ജരുസലേം പിരിഞ്ഞവിശ്വാസികൾ 252

മോദമോയറിഞ്ഞുടനെത്തി മാതാവിൻപക്കൽ
ദാഹമായ്കേതാദികൾ കാഴ്ചവെച്ചമ്മസ്സായി
താഴ്ചയെത്തേടീടുന്ന അമ്മയുമതിലൊരു
താഴ്മയുള്ളൊരുവീടും കൈക്കൊണ്ടുതനിക്കായി 256

എന്നതിൽതാനും ജോണും പുക്കതിലൊരുചെറു
മന്ദിരംതനിക്കുമായ് മറൊന്നുയോഹന്നാനും
ഇങ്ങനെയിരിക്കയിൽ എസ്പാനിയായിൽനിന്നും
മംഗലൻസൗദിപുത്രൻ യാക്കോവുംവന്നുകണ്ടു. 260

യില്ല. വെള്ളത്തിലുള്ള ജീവജാലങ്ങളെല്ലാം ഒരുമിച്ചുചേന്ന തടഞ്ഞു നിറുത്തുന്നതുകൊണ്ട് കപ്പൽ മുന്നോട്ട് നയിക്കുവാൻ കപ്പൽകാക്കു കഴിയുന്നില്ല.

(245–250) യോഹന്നാന്റെ വാക്കുകൾ കേട്ടിട്ട് മാതാവു തന്റെ കരങ്ങൾ ഉയർത്തി ആ ജലജീവി സമൂഹത്തിനു ഭംഗിയായി ആശീർവാദം നൽകി. ആ സമയത്തു് അവയെല്ലാം വേഗം തല ഉയർത്തി സാമർത്ഥ്യത്തോടെ വീണ്ടും തല താഴ്ത്തി മാതാവിനു വന്ദനം ചെയ്തശേഷം സന്തോഷപൂർവ്വം അവരവരുടെ സ്ഥലങ്ങളിലേയ്ക്കു ക്രമമായിപ്പോയി.

(251–260) എത്രയും വേഗം അവർ എഫേസോസിൽ എത്തി. ജറുസലേത്തുനിന്നു പിരിഞ്ഞു പോന്നിരുന്ന വിശ്വാസികളെ നേരിട്ടു കണ്ടു. അവർ ഉടനെ ഓടിയെത്തി. മാതാവിനായി താല്പര്യത്തോടെ വീടുകളും മറ്റും കാഴ്ചവച്ചു. ഏറ്റവും വിനീതമായിപ്പെരുമാറുന്ന മാതാവു് താഴ്മയോടുകൂടി ഏറ്റവും താണതരത്തിലുള്ള ഒരു വീടു് സ്വീകരിച്ചു് അതിൽ പ്രവേശിച്ചു. ഒരു ചെറിയ വീടു് യോഹന്നാനും നൽകി. ഇങ്ങനെ കഴിയവേ ഇസ്പാനിയായിൽനിന്നു് സ്നേഹപുത്രനായ യാക്കോബു് വന്നുചേർന്നു.

നാഥയെകമ്പിട്ടയാം സ്തുതിച്ചുതൻറെദയാൽ
നാഥനാൽ ലഭിച്ചെന്ന നന്മസർവത്തിനായി
വീണ്ടുയാം തൻറെമക്കൾ രക്ഷക്കായ് എസ്പാഞ്ഞയിൽ
ആണ്ടവൻ ചിത്തംയഥാ അനുഷ്ഠിച്ചെന്നശേഷം

അമ്മയിന്നരികത്തിൽ വരുത്തി ദയചിത്തെ
ഒന്നയാലറിവിച്ചു ഗുരുവിൻ തിരുച്ചിത്തം
കേട്ടടൻ അമ്മ മുമ്പിൽ സാഷ്ടാംഗം ചെയ്തഭക്ത്യാ
കോട്ടമെന്നിയെ നടത്തീടുവാൻ സഹായവും

നീ തുണചെയ്തീടണം തരണം ധൈര്യം മമ
നീയണഞ്ഞീടണമെ മരണസമയത്തിൽ
എന്നയാം കണ്ണീർ വാർത്തു പ്രാർത്ഥിച്ചശേഷമമ്മ
നന്ദിയാൽത്തണുപ്പിച്ച കൈക്കൊണ്ടു ഇഷ്ടംയഥാ

എന്നതിൻവണ്ണംതന്നെ വേഗത്തിൽ ജരുശലം
മന്ദിരേ പുക്കു ദുഷ്ടൻ ഹേറോദേസ് ഠാണക്കളാൽ[1]
പുണ്യനു പിടിപെട്ട വിലങ്ങിൽ പൂട്ടപ്പെട്ട
തണ്യരാം[2] യൂദകുലം തോഷിപ്പാനിതിന്നായി

(261_268) യാക്കോബ് മാതാവിനെ കമ്പിട്ട വണങ്ങി. മാതാവിൻറെ കാരുണ്യംമൂലം തനിക്കു ലഭിച്ച സർവനന്മകൾക്കുമായി അവളെ സ്തുതിച്ചു. അയാളെ ഇസ്പാനിയായിലയച്ച തൻറെ ആത്മീയ സുതർക്കു രക്ഷപകർന്നു ദൈവചിത്തം നിർവഹിച്ചശേഷം വീണ്ടും അരികിൽ വരുത്തി. ദൈവമാതാവു അയാളോടു നന്നായി പുത്രൻറെ തിരുവിഷ്ടം അറിയിച്ചു. അതുകേട്ടു യാക്കോബ് ആ മാതാവിൻറെ മുമ്പിൽ ഭക്തിയോടെ സാഷ്ടാംഗം പ്രണമിച്ചു. ദൈവ തിരുമനസ്സു ഭംഗമില്ലാതെ നടത്തുന്നതിനുള്ള സഹായം അപേക്ഷി ക്കുകയും ചെയ്തു.

(269_272) അമ്മേ, നീ എനിക്കു സഹായം ചെയ്യണം ധൈര്യ വും പകരണം. എൻറെ രക്തസാക്ഷ്യ സമയത്തു എനിക്കു കൂട്ടായി വരണം. ഇങ്ങനെ കണ്ണീർ പൊഴിച്ചുകൊണ്ടു യാക്കോബ് അപേ ക്ഷിച്ചപ്പോൾ അയാളെ സാന്ത്വനപ്പെടുത്തി ആഗ്രഹം നിർവഹിച്ചു കൊടുക്കാമെന്നു അറിയിക്കുകയും ചെയ്തു.

(273_278) അതനുസരിച്ചു യാക്കോബ് വേഗം ജറുസലേമി ലേയ്ക്കുപോയി. ഹേറോദേസിൻറെ തടവറയിൽ അയാൾ എത്തുകയും

---

1 ഠാണക്കൾ—സൈന്യങ്ങൾ 2 തണ്യർ—ദുഷ്ടന്മാർ

ദുഷ്ടനാം ആഗ്രീപ്പോസും കല്പിച്ചു ശിരച്ഛേദം
ശിഷ്ടനാം യാക്കോവിനെ നടത്തി കൊലസ്ഥലേ
അപ്പോഴതുടൻ രക്ഷാനാഥൻ തൻ മാതൃപക്കൽ
എപ്പേസിന്നയച്ചൊരു ദേവദൂതനാൽ തന്റെ

ശിഷ്യനാം യാക്കോവിന്റെ മരണമറിയിച്ചു
ശീഘ്രമായിഷ്ടം യഥാതാൻതന്നെ ചെന്നീടുവാൻ
ശിഷ്ടനാം ദൂതൻ മുൻപോൽ മേഘത്താൽ മാതാവിനെ
ശിഷ്യാശ്വാസത്തിന്നായി എഴുന്നള്ളിയമ്മയും

മൃത്യുവിൻ നേരത്തിങ്കൽ ശക്തിയെക്കൊടുത്തുടൻ
മൃത്യുശേഷത്തിലാത്മാം താൻ തന്നെ തേരിലേറ്റി
പുത്രന്റെ സമീപത്തിൽ ചേർത്തുടനാത്മാവിനെ
ശത്രുവിൽനിന്നുദേഹം രക്ഷിപ്പാൻ ശിഷ്യരേയും

ദൂതനാൽത്തന്നെ മാതാവറിയിച്ചതും ദൃഢം
നാഥന്റെ കാലം നാൽപത്തെട്ടതിൽ മീനംതന്നിൽ
തന്നുടെ അറിയിപ്പാൽ ജറുശ്ലേം തന്നിൽനിന്നു
മുന്നമായ് പുറപ്പെട്ടസമം അഞ്ചേഴാംമാസം

മുമ്പനായ് ശിഷ്യരതിൽ മൂടിയെ പ്രാപിച്ചതാൻ
മുന്നമായ് സാക്ഷിതവും വച്ചിയാഹം സകലർക്കും
എങ്കിലും ദുഷ്ടപ്പിശാചിന്നുടെ തട്ടിപ്പുകം
ശങ്കയില്ലാതെ സ്ഥലേ പെരുകിയെന്നു കണ്ടു

ചെയ്തു. ദുഷ്ടന്മാരായ യൂദന്മാരുടെ കൂട്ടത്തിനു് സന്തോഷം ഉണ്ടാകത്തക്കവിധം യാക്കോബു് വിലങ്ങുകളാൽ ബന്ധിതനായി. ദുഷ്ടനായ അഗ്രിപ്പോസു് ശിഷ്ടനായ യാക്കോബിനെ ശിരച്ഛേദം ചെയ്യുവാൻ കല്പിച്ചു. അയാളെ വധസ്ഥലത്തേയ്ക്കു് ആനയിച്ചു.

(279–296) അപ്പോഴും രക്ഷാനാഥനായ മിശിഹാ എഫേസോസിലേയ്ക്കു് ഒരു ദൂതനെ അയച്ചു് യാക്കോബിന്റെ മരണവാർത്ത മാതാവിനെ അറിയിച്ചു. എത്രയും വേഗം അവിടെ എത്തണമെന്നാണു് തന്റെ ഇഷ്ടം എന്നും വ്യക്തമാക്കി. നല്ലവനായ ആ ദൈവദൂതൻ അതിശീഘ്രം മേഘമാർഗത്തിലൂടെ മാതാവിന്റെ പക്കലെത്തി. ശിഷ്യനെ ആശ്വസിപ്പിക്കുന്നതിനായി മാതാവു് എഴുന്നെള്ളി. മരണസമയത്തു് അയാൾക്കു് മാതാവു് ശക്തിപകർന്നു. മൃത്യുവിനുശേഷം അയാളുടെ ആത്മാവിനെ ദൈവമാതാവുതന്നെ തേരിലേറ്റി പുത്രന്റെ സന്നിധിയിലെത്തിച്ചു. ശത്രുക്കളിൽനിന്നു്, അയാളുടെ മൃതദേഹം രക്ഷിക്കുന്നതിനു് ശിഷ്യന്മാരെ ദൈവദൂതന്മാർ വഴിയായി

അമ്മയും മുട്ടിപ്പാലെ പ്രാർത്ഥിച്ചു പിശാചിനെ
ആംബരമതിൽ നിന്നു താഴ്ത്തിയാപ്പാതാളത്തിൽ
വീണ്ടുമങ്ങപ്പേസതിൽ തന്നുടെ സ്നേഹപുത്രൻ
ആണ്ടിരിക്കുന്ന സ്ഥലേ എത്തിയെന്നതിൻവണ്ണം 300

അന്നേരം പത്രോസിനെ ഹേറോദേസ് പിടിപ്പിച്ചു
അന്നുള്ള യൂദന്മാർക്കങ്ങിഷ്ടമാംവണ്ണംപൂട്ടി
എന്നതും മാതാകണ്ടു തന്നുടെ ദൂതൻതന്നെ
അന്നവിടത്തിലയച്ചഴിച്ചു കേപ്പായെയും 304

ഇങ്ങനെ എഫ്പേസതിൽ പാക്കയിലവിടത്തിൽ
എങ്ങുമില്ലാത്തവണ്ണമുണ്ടൊരു മഹാക്ഷേത്രം
ദിയാനാ, എന്ന ദേവി - നാമവും ചൊല്ലിക്കൊണ്ടു
ദാസികളായി ബഹുകന്നികയും ഭജനവും 308

ബ്രഹ്മചാരിണികളായ് പ്രസിദ്ധം ജനങ്ങൾക്കും
ബ്രഹ്മമല്ലതിന്നുള്ളിൽ ക്കള്ളങ്ങും മഹാകഷ്ടം
കണ്ടിരിക്കുന്ന നാഥയെത്രയും മഹാ ദുഃഖാൽ
കണ്ഠിതമായിക്കണ്ട പുത്രനെ മഹാഭക്ത്യാൽ 312

മാതാവ് അറിയിക്കയും ചെയ്തു. ക്രിസ്തുവർഷം നാല്പത്തെട്ട് മീന മാസത്തിൽ മാതാവിന്റെ അറിയിപ്പനുസരിച്ച് ജറുസലേമിൽനിന്ന് പുറപ്പെട്ട് ഏഴാംമാസത്തിലെ അഞ്ചാം തീയതിയിൽ യാക്കോബ് മറ്റു ശ്ലീഹന്മാർക്കെല്ലാം മുമ്പനായി രക്തസാക്ഷ്യമടി സ്വീകരിച്ചു. ഇനിയും പിശാചിന്റെ തട്ടിപ്പുകൾ സങ്കോചമില്ലാതെ പെരുകി വരുന്നതായി ദൈവമാതാവ് കണ്ടു.

(297-304) മാതാവ് നിരന്തരം പ്രാർത്ഥിച്ച് പിശാചിനെ ആകാശത്തിൽനിന്നും താഴെ പാതാളത്തിലേയ്ക്കു വീഴ്ത്തി. വീണ്ടും എഫേസോസിൽ സ്നേഹപുത്രനായ യോഹന്നാൻ വസിക്കുന്ന സ്ഥലത്തു എത്തിച്ചേർന്നു. അപ്പോൾ ഹേറോദേസ് പത്രോസിനെ പിടിപ്പിച്ച് അദ്ദേഹത്തോടൊത്തുള്ള യൂദന്മാരെ സന്തോഷിപ്പിച്ചിരിക്കുന്നുവെന്നു മാതാവ് അറിഞ്ഞു. മാതാവു ഒരു ദൈവദൂതനെ അവിടേയ്ക്കയച്ച് കേപ്പായെ ബന്ധനമുക്തനാക്കി.

(305-312) ഇങ്ങനെ എഫേസോസിൽ മാതാവ് താമസിക്കുന്ന വേളയിൽ മറ്റൊങ്ങുമില്ലാത്ത മട്ടിലുള്ള ഒരു മഹാക്ഷേത്രം അവിടെയുണ്ടായിരുന്നു. അവിടെ ദിയാനാദേവിയുടെ നാമവുംചൊല്ലി ദാസികളായി അനേകം തരുണികളും ഭജനം നടത്തിയിരുന്നു. അവർ

കേട്ടടൻ നാഥൻ മേയൽ കല്പിച്ച ചിത്തം യഥാ
കോട്ടമെന്നിയെ ചെയ്പാൻ മുഷ്ക്കരം [1] കൊട്ടത്തുടൻ
കല്പിച്ച മാതാ തന്റെ ദൂതരിലൊരുത്തനെ
കെല്പൊടെയൊരു രാവാൽ മറിച്ചുസമസ്തവും 316

അശ്രദ്ധരായ നാരീജനങ്ങളതിൻ കീഴേ -
അശേഷം പെട്ട നവം നിഷ്ക്കളങ്കകളെന്യെ
എന്നവരുടൻ മാതാ സന്നിധി ചേർന്നുകൊണ്ട്
അന്നവിടത്തിൽ മാതാ വളർത്തിയിവരെയും 320

മറ്ററുപത്തിനാലു പെൺപൈതങ്ങളെയമ്മ
മറ്റവർക്കേല്പിക്കാതെ താൻ തന്നെ പഠിപ്പിച്ച
ഇങ്ങനെ സപ്തദശം മൂന്നുമാം പൈതങ്ങളിൽ
അംഗനകളും മികയും കന്നികകൾതന്നെ ദൃഢം 324

ബ്രഹ്മചാരികളായി അറിയപ്പെട്ടിരുന്നെങ്കിലും അതിൽ സത്യത്തിന്റെ അംശംപോലും ഇല്ലായിരുന്നു. കള്ളത്തരങ്ങൾ ചെയ്തു് കഷ്ടതരമായി നടക്കുകയും ചെയ്തിരുന്നു. ഇതെല്ലാം കണ്ടു് ദൈവമാതാവു് ഏറെ ദുഃഖിച്ചു. ഭക്തിയോടുകൂടി സ്വന്തംപുത്രനോടു് മാതാവു് പ്രാർത്ഥിച്ചു.

(313_320) മാതാവിന്റെ പ്രാർത്ഥന പുത്രൻ ശ്രവിച്ചു. കാരുണ്യത്തോടെ മാതാവിന്റെ ഇഷ്ടം ഭംഗമെന്യേ നടത്താൻ കല്പിക്കയും അതിനുള്ള ശക്തി പ്രദാനം ചെയ്കയും ചെയ്തു.

മാതാവു് ദൈവദൂതന്മാരിലൊരാളെ വിളിച്ചു കല്പന കൊടുത്തു. ഒരു രാത്രിയിൽ ആ ദൂതൻ അവിടെയെത്തി ബലമായി എല്ലാം തട്ടി മറിച്ചിട്ടു് അവിടെ വസിച്ചിരുന്ന അശ്രദ്ധരായ സ്ത്രീജനങ്ങളെല്ലാം തകർന്ന ക്ഷേത്രത്തിന്റെ കീഴിൽ വീണു് നിശ്ശേഷം നശിച്ചു. അവരിൽ നിഷ്കളങ്കരായ ഒൻപതു കന്യകകളൊഴിച്ചു് എല്ലാവരും മരിച്ചു. ഒൻപതുപേരെയും മാതാവു് തന്റെ പക്കൽ ചേർത്തു് തന്നോടു് കൂടി വളർത്തി പരിപാലിക്കയും ചെയ്തു.

(321_328) മറ്റു് അറുപത്തിനാലു് പെൺപൈതങ്ങളേയും ശത്രുക്കൾക്കേല്പിക്കാതെ ദൈവമാതാവു് തന്നെ പഠിപ്പിച്ചു. അങ്ങനെ എഴുപത്തിമൂന്നു് പൈതങ്ങളിൽ മിക്കവരും കന്യകകൾതന്നെ ആയിരുന്നുവെന്നതു നിശ്ചയമത്രേ.

---

1 മുഷ്ക്കരം – ബലം (കഴിവു്)

എന്നവർക്കമ്മ തന്റെ തൂക്കെയാൽ തന്നെ ക്രമം
അന്നവക്കെഴുതിയും കൊടുത്തു നടത്തിയാം
ഇങ്ങനെയിരിക്കയിൽ ജരുശ്ലേം നഗരത്തിൽ
ഭംഗിയാൽ ശിഷ്യജനം കൂടിയങ്ങൊരു കാര്യാൽ

കാര്യത്തിൽ സ്ഥിതി ചെയ്യാൻ ഭാവിക്കും നേരത്തിങ്കൽ
കാരണനാഥതന്നെ കൂടണമെന്നുവച്ചു
കാരണഗുരുവായ പേത്രുവുമമ്മക്കായി
കാരണമെഴുത്തിനാലറിയിച്ചുപേക്ഷിച്ചു

വാചകമിതുതന്നെ ശ്രീഹന്മാരുടെ മുന്നം
വാചകത്തുടക്കവുമീവണ്ണം തന്നെ ദൃഢം
സുര്യാ അമ്മ ദേവജനനിക്കായിക്കൊണ്ടു
സുകാര്യം നിമിത്തമായ് ലേഖനം ചെയ്യുന്നിതാ

തവ ദാസിയും യേശുക്രിസ്തുവിൽ അപ്പോസ്തലം
ദേവദാസന്മാർ ദാസി ശീമോനാം പത്രോസഹം
മമ നാഥയെ! ദേവദാസരായുള്ളവരിൽ
നവമായ് പുറപ്പെട്ട ചില സംശയങ്ങളും

അവക്കെല്ലാം മാതാവു് തന്റെ തൃക്കയ്യാൽത്തന്നെ നിയമങ്ങൾ അന്നു് എഴുതിക്കൊടുത്തു. അതനുസരിച്ചു് അവരെ നടത്തി. അങ്ങനെയിരിക്കേ ജറുസലേം നഗരത്തിൽ ഒരു കാര്യത്തിനായി ശിഷ്യഗണം നന്നായി ഒരുമിച്ചു കൂടി.

(329–336) ഈ കാര്യത്തിന്റെ തീരുമാനം എടുക്കുന്ന സമയത്തു് കരുണാനാഥയായ മറിയവും അവരോടൊത്തു് ഉണ്ടായിരിക്കണമെന്നു അവർ കരുതി. അവരുടെയെല്ലാം കാരണവരും ഗുരുവുമായ പത്രോസു് ഈ കാര്യം ഒരു എഴുത്തുമൂലം അമ്മയെ അറിയിക്കയും ചെയ്തു.

വാചകം ഇതു തന്നെയാണു് ശ്രീഹന്മാരുടെ മുമ്പിനാൽത്തന്നെയുള്ള ലേഖനത്തുടക്കവും ഇതുപോലെ തന്നെയാണു്. ദൈവജനനിയായ മറിയാംബികയെ ഒരു നല്ല കാര്യം അറിയിക്കുന്നതിനായി ഈ ലേഖനം എഴുതുന്നു.

'അല്ലയോ അമ്മേ, അങ്ങേ ദാസിയും (ആത്മാവു് ഹീബ്രു ഭാഷയിൽ സ്ത്രീലിംഗമായതിനാൽ ദാസി എന്നു പ്രയോഗിച്ചിരിക്കുന്നു) ക്രിസ്തുവിന്റെ ശിഷ്യനും ദൈവത്തിന്റെ ദാസന്മാരുടെ ദാസിയുമായ ശിമയോൻ പത്രോസായ ഞാൻ എഴുതുന്നു.

അതിനായ് മമ സഹോദരരാം ശ്രീഹന്മാരും
അതിനായകനഗർ[1] ജരുശ്ശ്രേതിൽക്കൂടി
മമ നായികേ നീയുംകൂടവേയില്ലായെങ്കിൽ
നവമായുള്ള കൂട്ടം തൃപ്പിഹീനമായ്ത്തീരും

അതിനാലമ്മയിഞ്ഞാനെഴുന്നെള്ളീടുന്നെങ്കിൽ
അധുനാലഭ്യം പല ഗ്രണഞ്ഞാ നൃപൻ മൃത്യു''
ഇത്തിരുവെഴുത്തങ്ങു എത്തിയ നേരത്തിങ്കൽ
അത്തിന്ദവമ്മ ബഹുഭക്തിയാൽ മുട്ടുകുത്തി

കൈക്കൊണ്ടു തിരുവെഴുത്തെത്രയും മഹാമോദാൽ
മുത്തിക്കൊണ്ടുടൻ സ്നേഹപുത്രനെ വിളിച്ചമ്മ
ഏൽപ്പിച്ച തന്റെ കയ്യിൽ തുറന്നുകേൾപ്പിപ്പാനായ്
കേൾപ്പിച്ചങ്ങുടനയാം സാരത്തെയറിയിച്ചു

കേട്ടുടനമ്മ യോഹന്നാനെപ്പാർത്തരുൾചെയ്തു
കേട്ടതിന്നിപ്പോളെന്തു വേണമെന്നറിയിക്ക
കല്പനശ്രേഷ്ഠൻ തന്റെയെന്നപോൽ കേട്ടീടുവാൻ
കല്പിതമെന്നുമിയാം അറിയിച്ചുടനമ്മ

എന്റെ നാഥേ, ദൈവത്തിന്റെ ദാസരായ ഇവരിൽ ചില സംശയങ്ങൾ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് എന്റെ സഹോദരന്മാരായ ശ്രീഹന്മാർ എല്ലാവരും ദൈവത്തിന്റെ നഗരമായ ജറുസലേമിൽ ഒരുമിച്ചു കൂടിയിരിക്കുന്നു. എന്റെ, നായികേ, നീയും കൂടി ഇവിടെയില്ലെങ്കിൽ ഈ പുതിയ സമൂഹം തൃപ്പിഹീനരായിത്തീരും. അതിനാൽ അമ്മ ഇവിടേയ്ക്ക് എഴുന്നെള്ളി വരുകയാണെങ്കിൽ അനേകഗ്രണങ്ങളും ദുഷ്ടരാജാവിന്റെ മരണവും ഉണ്ടാകും'.

(347-352) ഈ തിരുലേഖനം തന്റെ പക്കലെത്തിയപ്പോൾ ദൈവമാതാവ് വലിയ ഭക്തിയോടെ മുട്ടുകുത്തി അതിയായ സന്തോഷത്തോടെ കൈകളിൽ വാങ്ങി ചുംബിച്ചു. സ്നേഹപുത്രനായ യോഹന്നാനെ മാതാവു വിളിച്ച് എഴുത്ത് അയാളെ ഏൽപ്പിച്ചിട്ട് അതു തുറന്നു വായിക്കുവാൻ അറിയിച്ചു: എഴുത്തുവായിച്ച് യോഹന്നാൻ അതിന്റെ സാരം അറിയിച്ചു.

(353-364) ഇതു ശ്രവിച്ചിട്ട് അമ്മ യോഹന്നാനെ നോക്കി പറഞ്ഞു: ഞാൻ കേട്ടു. ഇനി എന്താണ ചെയ്യേണ്ടതെന്നു പറയുന്നു' ശ്രേഷ്ഠന്റെ കല്പനയെന്നതുപോലെ നിവർത്തിക്കുകയാണ് വേണ്ടതു്

---

1 അതിനായകനഗർ - ദൈവത്തിന്റെ നഗരം

വേഗമായ് യാത്രക്കുള്ള വട്ടങ്ങൾ കൂട്ടീടുവാൻ
നീക്കമില്ലെന്നു കല്പിച്ചമ്മയുതിൻശേഷം
അന്നവിടത്തിൽത്താനായ് നടത്തീടുന്ന മഠം
തന്നായി നടത്തുവാൻ കല്പിച്ചു ശ്രേഷ്ഠത്തിനെ 360

മുന്നമായക്കൂട്ടത്തിൽ നിന്നൊരു കന്യാസ്ത്രീയെ
മുന്നമേ മുക്കിയപ്പോൾ കൊടുത്തു തന്റെ നാമം
മരിയാമെന്നയിവളമ്മയെ ബഹുഭക്ത്യാ
സ്മരിക്ക നിമിത്തമായവളെ ഏൽപ്പിച്ചുതാൻ. 364

എപ്പേസിൽ രണ്ടു സമ്മാസവും കഴിച്ചിട്ട്
ചൊല്പെട്ട ജരുശലം നഗരിക്കെഴുന്നെള്ളി
കപ്പലിൻ യാത്രയ്ക്കായി പുക്കതുനേരത്തിങ്കൽ
ചൊല്പ്പെട്ട ദൂതന്മാരും കോപ്പിട്ടഭടന്മാരായ് 368

യുദ്ധങ്ങൾ ബഹുവിധമുണ്ടാകും യാത്രയതിൽ
സിദ്ധമായറികയാൽക്കല്പിച്ച ദൂതന്മാരെ
കടലിൻ മദ്ധ്യേ കപ്പലകപ്പെട്ടതു നേരം
കടന്നു ജലം തന്നിൽ പിശാചിൻ മഹാഗണം 372

എന്നായിരുന്ന യോഹന്നാൻ പറഞ്ഞതു്". വേഗംതന്നെ യാത്രയ്ക്കുള്ള വട്ടങ്ങൾ ചെയ്യണം അതിനു മാറ്റമില്ല' എന്നു് മാതാവു് പറഞ്ഞിട്ടു്, അന്നു് അവിടെ നടത്തിയിരുന്ന മഠത്തിലേയ്ക്കു് പോയി. മഠത്തിന്റെ കാര്യങ്ങൾ എത്രയും ഭംഗിയായി നടത്തുവാൻ ചുമതല അതിന്റെ ശ്രേഷ്ഠത്തിയെ ഭരമേല്പിച്ചു. മുൻപു് മാതാവു് ആ കൂട്ടത്തിൽനിന്നു് ഒരു കന്യാസ്ത്രീയെ ചെറുപ്പത്തിൽ മാമ്മോദീസാ നല്കിയപ്പോൾ സ്വന്തം നാമം അവൾക്കു നൽകിയിരുന്നു. മരിയ എന്ന നാമധാരിയായ അവൾ മാതാവിനെ ഭക്തിയോടെ സ്മരിച്ചിരുന്നതിനാൽ മഠത്തിന്റെ കാര്യങ്ങൾ അവളെ ഏല്പിച്ചിരുന്നു.

(365_372) രണ്ടു വർഷവും മാസവും എഫേസൂസിൽ ചെലവഴിച്ച മാതാവു് പ്രസിദ്ധപ്പെട്ട ജറുസലേം നഗരിയിലേക്കു പുറപ്പെട്ടു. കപ്പലിൽ യാത്രയായി പ്രവേശിച്ചു. പ്രസിദ്ധിയുള്ള ദൈവദൂതന്മാരും ആയുധമേന്തിയ ഭടന്മാരും തമ്മിൽ അനേകതരത്തിലുള്ള യുദ്ധങ്ങൾ ഈ യാത്രയിൽ സംഭവിക്കും എന്നു് മനസ്സിലാക്കി മാതാവു് ദൈവദൂതന്മാർക്കു് വേണ്ട കല്പനകൾ കൊടുത്തു. കടലിന്റെ മധ്യഭാഗത്തു് കപ്പൽ എത്തിയ സമയത്തു് പിശാചിന്റെ വലിയ സമൂഹം സമുദ്രത്തിൽ പ്രവേശിച്ചു.

അവർക്ക മദ്ധ്യേ മഹാ വലിപ്പമുള്ള മൃഗം
കലക്കും കടൽ സർവമെന്നപോലൊരുദ്ഗോൻ
കടലിന്നാഴം തന്നിൽ കടന്ന ജലമൊക്കെ
കലക്കിയിളക്കിക്കൊണ്ടെത്രയും കല്ലോലങ്ങൾ 376

പൊങ്ങിയാക്കപ്പൽ തന്നിലടിച്ചു പൊടിക്കുംപോൽ
പൊങ്ങുന്ന ഓളങ്ങളാൽ ഭയന്ന കപ്പൽക്കാരും
മുമ്പിലങ്ങൊരിക്കലും കാണാത്തവിധം മഹാ
വൻപിച്ച ചുഴലികൾ തെബസ്താദി[1]കളൊക്കെ 380

അടിക്കുമടികളാൽ പൊടിക്കും കപ്പൽ ദൃഢം
അടിക്കുന്നേരം കപ്പലുയർത്തീല്ലെങ്കിൽ ദൃതൻ
പിടിച്ചു താഴ്ത്തീടുവാൻ മുടക്കുമിവർ ദൃഢം
എടുത്ത വീണ്ടുരുപം പകർത്തിക്കൊണ്ടങ്ങവർ 384

പരുത്തവേഷത്തോടെ ഉയർത്തി സ്വരം സാത്താൻ
പെരുത്ത ഭയംപൂണ്ട കപ്പലിൻ വേലക്കാരും
കപ്പലിലുള്ള മരക്കട്ടകൾ കെട്ടുകളും
കപ്പലിൻ കരുക്കളും കൈകളിലെടുത്തുടൻ 388

കടലിൽച്ചാടിക്കൊണ്ടു കടപ്പാൻ വഴിതേടി
അടവിഭയം പൂണ്ടജനസങ്ങോരോരുത്തർ

(373–390) കടൽ മുഴുവൻ കലക്കുന്ന മട്ടിലുള്ള ഒരു മൃഗം–ഒരു മഹാസത്വം–ആ പിശാചുക്കളുടെ മധ്യത്തിലായി കാണപ്പെട്ടു. അവൻ ആഴക്കടലിലേയ്ക്കു കടന്നു വന്നു. വെള്ളമെല്ലാം കലക്കിയിളക്കി. വലിയ തിരമാലകൾ ഉയർന്നു. അവ കപ്പൽ ഇടിച്ചു പൊടിയാക്കുമെന്നു കപ്പൽ നയിക്കുന്നവർ ഭയന്നു. മുൻപു് ഒരിക്കലും കാണാത്തവിധം വമ്പിച്ച ചുഴലികളും കൊടുങ്കാറ്റുമെല്ലാം ആഞ്ഞടിച്ചു. അവയുടെ പ്രഹരമേറ്റു് കപ്പൽ തീർച്ചയായും തകരും. കൊടുങ്കാറ്റടിക്കുമ്പോൾ ദൃതൻ കപ്പലിനെ ഉയർത്തിയില്ലെങ്കിൽ ഇവറ്റകൾ കപ്പലിനെ കടലിൽ പിടിച്ചു താഴ്ത്തിക്കളയും. വീണ്ടും രൂപം മാറിക്കൊണ്ടു് കഠിനവേഷത്തോടെ സ്വരമുയർത്തി സാത്താൻ നിലകൊണ്ടു. പിശാചിന്റെ ഭയങ്കരമായ വേഷം കണ്ടു് കപ്പലിലെ ജോലിക്കാരെല്ലാം ഭയചകിതരായി. കപ്പലിലെ മരക്കട്ടകളും കെട്ടുകളും, കരുക്കളും കൈകളിൽ എടുത്തുകൊണ്ടു് കടലിൽച്ചാടി അടുത്തു കെട്ടിയ പോലുള്ള ആ സ്ഥലത്തുനിന്നു രക്ഷപ്പെട്ടു പോകാൻ ആ യാത്രക്കാരെല്ലാം വെമ്പൽകൊണ്ടു,

---

1 തെബസ്സു (ടെബസ്സു്)—കൊടുങ്കാറ്റു് (ഇറ്റാലിയൻ പദം)

അമ്മയുമനുകൂലാൽ ഒന്നയാം ധ്യാനത്തോടെ
അന്തരംഗത്തിൽപ്പുക്കു പാർത്തുകൊണ്ടതിൻഘോരം 392

പ്രാർത്ഥിച്ചു വഴിയാത്രക്കാർക്കായി മഹാ ഭക്ത്യാ
പാർത്തിതു നിമിത്തമായെത്രയും ദയവോടെ
ഇങ്ങനെ പതിന്നാലു ദിനങ്ങൾ മഹാദയാൽ
അങ്ങവർ വലഞ്ഞപ്പോൾ യോഹന്നാൻ ചെന്നങ്ങുള്ളിൽ 396

അമ്മയെപ്പാർത്തു ചൊല്ലി നിന്നുടെ പുത്രൻ പക്കൽ
ഒന്നയാൽ പ്രാർത്ഥിക്കണമല്ലെങ്കിൽ ബഹുയോഗ്യം [1]
എന്നതു കേട്ട മാതാ പാർത്തുടൻ യോഹന്നാനെ
നന്ദിയാലരുൾചെയ്തു: ''ഖേദിക്കവേണ്ട സുതാ, 400

ഇക്കാലം യുദ്ധത്തിന്റെ കാലമെന്നറിക നീ
കൊല്പോടെ യുദ്ധം ചെയ്പാൻ നീതിയും നാഥൻപ്രതി
എങ്കിലുമൊരു ജനം മുടിഞ്ഞീടുകയില്ല
ശങ്കിക്ക വേണ്ട നാഥൻ തുണയ്ക്കും സുനിശ്ചയം'' 404

(391–404) ദൈവമാതാവു് അവക്കുവേണ്ട സഹായം ചെയ്യാൻ ആഗ്രഹിച്ചു. ഭംഗിയായി ദൈവത്തെ ധ്യാനിച്ചു കൊണ്ടു് ഈ ആകുലതയിൽനിന്നുള്ള ഘോരത അന്തരംഗത്തിൽ ദർശിച്ചു. വഴിയാത്രക്കാരായ അവക്കുവേണ്ടി മഹാഭക്തിയോടുകൂടി പ്രാർത്ഥിച്ചു. ഇങ്ങനെ പതിനാലു ദിവസം അവരെല്ലാം വല്ലാതെ വലഞ്ഞു. അപ്പോൾ യോഹന്നാൻ അമ്മയുടെ സമീപമെത്തി അമ്മയോടു് അങ്ങേ പുത്രന്റെ സന്നിധിയിൽ ഹൃദയംഗമമായി പ്രാർത്ഥിക്കണമെന്നും അല്ലെങ്കിൽ വലിയ അപകടം ഉണ്ടാകുമെന്നും അറിയിച്ചു. ഇതു കേട്ടു്, യോഹന്നാനു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് ഇങ്ങനെ ദൈവമാതാവു പറഞ്ഞു.

'മകനേ, പേടിക്കേണ്ട. ഈ കാലഘട്ടം യുദ്ധത്തിന്റേതാണെന്നു നീ മനസ്സിലാക്കുക. നാഥനെപ്രതി നന്നായി യുദ്ധം ചെയ്യണമെന്നതു് നീതിയുക്തമായിരിക്കുന്നു. അങ്ങനെ ചെയ്താൽ ഈ ജനങ്ങൾക്കു് ഒരപകടവും വരികയില്ല. നീ സംശയിക്കേണ്ട. തീച്ചയായും നാഥൻ നമ്മെ സഹായിക്കും'

---

1 ബഹുയോഗ്യം—വലിയ അപകടം

എന്നരുൾ ചെയ്തക്ഷണം തന്നുടെ പുത്രൻ തന്നെ
അന്നെഴുന്നെള്ളിത്തന്റെ മാതുവെതോഷിപ്പിച്ചു
കല്പിച്ച മാതാവോടെ കല്പിപ്പാൻ കടലോടും
കെൽപു കാട്ടീടും ദുഷ്ടയത്രുപിഗണത്തോടും 408

കല്പിച്ചങ്ങുടൻ മാതാ, അടങ്ങി സമസ്തവും
തൽക്ഷണം ചേർന്ന നഗർ ജരുശ്ലേമതിൻപക്കൽ
ഷഡ്ദിനമധികമില്ലാതുള്ള വഴിയാത്ര
ഷോഡശം[1] രണ്ടും കൂറെ കഴിച്ചു മഹാദുഃഖാൽ. 412

(405_412) ഇങ്ങനെ മാതാവു് അറിയിച്ച ക്ഷണത്തിൽത്തന്നെ സ്വപുത്രൻ അവിടെ എഴുന്നെള്ളിവന്ന തന്റെ സ്നേഹമാതാവിനെ സന്തോഷിപ്പിച്ചു. കടലിനോടും മുഷ്ക്കു കാട്ടുന്ന ദുഷ്ടാത്രുപികളോടും ശാന്തമായിരിക്കുക എന്നു കല്പിക്കുവാൻ മാതാവിനോടു് അവിടുന്നു് ആജ്ഞാപിച്ചു. മാതാവു് കല്പിച്ചു. കടലും ദുഷ്ടാത്രുപികളും തൽക്ഷണം അടങ്ങി. താമസിയാതെ അവർ ജറുസലേം നഗരത്തിലെത്തി. ആറു ദിവസത്തിലധികം ആവശ്യമില്ലാത്ത മഹാദുഃഖത്തോടെ പതിനെട്ടു ദിവസം അവർക്കു് ചെലവഴിക്കേണ്ടിവന്നു.

---

1 ഷോഡശം—പതിനാറു് (16)

പതിനൊന്നാം പാദം

കന്യകാമാതാവിന്റെ പുത്രവിയോഗശേഷമുള്ള സംഭവപരമ്പരകളും ഈ ഭാഗത്തിൽ വിവരിച്ചിരിക്കുന്നു. ദിവ്യജനനി, ആദ്യസ്ത്രീവാപാതയിലൂടെ തിരുസ്ഥലങ്ങളും സന്ദർശിക്കുന്നതും ശ്ലീഹന്മാർക്കു് ആശ്വാസവും സഹായവും നൽകുന്നതും വർണ്ണിക്കപ്പെട്ടുന്നുണ്ടു്. പ്രതികർക്കശമായ മാതാവിന്റെ ജീവിതകാലത്തെ വിവരണവും മാതാവിന്റെ അന്ത്യസന്ദേശവും മറ്റും അതീവ ഹൃദ്യമായി ഇതിൽ പദ്യസാൽക്കരിച്ചിരിക്കുന്നു. മാതാവു് പത്രോസിനോടു് വിടയരുതു് പ്രകടിപ്പിക്കുന്നതും അദ്ദേഹത്തിനു് ഉപദേശം നൽകുന്നതും അകമഴിവോടെ പ്രതിപാദിക്കുന്നുണ്ടു്.

വൃത്തം കേക

മംഗലപ്രഭ മാതൃജരുശലേമണഞ്ഞപ്പോഴും
മംഗലസുതൻ രക്തത്താൽ ശ്രുദ്ധിയായുള്ളസ്ഥലം
പുനരു വന്ദനം ചെയ്പാൻ ദാഹമേറെയെങ്കിലും
വന്ദനമഹാസ്നേഹം പൊൽവിളിയെന്ന[1] പുണ്യം 4

ഇതിനാലുടൻ പത്രോസു് പക്കലെങ്ങെഴുന്നള്ളി
അധികം വഴക്കത്താൽ മുട്ടുകുത്തി കുത്തിക്കൊണ്ടു്
മുത്തിയങ്ങയാളുടെ പൂജ്യമാംകരങ്ങളെ
ചേർത്തുടൻ പൊറുതിയും കേട്ടതാമസിക്കയാൽ 8

പിന്നെയൻപിനാൽത്തന്റെ ശക്തിയെ നടത്തുവാൻ
കന്നിയമ്മയുമനവാദവും കേട്ടുംകൊണ്ടു്
ഭക്തിയാൽ ഗെദസേമ്മാൻ തുടങ്ങിയൊലിവയിൽ
ഭക്തപുത്രന്റെ പാദം വെച്ചിടംവരെയെത്തി 12

(1–12) മംഗലപ്രഭവായ മിശിഹായുടെ മാതാവു് ജറുസലേം നഗരയിലണഞ്ഞു. മംഗലവാനായ പുത്രൻ തന്റെ രക്തത്താൽ പരിശ്രുദ്ധമാക്കിയ സ്ഥലങ്ങളും നേരിട്ടവീണ്ടും കണ്ടു് വണങ്ങുന്നതിനു് ഉൽക്കടമായ ആഗ്രഹം ഉണ്ടായിരുന്നു. എങ്കിലും ഉന്നതമായ

---

1 പൊൽവിളി—അനുസരണം

അപ്പൊഴതാകാശത്തിൽനിന്നു തൻസ്നേഹപുത്രൻ
തൊൽപ്പമാം [1] പ്രകാശത്താൽ കണ്ടുടനമ്മേപാർത്തു
ചേതസി മമ മഹാതോഷമായതിൽപ്പരം
ചൊൽവാളിയെൻ വികാരി പത്രോസുതന്റെപക്കൽ 16

കാട്ടിയ നിന്റെ മഹാവണക്കം നിമിത്തമായ്
കോട്ടമെന്നിയെ ജനക്കൂട്ടവും പഠിച്ചീടും
എന്നരുൾചെയ്ത പുത്രൻ മറഞ്ഞശേഷം മാതു
ചെന്നുടൻ സെഹിയോനിൽ പുക്കുശിഷ്യരുമായി 20

ദശവാസരം ധ്യാനാൽ ദൈവിഷ്ടം ലഭിപ്പാനായ്
ദൈവകാരുണ്യംകൊണ്ടു സംശയം സർവംതീർത്തു
പേർത്തുടൻ ശിഷ്യജനം പിരിഞ്ഞങ്ങോരോദിക്കിൽ
ചേർത്തു വിശ്വാസക്കൂട്ടം നടത്തിയിരുന്നീക്കി 24

സ്നേഹത്തിനു് ആധാരമായിട്ടുള്ള അനുസരണയെന്ന പുണ്യം അവർക്കുണ്ടായിരുന്നതിനാൽ ഉടനെ പത്രോസിന്റെ അടുക്കലേക്കു് എഴുന്നെള്ളുകയാണു് ചെയ്തതു്. അത്യന്തം അനുസരണയോടെ അദ്ദേഹത്തിന്റെ മുമ്പിൽ ദൈവമാതാവു് മുട്ടുകുത്തി. അദ്ദേഹത്തിന്റെ കരങ്ങളും ചുംബിച്ചുകൊണ്ടു് പൊറുതിയപേക്ഷിച്ചു താമസിച്ചു. പിന്നീടു സ്നേഹസമന്വിതം തന്റെ കാര്യങ്ങളും നടത്തുവാനുള്ള ശക്തിക്കായി അനുവാദം വാങ്ങി. ഭക്തിയോടുകൂടി മാതാവു് ഗദ്സേമനിലെ ഒലിവുമലയിൽ തുടങ്ങി സ്വപുത്രന്റെ പാദം വച്ചസ്ഥലംവരെ നടന്നെത്തി.

(13–20) ആ സമയത്തു് ആകാശത്തിൽനിന്നു് ഒരു ചെറിയ പ്രകാശരശ്മിപൊഴിച്ചു് സ്നേഹപുത്രൻ അമ്മയെ തൃക്കൺപാർത്തു. മനസ്സിൽ വലിയ സന്തോഷം തോന്നി. അതിലുപരി, അനുസരണയോടെ തന്റെ വികാരിയായ പത്രോസിന്റെ പക്കൽ ദൈവമാതാവു് കാണിച്ച ഭക്ത്യാദരം മൂലം ഈ മാതൃക ജനങ്ങളും അനുകരണയോഗ്യമായിത്തീരും എന്നു് മിശിഹാ അരുളിച്ചെയ്തശേഷം മറഞ്ഞു. പിന്നീടു് മാതാവു് സെഹിയോൻ മാളികയിൽ ശിഷ്യന്മാരോടൊപ്പം പ്രവേശിച്ചു.

(21–24) പത്തു ദിവസം മാതാവു് ദൈവതിരുമനസ്സു് ലഭിക്കുവാൻ ധ്യാനവും പ്രാർത്ഥനയുമായിക്കഴിഞ്ഞു. ദൈവികകാരുണ്യം വഴിയായി ശിഷ്യന്മാരുടെ സംശയങ്ങളെല്ലാം ഇല്ലാതാക്കിത്തീർത്തു.

---

1 തൊല്പം—സ്വല്പം

അമ്മയുമവക്കുള്ള ശ്രദ്ധ സർവ്വത്രം ക്ഷണം
ഒന്നയാൽ നടത്തുവാൻ ശ്രമവും വിശീത്തയും [1]
തന്നുടെ പുത്രശ്രീഹരൊക്കെയുംമൊരുവിധം
തന്നുടെ പുത്രൻ സമമുടപ്പാനിച്ഛിച്ചമ്മ 28

തന്നുടെ കരങ്ങളാൽ നൂലുകളം നെയ്തുകൊണ്ടും
തന്നുടെ ദൂതാശരീരികളം തൻതുണയാലും
ഉടുപ്പുചമച്ചുടനവക്കുമൊരുപോലെ
കൊടുത്തങ്ങയച്ചീടും നടക്കും സ്ഥലത്തിങ്കൽ 32

ഇങ്ങനെ ശിഷ്യക്കുള്ള അന്വേഷം സർവ്വനേരം
മംഗലൻ പത്രോസിനെ പ്രത്യേകാൽ വിചാരിക്കും
തലവനിയാളെന്ന കാരണം നിമിത്തമായ്
തലയാം റോമ്മയതിലൊരുനാളം മഹാദുഃഖാൽ 36

കരുണ ചെയ്തീടുവാൻ പ്രാർത്ഥിച്ചങ്ങയാളപ്പോളം
കാരണം നാഥയുടനറിഞ്ഞങ്ങെഴുന്നെള്ളി
രഹസ്യക്കാഴ്ച കൊടുത്തയാളെയുറപ്പിച്ച
രഹസ്യമായുള്ളൊരു സാരങ്ങളറിയിച്ച 40

പിന്നീട് ശിഷ്യന്മാർ ഓരോരുത്തരും ഓരോരോ ദിക്കുകളെ ലക്ഷ്യമാക്കി പിരിഞ്ഞുപോയി. അങ്ങനെ മാതാവ് വിശ്വാസികളുടെ ഗണത്തിന്റെ ഇരുളം എല്ലാം ഇല്ലാതാക്കി.

(25–32) അമ്മ അവക്കു സർവ്വപരിപാലനയും നൽകി അനുക്ഷണം അവരെ ശുശ്രൂഷിച്ചു. അവരെ നേർവഴിനടത്തുവാൻ ഇടയ്ക്കിടെ സന്ദർശനങ്ങളും നടത്തി. തന്റെ പുത്രന്മാരും ശ്രീഹരും സ്വപുത്രൻ ധരിച്ചിരുന്നതുപോലെ വസ്ത്രം ധരിക്കുവാൻ മാതാവ് ആഗ്രഹിച്ചു. സ്വന്തം കരങ്ങളാൽ കന്യകാമാതാവ് അവക്ക് വസ്ത്രം നെയ്തു. അശരീരികളായ ദൂതന്മാരുടെ സഹായം അതിനായി തേടി അവക്കെല്ലാവക്കും ഒരേവിധത്തിലുള്ള ഉടുപ്പുകളം നിർമ്മിച്ചു. അവ ഓരോ സ്ഥലങ്ങളിൽ കൊണ്ടുപോയിക്കൊടുക്കയും ചെയ്തു.

(33–40) ഇങ്ങനെ മാതാവ് ശിഷ്യന്മാരെ സദാനേരവും അന്വേഷിച്ചു കഴിഞ്ഞു. പത്രോസിനെ സവിശേഷമായ വിധത്തിൽ ഓർമ്മിക്കുകയും ചെയ്തിരുന്നു. കാരണം ശിഷ്യന്മാക്കു തലവൻ ഇദ്ദേഹമായിരുന്നല്ലോ. ഒരിക്കൽ സഭയുടെ തലസ്ഥാനമായ റോമ്മായിൽ എഴുന്നിരുന്ന പത്രോസ്, തനിക്കു ദൈവിക കരുണലഭിക്കണമേ

---

1 വിശീത്ത—വിസീത്ത (ഇറാലിയൻ പദം)

അക്കാഴ്ചയതിൽവെച്ചു നിശ്ചയിച്ചമ്മയുമായ്
കല്പിച്ചു ചിലദിനം കൊണ്ടാട്ടം ചെയ്തീടുവാൻ
നത്താളും[1] വാസ്ക്കുദിനം നല്കൃപാകൊണ്ടാട്ടവും[2]
നാഥന്റെ ഉയിർപ്പിന്റെ ശേഷമുള്ളാരോഹണം 44

ഞായർ വാസരമതും ഘോഷമായ് കൈക്കൊള്ളണം
ന്യായമായിതുവരെ നടക്കുംവണ്ണം ദൃഢം
വീണ്ടമ്മ ജരുശലേയെഴുന്നെള്ളിയശേഷം
ഉണ്ടായി മഹാകൃച്ഛ്രം റോമായിൽ ശത്രുവിനാൽ 48

പേർത്തുടൻ കേപ്പാ മഹാസാദ്ധ്യമായ് സഹായത്തെ
പ്രാർത്ഥിച്ചെന്നതും കേട്ടു ദൂതരെയയച്ചമ്മ
പ്രത്യക്ഷാൽ വരുത്തി താൻ ചാരത്തു പത്രോസിനെ
പ്രത്യേകാലുറപ്പിച്ചു പുത്രസഹായം സദാ 52

പ്രാർത്ഥിക്കുന്നതും സർവ്വം കേൾപ്പിച്ചു ബലം നൽകി
പാർത്തുടനയാൾ മഹാതെളിവാലുറച്ചുപോയ്

യെന്ന് അതീവ ദുഃഖത്തോടെ പ്രാർത്ഥിച്ചു. ഈ കാര്യം നാഥയായ മറിയം അറിഞ്ഞു് അവിടേയ്ക്കെഴുന്നെള്ളി. അദ്ദേഹത്തെ അങ്ങനെ രഹസ്യമായി സന്ദർശിച്ച് സാന്ത്വനിപ്പിച്ചു. സഭാരഹസ്യങ്ങളുടെ സാരം അദ്ദേഹത്തെ അറിയിക്കയും ചെയ്തു.

(41-46) ആ സന്ദർശനവേളയിൽ പത്രോസ് അമ്മയോടു് ചേർന്ന് ചിലകാര്യങ്ങൾ നിശ്ചയിച്ചുറപ്പിച്ചു. ജന്മനാൾ, വാസ്കുദിനം നൽകൃപാകൊണ്ടാട്ടം, നാഥന്റെ ഉയിർപ്പിനുശേഷമുള്ള സ്വർഗ്ഗാരോഹണം, എന്നിവയും ഞായറാഴ്ച ദിവസങ്ങളും ആഘോഷത്തോടെ നടത്തണം എന്ന് ന്യായമായി ഇന്നുവരെ നടന്നുപോകുന്ന വിധത്തിൽ ആചരിക്കുവാനായി മാതാവു് കല്പിക്കുകയും ചെയ്തു.

(47-54) വീണ്ടും ദൈവമാതാവു് ജറുസലേമിലേയ്ക്കു് മടങ്ങി. അക്കാലത്തു് റോമ്മായിൽ ക്രിസ്തുമതവിശ്വാസികളുടെ വിരോധം കൊണ്ടു് വലിയ ഒരു വേദഞെരുക്കം ഉണ്ടായി വീണ്ടും കേപ്പാ ദുഃഖത്തോടെ മുട്ടിപ്പായി മാതാവിന്റെ സഹായം അപേക്ഷിച്ചു. ആ പ്രാർത്ഥന മാതാവുകേട്ടു. ഒരു ദൂതനെ അയച്ചു പത്രോസിനെ തന്റെ പക്കൽ വരുത്തി. അയാളെ വിശ്വാസത്തിൽ ബലപ്പെടുത്തി.

---

1 നത്താൾ—ജന്മദിനം

2 കൊണ്ടാട്ടം—ആഘോഷം (ഇററാലിയൻ)

ഇങ്ങനെയമ്മ തൻറെ പുത്രൻറെ പള്ളിയ്ക്കായി
അങ്ങിരുന്നുള്ള ഭരിപ്പെന്നതുണ്ടായീടിലും 56

സർവ്വനേരവും സ്നേഹപുത്രൻറെ ദുഃഖാദികം
സർവ്വചിത്താധീസ്മരണങ്ങളും മഹാഭക്തി
പുത്രദുഃഖങ്ങൾപാട്ടം കരിത്തുണും, ചമ്മട്ടികം
എത്രയും കുത്തിട്ടുള്ള മുറിമുനച്ചവളവും 60

ഒക്കെയും മാതാവുതന്നുള്ളതിൽക്കൊള്ളംവണ്ണം
ഓക്കത്തെന്നെയുല്ല ഏൽക്കുന്നു ചകിൽശക്തി
കുരിശിൽ പുത്രൻ സഹമരണം സ്മരണത്താൽ
കുരിശേന്നിടാതരക്ഷണ നേരവുമില്ല. 64

കൺകളാൽ പുത്രദുഃഖം സകലം പ്രത്യക്ഷവും
കർണ്ണത്താൽ ശത്രുദുഷിവാക്കുകളം കേട്ടീടുന്നു
കുരിശിൽത്തുങ്ങുംവണ്ണം കൈകളെ വിരിക്കുന്നു
കുതികാൽ മടക്കുന്നു മുട്ടുകം കുത്തീടുന്നു 68

മാതാവു് സ്വപുത്രൻറെ സഹായം തനിക്കായി പ്രാർത്ഥിക്കുന്നതുകേട്ടും കണ്ടും അയാം ആനന്ദിക്കയും ആശ്വസിക്കയും ചെയ്തു തിരിച്ചു പോയി.

(55-64) ഇങ്ങനെ ദൈവമാതാവു് സമൂഹത്തിൻറെമേൽ അവിടെ ഇരുന്നു ഭരണം നടത്തുന്നുണ്ടായിരുന്നെങ്കിലും സദാനേരവും തൻറെ പുത്രൻറെ ദുഃഖങ്ങളെക്കുറിച്ചു് ധ്യാനിച്ചിരുന്നു. ഭക്തി നിറഞ്ഞ മാതാവിൻറെ മനസ്സിൽ ആ വ്യാകുല സ്മരണകളും പുത്രൻറെ പീഡാനുഭവങ്ങളും നിരന്തരം കടന്നു വന്നു.

സ്നേഹസുതൻ തൻറെ കഷ്ടപ്പാടുകളും, കരിത്തുണിൽകെട്ടി ചമ്മട്ടിയാലുള്ള അടികളും, എത്രയും കുത്തുമുത്ത മുറിമുടി ശിരസ്സിൽ വളച്ചു വച്ചപ്പോഴുണ്ടായ വേദനയും എല്ലാം ഉള്ളിൽത്തട്ടുന്ന വിധത്തിൽ ഓർത്തു, എന്നല്ല, മാതാവിൻറെ ഹൃദയത്തിൽ ആഞ്ഞുപതിച്ചുകൊണ്ടിരുന്നു. കുരിശിൽക്കിടന്നു് പുത്രൻ മരിച്ചതിൻറെ സ്മരണയാൽ കുരിശു് പേറിടാത്ത ഒരു നിമിഷംപോലും വ്യാകുലയായ മാതാവിനുണ്ടായിരുന്നില്ല.

(65-78) കണ്ണുകൊണ്ടു് പുത്രൻറെ ദുഃഖം മുഴുവനും കാണുന്നു. കാതുകളിൽ ശത്രുക്കളുടെ പരുഷവാക്കുകൾ പതിക്കുന്നു. കുരിശിൽ കിടക്കുന്ന വിധത്തിൽ മാതാവു് കൈകൾ ഇരുവശത്തേക്കും വിരിച്ചു പിടിക്കുന്നു. കുതികാൽ മടക്കി മുട്ടുകൾ കുത്തുന്നു.

സാഷ്ടാംഗം ചെയ്തുകൊണ്ടും പ്രാർത്ഥന ബഹുദുഃഖാൽ
സോപ്പതിൽ സഹിച്ചതിനോർമ്മയാൽ വിയർത്തിടും
വാർത്തീടും രക്താശ്രുക്കളും സേദവുമതുധരേ
പേർത്തുമങ്ങതിനാലേ കുത്തുള്ള കന്തമുന

ചങ്കതിൽ കടന്നിട്ട വ്രണങ്ങളും വർദ്ധിപ്പിക്കും
ശക്തിയുമറുവീഴും നിലംപാനും വശഹീനാൽ
ഇങ്ങനെ മയങ്ങുന്നനേരമാകാശേ നിന്നു
അങ്ങുതൻ സ്നേഹസുതനെഴുന്നെള്ളീടും ദ്രുതം

അമ്മയെയുറപ്പിച്ചും ചങ്കിലെ മുറിവതു
ഒന്നയാൽപ്പൊറുപ്പിക്കും ശക്തിയും പേർത്തുനൽകും
ഇങ്ങനെ ശുദ്ധസ്ഥലം വന്ദിക്കുന്നതെന്നിയെ
അങ്ങമ്മയാപ്തതോറും അടങ്ങുന്നകംതന്നിൽ

വ്യാഴത്തിന്നപരാഹ്ന നേരത്തെങ്ങാരത്തോരിൽ [1]
വ്യാപിച്ച മനോദുഃഖാൽ പുക്കീടുമമ്മതന്നെ
സൂര്യവാസരമുഖി പുലരുന്നതുവരെ
സൂര്യാനോയ പുത്രശോകങ്ങളും സർവ്വധ്യാനം

അന്നേരത്തുള്ള കാര്യം സർവ്വതും നടത്തുവാൻ
അന്നൊരു ദൂതൻ താനായ് വഹിക്കും സർവ്വംദ്രുതം
ഇങ്ങനെ ത്രീവാസരമാസ്ഥപ്പാടതിൻശേഷം
മംഗലസുതൻ തന്നെ കൈക്കൊള്ളും ''സക്രമെന്താൽ'' [2]

ചിലപ്പോഴും സാഷ്ടാംഗം പ്രണമിച്ച് മഹാദുഃഖത്തോടെ പ്രാർത്ഥിച്ചു. തോട്ടത്തിൽ മിശിഹാ സഹിച്ച ദുഃഖങ്ങളോർത്ത് ദേഹം വിയർക്കും. രക്തവും അശ്രുകണങ്ങളും വിയർപ്പും ഭൂമിയിൽ വീഴ്ത്തും. വീണ്ടും വീണ്ടും കന്തമുന ഹൃദയത്തിൽ കടന്ന് വ്രണങ്ങളും വർദ്ധിപ്പിക്കും. നിൽക്കാൻതന്നെ ശക്തിയില്ലാതെ ചിലപ്പോഴും നിലത്തു തളർന്നു വീഴും. ഇങ്ങനെ തളർന്നുമയങ്ങുന്ന സമയത്ത് അവിടേയ്ക്ക് സ്നേഹസുതനായ മിശിഹാ എഴുന്നെള്ളും. അമ്മയെ പുത്രൻ സാന്ത്വനപ്പെടുത്തും. ഹൃദയത്തിലെ മുറിവുകളും സ്നേഹപൂർവ്വം ഇല്ലാതാക്കി വീണ്ടും ശക്തി പ്രദാനം ചെയ്യും.

(79-88) ഇങ്ങനെ പരിശുദ്ധസ്ഥലം സന്ദർശിച്ച് വന്ദനം നടത്തി വന്നതു കൂടാതെ, അമ്മ ആപ്തതോറും വീട്ടിനുള്ളിൽ പ്രവേശിച്ച്

---

1 ഒരുത്തോരിൽ - ജപാലയത്തിൽ, ഓറട്ടറി

2 സക്രമെന്ത് - കുദാശ

എന്നതിനുള്ളൊരാസ്ഥപ്പാടി[1]തെന്നിയേ തലേ
യന്നു രാത്രിയിൽ ബഹുസാഷ്ടാംഗം പലവട്ടം
എന്നതുമല്ലാതെ തൻദൂതരാം മാലാഖമാർ
മന്ദം തീർത്തരുളുവാൻ പ്രാർത്ഥിപ്പാൻ പ്രാർത്ഥിച്ചീടും 92

ഇങ്ങനെ പുത്രൻ വരുംനേരമങ്ങടുക്കുമ്പോഴം
അങ്ങമ്മ മൂന്നുഴമായ് കുമ്പിടും സാഷ്ടാംഗമായ്
കൈക്കൊണ്ട ശേഷത്തിലുമപ്പോലെ മൂന്നുഴാമയ്
കൈകാലു നിലത്തു ചേർത്താരാധിച്ചീടും പുത്രം 96

ആരെ ഞാൻ കൈക്കൊള്ളുന്നുവെന്നുള്ള ധ്യാനം മുമ്പിൽ
ആരെന്നിലെഴുന്നെള്ളിയെന്നതു പിമ്പായിട്ടും
ഇങ്ങനെയുള്ള ധ്യാനാലുണ്ടാകും നെടുവീർപ്പും
അങ്ങവക്കുള്ള താഴ്മയൊക്കയും സൂക്ഷിക്കുകിൽ 100

എന്തയ്യോ! പാപികളാം നമ്മുടെയാസ്ഥപ്പാട്
എന്തു നാം ചെയ്യുന്നെന്നും നന്നായി ധ്യാനിക്കണം

വ്യാഴാഴ്ചകളിൽ ഉച്ചകഴിഞ്ഞു പ്രാർത്ഥനമുറിയിൽ വലിയ ദുഃഖസ്മരണകളോടെ കഴിയും. സൂര്യവാസരദിനം (ഞായറാഴ്ച) പുലരുന്നതുവരെ സൂര്യനെപ്പോലെ പ്രഭാപൂർണ്ണനായ പുത്രന്റെ പീഡാനുഭൂതികളെക്കുറിച്ചാണ് അമ്മയുടെ ധ്യാനം മുഴുവനും. അപ്പോഴുള്ള കാര്യങ്ങളെല്ലാം നിർവഹിക്കുന്നതിനു് ഒരു ദൈവദൂതൻ ആഗതനാകും. ഇങ്ങനെ മൂന്നു ദിവസത്തെ ഒരുക്കത്തിനുശേഷം ദൈവമാതാവു് തന്റെ മംഗലപുത്രനായ മിശിഹായെ ക്രൂശുവഴിയായി കൈക്കൊള്ളും.

(89_96) ദൈവകാരുണ്യ സ്വീകരണത്തിനായുള്ള ഈ ഒരുക്കം കൂടാതെ ദൈവജനനി തലേ രാത്രിയിൽ പലവട്ടം സാഷ്ടാംഗംവീണു പ്രാർത്ഥിക്കയും, ദൂതന്മാരായ മാലാഖമാരോടു് തന്റെ മന്ദതയെ തീർക്കുവാൻവേണ്ടി പ്രാർത്ഥിക്കണമേ എന്നു് അപേക്ഷിക്കുകയുംചെയ്യും.

ഇങ്ങനെ പുത്രൻ സമാഗതനാകുന്ന സമയം അടുക്കുമ്പോഴം മാതാവു് മൂന്നുപ്രാവശ്യം സാഷ്ടാംഗനമസ്കാരംചെയ്യും. ദിവ്യകാരുണ്യം സ്വീകരിച്ചശേഷം മുൻപു് ചെയ്തതുപോലെ മൂന്നു പ്രാവശ്യം കൈകാലുകളും നിലത്തു ചേർത്തുകൊണ്ടു് പുത്രനെ ആരാധിക്കും.

(97_102) ആരെയാണു് ഞാൻ കൈക്കൊള്ളാൻ പോകുന്നതു് എന്നു് ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പായിട്ടും ആരാണു് എ

---

1 ആസ്ഥപ്പാട് – ഒരുക്കം

കന്നിയമ്മതൻ സ്നേഹപുത്രനെ കൈക്കൊള്ളുമ്പോഴം
മിന്നിവീശുന്ന മുഖശോഭയെപ്പാർക്കും ജ്വാനി [1] 140

എന്നതുമല്ലയമ്മയ്ക്കുള്ളൊരു ഭക്ത്യാൽ പൂജ
എന്നതിനുള്ള വസ്തുവസ്ത്രാദികളിന്മേലും
ഇതിനാൽ മാതാ തൻറെ കൈകളാൽത്തന്നെ വസ്ത്രം
ഇതിനായുള്ള വേലയൊക്കെയും മുട്ടുകുത്തി 108

ചെയ്തീടും നടത്തീടും ബഹുഭക്തിയാൽ നാഥ
നെയ്തീടും കരങ്ങളാലംത്താരിക്കുള്ള കുട്ടം
ഭാഷയുമിതല്ലല്ലും ഭേദമെന്നായീടിലും
ഭാഷയായ് ചമച്ചീടും വിശേഷ സുബുദ്ധിയാൽ 112

അങ്ങനെയിരിക്കുമ്പോഴം വമ്പരാം നാലുജനം
അമ്മയെക്കാണ്മാനായി വന്നവർ മഹാദ്രവ്യർ
അണച്ചു ബഹുദ്രവ്യം പട്ടുപട്ടാളികളും
ഗുണപ്രധാന രത്നമണിമാണിക്കങ്ങളും 116

ന്നിൽ എഴുന്നെള്ളി വന്നിരിക്കുന്നതു് എന്നു് പിമ്പായിട്ടും അമ്മ ചിന്തിക്കും. ഇങ്ങനെ കന്യകാമാതാവിനു ധ്യാനത്തിലുണ്ടാകുന്ന നെടുവീർപ്പും വിനയവും നാം സൂക്ഷിച്ചുനോക്കിക്കൊണ്ടു് എത്ര കഷ്ടമാണു് നമ്മുടെ ഒരുക്കം, എന്താണു് നാം ചെയ്യുന്നതു എന്നൊക്കെ നന്നായി ധ്യാനിക്കണം.

(103_112) കന്യകാമറിയം തൻറെ സ്നേഹപുത്രനായ മിശിഹായെ സ്വീകരിക്കുമ്പോഴം ആ അമ്മയുടെ മുഖത്തു് മിന്നിത്തിളങ്ങുന്ന പ്രകാശത്തെ യോഹന്നാൻ ദർശിക്കും. പൂജ അർപ്പിക്കുന്നതിനുള്ള വസ്തുക്കളിലും വസ്ത്രങ്ങളിലും ഭക്തിയും ശ്രദ്ധയും അമ്മയ്ക്കുണ്ടായിരുന്നു. തന്മൂലം സ്വന്തം കൈകൊണ്ടുതന്നെ ഇതിനായി വസ്ത്രങ്ങം നെയ്തിരുന്നു. ഈ ജോലി മുട്ടുകുത്തിനിന്നുകൊണ്ടാണു് ചെയ്തതു്. അധിക ഭക്തിയോടുകൂടി, അംത്താരയിൽ വിരിക്കാനുള്ള വസ്ത്രങ്ങളും മാതാവു നെയ്തു. അവയുടെ ആകൃതിയും മറ്റും കുറെമെച്ചമാണെങ്കിൽപ്പോലും സവിശേഷബുദ്ധിയോടെ അവ ഏറെ ഭംഗിയുള്ളതാക്കി മാറ്റും.

(113_124) അങ്ങനെയിരിക്കെ സമ്പന്നന്മാരായ നാലുപേർ അമ്മയെ കാണാൻ അവിടെയെത്തി. അവർ വളരെ വിലപ്പെട്ടങ്ങളും പട്ടവസ്ത്രങ്ങളും, വിലയേറിയ രത്നങ്ങളും മാണിക്കക്കല്ലുകളും മാതാ

---

1 ജ്വനി – യോഹന്നാൻ

വെറുത്തു ത്യജിച്ചമ്മയിതൊക്കെന്നാകിലും
വെറുപ്പിയ്ക്കായ്പാനായിട്ടെടുത്തു ചിലതമ്മ
പെരുത്തു ഗുണമിതിലവർക്കു വരുത്തുവാൻ
പരുത്ത മണികളാൽ വിചിത്രപ്പണികളായ് 120

വിശുദ്ധ വസ്ത്രങ്ങളെച്ചമച്ചു മാതാവുതാൻ
വിശിഷ്ടബുദ്ധി വശാലിതെത്രമനോഹരം
ശിഷ്ടമായുള്ള വസ്തു വിറ്റുടൻ ധർമ്മത്തിനായ്
വിശിഷ്ടന്മാരായുള്ള നിർദ്ധനർക്കുതും ദാനം 124

ഇങ്ങനെ മാതാ വയസറുപതാകുംവരെ
തിങ്ങിന അരിഷ്ടത്താൽ ക്ലേശിച്ചുവരുംകാലം
തന്നുടെ തീനും നിദ്രയെത്രയുമല്പംതന്നെ
തിന്നുന്നതൊരു നുറുക്കപ്പവുമല്പം വെള്ളം 128

എന്നതിൽ ചിലനേരമല്പമാം മത്സ്യംതിന്നും
എന്നിതൊക്കെയും സ്നേഹപുത്രനെത്തോഷിപ്പിപ്പാൻ
ഇയ്യാളെയെല്ലായ്പ്പോഴുമതിസ്നേഹത്താൽകൂടെ
അശനമൊരു മേശയധികം തീറ്റീടുവാൻ 132

അതിനാലുള്ള ശ്രദ്ധയെപ്പോഴുമമ്മയ്ക്കുണ്ടാം
ഇതിലുമിയാളുടെ ചൊൽവിളി കാത്തീടുമേ
അമ്മയെപ്പോലെതന്നെ തീറ്റിടും വളർത്തീടും
അമ്മയിൽനിന്നും ക്ഷണം പിരിഞ്ഞിടാതെ താനും 136

വിനു് കാഴ്ചവച്ചു. അവയിൽ താല്പര്യം ഉണ്ടായിരുന്നില്ലെങ്കിലും വന്നവരെ വെറുപ്പിക്കാതിരിക്കുന്നതിനുവേണ്ടി അവയിൽ ചിലതു് അമ്മ എടുത്തു. അവർക്കു വലിയ ഗുണം വരുത്തുവാൻ ആഗ്രഹിച്ചു് മനോഹരമായ ആ രത്നങ്ങളും ചേർത്തുവച്ചു് വിചിത്രപ്പണികളോടെ വിശുദ്ധ വസ്ത്രങ്ങളും മാതാവു് തയ്യിച്ചെടുത്തു. ദൈവജനനിയുടെ ബുദ്ധികൗശലത എത്രയോ മഹനീയമായിരിക്കുന്നു! ആ വിശിഷ്ടമായ വസ്തുക്കളും ഉടനെ വിറ്റു് നല്ലവരായ പാവപ്പെട്ടവർക്കു് ആ മൂല്യം ദാനംചെയ്തു.

(125_136) ഇങ്ങനെ മാതാവിനു് അറുപതുവയസ്സാകുന്നതുവരെ ദരിദ്രോചിതമായ ജീവിതംകൊണ്ടു ക്ലേശിച്ചു കഴിഞ്ഞു. ഭക്ഷണവും നിദ്രയും വളരെക്കുറച്ചുമാത്രമെയുള്ളു. ഒരു നുറുക്കു് അപ്പവും വെള്ളവും! വല്ലപ്പോഴുമൊക്കെ അൽപ്പം മത്സ്യവും മാതാവു് ഭക്ഷിക്കും, ഇതുയും ഭക്ഷിക്കുന്നതുതന്നെ സ്നേഹപുത്രനായ യോഹന്നാന്റെ സന്തോഷത്തിനുവേണ്ടിയായിരുന്നു. അത്യധികമായ സ്നേഹത്താൽ അയാളെ ഭക്ഷ

ഇക്കാലമതിൽ നാഥൻ അമ്മയെ മഹാപൂജ്യാൽ
സല്ലരിപ്പതിന്നായി താൻ തന്നെയിറങ്ങീടും
ചിലപ്പോഴം മാലാഖമാർ വെളിച്ചമേറും മേഘാൽ
വലിപ്പത്തോടെ പരമണ്ഡലങ്ങളിലേറും. 140

സൂര്യവാസരംതോറും മാതുവിൻ ധ്യാനാന്തരെ
സൂര്യനാടതിൽ കടത്തീടുവാൻ കല്പിച്ചതാൻ
ഈപ്പാറഞ്ഞൊപ്പിൻവണ്ണം വാനവർ നടത്തീടും
തല്പരനെതേർപ്പിന്നായ്[1] മോക്ഷവാതിലിൽ വരും 144

കണ്ടുടൻ മാതാവിനെ സ്നേഹത്താലാശ്ലേഷിക്കും
കൊണ്ടാടുംബഹുവിധാൽ അശരീരിഗാനങ്ങളും
ആകാശരാജ്യേ തെളികല്ലേലുയ്യാ എന്നതും
ആകാശചാരികളാൽ പാടിടുമിതുദ്ധരം 148

ണമേശക്കിരുത്തി നന്നായി ഭക്ഷണംകൊടുക്കുവാൻ അമ്മയ്ക്ക് എപ്പോഴും ശ്രദ്ധയുണ്ടായിരുന്നു. എങ്കിലും യോഹന്നാന്റെ വാക്കുകളം മാതാവ് അനുസരിക്കുമായിരുന്നു. അയാളെ, മാതൃസഹജമായ സ്നേഹത്തോടെ എപ്പോഴും ദൈവജനനി തീററിപ്പോററി. യോഹന്നാൻ അമ്മയിൽ നിന്നു് ഒരു ക്ഷണനേരംപോലും പിരിയാതെ തന്നെകഴിഞ്ഞു.

(137_140) ഇക്കാലഘട്ടത്തിൽ ചിലപ്പോഴം പുത്രനായമിശിഹാ സ്വമാതാവിനെ സൽക്കരിക്കുന്നതിനുവേണ്ടി താഴെ ഭൂമിയിലേക്കിറങ്ങി വരുമായിരുന്നു. മറു ചിലപ്പോഴം, മാലാഖമാർ പ്രഭാപൂർണ്ണമായ മേഘത്തേരിൽ മാതാവിനെ ഇരുത്തി സ്വർഗത്തിന്റെ ഉന്നതമായ മണ്ഡലങ്ങളിലേയ്ക്കു് കൊണ്ടുപോയിരുന്നു.

(141_148) ഞായറാഴ്ച ദിവസങ്ങളിൽ കിഴക്കേ ദിക്കിലേയ്ക്കു് (സ്വർഗ്ഗത്തിലേയ്ക്കു്) മാതാവിനെ കൊണ്ടുവരുവാൻ പുത്രൻ കല്പിച്ചതനുസരിച്ചു് മാലാഖാമാർ മാതാവിനെ സംവഹിച്ചുകൊണ്ടു് യാത്ര ചെയ്യും. അമ്മയെ എതിരേല്ക്കുവാൻ പുത്രൻ സ്വർഗ്ഗവാതിലിൽ എഴുന്നെള്ളിവരും

സ്നേഹമാതാവിനെ കാണുന്നയുടനെ പുത്രൻ ആശ്ലേഷിക്കും. വിവിധതരത്തിലുള്ള അശരീരി ഗാനങ്ങളം അപ്പോഴം ആഘോഷത്തോടെ ഉയർന്നു കേൾക്കും. ആകാശരാജ്യത്തിൽ ആനന്ദതുന്ദിലരായി വാനവചാരികളായ മാലാഖാമാർ ഹല്ലേലുയ്യാ പാടും.

---

1 എതേർപ്പ്—എതിരേല്പ്

ഈയന്ത്യകാലങ്ങളിൽ നാഥനെക്കൃദാശയാൽ
സുസന്ധ്യാനുകൂലമായ് കൈക്കൊള്ളുമിക്കദിനം
ഇങ്ങനെയൊരുദിനെ തന്നുടെശ്രീഹാവൃത്തി
മംഗലൻയോഹന്നാനും ചെയ്യുന്നനേരത്തിങ്കൽ 152

നാഥയിൻനേരമടുത്തെങ്കിലും സുകർമ്മത്തെ
നു[1] രസം നിറുത്തുവാനെന്നമ്മ നിനച്ചപ്പോഴും
നാഥനുംപരലോകെ നിന്നൊരുദൂതൻതന്നെ
നാഥസ്സനൽക്കരുണ കൊടുപ്പാൻയോഹന്നാനും 156

കാണപ്പെട്ടിയാശുനാഥൻ കല്പനനിമിത്തമായ്
കാണികയുനില്ലുട്ടിപ്പോശു വേഗത്തിൽമാതുപക്കൽ
അണഞ്ഞങ്ങുടൻകരുണ നടത്തുവാൻനാഥൻ
അരുളപ്പാടെന്നിതുമറിയിച്ചുടൻജ്ഞാനി 160

അമ്മയിൻപക്കലീയാളണഞ്ഞനേരത്തിങ്കൽ
ഒന്നയാൽപാർത്തുചൊല്ലി നാഥൻറെതിരുച്ചിത്തം
ഇന്നുനാശുമുതലന്നുദിനവും നാഥൻതന്റെ
നന്ദിയാൽതിരുദേഹം കൈക്കൊശുവാനായ് നേമം[2] 164

(149_164) ഈ അന്ത്യകാലത്തു് നാഥനെ കൃദാശ വഴിയായി കിട്ടുന്ന ദിവസങ്ങളിലും സന്ധ്യാവേളയിൽ സ്വീകരിക്കും. ഇങ്ങനെ ഒരു ദിവസം മംഗലപുത്രനായ യോഹന്നാൻ പൗരോഹിത്യവൃത്തി ചെയ്യുകയായിരുന്നു. നാഥയുടെ സമയം അടുത്തെങ്കിലും പവിത്ര കർമ്മത്തെ നമ്മുടെ ഇച്ഛയ്ക്കനുസരിച്ചു് നിറുത്തണമേ എന്നു് അമ്മ വിചാരിച്ചപ്പോശും നാഥനായ മിശിഹാ പരലോകത്തുനിന്നു് ഒരു ദൈവദൂതനെ അയച്ചു. ദിവ്യകാരുണ്യം മാതാവിനു നൽകുവാൻ ഈ ദൂതൻ യോഹന്നാന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു് അറിയിച്ചു. ഇതു് നാഥനായ മിശിഹായുടെ കല്പനയാണു് കാണികശും തൽക്കാലം നിൽക്കട്ടെ. വേഗം മാതാവിനു ദിവ്യകാരുണ്യം നൽകണമെന്നു നാഥൻ അറിയിച്ചിരിക്കുന്നുവെന്നു യോഹന്നാൻ മനസ്സിലാക്കി.

മാതാവിന്റെ പക്കൽ യോഹന്നാൻ എത്തിയപ്പോശും ആ അമ്മ മിശിഹായുടെ തിരുമനസ്സു് എന്താണെന്നു് യോഹന്നാനോടു് സ്നേഹ പൂർവ്വം അറിയിച്ചു.

'ഇന്നു മുതൽ എല്ലാ ദിവസവും നാഥന്റെ തിരുശരീരം കൃതജ്ഞതയോടുകൂടി സ്വീകരിക്കുവാനാണു് നിയമം.'

---

1 നു:—നമ്മുടെ (സംസ്കൃതം)

2 നേമം—നിയമം.

തവസുതൻ എന്റെ ദേവൻ ഈ വണ്ണം തിരുവുള്ളം
തവതിരുമനസ്സുപോൽ കേഴ്പ്പാനുമഹംദാസ്യം
അന്നേരംമാതാവു യോഹന്നാനെപ്പാർത്തുംകൊണ്ടു
ഇന്നുനിൻബോധത്തിങ്കലെന്തുചൊല്ലുന്നു ചൊൽക. 168

എന്നതുനേരം ജ്ഞാനിയോർത്തുടൻതൻബുദ്ധിയാൽ
ഇന്നിതുനാഥൻചിത്തം എന്നതാൽചെയ്തീടണം
ഈവണ്ണംയോഹന്നാന്റെ വാർത്തകേട്ടടനമ്മ
അവ്വണ്ണമാകട്ടിതാ ചൊൽവിളിക്കാസ്മം[1] ദാസി 172

എന്നരുൾചെയ്തശേഷം തന്നുടെഹൃദിതെളി
ഞ്ഞംബരംതന്നിൽപുത്രൻ പ്രത്യക്ഷാൽകല്പിച്ചെന്നും
എന്നതിൻരഹസ്യവും കേൾപ്പിച്ചുടനതുനേരം
ഇതുമെന്നിയെമഹാഭക്തിയാൽ തിരുനാൾകൂടും 176

മുന്നമിങ്ങറിയിച്ചുതെന്നതല്ലാതെതന്റെ
മന്ദിരംതന്നിൽമുന്നം കാഴ്ചയായണഞ്ഞതും
കറയില്ലാത്തതന്റെ ജനനമുഖ്യദിനം
കറയറവനോടുചെയ്തന്ന തിരുമണം[2] 180

(165–180) യോഹന്നാൻ പറഞ്ഞു. 'നിന്റെ പുത്രനും എന്റെ ദൈവവുമായ അവിടുത്തെ തിരുവുള്ളം നിന്റെ തിരുമനസ്സുപോലെ ദാസനായ ഞാൻ കേൾക്കുന്നു. അപ്പോൾ യോഹന്നാനെ നോക്കിക്കൊണ്ടു് നിന്റെ ബുദ്ധിയിൽ എന്താണു തോന്നുന്നതെന്നു പറയുക' എന്നരുൾ ചെയ്തു. സ്വബുദ്ധിയാൽ ചിന്തിച്ചു് അപ്പോൾ യോഹന്നാൻ മാതാവിനോടു പറഞ്ഞു. 'നാഥന്റെ തിരുമനസ്സു് എന്താണോ അതനുസരിച്ചു ചെയ്യാം.' ആ വാക്കുകൾ കേട്ടു് മാതാവു് അനുസരണയോടെ 'ഇതാ ഞാൻ ദാസി' എന്നു പറയുകയും ചെയ്തു. മറിയം ഹൃദയം തെളിഞ്ഞു്, സ്വർഗ്ഗത്തിൽനിന്നും പുത്രൻ പ്രത്യക്ഷപ്പെട്ടു് കൽപ്പിച്ചതും അതിന്റെ രഹസ്യങ്ങളും അറിയിച്ചു. അതുകൂടാതെ ഭക്തിപൂർവം തിരുനാളുകൂടും ആചരിക്കുവാൻ മുമ്പേതന്നെ പുത്രൻ കല്പിച്ചതും ദേവാലയത്തിൽ പുത്രനെ കാഴ്ചകൊടുത്തതും, അമലോത്ഭവത്തിന്റെ മുഖ്യദിനവും കറയില്ലാത്ത യൗസേപ്പിനോടു വിവാഹം കഴിച്ച പുണ്യദിനവും ആചരിക്കണമെന്നു് പറയുകയും ചെയ്തു.

---

1 ആസ്മം— ഒരുക്കം

2 തിരുമണം— കല്യാണം

ഇങ്ങനെയുള്ള ഭക്തികളതിൽവെച്ച
മംഗിയാലധികമായ്ക്കൊണ്ടാട്ട മമലോത്ഭ
വെന്നതിൻ നൊവേനയും ഘോഷമായാഘോഷിക്കും
എന്നതിൽ തലേദിന രാത്രിയിൽ ബഹുഭക്ത്യാ 184

നന്ദനൻ പുണ്യശക്ത്യാ തന്നൊരു ബഹുമതി
എന്നതിൻ വലിപ്പവുമുന്നതയോഗ്യമതും
മനുജന്മത്തിൽ താനും ജനിച്ചതെന്നാകിലും
മനുജന്മത്തിൻ പിതൃമനുജാതനെങ്കിലും 188

മനുജന്മത്തിൽ സർവ്വപ്രകൃതി യഥാതാനും
മനുജന്മത്തിനുള്ള ജനനമലംവിനാ
ഇതിനാൽ ദൈവം തനിക്കധികമഹാഭാഗ്യം
ഇതിനെപ്പോലെയുള്ള മഹിമ മറിറില്ലെന്നും 192

ഇതിനെ സ്ഥിരമായി മനസ്സിൽ ധരിക്കയാൽ
ഇതിനു തലേദിനം ബഹുവന്ദനാപാത്രം
ഇങ്ങനെ നിശാമദ്ധ്യേ സാഷ്ടാംഗം ചെയ്തനാഥ
മംഗലേശ്വരൻ ചെയ്ത നന്മയെ നന്ദിപൂർവ്വം 196

തന്നുടെ ദുതന്മാരോടൊന്നിച്ച സ്തുതിക്കുമ്പോഴും
തന്നുടെ സ്നേഹപുത്രനിറങ്ങിവന്ന തന്റെ
ഉന്നത തേരിൽത്തന്നെ സ്നേഹമാതൃവേകേറി
ഉന്നത മതിൽത്തന്റെ പിതൃസന്നിധൗചേർത്തു 200

(181–192) ഇങ്ങനെയുള്ള ഭക്തികാര്യങ്ങളിൽ വച്ച് ഏററവും മംഗിയായി കൊണ്ടാടേണ്ടുന്ന അമലോത്ഭവ തിരുന്നാളിന്റെ മുമ്പുള്ള നൊവേന ആഘോഷപൂർവ്വം നടത്തണം, അതിന്റെ തലേ രാത്രിയിൽ പുത്രൻ തന്റെ വിശുദ്ധിയെ ആദരിച്ച തന്നതായ അമലോത്ഭവമെന്ന ബഹുമതിയുടെ വലിപ്പവും, ഉന്നത യോഗ്യതയും മാതാവ് വിശദമാക്കി. മനുഷ്യവംശത്തിൽതന്നെയാണ് താൻ ജനിച്ചതെങ്കിലും, മനുഷ്യപ്രകൃതിയാണ് തനിക്കുള്ളതെങ്കിലും, മനുഷ്യ ജന്മത്തിൽ സ്വഭാവേനയുള്ള ജന്മപാപത്തെ ഇല്ലാതാക്കി ദൈവം തനിക്ക് മഹാഭാഗ്യം തന്നതിനാൽ ഇതിനേക്കാൾ വലിയ ഒരു ഭാഗ്യം മററാർക്കും ഇല്ലാതിരിക്കുന്നുവെന്നും മാതാവ് അറിയിച്ചു.

(193–200) ഇക്കാര്യം മനസ്സിൽ ദൃഢമായി ഉറപ്പിച്ചുകൊണ്ട് ഇതിനു തലേദിവസം തന്റെ പുത്രനു് അത്യധികമായ വണക്കങ്ങളും അമ്മ നൽകി. ഇങ്ങനെ മദ്ധ്യരാത്രിയിൽ സാഷ്ടാംഗംവീണ് മംഗലേശ്വരനായ ദൈവത്തിന്റെ കാരുണ്യത്തെ നന്ദിയോടെ അനുസ്മരിച്ചു.

അമ്മയും മഹാ ദൈവസന്നിധൗചേർന്നക്ഷണം
ഒന്മയാൽ സാഷ്ടാംഗം ചെയ്താരാധിച്ചുടൻ ദേവം
അപ്പൊഴതശരീരി സ്വരത്താൽ കല്പിച്ചുടൻ
തല്പരൻ പുത്രൻ തന്റെ ദക്ഷിണഭാഗേചേർത്തു 204

ഉന്നതൻ ദേവൻ തന്നെ ജന്മമാംമലംവിനാ
ഉന്നതയാക്കി നരജന്മത്തിലതിനാലെ
നന്ദിയാലുള്ള മഹാകൃതജ്ഞതത്തെ കാട്ടി
എന്നതു സ്വപുത്രനും ചെയ്തിതു ത്രിത്വത്തിന്നായ് 208

നിശ്ചലൻ ദേവനിതു മോക്ഷമന്ദിരേസർവ്വം
നിശ്ചയം വരുത്തുവാൻ കല്പിച്ചീസ്വരത്തിനാൽ
ജനനേമലംവിനാ ജനിതൗ നീയേ ദൃഢം
ജനകൻ പാർത്തശേഷം സുതനുമിതിൻവണ്ണം 212

ജനനിമമനീയെ, അനഘാര്യയേ! ശ്രുതാൽ
ജന ജന്മത്തിൻ നിഴൽ നിനക്കില്ലിതു ദൃഢം
ജനകൻ സുതനെന്ന ദൈവാംകം വചിച്ചപ്പോൾ
ജനനേ സ്നേഹിച്ചെന്ന സ്നേഹദൈവവുമിതി 216

വചനാൽത്തന്റെ സ്നേഹമഹിഷിയെത്തോഷിച്ച
വചിച്ചീവണ്ണം നീ തേ സൗന്ദര്യമണവാട്ടി
നീ സർവ്വം മഹാശുദ്ധി നീ സർവ്വം മഹാരശ്മി
നീ മാത്രം പരം ജന്മപാപത്തിൻ മലംവിനാ 220

ദൈവദൂതന്മാരോടൊത്തു് ഇങ്ങനെ ദൈവത്തെ മറിയം സ്തുതിച്ചപ്പോൾ അവളുടെ സ്നേഹപുത്രനായ മിശിഹാ സ്വർഗ്ഗത്തിൽനിന്നു് താഴേയ്ക്കിറങ്ങി വന്നു. ഉന്നതമായ തേരിൽ പുത്രൻ തന്റെ മാതാവിനെ ഇരുത്തി അത്യുന്നത പിതാവിന്റെ സന്നിധിയിൽ കൊണ്ടുപോയി നിറുത്തി.

(201_228) സമുന്നതനായ ദൈവത്തിന്റെ സന്നിധിയിൽ ചേന്നു നിമിഷത്തിൽ അമ്മ ദൈവത്തെ ഭക്ത്യാദരപൂർവ്വം സാഷ്ടാംഗം വീണു നമസ്കരിച്ചു. ആ സമയത്തു് അശരീരിയാൽ കല്പിച്ചുകൊണ്ടു് സ്നേഹനിധിയായ പുത്രൻ തന്റെ വലത്തുഭാഗത്തു് മാതാവിനെ ഇരുത്തി. 'നരജന്മത്തിലുള്ള നിന്നെ ഉന്നതനായ ദൈവംതന്നെ ജന്മപാപം ഇല്ലാതെ ഉന്നതയാക്കിത്തീർത്തു.' എന്നു പറഞ്ഞു് നന്ദിയോടെ പുത്രനായ ദൈവം ത്രിത്വത്തിനു കൃതജ്ഞത അർപ്പിച്ചു. ഒരിക്കലും മാറ്റമില്ലാത്തവനായ ദൈവപിതാവു് മോക്ഷമന്ദിരത്തിൽ എല്ലാ

ഈ സ്വരം കേട്ട മോക്ഷവൃന്ദമൊക്കെയും ക്ഷണം
ഈശ്വരസ്തുതിചെയ്തു ചേർത്തവർ മഹാഘോഷാൽ
രൂപികളരൂപികളൊക്കെയുള്ളം കൈകൊട്ടി
രൂപവാദ്യഘോഷത്താലീവണ്ണം കൊട്ടിപ്പാടി 224

മറിയമ്മ മഹാശ്രദ്ധയും ജന്മപാപ-
മാലിന്യനിഴലേലും തീണ്ടാതെ ജനിച്ചവൾ
ഇങ്ങനെയുള്ള നേരമമ്മ യീദിവ്യാംകളെ
മംഗലസ്ഥലേ ഭാഗ്യർ കാണ്മ്മ സമം തന്നെ 228

എന്നതിൻ ശേഷം തന്റെ ഉന്നത ജനനത്തെ
മന്നിലിങ്ങമ്മ ബഹുഘോഷമായ്ക്കഴിച്ചീടും
മീനമിരുപത്തഞ്ചിൽ മുന്നമായ് നവദിനം
മേനിയായ്കൊണ്ടോടീടും കഴിക്കും നൊവേനയും 232

ദിവ്യം നിശ്ചയം വരുത്തുന്നതിനു് ഇങ്ങനെ പറഞ്ഞു. 'ജന്മപാപപരിമിതയായി ജന്മംകൊണ്ടവളാണു നീ എന്നതു്, മാറ്റമില്ലാത്ത സത്യമാകുന്നു. പിതാവു് ഇങ്ങനെ ദൈവജനനിയെ നോക്കിപ്പറഞ്ഞശേഷം അതുപോലെതന്നെ പറഞ്ഞു പുത്രനും അവളെ പുകഴ്ത്തി.

'അല്ലയോ എന്റെ അമ്മേ, പാപമില്ലാത്തവളേ, ആര്യേ, നിനക്കുമംഗളം! മനുഷ്യജന്മത്തിലെ പാപങ്ങളടേതായ നിഴൽ പോലും നിന്നിലില്ല എന്നതു് സത്യമാകുന്നു. പിതാവു് പുത്രൻ എന്നീ ദൈവിക വ്യക്തികളും ഇങ്ങനെ പ്രഖ്യാപിച്ചപ്പോൾ ജന്മം മുതൽ അവളെ സ്നേഹിച്ച സ്നേഹദൈവമായ പരിശുദ്ധാത്മാവു് തന്റെ സ്നേഹമഹിഷിയെ സന്തോഷിപ്പിച്ചുകൊണ്ടു് ഇങ്ങനെ അരുളിച്ചെയ്തു. 'നീ എന്റെ സ്നേഹ മണവാട്ടിയാകുന്നു. നീ മുഴുവനും പരിശുദ്ധയാകുന്നു. നീ മുഴുവൻ പ്രകാശധാരയാകുന്നു. ജന്മപാപം കൂടാതെ ജനിച്ചവൾ നീ മാത്രമാകുന്നു.'

ഈ സ്വരംകേട്ട സ്വർഗവാസികളും എല്ലാവരും തൽക്ഷണം വലിയ ആഘോഷത്തോടുകൂടി ദൈവത്തെ സ്തുതിച്ചു. രൂപികളും അരൂപികളും ഉള്ളം കൈകൊട്ടിയും മനോഹരമായ വാദ്യക്കൂട്ടുകളും കൊട്ടിയും ഇങ്ങനെ ഗാനങ്ങളും ആലപിച്ചു:

'ഉന്നതയായ മറിയമേ, മഹാവിശുദ്ധയായ അമ്മേ, നീ പാപമാലിന്യങ്ങളുടെ നിഴൽപോലും തീണ്ടാതെ ജനിച്ചവളാകുന്നു. ഈ സമയത്തു് ഭാഗ്യവാന്മാർ മംഗലസ്ഥലമായ മോക്ഷത്തിലെന്നതുപോലെ അമ്മ ദൈവത്തിലെ മൂന്നാളുകളേയും ദർശിച്ചു ഭാഗ്യവതിയായി.

ഈ നവദിനങ്ങളിലേതുമേ യാവ്യംവിനാ
ഈ മഹാനാഥ തന്റെ പുത്രനെ ഭജിച്ചീടും
എന്നതിൻ ഷഡ്[1] വാസരമുന്നതമതിൽപ്പൊങ്ങും
അന്നവിടത്തിലാറു ദിനമാം സൃഷ്ടി കാട്ടും

എന്നതിൻ മൂന്നുദിനമാകാശമതിൽ ബഹു
നന്ദിയാൽ ദാനപൂർണ്ണാലംകാരാൽ ചമയിക്കും
ഒട്ടുക്കു ദിവസത്തിൽക്കൊട്ടുക്കും തന്റെ കാഴ്ച
അടക്കം വിനാകാട്ടും ദൈവിക മഹായുക്തി

പെരികെത്തന്റെ വെളിവതികരിച്ചീടുവാൻ[2]
''പൂർഗത്തോ''[3]രിയിലാത്മം സകലം കരേറീടും
പരമസ്നേഹ പുത്രജനത നിമിത്തമായ്
പരരക്ഷയിൻവാതിൽ തുറന്നെന്നറിവിന്നും

തിരുന്നാൾദിനം തന്നിൽ പരമസുതൻസഹ
പരലോകരുമായി ഇറങ്ങും സേനാക്കളിൽ
സ്നേഹശിഷ്യനാം ജോനി പൂജകർമ്മം ചെയ്യുമ്പോൾ
സേനകളശരീരിഗാനഘോഷമായ്പാടും

(229–240) ഈ സംഭവത്തിനുശേഷം മാതാവു് തന്റെ ഉന്നതമായ ജനനദിവസത്തെ ഈ ഭൂമിയിൽ അത്യാഘോഷത്തോടെ ആചരിച്ചുപോന്നു. മീനമാസം ഇരുപത്തഞ്ചിനു മുൻപായി നവനാൾ കൊണ്ടാടുകയും നൊവേന കഴിക്കയും ചെയ്തു. ഈ നവനാളുകളിൽ ഭക്ഷണസാധനങ്ങൾ കഴിക്കാതെ ദൈവമാതാവു് തന്റെ പുത്രനെ ഭജിച്ചിരുന്നു. അതിൽ ആറാമത്തെ ദിവസത്തിൽ ഉന്നതങ്ങളിലേക്കു് ഉയർന്നു് അത്ഭുതപ്രവൃത്തികൾ കാണിക്കുമായിരുന്നു. പിന്നീടുള്ള മൂന്നു ദിവസങ്ങളിൽ അത്യന്തമായ കൃതജ്ഞതയോടെ ദൈവികദാനങ്ങളുടെ അലങ്കാരങ്ങളണിഞ്ഞു് നിലകൊണ്ടിരുന്നു. ദൈവികമഹായുക്തി അവസാനദിവസത്തിൽ പരസ്യമായി തന്റെ ദിവ്യമായ കാഴ്ചകൾവഴി വ്യക്തമാക്കുകയും ചെയ്യുമായിരുന്നു.

(241–254) മാതാവു് തന്റെ ആനന്ദം വർദ്ധിപ്പിക്കുന്നതിനായി ശുദ്ധീകരണസ്ഥലത്തിലുള്ള സകല ആത്മാക്കളേയും സ്വർഗ്ഗത്തിലേക്കു് കയറും. പരമസ്നേഹനാഥന്റെ ജനനിമൂലം സ്വർഗ്ഗലോകവാതിൽ തുറന്നിരിക്കുന്നുവെന്നു് എല്ലാവരേയും അറിയിക്കുന്നതിനായി

---

1 ഷഡ്വാസരം—ആറാം ദിവസം.

2 അതികരിക്കുക—അധികരിക്കുക. 3 പൂർഗത്തോ—ശുദ്ധീകരസ്ഥലം.

മാതാവിന്നൊരത്തോരിയെന്നതിൽ സ്നേഹപുത്രൻ.
ദൂതരുമൊരുമിച്ചുനിന്ന പാർത്തിടും സ്തുതി
സുതന്റെ വലത്തേതിൽക്കണ്ടീടും മാതാവിനെ
സുതനെക്കുദാശയാൽ കൈക്കൊണ്ടശേഷം ക്ഷണം

ആകാശമാർഗ്ഗേ പൊങ്ങി മാതാവാംകന്യാമണി
കുദാശനിമിത്തമായ് ദൈവത്തോടൊന്നിച്ചങ്ങു
പിന്നെയും മാതാബഹുഭക്തിയാൽ പുത്രോവാസ[1]
അന്നപാനമെന്നിയെനോറീടും ചതുർദ്ദശം

ഈ ദിനങ്ങളിൽ മഹാഭക്തിയാൽ പാപികൾക്കായ്
ഈ ദിവ്യമാതാ ബഹുപ്രാർത്ഥന പുത്രൻ പക്കൽ
മാതൃസ്നേഹത്താൽ ക്ലേശം നഷ്ടമാമാത്മാക്കളാൽ
താപാനുപമം മഹാപാപികൾ രക്ഷയ്ക്കായി

ഇങ്ങനെ മാതാവു തന്നമലോത്ഭവം മുതൽ
തിങ്ങിനതപസ്സിനാൽക്കാൽക്ഷണം കളയാതെ
തന്നുടെ സപ്തദശമെന്നതിൽ മൂന്നുറ[2]
വെന്നയിക്കാലം വരെയായപ്പോൾ മഹാദാഹം

തിരുനാളിൻ ദിനത്തിൽ പരമപിതാവിന്റെ സുതനായ മിശിഹാ പരലോകവാസികളോടൊരുമിച്ചു് ഭൂമിയിലേക്കു് ഇറങ്ങും. സ്നേഹശിഷ്യനായ യോഹന്നാൻ ദിവ്യപൂജ അർപ്പിക്കുമ്പോൾ വാനവസേനകൾ അശരീരിഗാനങ്ങൾ ആഘോഷത്തോടെ പാടും. മാതാവിന്റെ പ്രാർത്ഥനമൂലിയിൽ ദൂതന്മാരോടൊരുമിച്ചു് സ്നേഹപുത്രൻ സ്തുതികൾ പാടും. സുതന്റെ വലത്തുഭാഗത്തായി മാതാവിനെ കണ്ടെത്താൻ കഴിയും. മാതാവു് സുതനെ കുദാശവഴിയായി കൈക്കൊണ്ടതിന്റെ ശേഷം ആ ക്ഷണത്തിൽത്തന്നെ ആകാശമാർഗത്തിൽ ഉയർന്നു പൊങ്ങി കുദാശവഴിയായിത്തന്നെ ദൈവത്തോടൊരുമിച്ചു വസിക്കും.

(255–266) പിന്നെയും മാതാവു് അന്നപാനം കൂടാതെ പുത്രനെ പ്രതിയുള്ള ഉപവാസം നാല്പതുദിവസത്തേയ്ക്കു നടത്തും. ഈ ദിവസങ്ങളിൽ പാപികൾക്കുവേണ്ടി അതീവഭക്തിയോടെ ദിവ്യമാതാവു് പുത്രന്റെ പക്കൽ പ്രാർത്ഥിക്കും. നഷ്ടപ്പെടുന്ന ആത്മാക്കൾമൂലം അനുപമമായ താപം അനുഭവിച്ചു് മഹാപാപികളുടെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം നിറഞ്ഞ മാതാവു് അധികം ക്ലേശം സഹിച്ചു

1 പുത്രോവാസം—പുത്രനെപ്രതിയുള്ള ഉപവാസം
2 സപ്തദശമെന്നതിൽ മൂന്നുറ—എഴുപതിൽ മൂന്നു കുറവു് (67)

പെരുകി പുത്രൻ സഹതരണം പരലോകേ
കരുതി പുത്രൻ സ്നേഹമാതുവെ കൈക്കൊള്ളുവൻ
എന്നയിക്കാലമതിൽ മുമ്പനാം ഗൗറിയേലെ
മന്ദിരെയാകാശത്തിൽനിന്നു താൻ യാത്രയാക്കി

മുമ്പനാമിയാം ബഹുവാനവർ കൂട്ടത്തോടെ
മുമ്പിലായ് വെളുത്തുള്ള വസ്ത്രം ധരിച്ചുകൊണ്ടും
തന്നുടെ ശിരസ്സതിലുന്നത കിരീടവും
തൈലവൃക്ഷത്തിൻശാഖ കൈകളിലേന്തിക്കൊണ്ടും

വന്നുടൻ നാഥ പക്കൽ മംഗലവാർത്തചൊല്ലി
വന്ദനം മുൻപോൽതന്നെ വചനമതുതന്നെ
പിന്നെയങ്ങറിയിച്ചു നിന്നുടെ സ്നേഹപുത്രൻ
മന്നിലായ് നിനക്കുള്ള വാസത്തെച്ചുരുക്കി താൻ

ഇന്നീയീക്കണ്ണീർസ്ഥലേ മുന്നു കാലങ്ങൾമാത്രം
കന്നി നീ വസിക്കുമ്പോൾ യാത്രയങ്ങാകാശത്തിൽ

രുന്നു. ഇങ്ങനെ മാതാവു് തന്റെ അമലോത്ഭവം മുതൽ വലിയ തപസ്സോടുകൂടി കാൽക്ഷണംപോലും നഷ്ടപ്പെടുത്താതെ അറുപത്തിയേഴു സംവത്സരം കഴിച്ചു. അക്കാലത്തു് ലോകസാഗരം തരണം ചെയ്തു് പരലോകത്തു് പുത്രനോടുകൂടി വസിക്കുവാൻ മാതാവിനു് ഉൽക്കടമായ ആഗ്രഹം ജനിച്ചു. പുത്രൻ തന്റെ മാതാവിനെ സ്വീകരിക്കുവാനും ഒരുങ്ങി.

(267–278) ദൈവപുത്രൻ തന്റെ ദൂതന്മാരിൽ മുമ്പനായ ഗൗറിയേലിനെ ആകാശമന്ദിരത്തിൽനിന്നും ഭൂമിയിലേയ്ക്കു യാത്രയാക്കി. വാനവസൈന്യത്തിന്റെ മുമ്പിലായി വെണ്മയേറിയ വസ്ത്രം ധരിച്ചു ശിരസ്സിൽ കിരീടം അണിഞ്ഞും, ഒലിവുമരത്തിന്റെ ശാഖ കൈകളിൽ പിടിച്ചും ഗൗറിയേൽ വന്നു് നാഥയുടെ സന്നിധിയിൽ മംഗലവാർത്ത അറിയിച്ചു. വന്ദനം നേരത്തേ ചെയ്തിരുന്നതുപോലെതന്നെ വചനവും അതുതന്നെ. പിന്നീടു്, ഗൗറിയേൽ ഇങ്ങനെ അറിയിച്ചു. 'അമ്മേ നിന്റെ പ്രിയപുത്രൻ ഭൂമിയിൽ നിനക്കുള്ള ജീവിതകാലത്തെ ചുരുക്കിയിരിക്കുന്നു. ഈ കണ്ണീരിന്റെ താഴ്വരയിൽ ഇനി മൂന്നു ദിവസം കൂടിയേ നിനക്കുള്ളു. കന്യകയായ അമ്മേ, നിനക്കു് ആകാശത്തിലേയ്ക്കു് യാത്ര ചെയ്യേണ്ടി വരും'.

എന്നതുകേട്ട ക്ഷണമമ്മയുമതുതന്നെ
നന്ദിയോടുരചെയ്ത മുമ്പിനാലെന്നവണ്ണം 280

കർത്താവിൻ ദാസിയിതാ നിന്നുടെ വചനംപോൽ
പേർത്തിനിക്കായീടട്ടെയെന്നു ചൊന്നനന്തരം
മുഖ്യനെപ്പാർത്തു വീണ്ടുമമ്മയൊന്നുരംചെയ്ത
മുഖ്യതചെയ്ത ദൈവം വന്ദനം ചെയ്ത നന്ദി 284

കാട്ടുവാൻ കൊണ്ടോട്ടങ്ങളണപ്പാൻ നീക്കിടുന്നം
കോട്ടമെന്നിയേ നിങ്കം കൂടവെ തുണയ്ക്കുണം
എന്നതുംചെയ്ത നേരം വന്നവരെല്ലാവരും
തന്നിച്ച രാജ്ഞീസഹാവന്ദനഗാനം സ്തുതി 288

അഞ്ചുനാഴികപരെ മംഗളം ചൊന്നശേഷം
ആഞ്ചുകം[1] പരലോകെഗമനം ചെയ്ത ക്ഷണം
തന്നുടെ സ്നേഹപുത്രൻ ശ്രീഹന്മാർ പലദിക്കിൽ
തന്നിൽനിന്നകന്നവരൊക്കെയ്ക്കും തന്റെ കൈയാൽ 292

രലഖനംചെയ്ത ദൂരെയുള്ളവർക്കയച്ചുതാൻ
ലോകവാസത്തിൽ ചിരംവസിപ്പാൻ ദുഷ്കമായി
പാരെയുള്ളവർകളെ വാക്കിനാലുറപ്പിച്ചു
സാരമുള്ളവകളെ ധരിപ്പിച്ചറിയിച്ചു 296

(279-296) ഈ വാക്കുകം കേട്ട് തൽക്ഷണം മുൻപൊരിക്കൽ പറഞ്ഞതുപോലെ നന്ദിയോടെ ഇങ്ങനെ പറഞ്ഞു: 'ഇതാ കർത്താവിന്റെ ദാസി. അവിടുത്തെ വചനംപോലെ എന്നിൽ ഭവിക്കട്ടെ.' ഇങ്ങനെ പറഞ്ഞതിനുശേഷം മുഖ്യദൂതനെ നോക്കി അമ്മ വീണ്ടും അതും ചെയ്ത. ഉന്നതമായ കാര്യം എനിക്കു ചെയ്ത ദൈവത്തിനു നന്ദിയുണ്ടായിരിക്കട്ടെ. ദൈവത്തിനു കൃതജ്ഞതയപ്പിക്കുവാൻ തടങ്ങളം നീക്കി സന്തോഷപൂർവം നിങ്ങംകൂടി സഹായിക്കണം.'

ഇങ്ങനെ മാതാവു പറഞ്ഞ സമയത്തു് വാനവരെല്ലാവരും ചേർന്നു് സ്വർഗരാജ്ഞിയോടൊത്തു് വന്ദനഗാനം പാടി. അഞ്ചു നാഴികവരെ ഇപ്രകാരം വന്ദനാ സ്തോത്രങ്ങം പാടിയ ശേഷം മാലാഖമാർ സ്വർഗത്തിലേയ്ക്കു് പോയി. തൽക്ഷണം തന്റെ സ്നേഹപുത്രന്റെ ശിഷ്യന്മാർ പല ദിക്കിലും കഴിഞ്ഞിരുന്ന. അവക്കെല്ലാം മാതാവു് സ്വന്തം കൈപ്പടയിൽ ലേഖനം എഴുതി ദൂരെ കഴിയുന്നവരായ അവക്കു് അയച്ചു. ലോകത്തിൽ ദീർഘനാളം വസിക്കുന്ന

---

1 ആഞ്ചുകം - ദൈവദൂതന്മാർ (എയിഞ്ചൽ എന്നതിന്റെ തത്ഭവം)

തന്നുടെ സ്നേഹപുത്രൻ യോഹന്നാൻ മാതൃതന്റെ
മന്നിലെ യാത്രയറിഞ്ഞെന്നതാൻ ക്ലേശിച്ചേറ്റം
ഇങ്ങനെ മാതൃ തന്റെ മരണമറികയാൽ
തിങ്ങിന ദുഃഖത്തോടെ ക്ലേശിച്ചു വിശ്വാസികളം

ഇന്നാളുകളിൽ ബഹുഭക്തിയാൽ മാതാനിത്യം
കീഴ്നാളുകളെക്കായിൽ ശോഭിച്ച മുഖശോഭ
അപ്പോലെ പുത്രൻ തന്റെ രക്തത്താലർച്ചിച്ചുള്ള
പൊൽപെരിയൊരുസ്ഥലം വന്ദിക്കും ബഹുഭക്ത്യാ

ഇങ്ങനെ മാതാ തന്റെ യാത്രക്കായൊരുങ്ങുമ്പോളം
അങ്ങടുത്തുള്ള സ്ഥലം പലസ്ഥീൻ ചുറ്റുമുള്ള
വിശ്വാസക്കൂട്ടങ്ങളിലെത്രയും മഹാദുഃഖം
വിശ്വത്തിൽനിന്നും തന്റെ നിക്ഷേപം നാസ്തിയഥാ

എന്നതുമനുകൂലമെന്നതിൽത്തന്നെയല്ല
മന്ദമായാകാശത്തിൽ നക്ഷത്രഗ്രഹങ്ങളും
ഖമിൽഗമിക്കും പക്ഷിപറവവൃന്ദങ്ങളും
ഖഗ[1] സുസ്വരാദികളം പകർത്തീദുഃഖം യഥാ

എന്നതു വിശേഷമായെടുത്ത കാലം തന്നിൽ
തന്നുടെ കേതമതിൻ ചുറ്റുമായ്പ്പക്ഷീഗണം
ഒക്കെയും കൂട്ടിക്കൊണ്ടോപ്പാട്ടകളം തോറങ്ങളായ്
പൊക്കത്തിൽനിന്നു താണു ധരയിൽ തലചേർത്തും

തിനു അടുത്തുള്ളവരെ മാതാവു് വാക്കുകൊണ്ടു് ദൃഢമായി ഉറപ്പിച്ചു. പ്രധാനപ്പെട്ട കാര്യങ്ങളം അവക്കു സുഗ്രഹമാക്കി.

(297-320) സ്നേഹപുത്രനായ യോഹന്നാൻ മാതാവിന്റെ പരലോകയാത്രയെക്കുറിച്ചറിഞ്ഞു് ഏറ്റം ക്ലേശപൂരിതനായി. ഇപ്രകാരം തങ്ങളുടെ മാതാവിന്റെ മരണത്തെക്കുറിച്ചു അറിഞ്ഞതുകൊണ്ടു് വിശ്വാസികളം ക്ലേശിച്ചു. ഈ ദിവസങ്ങളിൽ കേതികൊണ്ടു് മാതാവിന്റെ മുഖം മുമ്പത്തേക്കാളേറെ ശോഭായമാനമായി. അതുപോലെ തന്നെ പുത്രന്റെ രക്തംവീണു പ്രസിദ്ധമായിട്ടുള്ള സ്ഥലം വലിയ ഭക്തിയോടെ സന്ദർശിച്ചിരുന്നു. ഇപ്രകാരം മാതാവു് തന്റെ യാത്രക്കായി ഒരുങ്ങുമ്പോളം പലസ്തീനു ചുറ്റുമുള്ള വിശ്വാസികളുടെ സമൂഹം മഹാദുഃഖത്തിൽ മുഴകി. ഈ ലോകത്തിൽ മാതാവിനു സമ്പാദ്യം യാതൊന്നുമില്ലായിരുന്നു. എങ്കിലും ആകാശത്തിൽ മന്ദ

---

1 ഖഗം - പക്ഷി

തന്നുടെ രാജ്ഞി പിരിഞ്ഞെന്നേയ്ക്കുമകന്നീടു-
മെന്നുള്ള ദുഃഖം നെഞ്ചിൽക്കൊത്തിക്കൊണ്ടറിയിക്കും
ഇങ്ങനെ രാജ്ഞി തൻെറയാശീർവ്വാദത്തിനായി
അങ്ങവർ പാൎത്തുംകൊണ്ടു് പ്രവൃത്തി യഥാകാട്ടും 320

എന്നതു വൻകുന്നുകൾ, മലകൾ, പാതാളങ്ങൾ
എന്നതിൽ വസിക്കുന്ന വൻമൃഗത്തരങ്ങളും
തന്നുടെ മരണത്തിന്നാറു മാസത്തിൻ മുമ്പിൽ
തന്നുടെ സുവൃത്തിപോൽ ഗാഗ്ഗൽത്തായ്ക്കെഴുന്നെള്ളി 324

എന്നതു തിരിഞ്ഞവരൊക്കെയും ചുററിക്കൂടി
അന്നങ്ങങ്ങോരോ മലവാസികൾ പലതരം
വ്യാഘ്രാദിവർഗ്ഗങ്ങളും ഭോജനഭോക്താക്കളും
വ്യാപ്യ[1] മൊക്കെയും നീക്കി ദുഃഖത്താൽ രാജ്ഞിപക്കൽ 328

വന്നവരതിൽ ചിലർ വന്ദന സാഷ്ടാംഗവും
ചെന്നാദികളും തലകുനിച്ചു വന്ദിച്ചമ്മെ
ഒക്കെയും മഹാദുഃഖസ്വരങ്ങൾ ഗർജ്ജിച്ചിട്ടും
ദുഃഖമൊക്കെയും കാട്ടി രാജ്ഞി നഷ്ടത്താൽ ദൃഢം 332

മായ്ച്ചരിക്കുന്ന നക്ഷത്രങ്ങളും ഗ്രഹങ്ങളും പറക്കുന്ന പക്ഷി വൃന്ദവും തങ്ങളുടെ ശബ്ദത്താൽ ദുഃഖം പകൎത്തിക്കാട്ടി. അവ മരണം അടുത്ത ഈ കാലത്തിൽ മാതാവു് താമസിച്ച വീടിൻെറ സമീപം വന്നു് പറവകൾ കൂട്ടം ചേൎന്നു് തോററങ്ങൾ പാടി. ഉയരങ്ങളിൽ നിന്നു് അവ താഴെയെത്തി ഭൂമിയിൽ തല ചേൎത്തുപിടിച്ചു. തങ്ങളുടെ രാജ്ഞി എന്നേയ്ക്കുമായിപ്പിരിയും എന്നുള്ള ദുഃഖം സ്വന്തം നെഞ്ചിൽ ക്കൊത്തിക്കൊണ്ടു് ആ പറവജാലം തങ്ങളുടെ പ്രവൃത്തിയാൽ ദുഃഖം പ്രകടമാക്കി. നാഥയുടെ ആശീർവാദത്തിനായി അവ പ്രതീക്ഷ യോടെ പാൎത്തുനിന്നു.

(321-332) വലിയ കുന്നുകളിലും മലകളിലും ഗ്രഹകളിലും വസി ക്കുന്ന പലവിധ മൃഗങ്ങളും അമ്മയുടെ മരണത്തിൻെറ ആറുമാസ ങ്ങൾക്കു മുൻപിലായി അവിടുത്തെ പക്കൽവന്നു. നാഥ അവരുടെ അടുക്കലേക്കു് എഴുന്നെള്ളിവന്നു. അതു മനസ്സിലാക്കിയ ആ മൃഗങ്ങ ളെല്ലാം അവിടുത്തെ ചുററും നിരന്നു. അന്നു് കാനനവാസികളും വ്യാഘ്രാദി മൃഗങ്ങളും മററു മൃഗങ്ങളെ തിന്നുന്ന മൃഗങ്ങളും തങ്ങളുടെ ഹിംസപ്രവൃത്തികളെല്ലാം നിറുത്തി ദുഃഖത്തോടെ രാജ്ഞിയുടെ

1 വ്യാപ്യം - വ്യാപാരം (പ്രവൎത്തനം)

ഇന്നിവം സ്രഷ്ടാവിൻെറ മാതാവെന്നൊരു ചിഹ്നം
മുന്നമേ നരകുലത്തിന്നുടെ ശക്തിസർവ്വം
ജന്മപാപത്തിൻ കഷ്ടനഷ്ടം ചെയ്തതുമിവം
ജന്മനിർമ്മലത്തിനാലുണ്ടെന്നും രണ്ടാം ചിഹ്നം

പിന്നെയുമ്മ തൻെറ യാത്രക്കു മുമ്പിൽതന്നെ
തന്നുടെ പുത്ര രക്താലർച്ചിച്ച സ്ഥലങ്ങളിൽ
ചെന്നു വന്ദിക്കും ജനമൊക്കെയും മഹാഗുണം
എന്നതും വിശേഷമായ് പാപമോചനങ്ങളും

തന്നുടെ പുത്രൻ കല്പിച്ചുറപ്പിപ്പതിന്നായി
മന്നിലിങ്ങിരിക്കയിൽ പ്രാർത്ഥിപ്പാനുറച്ചമ്മ
സ്നേഹപുത്രനാം ജോണിന്നനുവാദവും വാങ്ങി
സ്നേഹിതനിയാളെയുമായിരം ദൂതന്മാരും

ഇങ്ങനെചെന്നു ഗിരി ഗാഗ്രൽത്താമുകളേറി
മംഗലസ്ഥലങ്ങളെ വന്ദിച്ചു മഹാഭക്ത്യാ
പിന്നെയുമതിൽ സുതൻ സഹിച്ച ദുഃഖങ്ങളും
ഉന്നത പ്രവൃത്തിയുമൊക്കെയും ധ്യാനിച്ചമ്മ

സാഷ്ടാംഗംചെയ്തു ദുഃഖാൽ പ്രാർത്ഥിച്ചെന്നതു നേരം
സൃഷ്ടിതാവായ സ്നേഹപുത്രനുമെഴുന്നെള്ളി
മൃത്യുകൈക്കൊണ്ട സ്ഥലമെന്നതിൽത്തന്നെ നിന്നു
പാർത്തുമാതാവോടതിസ്നേഹത്താലരുൾചെയ്തു

പക്കൽവന്നു. അവരിൽ ചിലർ വന്ദനാദികൾചെയ്തു സാഷ്ടാംഗം പ്രണമിച്ചു. ചെന്നായ് മുതലായവയും അമ്മയെ തലകുനിച്ച് ആദരിച്ചു. രാജ്ഞിയായ മാതാവിൻെറ വേർപാടിൽ ദുഃഖംകാട്ടികൊണ്ട് അവ ദുഃഖസ്വരത്തിൽ വിലപിക്കയുംചെയ്തു.

(333_352) ഇന്നു് മറിയത്തിനു് സ്രഷ്ടാവിൻെറ മാതാവ് ആണെന്നുള്ള ഒന്നാമത്തെ പദവിയുണ്ടു്. നരകുലത്തിൻെറ മുഴുവൻ മാതാവ് എന്ന ശക്തി ഇതിനാൽ അവൾക്കു കൈവന്നു. ജന്മപാപത്തിൻെറ കഷ്ടതകളും നഷ്ടങ്ങളും പരിഹരിച്ചു ജന്മപാപരഹിതയായവൾ ആകുന്നുവെന്നുള്ള രണ്ടാമത്തെ പദവിയും മറിയം അർഹയാകുന്നു. മറിയം തൻെറ യാത്ര തുടങ്ങും മുൻപ്, തൻെറ പുത്രൻെറ രക്തത്താൽ അർച്ചന ചെയ്ത സ്ഥലങ്ങളിൽ വന്നു് വന്ദിക്കുന്ന ആളുകൾക്കു് സവിശേഷതരത്തിൽ അനുഗ്രഹങ്ങളും, പാപപരിഹാരവും നൽകുന്നതിനായി സ്വപുത്രനോടു് ഈ ഭൂമിയിൽ വസിക്കുന്നതിനിടയിൽ പ്രാർത്ഥിക്കുവാനാഗ്രഹിച്ചു. അതിനായി സ്നേഹപുത്രനായ യോഹ

സ്നേഹമാതാവെ! മമസുന്ദരകപോതമെ!
സ്നേഹശക്തിയാൽ മമ കരണം സർവ്വത്തിലും
നരരക്ഷക്കായുള്ള മമ ദുഃഖങ്ങൾ സർവ്വം
കരണം നീയും മമ തുണയായതും ദൃഢം 356

ഇതിനായ് നിന്റെ ദാഹമതെന്നുമറിഞ്ഞു നാം
ഇതിനായയച്ച നിൻ സ്വരവും ചെവിക്കൊണ്ടു
ഏൽ മമ ബഹുതെളിവതുമായിപ്പോൾ നിന്റെ
ഹൃദ്വേദന[1] കളൊക്കെയൊഴിച്ചു സ്ഥിരം ചെയ്പേൻ 360

ഇപ്പോഴുമിനിമേലുമി സ്ഥലങ്ങളിൽവന്നു
ഇപ്പരമമായൊരു സാരസം[2] ധ്യാനിക്കുന്നു
വിശ്വാസി ജനത്തിന്റെ കന്മഷക്കറകളെ
വിശ്വാസം നിമിത്തമായ്പ്പോക്കീടും മമരക്താൽ 364

അപ്പരലോകത്തിങ്കൽ നീകടന്നതിൻശേഷം
ഇപ്പരക്കുള്ള പാപമോചനത്തിന്നും നിന്റെ
സങ്കേതം തേടുന്നൊരു പാപികളൊക്കേയ്ക്കും നീ
സങ്കേതമദ്ധ്യസ്ഥവും കർത്തവ്യമതും തന്നേൻ. 368

ന്നാന്റെ അനുവാദം വാങ്ങി. യോഹന്നാനെയും ആയിരക്കണക്കിന് മാലാഖമാരേയുംചേർത്ത് ഗാഗുൽത്താമലയുടെ മുകളിലേക്ക് മാതാവ് കയറി. പവിത്രസ്ഥലങ്ങളെ അതീവഭക്തിയോടെ വണങ്ങി. പിന്നീട് തന്റെ പുത്രനായ മിശിഹാ സഹിച്ച പാടുപീഡകളേയും ഉന്നതമായ പ്രവൃത്തികളേയും കുറിച്ച് മാതാവ് ധ്യാനിച്ചു. അവൾ ദുഃഖത്തോടെ സാഷ്ടാംഗംവീണ് പ്രാർത്ഥിച്ചവേളയിൽ സ്രഷ്ടാവും വത്സലതനയനുമായ മിശിഹാ എഴുന്നെള്ളിവന്നു. അവിടുന്നു താൻ മൃത്യുവരിച്ച സ്ഥലത്തുനിന്നു സ്നേഹമാതാവിനെ നോക്കി ഇങ്ങനെ അരുളിച്ചെയ്തു:

(353-368) അല്ലയോ, എന്റെ സ്നേഹംനിറഞ്ഞ അമ്മേ, മനോഹരിയായ മാടപ്രാവേ, സ്നേഹം നിമിത്തം എന്റെ ഇന്ദ്രിയങ്ങൾ സർവത്തിലും നരരക്ഷയ്ക്കുവേണ്ടി ഞാൻ പീഡകൾ അനുഭവിച്ചു. അപ്പോൾ എനിക്ക് നീ തുണയായിനിന്നുവല്ലോ. തന്മൂലം നിന്റെ ആഗ്രഹം എന്താണെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അതിനുവേണ്ടി നീ നടത്തിയ പ്രാർത്ഥനകൾ ഞാൻ ശ്രവിച്ചിരിക്കുന്നു. ഞാൻ ഹൃദയം തെളിഞ്ഞ് നിന്റെ മനോവേദനകളെല്ലാം ഒഴിവാക്കി നിന്നെ സ്വാന്തനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഇപ്പോഴും ഇനിമേലിലും

1 ഹൃദ്വേദന-ഹൃദയവേദന 2 സാരസം-തത്വസാരമെന്നു വ്യംഗ്യം

ഇപ്പറഞ്ഞൊപ്പനാഥനിസ്ഥലം തന്നിൽവച്ചു
തൽപ്പരിചോടെ കല്പിച്ചുറപ്പിച്ചതുനേരം
അമ്മയും സ്നേഹപുത്രൻ മുമ്പതിൽ സാഷ്ടാംഗമായ്
അമ്മലർപ്പാദം കുമ്പിട്ടാനന്ദം തോഷിപ്പിച്ചു

പുത്രനും തന്റെ രക്തമാൽ ശുദ്ധമായിടങ്ങളെ
പുത്തനായ് വാഴ്വു കൊടുത്തൊക്കെയുറപ്പിച്ചു
അമ്മയ്ക്കും തന്റെ യാശീർവാദത്തെക്കൊടുത്തുടൻ
അമ്മയും സേനാക്കളിൽ പിതൃദക്ഷിണേ[1] പുത്രൻ

അഞ്ഞെഴുന്നെള്ളും മുമ്പെയമ്മതൻ ക്രമംപോലെ
ഭംഗിയാൽ ധരേ മുത്തിയരുളിച്ചെയ്തീവണ്ണം
നരദൈവത്തിൽ തിരുരക്തത്താലർച്ചിച്ചതും
നരദേവനാലിപ്പോളാശീർവ്വാദവും പെറ്റ

ഇതുപോലെ താൽപ്പര്യപൂർവ്വം ഈ സ്ഥലത്തുവന്നു പ്രാർത്ഥിക്കുകയും തത്വസാരങ്ങളെക്കുറിച്ചു ധ്യാനിക്കയും ചെയ്യുന്ന വിശ്വാസികളുടെ പാപക്കറകളെ അവരുടെ വിശ്വാസത്തെപ്രതി ഞാൻ എന്റെ രക്തത്താൽ നിർമ്മാർജ്ജനം ചെയ്യും. നീ പരലോക രാജ്യത്തിൽ കടന്നതിനുശേഷം ഈ ലോകത്തിലെ മനുഷ്യരുടെ പാപമോചനത്തിനും നിന്റെ സഹായം തേടിവരുന്ന പാപികളുടെ രക്ഷയ്ക്കും നീ മധ്യസ്ഥയായിരിക്കുക. അതിനുള്ള കടമ നിന്നെ ഞാൻഏല്പിക്കുന്നു.

(369_378) ആ തിരുസ്ഥലത്തുവച്ച് ഈ വാഗ്ദാനം സന്തോഷപൂർവം കല്പിച്ചുറപ്പിച്ച സമയത്ത് മാതാവ് തന്റെ സ്നേഹപുത്രന്റെ മുമ്പിൽ സാഷ്ടാംഗംവീണു അവിടുത്തെ പാദതാരിൽ വണങ്ങി ആനന്ദം അനുഭവിച്ചു. മിശിഹാ തന്റെ രക്തത്താൽ പരിപൂജിതമായ സ്ഥലങ്ങളെ വീണ്ടും ആശീർവദിച്ച് ആ സ്ഥലങ്ങം പ്രതിഷ്ഠിച്ചു. അമ്മയ്ക്കും ആ സ്നേഹപുത്രൻ ആശീർവാദം നൽകി. അമ്മസെനക്കിളിൽവച്ച് പിതാവിന്റെ വലത്തുഭാഗത്തേയ്ക്ക് പുത്രൻ തിരിച്ചെഴുന്നെള്ളുന്നതിന്റെ മുമ്പുതന്നെ വിധിയാംവണ്ണം ഭൂമിയിൽ ചുംബിച്ച് ഇങ്ങനെ അരുളിച്ചെയ്തു.

(379_395) 'മനുഷ്യനായ ദൈവത്തിന്റെ രക്തംകൊണ്ടു പവിത്രമായ ഭൂമി, മനുഷ്യപുത്രനായ ദൈവത്തിന്റെ ആശീർവാദത്താൽ പുളകമാർന്നമണ്ണേ, നിന്നോടു യാത്രചോദിക്കുന്നു. ഇനി ഞാൻ പരലോകത്തിൽ ചെന്നിട്ട് നിന്നെ വീക്ഷിക്കാം. തുടർന്ന് വിശുദ്ധ

---

1 പിതൃദക്ഷിണേ—പിതാവിന്റെ വലത്തുഭാഗത്ത്

നിന്നുടമിയെ നിന്നെയിനി ഞാൻ പരലോകേ
തിരിയുന്നതിൻ ശേഷമവിടെനിന്നു പാർപ്പേൻ
ഇതുമെന്നിയേ ശ്രദ്ധസ്ഥലത്തെ കാക്കുന്നോരോ
രിതുമങ്ങരുംചെയ്ത അശരീരികളം നിങ്ങളം 384

ഇവിടെ പ്രാർത്ഥിപ്പാനായ് വരുന്ന ജനത്തിനെ
ഇടയെന്നിയെ നിങ്ങളം തുണക്ക നന്മയ്ക്കായി
ഇതുപന്നിയേ സ്ഥലമശുദ്ധിയാക്കീടുവാൻ
ഇതിനായ് പുറപ്പെട്ടമജ്ഞാനികളിൽ നിന്നും 388

ഇതിനെക്കാത്തു പരിപാലനം ചെയ്തീടണം
ഇതുമങ്ങരുംചെയ്ത പുക്കതൻ ഒരത്തോരിൽ
ഏന്നതിൻ ശേഷം ശുദ്ധമാതുവാം പള്ളിക്കായി
വന്ദനം ചെയ്ത പുത്രം പ്രാർത്ഥിച്ചങ്ങനുവാദം 392

പുത്രനും കേട്ടമാതു പ്രാർത്ഥിച്ചെന്നതുപോലെ
എത്രയും മഹാസ്നേഹാൽ കല്പിച്ചങ്ങനുവാദം
യാത്രയും ചോദിപ്പാനായിവണ്ണമുരചെയ്തു
എത്രയും ഭാഗ്യപ്പെട്ട ലോകത്തിൽ മുക്തിനീയെ, 396

തത്രസമുള്ള ലോകരക്ഷിതാവതും നീയേ
ശുദ്ധമാം പള്ളി തന്റെ ശിരസ്സും നീയെ നാഥാ
ശുദ്ധികർത്താവും ദേഹിക്കൊക്കെയും നീയെദ്ധം
നിന്നുടെ ശുദ്ധരക്തത്താൽ നടപ്പെട്ടറപ്പിച്ചു 400

സ്ഥലത്തെ കാത്തുസൂക്ഷിക്കുന്നവരായ അശരീരികളോട് ഇങ്ങനെ അരുളിചെയ്തു:' അല്ലയോ മാലാഖമാരേ, നിങ്ങൾ ഇവിടെ പ്രാർത്ഥിക്കുവാൻ വരുന്ന ജനത്തെ അവരുടെ നന്മയ്ക്കുവേണ്ടി സഹായിക്കുക. കൂടാതെ, ഈ സ്ഥലത്തിന്റെ പവിത്രതയെ ഭഞ്ജിക്കുവാൻ ഇവിടെ കടന്നുവരുന്ന അജ്ഞാനികളിൽനിന്നു് ഇതിനെ കാത്തുപരിപാലിക്കുകയും ചെയ്യുക. ഇങ്ങനെ അരുളിച്ചെയ്തിട്ടു് മാതാവു് തന്റെ പ്രാർത്ഥനാമുറിയിലേയ്ക്കു കടന്നുവന്നു. പിന്നീടു്, മറിയം അമ്മയായ തിരുസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള അനുവാദം പുത്രനോടു യാചിച്ചു. മാതാവിന്റെ പ്രാർത്ഥന പുത്രൻ സ്നേഹപൂർവം ശ്രവിച്ചു. അനുവാദം നൽകുകയുംചെയ്തു. ദൈവമാതാവു് ഇങ്ങനെ പറഞ്ഞു:

(396_416) ഈ ലോകത്തിന്റെ എത്രയും ഭാഗ്യപ്പെട്ട മുക്തി അല്ലയോ നാഥാ, നീയാകുന്നു. ലോകരക്ഷിതാവും നീയാകുന്നു. പരിശുദ്ധയായ സഭയുടെ ശിരസ്സും നാഥാ നീ തന്നെയാണു്. എല്ലാ ആത്മാക്കളുടെയും ശുദ്ധികർത്താവും നീയാകുന്നു. നിന്റെ രക്തത

മന്നിലിപ്പള്ളിയമ്മ തന്നുടെ മകനം ഞാനെ
ഇതിനാൽ മാതാവോടും സ്നേഹഭ്രാതാക്കളോടും
ഇതു ഞാനുരചെയ്തു പിരിയട്ടനുവാദാൽ
ഇതിൻറശേഷം നാഥ തിരിഞ്ഞീവണ്ണം ചൊല്ലി

ഇതുകാലത്തിൻശേഷം പെരികെ സ്തുതിയോഗ്യം
റോമ്മ കത്തോലിക്കമ്മ എന്ന നാമാഖ്യം വീഴം.
ഒണ്മയാൽനീയെ മമ അമ്മയും സങ്കേതവും
നിന്നാലെയെനിക്കുള്ള നന്മയും സമ്മാനവും

നീ തന്നെയാശ്വാസവും മമ ദുഃഖങ്ങം സമേ
നിന്നുടെ തലവനുമെന്നുടെ ശിരസതും
തന്നുടെ യോഗ്യതൊക്കെ നിന്നിലേ നിക്ഷേപമായ്
എന്നതിൽ ഞാനും മമ മക്കളാം വിശ്വാസികളും

ഒക്കെയും നിന്നാൽ തന്നെ വാശ്തത്തം പ്രാപിക്കട്ടെ
ഒക്കയാൽ നീയുമെന്നെയർച്ചിച്ചുങ്ങയയ്ക്കണം
ഇങ്ങനെ മാതാപള്ളി തന്നുടെ വലിപ്പവും
മംഗലൻ പുത്രൻ സ്ഥാപിച്ചെന്നതുമറപ്പിച്ചു

ത്താൽ നട്ടപരിപാലിച്ചുറപ്പിച്ച തിരുസ്സഭയാകുന്ന മാതാവിൻറെ പുത്രിയാണ് ഞാൻ. അതിനാൽ സഭാംബികയായോടും എൻറെ സഹോദരങ്ങളോടും നിൻറെ അനുവാദത്തോടെ ഞാൻ വേർപിരിയട്ടെ.

ഇങ്ങനെ പറഞ്ഞിട്ട് മാതാവു് തുടർന്നു. ഇനി മുതൽ എങ്ങും സ്തുതിക്കർഹമായി റോമ്മാകത്തോലിക്കാപ്പള്ളി എന്ന പേരിൽ നീ അറിയപ്പെട്ടം. സത്യമായും നീ എൻറെ അമ്മയാകുന്നു. എൻറെ സങ്കേതവും നീയത്രെ. എനിക്കുള്ള അനുഗ്രഹങ്ങളും സമ്മാനവും നീ വഴിയായി വന്നു ചേർന്നതാകുന്നു. എൻറെ ദുഃഖനിമിഷങ്ങളിൽ നീയായിരുന്നു എൻറെ ആശ്വാസം. നിൻറെ തലവനും എൻറെ ശിരസ്സുമായ മിശിഹാ തൻറെ യോഗ്യതകളെല്ലാം നിന്നിൽ നിക്ഷേപിച്ചിരിക്കുന്നു. അതുകൊണ്ടു്, ഞാനും എൻറെ മക്കളായ വിശ്വാസികളെല്ലാവരും നീ വഴിയായി മിശിഹായുടെ വാഗ്ദാനത്തിനു് അവകാശികളാകട്ടെ. അല്ലയോ തിരുസ്സഭാമാതാവേ, നീ എന്നെ ആശീർവദിച്ചു് സ്വർഗ്ഗത്തിലേയ്ക്കയയ്ക്കണമേ.

ഇങ്ങനെ ദൈവമാതാവു് എല്ലാവരുടെയും അമ്മയായ തിരുസഭയുടെ ഉന്നതസ്ഥാനത്തെ വ്യക്തമാക്കി. അതിനെ തൻറെ സ്നേഹപുത്രൻ സ്ഥാപിച്ചതാണ് എന്നതു പ്രഖ്യാപിക്കയും ചെയ്തു.

പിന്നെയും തന്റെ യാത്രതെസ്സമെന്തു[1] റപ്പിപ്പാൻ
മുന്നമായ് പുത്രൻ തന്നെ പ്രാർത്ഥിച്ചു സ്ഥിരത്തിന്നായ്
തന്നുടെ മഹാശ്രദ്ധയൊക്കെയും പുത്രൻ കേട്ട
തന്നുടെ തിരുച്ചിത്താലുറപ്പിപ്പതിന്നായി 420

അപ്പൊഴുതുടൻ മാതാ ഒരത്തോരിയിൽ നിന്നു
മേല്പോട്ട ബോധം പൊക്കി പ്രാർത്ഥിച്ചെന്നതുനേരം
പ്രിയമാം സുതാമാതാ ശ്രദ്ധപതിയും തന്നെ
പ്രിയമായ ത്തോഷിപ്പിപ്പാൻ ബഹുസേനകളോടെ 424

ശുദ്ധ ശ്രദ്ധമാം ത്രീത്വം ഘോഷത്താലെഴുന്നെള്ളി
ശ്രദ്ധമാതാവുമപ്പോഴ സാഷ്ടാംഗം ചെയ്തു ഭക്ത്യാ
പുറപ്പെട്ടുടൻ സ്വരം സന്നിധാനത്തിൽനിന്നു
മുഴുപ്പിട്ടുള്ള സ്വരമീവണ്ണം കേൾക്കപ്പെട്ടു. 428

സ്നേഹമേറിടും നമുക്കുള്ളൊരു മഹിഷീനി
സ്നേഹിതേ! നിന്നെറയിഷ്ടമൊക്കെയും ശ്രമേ സാദ്ധ്യം
പിതാവാം ദേവൻ വീണ്ടും മോദത്താലരുൾചെയ്തു
സുതനീമമ സ്നേഹാലിതിനാൽ നിനക്കുള്ള 432

(417-428) പിന്നീടു് തന്റെ മരണഉടമ്പടി ഉറപ്പിക്കുന്നതിനായി മാതാവു് പുത്രനോടു് അനുവാദം യാചിച്ചു. അതു് അവിടുന്നു് ശ്രദ്ധാപൂർവ്വം ശ്രവിച്ചു് അനുവദിക്കാൻ തിരുമനസ്സായി.

ആ സന്ദർഭത്തിൽ മാതാവു് പ്രാർത്ഥനാ മുറിയിൽനിന്നു് അത്യുന്നതനായ ദൈവത്തെ പ്രാർത്ഥിച്ചു. പ്രിയ പുത്രന്റെ മാതാവും, തന്റെ പ്രിയപത്നിയുമായ മറിയത്തെ സന്തോഷിപ്പിക്കാൻ അനേകം വാനവസേനകളോടുകൂടി പരിശുദ്ധമായ ത്രിത്വത്തിലെ പിതാവും പരിശുദ്ധാത്മാവും ആഘോഷപൂർവ്വം എഴുന്നെള്ളി. പരിശുദ്ധയായ മാതാവു് അതുകണ്ടു് സാഷ്ടാംഗം വീണു നമസ്കരിച്ചു. അപ്പോഴും തിരുസന്നിധാനത്തിൽനിന്നു് ഇങ്ങനെ ഒരു സ്വരം അവിടെ മുഴങ്ങിക്കേട്ടു.

(429-436) 'സ്നേഹമേറിയ എന്റെ രാജ്ഞി, സ്നേഹിതേ, നിന്റെ ഇഷ്ടമെല്ലാം ഭംഗിയായി ഭവിക്കും'. പിതാവായ ദൈവം വീണ്ടും സന്തോഷത്തോടെ പറഞ്ഞു. 'നീ എന്റെ പുത്രിയാകുന്നു. സ്നേഹം കൊണ്ടു് നിന്റെ ആഗ്രഹങ്ങളെല്ലാം ഞാൻ നിറവേറ്റിയി

---

1 തെസ്സമെന്തു്—ഉടമ്പടി, ടെസ്റ്റമെൻറ്

അഭീഷ്ടമൊക്കെ നമ്മാലാശീർവാദവും ദൃഢം
അഭിലാഷംപോൽ നിന്റെ ജീവിതശേഷത്തിലും
ഇതുപോൽ മമ സുതൻ സ്നേഹശുദ്ധഗുഹായും
ഇതുപോലുറപ്പിച്ച സ്ഥിതിയും നൽകി ദൃഢം 436

അപ്പൊഴത്തമ്മ തന്റെ തെസ്സമെന്തിനെയുടൻ
അപ്പെരിമയെ കുമ്പിട്ടണർത്തീടുന്നീവണ്ണം
എത്രയും സ്തുതിയോഗ്യ നിത്യദൈവമേ! സ്വാമി!
എത്രയും നീചപ്പഴ പൊടിയായീടും ദാസി 440

മാമകഹൃദയത്തിൻ വശമാം പൂജ്യതയാൽ
മമ വിശ്വാസാൽ വന്ദിച്ചിതിതായണർത്തുന്ന
പിതാവും സുതൻ ഗുഹാദക്ഷദേശായെന്നുള്ള
പിരിയാതുള്ള മൂന്നാം ഏക ത്രീത്വദൈവവും 444

ഏകമീ മൂവർക്കുള്ള സ്ഥാനയോഗ്യപൂർണ്ണവും
ഏകചിത്തവും സൃഷ്ടി സ്ഥിതി സംഹാരം സർവം
നിന്നാലെ സൃഷ്ടിയഹം നന്മയും സർവം നീയെ
നിന്നാലെ മന്നിൽ ജീവ്യം[1] കഴിച്ചു നിൻചിത്തത്താൽ 448

രിക്കുന്നു. എന്റെ ആശീർവാദവും നിന്നോടുകൂടി തീർച്ചയായും ഉണ്ടായിരിക്കും. നിന്റെ ജീവിതശേഷത്തിലും നിന്റെ അഭിലാഷംപോലെ എല്ലാം സംഭവിക്കും. ഇതുപോലെതന്നെ എന്റെ പുത്രനായ മിശിഹായും സ്നേഹവാനായ പരിശുദ്ധാത്മാവും നിന്റെ ഇംഗിതമെല്ലാം നിറവേറ്റുമെന്നു് തീർച്ചയായും ഉറപ്പുനൽകിയിരിക്കുന്നു.

(437-456) തൽസമയം ദൈവമാതാവു് തന്റെ ഉടമ്പടിയെ നൽകാനാഗ്രഹിച്ചുകൊണ്ടു് മഹത്വപൂർണ്ണനായ ദൈവത്തെ കുമ്പിട്ടു വണങ്ങി ഇങ്ങനെ ഉണർത്തിച്ചു.

എത്രയും സ്തുതിക്കുയോഗ്യനായ നിത്യദൈവമേ! സ്വാമി, എത്രയും നിസ്സാരമായ പുഴവും പൊടിയുമായ ഈ ദാസി എന്റെ ഹൃദയത്തിനു് വശമായിട്ടുള്ള ബഹുമാനത്തോടും, വിശ്വാസത്തോടുംകൂടി അങ്ങയെ വന്ദിച്ചു് ഇപ്രകാരം ഉണർത്തിക്കുന്നു. അങ്ങു് പിതാവു് പുത്രൻ പരിശുദ്ധാത്മാവു് എന്നിപ്രകാരം ഒരിക്കലും പിരിയാതെയുള്ള മൂന്നാളുകളും ഏകത്രിത്വവും ആയിരിക്കുന്നു. മൂവർക്കും ഒന്നുതന്നെയായിരിക്കുന്ന സ്ഥാനയോഗ്യത സമ്പൂർണ്ണമാണു്. സകലവും

1 ജീവ്യം—ജീവിതം

നിന്നിഷ്ടത്തിനാലാകാശം ഭൂമി ജലം
നിർമ്മയാലാദിത്യാദിയെന്നെ സന്ധിച്ച ദ്ധം
എന്നതെ യോഗ്യം വിനാ ഭൂമിയുമെന്നെത്താങ്ങി
എന്നതെ ഇച്ഛക്കായി ചൊൽവിളികേട്ട സർവം 452

ഇതിനായ് സ്തുതി ചെയ്വാൻ വശഹീനമെങ്കിലും
ഇതിതാദാസി മനസിനിയും മമജനം
ഭൂലോകേ വസിക്കുന്ന മനുഷ്യകുലത്തിന്നായ്
ഭൂമിനാഥ നീയെ മനോഹ്ലണം ചെയ്തിടേണം 456

എന്നതെ സഹോദരരായിട്ടും മനുകുലം
നിന്നതെയിഷ്ടംപോലെ നിന്നെയും സ്നേഹിപ്പാനും
മന്നിലുള്ളവരൊക്കെയറിഞ്ഞു നിന്നെ ദൈവ
വന്ദനം ചെയ്യ നന്ദികാട്ടുവാനായിട്ടുമേ 460

അനിഷ്ടം ഞെരുക്കങ്ങും ക്ഷമിച്ച കുറ്റ്റങ്ങളും
അരിഷ്ട ലോകെയവർക്കനുകൂലമാകണം
ഈലോകെയിനിക്ക നീ ദാനം ചെയ്തതിലിനി
മേ ലോകേ പിരിവതിലോർമ്മയുണ്ടായിടുവാൻ 464

സൃഷ്ടിക്കയും പരിപാലിക്കയും സംഹരിക്കയും ചെയ്യുന്ന ഏകചി
ത്തവും അവിടുത്തേയുള്ളതാകുന്നു. എന്നെ സൃഷ്ടിച്ചതു് അവിടു
ന്നാകുന്നു. എന്റെ നന്മ സർവവും അവിടുന്നത്രേ. ഈ ലോകത്തി
ലെ ജീവിതമത്രയും ഞാൻ കഴിച്ചതു് അവിടുത്തെ തിരുമനസ്സു് അനു
സരിച്ചാകുന്നു. അങ്ങേ ഇഷ്ടമനുസരിച്ചു് ആകാശം, ജലം, ഭൂമി
എന്നിവയും അങ്ങേ കാരുണ്യത്താൽ ആദിത്യാദിഗോളങ്ങളും എന്നോടു
സന്ധിച്ചു. എന്റെ അർഹത പരിഗണിക്കാതെ തന്നെ ഈ ഭൂമി
എനിക്കു പാർക്കുവാനിടം തന്നു. മേല്പറഞ്ഞ വസ്തുക്കളെല്ലാം എന്റെ
പൊൽവിളികേൾക്കാൻ തയ്യാറായി. ഇതിനെ മുൻനിറുത്തി അങ്ങേ
യ്ക്കു് വേണ്ടത്ര സ്തുതികളും ചെയ്യുവാൻ എനിക്കവശമില്ല. ഇതാ അങ്ങ
യുടെ മുന്നിൽ ദാസി നില്ക്കുന്നു. ഭൂലോകത്തിൽ ജീവിക്കുന്ന മനുഷ്യ
കുലത്തിനായി ഭൂമിനാഥനായ അവിടുന്നു് മനോഹ്ലണങ്ങളും നൽകണ
മേ എന്നു ഞാൻ അപേക്ഷിക്കുന്നു.

(457–478) മനുഷ്യകുലം എന്റെ സഹോദരരാണു്. അവർ
അങ്ങേ അഭീഷ്ടമനുസരിച്ചു് അങ്ങയെ സ്നേഹിക്കട്ടെ, മന്നിലുള്ളവ
രെല്ലാം അങ്ങു ദൈവമാണെന്നു മനസിലാക്കട്ടെ. അവിടുത്തെ ആരാ
ധിച്ചു് കൃതജ്ഞത പ്രകാശിപ്പിക്കട്ടെ. അതിനായി അവരിൽ കനി
യണമേ.

എന്നുടെ ദേഹം മൂടിയെന്നൊരു ''മാംദായതു
മുന്നമായ് ധരിച്ചെന്നു വസ്ത്രങ്ങൾ രണ്ടു''മുണ്ടു്
എന്നതു മമ സ്നേഹപുത്രനാം യോഹന്നാനു്
നന്ദിയായമ്മ, മയാ ചെയ്തിയാം സർവംദയാൽ 468

എന്നുടെ ദേഹാദേഹിയെന്നതിൽ പുറപ്പെട്ടാൽ
മുന്നമായ് നരകലമാതുവാം ഭൂമിക്കുമായ്
ദേഹിമേ നിൻെറ ദയാൽ നിത്യമായ് നിന്നെത്തന്നെ
ദാഹമായ് സ്നേഹിപ്പാനായ് ദൈവമെ നിൻതൃക്കൈയെ 472

നിന്നുടെ ദയാൽ ലോകെ ദാസിയാം മമാനിഷ്ടം
നിന്ദയും ക്ഷമാഗ്രണ നന്മ സർവവുമെൻെറ
സ്നേഹദൈവമാം നിൻെറ തിരുവനുവാദത്താൽ
ദാഹമായ് മമ സ്നേഹം സർവവിശ്വാസികൾക്കായ് 476

ഒണ്മയാൽ ക്രമം യഥാ ദാനമായരുളുവാൻ
നന്മസ്സായ് ശ്രുദ്ധപള്ളി അമ്മസ്സും വച്ചേൻ ദാസി
നിൻ തിരുനാമം നിത്യം സ്തുതിയോഗ്യത്തിനായി
നിൻ തിരുവിഷ്ടം യഥാ, സർവ്വവും പരലോകെ 480

ഈ ലോകത്തു് ഇവർ സഹിച്ച ഞെരുക്കങ്ങളും, കഷ്ടപ്പാടുകളും ഒരിക്കലും നശിക്കാത്ത സ്വർഗ്ഗലോകസൗഭാഗ്യത്തിനു ഇവക്കു സഹായകമാകട്ടെ. ഈ ലോകത്തു് അവിടുന്നു് എനിക്കു ദാനം ചെയ്തവയിൽ, ഇനി സ്വർഗലോകത്തേയ്ക്കു് പിരിയുമ്പോഴും ഓർമ്മക്കായി എൻെറ ശരീരം മൂടിയിരുന്ന മാംദായും, മുൻപുതന്നെ ധരിച്ചിരുന്ന രണ്ടു വസ്ത്രങ്ങളുമുണ്ടു്. സ്നേഹപുത്രനായ യോഹന്നാൻ സർവകാര്യങ്ങളിലും അതീവതാല്പര്യത്തോടെ എനിക്കു ശുശ്രൂഷ ചെയ്തതിനാൽ നന്ദിയോടെ അയാൾക്കും, ആത്മശരീരങ്ങളോടെ സ്വർഗത്തിലേയ്ക്കു് പുറപ്പെട്ടുന്നതിനുമുമ്പുതന്നെ. സകല നരകലത്തിൻെറയും ധാത്രിയായ ഭൂമിയ്ക്കും നൽകാനാഗ്രഹിക്കുന്നു. കൂടാതെ എൻെറ ആത്മാവു് നിത്യകാലം നിന്നെ ഉൽക്കടമായ ദാഹത്തോടെ സ്നേഹിക്കുന്നതിനു് ദൈവമേ നിൻെറ തൃക്കര കാരുണ്യത്താൽ ഈ ലോകത്തിൽ ദാസിയാക്കിയല്ലൊ. എൻെറ ബുദ്ധിമുട്ടുകളും ഞാൻ അനുഭവിച്ച പ്രയാസങ്ങളും ദീർഘശാന്തതയും നന്മയും എല്ലാം കൃപാനിധിയായ നിൻെറ അനുവാദത്തോടെ സകല വിശ്വാസികളുടെയും രക്ഷയ്ക്കായി ദാനം ചെയ്യുന്നതിനു് ആശിക്കുന്നു. അതിനായി എൻെറ സ്നേഹത്തെ ഞാൻ ശ്രുദ്ധപള്ളിയ്ക്കായി ഞാൻ മാററിവച്ചിരിക്കുന്നു.

(479_488) ദൈവമേ അങ്ങേ തിരുനാമം സദാകാലം സ്തുതിക്കുയോഗ്യമായിരിക്കട്ടെ. അങ്ങേ തിരുമനസ്സു് സമ്പൂർണ്ണമായും പര

യെന്നപോൽ തന്നെ ഭൂമി അന്തരംവരാനിന്നെ
ഉന്നിലുള്ളവരൊക്കെ സ്തുതിപ്പാൻ മഹാപേക്ഷ
ഇതിനാൽ ധരേ ദൈവം നീയെന്നുള്ളൊരുസത്യം
ഇതു നിൻ ദയാൽ നടത്തിടുവാൻ പ്രാർത്ഥിക്കുന്നേൻ 484

ഇപ്രകാരമുള്ളൊരു ''തെസ്തമെ''ന്തിനെയമ്മ
ഇപ്രഭാകരൻ പുത്രൻ മദ്ധ്യസ്ഥാൽ ത്രീയേകമാം
ദൈവത്തിന്നിഷ്ടം യഥാ ചെയ്തതിൻ ശേഷത്തിങ്കൽ
ദൈവവും വാഴ്ത്തിയുറപ്പിച്ചിതു സർവ്വം ദൃഢം. 488

ലോകത്തിലേതുപോലെ ഈ ലോകത്തും അഭംഗം നിറവേറട്ടെ. ഭൂമിയിലെ സകല മനുഷ്യരും അങ്ങയെ സ്നേഹിപ്പാൻ ഇടവരട്ടെ. ഈ ഭൂമിയിൽ എല്ലാവർക്കും അങ്ങ് ദൈവമായിരിക്കുന്നു എന്ന സത്യം അങ്ങേ കാരുണ്യാതിരേകത്താൽ വെളിവാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ഇപ്രകാരമുള്ള മരണ ഉടമ്പടിയെ അമ്മ തന്റെ പ്രഭാപൂരിതനായ പുത്രനെ മദ്ധ്യസ്ഥനാക്കിക്കൊണ്ട് ത്രിയേക ദൈവത്തിന് പ്രിയംകരമായ വിധത്തിൽ സമർപ്പിച്ചു. സർവേശ്വരൻ ഈ പ്രാർത്ഥനയെല്ലാം ആശീർവദിച്ചു അംഗീകരിക്കയും ചെയ്തു.

പന്ത്രണ്ടാം പാദം

ദിവ്യാംബികയുടെ മരണവും സ്വർഗ്ഗാരോപണവുമാണ് ഈ പാദത്തിന്റെ ഉള്ളടക്കം. മരണമടുക്കാറായപ്പോൾ അപ്പസ്തോലന്മാരെയെല്ലാം കാണുവാൻ മാതാവ് ആഗ്രഹിക്കുന്നു. മരണത്തിനുമൂന്നുദിവസം മുൻപ് സഭാനാഥനായ പത്രോസിനെ സന്ദർശിച്ച് ശ്ലൈഹികാശീർവാദം നേടുന്നു. മാതാവിന്റെ സ്വർഗ്ഗാരോപണം വിവരിച്ചശേഷം, ഭക്തിപരവശനായ കവി, മാതാവിനോട് മാദ്ധ്യസ്ഥം യാചിക്കുന്നതോടുകൂടി ഈ ഭാഗം സമാപിക്കുന്നു.

(കടശിപാദം)

ഇങ്ങനെമാതൃതന്റെ തെസ്സമെന്ത[1] തിൻശേഷം
തിങ്ങിനസ്നേഹത്തോടെ പുത്രനെപ്രാത്ഥിച്ചതും
മമയാത്രയ്ക്കുമുമ്പിൽ പ്രിയശിഷ്യരാം നിന്റെ
മഹിമപ്പെട്ടശ്ശ്രീഹരവരെ കാണ്മാനിഷ്ടം 4

തിരുവുള്ളമെങ്കിലോതരണം മമാപേക്ഷ
തിരുചിത്തമേ മമഭാഗ്യത്തിൻമഹാഭാഗ്യം
തിരുമാതാവിൻ രസാരസ[2] മറിഞ്ഞപുത്രൻ
തിരുവാമൊഴിഞ്ഞു താനിതിനെ കേഴ്പ്പിച്ചമ്മെ. 8

(1-8) ഇങ്ങനെ ദൈവജനനി തന്റെ മരണ ഉടമ്പടി പ്രഖ്യാപനം ചെയ്തതിനുശേഷം, ഉൽക്കടമായ സ്നേഹത്തോടെ തന്റെ പുത്രനോട് പ്രാത്ഥിച്ചു. 'എന്റെ പരലോക യാത്രയ്ക്കു മുമ്പായി നിന്റെ വത്സലശിഷ്യന്മാരും മഹത്തുക്കളുമായ ശ്ലീഹന്മാരെ ഒരു നോക്കു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുമനസ്സുണ്ടെങ്കിൽ എന്റെ അപേക്ഷ നിറവേറ്റിത്തരണം. എന്റെ ജീവിതത്തിൽ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നതു് അവിടുത്തെ ഇഷ്ടം നിറവേറുക എന്നതുമാത്രമാണ്.' മാതാവിന്റെ ഇഷ്ടാനിഷ്ടങ്ങളെ മനസ്സിലാക്കിയിരുന്ന പുത്രൻ തന്റെ തിരുവായ് തുറന്ന് അമ്മയോടിങ്ങനെ പറഞ്ഞു:

---

1 തെസ്സമെന്ത് – ടെസ്റ്റമെന്റ്, ഉടമ്പടി

2 രസാരസ - ഇഷ്ടാനിഷ്ടം.

എത്രയും പ്രിയമുള്ള മാതാവെ! മമതായെ!
തത്രസംവേണ്ടാനിന്റെയിഷ്ടമൊക്കെയും സാദ്ധ്യം
അടുത്തുള്ളവരൊക്കെ എളുപ്പം വന്നിടുമെ
അടുപ്പിച്ചീടും ദൂതരകന്നദിക്കിൽനിന്നും 12

ഇതുകേട്ടുടനമ്മ പെരികെത്തെളിവൊടെ
അധികമെളിമയാൽ സാഷ്ടാംഗംചെയ്തുപുത്രം
അധികഘോഷത്തോടെ മഹാരാജനാം ശ്ലേമ്മോൻ
അതിബുദ്ധിയാൽചെയ്ത സ്വർണ്ണ''ക്രോവകൾ'' മദ്ധ്യെ 16

തിരു''പേഴയെ''[1] സ്ഥിതിചെയ്പതിനിച്ഛിച്ചപ്പോൾ
തിരുപ്പുത്രനും ദേവൻമേല്പെട്ടജരുശ്ലേമിൽ
സ്തുതികൾക്കൊക്കെയുക്തമാകും തിരുമാതൃവെ
സ്തുതിഘോഷത്താലെഴുന്നള്ളിപ്പാൻ വിധിച്ചൊരു 20

ദിനമായതിന്നുടെ ത്രിദിനം മുമ്പിൽത്തന്നെ
ദിവ്യദിനകരന്റെ ശിഷ്യരൊക്കെയുംകൂടി
മുമ്പിനാൽത്തലവനാം പത്രോസുതന്റെപങ്കാം
മുമ്പതാംനഗർ റോമ്മായെന്നതിൽ പാർക്കും വിധൗ 24

(9_12) 'എനിക്കേററവും പ്രിയമുള്ള മാതാവേ, എന്റെ അമ്മേ നിനക്ക് സന്ദേഹം ഒന്നും വേണ്ട. നിന്റെ അഭീഷ്ടം മുഴുവനും സാധിച്ചുതരാം. അടുത്തുള്ള ശിഷ്യന്മാരൊക്കെ വേഗം ഇവിടെയെത്തും. അകലെയുള്ളവരെ ദൈവദൂതന്മാർ നിന്റെ അടുത്തേക്കു കൊണ്ടുവരും.'

(13_22) ഇതുകേട്ട് അമ്മ ഹൃദയം നിറഞ്ഞ സന്തോഷത്തോടും അത്യന്തം എളിമയോടും കൂടെ പുത്രനെ സാഷ്ടാംഗം പ്രണമിച്ചു. മഹാരാജാവായ സോളമൻ ആഘോഷപൂർവ്വം തന്റെ സാമർത്ഥ്യം വെളിപ്പെടുമാറ് തീർത്ത ജറുസലേം ദേവാലയത്തിൽ ക്രോവേ മാലാഖാമാരുടെ മദ്ധ്യത്തിലായി പരിശുദ്ധമായ വാഗ്ദാനപേടകം സ്ഥാപിക്കുന്നതിന് ഇച്ഛിച്ചു. ആ ജറുസലേമിൽ ദൈവപുത്രൻ എല്ലാ സ്തുതി ബഹുമാനങ്ങൾക്കും അർഹയായ ദൈവമാതാവിനെ ആഘോഷപൂർവം എഴുന്നെള്ളിയ്ക്കുവാൻ തിരുമനസ്സായി അതിനായി കല്പിച്ച ദിവസത്തിനു മൂന്നുനാൾ മുമ്പിലായി ദിവ്യദിനകരന്റെ ശിഷ്യന്മാർ എല്ലാവരും ഒരുമിച്ചുചേർന്നു.

---

1 പേഴ - പെട്ടകം.

ദിവ്യദൂതനും തനിക്കറിയിച്ചുടൻവാത്ത
ദിവ്യശക്തിയാൽത്തന്നെയെത്തിച്ചുസേനാക്കളിൽ
ദിവ്യമാതാവുമിതുഗ്രഹിച്ചക്ഷണംതന്നെ
ദിവ്യപുത്രനാംക്രിസ്തു വികാരിക്കെതിർപ്പിന്നായ്

വാതിലിനടുത്തുടൻ മുട്ടുകം കുത്തിക്കൊണ്ടും
വാതുറന്നുടൻ വാഴ്ത്തപ്രാർത്ഥിച്ചങ്ങിതുചൊല്ലി
മേല്പെട്ട ദൈവംതന്റെ ദയയാൽ ദാസിയുടെ
കീഴ്പ്പെട്ട എളിമയെപ്പാർത്തുതാൻ കരുണയാൽ

പരലോകത്തിനുള്ള കടപ്പിൽ[1] തുണപ്പാനായ്
ഗുരുവേയയച്ചതിൽ സ്തുതിചെയ്തുദാസി
ഇങ്ങനെമാതാദൈവ വന്ദനംചെയ്തശേഷം
മംഗലൻപത്രോസിന്റെ വാഴ്വുംകൈക്കൊണ്ടുടൻ

എന്നതിൻവണ്ണംതന്നെ വന്ദനാംപൗലോസിനും
വന്ദനവഴക്കവുംചെയ്തമ്മ മഹാമോദാൽ
ഇങ്ങനെശ്രീഹർശിഷ്യ ജനങ്ങളൊക്കെക്കൂടി
മംഗലരാജ്യമതിൽ പുക്കവർനീക്കിശേഷം

(23-38) ശിഷ്യന്മാരുടെ തലവനായ പത്രോസ് തനിക്കു ലഭിച്ച പ്രസിദ്ധമായ റോമാ നഗരത്തിൽ താമസിക്കുകയായിരുന്നു. വാർത്തയെല്ലാം ഒരു ദൈവികദൂതൻ അറിയിച്ചു. ഇക്കാര്യം ദിവ്യശക്തി കൊണ്ടുതന്നെ സൈനക്കിളിൽ അറിയിക്കപ്പെടുകയും, മാതാവു് ഈ കാര്യം മനസ്സിലാക്കിയ ഉടനെ ദൈവപുത്രനായ ക്രിസ്തുവിന്റെ വികാരിയെ എതിരേല്ക്കുവാൻ പുറപ്പെടുകയും ചെയ്തു. വാതിലിനടുത്തു് എത്തിയ ഉടനെ മാതാവു് മുട്ടുകം കുത്തി അദ്ദേഹത്തിന്റെ ആശീർവാദത്തിനായി അപേക്ഷിച്ചു. 'ഉന്നതനായ ദൈവം തന്റെ കാരുണ്യാതിരേകത്താൽ തന്റെ എളിയ ദാസിയുടെ വിനയം കൈക്കൊണ്ടു. അവിടുന്നു സദയം എന്റെ പരലോകയാത്രയിൽ തുണചെയ്യുവാനായി തന്റെ വികാരിയായ അങ്ങയെ അയച്ചതിനു് ഈ ദാസി നന്ദി പറയുന്നു.' ഇങ്ങനെ ദൈവത്തിനു സ്തുതിയർപ്പിച്ചശേഷം മംഗലവാനായ പത്രോസിന്റെ ആശീർവാദം കൈക്കൊണ്ടു. അതുപോലെതന്നെ ഉന്നതനായ പൗലോസിനും ഉചിതമായ വണക്കം സന്തോഷപൂർവം മാതാവുചെയ്തു.

(39-54) ഇങ്ങനെ ശ്രീഹന്മാർ, ശിഷ്യഗണങ്ങളും തുടങ്ങി, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചവരൊഴിച്ചുള്ള എല്ലാവരും മാതാവിന്റെ

---

1 കടപ്പിൽ – പ്രവേശനത്തിനു്.

എന്നവരെല്ലാവരും മാതാവിൻ പാദത്തിങ്കൽ
ചെന്നുദൈവമാതാവിൻ വന്ദനംചെയ്തശേഷം
മാതാവുംബഹുമോദാലാചാരം ചെയ്തുകൊണ്ടും
മാതൃവാൽസ്നേഹശിഷ്യൻ തന്നോടങ്ങരുൾചെയ്തു 44

വന്നോരാം സഹോദരരൊക്കെയും സൽക്കാരങ്ങൾ
നന്നിയാൽ ചെയ്തുക്ഷീണം തീർപ്പതിന്നതി സ്നേഹാൽ
എന്നതുക്ഷണംതന്നെ യേശുവിൻ സഹോദരൻ
എന്നയാക്കോബുശ്രീഹാതാനുമായ് സാധിച്ചുടൻ 48

അന്നിതു സുകാര്യത്തെ ജരുശ്ലേം ചുറും ധരെ
എന്നുള്ള വിശ്വാസികം അറിഞ്ഞു ദൈവഗത്യാ
ഓരോരോ ജനങ്ങളായ്ക്കൂടിയ സ്ഥലമതിൽ
ഈ നരർക്കുട്ടത്തിനെപ്പാർത്തുടൻ ശീമോൻ കേപ്പാ 52

പേത്തയാം വരവിൻെറ കാരണം ഗ്രഹിപ്പിച്ചു
പേത്തിതുമരുൾചെയ്തു വിശ്വാസ്യ ജനത്തോട്
ശ്രീഹന്മാരാദിയായീത്തുടങ്ങിയിതു വാക്യം
ശ്രീഹയിൽ സ്നേഹപുത്രൻ മമ ഭ്രാതാക്കന്മാരും 56

സ്നേഹമേറീടും മമ മക്കളാം ക്രിസ്ത്യാനികം
സ്നേഹമായ് സൂക്ഷിക്കണം നമ്മുടെ നാഥൻ യേശു

സന്നിധിയിൽ ഒരുമിച്ചുചേർന്ന് മാതാവിനെ വന്ദിച്ചു. ദൈവജനവും അവരെ സന്തോഷപൂർവം ആദരിച്ചു. ഉടനെ മാതാവു് വത്സല ശിഷ്യനോടു് ഇപ്രകാരം പറഞ്ഞു. 'ഇവിടെ വന്നുചേർന്ന എല്ലാ സഹോദരങ്ങൾക്കും കൃതജ്ഞതാപൂർവ്വം സൽക്കാരം ചെയ്തു് അവരുടെ ക്ഷീണം തീർത്തിരിക്കുന്നുവല്ലോ.'

മാതാവു് അങ്ങനെ സംസാരിച്ചുകൊണ്ടിരുന്നപ്പോഴത്തന്നെ യേശുവിൻെറ സഹോദരനായ യാക്കോബു് അവരുടെ മുമ്പിൽ പ്രത്യക്ഷനായി. രക്തസാക്ഷ്യം വരിച്ചു സ്വർഗ്ഗപ്രാപ്തനായ യാക്കോബു് വന്നകാര്യം ദൈവഗത്യാ ജറുസലേമിലുള്ള വിശ്വാസികം അറിഞ്ഞു. ജനങ്ങളെല്ലാം ആ സ്ഥലത്തേക്കു് പ്രവഹിച്ചു. ആ ജനങ്ങളെ നോക്കി കൊണ്ടു് ഭൂമിയിൽ വീണ്ടും യാക്കോബു വന്നുചേർന്നതിൻെറ കാരണം ശിമയോൻ കേപ്പാ അവരെ ധരിപ്പിച്ചു.

(55_76) ശ്രീഹാ എന്ന നിലയിൽ സ്നേഹപുത്രനായ ശിമയോൻ കേപ്പാ ശിഷ്യന്മാർ തുടങ്ങിയവരെ സംബോധന ചെയ്തുകൊണ്ടു്

തന്നുടെ തിരുവേദം പ്രസിദ്ധപ്പെടുത്തുവാൻ
തന്ന കല്പനവശാലോരോരോ നാടുകളിൽ

നമ്മുടെ തൊഴിൽ നിവർത്തിച്ചീടും സ്ഥലങ്ങളിൽ
നിന്നിവിടത്തിൽ നമ്മെയണച്ച സർവേശ്വരൻ
എന്നതു തന്റെ ദൈവശക്തിയെന്നതും ദൃഢം
എന്നപോൽ വിശ്വാസികളുള്ളിലും ദൈവം കാട്ടി

അപ്പഴോ ഭ്രാതാക്കളെ നമ്മുടെ നിക്ഷേപവും
ഈപ്പെരിമകൾക്കൊക്കെക്കാരണമായമ്മയെ
തന്നുടെ പുത്രൻ തന്റെ രാജ്യത്തിൽ കരേറുവാൻ
തന്നുടെ പുത്രി തന്നെ കൈക്കൊൾവാൻ ദൈവപിതാ

എന്നപോൽ സ്നേഹദൈവം തന്നുടെ സ്നേഹപത്നീ
മന്ദിരേ കരേറുവാൻ നിശ്ചയം ചെയ്തു ദൃഢം
ഇനിമേൽ നമുക്കുള്ള സങ്കടം കേൾപ്പാനാരോ
ഇനിമേൽക്കാത്തീടുവാൻ കരുണക്കടലേതോ ?

എങ്കിലുമുള്ളനേരംകൊണ്ടു നാമപേക്ഷിക്ക
ശങ്കയില്ലമ്മ നമ്മെത്തുണയ്ക്കും പരലോകെ
എന്നിത്രമാത്രം ചൊല്ലിയെന്നപ്പോളയാളുടെ
മന്ദ്രമായ് സ്വരം, വാർത്തു കണ്ണീരിൽ നദിസമം

വിശ്വാസികളോട് വീണ്ടും ഇങ്ങനെ പറഞ്ഞു. 'എന്റെ സഹോദരന്മാരെ സ്നേഹംനിറഞ്ഞ മക്കളായ ക്രിസ്ത്യാനികളെ, നിങ്ങളും സ്നേഹപൂർവം ഇക്കാര്യം ഓർമ്മയിൽ വയ്ക്കണം. നമ്മുടെ നാഥനായ യേശുതന്റെ സുവിശേഷം പ്രസിദ്ധമാക്കുവാൻ കല്പന തന്നു. ഓരോരോ നാടുകളിലേക്കു നമ്മെ അയച്ചു. അങ്ങനെ നമ്മുടെ തൊഴിൽ നാം നിർവഹിച്ച വേളയിൽ നമ്മെയെല്ലാം ഇവിടേയ്ക്കു കൊണ്ടുവന്നതു് സർവേശ്വര ശക്തി ഒന്നു മാത്രമാണു്', തീർച്ച. ഇക്കാര്യം എല്ലാ വിശ്വാസികളുടെയും ഹൃദയത്തിൽ ദൈവം തെളിവോടെ കാട്ടിയിരിക്കുന്നു. അല്ലയോ സഹോദരന്മാരെ, നമ്മുടെ നിക്ഷേപവും, ഈ മഹനീയകാര്യങ്ങൾക്കെല്ലാം കാരണഭൂതയും ആയ ദൈവമാതാവിനെ സ്വർഗ്ഗരാജ്യത്തിലേക്കു് കരേറുവാൻ പുത്രൻ തിരുമനസ്സായിരിക്കുന്നു. തന്റെ സ്നേഹപുത്രിയെ കൈക്കൊള്ളുവാൻ ദൈവപിതാവു് തയ്യാറായിരിക്കുന്നു. അങ്ങനെതന്നെ തന്റെ വാത്സല്യഭണ്ഡാരിയായ കന്യകാമറിയത്തെ സ്വർഗ്ഗത്തിലേക്കാനയിക്കുവാൻ സ്നേഹദൈവമായ പരിശുദ്ധാത്മാവു് സത്യമായും നിശ്ചയിച്ചിരിക്കുന്നു.

എന്നതിനോട്ട ശിഷ്യക്കൂട്ടമൊക്കയും ദുഃഖാൽ
മങ്ങിച്ചുനിന്ന മഹാദുഃഖ ആക്ക[1]ത്താൽ സർവ്വർ
എങ്കിലും ശിരസിയാം ആകയാൽ വീണ്ടും സ്ഥിരം
പങ്കിലങ്ങുറപ്പിച്ച കല്പിച്ചകൂട്ടത്തോടെ 80

അമ്മേ സന്നിധൗനമ്മം ചേന്നകൊണ്ടിരുന്നീടാം
ഒന്നെയാൽ തന്റെ വാഴ്വു കടശി കൈക്കൊള്ളണം
എന്നരുംചെയ്ക കൂട്ടം സർവ്വരും സന്നിധാനം
ഒന്നിച്ച കേപ്പായോടെ പുക്കതുനേരത്തിങ്കൽ 84

അമ്മയുമടനൊരു ''പ്രദെല്ലോ''[2] യതിൻമീതെ
ഒന്നയാൽ മുട്ടംകത്തിയല്പാശ്വാസത്താൽപ്പാത്തു
അപ്പൊഴുതടൻ മുഖമൊക്കയും പകന്നിതാ 88
ആകാശാണക്കളം ദൈവദൂതന്മാരുടെ

ആയിരം കടന്നുള്ള ശ്രുശ്രൂഷി സമൂഹവും
അല്പമായടങ്ങിയ നേരത്തു മാതാവു താൻ
പത്രോസു മുതലായ കൂട്ടത്തെ തുക്കൺപാത്തു
എത്രയുമെളിമയാലിങ്ങനെയരുംചെയ്ക 92

ഇനി മുതൽ നമ്മുടെ സങ്കടം കേൾക്കാൻ ആരാണുള്ളതു്? ഇനി മുതൽ നമ്മേ കാത്തു പരിപാലിക്കുവാൻ ഏതു കാരുണ്യക്കടലാണുള്ളതു്? എങ്കിലും ഇനിയും ബാക്കിയുള്ള സമയംകൊണ്ടു് ഈ അമ്മയോട പ്രാർത്ഥിക്കാം. തീർച്ചയായും പരലോകത്തിലിരുന്നു് നമുക്കു തുണയരുളും. ഇത്രമാത്രം പറഞ്ഞു തീർന്നപ്പോഴേക്കും ശെമയോൻ കേപ്പായുടെ ശബ്ദം മങ്ങി. കണ്ണുനീർ നദീസമാനം കവിളിലൂടെ ഒഴുകി.

(77–92) പത്രോസു് അതു പറഞ്ഞതോടുകൂടി ശിഷ്യന്മാരെല്ലാവരും വലിയ ദുഃഖപ്രഹരമേറ്റതുപോലെ കു്ളേശിച്ചു മയങ്ങിനിന്നു. എങ്കിലും അവരുടെ തലവൻ താനാണെന്നുള്ള ബോധ്യം അദ്ദേഹത്തിനുണ്ടായി. ആ ജനങ്ങളോടു അദ്ദേഹം ഇങ്ങനെ കലു്പിച്ചു.

'നമുക്കു് അമ്മയുടെ പക്കൽനിന്നു് ആശീർവാദം നേടാൻ പ്രാർത്ഥിക്കാം. തീർച്ചയായും ഈ കടശ്ശിദിനത്തിൽ അമ്മയുടെ വാഴ്വു് നമുക്കു് കൈക്കൊള്ളേണ്ടതാണല്ലോ'. ഉടനെതന്നെ കേപ്പായോടുകൂടി വിശ്വാസികളം എല്ലാവരും ഒരുമിച്ചുചേർന്നു് മാതാവിന്റെ

---

1 ആക്കം—ആധിക്യം

2 പ്രദെല്ലോ—പീഠം (ഇറ്റാലിയൻ പദം)

എത്രയും സ്നേഹപ്പെട്ട മക്കളെ നിങ്ങൾക്കുള്ള
ശുശ്രൂഷ ദാസിയഹം നിങ്ങടെ സമൂഹത്തിൽ
എന്നുടെയപേക്ഷയെ, അറിയിപ്പതിന്നായി
തന്നിടേണമെ നിങ്ങളനുവാദത്തെമയാ

പത്രോസും യോഹന്നാനും പാദസന്നിധൗ ചേന്നു
പാർത്തുകൊള്ളുന്ന ഞങ്ങളുരുളിച്ചെയ്തീടണം
എന്നതിൻശേഷം പത്രോസമ്മയെപ്പാർത്തുചൊല്ലി
എന്നിതു മമ തായേ ഒന്നു നീയിരിക്കണം

എന്നതു കേട്ടക്ഷണം ചൊൽവിളിക്കാസ്ഥപ്പെട്ട
പിന്നെയും പാർത്ത പത്രോസിന്നുടെ പക്കൽത്തന്നെ
അണഞ്ഞുമുട്ടം കുത്തി ബഹു ആചാരത്തോടെ
കരഞ്ഞുകൊണ്ടു ചൊല്ലിയിവണ്ണം മഹാരാജ്ഞി

ഗുരുനിശ്രേഷ്ഠൻ സർവ്വവിശ്വാസക്കുട്ടത്തിന്നു
ശിരസും നീയെ മമ മാതൃവാം പള്ളിക്കുമേ
ഇതിനാൽത്താനും തന്റെ കുട്ടരാം കൂട്ടത്തോടെ
ഇതാ നിൻ ദാസിയഹം വാഴുവെക്കേണിടുന്നു

സന്നിധാനത്തിൽ നിലകൊണ്ടു. അമ്മ ഒരു പീഠത്തിൽ മുട്ടുകുത്തി കൊണ്ടു് തെല്ലാശ്വാസം തേടി. അവളുടെ മുഖം ആറ്റാദപൂരിതമായിത്തീർന്നു. വാനവസൈന്യനിരയും ദൈവദൂതന്മാരുടെ ആയിരക്കണക്കിനുള്ള സമൂഹവും നിശബ്ദരായി നിന്നവേളയിൽ ദൈവമാതാവു് പത്രോസ് തുടങ്ങിയ ശിഷ്യന്മാരടങ്ങിയ ആ സമൂഹത്തെ നോക്കികൊണ്ടു് ഇങ്ങനെ അരുൾചെയ്തു.

(93-118) 'എന്റെ സ്നേഹമക്കളെ, നിങ്ങളുടെയെല്ലാം ശുശ്രൂഷിയും, ദാസിയുമായ ഞാൻ ഈ സമൂഹത്തിൽ എന്റെ അപേക്ഷയെ അറിയിക്കുന്നതിനു് നിങ്ങളും അനുവാദം നൽകണം'.

ഇതുകേട്ടു് പത്രോസും യോഹന്നാനും ദൈവമാതാവിന്റെ പാദസന്നിധിയിൽ വണങ്ങിനിന്നു് 'അമ്മേ ഞങ്ങളും ഇതാ ശ്രദ്ധാപൂർവ്വം നിൽക്കുന്നു. നീ അരുളിച്ചെയ്താലും' എന്നു പറഞ്ഞു. അതിനുശേഷം അമ്മയോടായി 'എന്റെ സ്നേഹമാതാവേ നീ അല്പമൊന്നു് ഇരിക്കണം' എന്നു കൂടി പത്രോസ് അറിയിച്ചു.

അതുകേട്ട ക്ഷണത്തിൽത്തന്നെ മാതാവു് അയാളുടെ വാക്കുകളും അനുസരിച്ചു. പിന്നീടു് പത്രോസിന്റെ പക്കലേയ്ക്കു് ദൈവജനനി

ഇതുമെന്നിയെ മമ ജീവിതകാലം സർവ്വം
മതിയാൽ മമ ചെയ്ത കുറച്ചിൽ പൊറുക്കണം
തരണം പരലോകേ ചെയ്യുവാൻ ദാസിക്കിപ്പോഴം
തരണം നിങ്ങടം സർവർ മനസാലനുവാദം 112

മമ സ്നേഹപുത്രനാം യോഹന്നാൻ തന്റെ കൈയിൽ
മമ സമ്പത്താലുള്ള ''തുനിക്കെ'' രണ്ടും മാംതാ
ഇതു ഞാനേല്പിച്ചതിപ്പിരുവസ്ത്രങ്ങടം രണ്ടു
ഇതിതുവരെത്തുണചെയ്തിരു പെൺപൈതങ്ങടം 116

അവക്കായിക്കൊടുപ്പാനുമനുവാദമുണ്ടെങ്കിൽ
അവയിൽ ''മാംതാ'' മമ പുത്രനാം യോഹന്നാനും
ഇതിന്റെ ശേഷം മുത്തി പത്രോസിൻ പാദങ്ങളെ
ഇതു കല്പിച്ചശേഷം തിരിഞ്ഞു യോഹന്നാനിൽ 120

അപ്പോലെ മുട്ടുകുത്തി പ്രാർത്ഥിച്ചു മമ സുതാ!
മേല്പെട്ട നാഥൻ തന്റെ ഗുരുവെ സെഞ്ഞോതാർമയും

വന്നു. ആചാരസമന്വിതം അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി കണ്ണീരൊഴുക്കിക്കൊണ്ടു് മഹാരാജ്ഞിയായ കന്യകാമാതാവു് ഇപ്രകാരം അരുൾചെയ്തു.

'അല്ലയോ പത്രോസേ, വിശ്വാസികളുടെ സമൂഹത്തിനു് ശ്രേഷ്ഠഗുരു നീയാണു്. നമ്മുടെ മാതാവായ തിരുസ്സഭയ്ക്കു് ശിരസ്സും നീയാകുന്നവല്ലോ. ഇതിനാൽ തിരുസ്സഭയോടും സഹോദരനയരായ വിശ്വാസികളുടെ ഗണത്തോടുംകൂടി ദാസിയായ ഞാൻ നിന്റെ ആശീർവാദത്തിനായി അപേക്ഷിക്കുന്നു. കൂടാതെ എന്റെ ജീവിതകാലത്തു് എന്റെ ബുദ്ധിക്കനുസൃതമായി ചെയ്തുപോയ കുറവുകളേയും നീ പൊറുക്കണം. പരലോകയാത്ര ചെയ്യുവാൻ ഈ ദാസിക്കു് നിങ്ങളെല്ലാവരും നല്ല മനസ്സോടെ അനുവാദം തരണം. എന്റെ സ്നേഹപുത്രനായ യോഹന്നാന്റെ പക്കൽ എനിക്കുള്ള സമ്പത്തായി ഞാൻ വിശേഷരീതിയിൽ തയിച്ചു ഏല്പിച്ചിരുന്ന രണ്ടു 'തുനിക്കെ' (വസ്ത്രം)യും മാംതായും ഉണ്ടു്. തുനിക്കെ രണ്ടും എനിക്കു ഇന്നോളം തുണ ചെയ്തിരുന്ന പെൺപൈതങ്ങൾക്കും, മാംതാ, എന്റെ സ്നേഹപുത്രനായ യോഹന്നാനും കൊടുക്കുവാൻ അനുവാദമുണ്ടെങ്കിൽ അങ്ങനെ ചെയ്യുക.

(119–128) ഇതിനുശേഷം മാതാവു് പത്രോസിന്റെ പാദങ്ങളിൽ ചുംബനമർപ്പിച്ചു. പിന്നീടു് യോഹന്നാന്റെ നേർക്കു തിരിഞ്ഞു് അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി ഇങ്ങനെ പ്രാർത്ഥിച്ചു.

എന്നുടെ സ്നേഹസുതൻ കുരിശിൽ നില്പും വിധൗ
തന്നെന്നമ്മാതാവുമായ്ത്താൻ മമ പുത്രനുമായ്

അമ്മക്കുള്ളൻപാൽതന്നെ ശ്രുശ്രൂഷിച്ചില്ലെന്നതും
അമ്മ ഞാൻ തന്നാൽ സർവ്വം നന്ദികേടു കൈക്കൊണ്ടിതാ
എന്നതൊക്കെയും മമ പുത്രനേ പൊറുക്കണം
വീണ്ടുമേ കൂട്ടത്തെപ്പാർത്തീവണ്ണമരുൾചെയ്തു

ആണ്ടവൻ ദൈവപുത്രൻ നമ്മുടെ സ്നേഹസുതൻ
താനെന്നെ പഠിപ്പിച്ചുവെന്നപോൽ സ്നേഹിക്കുന്നേൻ
തന്നുടെ മക്കളും നിങ്ങളെന്നപോൽ തമ്മിൽ തമ്മിൽ
സ്നേഹമെന്നിയേ തന്നെ സർവ്വർക്കും ഭാഗ്യംമുക്തി

സ്നേഹരാജ്യത്തിൽ ഞാനുമോത്തിടും ''നിങ്ങളും സർവ്വം''
ഇങ്ങനെ മാതാവരുൾചെയ്തതു നേരത്തിങ്കൽ
തിങ്ങിന ദുഃഖം പൂണ്ടു സർവ്വരും വീണുധരെ
കുമ്പിട്ടുമുത്തി നിലം കണ്ണുനീർ വാർത്തുംകൊണ്ടു

ബിംബിഷും മുട്ടിക്കൊണ്ടും നില്ക്കുന്ന നേരം മാതു
സർവ്വേശൻ തന്റെ ചിത്തം സർവ്വരും ചേർത്തുകൊണ്ടു
സർവ്വരക്ഷയ്ക്കായിട്ടും പ്രാർത്ഥിപ്പാൻ കല്പിച്ചമ്മ
അമ്മയുമതുനേരം കണ്ണുനീർ ചിന്തിക്കൊണ്ടു

'എന്റെ മകനെ, ഉന്നതനായ നാഥന്റെ ശ്രുവായ ആദരണീയനേ, എന്റെ സ്നേഹപുത്രൻ കുരിശിൽക്കിടന്നുകൊണ്ടു നിന്നെ എനിക്കു പുത്രനായും എന്നെ നിനക്കു മാതാവായും കല്പിച്ചുതന്നു. ഒരു അമ്മയ്ക്കുള്ള വാത്സല്യത്തോടെ എനിക്കു നിന്നെ ശ്രുശ്രൂഷിക്കാൻ കഴിഞ്ഞില്ല. നീ എനിക്കു് അനേകകാര്യങ്ങളും നന്ദിയോടുകൂടി ചെയ്തതുന്നു. മകനെ നീ എന്റെ കുറവെല്ലാം പൊറുക്കണം. പിന്നീടു് വിശ്വാസികളുടെ സമൂഹത്തെ നോക്കിക്കൊണ്ടു് അമ്മ ഇങ്ങനെ അരുൾചെയ്തു.

(129–141) 'നാഥനും ദൈവപുത്രനുമായ എന്റെ വത്സലസുതൻ എന്നെ പഠിപ്പിച്ചതുപോലെ ഞാൻ നിങ്ങളേവരേയും സ്നേഹിക്കുന്നു. അവിടുത്തെ മക്കളാണു് നിങ്ങളും. നിങ്ങളും തമ്മിൽ സ്നേഹിക്കണം. അതുതന്നെയാണു് സർവമനുഷ്യർക്കും ഭാഗ്യവും മുക്തിയും. നിങ്ങളും സർവ്വരേയും ഞാൻ സ്വർഗ്ഗരാജ്യത്തിൽ ചെല്ലുമ്പോളും ഓർക്കുന്നതാണു്'.

നന്മയ്ക്കായ്ക്കേണ സർവ്വമടങ്ങി അല്പനേരം
അപ്പൊഴതാകാശത്തിൽ നിന്നതൻ പുത്രൻ ദേവൻ
മുപ്പൊഴതിനെത്തോല്പിച്ചിടുന്ന ശോഭയുതൻ
ആകാശവാസികളാം മാലാഖാവൃന്ദത്തോടും 144

ആകവേ പുണ്യാത്മാക്കളും സർവ്വരുമൊരുമിച്ചായ്
ആകാശപ്രഭാകരനുദിച്ച നേരത്തിങ്കൽ
ആകാശമോക്ഷം സഭം വിളങ്ങി സെഹിയോനും
അപ്പൊഴതമ്മ തന്റെ പുത്രന്റെ പാദാന്തികെ 148

അപ്പെരുമയെപ്പാത്തു സാഷ്ടാംഗം പ്രണമിച്ചു
എത്രയുമെളിമയാൽ കുമ്പിട്ടമുത്തി പാദം
തത്രനിൽക്കുന്ന മഹാ സമൂഹം നിർജീവരായ്
ആകാശരാജ്യേ തന്റെ പുത്രന്റെ തിരുമുമ്പിൽ 152

ആകവെ ചെയ്താചാരം കണ്ടവർ ഭ്രമം പൂണ്ടു
മാതൃവിന്നപേക്ഷപോൽ പുത്രനും തന്റെ വാഴ്വു
മോദമായ്ക്കൊട്ടുത്തുടനരുളിച്ചെയ്താവണ്ണം
അമ്മയെ! സ്നേഹതായെ! നമ്മുടെ വേനമായ് 156

ഇങ്ങനെ ദൈവമാതാവു് അത്യംചെയ്ത വേളയിൽ ഹൃദയത്തിൽ തിങ്ങി നിറഞ്ഞ ദുഃഖത്തോടെ സർവരും ഭൂമിയിൽ വീണു കുമ്പിട്ടു് നിലം മുത്തി കണ്ണുനീർവാർത്തു, വിമ്മിട്ടപ്പെട്ടും നിലകൊണ്ടു. അപ്പോഴും എല്ലാവരും സർവ്വേശ്വരനിൽ മനസ്സു ചേർത്തുവച്ചു് ഒരുമിച്ചു് സർവ്വരുടെയും രക്ഷയ്ക്കായി പ്രാർത്ഥിക്കുവാൻ ദൈവമാതാവു് കല്പിച്ചു് മിഴിനീരൊഴുക്കിക്കൊണ്ടു് മാതാവും അവരുടെ നന്മയെപ്രതി പ്രാർത്ഥിച്ചു. അല്പസമയത്തേയ്ക്കു് ആ പരിസരമെല്ലാം നിശബ്ദതയിൽ മുഴുകിനിന്നു.

(142_155) ആ സമയത്തു്, സൂര്യനെ തോല്പിക്കുന്ന പ്രകാശപ്രസരത്തോടെ പുത്രനായ ദൈവം ആകാശത്തുനിന്നു് താഴേയ്ക്കിറങ്ങി. ആകാശവാസികളായ മാലാഖമാരുടെ കൂട്ടവും പുണ്യാത്മാക്കളും എല്ലാം അകമ്പടിയായി വന്നുനിന്നു. സ്വർഗ്ഗീയ സൂര്യൻ ഉദിച്ചുയർന്ന സമയത്തു് സെഹിയോൻമാളിക ആകാശമോക്ഷത്തിനു സമമായി വിളങ്ങി. തൽക്ഷണം ദൈവമാതാവു് തന്റെ പുത്രന്റെ പാദാന്തികത്തിൽ അവിടുത്തെ മഹത്വത്തെ കണ്ടുകൊണ്ടു് സാഷ്ടാംഗം പ്രണമിച്ചു. അത്യന്തം വിനയത്തോടുകൂടി അമ്മ പുത്രന്റെ കാൽത്താരിൽ മുട്ടുകുത്തി ആരാധിച്ചു. അവിടെ നിന്ന ആ സമൂഹം മുഴുവൻ നിർജ്ജീവരെന്നപോലെ വിറങ്ങലിച്ചുനിന്നു. ആകാശരാജ്യത്തിലെ നാഥനായ തന്റെ പുത്രന്റെ മുമ്പിൽ മാതാവു് ആചാരം ചെയ്തുകണ്ടു്

നിർമ്മല, തവോദരെ നമ്മെ നീ പാർപ്പിച്ചിതാ
നമ്മുടെ പിതാദൈവം നിന്നെപ്പാർത്തിരിക്കുന്നു
നമ്മുടെ വലത്തേതിൽ വച്ചിതാസിംഹാസനം
മരണസ്ഥലേ നിന്നങ്ങായുസ്സിൻ സ്ഥലത്തിലായ്

വരണം നിത്യത്തിന്നായ് നിത്യമതിൽനിന്നും
മമ മാതൃവായ് മലഹീനയായ് പുക്കുലോകെ
മമ നാടതിലിതാമരണം വിനാപൂകാം
മമ മാതൃവും നീയേയിതിനാൽ മമസമം

മരണം വഴിയായിക്കടപ്പാൻ മനസ്സെങ്കിൽ
അതിന്നും പിതൃചിത്തം നിന്നിഷ്ടം യഥാസാദ്ധ്യം
അല്ലെങ്കിൽ മമ രാജ്യേയധുനാമയാസഹ
അന്നേരം മാതാ ബഹുവന്ദനം ചെയ്തുകൊണ്ടു

സുന്ദരതിരുമേനി പാത്തുകൊണ്ടരചെയ്തു
എന്നുടെ സ്നേഹസുതൻ നാഥനേ! മമദേവ!
നന്ദനൻ നീയേ ദാസിയാഗ്രഹം കേട്ടീടേണം
മാതൃവും ദാസി തവ ആദത്തിൻ പുത്രിപുഴു

അവർ സംഭീതരായിത്തീർന്നു. ദൈവമാതാവു് അപേക്ഷിച്ചതനുസരിച്ചു് പുത്രൻ തന്റെ ആശീർവാദം സന്തോഷപൂർവ്വം അമ്മയ്ക്കു നൽകിയ ശേഷം ഇങ്ങനെ അരുൾചെയ്തു.

(156_196) 'അല്ലയോ എന്റെ അമ്മേ, സ്നേഹമാതാവേ, എന്നെ ഒരു ഭവനത്തിലെന്നതുപോലെ നിന്റെ നിർമ്മലമായ ഉദരത്തിൽ നീ പാർപ്പിച്ചിരുന്നല്ലോ. പിതാവായ ദൈവം നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു. നമ്മുടെ വലത്തുഭാഗത്തായി സിംഹാസനം സ്ഥാപിച്ചിരിക്കുന്നു. മരണത്തിന്റെ താഴ്വരയിൽനിന്നും ആയുസ്സിന്റെ സ്ഥലത്തേക്കു വരിക. അനിത്യതയെവിട്ടു് നിത്യത്വത്തെ സ്വീകരിക്കുക. മാലിന്യമില്ലാത്തവളായി ഈ ലോകത്തിൽ പ്രവേശിച്ചു് നീ എന്റെ മാതാവായിത്തീർന്നുവല്ലോ. മരണം കൂടാതെതന്നെ ഇപ്പോഴും എന്റെ നാടായ മോക്ഷരാജ്യത്തിലേക്കു പ്രവേശിക്കാം. എന്റെ അമ്മേ, നിനക്കേതാണു് ഇഷ്ടം. എന്നെപ്പോലെ മരണം സ്വീകരിച്ചുകൊണ്ടു് പരലോകത്തേയ്ക്കു കടക്കുവാനാണു് നിന്റെ താൽപര്യമെങ്കിൽ അതിനു പിതാവു് സമ്മതിയ്ക്കും. നിന്റെ ഇഷ്ടം സാധിച്ചുതരും. അല്ലെങ്കിൽ ഇപ്പോഴത്തന്നെ എന്റെ രാജ്യത്തേയ്ക്കു് എന്നോടുകൂടി പ്രവേശിക്കാനാണു് അഭിലാഷമെങ്കിൽ അതിനും വിരോധമില്ല'.

നീതിയാ സർവ്വർക്കുള്ള ഭരണം മയാവഴി
എന്നുടെ ദൈവം നീയേ നരജന്മവും പൂണ്ടു
മന്നിലിപ്പാട്ട സർവ്വം പെട്ടനീ മരിച്ചല്ലൊ
അപ്പൊഴോ തവദാസിയല്പമാം പൊടിയഹം 176

എത്രയോ നീതി സർവ്വർ വാതിലാൽ കടക്കുവാൻ
ഈവണ്ണം സ്നേഹമാതുചൊല്ലിയക്ഷണം തന്നെ
അവ്വണ്ണംതന്നെ തന്റെ പുത്രനുമിഷ്ടംശ്രുതേ
മാതുവിന്നാശയതാ തികപ്പാൻ നാമും തന്റെ 180

മതിയാൽപ്പറപ്പെട്ട മനസ്സേ അഴിച്ചഹം
എന്നതു നാഥൻ കല്പിച്ചെന്നയാക്ഷണം തന്നെ
സുന്ദരശ്രുപികയം നാദഗീതങ്ങളം പാടി
ശ്രുധമാം ഗുഹായാലെ പാട്ടുകയം പാട്ടിൻവാക്യം 184

ശ്രുധാശ്രുപികയം പാടി രണ്ടാംകപ്പിത്തയംദശം
വചനമതീവണ്ണം ബഹുസന്തോഷാൽചൊല്ലി
വചനമിതുതന്നെ മമ സ്നേഹിതേ! ഏകംക്ക!!
അന്വേഷം ചെയ്യുമിതു പുശ്രുവാൻ രണ്ടാംസ്ലോകയം 188

അതു കേട്ട് മകനെ വന്ദനംചെയ്ത് അവിടത്തെ സുന്ദരമായ ശരീരത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ട് ഇപ്രകാരം ദൈവമാതാവു പറഞ്ഞു:

'എന്റെ സ്നേഹപുത്രാ, നാഥാ, എന്റെ ദേവനായവനേ, നിന്റെ ദാസിയായ എന്റെ ആഗ്രഹം കേയംക്കേണമേ. ഞാൻ നിന്റെ മാതാവും ദാസിയും ആകുന്നു. ഞാൻ ആദത്തിന്റെ പുത്രിയും ഒരു പുഴുവിനേപ്പോലെ നിസ്സാരയുമാകുന്നു. നീതിമൂലം സകലരേയും ഭരിക്കുന്ന എന്നുടെ ദൈവമായ അങ്ങ് ഞാൻ വഴിയായി മനുഷ്യജന്മം സ്വീകരിച്ചു. ഈ ഭൂമിയിൽ കഷ്ടപ്പാടുകയം അനുഭവിച്ചു മരണമടഞ്ഞു. നിന്റെ ദാസിയും നിസ്സാരധൂളിയുമായ ഞാൻ സർവ്വരും സ്വർഗ്ഗത്തിലെത്തു കടക്കുവാനുള്ള വാതിലായിത്തീരുകയെന്നതു് എത്രയോ നീതിയുള്ള കാര്യമായിരിക്കും.'

ആ ക്ഷണത്തിൽത്തന്നെ പുത്രൻ അരുൾചെയ്തു. 'നിന്റെ അഭീഷ്ടം സാധിക്കുമാറാകട്ടെ' എന്നു്. എന്റെ അമ്മയുടെ ഇഷ്ടം നിർവഹിക്കുവാൻ ഞാൻ ചിന്തിച്ചുകൊണ്ടാണു് പുറപ്പെട്ടതു്. അതിനായി എന്റെ മനസ്സിനേ ഞാൻ സജ്ജമാക്കിയിരിക്കുന്നു എന്ന കാര്യം പുത്രൻ പ്രഖ്യാപിച്ചു കഴിഞ്ഞ നിമിഷത്തിൽ സുന്ദരാശ്രുപികളായ മാലാഖാമാർ മനോഹരനാദത്തിൽ സ്തുതിഗീതങ്ങളംപാടി. പരിശ്രുധാത്രുപിയാലെ ദൈവദൂതന്മാർ രണ്ടാം കാപ്പിത്താം (അധ്യായ

മുന്നമായമ്മയ്യുവർ ദാസ്യവേലകഃചെയ്യ
എന്നതിനമ്മതന്നെസമ്മാനിച്ചവരിവർ
എന്നവർ തിരുമേനി കിടക്കും കേതമതിൽ
മന്ദമായ്പ്പുക്ക ബഹുവന്ദനയോടുംകൂടെ 192

അപ്പൊഴത്തിരുമേനിയൊട്ടമേ സൂക്ഷിപ്പാനും
ഇപ്പെരുമയാൽക്കട്ടിൽകൂടെയും കാണ്മാനില്ല
ഒക്കെയും മഹാശോഭ പ്രകാശംതന്നെ കാൺ്മ
ഒട്ടമേ സൂക്ഷിപ്പാനും ഭ്രമിച്ചു പുറപ്പെട്ട. 196

മുഖ്യനാം പത്രോസാദി കേട്ടടൻ കൂട്ടത്തോടെ
വാക്യവും ശരിതന്നെ സൂക്ഷിച്ചു ഭ്രമിച്ചവർ
ദിവ്യകോവിലാം ദേഹം ''പേഴയും'' ''തേസ്സുമെന്തും''
ദിവ്യമാകയാൽ നരർ തൊട്ടുവാൻ യോഗ്യംപോരാ 200

എന്നതു സ്മരിച്ചവർ പിന്നെയും പത്രോസ് ജോണും
മന്ദിരമുള്ളിൽ പുക്കതെല്ല ധ്യാനിച്ചുക്ഷണം
ഉന്നതമതിൽ സ്തുതി വാനവർ പാടിക്കേട്ട
നന്മയാൽ പൂർണ്ണരായി ! ദൈവത്താൽ സ്വത്വം നിന്നിൽ 204

ത്തിന്റെ തലക്കെട്ട്) ഗാനങ്ങം ഈ വചനങ്ങം ഉദീരണം ചെയ്തു കൊണ്ട് സന്തോഷസമേതം പാടി. ഇതായിരുന്ന ആ വാചകം. 'എന്റെ സ്നേഹിതേ, നീ എണീറ്റാലും'.

മാതാവിന്റെ തിരുമേനിയിൽ പരിമളം പൂശുവാനായി, മുൻപ തന്നെ അമ്മയുടെ ശുശ്രൂഷികളായവരും അമ്മയിൽനിന്നു് സമ്മാനം സ്വീകരിച്ചവരുമായ രണ്ടാം സ്ത്രീകം അന്വേഷിച്ചെത്തി. അവർ ദൈവമാതാവിന്റെ തിരുശ്ശരീരം കിടക്കുന്ന ഭവനത്തിൽ മന്ദമായി പ്രവേശിച്ചു. അവിടെ ഭക്തിപുരസ്സരം നിലകൊണ്ടു. അപ്പോം ആ ദിവ്യശരീരം അവർക്കു കാണാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല ദൈവജനനിയുടെ ശയനമഞ്ചംകൂടി അപ്രത്യക്ഷമായിരിക്കുന്നു. ആ പരിസരമെല്ലാം അവർണ്ണനീയമായ ശോഭയിൽ മുങ്ങിനിന്നു. പ്രകാശമല്ലാതെ മറെറാന്നും കാണാൻ കഴിയാതെ അവർ പരിഭ്രമിച്ചു പുറപ്പെട്ടു.

(197_211) പത്രോസിനെ അവർ അറിയിച്ച അദ്ദേഹവും കൂട്ടുകാരും വന്നുനോക്കി. അവരുടെ വാക്യം ശരിതന്നെ എന്നു മനസ്സിലാക്കി പത്രോസും കൂട്ടുകാരും പരിഭ്രമിച്ചു. 'പരിശുദ്ധ ദേവാലയമാകുന്ന പേടകവും ഉടമ്പടിയും പൂജ്യമാകയാൽ അതിൽ സ്പർശി

നന്മകൾക്കധിപതി സർവേശൻ നിന്നിൽ സഹ
എന്നിതു പ്രധാനികം മൻപരായ്പ്പാട്ടന്നേരം
വന്നവരെല്ലാവരും കൂട്ടമായ് രണ്ടോമതും
പ്രസവം മൻപിൽ കന്യപ്രസവമതിൽ കന്യ 208

പ്രസവശേഷം കന്യ സർവനേരവുമേവം
പ്രഥമപള്ളിയായ സർവ വിശ്വാസിക്കൂട്ടം
പ്രസാദം ഭവിച്ചേറമിതിനെത്തന്നെ പാട്ടം
പ്രഥമ ശിഷ്യൻ പേരു യോഹന്നാനുമായുടൻ 212

പ്രാർത്ഥിച്ചു മുട്ടുകുത്തിത്തിരുച്ചിത്തത്തെക്കേഴപ്പാൻ
അപ്പൊഴുതുടൻ ദ്യോവിൽ നിന്നൊരു സ്വരംകേട്ട
ഇപ്പെരിയ ദേഹത്തെതൊടങ്ങാ ''നസ്സും'' വിനാ
എന്നതു കേട്ടക്ഷണം ശ്രീഹന്മാർ തിരുദേഹം 216

ക്കാൻ മനുഷ്യർക്കു് അർഹതയില്ല' ഈ കാര്യം സ്മരിച്ചുകൊണ്ടു് പത്രോസും യോഹന്നാനും ഭവനത്തിൽ പ്രവേശിച്ചു് അല്പസമയം ധ്യാനനിമഗ്നരായിനിന്നു.

ഉന്നതങ്ങളിൽ വാനവർ പാടുന്ന സ്തുതിഗീതം അവർ കേട്ടു. 'നന്മയാൽ നീ സമ്പൂർണ്ണയായിരിക്കുന്നു. ദൈവം നിന്നിൽ പ്രസാദിച്ചു. നന്മകൾക്കു് അധിപനായ സർവേശ്വരൻ നിന്നോടുകൂടിയുണ്ടു്. ഇങ്ങനെ ദൈവദൂതന്മാരിൽ പ്രധാനികം പാടി.' അപ്പോൾ, അവിടെ വന്നവരെല്ലാംകൂട്ടംചേർന്നു് ഇങ്ങനെ ആവർത്തിച്ചു് പറഞ്ഞു: 'അല്ലയോ മറിയമേ, നീ പ്രസവത്തിനു മുൻപു് കന്യകയായിരുന്നു. പ്രസവസമയത്തു കന്യകയായിരുന്നു. പ്രസവശേഷവും കന്യകയായിരുന്ന നീ സദാകാലം കന്യകയാകുന്നു. ദൈവപ്രസാദം ലഭിച്ചവരുടെ പ്രഥമ പള്ളിയായ വിശ്വാസിക്കൂട്ടത്തോടുചേർന്നു് ഇങ്ങനെ പാടിക്കൊണ്ടിരുന്നു.

(212–236) ദൈവതിരുമനസ്സു് എന്തെന്നറിയുവാൻവേണ്ടി ശിഷ്യരിൽ പ്രഥമനായ പത്രോസു്, യോഹന്നാൻ തുടങ്ങിയവർ മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചു. അപ്പോൾ സ്വർഗ്ഗത്തിൽനിന്നു് ഇങ്ങനെ ഒരു സ്വരം അവിടെ മുഴങ്ങി. പവിത്രമായ ഈ ശരീരത്തെ സന്ധ്യക്കു മുൻപു് പ്രദക്ഷിണമായി കൊണ്ടുപോകാൻ തുടങ്ങുക. ഇതു കേട്ട ശ്രീഹന്മാർ തിരുശരീരത്തിനു വന്ദനം അർപ്പിച്ചശേഷം പ്രദക്ഷിണത്തിനായി ഒരുങ്ങി. മഞ്ചൽ വിരിച്ചു. മംഗലവാനായ പത്രോസും യോഹന്നാൻ തുടങ്ങിയവരും അതീവ ഭക്തിയോടെ തിരുശരീരത്തിന്റെ വസ്ത്രവിളുമ്പിൽപ്പിടിച്ചു. മാതാവിന്റെ ശരീരം പവിത്ര

വന്ദനം ചെയ്തശേഷം ''പ്രസിസം''[1] വട്ടംകൂടി
മഞ്ചലുവിരിച്ചുടൻ തന്നുടെ ദേഹത്തിനെ
മംഗലൻ പത്രോസ" ജോണിയെന്നിവർ ബഹുഭക്ത്യാ
തിരുദേഹത്തിൻ വസ്ത്രവിളമ്പിൽപ്പിടിച്ചവർ

തിരുക്കട്ടിലിൽനിന്നു തേരതിൽ സ്ഥാപംചെയ്തു
അപ്പൊഴുതുടൻകണ്ട ശക്തിയാലുള്ള വെട്ടം
സ്പഷ്ടമായ്ത്തിരുദേഹം കാണ്മതിനൊട്ടുനീങ്ങി
മരണരേഖ തൻറെ മേനിയിലദൃശ്യമായ്

സ്മരണമേവക്തമായ് സമമെ മുൻ ചെന്നപോൽ
ഇതുമെന്നിയെ ജനനാദിയായ് മലഹീനം
അതുപോൽ ദേഹത്തിന്നും ക്ഷയലക്ഷണംവിനാ
അതുനേരത്തിൽ ശിഷ്യരാദിയായ് ഭക്തജനം

അതിനെ രക്ഷിപ്പാനായ് യോഗ്യരാം ജനങ്ങളും,
ഗ്രഹിപ്പാൻ തക്കവിധം തന്നുടെ കാവൽ ദൂതർ
ഗൃഹത്തിൽ പുറപ്പാട്ടിൽ സംഖ്യയില്ലെന്നവിധം
ആകാശെയിവർ മുൻപെയാകാശ ധ്വനികളായ്

മായ കട്ടിലിൽനിന്നു് എടുത്തു് തേരിൽവച്ചു. അപ്പോഴം പ്രത്യക്ഷപ്പെട്ട അതിശക്തമായ വെളിച്ചം വളരെ സ്പഷ്ടമായി ആ തിരുദേഹത്തിൻറെ സമീപത്തുനിന്നു് അല്പം അകലെയായി നിലകൊണ്ടു. മരണത്തെക്കുറിച്ചുള്ള സ്മരണ എല്ലാവരിലും യഥാകാലം മുന്നിൽ നില്ക്കുന്നതുപോലെ മാതാവിൻറെ തിരുശരീരത്തിൻറെ തെല്ലകലെ മാറി, ആ വെളിച്ചം അവിടത്തെ മേനിയിൽ അദൃശ്യമായ മരണരേഖ പോലെ കാണപ്പെട്ടു. ദൈവജനനിക്കു് ജനനംകൊണ്ടുള്ള പാപമില്ലാതിരുന്നുവെന്നതുപോലെ മരണശേഷം ശരീരത്തിനു യാതൊരു ക്ഷയവും സംഭവിച്ചില്ല. അപ്പോഴം ശിഷ്യർ തുടങ്ങിയ ഭക്തജനങ്ങളും, ആ ശരീരത്തെ രക്ഷിക്കുവാൻവേണ്ടി സമർത്ഥരായ ജനനേതാക്കളും ഒരുങ്ങിനിന്നു. മാതാവിൻറെ ശരീരം കൈയേൽക്കുവാൻ തക്കവിധത്തിൽ അവിടത്തെ ദൂതന്മാർ ആ വീട്ടിൽനിന്നുള്ള പുറപ്പാടിൽ സംഖ്യാതീതമായി ആകാശത്തു് ആഘോഷധ്വനികളോടെ അണിനിരന്നു.

---

1 പ്രസിസം—പ്രദക്ഷിണം

ആകാശസൂര്യൻ താനും മാതാവിൻ തായ്തന്തയും
മുൻപരാം പിതൃക്കളും വൻപരാം ഭരിശികളും
അൻപിനാൽ മണവാളൻ, മുൻപനാം ബത്തീസ്തയും [1]
ഇങ്ങനെയാദിയായി ആകാശെയിവർ മുൻപിൽ 236

മംഗലനഗർക്കാരരൊക്കവേ ഗർവ്വംവിനാ
ശുദ്ധമാം തിരുദേഹം പൂക്കടൻ വഴിയതി–
ലശുദ്ധാത്മപി പീഡയൊക്കയുമൊഴിഞ്ഞുപോയ്
എണ്ണമില്ലാതുള്ളൊരു രോഗികളും പലേതരം 240

ദണ്ഡമൊക്കയുമടൻ നീങ്ങിയാരോഗ്യസിദ്ധം
യുദരുമജ്ഞാനികളായുള്ള ജനംബഹു
മോദമായ് രക്ഷാനാഥനമ്മയെയെന്നു സ്വരം
പുറപ്പാടതിൽ പുറപ്പെട്ടുത്തിക്കൊണ്ടുമവർ 254

ഉറപ്പോടടൻ സ്നാനം സ്വരത്താലപേക്ഷയും
ഇങ്ങനെ നാഥൻ തന്റെ മാതാവിൻ നിമിത്തമായ്
ഇതിനെ മാലാഖമാർ പാടിയനേരമമ്മ
അതുനേരത്തിൽ തന്റെ തലയേച്ചായിച്ചമ്മ 248

ആകാശത്തിലെ സൂര്യൻ ദിവ്യജനനിയുടെ മാതാപിതാക്കൾ, പ്രപിതാക്കൾ പ്രസിദ്ധരായ ദീർഘദർശികൾ, സ്നേഹമണവാളനായ യൗസേപ്പ്, മുൻപനായ യോഹന്നാൻ മാംദാനാ ഇങ്ങനെയുള്ളവരെല്ലാം ആകാശത്തിൽ മറ്റുള്ളവർക്കു മുമ്പിലായി നീങ്ങി.

(237–260) മംഗല നഗരമായ ജറുസലേമിലെ ജനങ്ങളും അഹങ്കാരം വെടിഞ്ഞു് അണിയായി നീങ്ങി. പരിശുദ്ധമായ ശരീരം നഗരത്തിൽ പ്രവേശിച്ചയുടൻ അശുദ്ധാത്മപികൾ പീഡനങ്ങൾ നിറുത്തി അപ്രത്യക്ഷരായി. പലേതരത്തിലുള്ള രോഗങ്ങളാൽ കഷ്ടപ്പെട്ട അസംഖ്യം ജനങ്ങൾ രോഗവിമുക്തി പ്രാപിച്ചു. യൂദന്മാരും അജ്ഞാനികളുമായ അനേകം ജനങ്ങൾ സന്തോഷസമേതം രക്ഷാനാഥയെന്നു് മറിയത്തെ പുകഴ്ത്തിക്കൊണ്ടു് ആ തീർത്ഥയാത്രയിൽ പങ്കുചേർന്നു. അവർ വിശ്വാസത്തിൽ ഉറച്ചവരായി ജ്ഞാനസ്നാനത്തിനായി അപേക്ഷിച്ചു. ഇതെല്ലാം നാഥനായ യേശു തന്റെ മാതാവു വഴിയായി നൽകിയ നന്മകളാണു്. ഇക്കാര്യം മാലാഖമാർ ഗാനങ്ങളായിപ്പാടി.

അപ്പോൾ ദൈവമാതാവു് തന്റെ ശിരസ്സു് ചായിച്ചു.

---

1 ബത്തീസ്ത–സ്നാപകൻ (ബാപ്റ്റിസ്റ്റ്)

മമ സ്നേഹിതെ! ''മിയാകൊളംബാ''[1] വരിക നീ
മമ മാതൃവേവർഷം കഴിഞ്ഞു വേനൽവന്നു
മമ നാടതിൽ പുഷ്പം ശോഭിച്ചു കാണപ്പെട്ട
അതു നേരത്തിൽ മാതൃപുത്രനെ സൂക്ഷിച്ചുടൻ 252

ഇതിതാനിൻ തൃക്കരെ മമ ദേഹിയെ വച്ചേൻ
ഇതിനെ ചൊല്ലിക്കൊണ്ടു തിരുക്കൺകളെ പൂട്ടി
ഇതിതു ക്ഷണം തൻറെ ശ്വാസവുംവിട്ട മാതു
തിരുമരണത്തിൻമൂലം മറുകാരണം വിനാ 256

തിരുസ്നേഹമേ തന്നെ വ്യാധിയും മരണവും
ധരയിലമൃതാക്കിത്തീർത്തല്ലോ മാതാവപ്പോഴം
ഉതിരുമായി ക്ഷണമവിടെ മഹാശോഭ
ഉദിതമായി മഹാ സൗരഭ്യം വീശിയെങ്ങും. 260

'അല്ലയോ എൻറെ സ്നേഹിതേ എനിക്കു പ്രിയപ്പെട്ട മാടപ്രാവേ, നീ വന്നാലും! എൻറെ അമ്മേ ഇതാ വർഷം കഴിഞ്ഞിരിക്കുന്നു. വസന്തകാലം വന്നണഞ്ഞു. ഇതാ എൻറെ ഈ നാട്ടിൽ പുഷ്പങ്ങളം വിരിഞ്ഞു ശോഭിക്കുന്നു.'

അപ്പോഴം മാതാവു് തൻറെ പുത്രനെ സ്നേഹപൂർവം വീക്ഷിച്ചുകൊണ്ടു് പറഞ്ഞു. 'ഇതാ, നിൻറെ തൃക്കരത്തിൽ എൻറെ ആത്മാവിനെ സമർപ്പിക്കുന്നു'.

ഇങ്ങനെ പറഞ്ഞുകൊണ്ടു് ദൈവജനനി തൻറെ തൃക്കണ്ണുകളം അടച്ചു. അതേക്ഷണത്തിൽത്തന്നെ തൻറെ അവസാന ശ്വാസവും മാതാവു് അണച്ചു. അവിടുത്തെ തിരുമരണത്തിനു് പരിശുദ്ധമായ ദൈവിക സ്നേഹമല്ലാതെ മറെറാരു കാരണമില്ലായിരുന്നു. ഹാ! സ്നേഹംകൊണ്ടു് വ്യാധിയും മരണവും ഭൂമിയിൽ അമൃതാക്കി മാതാവു് മാററിയിരിക്കുന്നു. ആ ക്ഷണത്തിൽ അതുല്യമായ പ്രകാശം കാന്തി വിതറി അവിടെ കാണപ്പെട്ടു. ഹൃദ്യമായ പരിമളം അവിടെയെല്ലാം വീശി.

---

1 മിയാകൊളംബാ—എൻറെ മാടപ്രാവേ (ഇററാലിയൻപദം)

ഭംഗിയാൽ പുത്രൻ സമം പുത്തനാം കവറതിൽ
അത്തിരു ദേഹത്തിനെ വച്ചവർ ശ്രീഹന്മാരും
പുത്തനായ് തന്റെ ദൂതൻ നെയ്തൊരു ''നിചോളത്താൽ''
ശ്രുദ്ധമാം ശരീരത്തെ മൂടിയെന്നതിൻ ശേഷം 264

ശ്രുദ്ധപുത്രന്റെ സമം കൽപലകയാൽമൂടി
ഇത്തിരുദേഹം തേരിൽ ചുമന്നു ശ്രുദ്ധന്മാരും
അത്തിരു ശരീരത്തെ വസ്ത്രത്താൽ പൊക്കിമഞ്ചം
എന്നതിൽ വച്ചു പത്രോസാദിയായുള്ള ജനം 268

സുന്ദരദേഹത്തിനു മണ്ണിന്റെ ഭാരംവിനാ
എന്നവർ സാക്ഷിചൊല്ലി സ്ഥിരമായറിയിച്ചു
മന്ദമായ് ശിഷ്യജനം കണ്ണുനീർയാവ്യം സമം
ശ്രുദ്ധകർമ്മത്തിൻ ശേഷം ശിഷ്യരും സേനാക്കളിൽ 272

ശ്രുദ്ധരാം മോക്ഷജനം മേൽപ്പെട്ടവെന്നാകിലും
ദിവ്യനിക്ഷേപത്തിന്റെ കാവലാമായിരവും
ദ്യോവതിൻ ഗാനഗീതം സർവ്വനേരവും ദ്ധ്വം
അന്നു നാംമുതൽ സെഹിയോൻ തന്റെ ഒരുത്തോരിൽ 276

(261_272) പുത്രനെ സംസ്കരിച്ചതുപോലെ ഭംഗിയായി മാതാവിന്റെ തിരുദേഹത്തെ പുതിയ ഒരു ശവമഞ്ചത്തിൽ ശിഷ്യന്മാർ വച്ചു. അമ്മയുടെ കാവൽദൂതൻ പുത്തനായി നെയ്തെടുത്ത കച്ച കൊണ്ട് പരിപൂജ്യമായ ആ ശരീരത്തെ മൂടി. അതിനുശേഷം പുത്രന്റെ മൃതശരീരമെന്നപോലെ കല്പലകകൊണ്ട് മറച്ചു. ഈ തിരുശരീരത്തെ വിശ്രുദ്ധന്മാരായിരുന്ന ചുമന്നതു്. തിരുവസ്ത്രത്താലെയാണ്, ശവമഞ്ചം പൊക്കിപ്പിടിച്ചതു്. അതുകൊണ്ട് പത്രോസ് തുടങ്ങിയവർ ഈ മനോഹരമായ ദേഹത്തിനു് മണ്ണിന്റെ ഭാരം ഇല്ലാതെയിരുന്നുവെന്ന സാക്ഷ്യം നൽകി. കണ്ണുനീർ കടിച്ച കൊണ്ടെന്നപോലെ സാവധാനം ശിഷ്യന്മാർ പരിശ്രുദ്ധമായ ഈ കർമ്മത്തിനു ശേഷം സെനക്കിളിൽ എത്തിച്ചേർന്നു.

(273_294) പരിശ്രുദ്ധരായ സ്വർഗീയഗണം ഉന്നതങ്ങളിലേയ്ക്കു പോയി. എങ്കിലും ദിവ്യനിക്ഷേപത്തിന്റെ കാവലിനായി ആയിരം ദൈവദൂതന്മാർ നിലകൊണ്ടു. സ്വർഗ്ഗീയ ഗാനങ്ങളും ഗീതങ്ങളും സദാ സമയം അവിടെ മുഴങ്ങിയിരുന്നു. അന്നു മുതൽ സെഹിയോനിലെ മാതാവിന്റെ പ്രാർത്ഥനാലയത്തിൽ ആ സുന്ദരദേഹം മൂലം ഉണ്ടായ സൗരഭ്യം അവിടെ മാത്രമല്ല, ജറുസലേം പട്ടണം മുഴുവനിലും വളരെ വ്യാപ്തിയോടെ നിറഞ്ഞുനിന്നു. പല വർഷങ്ങളിലേയ്ക്കു് ഈ പരിമളം

സുന്ദരദേഹം വശാലുണ്ടായ സൗരഭ്യങ്ങളും
എന്നതിൻ തന്നെയല്ല ജരുശ്ശേം പാദംനീളെ
നന്നായി ശ്ലാഘിച്ചിതു പലതാം സമകളിൽ
ഇങ്ങനെ പരലോകേ മാതുവാത്മാവെത്ത നാഥൻ

തിങ്ങിന മഹിമയാലണച്ച ശേഷത്തികൽ
പിതുവാം സർവ്വേശ്വരത്രോണോസിൻ മുൻപിൽ നാഥൻ
നമ്മുടെ സൃഷ്ടികളിലുയർന്ന സൃഷ്ടിയിതാ
നമ്മുടെയിഷ്ടം യഥാ സർവ്വതും തികച്ചിവനം

നരരക്ഷയ്ക്കായഹം അനുഷ്ഠിച്ചതും സർവ്വം
പരരക്ഷയ്ക്കായെന്നോടൊന്നിച്ചു ക്ലേശിച്ചവനം
നരജന്മത്തിനുള്ള പൊതുവാം ജന്മശാപം
നിഴലും തീണ്ടാതിവനം ജനനം മുതൽ സർവ്വം

ഒന്നിച്ചു ദൈവ വേലയനുഷ്ഠിച്ചതിനാലെ
ഒന്നിച്ചു സിംഹാസനേ സമ്മാനം കൊടുക്കണം
പുത്ര ''ദെക്രേത്തു''[1] കേട്ട പിതാവും രൂഹാദൈവം
തത്ര സന്തോഷാൽ ദൈവസിംഹാസനത്തിൻ ചാരേ

ദൈവപുത്രനാം തന്റെ ദക്ഷിണേ സിംഹാസനം
ദൈവമാതാവിന്നിട്ടയിരുത്തി നിത്യത്തിന്നായ്

നീണ്ടുനില്പുയും ചെയ്തു. ഇങ്ങനെ പരലോകത്തിൽ തന്റെ മാതാവിന്റെ ആത്മാവിനെ അതീവ മഹിമയോടെ രക്ഷാനാഥൻ ആനയിച്ച ശേഷം പിതാവായ സർവേശ്വരന്റെ ത്രോണോസിന്റെ സന്നിധിയിലെത്തി ഇങ്ങനെ അരുൾ ചെയ്തു.

'നമ്മുടെ സൃഷ്ടികളിൽ ഏറ്റവും ഉന്നതമായ സൃഷ്ടിയാണ് ഇവൾ. നമ്മുടെ ഇഷ്ടം ഭംഗിയായി നിർവഹിച്ചതും ഇവൾ തന്നെയാണ്. മനുഷ്യരക്ഷയ്ക്കായി ഞാൻ അനുഷ്ഠിച്ച കർമ്മങ്ങളും മുഴുവനും ഇവൾ എന്നോടൊന്നിച്ച് അനുഷ്ഠിക്കയും ക്ലേശിക്കയും ചെയ്തു. മനുഷ്യജന്മത്തിനു പൊതുവായുള്ള ശാപമായ ജന്മപാപത്തിന്റെ നിഴൽപോലും സ്പർശിക്കാതെ ഇവൾ ജനിച്ചു. ജനനം മുതൽ മരണം വരെ എന്നോടൊന്നിച്ചു ദൈവിക രക്ഷാകർമ്മത്തിൽ പങ്കെടുത്തതിനാൽ എന്നോടൊന്നിച്ചു സ്വർഗ്ഗസിംഹാസനത്തിൽ സമ്മാനം നൽകണം.'

---

1 ദെക്രേത്ത്—ഡിക്രി.

ഇങ്ങനെ മൂന്നുദിനം കഴിഞ്ഞശേഷത്തിങ്കൽ
മംഗലൻ പുത്ര സമമമ്മയും ചേർന്നീടുവാൻ 296

പുത്രന്റെ ഉയിർപ്പതിൽ ദിനമാം ഞായർദ്ദിനേ
അത്രയക്കെഴുന്നെള്ളി പുത്രനും മാതുവാത്മം
മുൻപിലേപ്പോലെതന്നെ വൻപിച്ച കൂട്ടത്തോടെ
അൻപിനാൽ സെപ്പുംക്കരിൽ ചേരെയക്കെഴുന്നെള്ളി 300

കല്ലുടപ്പിനെത്തുറക്കാതുടൻ മാതുദേഹേ
നല്ലൊരു വരങ്ങളെ നൽകിയെന്നതിനാലെ
മാതുവാത്മാവുമതിൽ പുക്കുടനൊരുമിച്ചു
മാത്താണ്ഡശോഭയുതമായിട്ടു പുറപ്പെട്ട 304

ദേഹത്തിൽ ധരിച്ചെന്ന വസ്ത്രവുംസാക്ഷിക്കായി
ദേഹമൂടിയായ് വിരിച്ചെന്നൊരു തുവാലയും
ഇങ്ങനെ പരലോകെ ഉയരപ്പെട്ടശേഷം
പൊങ്ങിന തെളിവോടെ മന്ദിരം പ്രസാദിച്ചു 308

പുത്രന്റെ ഈ പ്രഖ്യാപനം കേട്ട് പിതാവും പരിശുദ്ധാത്മാവും സന്തോഷിച്ചു. ദൈവസിംഹാസനത്തിന്റെ സമീപം ദൈവപുത്രനായ മിശിഹായുടെ വലത്തുവശത്തുള്ള സിംഹാസനത്തിൽ നിത്യകാലത്തേയ്ക്കു ദൈവമാതാവിനെ ഇരുത്തി.

(295–308) ഇങ്ങനെ മൂന്നു ദിവസം കഴിഞ്ഞു ദൈവമാതാവു് മംഗല്യവാനായ പുത്രനു തുല്യയായിത്തീരുന്നതിനു ആഗ്രഹിച്ചു. പുത്രന്റെ ഉയിർപ്പുദിനമായ ഞായറാഴ്ച പുത്രനും മാതാവിന്റെ ആത്മാവും ഭൂമിയിലേയ്ക്കു് എഴുന്നെള്ളിവന്നു. അവരോടൊത്തു് മുൻപു് എന്നതുപോലെ വമ്പിച്ച ആകാശസൈന്യവും സന്തോഷപൂർവ്വം ശവക്കല്ലറയിൽ എത്തി. മാതാവിനു സവിശേഷമായ വരങ്ങളും നൽകിയിരുന്നതുമൂലം കല്ലുടപ്പിനെ തുറക്കാതെ തന്നെ മാതാവിന്റെ ആത്മാവു് കല്ലറയ്ക്കുള്ളിൽ പുത്രനോടുകൂടി പ്രവേശിച്ചു. സൂര്യനുസമമായ പ്രകാശകിരണങ്ങളോടുകൂടി കല്ലറയ്ക്കുള്ളിൽനിന്നു പുറപ്പെട്ടു. ദേഹത്തിൽ ധരിച്ചിരുന്ന വസ്ത്രവും ദേഹം മൂടാൻ വിരിച്ചിരുന്ന കച്ചയും സാക്ഷിക്കായി അവിടെവച്ചു. ഇങ്ങനെ പരലോകത്തിൽ ദൈവമാതാവു് ഉയർന്നശേഷം അത്യധികമായ തെളിവോടെ സർവ്വലോകമന്ദിരം പ്രകാശിച്ചു.

ത്രീയേക സർവ്വേശ്വരൻ പ്രസാദം പൂണ്ടിവളിൽ
ത്രീത്വത്തിൻ മുൻപാളായ പിതാവാം സർവ്വേശ്വരൻ
മോക്ഷ വൃന്ദമായിട്ടമശരി [1] പുണ്യവാന്മാർ
സൂക്ഷ്മമായെന്നെന്നേയ്ക്കു പരസ്യം ചെയ്തീവണ്ണം 312

നമ്മുടെ സൃഷ്ടികളിൽ പ്രധാന സൃഷ്ടിപ്പായി
നമ്മുടെ സ്നേഹ പുത്രിയിവളെന്നറിഞ്ഞല്ലൊ
ഇതിതായെന്നേയ്ക്കുമായ് നമ്മുടെ രാജ്യംതന്നിൽ
നാഥയായുയർത്തിനാം രാജ്ഞിയായ് മുടിചൂടി 316

(309-316) ത്രിയേക സർവേശ്വരൻ ഇവളിൽ പ്രസാദിച്ചിരിക്കുന്നു. ത്രിത്വത്തിലെ ഒന്നാം ആളായ പിതാവായ സർവേശ്വരൻ, മോക്ഷത്തിലെ അശരീരികളുടെ വൃന്ദം, പുണ്യവാന്മാർ എന്നിവരെല്ലാം അതീവസൂക്ഷ്മമായി മനസ്സിലാക്കുവനായി പരസ്യമായി ഇങ്ങനെ പ്രഖ്യാപിച്ചു:

''നമ്മുടെ സ്നേഹപുത്രിയായ ഇവൾ നമ്മുടെ സൃഷ്ടികളിൽ ഏറ്റവും പ്രധാന സൃഷ്ടിയാണ് എന്നത് നിങ്ങളേവരും അറിഞ്ഞിരിക്കുന്നുല്ലോ. ഇതാ, നിത്യകാലത്തേയ്ക്ക് ഇവൾക്കു രാജ്ഞീപദം നൽകുന്നു. ഇവളെ നാം മുടി ധരിപ്പിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ നാഥയായി ഉയർത്തിയിരിക്കുന്നു''.

---

1 അശരി — അശരീരി

അന്ത്യപാദം

മാതാവിന്റെ മൃതദേഹസംസ്കാരത്തെയും മാതാവുവഴി ലഭിച്ച ചില അനുഗ്രഹങ്ങളെയും കുറിച്ചാണു് ഇവിടെ പ്രസ്താവിക്കുന്നതു്. മാതാവിനോ ടുള്ള മാധ്യസ്ഥാപേക്ഷയുടെ ഫലസിദ്ധിയേപ്പറ്റിയും സൂചിപ്പിക്കുന്നുണ്ടു്.

ഇങ്ങനെയമ്മ പിറന്നോരുനാംമുതൽ തന്റെ
മംഗലായുസ്സിൻ ദശംരണ്ടുമംഷാദിനങ്ങളും
മുൻപായിസപ്തതിയാം വത്സരംതികഞ്ഞപ്പോൾ
അൻപനാം പുത്രമൃത്യുദിനവും നാഴികയും 4

ആയനേരത്തിൽത്തന്നെ പുത്രനോടൊരുമിച്ചു
ആയുസ്സിൻരാജ്യേവാഴ്വാൻ ലോകത്തെപ്പിരിഞ്ഞമ്മ
അതുനേരത്തിൽപുത്രമരണേ സൂര്യൻയഥാ
അതുപോൽതന്നെ നിറംപകർത്തിദുഃഖം കാട്ടി. 8

ഇതുമെന്നിയെ പലപക്ഷിവർഗ്ഗങ്ങൾകൂടി
അതിസങ്കടംകാട്ടിപ്പകർത്തി സ്വരാൽദുഃഖം
മരണസ്ഥലത്തിനുസമീപേയിതുനേരം
മരണംഭവിച്ചൊരു പുരുഷൻസ്ത്രീകൾരണ്ടും 12

(1_8) ഇങ്ങനെ ദൈവമാതാവു് പിറന്ന നാൾമുതൽക്കുള്ള തന്റെ ഭാഗ്യപൂർണ്ണമായ ആയുസ്സിന്റെ ഇരുപതു മംഷാദിനങ്ങൾ (?) ക്കു മുൻപു് എഴുപതാം വർഷം തികഞ്ഞു. തന്റെ വത്സലപുത്രന്റെ മൃത്യുദിനമായ ദുഃഖവെള്ളിയാഴ്ച അതേ നാഴികയിൽ മരിച്ച പുത്ര നോടുകൂടി ആയുസ്സിന്റെ രാജ്യത്തു വാഴുവാൻ വേണ്ടി ഈ ലോക ത്തോടു് മാതാവു് യാത്രപറഞ്ഞു. ആ സമയത്തു്, പുത്രന്റെ മരണ വേളയിലെന്നതുപോലെ തന്നെ സൂര്യൻ തന്റെ ഭാവം പകർത്തി കൊണ്ടു് ദുഃഖം പ്രകടിപ്പിച്ചു.

(9_16) മാത്രമല്ല. പലതരത്തിലുള്ള പക്ഷിഗണങ്ങളും ദുഃഖ ക്രമംകൊണ്ടു് അവർണ്ണനീയമായ സങ്കടം വെളിപ്പെടുത്തി. ദൈവ മാതാവു് മരിച്ചസ്ഥലത്തിനു സമീപത്തു് ആ സമയത്തുതന്നെ മരണ മടഞ്ഞ ഒരു പുരുഷനും രണ്ടു സ്ത്രീകളും ദൈവപുത്രന്റെ മുമ്പിൽ തങ്ങളും

ഇവരുവിധികേൾപ്പാൻ പുത്രസന്നിധൗചേർന്ന
കരുണയ്ക്കിടയില്ല പാപത്താൽ മരിക്കയാൽ
ഇതിനെക്കരുണയാലമ്മ പാർത്തുടൻതന്നെ
അതിനെ പൊറുപ്പാനായ് പ്രാർത്ഥിച്ചനിമിത്തമായ്

മാതാവിനപേക്ഷയാൽ നീതിമാൻ വിധിമാറി
ഭൂതലേതിരിപ്പിച്ചു തേറത്താൽ പൊറുതിയും
വീണ്ടവർമരണത്താൽ രക്ഷയും നൽകിനാഥൻ
പിന്നെയും സേനാക്കളിൽ വന്നെന്നരോഗികളും

അന്നവർസമസ്തർക്കും പൊറുതിലഭിച്ചുടൻ
''പ്രുഗത്തോ''[1]രെന്നസ്ഥലേ കിടന്നപുണ്യന്മാരും
കടത്തെവീട്ടിമോക്ഷേ കരേറിമാതാസഹ
ഇങ്ങനെബഹുമാന പ്രത്യക്ഷമപ്പോൾത്തന്നെ

മംഗലൻസുതനമ്മേ തോഷിപ്പാനായിച്ചെയ്ത
എന്നതിലിതുമുഖ്യം താൻതന്നെ ''മാര്യാഗ്രതാ''[2]

ക്കളെ വിധികേൾക്കുവാൻ കൊണ്ടുവരപ്പെട്ടു. പാപത്തോടുകൂടി മരിക്കയാൽ ഇവർക്ക് കാരുണ്യം ലഭിക്കാൻ വഴിയില്ലായിരുന്നു. ഇതു കണ്ട് കനിവോടെ മാതാവ് അവരുടെ പാപപ്പൊറുതിക്കായി പ്രാർത്ഥിച്ചു.

(17_25) മാതാവിന്റെ അപേക്ഷ പുത്രൻ ശ്രവിച്ചു. നീതിമാനായ അവിടുന്ന് വിധിമാറി അവരെ ഭൂമിയിലേക്കുതന്നെ തിരിച്ചയച്ചു. അവരുടെ അനുതാപം വഴിയായി പാപമോചനം നൽകി. പിൽക്കാലത്ത് വീണ്ടും അവർ മരിച്ചു. അവർക്ക് നാഥൻ സ്വർഗ്ഗപ്രാപ്തി നൽകുകയും ചെയ്തു. സിനക്കിളിൽ എത്തിയ രോഗികൾക്കെല്ലാം രോഗശാന്തി കൊടുത്തു. ശുദ്ധീകരസ്ഥലത്തുകിടന്ന പുണ്യവാന്മാരെയും, അവരുടെ കടങ്ങൾ വീട്ടി സ്വർഗത്തിലേക്ക് അമ്മ ആനയിച്ചു.

ഇപ്രകാരം പ്രത്യക്ഷമായിത്തന്നെ അനേകം അനുഗ്രഹങ്ങൾ അമ്മയെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി വത്സലപുത്രനായ മിശിഹാ ചെയ്തു.

---

1 പ്രുഗത്തോ–ശുദ്ധീകരണസ്ഥലം (പ്രുഗത്തോരിയോ - ഇറാലിയൻപദം)

2 മാര്യഗ്രതാ – മരിയ അഗ്രതാ. സിറി ഓഫ് റോഡ് എന്ന പുസ്തകത്തിന്റെ കർത്താവ്.

എന്നവൾക്കറിയിച്ചു നാംമൃത്യുകൈക്കൊണ്ടതാൻ
തന്നിലുള്ളവർക്കുള്ള മരണസമയത്തിൽ 28

എന്നുടെ കടാക്ഷത്തെ പ്രാർത്ഥിക്കും ജനത്തിനായ്
നൽമൃത്യുകൈക്കൊൾവാനായ് തുണച്ചുസഹായിച്ചു
തൽപുത്രസന്നിധാനേ നൽവിധിക്കായികൊണ്ടും
പ്രാർത്ഥിച്ചുകൊടുപ്പിപ്പാൻ കർത്തവ്യംനമുക്കെന്നും 32

പ്രാർത്ഥനമമസർവ്വം കൈക്കൊണ്ടുനടത്തീടും
എന്നതുതന്റെ തിരുനാവിനാൽത്തന്നെമമ
നന്ദിയാൽകയ്യേറെന്ന മരണഫലംദൃഢം
എന്നതിൻശേഷം ശ്രീഹർരാജ്ഞിയിൻതിരുദേഹം 36

സുന്ദരതിരുമേനിയടക്കം ചെയ്തീടുവാൻ
തന്നുടെപുത്രദേഹമെന്നപോൽ പൂശീടുവാൻ
അന്നയുദന്മാക്കുള്ള ചട്ടംപോൽചെയ്തീടണം
എന്നറച്ചുടൻവിലയേറിയ സുഗന്ധത്തെ 40

നരജന്മത്തിൻനാഥ മമമാതൃവും സ്ഥിരം
ഇതിതാരാജൻനാമേ മമമാതരാജ്ഞിയും

(26_35) ഇതിൽ ഏററവും മുഖ്യമായതു് പരി. ദൈവമാതാവു തന്നെ മരിയ അഗ്രതാ (സിററി ഓഫ് ഗോഡ് ഗ്രന്ഥം രചിച്ച വ്യക്തി) എന്നവൾക്കു് അറിയിച്ചുകൊടുത്ത കാര്യമാണു്.

ഞാൻ മരണം കൈവരിച്ചു കഴിഞ്ഞു്, ഭൂമിയിലുള്ള എല്ലാവരുടെയും മരണസമയത്തു് അവരിൽ കടാക്ഷം തുകി അവക്കായി പ്രാർത്ഥിക്കും. അവക്കു് നല്ല മരണം ലഭിക്കുവാൻ അവരെ സഹായിക്കും എന്റെ പുത്രന്റെ സന്നിധാനത്തിൽ അവരെ നിറുത്തി അവർക്കു് സമ്പാദിച്ചു പുത്രനോടുള്ള എന്റെ പ്രാർത്ഥനകൊണ്ടു് ഞാൻ ലഭ്യമാക്കും. ഇതിനുള്ള കടമ എനിക്കുണ്ടെന്നു കരുതുന്നു.

എന്റെ പ്രാർത്ഥന സർവ്വവും കൈക്കൊണ്ടു് അതനുസരിച്ചു് ഞാൻ എല്ലാം നിർവഹിക്കും എന്നു് എന്റെ പുത്രൻ സ്വന്തനാവിനാൽത്തന്നെ അരുളിചെയ്കയും കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ മരണസമയത്തിൽ എന്റെ പ്രാർത്ഥനയുടെ ഫലം നിർച്ചയായും എല്ലാ മനുഷ്യക്കും അനുഭവപ്പെട്ടുന്നതാണു്.

(35-54) അതിനുശേഷം ശ്രീഹന്മാർ സ്വർഗ്ഗരാജ്ഞിയുടെ സുന്ദരമായ തിരുശരീരം, തന്റെ തിരുക്കുമാരന്റെ ശരീരമെന്നതുപോലെ

ഉടനേഗുഹാദേവൻ കഴല[1]പ്പെട്ടോം മമ
മഹിഷിസ്നേഹമണവാട്ടിയും രാജ്ഞിയുമേ 44

ഇതുപോൽ ദൈവോം മൂന്നമരുളിച്ചെയ്തശേഷം
ഉദിതപ്രകാശത്തിൻ കിരീടം ചൂടിച്ചെന്നിൽ
അപ്പൊഴതൊരുസ്വരം ശ്രുദ്ധസമൂഹേനിന്നും
ഇപ്പെരുമയിൽസ്ഥിരം കാട്ടുവാൻപുറപ്പെട്ട. 48

നമ്മുടെസ്നേഹനാഥ നമ്മുടെരാജ്യംസർവ്വം
രാജ്ഞിയും സർവ്വക്കുംനീ, ഒക്കെക്കുംമേല്പെട്ടവം
അപ്പൊഴൊതെളിവോടെ നിത്യമായ്വാണീടുക
ഇപ്പെരുമയെന്നേയ്ക്കും നിത്യമായ്ഭരിക്കനീ 52

ഉന്നതസ്ഥിതിയോഗ്യ നമ്മുടെ സമൂഹത്തിൽ
ഇന്നിതാസ്ഥിതിചെയ്ത തന്നകർത്തവ്യംതയാ. 54

പരിമളം കൊണ്ട് ലേപനം ചെയ്തു. അന്നത്തെ യഹൂദാചാരമനുസരിച്ച് അവർ സംസ്കരിക്കുവാൻ തയ്യാറായി. വിലയേറിയ സുഗന്ധക്കൂട്ടുകളും ആ പവിത്രദേഹത്തിൽ പൂശി. (ഈ അദ്ധ്യായത്തിൽ തുടർന്നുള്ള കുറെ ഭാഗങ്ങളും വിട്ടുപോയിരിക്കുന്നു.)

മനുഷ്യകുലത്തിന്റെ നാഥയും എന്റെ മാതാവും ഇവളാകുന്നു. ഇതാ പുത്രനായ ഞാൻ രാജാവായിരിക്കുന്നു, എന്റെ മാതാവ് രാജ്ഞിയുമാകുന്നു. തൽക്ഷണം പരിശുദ്ധാത്മാവ് ആയ ദൈവം പറഞ്ഞു. വളരെ സങ്കടങ്ങളും അനുഭവിച്ചവളും എന്റെ പട്ടമഹിഷിയും സ്നേഹമണവാട്ടിയും രാജ്ഞിയും ഇവളാകുന്നു.

ഇങ്ങനെ ദൈവത്തിലെ മൂന്നാളുകളും അരുളിചെയ്തു. പിന്നീട് ഉദിച്ചുയരുന്ന പ്രകാശത്തോടെ എന്നെ കിരീടം ചൂടിച്ചു. ഈ മഹത്വത്തിന്റെ ശാശ്വതഭാവം വ്യക്തമാക്കുവാൻ പരിശുദ്ധന്മാരുടെ സമൂഹത്തിൽനിന്നും അപ്പോൾ ഒരു സ്വരം പുറപ്പെട്ടു.

നമ്മുടെ സ്നേഹനാഥയും നമ്മുടെ രാജ്യത്തിന്റെ രാജ്ഞിയും നീയാകുന്നു. എല്ലാവർക്കും സമുന്നതയായവളും നീയാകുന്നു. ആനന്ദത്തോടെ നീ നിത്യം വാഴുക. ഈ മഹത്വപൂർണ്ണമായ രാജ്യത്തെ എന്നാളും ഭരിക്കുക. ഉന്നതസ്ഥിതിക്കു യോഗ്യമായിരിക്കുന്ന നമ്മുടെ സമൂഹത്തിൽ ഇവളെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. എല്ലാം ഭരിച്ചു പരിപാലിക്കുവാനുള്ള കർത്തവ്യവും ഇതാ തന്നിരിക്കുന്നു.

---

1 കഴലപ്പെട്ട - സങ്കടപ്പെട്ട.

കടശീയപേക്ഷ

ഇവിടെ മാതാവിന്റെ കൃപയും അനുഗ്രഹവും പിശാചിന്റെ ശക്തിക
ളിൽ നിന്നും രക്ഷപ്പെടുവാൻ കവി യാചിക്കുന്നു.

കന്നിയമ്മേ! നിന്റെ ദാസി[1] യായ പാപി ഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയല്പമായ്
എന്നശുദ്ധനാവിനാലേ പാപിയെന്ന ദാസിമേ
നിന്റെ ശുദ്ധനാവിനാലെ തരികയിന്നു ശരണവും 4

പാപിയെന്റെ കരമിതിനെയെഴുതിയെന്നതാകയാൽ
പാപശുദ്ധിനൽകി നിന്റെ സന്നിധിയണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ മുൻപിലഞ്ജലീയണയ്ക്കുവാൻ
നിന്റെ കരുണയിന്നെനിക്കു തരണമെന്റെയമ്മയെ. 8

പാപമായതധികമെന്നിലെന്നതില്ല സംശയം
പാരിൽ നിന്നു നീങ്ങിനിന്റെ പാദമങ്ങുചേരുവാൻ

(1–8) അല്ലയോ കന്യകാമാതാവേ! നിന്റെ ദാസിയും (ആത്മാവിനെ ഉദ്ദേശിച്ച് ദാസി എന്നു പറയുന്നു.) പാപിയുമായ ഞാൻ ഈ ലോകത്തിലെ നിന്റെ ജീവിതത്തെക്കുറിച്ച് അല്പമൊന്നു പറയുവാൻ ആഗ്രഹിച്ചു. സ്വന്തം അശുദ്ധ നാവിനാൽ ഇന്നു നിന്നെ പുകഴ്ത്തുവാൻ തുനിഞ്ഞ പാപിയായ എനിക്കു് നിന്റെ പരിശുദ്ധ നാവിനാൽ അനുഗ്രഹം ലഭിക്കുമെന്നു് ശരണപ്പെടുന്നു. പാപിയായ ഞാൻ എന്റെ പങ്കിലമായ കരങ്ങംകൊണ്ടാണു് ഈ കാവ്യം എഴുതിയതു്. അതിനാൽ നീ എനിക്കു പാപശുദ്ധിയരുളുക നിന്റെ സന്നിധിയിൽ ഞാനെത്തി, സ്നേഹപുത്രന്റെ മുൻപിൽ അഞ്ജലി അർപ്പിക്കുവാൻ എന്റെ അമ്മേ, നിന്റെ കരുണ എന്നിൽ ചിന്തേണമേ.

(9–16) എന്നിൽ കൂടുതലായുള്ളതു് പാപം മാത്രമാണു്. ഈ ലോകത്തിൽ നിന്നു നീങ്ങി നിന്റെ പാദപങ്കജങ്ങളിൽ ചേരുവാൻ അല്ലയോ കരുണയുള്ള മാതാവേ, എനിക്കു വേറെ ഒരു ശരണ

---

1 ദാസി—സ്വന്തം ആത്മാവിനെ ഉദ്ദേശിച്ച്

ശരണമില്ലെനിക്ക മറ്റുകരുണയുള്ള നാഥയെ!
സ്മരണനിൻമനോജ്ഞമായ ദയ നിറഞ്ഞ കൈകളിൽ. 12

മരണമെന്ന സ്മരയെന്നില്ലണരുമെന്ന സമയമേ
സ്മരണ രണ്ടു വിധമതായി ഉഴലുമെന്റെ ചേതസി
മരണമെന്ന തിര[1] യിറക്കിൽ ദയനിറഞ്ഞ തിരുമുഖം
നയനമെന്നതിന്നു ദൃശ്യമാക്കുവാനപേക്ഷയും 16

മരണമെന്ന ശേഷമുള്ള വിധിസുതന്റെ സന്നിധൗ
കരണമങ്ങു കഠിനമായി വിധിയതെന്ന സ്മരണയിൽ
പെരികയെന്റെ മനമിതിന്നു ഭയമതുണ്ടു നാഥയേ!
തരിക നിന്റെ കരുണയെന്റെ മനമതിൽ നിനയ്ക്കയിൽ 20

പെരികെയുള്ള ലജ്ജയെന്റെ കരണമായതെന്നതാൽ
തരണമിന്നെനിക്ക നിന്റെ കരുണയുള്ള കേതമെ
അധികമായ നിന്റെ കരുണ സൂര്യശോഭയെന്നപോൽ
അനുദിനേ മഹാജനം ലഭിച്ചിടുന്ന ഭാഗ്യവും. 24

വുമില്ല. നിന്റെ മനോജ്ഞവും ദയ നിറഞ്ഞതുമായ കരങ്ങളിൽ മാത്രമാണ് ഞാൻ എന്റെ മനസ്സ് അർപ്പിച്ചിട്ടുള്ളതു്. മരണം വരുമെന്ന ഓമ്മ എന്നിലുണ്ടാകുന്ന വേളയിൽ സ്മരണ രണ്ടു വിധമായിത്തീർന്നു് എന്റെ മനസ്സ് ഉഴറും. മരണമാകുന്ന തിരശീല വീഴുന്ന സമയത്തു് എന്റെ നയനങ്ങൾക്കു് നിന്റെ അലിവാർന്ന മുഖം ദർശിക്കുവാനുള്ള അവസരം ഉണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

(17_24) എന്റെ മരണത്തിനുശേഷം അങ്ങേ പുത്രന്റെ സന്നിധിയിൽ വിധിക്കായി ഞാൻ നിറുത്തപ്പെട്ടാ, ആ വിധിയെക്കുറിച്ചുള്ള ഓർമ്മയിൽത്തന്നെ എന്റെ ഇന്ദ്രിയങ്ങളും മുഴുവനും മരവിച്ചുപോകും. അതു ചിന്തിക്കുമ്പോൾ അമ്മേ, എന്റെ മനസ്സു വല്ലാതെ ഭയപ്പെടുന്നു. ഞാൻ നിന്നെ ഓർക്കുമ്പോൾ എന്റെ മനസ്സിൽ കാരുണ്യം നിറയാൻ അനുഗ്രഹം തരേണമേ എന്റെ അന്തഃകരണത്തിൽ ഉൽക്കടലമായ ലജ്ജ നിറഞ്ഞുനില്ക്കും. അതുകൊണ്ടു് നീ എന്നെ കൈവിടരുതേ. കാരുണ്യത്തിന്റെ വാസസ്ഥാനം എനിക്കു തുറന്നു തരണമേ. സൂര്യന്റെ പ്രകാശമെന്നതുപോലെ കതിരണിഞ്ഞു നിൽക്കുന്ന നിന്റെ കാരുണ്യവും, അതുവഴിയായുള്ള മഹാഭാഗ്യവും അനുദിനം ധന്യാത്മാക്കൾക്കു ലഭിക്കുന്നുണ്ടല്ലോ.

---

1 തിര—കർട്ടൻ

എന്നതെന്നിയെ സുതൻ നിനക്കു തന്ന മുഷ്കരം
സുന്ദരി നിനക്കു ത്രീത്വം തന്നതായ വാഴ്ചയും
സ്നേഹപുത്രനേകദാവചിച്ചു നിന്റെ മുഷ്ക്കരം
ദാഹമായ് നരജനങ്ങൾ നിന്നിലൻപു വയ്പ്പുവാൻ 28

ഞാൻ സഹ നിൻ സർവ്വവും വശം നിനക്കുനിർണ്ണയം
സർവ്വതും കരിഷ്യാമി [1] യഥോചിതം മൽമാതൃവെ!
ഇപ്രകാരമൊക്കെ നിന്റെ സ്നേഹപുത്ര കല്പിതം
തൽ പ്രകാരമാകയാലെനിക്കതെത്ര ഭാഗ്യമായ്! 32

അപ്പോഴോ ദയാഗ്രഗ കരുണനാഥ മാതൃവെ!
എപ്പഴേ തവ തിരുമനസ്സിതെന്ന സമയമെ
എന്റെ മരണനേരവും സ്ഥലം ദിനം വിനാഴിക
നിന്റെ ചിത്തമിഷ്ടമെന്നതിൻ വിധം മഭ്രയാത് [2] 36

ഏതു നേരമെങ്കിലുമിതെന്റെ യോഗ്യശക്തിയാൽ
ആവതില്ല എന്നതു നിനക്കു ദൃശ്യമമ്മയെ
ശക്തിപെട്ട ശത്രുവിന്റെ ദുഷ്ടയിഷ്ടമൊക്കെയും
ഭക്തവത്സലേ നിനക്കു ബോദ്ധ്യമെന്നു നിശ്ചയം 40

(25-32) ഇതു മാത്രമല്ല നിന്റെ പുത്രൻ നിനക്ക് നൽകിയ ശക്തിയും സുന്ദരിയായ നിനക്ക് പരിശുദ്ധ ത്രിത്വം തന്ന രാജ്ഞീ പദവും ഞാൻ ഓർക്കുന്നു. നിന്നിൽ മനുഷ്യരെല്ലാവരും ആശ്രയം വയ്ക്കുന്നതിനു് നിന്റെ ശക്തിയെ വ്യക്തമാക്കിക്കൊണ്ടു് ഒരിക്കൽ പുത്രൻ പ്രഖ്യാപിച്ചു.

'അല്ലയോ എന്റെ അമ്മേ, ഞാൻ വഴിയായി സർവകാര്യങ്ങളും നിനക്കു് സാധ്യമായിരിക്കുന്നു എന്നതു സത്യം. നിന്റെ ഇഷ്ടമനുസരിച്ചു് ഞാൻ എല്ലാം ചെയ്യുന്നതും' ഇപ്രകാരം സ്നേഹപുത്രനാൽ അരുളിചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെ വന്നിട്ടുള്ളതു് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഭാഗ്യമായിരിക്കുന്നു.

(33-40) പരമാത്മാവും നാഥനുമായ ഗുരുവിന്റെ മാതാവേ, എപ്പോഴും നിന്റെ തിരുമനസ്സിനു ഇഷ്ടമാകുന്നുവോ അപ്പോഴുംതന്നെ എന്റെ മരണനേരവും, മരണസ്ഥലവും ദിനം, വിനാഴിക എന്നിവയും ആയിരിക്കട്ടെ. എന്റെ കാര്യം മുഴുവനും നിന്റെ അഭീഷ്ടമനുസരിച്ചു സംഭവിക്കട്ടെ.

---

1 കരിഷ്യാമി–ഞാൻ ചെയ്യും 2 ഭ്രയാത്-ഭവിക്കട്ടെ

സ്വല്പമായ കാലമായി പാണ്ഡു കോപ്പിട്ടവൻ
അല്പമില്ല ക്രൂവവന്റെ ചിത്തക്രോധമുന്നധി
ഇഷ്ടമായി അക്ഷിയെന്നിലെന്നതിനു കാൺകിലോ
നഷ്ടനായവന്റെ ശക്തികാട്ടുവാൻ തുനിഞ്ഞീടും 44

സുമതി കരുണാശ്രീ വീശിയെന്നതിനുണ്ടൻ
തമസി ശ്രേഷ്ഠ[1] ജേതുകാമതനു[2] വുയത്തിനിന്നതാ
നിന്റെ ശിഷ്ടനന്ദയെന്ന മുക്തിയവനു സങ്കടം
നിന്റെ ശുദ്ധനാമവുമിവനു ശക്തമാംഭയപ്രദം 48

നിന്റെ ദാസ്യമെന്നതിനു ശത്രുദ്വേഷിയാകിലും
നിന്റെ അൻപതെന്നു കാൺകിലങ്ങണഞ്ഞു നോക്കീടാ
എങ്കിലുമവന്റെ ശക്തിയെന്നപോലെ നോക്കുമേ
ചങ്കിൽ മുൻപവന്റെ കഷ്ടകറ പിരട്ടിയെന്നതാൽ 52

എന്റെ മരണം ഏതു സമയത്താണെങ്കിലും എനിക്കു വിജയം വരിക്കുവാൻ എന്റെ സ്വന്തം കഴിവുകൊണ്ടു സാധിക്കയില്ല. അക്കാര്യം നീ കണ്ടിരിക്കുന്നുവല്ലോ. ശക്തനായ പിശാചിന്റെ ദുഷ്ടതയാർന്ന ആഗ്രഹങ്ങളും എല്ലാംതന്നെ ഭക്തവത്സലയായ അമ്മേ നിനക്കു പൂർണ്ണമായും നിശ്ചയമുണ്ടല്ലോ.

(41–48) കുറെക്കാലമായി പിശാച് എന്നെ ആക്രമിക്കാൻ കോപ്പു കൂട്ടുന്നു. അവന്റെ മനസ്സിലെ ക്രോധം അടിക്കടി വർദ്ധിച്ചു വരികയാണ്. അല്ലയോ അമ്മേ, നീ എന്നിൽ കൃപാകടാക്ഷം തുകുന്നുവെന്നു കണ്ടാൽ അവനു നഷ്ടമായിട്ടുള്ള മുഷ്കരത്വം കാണിക്കുവാൻ ഇനിയും തുനിഞ്ഞുവരും.

സുമനസ്സുള്ള എന്റെ മാതാവേ, നീ കാരുണ്യരശ്മി എന്നിൽ തുകിടുന്നുവെന്നുകണ്ടു് ഇരുട്ടിന്റെ അധിപതിയായ പിശാച് എന്നെ ജയിക്കാൻ കൊതിക്കുന്നു. അവന്റെ ഭീകരമായ ആകാരം ഉയർത്തിക്കൊണ്ടു് അതാ നില്ക്കുന്നു. അല്ലയോ അമ്മേ നീ നല്ലവർക്കു് അനുഗ്രഹങ്ങളാൽ മുക്തി നല്കുന്നുവെന്നുള്ളതു് അവനു സങ്കടം വരുത്തുന്ന കാര്യമാണ്. നിന്റെ പരിശുദ്ധനാമം അവനിൽ കഠിനമായ വിധം ഭയം ജനിപ്പിക്കയും ചെയ്യുന്നു.

(49–60) അമ്മേ, നിന്റെ ദാസ്യം ഞാൻ സ്വീകരിച്ചുവെന്നതുകൊണ്ടു് എന്റെ ശത്രു ഏറെ കുപിതനായിരിക്കുന്നു. എങ്കിലും നീ

---

1 തമസിശ്രേഷ്ഠ–ഇരുട്ടിന്റെ അധിപതി (പിശാച്)

2 ജേതുകാമതനു–ജയിക്കാൻ കൊതിക്കുന്ന ആകാരം

നിൻറെയൻപനോട്ട ദാസി കററമൊക്കയും മഹാ
നിൻറെ കരുണ ശക്തിയാലെയെൻ മലങ്ങളം സർവ്വവും
എന്നതിൻറെ ശിക്ഷയീ ജഗത്തിലും പരത്തിലും
നന്ദിയേറെയുള്ളയമ്മ നിന്നപേക്ഷ ശക്തിയാൽ 56

നീക്കി നിൻറെയിഷ്ട സ്നേഹപുത്രനും സഹഗ്രണ-
മൊക്കെയും നിറഞ്ഞ സ്നേഹ ഭർത്തൃവും മമപിതാ
ഇമ്പമോടെയെൻറെ ലോകതരണ[1] മായനേരമേ
അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം 60

എന്ന നേരമൻപിനോട നിൻ സുതൻറെ നാമവും
നന്ദിയാംലയമ്മ നിൻറെ ശുദ്ധനാമവും തഥാ
എൻറെ രക്ഷ പള്ളി തൻറെ പത്രോനും സുകർത്യനും 64
എൻറെ നിഷ്കേതമെന്നതിൻറെ രക്ഷ കാവലും

എന്നിൽ കാരുണ്യം പൊഴിക്കുന്നവെന്ന അവൻ കാണുമെങ്കിൽ എൻറെ സമീപംവരാൻ പോലും മുതിരുകയില്ല. എങ്കിലും അവൻ തൻപ് എൻറെ ഹൃദയത്തിൽ അവൻറെ തിന്മയുടെ കറപുരട്ടിയിരുന്നു. എന്നതുകൊണ്ട് അവൻ തൻറെ ശക്തിയെല്ലാമെടുത്തു് എന്നെ അപായപ്പെടുത്താൻ ശ്രമിക്കും.

അമ്മേ, നിൻറെ ദാസിയായ എൻറെ ആത്മാവിൻറെ കററങ്ങളെല്ലാം നിൻറെ കാരുണ്യത്തിൻറെ ശക്തികൊണ്ടു് മാററിക്കളയേണമേ. എൻറെ പാപങ്ങൾക്കു് ഈ ലോകത്തിലും പരലോകത്തിലും അനുഭവിക്കേണ്ടി വരുന്ന ശിക്ഷ സർവവും നന്ദി നിറഞ്ഞ മാതാവേ നിൻറെ പ്രാർത്ഥനാശക്തിയാൽ നിർമ്മാർജ്ജനം ചെയ്യേണമെ. ലോകമാകുന്ന സാഗരം തരണം ചെയ്യേണ്ടിവരുന്ന വേളയിൽ നിൻറെ സ്നേഹപുത്രനായ നാഥനോടും എൻറെ പിതാവും മനോഗ്രണങ്ങളും നിറഞ്ഞ നിൻറെ സ്നേഹഭർത്താവുമായ മാർ യൗസേപ്പിനോടുംകൂടി കനിവോടെ വന്നു് എന്നെ ആശീർവദിച്ചു് അനുഗ്രഹിക്കണമേ.

(61-64) സ്നേഹം നിറഞ്ഞ മാതാവേ! മരണസമയത്തു് നിൻറെ പ്രിയപുത്രൻറെ നാമവും നന്ദിപൂർവ്വം നിൻറെ പരിശുദ്ധനാമവും ആണു് എൻറെ രക്ഷയ്ക്കായുള്ളതു്, ശുദ്ധപള്ളിയുടെ നാഥനായ പത്രോസാണു്, എൻറെ ഉറപ്പുള്ള ഭവനത്തിൻറെ രക്ഷയ്ക്കു കാവലായി നില്ക്കുന്നതു്.

---

1 തരണ-മറികടക്കൽ

തൻസുതസ്യ ജീവിതത്തിലേകമായി ജീവിതം
താൻ കഴിച്ച ''കായ സംഖ്യപാദസന്നിധൗ അഹം
പാപിയായ ഞാൻ കഴിച്ച ജീവിതം സുമന്ദിരേ
പാപലോകഹരണമായ മരണ സമയമെന്നതിൽ

തന്റെ ശുദ്ധനാമവും വിളിച്ചുകൊണ്ടു ദേഹിയെ
തന്റെ പുത്ര കൈ വശത്തിൽ ദാസിവച്ചുകൺകളിൽ
ലോകമെന്ന കാഴ്ച നിന്ന നേരമെന്റെ യക്ഷികം
ലോകരക്ഷനാഥനായ നിൻ സുതന്റെയാനനം

തെളിവു സ്നേഹദയയിനാലെ പാർപ്പതിന്നു ദാസിമെ
അരുളീടേണമമ്മാ നിന്റെ ശരണമെന്റെ ശിരസ്സതിൽ
മരണ നേരമതിനു മുൻപിൽ കരുണവച്ചു ദാസിയെ
ക്കരുതിക്കാത്ത രക്ഷചെയ്ക കരുണയുള്ള നാഥയെ.

(65_76) തന്റെ പുത്രന്റെ ജീവിതത്തോടു് സ്വന്തം ജീവിതവും ചേർത്തു കഴിഞ്ഞ അമ്മേ, പാപിയായ ഞാൻ സഹോകരുന്ന നല്ല വാസസ്ഥലത്തു കഴിച്ച ജീവിതം അങ്ങേ പാദസന്നിധിയിൽ കാഴ്ചവയ്ക്കുന്നു.

അല്ലയോ അമ്മേ, പാപം നിറഞ്ഞ ഈ ലോകത്തിലെ ജീവിതത്തിനു് അന്ത്യം കുറിയ്ക്കുന്ന മരണസമയത്തു് നിന്റെ പുത്രന്റെ നാമം വിളിച്ചുകൊണ്ടും ആത്മാവിനെ അവിടുത്തെ കൈകളിൽ അർപ്പിച്ചുകൊണ്ടും അങ്ങേ ദാസി നില്ക്കുന്നു. ഈ ലോകത്തിലെ കാഴ്ചകളെല്ലാം എന്റെ കണ്ണുകൾക്കു് നഷ്ടമായിരിക്കുന്ന ഈ വേളയിൽ ലോകരക്ഷകനായ നിന്റെ തിരുക്കുമാരന്റെ മുഖത്തെ ആനന്ദത്തോടും സ്നേഹവായ്പോടുംകൂടി എന്റെ കണ്ണുകൾക്കു ദർശിക്കുവാൻ സാധിക്കട്ടെ. അതിനായി എന്റെ ശിരസ്സിൽ കൈവച്ചു് എന്നെ ആശീർവദിച്ചു അനുഗ്രഹിക്കണമേ. കരുണ നിറഞ്ഞ നാഥേ, എന്റെ മരണസമയത്തിനു മുമ്പായി എന്നോടു കരുണ കാണിക്കയും, ദാസിയായ എന്നെ പരിപാലിച്ചു രക്ഷിക്കുകയും ചെയ്യേണമേ.

അനസ്താസ്യായുടെ രക്തസാക്ഷ്യം

(വഞ്ചിപ്പാട്ട രീതി)

അത്ഭുതമായ് വിളങ്ങുന്ന സോഫിയാ എന്നുള്ള ശ്രേഷ്ഠ
പൊൽപ്പെരിയ റോമ്മാതന്നിൽ ഭജിക്കുംകാലം

അനസ്താസ്യയെന്നപൈതൽ പുത്രകന്നിഗണത്തോടെ
അണച്ചുചേർപ്പതിന്നായിട്ടണത്തിച്ചപ്പോഴം,

അമ്മ സോപ്യ പ്രിയമാതാ സ്നേഹമോടെ മകളായി
അങ്ങവളെ ചേർത്തു തൻറെ പുണ്യകേതത്തിൽ

എട്ടക്കന്തൊത്ത[1]തിൽ തന്നെ വളർത്തും ഗുരുത്തിയമ്മ
എട്ടുത്തുചേർത്തതി സ്നേഹത്താൽ പുലർത്തിവന്നു.

അപ്പെരിയനഗരത്തിൽ പൊൽപ്പെരിയ ഗൃഹസ്ഥന്മാർ
സത്യവേദികളും കന്യാഗോത്ര കർത്താക്കളും 10

(1_12) പ്രസിദ്ധിപെറ്റ റോമ്മാനഗരത്തിൽ വിസ്മയകരമായ പുണ്യങ്ങളാൽ പ്രശോഭിച്ച സോഫിയ എന്ന മാഡിപ ആധ്യാത്മികജീവിതം നയിച്ചുപോന്നു. സന്യാസജീവിതം അഭിലഷിച്ച് അനസ്താസ്യാ എന്ന പെൺപൈതൽ സോഫിയായുടെ പക്കലെത്തി. തന്നെക്കൂടി നവസന്യാസിനികളുടെ ഗണത്തിൽ ചേർക്കണമെന്നു് അവൾ മാഡിപയോടു് അപേക്ഷിച്ചു. എവർക്കും സ്നേഹം നിറഞ്ഞ അമ്മയായി വർത്തിച്ച സോഫിയ അവളെ പ്രിയപുത്രിയായി കൈക്കൊണ്ടു. പരിശീലനം കഴിച്ചവരെയെല്ലാം, പരിപാലിച്ച ആ ഗുരുത്തിയമ്മയുടെ വാത്സല്യം അനുഭവിച്ചു് അനസ്താസ്യാ വളർന്നു. ആ പ്രസിദ്ധ നഗരത്തിൽ പേരെടുത്ത കുടുംബത്തലവന്മാരും ഗോത്രനേതാക്കളും ക്രിസ്തുമതാനുയായികളായിരുന്നു. എങ്കിലും ക്രിസ്തുവർഷം മൂന്നാം ശതകത്തിൽ വലേരിയൻ ചക്രവർത്തി ഏകച്ഛത്രാധിപതിയായി ഭരണം നടത്തി.

---

1 എട്ടക്കന്തൊത്തു്—പരിശീലന സ്ഥലം (ബോർഡിങ്ങു്)

ആകിലും നായക[1] ജാതത്രിയുഗമാമിതു കാലേ
ഏകനായി വാണടക്കി വലേരിയാനാം

ദുഷ്ടനാമി എംപ്രദോരിൻ കല്പനകം ബഹുക്രൂരം
ശിഷ്ട്യനാമി ക്രിസ്ത്യാനിക്കുട്ടം നശിപ്പിപ്പാൻ

കെട്ടവൻറെ ഭൃത്യരായ സേനകം സേനാത്ത്[2]മാരും
തീട്ടതിൻറെ വാചകത്തെ നടത്തി നീളേ

സേവകന്മാർ ചാരന്മാർ നഗരിനീളെ പുറപ്പെട്ട
ദേവസേവി ജനങ്ങളെ തേടുവാനായി

കന്നികളെ കാത്തുകൂട്ടി ഭരിക്കുന്നമാമായ
കന്നിസോപ്യ അമ്മ പുണ്യശ്രേഷ്ഠകേതത്തിൽ 20

പൊന്നിനെക്കാം വിലയേറും സ്വർണ്ണാണിക്കങ്ങളൊക്കെ
മണ്ണുപോലെ ത്യജിച്ചങ്ങു ജീവിച്ചീടുന്ന

ഉന്നതമാം ഗോത്രി കന്നി അനസ്താസ്യാ എന്ന പൈതൽ
കന്നിത്വം നേർന്നവിടത്തിലടങ്ങീടുന്നു

സൂക്ഷമുള്ള പൂട്ടകത്തിൽ[3] താഴ് ചേരുള്ള പുണ്യപൈതൽ
നേത്രകാഴ്ച[4] താഴ്ത്തിയുള്ളിൽ ജീവിച്ചീടുന്നു.

(13_18) സജ്ജനങ്ങളായ ക്രൈസ്തവരെ ഉന്മൂലനം ചെയ്യുന്നതിനു് കശ്മലനായ ആ ചക്രവർത്തി തുനിഞ്ഞു. അതിനായി അയാൾ അത്യന്തം ക്രൂരമായ കല്പനകം പുറപ്പെടുവിച്ചു. അയാളുടെ സേനകളും, സെനറു് അംഗങ്ങളും നാടുനീളെ ആ കല്പനകം വിളംബരം ചെയ്തു. സമ്രാട്ടിൻറെ സേവകരും ചാരന്മാരും സത്യമതവിശ്വാസികളെ തെരഞ്ഞു പിടിക്കുന്നതിനായി നഗരമെങ്ങും ചിതറി നടന്നു.

(19_28) നവസന്യാസിനികൾക്കു് പരിശീലനം നൽകിയിരുന്ന സോഫിയായുടെ പുണ്യാശ്രമത്തിൽ, പൊന്നു് മാത്രമല്ല അമൂല്യമായ രത്നവും മാണിക്യക്കല്ലുകളും വെറും മണ്ണിനുതുല്യം പരിത്യജിച്ചുകൊണ്ടു് കലീനയായ അനസ്താസ്യാ കന്യാവ്രതം അനുഷ്ഠിച്ചു് ശാന്തമായ ജീവിതം നയിച്ചുപോന്നു. പ്രത്യേക സംരക്ഷണമുള്ള മുറിയുള്ളിൽ വിനീതയായ ആ പെൺപൈതൽ കണ്ണടക്കത്തോടെ ആദ്ധ്യാത്മിക ചിന്തയിൽ മുഴുകിക്കഴിഞ്ഞു. പേർപെറ്റ കുടുംബത്തിലെ അംഗമായ അവൾ ചെറുപ്പമായിരിക്കേതന്നെ, തൻറെ സദ്ഗുണങ്ങളുടെ പ്രകാശം എമ്പാടും പൊഴിച്ചിരുന്നു.

---

1 നായക ജാതത്രിയുഗം—ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടു്.

2 സെനത്തുഃർ—സെനറു് അംഗങ്ങൾ.

3 പൂട്ടകത്തു് —മുറിക്കുള്ളിൽ 4 നേത്രക്കാഴ്ച താഴ്ത്തി —കണ്ണടക്കത്തോടെ

കീർത്തിയുള്ള തന്റെ ഗൃഹേ വളർന്നീടും നാളതൊട്ടേ,
ആർത്തിയുള്ള തന്റെ പുണ്യശോഭ വീശിച്ചു.

പുണ്യമായ ധനങ്ങളിലന്യരായ രാജന്യർ
സുന്ദരിയിൽ ദേഹമോഹാലന്ധകരായി 30

മോഹദഹനം മറപ്പാൻ ദൈവക്ഷേത്രമെന്നു കാട്ടി
ദേവന്മാരെ ത്യജിച്ചീടും സത്യവേദികയെ

എന്നീ നാമം തന്റെ രാജ്യേകേൾവി വേണ്ടാ ഒരുനാളും
ഇന്നുതന്നെ സർവ്വരെയും മുടിച്ചീടേണം

എന്നു കാട്ടിയുടൻ തന്നെ സോഫിയായിൻ മൊനെസ്തരി–[1]
ഇന്നിവിടെ വസിക്കുന്നൊരനസ്താസിയാ

എന്നവളെ ശീഘ്രമായി വരുത്തേണമിവിടത്തിൽ
എന്നുചൊല്ലി ദുഷ്ട പ്രൊബാ എന്ന മന്ത്രിയും

കേട്ടവന്റെ സേനകളും ഭടന്മാരും പുറപ്പെട്ട
ഓട്ടമായി മൊനസ്തരി പൂട്ടുവാതുക്കൽ 40

(29 – 38) അർപ്പിതജീവിതത്തിന്റെ മൂല്യം എന്താണെന്നു് അറിയാൻ കഴിയാത്ത രാജകിങ്കരന്മാർ അനസ്താസ്യായുടെ ശരീര സൗന്ദര്യം ദർശിച്ചു. അവർ മോഹംകൊണ്ടു് അന്ധന്മാരേപ്പോലായി.

''സത്യവിശ്വാസികളായി അറിയപ്പെടുന്നവരുണ്ടല്ലോ – അവർ തങ്ങളുടെ ദുർമോഹങ്ങളെ മറയ്ക്കാൻവേണ്ടി ദൈവഭക്തരായി അഭിനയിക്കുകയാണു്. അവരെ ഇങ്ങനെ വിട്ടാൽ നമ്മുടെ ദേവന്മാരെ തുഴവൻ അവർ പുറന്തള്ളും. സത്യമതവിശ്വാസികളായി അറിയപ്പെടുന്ന സകലരേയും നശിപ്പിക്കണം. അവരുടെ നാമം പോലും ഈ റോമ്മാസാമ്രാജ്യത്തിൽ കേൾക്കാനിടയാകരുതു്.'' ഇങ്ങനെ തന്റെ ദാസവകന്മാരെ അറിയിച്ചിട്ടു് വലേരിയൻ ചക്രവർത്തിയുടെ ദുഷ്ട സചിവനായ പ്രോബാ അവരോടു് ആജ്ഞാപിച്ചു: ''സോഫിയായുടെ ആശ്രമത്തിൽ താമസിക്കുന്ന അനസ്താസ്യാ എന്ന പെൺകുട്ടിയെ നിങ്ങൾ താമസംവിനാ ഇവിടെ കൊണ്ടുവരണം.''

(39–42) മന്ത്രിയുടെ വാക്കുകേട്ടു് അവന്റെ സൈന്യവും അംഗരക്ഷകരും ഇറങ്ങിത്തിരിച്ചു. അവർ കന്യാലയ കവാടത്തിലേയ്ക്കു് ഓട്ടം തുടങ്ങി. രാജകല്പനയാണു് ഇതെന്നതുമൂലം, കാവൽക്കാരെ നോക്കുപോലും കണക്കാക്കാതെ, വാതിൽ ഞടിതി ചവിട്ടിപ്പൊളിച്ചു് അവർ വിളിച്ചുപറഞ്ഞു:

---

1 മൊനസ്തരി –Monastery

രാജശക്തി എന്നതിനാൽ വാതിൽകാവൽ നിനയ്ക്കാതെ
വേഗമായി പൊളിച്ചവർ വിളിച്ചുചൊല്ലി.

അനസ്താസ്യാ എന്ന സത്യവേദിയായ സുന്ദരിയെ
സെനാത്തി[1]ന്റെ സമൂഹത്തിൽ വിളിച്ചീടുന്നു.

വാർത്തയൊക്കെ കേട്ടടനെ പാർത്തുനിന്ന പുണ്യസോപ്യാ
ചേർത്തു തന്റെ മാർവ്വിടത്തിൽ സ്നേഹപുത്രിയെ

സ്നേഹമെറും മകളേ നിൻഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ് പോക

പൂർവ്വകാലേ നിൻ കരത്തെ നീട്ടി നിന്റെ ദാഹമൊടേ
മാറിടത്തിലണച്ചൊരു രാജനെയോക്ക്

നിൻ മണത്തെ മുടിപ്പാനായ്[2] ഒൺമയൊടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻ ഗിരിയേറി

മെച്ചമേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയായണച്ചു തൻ ജീവനംകൂടെ

എന്ന നിന്റെ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം

(43–50) ''സത്യമതവിശ്വാസിയായ അനസ്താസ്യാ എന്ന സുന്ദരി ഇവിടെയുണ്ടല്ലോ. എത്രയും വേഗം അധികാരസഭയുടെ സമക്ഷം അവളെ കൊണ്ടുചെല്ലാൻ രാജകല്പനയുമായി ഞങ്ങളും വന്നിരിക്കുന്നു.''

ഇതു കേട്ട് അരികേനിന്ന സോഫിയാ തന്റെ സ്നേഹപുത്രിയെ മാറോടു ചേർത്തു.

''അല്ലയോ! സ്നേഹമുള്ള മകളേ, ഇതാ നിന്റെ ഭാഗ്യം നിറഞ്ഞ മണവാളൻ സ്നേഹപൂർവ്വം വിളിക്കുന്നു നീ വേഗം പോയാലും. നീ മുമ്പുതന്നെ അത്യാശയോടെ കരം നീട്ടി മാറോടണച്ച രാജകുമാരനെ നീ ഓർക്കുക.

(51 – 58) നിന്നെ പ്രേയസ്സിയായി സ്വീകരിക്കുവാനാണ് മനോഹരനായ അദ്ദേഹം ഈ ഭൂമിയിൽ വന്നതു്. ഭംഗിയുള്ള പതാക കരത്തിലേന്തി അദ്ദേഹം ഒരു ഉയർന്ന മലയുടെ മുകളിൽ കയറി.

---

1 സെനാത്തു്—അധികാരസഭ

2 മണത്തെ മുടിപ്പാനായ്—കല്യാണം നടത്തുന്നതിനു് (തമിഴ്ശൈലി)

മന്നിലുള്ള മണവന്മാരല്ല നിന്റെ സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക

എന്നു ചൊല്ലി പുണ്യസോഫ്യാ സ്നേഹമകൾകന്നിതന്നെ
നന്മിയോടെ മുത്തിവിട്ടു ധൈര്യമോടപ്പോൾ 60

സ്നേഹമേറും പുണ്യകന്നി വേഗമോടെ പുറപ്പെട്ട
ആ മഹാ നഗരി റോമ്മാ തെരുവിൽകൂടെ

ചെന്നണഞ്ഞു മന്ത്രിപക്കൽ പുണ്യപൈതലതുനേരം
മന്ദഹാസത്തോടു നിന്നു ധൈര്യമാംവണ്ണം

ദുഷ്ടനായ മന്ത്രിയപ്പോൾ ദൃഷ്ടിനോക്കി കാംക്ഷയോടെ
വിസ്മയിച്ചു ഭ്രമിച്ചവൻ സുന്ദരത്വത്തിൽ

മോദമോടെ ഉരചെയ്തു സ്നേഹഭാഷ കാട്ടിയവൻ
മാനമായ നാമമെന്തു പൈതലേ നിന്റെ

കാരണമ്മാർ വിളിക്കുന്ന നാമമാകും അനസ്താസ്യാ
കേവലമാം ശോഭനാമം ക്രിസ്ത്യാനായെന്നാം 70

അമൂല്യകിരീടംകൊണ്ടു് ശിരസ്സിനെ അലങ്കരിച്ചു. അവസാനം സ്വജീവനംകൂടി അദ്ദേഹം സ്നേഹോപഹാരമായി നൽകി. ഇപ്രകാരം ചെയ്ത നിന്റെ സുന്ദരനായ പുണ്യരാജമണവാളന്റെ മഹത്വം ഉന്നതന്നെ നീ കാണിച്ചുകൊടുക്കുക. ഈ ഭൂമിയിലെ മണവാളരിൽ ഒരാളുമല്ല നിന്റെ ജീവിതേശ്വരൻ. ഉന്നതനായവൻ നിന്നോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും എന്നതു് ഒരു നാളും വിസ്മരിക്കേണ്ട.''

(59 _ 64) ഇങ്ങനെ സന്തോഷപൂർവ്വം പറഞ്ഞു സോഫിയാതന്റെ സ്നേഹമകൾക്കു് ചുടുചുംബനങ്ങൾ നൽകി. അവൾ ആ പുത്രിക്കു് ധൈര്യം പകർന്നു്, പറഞ്ഞയച്ചു. സോഫിയായെ അത്യധികം സ്നേഹിക്കുന്ന ആ കന്യാമണി, പുറപ്പെട്ടു് റോമ്മാ നഗരത്തിന്റെ തെരുവീഥികളിലൂടെ മന്ത്രിയുടെ സമക്ഷം എത്തി. അവൾ അചഞ്ചലയായി, ചുണ്ടിൽ സ്ഫുരിക്കുന്ന മന്ദഹാസവുമായി അവിടെ നിലകൊണ്ടു.

(65_70) ദുഷ്ടനായ മന്ത്രി കാമാസക്തിയോടെ ആ കന്യകാരത്നത്തിന്റെ കണ്ണുകളിൽ നോക്കി. അവളുടെ സൗന്ദര്യത്തിൽ കണ്ണഞ്ചിപ്പോയ അയാളുടെ മനസ്സു് ഭ്രമിച്ചു. സന്തോഷഭാവത്തോടെ പ്രേമനിർഭരമായ വാക്കുകളിൽ പ്രോബാ അവളോടു ചോദിച്ചു:

ക്രിസ്ത്യാനായെന്നുള്ള നാമം കേട്ടടനെ ദുഷ്ടനപ്പോഴം
സ്നേഹാൽ പുണ്യകന്യ പാത്തവൻ ചൊല്ലി,

സ്നേഹമേറും മേ മകളെ നിന്റെ ഗോത്രശ്രേഷ്ഠതയും
സ്നേഹദാഹമുണർത്തുന്ന ശോഭയും നിന്റെ

ഭാഗ്യഗുണഗണമൊക്കെയന്ധകാരം വിപ്പിക്കും
യോഗ്യനാമം വരുത്തുന്ന നാമം ക്രിസ്ത്യാനാ

യുക്തമല്ലാ നിനക്കൊട്ടും വെസ്തയായി[1] സ്മരിക്കണം
ജാഗ്രതയാൽ ത്യജിക്ക നീ യീക്ഷണം തന്നെ

സ്നേഹമുള്ള താതനെപ്പോൽ മേ വചനം സ്മരിക്കുകിൽ
മോഹദാഹാദികളൊക്കെനടത്തീടും നാം 80

വെള്ളി പൊന്നുകൊണ്ട ചെപ്പുങ്ങളുകത്തിൽ മഹാദേവൻ
പള്ളികൊള്ളും മന്ദിരത്തിൻ നടക്കവേഗം

''അല്ലയോ പൈതലേ, നിന്റെ ആദരണീയമായ നാമം എന്താണ്?

''എന്റെ മാതാപിതാക്കൾ വിളിക്കുന്ന നാമം അനസ്താസ്യാ എന്നാണ്, വാസ്തവത്തിൽ എന്റെ ശോനേയനാമം ക്രിസ്ത്യാനാ എന്നത്രേ.''

(71–80) ക്രിസ്ത്യാനാ എന്ന നാമം ഉച്ചരിച്ചപ്പോൾ ദുഷ്ടനായ മന്ത്രി സ്നേഹഭാവം അഭിനയിച്ചു. അയാൾ അനുനയത്തോടെ ഇങ്ങനെ പറഞ്ഞു: ''സ്നേഹമുള്ള എന്റെ മകളേ, നിന്റെ ഗോത്രത്തിന്റെ ശ്രേഷ്ഠതയും, ആരിലും അനുരാഗം ജനിപ്പിക്കുന്ന നിന്റെ മേനിയഴകും നിന്റെ ഗുണഗണങ്ങളും ഭാഗ്യവും എല്ലാം കൂരിരുളിലേയ്ക്ക് തള്ളിക്കളയുന്നതിനു മാത്രമേ ക്രിസ്ത്യാനാ എന്ന നാമം ഉപകരിക്കയുള്ളു. ആ പേരു് നിനക്കു് ഒട്ടും ചേർന്നതല്ല എന്നു് ഓർത്തോളൂ. ഈ ക്ഷണത്തിൽത്തന്നെ ആ നാമം പരിത്യജിക്കാനുള്ള വിവേകം കാട്ടുക. ഒരു സ്നേഹപിതാവു് എന്നനിലയ്ക്കാണു് ഞാൻ ഇതെല്ലാം പറയുന്നതു്. എന്റെ വാക്കുകൾ നീ അനുസരിക്കുമെങ്കിൽ നിന്റെ ആഗ്രഹങ്ങളേതും ഞാൻ നിറവേറ്റിത്തരാം.

(81–88) പ്രിയമകളേ, പൊന്നും വെള്ളിയും കൊണ്ടു് പണി തീർത്ത ഈ ക്ഷേത്രം കണ്ടോ? ഇതിലാണു് വലിയ ശക്തനായ

---

1 വെസ്തയായി—വ്യവസ്ഥയായി (വിശദമായി എന്നു സാരം)

ജോവു[1] തന്റെ തിരുമുമ്പിൽ നീതിയോടെ പൂജചെയ്കിൽ
ജാതി ശ്രേഷ്ഠം സർവ്വഭാഗ്യപൂർണ്ണതയിപ്പോം

സ്നേഹമോടെ വചിക്കുന്ന മേ വചനം ത്യജിക്കുകിൽ
ഈ മഹാ ക്രൂരശിക്ഷകളം നിനക്കും യോഗ്യം
കേടംവിയുള്ള നിന്റെ ഗോത്രം നേർമ്മയുള്ള നിന്റെ ഗാത്രം
വീഴുവാനും താഴുവാനും താമസമില്ല

കേട്ടടനെ മഹാപുണ്യപൈതലായ അനസ്താസ്യാ
കോട്ടമില്ലാതുടൻ തന്റെ നയനം പൊക്കി 90

സ്നേഹമേറും മമനാഥൻ യേശു തന്റെ ഗോത്രനാമം
മാനമേറും ക്രിസ്ത്യാനാ എന്നുള്ള നാമമേ,

എന്നതിനാൽ മമ ബാല്യകാലമെ തൻ തിരുപത്നി
എന്ന പദം നേടുകൊണ്ടു ഭേദമില്ലൊട്ടും

ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമ ചിത്തേ
കൊലഹലമായ ശിക്ഷാ ഭീതിയുമില്ല

നിന്റെ ദാനം ത്യജിക്കുംപോൽ നിന്റെ ക്രൌര്യം ക്ഷമിപ്പാനും
എന്റെ നാഥൻ സർവ്വശക്തൻ തന്നിടും ശക്തി

നമ്മുടെ ദേവൻ പള്ളികൊള്ളുന്നതു്, വേഗം അവിടേയ്ക്കു നടന്നാലും. ജൂപ്പിറ്റർ ദേവനെ നീ ഉചിതമാംവണ്ണം ആരാധിക്കുകയാണെങ്കിൽ, ജാതിശ്രേഷ്ഠത എന്നതന്നെയല്ല സകലവിധ സൗഭാഗ്യങ്ങളും നിനക്കു് കരഗതമാകും. ഞാൻ സ്നേഹപുരസ്സരം കല്പിച്ച കാര്യങ്ങളം നീ അനുസരിക്കുന്നില്ലെങ്കിൽ ക്രൂരമായ ശിക്ഷാവിധികളാണു് നിനക്കു കിട്ടാൻ പോകുന്നതു്. കേളികേട്ട നിന്റെ ഗോത്രവും സുഭഗമായ നിന്റെ ഗാത്രവും തകർന്നു്, നിലംപരിശാകുവാൻ താമസം ഉണ്ടാവില്ല.

(89–98) ഇതുകേട്ടിട്ടു്, പുണ്യപൈതലായ അനസ്താസ്യയ്ക്കു് യാതൊരു കുലുക്കവും ഉണ്ടായില്ല. അവൾ ശിരസ്സു് നിവർത്തി നിന്നു് ഇങ്ങനെ പറഞ്ഞു: "അല്ലയോ മന്ത്രിപുംഗവാ, ക്രിസ്ത്യാനാ എന്ന കുലീനമായ പേരാകട്ടെ, എന്റെ ഹൃദയേശ്വരനായ യേശുവിന്റെ ഗോത്രനാമമാണു് എന്നു് അങ്ങറിഞ്ഞാലും. എന്റെ ചെറുപ്രായം മുതൽ എന്റെ നാഥന്റെ പത്നീപദം അഭിലഷിച്ചുകൊണ്ടാണു് ജീവിച്ചതു്. എന്റെ ഈ തിരഞ്ഞെടുപ്പിനു് ഒരുകാലത്തും ഭേദമുണ്ടാവുകയില്ല. ക്ഷണികങ്ങളായ ലോകസൗഭാഗ്യങ്ങൾക്കായി ജീവിതം

---

1 ജോവു്—റോമാചക്രവർത്തി ആരാധിച്ചിരുന്ന ദേവൻ, ജൂപ്പിറ്റർ

കന്നി തൻെറ മറുമൊഴി കേട്ടുടനെ മന്ത്രി വീരൻ
ഒന്നി [1] തൻെറ മോഹമൊന്നും ഫലിക്കില്ലൊട്ടും

ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുമപ്പിച്ചു
ക്രോധവീര്യാൽ മുഖം സൂര്യാ മേഘമായ് മൂടി

കടുത്തൊരു സിംഹവ്യാഘ്രം കയൎത്തെന്നസമമായി-
ട്ടടുത്തു കന്നിയിൻ മുഖത്തടിപ്പിച്ചപ്പോൾ

സ്നേഹവാൎത്ത പകൎത്തീ നാൾ ദൂഷണങ്ങൾകക്കികഷ്ടൻ
മോഹിതമാം കന്നിമുഖം ചോരയാൽ പൂശി

ശീഘ്രമായി തടവിട്ടു പൂട്ടിയുള്ള വിലങ്ങതിൽ
ജാഗ്രതയാൽ ഭടന്മാരെ കാവലും വച്ചു

അടിയറവുവെയ്ക്കുവാൻ എനിക്കു മനസ്സില്ല. വധശിക്ഷ നൽകുക എന്നതു് വിനോദമായിക്കരുതുന്ന നിങ്ങളെ എനിക്കു് അണുവും ഭയമില്ല. താങ്കളുടെ ഔദാര്യം തള്ളിക്കളയുവാൻ ശക്തി തന്ന എൻെറ ദൈവം താങ്കളുടെ പീഡനങ്ങൾ ക്ഷമിക്കുവാനും എനിക്കു ശക്തി പകർന്നു തരും''.

(99_108) അനസ്താസ്യായുടെ മറുപടി ആ ദുഷ്ട സചിവൻെറ കൎണ്ണങ്ങളിൽപ്പതിഞ്ഞു. തൻെറ മോഹങ്ങൾ പൂവണിയുകയില്ല എന്നയാൾ മനസ്സിലാക്കി. തൽക്ഷണം മന്ത്രിയുടെ മുഖത്തു് ക്രൂരഭാവം പ്രത്യക്ഷമായി. കണ്ണുകൾ രക്തവർണ്ണം പൂണ്ടു. മേഘമാലയിൽ മറഞ്ഞുനിൽക്കുന്ന സൂര്യനെപ്പോലെ അയാളുടെ മുഖം ക്രോധം മൂടിനിന്നു. ഒരു സിംഹം അഥവാ വ്യാഘ്രം ചാടിവീഴുന്നതുപോലെ ആ ദുഷ്ടൻ പെൺപൈതലിനുനേരേ കയർത്തുനിന്നു. ആ കശ്മലൻ അ കന്യാരത്നത്തിൻെറ കവിളിൽ ആഞ്ഞടിച്ചു. അവളതു സഹിച്ചു് സ്നേഹനാഥൻെറ സുവിശേഷം പകർത്തിക്കാട്ടി. ദുഷ്ടനായമന്ത്രി മലീമസപദങ്ങൾ ഛൎദ്ദിക്കുകയാണ് അതേസമയത്തു് ചെയ്തതു്. ബോധംകെട്ടു വീണ ആ കന്യകയുടെ മുഖം ചെഞ്ചോരയിൽ പൂശിയതായിക്കാണപ്പെട്ടു. പ്രോബാ താമസംവിനാ അവളെ കാരാഗൃഹത്തിലടച്ചു് അതിൻെറ വാതിലുകൾ പൂട്ടി മുദ്രവച്ചു. ജാഗ്രതാപൂർവം അയാൾ അവിടെ കാവൽക്കാരെ നിയമിക്കയും ചെയ്തു.

---

1 ഒന്നുക—സമ്മതിക്കുക, (ഒന്നി—സമ്മതിച്ചു)

കന്നി തൻെറ ഉള്ളകത്തിലുള്ള മോദം ദുഷ്ടർ കണ്ടു,
വഹ്നിപോലെ ക്രോധഘോരം നിറഞ്ഞു വീണ്ടും 110

വീണ്ടും ദുഷ്ടമന്ത്രി തൻെറ മുൻപിലങ്ങുവരുത്തീട്ട്
കണ്ഠകത്രീ മുതലായ ക്രൂര ചക്രത്താൽ

കന്നി തൻെറ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്തി വീഴും ചോരകൊണ്ടു കതിർത്തു ഭൂമി

ക്രൂരനായ ദുഷ്ടപ്രൊബാമതിയില്ലാതുള്ള ക്രോധാൽ
ക്രൂരതയാൽ മുറിവുകൾ ചുട്ടു പന്തത്താൽ

കഷ്ടമൊക്കെ സഹിക്കിലുമെപ്പഴും സന്തോഷഭാവം
ദുഷ്ടനിതു കണ്ടു വീണ്ടും കൂട്ടി കൃച്ഛ്റങ്ങൾ

വെള്ളിപോലെ വെളുത്തുള്ള കന്നിതൻെറ പല്ലുകളെ
വല്ലിയൊരു ചുററികയാൽ തല്ലി വീഴിച്ചു 120

പുണ്യകന്നികാലുകയ്യിൻ നഖങ്ങളെപറിപ്പിച്ചു
തണ്യവാൻ ലജ്ജയില്ലാതെ പിന്നെയുംക്രോധാൽ

മാതൃതൻെറമാറിൽനിന്നു പാൽകുടിച്ചതോർത്തീടാതെ
മാനഹീനാൽ അറുപ്പിച്ചു തൻമുലകളെ

(109_120) ഇതെല്ലാം സംഭവിച്ചിട്ടും ആ പെൺകൊടി ആഹ്ലാദത്തോടെ വർത്തിക്കുന്നതു് മന്ത്രിയുടെ ഭൃത്യന്മാർ കണ്ടു. അവരുടെ കോപം വൻ തീ പോലെ ആളി. ഇതറിഞ്ഞ ദുഷ്ടസചിവൻ അവളെ വീണ്ടും ആളയച്ചു വരുത്തി. കണ്ഠകത്രി തുടങ്ങിയ മാരകായുധങ്ങൾ ഓരോന്നും കൊണ്ടു് അദ്ദേഹം അവളെ പീഡിപ്പിച്ചു. അവളുടെ ദേഹം അവർ ചീന്തിപ്പൊളിച്ചു. അപ്പോൾ വാൎന്നൊഴുകിയ രക്തംകൊണ്ടു് ഭൂമിനനഞ്ഞു. എങ്കിലും ക്രൂരനായ പ്രോബായുടെ കോപത്തിനു ശമനം വന്നില്ല. അനസ്താസ്യായുടെ മുറിവുകളയാൾ തീയാളുന്ന പന്തങ്ങൾ കൊണ്ടു് ചുട്ടുപൊള്ളിച്ചു. ഇങ്ങനെ കൊടിയ കഷ്ടപ്പാടുകൾ സഹിക്കേണ്ടി വന്നെങ്കിലും അവളിലെ സന്തോഷഭാവത്തിനു് തെല്ലും കുറവുണ്ടായില്ല. തന്മൂലം ക്രൂരസചിവൻ പീഡനങ്ങൾ വർദ്ധിപ്പിച്ചു. രജതശോഭയാർന്നു വിളങ്ങിയ അവളുടെ ദന്തനിര അയാൾ ഒരു കനത്ത ചുററിക കൊണ്ടു് തല്ലിക്കൊഴിച്ചു.

(121_130) അനസ്താസ്യായുടെ കൈകാലുകളിലെ നഖങ്ങൾ പ്രോബാ പറിപ്പിച്ചെടുത്തു. നാണംകെട്ട ആ പരമ ദുഷ്ടൻ, സ്വമാതാവിൻെറ മുലകുടിച്ചു വളൎന്ന കാര്യംപോലും ഓൎമ്മിക്കാതെ, ആ കന്യാമണിയുടെ സ്തനങ്ങൾ മുറിച്ചുമാററുവാൻ കല്പന കൊടുത്തു. ആ നിമി

അക്ഷണേയാകന്നിജീവൻ പിരിഞ്ഞില്ലെന്നതുകണ്ട
സൂക്ഷ്മമിതുദൈവശക്തി എന്നുകൂപ്പിട്ട

ദുഷ്ടമന്ത്രിയിതുകണ്ട ലജ്ജയിൽമുങ്ങിയെങ്കിലും
കഷ്ടതകൾ വീണ്ടുംകൂട്ടിക്കാവലിൽവച്ച

കന്നിതന്റെ നൊമ്പരത്തിൻ ക്രൂരമൊന്നുംകാട്ടിടാതെ
ഉന്നതമാംദൈവനാമം സ്തുതിച്ചീടുന്നു

ചെന്നുടൻവിലങ്ങിടത്തിൽ പുക്കുടനെസുഖമായി
മന്ദഹാസംപൂണ്ടുകന്നി ക്ഷതവുംമാഞ്ഞു

കണ്ടുടനെചെന്നവരുമറിയിച്ചു മന്ത്രിതന്നെ
വീണ്ടവരുചൊല്ലികന്നി നാവിനാലിപ്പൊഴും

ജോവ്മുതലായദേവർ കല്ലുമരംപിത്തളയും
ജീവനില്ലാതുള്ള ദുഷ്ടാരൂപിരൂപങ്ങളും

എന്നുചൊല്ലിദുഷിക്കുന്നു നമ്മുടെ ഈശ്വരന്മാരെ
എന്നവരങ്ങറിവിച്ചാക്ഷണമേ ദുഷ്ടൻ

കന്നിതന്റെ പുണ്യനാവു വേരിനോടെപറിപ്പാനായ്
പന്നിപോലെഎരിഞ്ഞവൻ തീർപ്പുകല്പിച്ചു

ഷത്തിൽ അനസ്താസ്യായുടെ ജീവൻ പിരിയുമെന്നു് അവർ കരുതിയിരുന്നു. പക്ഷേ, അവൾ ജീവൻ വെടിഞ്ഞില്ല. ഇതു് സത്യമായും ദൈവികശക്തിയാൽ സംഭവിച്ചതാണു് എന്നു് എവരും സമ്മതിച്ചു. ദുഷ്ടനായ മന്ത്രി ഇതെല്ലാം കണ്ടു് ലജ്ജിതനായെങ്കിലും പീഡനങ്ങൾ വർദ്ധിപ്പിക്കാനാണു് കല്പന നൽകിയതു്. അതിനായി അവളെ കാരാഗൃഹത്തിൽ പാർപ്പിച്ചു. തന്റെ വേദനകളിൽ ഒട്ടും ഈർഷ്യ കാട്ടാതെ ആരാധ്യനായ ദൈവത്തിന്റെ നാമം അനസ്താസ്യാ സ്തുതിച്ചു.

(131–140) അനസ്താസ്യാ കാരാഗൃഹത്തിൽ പ്രവേശിച്ച ഉടനെ പൂർണ്ണമായും സുഖപ്രാപ്തയായി. അവളുടെ മുണ്ടിൽ പുഞ്ചിരി തങ്ങിനിന്നു. മുറിവുകളുടെ പാടുകൾപോലും മാഞ്ഞുപോയി. ഇക്കാര്യം ടേന്മാർ പ്രോബായെ അറിയിച്ചു. അനസ്താസ്യാ ഇങ്ങനെ പറഞ്ഞു: ''ജൂപ്പിറർ തുടങ്ങിയ ദേവന്മാർ കല്ലും തടിയും പിരിത്തളയും കൊണ്ടു് നിർമ്മിക്കപ്പെട്ട പ്രതിമകൾ മാത്രമാണു്. അവ ജീവനില്ലാത്ത ദുഷ്ടാരൂപികളുടെ രൂപങ്ങൾ മാത്രമാണു്.

റോമാക്കാരുടെ ദേവന്മാരെ അവൾ ദുഷിക്കുന്നുവെന്നു് പ്രോബാ കേട്ടയുടനെ, അവളുടെ നാവു് വേരോടെ പിഴുതുകളയുക എന്നു് ക്രുദ്ധനായ കാട്ടുപന്നിയുടെ സമാനം അയാൾ അലറിപ്പറഞ്ഞു.

മേവിയുടൻകന്നിപൈതൽ ശ്രോത്രമതിലെത്തിയപ്പോൾ
നായകനെ സ്തുതിച്ചവൾ പാടിനന്നായി

ദുഷ്ടരായകൊലയാളരോട്ടമായി അടുത്തുടൻ
കഷ്ടമയ്യോശിഷ്ടനാവും പിഴുതുവേരാൽ

ശുദ്ധയായിൽനിന്നുടനെ കൊച്ചൊരാറെന്നതുപോലെ
രക്തധാരാപൂരപ്പെട്ട നനച്ചുസർവ്വം

ധൈര്യശോഭവിളങ്ങുന്ന കന്യപൈതൽ ദിവ്യറിവാൽ
വീര്യമായൊരൗഷധത്തെ തേടുവാൻതോന്നി

പേരെനിന്ന ക്രിസ്തിയാനി ചീറിലോസെന്നൊരുത്തനെ
പാരയങ്ങുനയനത്താൻ വിളിച്ചുകാട്ടി 150

അല്പമായജലംതന്നെക്കുടിപ്പിപ്പാൻ കാട്ടീടവം
സൽപുരുഷൻക്ഷണത്തോടെ കൊടുത്തുധൈര്യാൽ

കുടിച്ചുടൻ പുണ്യകന്നിസ്തുതിച്ചു; ഹീനനാവാലെ
കൊടുത്തുചീറിലൊസിന്നും മരിപ്പാൻഭാഗ്യം

തൻറെയാത്ര സമീപമായെന്നറിഞ്ഞുപുതുകന്നി
തൻകരങ്ങളുയർത്തികൊണ്ടുചൊന്നസ്തോത്രം

പാപിഹൃദംക്ഷരക്ഷചെയ്വാൻ വന്നനീപൂജിച്ചുപോലെ
പാപിയാമെൻജീവപൂജ പൂർത്തിയാൽഏൽക

(141–158) ഈ കാര്യം അനസ്താസ്യായുടെ ചെവികളിലെത്തി. അധീരയാകാതെ അവൾ യേശുനാഥനെ സ്തുതിച്ചുകൊണ്ടു ഗാനങ്ങൾ സമോദംപാടി. മന്ത്രിയുടെ കല്പന നിറവേറ്റാൻ കൊലയാളികളായ ഭടന്മാർ ഓട്ടമായി. അയ്യോ കഷ്ടം! അവളുടെ പരിശുദ്ധമായ നാവു് അവർ വേരോടെ പിഴുതെടുത്തു. പരിപാവനമായ അവളുടെ വക്ത്രത്തിൽനിന്നു് ഒരു ചെറിയ നദിയിൽനിന്നു് എന്നതുപോലെ ചെഞ്ചോര ഒഴുകി എങ്ങും നനച്ചു. ധീരതയുടെ പര്യായമായിത്തീർന്ന ആ കന്യക ദൈവികമായ ജ്ഞാനം കൊണ്ടു് ഉൽകൃഷ്ടമായ ഔഷധത്തെ അന്വേഷിക്കുകയായിരുന്നു. സമീപം നിന്ന ക്രിസ്തുമതവിശ്വാസിയായ സിറിൽ എന്ന യുവാവിനെ കടാക്ഷവിക്ഷേപത്താൽ വിളിച്ചു് തനിക്കു് 'കുടിയ്ക്കുവാൻ അല്പം ജലം തരണം' എന്നു് ആംഗ്യഭാഷയിൽ അറിയിച്ചു. ആ സൽപുരുഷൻ സുധീരം പകർന്നുകൊടുത്ത ജലം അനസ്താസ്യാ പാനം ചെയ്തു. പുണ്യവതിയായ അവൾ ദൈവത്തിനു് സ്തോത്രം പാടി. ഹീനനായ മന്ത്രിയുടെ കല്പനമൂലം രക്തസാക്ഷ്യം വരിക്കുവാനുള്ള അസുലഭാവസരം അനസ്താസ്യാ സിറിലി

ഇക്കഠോരശിക്ഷയൊക്കെ സഹിച്ചിട്ടും ധൈര്യമോടെ
നാട്യഭാവംനടിക്കുന്ന കൈകളും കാലും

ഖണ്ഡമായിമുറിച്ചുടൻ കാതലായശിരസ്സിനെ
ദണ്ഡമിനിവരുത്തായ്വാൻ ഖണ്ഡിക്കവേഗം

ഇക്കഠോരവിധിയാലെ പുണ്യകന്നിജീവപൂജ
ഇഷ്ടമോടേനിറവേറി ദൈവസന്നിധേ

കന്നിപൈതൽമുന്നമായി കൊട്ടത്തെന്നവരത്താലെ
തന്നെവേറുപിരിയാതെ തൽക്ഷണംതന്നെ

പുണ്യനായചീറിലോസും തൻശിരസ്സുകനിച്ചുടൻ
പുണ്യഭാഗ്യമൂടിനേടി വാളിനാലപ്പോഴം

തൻറെനാമൽഅല്പംവെള്ളം കൊട്ടത്തെന്നാലവൻകൂടെ
തൻറെരാജ്യഭാഗഹീനം ഭവിക്കുന്നില്ല

എന്നുതൻറെ തിരുനാവാലരുളിയശ്രവോക്യം
ഇന്നുപുണ്യൻചീറിലോസിൽ കണ്ടുബോധിച്ചു

നും നൽകി. തൻറെ സ്വർഗീയയാത്രയുള്ള സമയം സമാസന്നമായി എന്നറിഞ്ഞ് അനസ്താസ്യാ കൈകളും വിണ്ണിലേയ്ക്കുയർത്തി ദൈവത്തിനു് കൃതജ്ഞത പറഞ്ഞു.

''യേശുനാഥാ, പാപികൾക്കു് രക്ഷപകരുവാൻ നിൻറെ ജീവിതം ബലിയായി നീ കാഴ്ചവച്ചല്ലോ. അതുപോലെ ഞാൻ എൻറെ ജീവിതവും അർപ്പണം ചെയ്യുന്നു. കനിവായി ഈ പൂജ സ്വീകരിച്ചു് പൂർത്തിയാക്കേണമേ.''

(159 – 168) വിപദിധൈര്യം പ്രകാശിപ്പിച്ചു് ആഹ്ലാദനൃത്തം നടത്തുന്ന അനസ്താസ്യയുടെ കരചരണങ്ങളും വെട്ടിനുറുക്കുവാനും ശിരസു് മുറിച്ചുമാറ്റുവാനും മന്ത്രി കല്പിച്ചു. ഈ കഠിനവിധിമൂലം ആ കന്യകാരത്നം സ്വാഭീഷ്ടം ദൈവസന്നിധിയിൽ ആത്മപൂജ നിർവഹിച്ചു. അനസ്താസ്യാ നേരത്തേതന്നെ സിറിലിനു നൽകിയ വരത്തിൻറെ ശക്തിയാൽ അവളോട്ടു വിടപറയുന്നതിനു മുമ്പുതന്നെ വാഗ്ത്തലയാൽ മൃത്യു വരിക്കുന്നതിനും രക്തസാക്ഷ്യമകടം ചൂടുന്നതിനുമുള്ള ഭാഗ്യം സിറിലിനും ലഭിച്ചു.

(169 – 182) ''എൻറെ നാമം ഓർത്തു് തെല്ലു ദാഹജലം ആക്കെങ്കിലും നൽകിയാൽ എൻറെ രാജ്യത്തിൽ അയാൾക്കു പങ്കു ലഭിക്കും''

പുണ്യകന്നിഅനസ്താസ്യാ തന്റെആത്മംക്ഷണംതന്നെ
പുണ്യശോഭനിറഞ്ഞുള്ള വിസ്മയത്താലേ

ദേഹസത്തുക്കളൊക്കയിക്രൂരശോകംഭവിച്ചപോൽ
ദേഹിശോഭകിരീടങ്ങം മൂടിയാനന്ദാൽ

പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യമാണിക്കം
പച്ചമരതകമാദിയലംകാരത്താൽ

സ്നേഹമേറുംമണവാളൻ യേശുതന്റെമന്ദിരത്തിൽ
ദാഹമൊടെകടിവച്ചു മണിയറയിൽ 180

അമ്മയായസോഫിയായും തന്റെപുത്രകന്നിദേഹം
ഒണ്മയാലെയെടുപ്പിച്ചു സ്ഥാപകം ചെയ്തു 182

എന്നു് യേശു അരുളിചെയ്തിട്ടുണ്ടു്. ഈ മംഗളകരമായ വാക്യം മുന്നു് സിറിലിൽ സാർത്ഥകമായി. കന്യകയായ അനസ്താസ്യായുടെ ആത്മാവു് അത്ഭുതകരമായ അലൗകികശോഭയണിഞ്ഞു നിന്നു. ശാരീരികമായ സൗഭാഗ്യങ്ങളെ കടുത്ത ശോകത്തിലാഴ്ത്തുന്ന മട്ടിൽ ആദ്യാദ്യത്തോടെ അനസ്താസ്യായുടെ ആത്മാവു് ശോഭനീയ കിരീടങ്ങം മൂടിനിന്നു. പുഷ്യരാഗം, പഞ്ചരത്നം, വൈരം, വൈഡൂര്യം, മാണിക്യം, പച്ചമരതകം തുടങ്ങിയ വസ്തുക്കളൊക്കൊണ്ടു് വിനിർമ്മിതവും, ആത്മമണവാളനായ യേശുവിനു സ്വന്തവും ആയ മണിമാളികയിലെ മണിവറയിൽ അവളുടെ ആത്മാവു് സ്ഥിരവാസം തുടങ്ങി. അനസ്താസ്യായുടെ സ്നേഹമാതാവായ സോഫിയാ അവളുടെ പാവനശരീരം എടുപ്പിച്ചു് സാഘോഷം സംസ്കരിച്ചു.

മരണവീട്ടിൽ പാടുന്നതിനുള്ള പാന

ആമുഖം

കൈയെഴുത്തുപ്രതി

നമുക്കു ലഭിച്ചിരിക്കുന്ന കൈയെഴുത്തുപ്രതിയുടെ മൂലത്തിൽ 46 പേജുകളുണ്ട്. (20×13 cm.) ഈ പ്രതിയിലെ കൈയക്ഷരം ചാവറയച്ചന്റേതുതന്നെയെന്നു തീർച്ചയില്ലെങ്കിലും കൃതിയിൽ അങ്ങുമിങ്ങും കാണുന്ന തിരുത്തലുകളും ചാവറയച്ചന്റേതുതന്നെയാണ്.

മരണവീട്ടിൽ പാടുന്നതിനുള്ള പർവം എന്നാണ് ഗ്രന്ഥകാരൻ ഇതിനു പേരു നൽകിയിട്ടുള്ളതു്. എന്നാൽ 1939-ൽ മാന്നാനത്തുനിന്നും ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചപ്പോൾ മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നാണ് പ്രസാധകർ പേരുകൊടുത്തതു്.

ഉള്ളടക്കം

ഒരു പ്രത്യേകലക്ഷ്യം മുൻനിറുത്തിയാണ് ചാവറയച്ചൻ ഈ കൃതി രചിച്ചിട്ടുള്ളതു്. മരണവീട്ടിൽ എത്തുന്നവർക്കു് പരേതാത്മാവിനുവേണ്ടി പ്രാർത്ഥിക്കാൻ മനസ്സുണ്ടാവണം. അതിനു് ഉത്തേജകങ്ങളായ ആശയങ്ങളും കഥകളും ഉപാഖ്യാനങ്ങളും ഇതിൽ നിരത്തിയിരിക്കുന്നു. മരണവീട്ടിൽ സന്നിഹിതരായ ബന്ധുമിത്രാദികളോടും, അയൽക്കാരോടും ശരീരം വേർപെട്ട പരേതാത്മാവു് നടത്തുന്ന സ്വഗതാഖ്യാനമായിട്ടാണ് കാവ്യം അവതരിപ്പിക്കുന്നതു്. ഉപാഖ്യാനങ്ങളിലും കഥകളിലും കെട്ടുകഥകളുടെ അംശം കലർന്നിട്ടുണ്ടെങ്കിലും യുക്തിഭദ്രതയോടെ പ്രമേയം അവതരിപ്പിക്കാൻ കവിക്കു കഴിഞ്ഞിട്ടുണ്ട്. 'മരണദിനമാണ് ജന്മദിനത്തേക്കാളും നല്ലതു്' എന്ന

ബൈബിൾ പരാമർശത്തോടെ ആരംഭിക്കുന്ന കാവ്യം ക്രിസ്തുവിന്റെ മൃതശരീരം ശിഷ്യരും മാതാവും ചേർന്ന് സംസ്കരിക്കുന്നതും ഉയിർപ്പിന്റെ ദിനംവരെ പ്രാർത്ഥനയിൽ അവർ മുഴുകിയിരുന്നതും വരച്ചു കാട്ടിക്കൊണ്ടാണ് സമാപിപ്പിക്കുന്നത്. ശുദ്ധീകരസ്ഥലമുണ്ടെന്നും, അവിടെ വേദന അനുഭവിക്കുന്ന ആത്മാക്കൾക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്കണമെന്നും വ്യക്തമാക്കാൻ കവി ആഗ്രഹിക്കുന്നു. ഈ കാവ്യത്തിൽ ഉദ്ധൃതമായ കഥകളും ഓരോന്നും ആലക്ഷ്യത്തിനുള്ള സാധനകളാണ്. പ്രാർത്ഥനയ്ക്കായി അഭ്യർത്ഥന നടത്തുന്ന പരേതാത്മാവിന്റെ ചിന്തകളും ധാരാവാഹിയാക്കിക്കൊണ്ട് കവി ഈ കൃതിക്ക് ചട്ടലതയും നാടകീയതയും പകരുന്നു. ഭൂലോകം, സ്വർഗ്ഗം, ശുദ്ധീകരസ്ഥലം എന്നീ മൂന്നു വിഭാഗങ്ങളിൽ നിലകൊള്ളുന്ന ആത്മാക്കൾക്ക് തമ്മിൽ തമ്മിലുള്ളബന്ധം വിശദമാക്കുന്ന ഈ കാവ്യത്തിനു് ദൈവശാസ്ത്രപരമായ ഒരു നവീനമാനം ഉണ്ട്. കാവ്യത്തിന്റെ അന്ത്യഭാഗത്തു് ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സാരസത്ത ഹൃദ്യമായി ഉപാഖ്യാനം ചെയ്യാനും കവിക്ക് കഴിഞ്ഞിട്ടുണ്ട്. ശുദ്ധീകരാഗ്നിയെ നേരിടാൻ നിയോഗിക്കപ്പെട്ട ഒരാത്മാവിന്റെ സന്ത്രാസവും, വിഹ്വലതയും, ഭയപാരവശ്യവും പ്രീളയും വേപഥുവും എല്ലാം വാങ്മയ ചിത്രത്തിലൂടെ അവതരിപ്പിക്കയും ബോധധാരാസങ്കേതത്തിലൂടെ കാവ്യപ്രമേയത്തിന്റെ ചുരുൾ അഴിക്കുകയും ചെയ്യുന്ന 'മരണവീട്ടിൽ പാടുന്നതിനുള്ള പാന' കഴിഞ്ഞനുറാണ്ടിൽ നമുക്കു കൈവന്ന കാവ്യോപലബ്ധികളിൽ തികച്ചും മൗലികത അവകാശപ്പെടാവുന്ന ഒന്നായിരിക്കും.

സർവ്വേശ്വരനു സ്തുതി

ജന്മദിനത്തേക്കാൾ[1] മരണദിനം നല്ല[2]
ജന്മഘോഷത്തേക്കാൾ മരണഘോഷം

കല്യാണ പന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ[3] പോക നന്നു

എന്നുള്ളൊരീവാർത്ത ഇന്നുള്ളതല്ലഹോ
മുന്നുള്ള ബുദ്ധിമാൻ രാജസൂതൻ

മാന്യനാം കൊഹ്ലസാൽ പൊല്ലപ്പെട്ടന്നതും
ധന്യരാം മേ ജനം കേട്ടീടണം

എന്നതിനാലിന്നു നിങ്ങളം മേ കേതത്തിൽ
വന്നതു നന്നെന്നു കേട്ടീടണം 10

നിങ്ങളും ഞാനുമായൊന്നിച്ചു മോദിച്ചു
ഇന്നു ഞാൻ നിങ്ങളാൽ വേർവിട്ടിതാ

ഒന്നിച്ചു സ്നേഹത്താൽ മോദിച്ച നാളതിൽ
നന്ദിയാൽ യാതൊന്നും കേളപ്പിച്ചില്ലാ.

(1_10) ജന്മദിനത്തേക്കാൾ മരണദിനമാണ് നല്ലത്. ജനനാഘോഷത്തേക്കാൾ മരണാഘോഷമാണ് ശ്രേഷ്ഠം. കല്യാണവിരുന്നിനായി പന്തലിൽ പ്രവേശിക്കുന്നതിനേക്കാൾ അഭികാമ്യം മരണവീട്ടിൽ പ്രവേശിക്കുന്നതാണു്. ഈ അഭിപ്രായം ഇക്കാലത്തു് ആരും പറഞ്ഞതല്ല. പണ്ടുപണ്ടേ, ബുദ്ധിമാനും ആദരണീയനുമായ സോളമൻ രാജാവ് പറഞ്ഞുവച്ചതാണ്. ഇക്കാര്യം നധ്യരായ എന്റെ സുഹൃത്തുക്കൾ മനസ്സിലാക്കണം. നിങ്ങൾ അതനുസരിച്ചു് എന്റെ ഭവനത്തിൽ വന്നതു നന്നായി.

(11-20) ഇത്രയുംകാലം ഞാൻ നിങ്ങളോടൊന്നിച്ചു ആറ്റാദത്തോടെ കഴിഞ്ഞു. അങ്ങനെ നാമൊന്നായി സന്തോഷപൂരസ്സരം വിഹരിച്ച വേളയിൽ, യാതൊരു ബുദ്ധിമുട്ടും ഞാൻ നിങ്ങളെ അറിയിച്ചില്ല. ഇന്നു് ഞാൻ വാസ്തവത്തിൽ നിങ്ങളിൽനിന്നും വേർപെട്ടിരിക്കുന്നു. എന്റെ കാഴ്ചശക്തിയും, ശ്രവണശക്തിയും അസ്തംഗതമായിരിക്കുന്നുവെന്നു് നിങ്ങൾക്കറിയാമല്ലോ. എങ്കിലും, എന്റെ മൃതശരീരത്തെ

---

1 സഭാപ്രസംഗകൻ 7:2 - 3. 2 നല്ല – നല്ലത്

3 കണ്ണോക്കിൻ കേതം - വിലാപസ്ഥലം

ഇന്നിതായെന്നുടെ കാഴ്ചയും കേൾവിയും
ഒന്നിച്ചു നിങ്ങളറിഞ്ഞീടിലും,

എങ്കിലുമെന്നുടെ ദേഹത്തെ കാണുന്ന
നിങ്ങളൊടാകിലുമല്പം ചൊൽവൻ.

ക്രീഡിച്ചും തോഷിച്ചും ഞാൻ നടന്നപ്പോളാ
ക്രോധത്തിൽ ശാസന ഓർത്തില്ലയ്യോ.

നിങ്ങളിലൊന്നു പോലായിരുന്നിന്നലെ
നിങ്ങളുമെന്നെപ്പോലാകും നാളെ

ഇപ്പോളിനിക്കു ലഭിച്ചോരു നീതിയെ-
യല്പം പകുത്തുവാൻ ആവതില്ലാ.

ഈ വിധി നിങ്ങൾക്കും നേരിട്ടിരിക്കുന്നു
ആ വിധിയോടുത്തു നടന്നു കൊൾവിൻ.

ജീവിത കാലത്തിൽ സ്നേഹിതൻമാർ പലർ;
ജീവൻ പിരിയുമ്പോൾ ആരുമില്ലാ.

കൂട്ടരുണ്ടായ് പലർ സ്നേഹിതന്മാരവർ
കൂടെ വരുവതിനാരുണ്ടിപ്പോൾ?

നോക്കിനില്ക്കുന്ന സുഹൃത്തേ, നിങ്ങളോടു ചില കാര്യങ്ങൾ പറയട്ടെ. നമ്മൾ ചിരിച്ചും കളിച്ചും സന്തോഷസമേതം നടന്നപ്പോൾ ദൈവത്തിന്റെ ശിക്ഷാവിധിയെക്കുറിച്ചു് തെല്ലും ഞാനോർത്തില്ല.

(21_30) ഇന്നലെവരെ ഞാൻ നിങ്ങളിൽ ഒരുവനേപ്പോലെ ആയിരുന്നു. നാളെ നിങ്ങളും എന്നേപ്പോലെ ആയിത്തീരും. എനിക്കിപ്പോൾ വന്നുചേർന്ന ഈ ശിക്ഷാവിധിയെ അല്പമെങ്കിലും പകുത്തിക്കാട്ടുവാൻ എനിക്കു് ആവുകയില്ല. ഇന്നു് എനിക്കു നേരിട്ടിട്ടുള്ള ഈ ശിക്ഷാവിധി നാളെ നിങ്ങൾക്കും വരാനിരിക്കുന്നു. ഇക്കാര്യം നല്ലവണ്ണം ഓർത്തു നടക്കുക.

ജീവിതകാലത്തു് സ്നേഹിതന്മാർ പലരുണ്ടായിരിക്കും. പക്ഷേ, ജീവൻ പിരിയുമ്പോൾ അവരാരേയും കാണാനാവില്ല. കൂട്ടുകാരായി പലരും ഉണ്ടായിരുന്നു. എന്നാൽ എന്നോടുകൂടെ വരാൻ നിങ്ങളിൽ ഇപ്പോൾ ആരാണുള്ളതു്?

എത്രയും സ്നേഹത്താൽ സേവിച്ച മൂവരെ
മിത്രരായ് ചേർത്തു ഞാൻ സർവ്വനേരം

എങ്കിലും മൂവരിൽ മുമ്പനായേകനെ
മകനിൽ സമൻപോലെ യാദരിച്ചേൻ

ഏതൊരു ദിക്കിൽ ഞാൻ പോയിടുന്നാകിലും
എന്തൊരു വേലയനുഷ്ഠിക്കിലും

ചിന്തയിൽ മറെറാന്നു ധ്യാനമെന്നാകിലും
വെറ്റുരുകിടുമിവനെറ സ്നേഹാൽ

ദേഹാനുഷ്ഠങ്ങളും ദേഹഗുണങ്ങളും
മോഹിതമൊക്കെയും തള്ളും ശക്തൻ 40

മാനവികാരത്താൽ ശോകിതനാകുമ്പോഴും
മാനം നിനക്കു മേ സ്നേഹം മതി

ഞാനെവിടത്തിലിരിക്കുന്നെന്നാകിലോ
മാനമശേഷമവിടെയുണ്ട്

ആപൽ കാലത്തുകൽ നിന്നെ തുണപ്പതി–
നാവതില്ലാക്കും ദുഢം മേ സമം.

ഞാനിരിക്കുന്ന സ്ഥലമതിലേവരും
മാനമെടുപ്പാനായോടി വരും

ഇത്യാദിയൊക്കെയും മേ മനതാരതിൽ
നിത്യം സ്മരിപ്പിച്ചു തോഷിപ്പിച്ചോം. 50

(31–50) വളരെയധികം ആത്മാർത്ഥതയോടെ ഞാൻ മൂന്നു പേരെ സ്നേഹിച്ചു. അവർക്കു ശുശ്രൂഷചെയ്തു. ആ മൂന്നുപേരെയും സദാസമയം എന്റെ ആത്മമിത്രങ്ങളായി കരുതുകയുംചെയ്തു. എങ്കിലും ആ മൂന്നുപേരിൽ ഒന്നാമനെ എന്റെ ഹൃദയത്തിനുതുല്യം ഞാൻ സ്നേഹിച്ചു. എവിടെപ്പോയാലും ഏതു ജോലി ചെയ്യുകയാണെങ്കിലും, ചിന്തയിലോ ധ്യാനത്തിലൊ മുഴുകിയിരുന്നാലും എന്റെ മനസ്സ് ആ സ്നേഹിതനെ ഓർത്തു വെറ്റുരുകിക്കൊണ്ടിരുന്നു. എന്റെ ചെയ്തികളേയും ഗുണഗണങ്ങളേയും ഹൃദയാഭിലാഷങ്ങളേയും നിയന്ത്രിക്കുവാൻ കഴിയുന്ന സ്നേഹിതനായിരുന്നു അയാൾ. ആ മിത്രം എന്നോടു പറഞ്ഞു. ''ജീവിതക്ലേശങ്ങളിൽ നിമഗ്നനാകുമ്പോൾ ഭയപ്പെടേണ്ട, എന്റെ സ്നേഹംമാത്രം നിനക്കു മതിയാകും. ആപത്തുകാലത്തു് നിനക്കു തുണനൽകാൻ എന്നെപ്പോലെ മറാർക്കും സാധ്യമാവുകയില്ല. ഞാൻ ഇരിക്കുന്ന സ്ഥലത്തു് ജനങ്ങളെല്ലാം അംഗീകാരത്തിനുവേണ്ടി ഓടിയെത്തുന്നു.'' ഇങ്ങനെയെല്ലാം പറഞ്ഞു് എന്റെ മനസ്സിനെ പ്രഥമ സ്നേഹിതൻ ആഹ്ലാദപൂർണ്ണമാക്കി.

ആലോചനയിതു കേട്ട ഞാൻ തോഷിച്ചു
മേ ഹൃത്തിൻനേത്രം തുറന്നതില്ല.

എന്നതിനാലെൻറെ സ്നേഹമിവനിൽ ഞാൻ
നന്നെന്നു ബോധിച്ചുറപ്പിച്ചേററം

രണ്ടാമനെന്നപോൽ മറെറാരു സ്നേഹിതൻ
ഉണ്ടായിനിക്കിതിലല്പ ഭേദം.

എന്നവനെ പ്രതി എപ്പൊഴും ക്ലേശിച്ചു
മന്ദമുപേക്ഷിച്ചു ദണ്ഡിച്ചേററം.

നീതിമാൻ വച്ചൊരു സ്നേഹമിതെന്നോർത്തു
നീതിയും കൂടെ മറന്നു സ്നേഹാൽ 60

ദേഹിയെ കൂടെ ഞാനോക്കാതെ പ്രേമത്താൽ
ദേഹദണ്ഡങ്ങളം സഹിച്ചേനേററം.

മൂന്നാമതുള്ളൊരു സ്നേഹിതനായവൻ
നീങ്ങാതെ എന്നേരം എൻെറകൂടെ

ഒന്നിച്ചു ഞാനുമവനോടു ചേന്നിട്ടു
മന്നിക്കം നേരവും സഹാവാസം.

ഇന്നവനിൽ നിന്നു വേർപിരിഞ്ഞെങ്കിലും
ഒന്നിച്ചല്ലാതെ ചരിച്ചില്ലെങ്ങും

(51_54) സ്നേഹിതൻെറ വാക്കുകളംകേട്ട് ആനന്ദിച്ച ഞാൻ വേറൊന്നും കാണാൻ എൻെറ ഹൃദയനേത്രം തുറന്നില്ല. എൻെറ സ്നേഹം അവനിൽ അർപ്പിച്ചാൽ എല്ലാം ഭംഗിയായിക്കൊള്ളും എന്നായിരുന്നു എൻെറ വിചാരം.

(55_60) മേൽപ്പറഞ്ഞ സ്നേഹിതനിൽനിന്നു് അല്പം ഭേദമായി രണ്ടാമതൊരു സ്നേഹിതൻ എനിക്കുണ്ടായിരുന്നു. അവൻെറ സ്നേഹം സമ്പാദിക്കാൻ ഞാൻ ഏറെ ക്ലേശവും കഷ്ടനഷ്ടങ്ങളും അനുഭവിച്ചു. അവൻ നീതിമാൻതന്നെയെന്നു നിശ്ചയിച്ചു് നീതിവെടിഞ്ഞുപോലും അവനോടുള്ള സ്നേഹബന്ധം പുലർത്തി. ആത്മാവിൻെറ കാര്യംപോലും ഓർക്കാതെ, ആ കുറു പുലർത്തുന്നതിനു് ശാരീരികമായി ഏറെ കഷ്ടപ്പാടുകളം ഞാൻ സഹിച്ചു.

(61_72) ഇനി എൻെറ മൂന്നാമത്തെ സ്നേഹിതനെക്കുറിച്ചാണു് പറയാനുള്ളതു്. സദാസമയവും അവൻ എന്നോടൊപ്പം ഉണ്ടായിരുന്നു. ഊണിലും ഉറക്കത്തിലും സന്തതസഹചാരിയായിരുന്ന അവനെ

നന്മയും തിന്മയും പങ്കാളിയെങ്കിലും
തിന്മയിലത്രേയിവന്റെ ഗതി.

എന്നതും മുന്നമേ ഞാൻ ഗ്രഹിച്ചെങ്കിലും
ഇന്നു മാത്രം അതിൻ ഫലം കണ്ടേൻ

ഉറ്റവരായ യീമൂവരല്ലാതിനി
മറ്റൊരു സ്നേഹിതനെനിക്കുണ്ടായ്

പുറ[1] മവനിൽ ഞാൻ വച്ചെന്നതാകിലും
ഉറ്റവരായയിവരിലല്ലം

സ്നേഹിതരായ യീമൂവക്കും ദാസിപോൽ
ദാഹത്താൽ ശുശ്രൂഷ ചെയ്കശേഷം

നാലാമതായൊരു സ്നേഹിതനെന്നോർത്തു
ആലസ്യത്തോടവൻ പക്കൽ ചെല്ലും

എങ്കിലുമെന്നെ ത്യജിക്കാതെ അസ്മാസു[2]
പങ്കിൽ പ്രേമത്താൽ ചരിക്കുമല്പം

ഇപ്രകാരേണ ഞാൻ ജീവിക്കും നാളതിൽ
ചക്രവർത്തി മഹാരാജ രാജൻ

വിട്ടു് ഒരിടത്തും ഞാൻ ചരിച്ചില്ല. അവൻ നന്മയും തിന്മയും എന്റെ പങ്കുകാരനായിരുന്നു. എങ്കിലും തിന്മയുടെ വഴിയിലൂടെയാണു് അവൻ സഞ്ചരിച്ചതു്. ഈ കാര്യം എനിക്കു നേരത്തെ അറിയാമായിരുന്നു, പക്ഷേ അതത്ര കാര്യമാക്കിയില്ല. ഇപ്പോഴം അതു വ്യക്തമായി അറിഞ്ഞു.

(73–82) ആത്മസുഹൃത്തുക്കളായ ഈ മൂന്നുപേരെ കൂടാതെ നാലാമതു് ഒരു സ്നേഹിതനും എനിക്കുണ്ടായിരുന്നു. അവനോടു് അല്പം പുറപാടു് ഞാൻ കാട്ടി. ആദ്യം പറഞ്ഞ മൂന്നുപേർക്കും ദാസ്യവേല വളരെ താല്പര്യത്തോടെ ഞാൻ നിർവഹിച്ചിരുന്നു. അതിനുശേഷം പരിക്ഷീണനായി ഞാൻ നാലാമത്തെ സ്നേഹിതന്റെ സമീപത്തു ചെല്ലും. എങ്കിലും അദ്ദേഹം എന്നെ പരിത്യജിക്കയില്ല. ഹൃദയംഗമമായ സ്നേഹത്തോടെ ഞങ്ങളം ഒരുമിച്ചു് അല്പസമയം നടക്കും.

(83–100) ഇപ്രകാരം സ്നേഹിതന്മാരൊത്തു് ഞാൻ ജീവിച്ചവേളയിൽ രാജരാജനായ ചക്രവത്തി തിരുമസ്സു് തന്റെ നീതിക്കനുസൃതമായ ഒരു വിധി പ്രഖ്യാപിച്ചു. എന്നെ ശിരച്ഛേദം വരുത്തണം എന്നതായിരുന്നു ആ വിധി.

---

1 പുറം—സ്നേഹം 2 അസ്മാസു—ഞങ്ങളിൽ

തൻതിരുമുൻപതിൽ നിന്നൊരു നീതിയാൽ
എൻ ശിരച്ഛേദനം നിശ്ചയിച്ചു.
ഈ വിധി നാടതിലെത്തിയ നേരത്തിൽ
മേ വിധിയോർത്തു ക്ലേശിച്ചേനഹം
നീതിക്കാരൻ മുൻപിലെന്നുടെ ന്യായത്തെ
ഭീതികൂടാതെ ധരിപ്പിക്കുകിൽ
ഭേദമില്ലീ വിധി നീങ്ങിയൊഴിഞ്ഞിടും
ഭേദ്യം ചെയ്തീടുവാൻ[1] മിത്രം വേണം
എങ്കിലോ ഉണ്ടെനിക്കെത്രയും ശക്തനാം
ചങ്കിൻറെ സ്നേഹിതനെന്ന വൻപൻ
ആപൽ കാലത്തുങ്ക ലാദരിപ്പാൻ ശക്തി
ആവതില്ലാക്കു മിവനെന്നിയേ
എന്നവൻ തന്നെ വചിച്ചെന്നതുപോലെ
ഇന്നവൻ പക്കലണഞ്ഞീടണം.
എന്നുറച്ചെന്നുടെ ദുഃഖമുഖത്തോടെ
ചെന്നങ്ങണഞ്ഞവൻകേതേ തന്നെ
കാണുന്നതിൻ മുൻപിൽ കേംവിയാലൊക്കെയും
കണ്ടറിഞ്ഞെന്നപോൽ ഗ്രഹിച്ചവൻ

ചക്രവത്തിയുടെ വിധിപ്രഖ്യാപനം നാട്ടിലെല്ലാം വിളംബരം ചെയ്തു. എൻറെ ദുർവിധിയോർത്തു് ഞാൻ ക്ലേശപൂരിതനായി.

നീതിവിധി നടത്തിയ ചക്രവർത്തിയുടെ മുമ്പിൽ എൻറെ സങ്കടം ധൈര്യസമേതം ബോധിപ്പിക്കുകയാണെങ്കിൽ തീർച്ചയായും ഈ ശിക്ഷാവിധി പിൻവലിക്കും. രാജസന്നിധിയിൽ സമ്മർദ്ദം ചെലുത്തുവാൻ പ്രാപ്തിയുള്ള ഒരു സ്നേഹിതൻ ഉണ്ടെങ്കിൽ കാര്യം സാധിക്കാം. ഞാൻ ഇങ്ങനെ ചിന്തിച്ചു; ''വൻപനും ശക്തനുമായ ആത്മസുഹൃത്തു് എനിക്കുണ്ടു്. ആപത്ഘട്ടങ്ങളിൽ രക്ഷിക്കുവാനുള്ള ശക്തി അവനെപ്പോലെ മാറാർക്കുമില്ല. ഇക്കാര്യം അവൻ തന്നെ എന്നോടു പറഞ്ഞിട്ടുള്ളതാണല്ലോ. അതുകൊണ്ടു് എൻറെ പ്രഥമ സ്നേഹിതൻറെ പക്കൽത്തന്നെ എത്താം'' അങ്ങനെ കരുതി ശോകത്തിൽമുങ്ങി ഞാൻ ആ സ്നേഹിതൻറെ ഭവനത്തിലെത്തി.

(101–114) കാണുന്നതിനു മുൻപുതന്നെ, പറഞ്ഞുകേട്ടു് എല്ലാം മനസ്സിലാക്കിയിരുന്ന, ആ സ്നേഹിതൻ. അവനെ കണ്ടപ്പോഴും,

---

1 ഭേദ്യം ചെയ്കം—സമ്മർദ്ദം ചെലുത്തുക

കണ്ടതുനേരം ഞാൻ മിണ്ടുന്നതിൻ മുമ്പേ
കണ്ടറിതനെന്നപോൽ ചൊന്നീവണ്ണം

മുന്നമേ നിന്നുടെ സ്നേഹിതൻ ഞാനെന്നു–
മെൻ നാമമാക്കും നീ കേഴ്പ്പിക്കല്ലേ.

വന്നു ഭവിച്ചൊരു നിന്നുടെ നാശത്തെ
ഇന്നു തടുപ്പതിന്നാളല്ലഹം

എങ്കിലും നിന്നുടെ മിത്രം ഞാനെന്നൊരു
ശങ്കയൊരുത്തക്കും തോന്നിക്കണ്ട 110

അല്ലെങ്കിൽ വന്നീടും പങ്കനിൻ നാശത്തിൽ
തെല്ലെങ്കിലുമെനിക്കിതു ദുഃഖം

ആയതിനാലിനി താമസം വേണ്ടഹോ
ആരുമറിയാതെ പോക വേഗം.

എന്നിതുകൊണ്ടു ഞാൻ ക്ലേശിച്ചെന്നാകിലും
നന്ദിഹീനനേറെ പടികടന്നേൻ.

നല്ലൊരു വാർത്തയും സ്നേഹിതനുള്ള
ചിഹ്നമതെങ്കിലും കാട്ടീല്ലല്ലോ,

ഞാൻ എന്തെങ്കിലും ഉരിയാടുന്നതിനു മുമ്പുതന്നെ അതീവ ദുഃഖിതനെന്ന ഭാവത്തോടെ അവൻ പറഞ്ഞു. ''സുഹൃത്തേ, പണ്ടുതന്നെ ഞാൻ നിന്റെ സ്നേഹിതനാണ് എന്ന കാര്യം അറിയിക്കയോ എന്റെ പേരു് ഉച്ചരിക്കപോലുമോ ചെയ്യരുതു്. നിനക്കിന്നു് സംഭവിച്ച നാശം തടഞ്ഞു നിറുത്താൻ ഞാൻ ആളല്ല. ഞാൻ നിന്റെ മിത്രമാണെന്നുള്ളതു്, ആർക്കും സംശയിക്കാൻ പോലും ഇട കൊടുക്കാതെ സൂക്ഷിക്കുക. അല്ലെങ്കിൽ നിന്റെ നാശത്തിന്റെ പങ്കു് അല്പമെങ്കിലും എനിക്കു് അനുഭവിക്കേണ്ടി വരും. അങ്ങനെ നീ എന്നെ കഷ്ടപ്പെടുത്തരുതു്. ഒട്ടും താമസിക്കേണ്ട. ദയവു ചെയ്തു് ആരുമറിയാതെ എത്രയും വേഗം ഇവിടെ നിന്നു പോവുക''.

(115–118) ഇതുകേട്ടു് എനിക്കേറെ ക്ലേശം ഉണ്ടായി. എങ്കിലും കൃതഘ്നനായ ആ മിത്രത്തിന്റെ പടി കടന്നു് ഞാൻ യാത്രയായി. അവൻ ഒരു നല്ല വാക്കു് പറയുകയോ സ്നേഹിതനാണെന്നുള്ള അടയാളം കാണിക്കപോലുമോ ചെയ്തില്ലല്ലോ എന്നു് ഞാൻ ഓർത്തു പോയി.

എങ്കിലും രണ്ടാമൻ തന്നുടെ പക്കലും
ചെന്നെന്റെ ദുഃഖത്തെ കേൾപ്പിക്കണം

എന്നു നിരൂപിച്ചു മണ്ടിയുടൻ തന്നെ
ചെന്നവൻ മന്ദിരേ പൂവതിന്നായ്
എന്റെ ചെലവിനെ കണ്ടതു നേരത്തിൽ
മണ്ടിയവൻവന്നു കൈക്കൊണ്ടെന്നെ

ക്ലേശിച്ചും ദുഃഖിച്ചും ശോകാദി വാർത്തയാൽ
ക്ലേശം നിറുത്തുവാൻ തേടി വഴി

നിന്നുടെ ശിക്ഷതട്ടിപ്പാൻ വശഹീനൻ
എന്നുള്ള ചെയ്തി ഗ്രഹിക്കുന്നു നീ.

ദുഃഖത്തിന്നൊക്കെയും പങ്കാളി ഞാൻ തന്നെ
ദുഃഖത്തെ തീർപ്പാൻ മേ ശക്തിപോരാ

എങ്കിലോ നിന്നോട്ടു കൂടവേ ക്ലേശിപ്പാൻ
ശങ്കകൂടാതെ ചരിച്ചിടാം ഞാൻ.

എന്നുള്ള വാർത്തയെ ചൊല്ലിപടിവരേ
വന്നു പിരിഞ്ഞവൻ യാത്രയാക്കി.

മൂന്നാമനായൊരു സ്നേഹിതനെന്നവൻ,
നന്ദിയുണ്ടാകിലും ശക്തിഹീനൻ

ദുഃഖത്തിലപ്പൊഴും വേർ പിരിയാതവൻ
വൃക്ഷമരത്തിൻ ചുവട്ടവരേ

(119_136) രണ്ടാമത്തെ സ്നേഹിതന്റെ സമക്ഷത്തിലും എന്റെ ദുഃഖവാർത്ത അറിയിക്കണം എന്നു ഞാൻ വിചാരിച്ചു. അവന്റെ വീടിനെ ലക്ഷ്യമാക്കി നടന്നു. ഞാൻ ചെല്ലുന്നതു കണ്ടു് ഓടി വന്നു് അവൻ എന്നെ സ്വീകരിച്ചു. വളരെ ക്ലേശത്തോടെ എന്റെ ദുഃഖവാർത്തകളും അവനെ ധരിപ്പിച്ചു് അല്പമെങ്കിലും ആശ്വാസം പ്രാപിക്കുവാൻ ഞാൻ ആഗ്രഹിച്ചു. അവൻ പറഞ്ഞു: നിന്റെ ഈ വിധിയിൽ നിന്നു് മോചനം നേടുവാൻ നിനക്കു് കഴിവില്ല എന്നു പറഞ്ഞതു ശരി തന്നെ. നിന്റെ ഈ ദുഃഖങ്ങൾക്കെല്ലാം ഞാനും പങ്കാളിയാണു്. പക്ഷേ ഈ സങ്കടങ്ങൾക്കു ശമനം നൽകുവാൻ എനിക്കും ശക്തിയില്ല. എന്നാലും നിന്നോടൊപ്പം നടക്കുന്നതിനു് ഞാൻ തയ്യാറാണു്, സംശയം വേണ്ട''. എന്നെ ഈ കാര്യങ്ങൾ ധരിപ്പിച്ചു് വീട്ടുപടി വരെ വന്നു് എന്നെ യാത്രയാക്കി.

(137_140) മൂന്നാമനായ സ്നേഹിതന്റെ പക്കൽ ഞാനെത്തി. അവനു് എന്നോടു് വളരെയധികം കൃതജ്ഞതയുണ്ടു്. പക്ഷേ അവനും

വേർവിട്ട പോകാതെ ചാരത്തിലപ്പഴം
വേർ പിരിയാതവൻ പാക്കും ദുഢം,

ദുഃഖിതനായി ഞാൻ ചെല്ലുന്ന നേരത്തിൽ
സഖ്യതയോടവൻ ഓടിവന്നു.

കെട്ടിപ്പിടിച്ചവൻ മാറിലണച്ചെന്റെ
കോട്ടം മുഖേ കണ്ടു പാത്തു ചൊല്ലി:

എന്തിതുമൽ സഖേ നിന്നുടെ പത്യത്തിൽ[1]
കണ്ഠിത ഭാവത്തെ ദർശിക്കുന്നു.

എന്തൊരു ദുഃഖം നിനക്കു ഭവിക്കിലും
സന്തതം തീർപ്പതിന്നാളു ഞാനേ

ശോകിപ്പതിന്നൊട്ടും കാരണമില്ലഹോ
ശോകങ്ങളൊക്കയും തീർപ്പാൻ ശക്തി

നിന്നുടെ സ്നേഹിതൻ ഞാനെന്നു ചിന്തിക്ക
എന്നുടെ ശക്തി ഗ്രഹിച്ചില്ലാ നീ

മർത്ത്യർക്കു നേരിട്ടും ദുഃഖങ്ങളൊക്കയിൽ
മൃത്യു സമംദുഃഖം ലോകേയില്ലേ

ശക്തിയില്ലാത്തവനാണ്. എന്റെ ദുഃഖങ്ങളിൽ ഒരിക്കലും വേർപിരിയാത്തവനായി തൃക്കരമരത്തിന്റെ ചുവട്ടുവരെ എന്റെ കൂടെ ഉണ്ടായിരിക്കും എന്നു് വാക്കുനൽകിമാത്രം അവനെന്നെ പറഞ്ഞു വിട്ടു.

(141-170) ഞാൻ ദുഃഖിതനായി നിന്ന സമയത്തു് നാലാമത്തെ സ്നേഹിതൻ ആവ്വാദപൂർവം ഓടിയെത്തി. എന്നെ ആലിംഗനം ചെയ്തു. എന്റെ മുഖത്തെ ദുഃഖഭാവം ദർശിച്ചിട്ടു് ഇങ്ങനെ പോദിച്ചു: ''അല്ലയോ സുഹൃത്തേ, എന്താണിതു്? നിന്റെ ക്ഷേമത്തിൽ ഒരു വിഷാദഭാവം ഞാൻ ദർശിക്കുന്നു. നിനക്കു് എത്രതന്നെ ദുഃഖം ഉണ്ടായിരുന്നാലും അതു് എന്നേയ്ക്കും നിർമ്മാജ്ജനം ചെയ്യാൻ എനിക്കു് കരുത്തുണ്ടു്. നീ കരഞ്ഞിട്ടു കാര്യമില്ല. ഏതു ക്ലേശവും തീർക്കുവാനുള്ള ശക്തി നിന്റെ സ്നേഹിതനായ എനിക്കുണ്ടു് എന്നു് ഇതുവരെ നീ ഗ്രഹിച്ചിട്ടില്ല. മനുഷ്യർക്കു വിവിധങ്ങളായ ദുഃഖങ്ങളും വന്നു ഭവിക്കാറുണ്ടു്. എങ്കിലും മൃത്യുവിനു തുല്യമായ ദുഃഖം ഈലോകത്തു വേറെ ഇല്ല. എന്റെ പേരു് 'മൃത്യുവിനെ ജയിച്ചവൻ' എന്നാകുന്നു. ശത്രുക്കൾക്കു് എന്നെ തോല്പിക്കുക എന്നതു

---

1 പത്യം - പഥ്യം (ക്ഷേമം)

മൃത്യുഞ്ജയനെന്ന മേ നാമ മോക്ക നീ
ശത്രുക്കളൊട്ടും ഫലിപ്പിക്കില്ലാ.

രാജസമൂഹത്തിൽ ശത്രുക്കളും നിന്നുടെ
ജീവനാശത്തിനായ് ക്ലേശിച്ചെങ്കിൽ

മന്ത്രിജനങ്ങളും തന്ത്രിഗണങ്ങളും
ബന്ധുക്കളെന്നുടെ ഭൃത്യന്മാരും 160

എന്നുടെ സ്നേഹിതൻ നീയെന്ന കേൾക്കിലോ
നിന്നുടെ സ്നേഹിതർ തന്നെ അവർ

പ്രാണനാശത്തിനായ് ഈ വിധി ചെയ്കിലും
പ്രേമത്തിനാലേയതു പകർത്തും

ഒക്കെയുള്ളും ശക്തൻ ഞാൻ പാർക്കയിവിടത്തിൽ
ഒന്നുമിളകേണ്ട; നീ തെളിയൂ.

രാജസമൂഹത്തിൽ ഒന്നിച്ചു പൊയ്ക്കൊണ്ടുവൻ
ചെയ്യിയിതിപ്പതേ[1] നീ ധരിക്കൂ.

എന്നിവയൊക്കയും ചൊന്നതു പോലുടൻ
വന്നു തെളിഞ്ഞു തോഷിപ്പിച്ചേറവും. 170

സാധ്യമല്ല. നിന്റെ എതിരാളികളും രാജാവിന്റെ സന്നിധിയിൽ നിന്റെ ജീവാപായത്തിനായി ശ്രമിച്ചുവെങ്കിൽ അതെക്കുറിച്ചു വ്യാകുലപ്പെടേണ്ട. നീ എന്റെ സ്നേഹിതനാണെന്നു് അറിയപ്പെട്ടാൽ, മന്ത്രിമാർ, തന്ത്രികളും, ബന്ധുക്കളും, രാജഭൃത്യന്മാർ എന്നിവരെല്ലാം അവരുടെ മനോഭാവം മാറും. അവരെല്ലാം നിന്റെ സ്നേഹിതന്മാരായി മാറും. നിന്റെ പ്രാണനാശത്തിനുള്ള ഈ വിധി സ്നേഹത്തിന്റെ വിധിയാക്കി മാറ്റാനും ഞാൻ ശക്തനാണു്. നീ ഇവിടെത്തന്നെ സ്വസ്ഥമായിരിക്ക. ദുഃഖഭാവം വെടിയുക. രാജസന്നിധിയിലേയ്ക്കു് എന്നോടൊന്നിച്ചു പോരുക എന്ന കാര്യം ഞാൻ പറയുന്ന വാക്കുകളും കേട്ടു് നീ വിശ്വസിച്ചാലും''. നാലാമത്തെ സ്നേഹിതൻ പറഞ്ഞതുപോലെ എല്ലാം സംഭവിച്ചു. കാര്യങ്ങളെല്ലാം ശുഭമായി. അവൻ എന്നെ അത്യധികമായി സന്തോഷിപ്പിച്ചു.

---

1 ഇതിപ്പതേ - ഈ പദത്തിൽ.

ഇന്നിതിൻ വണ്ണമെനിക്കു ഭവിച്ചപോൽ
വന്നീടും നിങ്ങൾക്കും ഭേദമില്ലോ.

ഈ മൂന്നു സ്നേഹിതരാരെന്നു മോർക്കണം
ആ നന്ദിഹീനം സ്മരിച്ചിടേണം

നാലാമതായവൻ ചൊന്നതും ചെയ്തതും
മേലിൽ മറക്കണ്ടൊരിക്കലും നീ

പ്രഥമ സ്നേഹിതനാരെന്നു കേൾക്കുവിൻ
പ്രധാനി ഭൂലോകം തന്നെയല്ലോ

രണ്ടച്ചന്മാർക്കുള്ള വേലയസാധ്യമായ്
ഇണ്ടൽ കൂടാതിതു സ്വാമിവാക്യം. 180

രണ്ടാമതായുള്ള സ്നേഹിതൻ സ്വജനം
കുണ്ഠിതമെപ്പഴമീവക്കായി,

ദേഹദണ്ഡങ്ങളിവരെപ്രതി സദാ
ദേഹിയെപോലും വെടിഞ്ഞുചെയ്യും

മൂന്നാമനാകുന്ന സ്നേഹിതൻ സ്വദേഹം
അന്നത്തിലുമിവൻ ഒന്നിച്ചല്ലോ.

ഈ മൂവരിൽ മമക്ലേശമതെങ്കിലും
നാലാമതായൊരാ പുണ്യത്തെയും

(171_176) എനിക്കു് സംഭവിച്ചതുപോലെ നിങ്ങൾക്കും സംഭവിക്കുമെന്നതു് മാറ്റമില്ലാത്ത സത്യമാണു്. ആദ്യം പറഞ്ഞ ആ മൂന്നു സ്നേഹിതന്മാർ ആരൊക്കെയാണു്എന്നതും അവരുടെ കൃതഘ്നത എന്താണെന്നതും നാം അറിഞ്ഞിരിക്കണം. നാലാമത്തെ മിത്രം പറഞ്ഞതും പ്രവർത്തിച്ചതും ഒരിക്കലും നീ മറന്നു കളയരുതു്.

(177_188) ആരാണു് പ്രഥമ സ്നേഹിതനെന്നോ? അതു് ഈ ലോകം തന്നെ. രണ്ടു് യജമാനന്മാർക്കു് ഒരേസമയം വേല ചെയ്യുകയെന്നതു് അസാധ്യമാണു്. കർത്താവു് പറഞ്ഞ വാക്യം തന്നെയാണല്ലോ ഇതു്.

ഇനി രണ്ടാമത്തെ സ്നേഹിതൻ ആരെന്നല്ലേ അറിയേണ്ടതു്. സ്വന്തം ജനങ്ങളാണു് രണ്ടാമത്തെ മിത്രം. ആത്മാവിന്റെ കാര്യം പോലും മറന്നു് എപ്പോഴും ക്ലേശങ്ങളും അവർക്കുവേണ്ടി നമ്മളും സഹിക്കുന്നുണ്ടല്ലോ. അങ്ങനെ നാം മാനിക്കുന്ന സ്നേഹിതനാണു് സ്വജനം.

സ്നേഹമവനിൽ ഞാൻ കാണിച്ചകാരണം
സ്നേഹത്താൽ ചാരെയിരുത്തിക്കൊണ്ടു

ചതുര്യബന്ധു[1] മൽ സ്നേഹിതനാകയാൽ
ചതുരന്ത്യമോർമ്മ വരുത്തിമയാ-

കേട്ടതു നേരമെനിക്കുമൊരു ദാഹം
കേട്ടതിന്മേൽ വച്ച മമ ബോധം

സാരസ്യമായൊരു ശ്ലോകത്തെ കേഴ്പ്പിപ്പൻ
സാരമായ് നീയിതു ദിനേ ദിനേ

ഭേദം വരുത്താതെ നീ ജപിച്ചീടുകിൽ
ഭേദമില്ലാ മഹാഭാഗ്യം ലഭ്യം

മൃത്യു ജയമെന്ന നാമം നിനക്കുമായ്
തത്ര ജീവിക്കുകിൽ കിട്ടും നൂനം

എന്നവൻ ചൊന്നപോൽ കേട്ടനടക്കയാൽ
ഇന്നെനിക്കീ ഭാഗ്യം ലഭ്യമായി

മേ വിധ, ശാസനം നീക്കി തുണപ്പാനും
ഈ മഹാശ്ലോകത്താൽ[2] ഭാഗ്യം കിട്ടി

മൂന്നാമത്തെ സ്നേഹിതൻ നമ്മുടെ സ്വന്തം ശരീരമാകുന്നു. സർവദാ എന്നല്ല ആഹാരാദി കാര്യങ്ങളിൽപ്പോലും ഈ സ്നേഹിതൻ നമ്മോടുകൂടിയുണ്ടല്ലോ.

ഈ മൂന്നു പേരോടും ഞാൻ സ്നേഹം പ്രകടിപ്പിച്ചു. എന്നാൽ അതു കൂടാതെ നാലാമത്തെ സ്നേഹിതനായ പുണ്യത്തോടും അല്പം സ്നേഹം ഞാൻ കാണിച്ചു.

(189_204) പുണ്യമാകുന്ന സ്നേഹിതൻ എന്നെ തന്റെ സമീപം ഇരുത്തിക്കൊണ്ടു മനുഷ്യന്റെ ചതുരന്ത്യത്തെക്കുറിച്ച് (മരണം, വിധി, മോക്ഷം, നരകം എന്നീ നാലു അന്ത്യങ്ങളും) എന്നെ ഓർമ്മപ്പെടുത്തി. അവന്റെ വാക്കുകളും എന്നെ സ്വാഗതം ചെയ്തു. അവ ഞാൻ ശ്രദ്ധാപൂർവം കേട്ടു. ഞാൻ അവയെക്കുറിച്ചു ധ്യാനിച്ചു.'' വളരെ ശ്രേഷ്ഠമായ ഒരു തത്ത്വം ഞാൻ നിനക്കു തരാം. വേണ്ട പ്രാധാന്യത്തോടെ നീ ഇതു് ദിനംതോറും യാതൊരു മാറ്റവും വരുത്താതെ ജപിക്കുകയാണെങ്കിൽ തീച്ചയായും നിനക്കു

1 ചതുര്യബന്ധു - നാലാമത്തെ ബന്ധു 2 ശ്ലോകത്തിൽ എന്നു പാഠഭേദം

മൃത്യുവിധിമോക്ഷം ദുർഗ്ഗതിയെന്നിവ
ധീസ്മരണയതിൽ സർവ്വനേരം

എന്നിതു നിങ്ങളുമോത്തു ജപിപ്പാനായ്
ഇന്നെന്റെ കാഴ്ചയിലോർപ്പിക്കുന്നു.

മേ ജനം നിങ്ങളും സ്നേഹിതരെന്നതും
മേ ബോധത്തിലുറച്ചീടുന്നു ഞാൻ 210

എന്നതിനാൽ തന്നെ നിങ്ങളിതുവരെ
മന്ദമൊഴിഞ്ഞിങ്ങു പാർത്തീടുന്നു.

എങ്കിലുമിന്നലെ യെന്നുടെ വേദന
ചങ്കിലുണർന്നു തുണച്ചു നന്നായ്

വ്യാധിയൊഴിപ്പതിന്നുള്ളൊരു ക്ലേശങ്ങൾ
വ്യാകുലം ഏറെ സഹിച്ചു നിങ്ങൾ

ദാഹമിനിക്കെന്നു കാണുന്ന നേരത്തിൽ
പാനം പലവിധം തന്നു നിങ്ങൾ

മഹാഭാഗ്യംതന്നെ ഉണ്ടാകും. അങ്ങനെ ജീവിച്ചാൽ 'മരണത്തെ ജയിച്ചവൻ' എന്ന നാമം നിനക്കും സാർത്ഥകമാകും, തീർച്ച.'' ഇപ്രകാരം പുണ്യപ്രവർത്തികളെന്ന നാലാമനായ മിത്രം എന്നോടു പറഞ്ഞു. അതനുസരിച്ചു ജീവിച്ച എനിക്കു് ഇന്നീ ഭാഗ്യമുണ്ടായി. എന്റെമേൽ നിപതിച്ച വിധിയെ മാറിയെടുക്കാനും ഈ വിശിഷ്ട തത്ത്വം എനിക്കവസരം നൽകി.

(205-214) മരണം, വിധി, സ്വർഗം, നരകം എന്നിവ ബുദ്ധിയിലും ഓർമ്മയിലും സദാസമയം ഉണ്ടാകണം. ഇക്കാര്യം ഉരുവിട്ടുകൊണ്ടു് ജീവിക്കുവാൻ എന്റെ (മൃത) മേനി നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അല്ലയോ എന്റെ ജനമേ! നിങ്ങൾ എന്റെ സ്നേഹിതന്മാരെന്നതു് ഞാൻ ഓർക്കുന്നു. അതുകൊണ്ടാണല്ലോ ജാഗ്രതയോടുകൂടി ഇവിടെ പാർക്കുന്നതു്. എങ്കിലും എന്റെ മനസ്സിൽ ഒരു വേദന ഉണർന്നുവന്നതു് എനിക്കു് ഏറെ ഉപകാരമായി.

(215_228) എന്റെ അസുഖങ്ങൾ ഭേദമാക്കുന്നതിനു് ഏറെ ക്ലേശങ്ങളും ദുഃഖവും നിങ്ങൾ സഹിച്ചു. എനിക്കു തൊണ്ട വരണ്ടപ്പോൾ പാനീയങ്ങൾ നിങ്ങൾ പകർന്നു തന്നു. ഉഷ്ണമുണ്ടായപ്പോൾ വിശറികൊണ്ടു് വീശി എന്നെ തണുപ്പിച്ചു. തണുത്തു വിറച്ചപ്പോൾ കമ്പിളിയുടുപ്പുകൾ നൽകി. ഇങ്ങനെയുള്ള ശുശ്രൂഷകൾ ഇളവില്ലാതെ എപ്പോഴും നിങ്ങൾ അനുഷ്ഠിച്ചു.

ഉഷ്ണത്തിൻ നേരത്തിൽ വീശിതണുപ്പിച്ചും
ശീതത്തെ തീർപ്പതിന്നാടകളും

ഇപ്രകാരമുള്ള സൽക്കാരമൊക്കെയും
തൽക്ഷണം മാറാതനുഷ്ഠിച്ചേറ്റം

ഇപ്പോഴും മമഗാത്രെ സൂക്ഷിക്കും നേരത്തിൽ
അപ്പാരവശ്യത്തിലൊന്നുമില്ലാ

ആരെയുമിന്നിനി ആവശ്യമല്ലെന്നും
ആകെ നിനച്ചു മന്നിച്ചിടുന്നു.

എങ്കിലോ മേതാപ മെങ്ങനെയെന്നതും
ശങ്കയില്ലൊട്ടു ഞാൻ കേഴപ്പിച്ചിടാം

മോക്ഷാലയത്തിൽ കടപ്പതിനാക്കുമേ
സൂക്ഷരായ് യോഗ്യരെ കാണുന്നില്ലാ

ഭൂലോകെ ജീവിച്ച പുണ്യജനങ്ങളും
ഭൂതലത്തിലവർ മേവും കാലം

താപസന്മാരായി ജീവിച്ചവരുടെ
തപസ്സിനാൽ തന്നെ വെളുപ്പിക്കും

പക്ഷേ, ഇപ്പോഴും (ഞാൻ മൃതനായി കിടക്കുന്ന ഈ വേളയിൽ നിങ്ങളും എന്റെ ശരീരത്തെ സൂക്ഷിച്ചു നോക്കുന്നുണ്ട്. ഇനി യാതൊരു പാരവശ്യവും ആവശ്യമില്ല. ആരും ഇനി ബുദ്ധിമുട്ടേണ്ടതില്ല എന്നൊക്കെ കരുതിയിട്ടെന്നപോലെ എല്ലാം ഉപേക്ഷിച്ചാണ് നിസ്സംഗമായി ഞാൻ കിടക്കുന്നതു്.

എന്നാൽ സത്യം എങ്ങനെയെന്നു പറയാം. എന്റെ മനസ്സിലെ ദുഃഖങ്ങളും എത്രയെന്നു കാട്ടിത്തരാം. യാതൊരു സംശയവും വേണ്ട.

(229_242) സ്വർഗരാജ്യത്തു പ്രവേശിക്കുന്നതിനു് കൃത്യമായി യോഗ്യതയുള്ളവരായി ആരുംതന്നെ കാണപ്പെടുന്നില്ല. ഈ ലോകത്തു് ജീവിച്ച പുണ്യവാന്മാരായ ആളുകളും, തങ്ങളുടെ കാലഘട്ടത്തിൽ തപസ്സു് അനുഷ്ഠിച്ചു. അങ്ങനെ അവർ ജീവിതം വെൺമയുള്ളതാക്കി മാറ്റി. ''ചൂളയിൽ സ്വർണ്ണം ഉരുകി മാറ്റു് വരുത്തും. യാതനകളും സഹിക്കുമുലം പുണ്യത്തിനും മാറ്റേറും'' ഈ കാര്യം ശരിതന്നെ എങ്കിലും സർവ്വേശ്വരന്റെ തൃക്കൺകളുടെ മുമ്പിൽ അവരുടെ ജീവിതം തനിത്തങ്കമായി മാറിയില്ല. ആ കാരണംകൊണ്ടു് 'സ്വർണ്ണം തീയിൽ കാച്ചുകയും അടിച്ചു പരത്തുകയും വീണ്ടും സ്ഫുടം

സുവർണ്ണം ചൂളയിൽ മാറ്റു വരുത്തുമ്പോൾ
സുകൃതം ദുഃഖത്താൽ പ്രകാശിക്കും

എങ്കിലും സർവ്വേശൻ തൻ തിരുക്കൺകളിൽ
തങ്കമിതായില്ല[1] എന്ന മൂലാൽ[2]

കാഞ്ചനം കാച്ചിത്താഡിച്ചു പരത്തീട്ടും
വീണ്ടും സ്ഫുടം വച്ചു സുവർണ്ണിക്കും 420

എന്നപോലീലോകേ കാച്ചിയടിച്ചിട്ട
സ്വർണ്ണ സമമുള്ള മാറ്റേറ്റിടും

എങ്കിലും നാഥന്റെ കണ്ണിനു നിർമ്മലം
വന്നില്ലതിന്നാലെ പരലോകേ

വഹ്നിയിലേറ്റവും ശക്തി പെരുകിയൊ
രഗ്നിക്കുള്ളമുണ്ടതിൽ ശയിക്കും

എന്നതല്ലാതൊരു പുണ്യനും സ്വർഗ്ഗത്തിൽ
ചെന്നുപുകുന്നതിതെത്രയല്ലും

ഇന്നതിന്നൊള്ളൊരു ചെയ്തിയറിയണം
എങ്കിൽ ഞാൻ ചൊന്നിടാം മുൻകാലത്തിൽ 250

ദ്രുദ്രീയ[3]ത്തോടെ ജീവിച്ചൊരു പുണ്യസ്ത്രീ
വൃദ്ധതപുക്കു രോഗത്തിലായി

ചെയ്യുകയും ചെയ്തു സുവർണ്ണശോഭ കൈക്കൊള്ളുന്നു.' എന്ന ഈ തത്ത്വമനുസരിച്ചു് അവരുടെ ജീവിതത്തെ ഈ ലോകത്തിൽവച്ചു് പുടപാകം ചെയ്തു് സ്വർണ്ണത്തിനു തുല്യം മാറ്റുവരുത്തും.

(243_248) എന്നിട്ടും നാഥനായ ദൈവത്തിന്റെ കൺമുമ്പിൽ അവരുടെ ജീവിതം അതിവനിർമ്മലം ആയിട്ടില്ലാ എന്നതുകൊണ്ടു് പരലോകത്തിൽവച്ചു് മറെറല്ലാത്തിനേക്കാളും ശക്തിയേറിയ തീയിൽ ഇടുന്നു. അങ്ങനെ കറകളെല്ലാം നിർമ്മാർജ്ജനം ചെയ്തിട്ടല്ലാതെ പുണ്യവാന്മാർപ്പോലും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നില്ല.

(249_280) ഇങ്ങനെ സ്വർഗപ്രവേശനത്തിനായി എന്താണു് ചെയ്യേണ്ടതു് എന്നതു് എല്ലാവരും അറിഞ്ഞിരിക്കണം. ഞാൻ അക്കാര്യം പറയാം.

---

1 തങ്കമിതായില്ല - ഇതു തങ്കമായില്ല

2 മൂലാൽ - കാരണത്താൽ 3 ഭദ്രീയം – ദാരിദ്ര്യം

ശേഷിച്ച തന്നുടെ രണ്ടു പെൺമക്കളും
ദ്വേഷിച്ച ലോകം വെറുത്തവരായ്

കന്യാത്വം നേർന്നു ജീവിക്കുന്ന നേരത്തിൽ
തന്നുടെ മാതു മരിപ്പാറായി

ആ സമയത്തിൽ ജീവിച്ചിരിക്കുന്നൊരു
മഹാ പുണ്യവതി കാണ്മാൻ വന്നു

ദ്രുതീയപ്പെട്ടയീ കച്ചിലിൽ[1] പുക്കപ്പൊഴും
ആശ്ചര്യപ്പെട്ടൊരു കാഴ്ച കണ്ടു

രാജരാജൻ തന്റെ മാതൃരാജസ്ത്രീതാൻ
ഏറിയ കന്നികയും ചൂഴപ്പെട്ടും

വാനവരായുള്ള മലാഖാമാരവർ
വാനതാക്കോൽക്കാരൻ പത്രോസുമായ്

ഈ ദേഹം കച്ചിലിൻ വാതുക്കൽ ചിഹ്നമായ്
ഭ്രതപ്പിശാചുക്കളെയോടിക്കുന്നു.

ദൈവമാതാവുതാൻ രോഗീ ശിരോഭാഗേ
സ്വേദം തുടയ്ക്കുന്നു തൻ കരത്താൽ

കന്യാസ്ത്രീ കൂട്ടമതൊക്കെയും കൂട്ടിളിന്നു
കാവൽ ദാസികളായ് ചുറ്റീടുന്നു.

പരമദരിദ്രയായി ജീവിച്ച ഒരു പുണ്യസ്ത്രീ വയസ്സുചെന്നു് രോഗാധീനയായി അവളുടെ രണ്ടു പുത്രിമാർ ലോകത്തെ ദ്വേഷിച്ചു്, കന്യാവ്രതം സ്വീകരിച്ചവരായി, സുകൃതം ചെയ്തു് ജീവിക്കയായിരുന്നു. അക്കാലത്തു് അവരുടെ മാതാവായ സാധുവൃദ്ധ ആസന്നമരണയായി.

അക്കാലത്തു് ജീവിച്ചിരുന്ന ഒരു മഹാപുണ്യവതി വൃദ്ധയെ കാണാൻ വന്നു. ദരിദ്രോചിതമായ ആ കുടിലിൽ പുണ്യവതി പ്രവേശിച്ചു. അപ്പോഴും ആശ്ചര്യകരമായ ഒരു കാഴ്ച ആ പുണ്യവതി കണ്ടു. ഇതായിരുന്നു ആ ദർശനം.

രാജരാജനായ യേശുനാഥൻ, അനേകം കന്യാമണികളാൽപരിസേവിതയായി സ്വർഗരാജ്ഞി, മാലാഖാമാർ, സ്വർഗത്തിന്റെ താക്കോൽക്കാരനായ പത്രോസു് എന്നിവരെല്ലാം ആ കൊച്ചുകുടിലിന്റെ മുമ്പിൽ ആഗതരായിരിക്കുന്നു. അതാവൃദ്ധയുടെ ദേഹം കുടി

---

1 കച്ചിലിൽ-കുടിലിൽ

ഈ മഹാഘോഷത്തിൻ മധ്യേവിധവയും
ശ്വാസവും വിട്ട പിരിഞ്ഞു ദേഹി

ആ നേരം മാതാവു് ആത്മാവുതൻ കയ്യിൽ
ആദരാലേറ്റു മറഞ്ഞു കാഴ"ച

ഈ രണ്ടു കന്നികയും ദുഃഖിക്കും നേരത്തിൽ
ഈ കണ്ടു കാഴ്ചയാൽ തോഷിപ്പിച്ചു.

അപ്പഴൊ തങ്ങടെ മാതാവിൻറെ ആത്മാവും
തൽക്ഷണം മോക്ഷത്തിൽ പൂക്കെന്നോർത്തു

മേൽചൊന്ന പുണ്യവതിയുമീമക്കളും
അച്ചൊന്നയാതു്മാവെത്തുണച്ചില്ലാ. 280

ഒട്ടനാൾ ചെന്നപ്പോൾ ആ പുണ്യവാളത്തി
മുട്ടും മേൽ നിന്നു ധ്യാനിക്കുംനേരം

അഗ്നിയിൻ ജ്വാലകൾ വീശുന്നതിൻ മധ്യേ
അഗ്നി വസ്ത്രമണിഞ്ഞൊരു ദേഹി

ആശ്വാസമില്ലാത്ത ദീർഘശ്വാസത്തോടെ
അത്യന്ത ദുഃഖസ്വരം കേൾപ്പിച്ചു

ചിന്ന മുമ്പിൽ അടയാളമായിക്കിടക്കുന്നു. അപ്പോൾ അവിടെയെത്തിയ ഭൂതങ്ങളെയും പിശാചുക്കളേയും പുണ്യാത്മാക്കൾ ഓടിക്കുന്നു. ദൈവമാതാവു സ്വകരംകൊണ്ടു ആ രോഗിയുടെ നെറ്റിയിലെ വിയർപ്പുകണങ്ങൾ തുടയ്ക്കുന്നു. കന്യാമണികൾ ദാസഗണങ്ങളേപ്പോലെ കട്ടിലിനു ചുറ്റും ശുശ്രൂഷക്കായി നിലകൊള്ളുന്നു. ഇങ്ങനെയുള്ള ഘോഷങ്ങൾ നടക്കുന്നതിനിടയിൽ ആ വൃദ്ധയുടെ പ്രാണവിയോഗം വന്നു. അവളുടെ ആത്മാവിനെ ദൈവമാതാവു് സ്വകരങ്ങളിലെടുത്തു് മറയുകയും ചെയ്തു.

ആ വൃദ്ധയുടെ രണ്ടു മക്കളും ദുഃഖിതരായിരിക്കയിൽ ഈ കാഴ്ച കണ്ടു് അത്യധികം സന്തോഷിച്ചു. തങ്ങളുടെ അമ്മയുടെ ആത്മാവു് സ്വർഗത്തിൽ പ്രവേശിച്ചു എന്നുതന്നെ അവർ വിചാരിച്ചു. മേൽ പ്പറഞ്ഞ പുണ്യവതിയും, ആ വൃദ്ധയുടെ പുത്രിമാരായ രണ്ടു കന്യാസ്ത്രീകളും അവളുടെ ആത്മാവിനുവേണ്ടി യാതൊന്നും ചെയ്തില്ല.

(281_296) കുറെ നാളുകൾ കടന്നുപോയി. ഒരു ദിവസം മേല്പറഞ്ഞ പുണ്യവതി മുട്ടിൽനിന്നു് ധ്യാനിക്കുകയായിരുന്നു. അഗ്നി നാളങ്ങൾ ഉജ്വലിക്കുന്നതിനു നടുവിൽ അഗ്നിവസ്ത്രങ്ങളണിഞ്ഞ ഒരു

കേട്ടാക്ഷണം ഭയത്തോടുടൻ ചോദിച്ചു
തിട്ടതി[1] എന്തു നീ ആരു ചൊൽക?

കേട്ടുടൻ ഞാൻ നിന്റെ സ്നേഹിതയായവം
കഷ്ടപ്പെട്ടന്നയ്യോ മഹാദുഃഖം

സ്നേഹിതയായ നീ എന്നെ മറന്നുപോയ്
സ്നേഹമേറെയുള്ള എൻമക്കളും

ആയവരെങ്കിലും എന്നെപ്രതി ചില
ദയവു ചെയ്തേനെ നീ അല്ലെങ്കിൽ

അപ്പഴൊ എന്നെ നീ തുണച്ചിതില്ലയ്യോ
നൽതുണ കൂടെമുടക്കിയല്ലോ

ഇച്ചൊന്നതൊക്കെയും കേട്ടുടൻ പുണ്യസ്ത്രീ
ആശ്ചര്യപ്പെട്ട ഭ്രമിച്ചു ചൊല്ലീ:

''സ്നേഹ സഹോദരീ നിന്റെ മരണത്തിൽ
സ്നേഹം നിറഞ്ഞൊരു ദൈവമാതാ

കാട്ടിയ സ്നേഹവും കൂട്ടിയഘോഷവും
കണ്ടുനിനച്ചു ഞാൻ നിന്റെയാത്മം

ആത്മാവു് നില്ക്കുന്ന കാഴ്ചകണ്ടു. യാതൊരു ആശ്വാസവുമില്ലാത്ത മട്ടിൽ നെടുവീർപ്പിട്ടു. അത്യധികമായ ദുഃഖത്തിന്റെ ശബ്ദം ആ ആത്മാവു് പുറപ്പെടുവിച്ചു.

അതുകേട്ടു് സംഭ്രമത്തോടെ അവൾ ചോദിച്ചു ''നീ ആരാണു്? എന്തിനായിട്ടാണു് നീ വന്നതു?''

ഈ ചോദ്യം കേട്ടു് അവൾ പറഞ്ഞു. ''ഞാൻ നിന്റെ സ്നേഹിതയാണു്. ഞാൻ മഹാദുഃഖത്തിലായിരിക്കുന്നു. എന്റെ സ്നേഹിതയായ നീ എന്നെ മറന്നുവല്ലോ. എന്റെ പെൺമക്കളും മറന്നിരിക്കുന്നു. നീ പറഞ്ഞില്ലായിരുന്നെങ്കിൽ എന്റെ മക്കളെങ്കിലും ദയാദാക്ഷിണ്യം കാണിച്ചേനേ. നീ എന്നെ സഹായിച്ചില്ല എന്നതന്നെയല്ല നല്ല ഒരു സഹായം ലഭിക്കുമായിരുന്നതു് മുടക്കിക്കളയുകയും ചെയ്തു.

(297–306) ഈ പറഞ്ഞതെല്ലാംകേട്ടു് ആശ്ചര്യഭരിതയായി ആ പുണ്യവതി സംഭ്രമത്തോടെ പറഞ്ഞു.

---

1 തിട്ടതി–ആവശ്യം

തൽക്ഷണം മോക്ഷത്തിൽ രാജ്ഞിയോടൊന്നിച്ചു
മോക്ഷത്തിൽ പുക്കെന്നു ഞാനുറച്ചു

കണ്ടൊരു കാഴ്ചയും നിന്നുടെ മക്കളെ
കണ്ടപോൽ കേഴംപ്പിച്ചെൻ ബുദ്ധിഹീനാൽ

അയ്യയ്യോ സ്നേഹിതേയപ്പുരി പൂകുവാൻ
എത്രയോ ശുദ്ധിതൻ വെണ്മവേണം.

അല്പമാലിന്യ നിഴലാപ്പുരിയെത്താൻ
തൊല്പം[1] തടവെന്നുമോർത്തു കൊണ്ക 310

ദൈവമാതാവിൻ ദയയുടെ കാരണാൽ
ദൈവകോപത്തിൽ നിന്നെന്നെ നീക്കി

എങ്കിലുമെന്നുടെ അല്പാശുദ്ധങ്ങളിൽ
ചെങ്കൽ ചൂളസമം വേകുന്നു ഞാൻ

നീയെന്നെ ഇന്നിയും മറന്നിടാതുടൻ
ദയയാലെ നീയുമെൻ പ്രിയമക്കൾ

സർവ്വേശൻ തന്നോടെ പ്രാർത്ഥിക്കുമെങ്കിലോ
സർവ്വദയാപരൻ ക്ഷമിച്ചിടും

''അല്ലയോ സ്നേഹമുള്ള സഹോദരി നിന്റെ മരണസമയത്തു് പ്രിയം നിറഞ്ഞ ദൈവമാതാവു് കാണിച്ച താല്പര്യം ഞാൻ കണ്ടതാണല്ലോ. അപ്പോഴുണ്ടായ ആഘോഷവും ഞാൻ ഓർക്കുന്നു. അതുകൊണ്ടു് നിന്റെ ആത്മാവു് തൽക്ഷണം മോക്ഷത്തിൽ പ്രവേശിച്ചുവെന്നു് ഞാൻ തീർച്ചയാക്കി. അപ്പോഴും ദർശിച്ചകാര്യങ്ങളും അതേപടി നിന്റെ മക്കളായ കന്യാസ്ത്രീമാരെ പറഞ്ഞു കേൾപ്പിക്കയും ചെയ്തു. അതു ബുദ്ധിമോശമായിപ്പോയി എന്നു് ഞാൻ ഇപ്പോഴും മനസ്സിലാക്കുന്നു.

(307-324) വൃദ്ധയുടെ ആത്മാവു് പറഞ്ഞു: ''അയ്യയ്യോ എന്റെ സഹോദരി, സ്വർഗീയനഗരത്തിലെത്താൻ എത്രയധികം പരിശുദ്ധിയുടെ വെൺമ വേണമെന്നറിയാമോ? അല്പമായ മാലിന്യത്തിന്റെ നിഴൽപ്പോലും ആ പുരിയിലെത്താൻ തടസ്സമായി നിലകൊള്ളും എന്ന കാര്യം മറക്കരുതു്. ദൈവമാതാവിന്റെ ദയാവായ്പുമൂലം ദൈവകോപത്തിൽനിന്നും ഞാൻ മോചിതയായി. എങ്കിലും നിസ്സാരങ്ങളായ എന്റെ പാപങ്ങൾമൂലം ചെങ്കൽച്ചൂളയിലെന്നതുപോലെ എന്റെ ആത്മാവു് വേദനിക്കുന്നു.

---

1 തൊല്പം-സ്വല്പം

തന്നുടെ നീതിദയയായ് പകർത്തുവാൻ
നിങ്ങൾക്കീ നേരത്തിൽ സാധ്യമല്ലോ.

എന്നുടെ വേലയിൽ നേരം കഴിഞ്ഞുപോയ്
ഇന്നെന്റെ രോദനം കേൾക്കുന്നില്ലാ

നിങ്ങളെനിക്കായി പ്രാർത്ഥിക്കുമെങ്കിലൊ
അപ്പൊടനുകൂലമുണ്ടാമെന്നിൽ

എന്നതു കേട്ടടൻ പുണ്യവാളത്തിയും
നന്നായി കൂ്ളേശിച്ചു പ്രാർത്ഥിച്ചുടൻ

മക്കളുമൊന്നിച്ചു പ്രാർത്ഥിക്ക കാരണം
ദുഃഖം ക്ഷണം തീർന്നു മോക്ഷംപൂകി,

കേട്ട ജനങ്ങളെ, സ്നേഹ സഹോദരെ
കാട്ടണമെന്നിലും ദയയിപ്പോൾ

ഇപ്പോലെയുള്ളൊരു വിസ്മയക്കാഴ്ചകൾ
അപ്പുണ്യനാരി മരണത്തുകൽ

സംഭവിച്ചെങ്കിലും പാപക്കറതീർപ്പാൻ
ശുദ്ധീകരസ്ഥലെ എത്ര ദുഃഖം

ഇനിയും നീ എന്നെ മറക്കരുതു്. ദയവായി, നീയും എന്റെ പുത്രിമാരും സർവേശ്വരന്റെ പക്കൽ പ്രാർത്ഥിക്കുകയാണെങ്കിൽ സർവദയാപരനായ അവിടുന്നു് എന്റെ തെറ്റുകളെല്ലാം ക്ഷമിച്ചു കൊള്ളും. സർവേശ്വരന്റെ നീതിവിധിയെ ദയാമസൃണമാക്കുവാൻ ഈ സമയത്തു് നിങ്ങൾക്കു മാത്രമേ കഴിയൂ. എന്റെ പ്രവർത്തനങ്ങൾക്കുള്ള സമയം കടന്നുപോയിരിക്കുന്നു. എന്റെ വിലാപം ദൈവം ഇപ്പോൾ കേൾക്കുകയില്ല. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമെങ്കിൽ എനിക്കു് ദൈവകൃപ ലഭിക്കും.''

(325_328) വൃദ്ധയുടെ ആത്മാവു് പറഞ്ഞ വാക്കുകൾ ആ പുണ്യചരിത കേട്ടു. വളരെ സങ്കടത്തോടെ അവളും, ആ വൃദ്ധയുടെ മക്കളും ചേർന്നു് പ്രാർത്ഥിച്ചു. തന്മൂലം വൃദ്ധയുടെ ആത്മാവിന്റെ ദുഃഖം പെട്ടെന്നു് അവസാനിച്ചു. അതു് സ്വർഗ്ഗത്തിലേയ്ക്കു് പോവുകയും ചെയ്തു.

(329_338) ഇതു ശ്രവിച്ച എന്റെ സ്നേഹസഹോദരരേ, നിങ്ങൾ എന്നിലും ദയകാട്ടണം. ആ പുണ്യസ്ത്രീയുടെ മരണവേളയിൽ ഇതുപോലെയുള്ള വിസ്മയമായ കാഴ്ച കാണാനിടവന്നു. പാപങ്ങളുടെ

ആ സ്ഥലം കിട്ടുന്നതെത്രയും ഭാഗ്യമെ
ന്നെപ്പോഴുമോർത്തു നടന്നു കൊണ്ടുവിൻ

ഇപ്പൊലെയുള്ളൊരു പുണ്യന്മാർക്കല്ലാതെ
അപ്പുരി കിട്ടുവാൻ യോഗ്യമില്ലാ

രക്ഷിതാവിന്നുടെ രക്തവിലയാലെ
രക്ഷിക്കപ്പെട്ടൊരു ആത്മാ ഞാനും

ആ തിരുരക്തത്തിൽ വച്ചശരണത്താൽ
ശുദ്ധീകരസ്ഥലം മായഭാഗ്യം

എന്നതിനാൽ മമ സ്നേഹിതർ നിങ്ങളും
നന്ദിയോടെന്നെത്തുണച്ചിടേണം

ഇന്നലെ എന്നുടെ സങ്കടം കണ്ടപ്പോഴും
നന്നായ് സഹായിച്ചു നിങ്ങളും മോദാൽ

ഉഷ്ണിച്ചു ഞാൻ വിയർക്കുന്നെന്നു കണ്ടപ്പോഴും
ഉഷ്ണിച്ചു നിങ്ങളും തണുപ്പിപ്പാൻ മേ

വ്യാധിമേ തീർപ്പതിന്നെത്രയുംക്ലേശിച്ചു
ഔഷധം തേടുവാനോടി നിങ്ങളും

എന്നുടെ സങ്കടം നിങ്ങളും കാണുന്നു
അന്യോന്യം നിങ്ങളെ ഞാനും ദുഃഖം

കുറ തീർക്കുവാൻ ശുദ്ധീകരണസ്ഥലത്തു് എത്രയോ ദുഃഖങ്ങളും അനുഭവിക്കേണ്ടിയിരിക്കുന്നു. എങ്കിലും ആ സ്ഥലം കിട്ടുന്നതുതന്നെ എത്രയോ ഭാഗ്യമാണെന്നു് ഓർത്തുനടക്കുക. മേല്പറഞ്ഞവരേപ്പോലെയുള്ള പുണ്യവാന്മാർക്കല്ലാതെ മറ്റാർക്കും ശുദ്ധീകരണസ്ഥലമാകുന്ന ഇടവേള കിട്ടുവാൻ യോഗ്യത ലഭിക്കുകയില്ല.

(339_356) രക്ഷകനായ ദൈവത്തിന്റെ രക്തത്തിന്റെ വില കൊണ്ടു് വീണ്ടെടുക്കപ്പെട്ട ഒരാത്മാവാണു് ഞാനും. അവിടുത്തെ തിരുരക്തത്തിൽ ഞാൻ ശരണം വച്ചിരുന്നതുകൊണ്ടു് ശുദ്ധീകരണസ്ഥലം എന്ന ഭാഗ്യത്തിനു് ഞാനും അർഹനായി. അതുകൊണ്ടു് എന്റെ സ്നേഹിതരായ നിങ്ങളും കൃതജ്ഞതയോടെ എന്നെ സഹായിക്കാൻ തയ്യാറാകണം. ഭൂമിയിൽവച്ചു് ഇന്നലെ എന്റെ സങ്കടം നിങ്ങളും കണ്ടു. എന്നെ സന്തോഷപൂർവം സഹായിക്കയുംചെയ്തു. ഞാൻ ഉഷ്ണംകൊണ്ടു് കഷ്ടപ്പെടുന്നതു കണ്ടു് എനിക്കു തണുപ്പു് നൽകാൻ നിങ്ങളും വല്ലാതെ വിയർത്തു. എന്റെ രോഗം ഇല്ലാതാക്കുന്നതിനുള്ള ഔഷധം അന്വേഷിച്ചു് നിങ്ങളും ഏറെ ക്ലേശങ്ങളും സഹിച്ചു.

എന്നതു കാരണം ക്ലേശിച്ചെന്നെ പ്രതി
ഇന്നിതന്യോന്യമായ് നഷ്ടമല്ലോ-

എന്നതു കൊണ്ടിവൻ നാവിനാൽ ഞാൻ തന്നെ
ചൊല്ലുന്നതെന്നു നിനച്ചു കൊൾവിൻ

ഇന്നലെ കണ്ടമേൽ ദുഃഖമല്ലീ നേരം
എന്നിതും ബോധാൽ സ്മരിച്ചു കൊൾക.

ഈയ്യമുരുക്കുന്ന തീയുടെ ശക്തിയിൽ
സ്വർണ്ണമുരുകുവാനായീടുമോ? 360

ഭൂലോക മാനുഷാതിഷ്ഠതി പോകുവാൻ
ഭൂമിനാഥൻ തന്നൊരു ആജ്ഞയിതു്

പാപക്കറകളം ദഹിപ്പിച്ചു ദേഹിയെ
പ്രതാപമേറുവാൻ സർവ്വനാഥൻ

നീതിക്കു തക്കപോൽ ശുദ്ധി വരുത്തുവാൻ
ശുദ്ധീകരസ്ഥലം സൃഷ്ടിചെയ്തു.

എന്നതിലുള്ളൊരു ദുഷ്ക്കർമ്മസംഹാരം
ചൊന്നീടുവാൻ തക്ക നാവില്ലഹോ

നിങ്ങളുടെ ദുഃഖം ഞാൻ കാണുന്നു. എന്റെ ദുഃഖം നിങ്ങളും ദർശിക്കുന്നു. നിങ്ങളം എനിക്കുവേണ്ടി ബുദ്ധിമുട്ടിയതെല്ലാം ഇന്നു് നഷ്ടമായിരിക്കുന്നുവല്ലോ. അതുകൊണ്ടു് ഞാൻ പറയുന്ന കാര്യങ്ങളം നിങ്ങളം ധ്യാനിക്കുക.

(357-360) ഇന്നലെ എന്റെ മരണസമയത്തു് കണ്ട ദുഃഖമല്ല ഇപ്പോളം എനിക്കുള്ളതു് എന്ന കാര്യവും നിങ്ങളുടെ ബോധത്തിൽ ഉണ്ടായിരിക്കട്ടെ. ഈയം ഉരുക്കുവാൻതക്ക തീയുടെ ശക്തികൊണ്ടു് സ്വർണ്ണം ഉരുക്കുവാൻ കഴിയുമോ? ഈ തീയു് ദുർവഹംതന്നെ.

(361-368) ലോകത്തിൽവച്ചു് മനുഷ്യർ ചെയ്ത തിന്മകളംക്കു് ദൈവംതന്നെ നിശ്ചയിച്ചിട്ടുള്ള ശിക്ഷയാണു് ഇതു്. പാപങ്ങളുടെ കറകളം ദഹിപ്പിച്ചു് ആത്മാവിനു ശക്തിനൽകുവാനും നീതിക്കനുസൃതമായ പരിശുദ്ധി വരുത്തുവാനും സർവ്വത്തിന്റെയും നാഥനായ ദൈവം ശുദ്ധീകരണസ്ഥലം സൃഷ്ടിച്ചു. അതുകൊണ്ടു് ദുഷ്ക്കർമ്മങ്ങളെ നിർമ്മാർജ്ജനംചെയ്യാൻ കഴിയുന്നുവെന്നതു് വർണ്ണിക്കുവാൻ ഉചിതമായ നാവു് എനിക്കില്ല.

അസ്ഥലെ ചെന്നു കണ്ടിങ്ങു വന്നെന്നൊരു
ക്രിസ്ത്യാനി രോഗിക്ഷപൻ താപസൻ

തന്നുടെ കട്ടിലിൽ രോഗത്താലൊട്ടനാം
തന്റെ സർവ്വാംഗവും വ്രണപ്പെട്ടും

നിദ്രയൊഴിഞ്ഞു സഹിക്കുന്ന ദുഃഖത്താൽ
രാത്രിയൊരു സമാ എന്നസമം

ഇങ്ങനെ ക്ലേശിച്ചുകൊണ്ടൊരു രാത്രിയിൽ
മംഗല ദൈവത്തെ നോക്കിച്ചൊല്ലി

ദയവുനിറഞ്ഞുള്ള ദൈവമേ, നായകാ,
ദയാദിക്യത്താലെ എന്നെ പാക്കാ

എന്നുടെ ദേഹം വിലങ്ങിനെവെട്ടി നീ
നിന്നുടെ സന്നിധേയാക്കണമേ

ഇങ്ങനെ ക്ലേശിച്ചു പ്രാർത്ഥിക്കുന്നേരത്തിൽ
മംഗലൻ തന്നുടെ കാവൽദൂതൻ

പ്രത്യക്ഷ ദർശനമായിട്ട രോഗിയെ
സൂക്ഷിച്ചുറവിച്ചു, ദൈവചിത്തം

ഇന്നി നീ നിന്നുടെ ദേഹത്തോടൊന്നിച്ചു
മന്നിൽ സഹിക്കണമൊരു കാലം

(369-380) ശുദ്ധീകരസ്ഥലത്തു് ഒരിക്കൽ പോകാനിടയായ ശാന്തനും രോഗിയും താപസനുമായ ഒരു ക്രൈസ്തവന്റെ ചരിത്രം കേൾക്കുക. അയാൾ സ്വന്തം കിടക്കയിൽ ദീർഘകാലം സർവാംഗം വ്രണപ്പെട്ടും ഉറക്കമില്ലാതെയും കിടന്നു. വേദനയുടെ ആഴം നിമിത്തം ഒരു രാത്രി എന്നതു് ഒരു വർഷംപോലെ ആയിരുന്ന അയാൾക്കു്. ഈ കഷ്ടപ്പാടുകളിൽ മനം തകർന്നു് ഒരു ദിവസം, മംഗളവാനായ ദൈവത്തെ നോക്കി ആ മനുഷ്യൻ പറഞ്ഞു. "കാരുണ്യമുള്ള ദൈവമേ! എന്റെ നാഥാ, എന്നെ ദയയോടെ കടാക്ഷിക്കേണമേ. എന്റെ ശരീരം നേരെ വെട്ടിനുറുക്കി നിന്റെ സന്നിധിയിലാക്കേണമേ"

(381-390) ഇങ്ങനെ അയാൾ പ്രാർത്ഥിക്കുന്ന സമയത്തു് നല്ലവനായ ദൈവത്തിന്റെ ദൂതനായ ഒരു മാലാഖ മുമ്പിൽ പ്രത്യക്ഷനായി. ആ മനുഷ്യനോടു് ഇങ്ങനെ അറിയിച്ചു. "നീ കേൾക്കുക. ഇതാണു് ദൈവതിരുമനസ്സു്. ഇനി ഒന്നുകിൽ ഈ ശരീരത്തോടുകൂടി ദീർഘകാലം ഈ ഭൂമിയിൽ നീ ജീവിക്കണം. അല്ലെങ്കിൽ നിന്റെ

അല്ലെങ്കിൽ നിന്നുടെ ദേഹി മൂന്നുദിനം
നന്നായ് ക്ഷമിക്കണം ശുദ്ധീകരെ

എന്നതിലൊന്നിനി നിന്മനസ്സെന്ന പോൽ
തന്നീടും സർവ്വേശൻ ഭേദമില്ല

എന്നതു കേട്ടുടൻ മൂന്നുദിനം ക്ഷണം
എന്തൊരു ശിക്ഷയും ഞാൻ സഹിക്കാം.

ഈ മഹാദുഃഖത്തിലിനിയൊരു സമഃ
സഹിക്കുമെന്നതിൽ സ്വല്പംനന്നു

ആ മൂന്നുവാസരം തീരുന്നതു ക്ഷണേ
ആ സ്വർഗ്ഗരാജ്യത്തിലണഞ്ഞീടാം

എന്നതിനാലതു തന്നെ എനിക്കിപ്പോം
തന്നീടണമെന്നും പ്രാർത്ഥിച്ചുടൻ

മരണമാത്രയ്ക്കു വട്ടമടപ്പിപ്പാൻ
മാലാഖാ ചൊന്നപോൽ ചെയ്തു ക്ഷപൻ

മരിച്ചുടൻ തന്നെ പിരിഞ്ഞൊരു ആത്മത്തെ
മരിച്ചങ്ങുനിവിലങ്ങിടത്തിൽ

സൂര്യൻ മറഞ്ഞതിൻ ശേഷത്തിൽ മാലാഖാ
ശുദ്ധീകരത്തിങ്കൽ ചെന്നു കാണ്മാൻ

ആത്മാവു് മൂന്നു ദിവസത്തേക്കു് ശുദ്ധീകരസ്ഥലത്തെ തീയിൽ വേദന സഹിക്കണം. ഈ രണ്ടു കാര്യങ്ങളിൽ ഏതെങ്കിലും ഒന്നു് നീ തെരഞ്ഞെടുത്തുകൊള്ളുക. നിന്റെ ഇഷ്ടം പോലെ എത്തും തരാൻ ദൈവം സന്നദ്ധനാണു്''.

(391_400) ഇതുകേട്ടു് സ്വർഗ്ഗദൂതനോടു് അയാം പറഞ്ഞു: ''മൂന്നു ദിവസത്തേയ്ക്കു മാത്രമാണെങ്കിൽ ഏതു തരം ശിക്ഷയും ഞാൻ സഹിക്കാൻ തയ്യാറാണു്. ഇപ്പോഴം ഞാൻ അനുഭവിക്കുന്ന ദുഃഖം ഒരു വർഷത്തേയ്ക്കു് അനുഭവിക്കുന്നതിനേക്കാം എത്രയും നല്ലതു് മൂന്നു ദിവസം കൊണ്ടു് അവസാനിക്കുന്ന ക്ലേശം സഹിക്കുന്നതാണു്. ആ മൂന്നു ദിവസം കഴിഞ്ഞാലുടനെ സ്വർഗ്ഗരാജ്യത്തു് പ്രവേശിക്കയും ചെയ്യാമല്ലോ. അതുകൊണ്ടു് ഇപ്പോഴത്തന്നെ ശുദ്ധീകരസ്ഥലത്തെ വാസം തരണമേ എന്നു് അയാം ശാന്തതയോടെ യാചിച്ചു.

(401_406) അയാം ഇങ്ങനെ അപേക്ഷിച്ചപ്പോം മരണത്തിനു് ഒരുങ്ങിക്കൊള്ളാൻ മാലാഖായും പറഞ്ഞു. അതനുസരിച്ചു് അയാം ഒരുങ്ങി. അന്ത്യശ്വാസം വലിച്ചതോടെ അയാളുടെ ആത്മാവു്

ഭൂലോകേ രോഗത്താൽ നീ സഹിച്ചെന്നൊരു
ഭൂമി ദുഃഖത്തെക്കാളും ചെറുതിതൊ

ഈ വാർത്ത കേട്ടിട്ട കോപദുഃഖത്താലെ
ക്ലേശിച്ച കൊണ്ടുടൻ ചൊന്നീവണ്ണം

മൂന്ന ദിനമതിൽ ചൂട സഹിച്ചിട്ട
സന്ദേഹമില്ലാതെ സ്വർഗ്ഗം പ്രാപ്യം 410

എന്ന വദിച്ച നീയെന്നുടെ ആത്മത്തെ
അന്നീ മഹാഗ്നിയിൽ മുക്കിവെച്ച

എന്നതിൽ പിന്നെ ഇതെത്ര കാലങ്ങളായ്
ഇന്ന മാത്രം നിന്നെ കണ്ട ഞാനും

എന്നതിനാലെ നീ ദൈവത്തിൻ മാലാഖാ
അല്ലെന്ന നിശ്ചയം തോന്നുന്നഹോ

ഓഹോമൽ സോദരാ നിന്നുടെ സൽബുദ്ധി
ഈ മഹാ ദുഃഖാലിരുണ്ടുപോയി

അഗ്നികൊണ്ടുള്ള കാരാഗൃഹത്തിലേയ്ക്ക് നയിക്കപ്പെട്ട. ആ ദിവസം സൂര്യനസ്തമിച്ചപ്പോൾ അയാളെക്കാണുവാൻ മാലാഖാ ശുദ്ധീകരസ്ഥലത്തേയ്ക്ക് ചെന്ന. ''അല്ലയോ, സുഹൃത്തേ'' മാലാഖ പറഞ്ഞു: ''ലോകത്തിൽവച്ച നീ അനുഭവിച്ച ദുഃഖമാണോ; അതോ ഇപ്പോൾ അനുഭവിക്കുന്ന ദുഃഖമാണോ വലുതു് എന്ന പറയുക'' എന്ന്.

(407_416) മാലാഖായുടെ ഈ വാക്കുകൾ കേട്ടപ്പോൾ അയാൾക്കു് ദുഃഖവും താപവും ഉണ്ടായി. വിങ്ങിപ്പൊട്ടി അയാൾ മാലാഖായോട പറഞ്ഞു: ''താങ്കൾ എന്നെ വഞ്ചിച്ചിരിക്കുന്ന. മൂന്ന ദിവസത്തെ താപം സഹിച്ചതിനുശേഷം സ്വർഗ്ഗരാജ്യത്തിലേയ്ക്ക് പ്രവേശിക്കാം, അതിന സംശയമില്ല എന്നായിരുന്നല്ലോ നീ എന്നോട നേരത്തെ പറഞ്ഞിരുന്നതു്. എന്നിട്ട് എന്റെ ആത്മാവിനെ ഈ ശുദ്ധീകരസ്ഥലമാകുന്ന അഗ്നികുണ്ഡത്തിൽ മുക്കി നിറുത്തി. അതിന ശേഷം എത്രയധികം കാലങ്ങൾ കടന്നുപോയി. ഇന്ന മാത്രമാണ് എനിക്കു് താങ്കളെ കാണാൻ കഴിയുന്നതു്. ഇങ്ങനെ പ്രവർത്തിച്ച താങ്കൾ സാക്ഷാൽ ദൈവത്തിന്റെ മാലാഖാ അല്ലെന്നു് എനിക്കു തോന്നുന്നു''.

(417_430) അപ്പോൾ മാലാഖാ പറഞ്ഞു: ''ഓഹോ! എന്റെ സ്നേഹിതാ നിന്റെ സദ്ബുദ്ധി ഈ മഹാദുഃഖംകൊണ്ടു് ഇരുണ്ടുപോയിരിക്കുന്നുവല്ലോ. ഞാൻ ഒരിക്കലും കളവു പറഞ്ഞിട്ടില്ല. വാനവദൂതനാണ് ഞാനെന്നതിനു് നിനക്കു സംശയം വേണ്ട. നീ മരണമട

ഞാനൊരുനാളുമേ വേളസം[1] ചൊന്നില്ലാ
വാനവൻ ഞാൻ തന്നെ ഭേദമില്ലാ

നീ മരിച്ചെന്നതിൻ ശേഷമിതുവരെ
ഏകദിനം തികഞ്ഞില്ല ദുഃഖം

നിന്നുടെ ദേഹത്തെ മണ്ണിൽ മറപ്പാനായ്
ഇന്നിതു നേരം മതിയായില്ല

നീ മരിച്ചെന്നൊരാ കട്ടിലതിൽ തന്നെ
നിൻ ദേഹമപ്പോൽ കിടന്നീടുന്നു.

നീ സഹിച്ചീടുന്നൊരഗ്നിയിൻ ശക്തിയാൽ
ഈ നേരങ്ങൾ ബഹുകാലങ്ങൾ പോൽ

നിന്റെ ചിത്തം തന്നിൽ തോന്നിയ കാരണം
ഈ വണ്ണം ചൊല്ലി നീ നേരല്ലിതു'

എന്നതു കേട്ടടൻ ആത്മാവു ദുഃഖത്താൽ
നന്ദിയപേക്ഷിച്ചു വീണ്ടും ചൊല്ലി

ഭൂലോകെ സർവ്വേശൻ തന്നൊരു വ്യാധിയെ
ഭേദമില്ലാതെ ക്ഷമിച്ചിടാം ഞാൻ.

ഒന്നല്ല കാലമതിലേറെയെങ്കിലും
സന്ദേഹമെന്നിയെ സഹിച്ചീടാം

ഞ്ഞിട്ട് ഒരു ദിവസം പോലും ഇതുവരെ പൂർത്തിയായിട്ടില്ല എന്നതു് തീർച്ചയാണു്. നിന്റെ ശരീരം മണ്ണിനുള്ളിൽ സംസ്കരിക്കാൻ ബന്ധുക്കൾക്കു് സമയം ആയിട്ടില്ല. നീ മരിച്ചുകിടന്ന കട്ടിലിൽ നിന്റെ ദേഹം അതേപടിതന്നെ കിടപ്പുണ്ടു്.

നീ ഇപ്പോഴും സഹിക്കുന്ന ശുദ്ധീകരാഗ്നിയുടെ ശക്തിമൂലം ഈ ചുരുങ്ങിയ സമയം ദീർഘകാലങ്ങൾ എന്നതുപോലെ നിന്റെ മനസ്സിൽ തോന്നുന്നതാണു്. നീ എന്നോടു പറഞ്ഞതൊന്നും വാസ്തവമല്ല''.

(431–438) മാലാഖാ പറഞ്ഞതു് ആ ആത്മാവു് ശ്രവിച്ചു. ദുഃഖപൂരിതനായി. കൃതജ്ഞതയോടെ ഇങ്ങനെ അപേക്ഷിച്ചു. 'ഈ ഭൂമിയിൽ സർവ്വേശ്വരൻ തരുന്ന വ്യാധികളെ എന്തായാലും തീർച്ചയായും ഞാൻ അനുഭവിച്ചുകൊള്ളാം. ഒരു വർഷമല്ല എത്ര വർഷം

---

1 വേളസം–ചീത്തത്തം

ഇനിയൊരു മണി നേരം മാത്രമെന്നാകിലും
ഈ കഠോരാഗ്നി സഹിപ്പാൻ മേലാ

ദൂതനിയാമം ദൈവാനുഗ്രഹത്താലുടൻ
ദേഹിയെ ചേർത്തു തൻ ശരീരത്തിൽ 440

കാത്തിരുന്നോരായ സഹോദരന്മാരും
പേർത്തു ശരീരെയിളക്കം കണ്ടു.

ഭീതിയാലേവരുമോടുന്ന നേരത്തിൽ
ഭീതിയും വേണ്ട ഞാൻ ചൊൽവൻ സർവ്വം

ഞാൻ മരിച്ചെന്നതിൻ ശേഷമുടൻതന്നെ
ഞാനപേക്ഷിച്ചപോൽ ദൈവദൂതൻ

ശുദ്ധീകര സ്ഥലേ എന്റെ ആത്മാവിനെ
ശുദ്ധിവരുത്തുവാനഗ്നിക്കളിൽ

മുക്കിയിട്ടെന്നെ പിരിഞ്ഞതിൻ ശേഷത്തിൽ
ആത്തീക്കടലിൽ ഞാൻ ബഹുകാലം 450

വേകുന്ന നേരത്തിൽ ദൈവകാരുണ്യത്താൽ
കാവൽ ദൂതനിയാമം വീണ്ടും വന്നു.

കണ്ടു നേരത്തു ക്ലേശപ്പെരുപ്പത്താൽ
കണ്ടിച്ചു[1] ചൊല്ലി ഞാൻ ''തട്ടിച്ചെന്നെ''

വേണമെങ്കിലും ഒരു പരാതിയും കൂടാതെ അവ സഹിച്ചുകൊള്ളാം. ഒരുമണിക്കൂർ നേരം മാത്രമെങ്കിലും ഇനിയും ഈ കഠോരമായ ഈ പൂടിനെ സഹിക്കുവാൻ എനിക്കു സാധിക്കുകയില്ല.'

(439_468) ഈ വാക്കുകൾ കേട്ട ദൈവദൂതൻ ദൈവത്തിന്റെ കല്പന അനുസരിച്ച് ആ മനുഷ്യന്റെ ആത്മാവിനെ അയാളുടെ ശരീരത്തോടു ചേർത്തു. അയാളുടെ മരണക്കിടക്കയിൻ മുമ്പാകെ കാത്തിരുന്ന സഹോദരന്മാർ ആ ശരീരത്തിൽ ചലനം ദർശിച്ചു.

അവർ ഭീതി പൂണ്ട് നാലുപാടും ഓടി. അപ്പോൾ അയാൾ വിളിച്ചുപറഞ്ഞു: ''നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ എല്ലാം പറയാം, ഞാൻ മരിച്ചതിനുശേഷം, എന്റെ പക്കൽ ദൈവദൂതൻ വന്നു. നേരത്തേ ഞാൻ അപേക്ഷിച്ചതനുസരിച്ച് അദ്ദേഹം എന്റെ ആത്മാവിനു പരിശുദ്ധി വരുത്തുന്നതിനായി ശുദ്ധീകരസ്ഥലത്തേയ്ക്കു അതിനെ

1 കണ്ടിച്ചു-ഖണ്ഡിതമായി

''ഞാനല്ല നിന്നെ തട്ടിച്ചതു നിന്നുടെ
ന്യായമില്ലാത്തൊരു ബോധം തന്നെ

നീ സഹിക്കുന്നൊരു ദുഃഖപ്പെരുപ്പത്താൽ
ഏകദിനം ബഹുകാലംപോലെ

നിന്റെ നിനവതിൽ തോന്നിയതെന്നിയെ
നിന്റെ ശരീരമോ അസ്ഥലേ താൻ 460

ഭൂമി ദാനത്തിനു് നേരമില്ലായ്കയാൽ
ഭേദമില്ലാതെയവിടെത്തന്നെ.

ഇനിയും ദൈവത്തിൻ കാരുണ്യകാരണം
നിൻ വിധി മാറും താൻ മനസ്സുകിൽ

പോരാത്ത മൂന്നു ദിനത്തിന്റെ ശേഷങ്ങം
പോക്കണമിസ്ഥലേ ഭേദമില്ലാ.

അല്ലെങ്കിൽ നിന്നുടെ മുൻപുള്ള രോഗത്തെ
അല്പം കുറയാതെ സഹിക്കണം''.

കൊണ്ടുപോയി. അദ്ദേഹം എന്നെ അഗ്നികുള്ളിൽ മുക്കിയിട്ടു. ദീർഘകാലം ആ തീക്കടലിൽ ഞാൻ കിടന്നുവെന്നു എനിക്കു തോന്നി. അപ്പോഴും ദൈവനിശ്ചയപ്രകാരം ആ സ്വർഗ്ഗദൂതൻ എന്റെ സമീപം വീണ്ടും വന്നു. അദ്ദേഹത്തെ കണ്ടപ്പോഴും ദുഃഖനിർഭരനായ ഞാൻ അലറി വിളിച്ചു് ഖണ്ഡിതമായി പറഞ്ഞു: ''താങ്കളും എന്നെ വഞ്ചിച്ചു!''

അപ്പോഴും ദൈവദൂതൻ പ്രത്യുത്തരിച്ചു: ''ഞാനല്ല നിന്നെ വഞ്ചിച്ചതു്. ന്യായമില്ലാത്ത നിന്റെതന്നെ ബുദ്ധിയാണു് നിന്നെ വഞ്ചിച്ചതു്. നീ ഇപ്പോഴും സഹിക്കുന്ന ദുഃഖത്തിന്റെ ആധിക്യം നിമിത്തം ഒരു ദിവസമെന്നതു് ദീർഘകാലമെന്നു് നിന്റെ മനസ്സിൽ തോന്നുന്നതാണു്. നിന്നെ സംസ്കരിക്കാനുള്ള സമയം ആയിട്ടില്ലാത്തതിനാൽ, നിന്റെ ശവശരീരം അതേ സ്ഥലത്തുതന്നെ കട്ടിലിൽക്കിടക്കുന്നു. ദൈവം കരുണാനിധിയാണു്. വേണമെങ്കിൽ ഇനിയും നിന്റെ വിധിയെ അവിടുന്നു മാറ്റിത്തരും. മൂന്നുദിവസം ഈ ശുദ്ധീകരാഗ്നിയിൽക്കിടക്കാനാണല്ലോ നീ വന്നതു്. ഇവിടെ നിന്നു പോകുന്നില്ലെങ്കിൽ പൂർത്തിയാകാത്ത മൂന്നുദിവസത്തെ പീഡകളം ഇവിടെവച്ചുതന്നെ തീർക്കണം. അതല്ലെങ്കിൽ ഭൂമിയിൽവച്ചു് നിനക്കുണ്ടായിരുന്ന രോഗത്തിന്റെ വ്യാധി അവിടെയെത്തി നീ തുടർന്നു സഹിക്കണം.''

എന്നുള്ള വാത്തയെ കേട്ട ക്ഷണം തന്നെ
സന്ദേഹമെന്നിയെ പ്രാത്ഥിച്ചഹം

ഒന്നല്ല രണ്ടു സമകളെന്നാകിലും
മന്ദഹാസത്തൊടെ ക്ഷമിപ്പൻ ഞാൻ

എന്നതിനാലിതായെന്നുടെ ദേഹിയെ
ഒന്നിപ്പിച്ചെന്നുടെ ദേഹത്തോടെ

ഇന്നിമേൽ സർവ്വേശചിത്തം പോലൊക്കെയും
ഈയെനിക്കാകട്ടെയെന്നുറച്ചു

ഇന്നെന്നെ കാണുന്ന മൽസഹോദരരെ
ഉന്നിൽ തന്നെ പാപശുദ്ധിനല്ലു

എന്നുള്ള സത്യത്തെ ബോധിച്ചു നിങ്ങളും
ഇന്നു മുതൽ താപം ചെയ്യുകൊംവിൻ

എന്നുരചെയ്തടൻ തൻ പിതാവാകുന്ന
അഞ്ചുകായൻതന്നെ പിഞ്ചെന്നിയാം

(469_482) മാലാഖായുടെ വാക്കുകം കേട്ട്, ഉടൻതന്നെ ഞാൻ പ്രാത്ഥിച്ചു: ''ഒന്നല്ല രണ്ടുവർഷമെന്നാലും ആകട്ടെ ഏതു രോഗവും സന്തോഷപൂർവ്വം ഞാൻ സഹിച്ചുകൊള്ളാം.''

തന്മൂലം എന്റെ ദേഹിയെ ശരീരത്തോട് ഒന്നിപ്പിച്ചു. ഇനി മേൽ ദൈവതിരുമനസ്സുപോലെ എല്ലാം എന്നിൽ ഭവിക്കട്ടെ എന്നു ഞാൻ ഏറുപറഞ്ഞു.

ഇന്നു് എന്നെ ദർശിക്കുന്ന എന്റെ സഹോദരന്മാരെ, എനിക്കു നിങ്ങളോടു പറയുവാനുള്ളതു് ഇതാണു്: പാപത്തിനുള്ള ശുദ്ധീകരണം ഈ ലോകത്തിൽത്തന്നെ നടക്കുന്നതാണു് ഉത്തമം. ഈ സത്യം മനസ്സിലാക്കി നിങ്ങളേവരും ഇന്നു മുതൽ തപോകൃത്യങ്ങളിൽ വ്യാപരിക്കുവിൻ.

ഇത്രയും പറഞ്ഞിട്ടു് അയാം തന്റെ പിതാവായ ശരീരത്തെ (അഞ്ചുകായൻ — പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ മനുഷ്യശരീരം) സ്വീകരിച്ചു.

ഇന്നിതുകേട്ട മേ സ്നേഹഭ്രാതാക്കളെ
ഇന്നിനിക്കുമിതു തന്നെ നേരം

എന്നു നിനച്ചിപ്പളെന്നെത്തുണയ്ക്കുകിൽ
നിങ്ങൾക്കുമീത്തുണ താൻ ലഭിക്കും

മർത്യൻ വിതച്ചിടും വിത്തെന്നപോലെ
സത്യം കൊയിത്തിലും ആയതുതാൻ 490

കാരുണ്യം കാട്ടുന്ന മർത്ത്യർക്കു ഭാഗ്യമേ
കാരുണ്യ യോഗ്യരായ്ത്തീരുവാൻ

എന്നുള്ള നാഥന്റെ വാക്യത്തിന്നൊത്തപോൽ
ഇന്നെന്നെ നിങ്ങൾ തുണച്ചീടുകിൽ

എന്നെപ്പോലുള്ള നാം നിങ്ങൾക്കും വന്നിടും
അന്നു നിങ്ങൾക്കു തുണയിതുണ്ടാം

ഇപ്പോളെന്നോടുള്ള സ്നേഹംനിമിത്തമായ്
ദുഃഖിച്ചു ക്ലേശിക്കും ഭ്രാതാക്കളെ

ഇപ്രലാപത്താലെനിക്കെന്തു സദ്ഫലം
അപ്പോലെ നിങ്ങൾക്കും ബഹുക്ലേദം 500

എങ്കിലുമെന്നുടെ മൃത്യു നിമിത്തമായ്
ചങ്കിന്നുണ്ടാകുന്ന ദുഃഖമെന്തു്

(483_496) ഈ സംഭവം കേട്ട എന്റെ സഹോദരന്മാരേ, മേല്പറഞ്ഞ ആത്മാവിന്റെ സ്ഥിതിയിലാണു് ഞാനും നിലകൊള്ളുന്നതു്. ഇന്നു് നിങ്ങൾ എന്നെ സഹായിച്ചാൽ നിങ്ങൾക്കും ഈ സഹായം തന്നെ ലഭിക്കും. മനുഷ്യർ വിതയ്ക്കുന്നതുതന്നെയാണു് കൊയ്യുന്നതും. കാരുണ്യം കാണിക്കുന്ന മനുഷ്യർ ഭാഗ്യവാന്മാരാകുന്നു. കാരണം അവർ കരുണയ്ക്കു് അർഹരാകുന്നു. ഇതു പറഞ്ഞതു കർത്താവാണു്. ആ വാക്കുകൾ ഓർത്തു് നിങ്ങൾ എന്നെ സഹായിക്കുകയാണെങ്കിൽ, ഇന്നെനിക്കുള്ളക്ലേശം നിങ്ങൾക്കു സംഭവിക്കുന്നനാളിൽ നിങ്ങൾക്കു് സഹായം ലഭിക്കും.

(497_516) ഇപ്പോൾ എന്നോടുള്ള സ്നേഹം ഓർത്തു് ഏറെവും ക്ലേശവും ദുഃഖവും സഹിക്കുന്ന എന്റെ സഹോദരന്മാരേ, നിങ്ങളുടെ ഈ പ്രലാപംകൊണ്ടു് എനിക്കു് എന്തു സദ്ഫലമാണു് ഉണ്ടാകുന്നതു്. അതുപോലെ നിങ്ങൾക്കുണ്ടാകുന്നതും ഏറെ നഷ്ടംതന്നെ. എങ്കിലും എന്റെ മരണംമൂലം ഹൃദയത്തിൽ എന്തുമാത്രം ദുഃഖമാണു് നിറയുന്നതു്. എന്നെ എന്റെ പ്രിയപ്പെട്ടവർ എത്രമാത്രം സ്നേഹിച്ചിരുന്നുവോ അത്രമാത്രം അവരുടെ ദുഃഖം വർദ്ധമാനമാകുന്നു. ക്ലേശത്തിന്റെ കാരണം

എന്നാലീ ദുഃഖത്തിൻ മൂലമാം കാരണം
നിങ്ങളും ഗ്രഹിച്ചല്ലാ ദുഃഖിക്കുന്നു.

എത്രയുമേറെ സ്നേഹിച്ചെന്നമേ ജനം
തത്രയധികമായ് ക്ലേശിക്കുന്നു

ക്ലേശത്തിൻ കാരണം നേരറിയിക്കുമ്പോൾ
ക്ലേശമധികരിച്ചീടും ദൃഢം.

എങ്കിലും നേരറിഞ്ഞുണ്ടാകും ക്ലേശത്താൽ
രണ്ടു ഭാഗർക്കും സുഖം ലഭിക്കും 510

എന്നതിനാലിതിൻ മൂലമാം കാരണം
നന്നായ് തെളിച്ചു ഞാൻ ചൊല്ലിടുന്നു.

കേൾക്കുന്നു മേ ജനം ക്ലേശിക്ക വേണ്ടഹോ
കേട്ട പരിഭവം ഭാവിക്കണ്ടാ.

നേരിതു നിങ്ങൾക്കും ഭവിഷ്യതിതന്നെ
നേരറിഞ്ഞീടുകിൽ നന്നു നന്നു്.

എങ്കിലോ കേട്ടുകൊൾക ദുഃഖനിമിത്തങ്ങൾ
ശങ്ക കൂടാതെ ഞാൻ ചൊല്ലീടുന്നു

പൂട്ടിത്തെളിഞ്ഞുള്ള കാളയ്ക്കു യാവന
കൂട്ടം കൊടുത്തു വളർത്തീടുന്നു. 520

പ്രത്യക്ഷമായി അറിയുമ്പോൾ ക്ലേശം കൂടിവരുന്നു എന്നതു ശരിയാണു്. എന്നാലും കാര്യകാരണങ്ങൾ അറിഞ്ഞുണ്ടാകുന്ന ദുഃഖം കൊണ്ടു് ഇരുഭാഗത്തുള്ളവർക്കും സുഖംഉണ്ടാവും.

അതുകൊണ്ടു് ഈ ക്ലേശത്തിന്റെ അടിസ്ഥാനകാരണം ഭംഗിയായി ഞാൻ തെളിച്ചുപറയാം. ഇതു കേൾക്കുന്നവരായ എന്റെ സുഹൃത്തുക്കൾ വിഷാദിക്കേണ്ട. എന്നോടു് പരിഭവം തോന്നുകയും വേണ്ട. തീർച്ചയായും ഇതു് നിങ്ങൾക്കും വരുന്നതുതന്നെ. സത്യം അറിയുകയെന്നതു് എത്രയോ നല്ലകാര്യം.

(517_550) ദുഃഖത്തിന്റെ കാരണങ്ങൾ എന്തെന്നു കേട്ടുകൊള്ളുക. ഞാൻ സന്ദേഹമില്ലാതെ എല്ലാം പറയാം.

പൂട്ടിത്തെളിഞ്ഞ കാളകളെ നന്നായി തീറ്റികൊടുത്തു വളർത്തുന്നു. ക്ഷീണത്തോടെ തളർന്നു് ആ കാള കിടക്കുകയാണു് എങ്കിൽ അതിനോടുള്ള താല്പര്യം തീർച്ചയായും ഇല്ലാതാകും.

കോട്ടം പിടിച്ചു തളർന്ന കിടക്കിലോ
നഷ്ടമതില്ലുള്ളയിഷ്ടം ദൃഢം

എന്നപോലെന്നുടെ ദേഹമാമീജന്തു
ഇന്നു തളർന്നിനി നില്ക്കുന്നില്ലാ

ഈ മൃഗം കൊണ്ടുള്ള വേലമുടിഞ്ഞ[1]ല്ലോ
യിന്നിഫലമെന്തുനമ്മൾക്കുള്ളൂ?

എത്ര യാളായിതിൻ വേലയാൽ നമ്മുടെ
ഗാത്ര സുഖം വന്നു സുഖിച്ചു നാം

ഭാരം ചുമക്കുന്ന കോവർ കഴുതയും
ഭോരചുമട്ടിനാൽ വീണുപോയീ 530

നിത്യവും നമ്മുടെ മെച്ചമാം വണ്ടിയിൽ
വാത്സല്യമേറും ശിശുക്കളെപ്പോൽ

ഒന്നിച്ചു കേറിയിരിക്കുന്ന നേരത്തിൽ
മന്നിച്ചു[2] കൊണ്ടു വലിച്ചീടുന്നു

ഇതുപോലെതന്നെയാണു് നമ്മുടെ ശരീരമാകുന്ന മൃഗത്തിന്റെയും സ്ഥിതി. ഇന്നിതാ തളർന്നിരിക്കുന്നു. നില്ക്കുവാൻപോലും ഇതിനു ത്രാണിയില്ല. (ശരീരമാകുന്ന) ഈ ജന്തുവിനെക്കൊണ്ടുള്ള വേലകളെല്ലാം അവസാനിച്ചല്ലോ. എന്താണു് കരണീയം? എത്രയോ നാളായിട്ടു് ഈ മൃഗത്തിന്റെ അധ്വാനംവഴി നമുക്കു് സൗഖ്യം ലഭിച്ചു.

ഭാരംവഹിക്കുന്ന കോവർകഴുത ഭാരംചുമന്നു ചുമന്നു് വീണുപോയിരിക്കുന്നു. വത്സലമക്കളോടൊരുമിച്ചു് വണ്ടിയിൽക്കയറിയിരിക്കുന്ന സമയത്തു് ദുഃഖത്തോടെ ഈ മൃഗം വണ്ടിവലിച്ചിരുന്നു. ഇതു് ഒരു പൊട്ടക്കഴുതതന്നെ. എങ്കിലും ഓട്ടത്തിൽ ഒട്ടും പിന്നോക്കമല്ല ഇതു്. തഴമ്പേറിയ തന്റെ ഗളത്തിൽ ഭാരമേറിയ നുകത്തട്ടു് വച്ചുകൊണ്ടു് വലിച്ചിരുന്നു. പക്ഷേ ഈ മൃഗത്തിന്റെ ശക്തിയും മൂല്യവും ഇന്നു ഇതാ നശിച്ചിരിക്കുന്നു.

ഇതുപോലെയാണു് മനുഷ്യന്റേയും അവസ്ഥ. കുടുംബഭാരം വഹിച്ചു് ഓടിയിരുന്ന ഗൃഹസ്ഥൻ കാലത്തിന്റെ പിടിയിൽ അകപ്പെട്ടുപോയി. അങ്ങേയറ്റം താല്പര്യത്തോടെ അദ്ദേഹം പരിപോഷിപ്പിച്ച സ്വന്തം ശരീരം തളർന്നുവീണു് വിറങ്ങലിച്ചുപോയി.

---

1 മുടിഞ്ഞു - അവസാനിച്ചു 2 മന്നിച്ചുകൊണ്ടു് – ക്ഷമയോടെ

പൊട്ടക്കഴുത ഇതെങ്കിലുമോട്ടത്തിൽ
ഒട്ടും കറവില്ല ക്ഷണം തന്നെ

ഏറെംതട്ടിച്ചുള്ള തൻഗളമായതിൽ
ഊറെംപെരുത്ത നകത്തട്ടിയെ

വച്ചുവലിക്കുന്ന പോത്തിന്റെ ശക്തിയും
മെച്ചവിലയും നശിച്ചിതിപ്പൊഴും

ഗൃഹഭാരം ചുമന്നോട്ടുന്ന ഗൃഹസ്ഥൻ
കാലഗ്രഹത്തിലകപ്പെട്ടുപോയ്

ദാഹിച്ചു തീറ്റി വളർത്തുന്നൊരീദേഹം
മോഹിച്ചു വീണു വിറച്ചുപോയി

ഈവണ്ണമുള്ളൊരു കാരണമൂലങ്ങൾ
നേരാകും വണ്ണം സ്മരിച്ചിടാതെ

ആകയാലോർത്തുകൊണ്ടേശിച്ചീടും ദുഃഖത്തിൻ
കാരണമായതെന്നോർത്തുകൊൾക.

ശുദ്ധമാം സ്നേഹത്തിൻ കാരണമെങ്കിലൊ
സൂക്ഷത്തൊടായതും കേൾപ്പിപ്പൻ ഞാൻ

ഇലിയോനെന്നുള്ള രാജ്യത്തിൻ രാജനാം
ജൂവാനിയെന്ന പുണ്യപുരുഷൻ.

തന്നുടെ രാജ്ഞിയുമൊന്നിച്ചുമേവുമ്പോൾ
തൽക്ഷണം ഭർത്താവുമൃത്യു പുക്കു,

സ്നേഹം നിമിത്തമായ് രാജ്ഞിയുമപ്പൊഴെ
ദാഹത്താലേറിയ ദാനംചെയ്തു

ഇതൊക്കെയാണ് മനുഷ്യന്റെ ദുഃഖത്തിന്റെ മൂലകാരണം. ഇക്കാര്യം വേണ്ടവിധം മനസ്സിലാക്കാതെ അവസാനം ദുഃഖിച്ചിട്ട കാര്യമില്ല. യഥാർത്ഥത്തിലുള്ള സ്നേഹത്തിന്റെ ഉറവിടം എന്താണ് എന്നു് മനസ്സിലാക്കണമെങ്കിൽ ശ്രദ്ധാപൂർവ്വം ഈ കഥ കേൾക്കുക.

(551–564) ഇലിയോൻ എന്ന രാജ്യത്തിന്റെ രാജാവായിരുന്നു, ജൂവാനി എന്ന പുണ്യപുരുഷൻ. അദ്ദേഹം രാജ്ഞിയുമൊരുമിച്ചു് രാജ്യഭാരം നടത്തുമ്പോൾ ഒരു ദിവസം പെട്ടെന്നു് മൃത്യുവിനിരയായി. സ്നേഹവതിയായ രാജ്ഞി ഭർത്താവിനുവേണ്ടി ഏറെ ധനം ദാനം ചെയ്തു. ദിവ്യപൂജയുടെ ശക്തി അവൾ മനസ്സിലാക്കിയിരുന്നു. തൻ മൂലം ധാരാളമായി ദിവ്യപൂജ അർപ്പിക്കുന്നതിനു് രാജ്ഞി ഏർപ്പാടു ചെയ്തു.

പൂജകൻക്കളെല്ലാരു ശക്തിഗ്രഹിക്കയാൽ
ഏറിയപൂജകൻ ചെയ്യിപ്പിച്ചു.

ഭർത്താവിൻദേഹം മറച്ചുടൻവേഗമായ്
പേർത്തവൻപുക്കു മൊണസ്സേരി[1] യിൽ

കന്നികൻകൂട്ടത്തിൽ ചേർന്നയുടൻതന്നെ
കന്നിമാതാവിനോടേറ്റം കേണു.

ഭർത്താവിന്നാത്മത്തെ ശീഘ്രമായ്മോക്ഷത്തിൽ
കേറിടുവാനായുപോസി[2]ച്ചേറ്റം.

ഇങ്ങനെയുള്ള തപസ്സിനിടയതിൽ
വന്നൊരുരാത്രിതൻ ഭർത്തൃദേഹി

അഗ്നിജ്വാലകളിൻ മധ്യേയവനുടെ
അംഗങ്ങൾതീത്തുടൽകൊണ്ടുപൂട്ടി

കണ്ടൊരുനേരംതൻ ഭാര്യയെ സൂക്ഷിച്ചു
ഇണ്ടൽസ്വരത്തൊടെ ചൊല്ലിമെല്ലെ.

ഭർത്താവിന്റെ മൃതദേഹം സംസ്കരിച്ച ഉടനെ രാജ്ഞി കന്യാസ്ത്രീ മഠത്തിലെത്തി. കന്യകാമണികളോടൊപ്പം അവൾ കന്യകാമാതാവിനോട് വളരെയധികം പ്രാർത്ഥിച്ചു. എത്രയും വേഗം ഭർത്താവിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കുവാനായി അവൾ ഉപവാസം അനുഷ്ഠിച്ചു.

(565_576) ഇങ്ങനെ അവൾ തപസ്സ് അനുഷ്ഠിച്ചുകൊണ്ടിരിക്കേ, ഒരു ദിവസം ഭർത്താവിന്റെ ആത്മാവ് അവൾക്കു പ്രത്യക്ഷനായി. അഗ്നിജ്വാലകളുടെ മദ്ധ്യേ നിലകൊണ്ടും, ശരീരം അഗ്നിത്തുടലുകൾകൊണ്ടു ബന്ധിക്കപ്പെട്ടും ആണ് അയാൾ കാണപ്പെട്ടതു്. ഭാര്യയെ ദർശിച്ച ഉടനെ അയാൾ ദുഃഖ സമ്മിശ്രമായ സ്വരത്തിൽ ഇങ്ങനെ പതുക്കെപ്പറഞ്ഞു:

''അല്ലയോ, സ്നേഹമുള്ളവളേ, എന്റെ പ്രാണേശ്വരീ, നീ താല്പര്യപൂർവ്വം ചെയ്ത കാര്യങ്ങളെല്ലാം ഞാൻ കണ്ടു. എങ്കിലും എന്റെ പാപങ്ങളുടെ ആധിക്യം നിമിത്തം ഞാൻ കഠിനമായ അഗ്നിയിൽ

---

1 മൊണസ്സേരി – സന്യാസനിലയം. (Monastery)

2 ഉപോസിച്ചു - ഉപവസിച്ചു.

സ്നേഹിതേ, സ്നേഹമേറീടും മൽജായയേ.
മാഹത്താൽ നീ ചെയ്തതൊക്കെ കണ്ടേൻ

എങ്കിലുമെന്നുടെ പാപപ്പെരുപ്പത്താൽ
വഹ്നിയിൽ വേകുന്നേൻ മഹാദുഃഖം

എന്നുടെമേലുള്ള സ്നേഹം മറക്കാതെ
മന്നിപ്പു[1] കിട്ടുവാൻ പ്രാർത്ഥിക്ക നീ

എന്നരചെയ്തു മറഞ്ഞതിൻ ശേഷമായ്
മന്ദത്തിലും ബഹുയേം ദുഃഖം

അന്നുതുടങ്ങി ചതുർദശവാസരം[2]
ഒന്നൊഴിയാതെ ഉപോസിച്ചവം 580

എന്നതുമെന്നിയെ ഏറിയ ധർമ്മങ്ങം
നന്ദിയോടെയവം ചെയ്തശേഷം

മുടിയപ്പർ[3] തന്നുടെ കോവിലിൻ ചെന്നതൻ
മുട്ടാക്ക്[4] എന്ന വസ്ത്രാഭരണം

കാഴ്ചകൊടുത്തു താൻ ഭർത്താവിന്നായിട്ടും
കാഴ്ചയണപ്പാനായ് പ്രാർത്ഥിച്ചവം

വെന്തുരുകുന്നു. എത്രയോ മഹാദുഃഖത്തിലാണു ഞാൻ. എന്നോടുള്ള സ്നേഹത്തിനു നീ മാന്ദ്യം വരുത്തരുതേ. എന്റെ പാപങ്ങം ദൈവം പൊറുക്കുന്നതിനു് എനിക്കുവേണ്ടി തുടന്നും നീ പ്രാർത്ഥിക്കണം''.

(577_586) ഇത്രയും പറഞ്ഞിട്ടു് രാജാവിന്റെ ആത്മാവു് മറഞ്ഞുപോയി. ആ നിമിഷം മുതൽ ആ രാജമന്ദിരം ഭയവും ദുഃഖവും കൊണ്ടു് നിർഭരമായി. അന്നുമുതൽ നാല്പതു ദിവസം വരെ ഒന്നൊഴിയാതെ രാജ്ഞി ഉപവാസം അനുഷ്ഠിച്ചു. സന്തോഷപൂർവ്വം സാധുക്കൾക്കു് ഏറെ ധർമ്മദാനങ്ങളും നടത്തി. തന്റെ പുതുകവണി (അലങ്കാരവസ്ത്രം) എസ്സഹ്നാനോസു് പുണ്യവാന്റെ ദേവാലയത്തിൽ കാഴ്ചയർപ്പിച്ചു. അങ്ങനെയെല്ലാം ക്ലേശത്തോടെ അവം ഭർത്താവിനു വേണ്ടി ജപതപദാനധർമ്മങ്ങളും നടത്തി നാല്പതുദിവസം ചെലവഴിച്ചു.

---

1 മന്നിപ്പു—മാപ്പു് 2 ചതുർദശവാസരം—നാല്പതുദിനം
3 മുടിയപ്പർ—എസ്സഹ്നാനോസു് 4 മുട്ടാക്കു്—മൂടുപടം (പുതുകവണി)

ഇങ്ങനെ നാല്പതു നാളതും ക്ലേശിച്ചു
തിങ്ങിന ദുഃഖത്താൽ പ്രാർത്ഥിച്ചപ്പോഴം

നാല്പതാംനാളിൽ ശനിദിനേ സൂര്യനെ
തോല്പിക്കും ശോഭയോൽ ഭാര്യപക്കൽ 590

ചെന്നുടൻ സന്തോഷവാർത്തയറിയിച്ചു
മന്ദഹാസത്തോടെ മോക്ഷം പൂക്കു.

ഇപ്രകാരമുള്ള സ്നേഹമിതെങ്കിലോ
തൽഫലമിപ്പോളെനിക്കു ദുഢം

ദുഃഖിച്ചു കേംപ്പിക്കും ദീർഘസ്വരത്തിനാൽ
അല്പഫലംവിനാ വൃഥാനുഷ്ഠം [1]

അത്യാഗ്നി ശക്തിയിൻ ഉഗ്രം നിമിത്തമായ്
അത്യല്പനേരം ക്ഷമിച്ചുകൂടാ,

എന്നുള്ള സത്യം ഗ്രഹിപ്പതിന്നിന്നിതും
ചൊല്ലുന്നു ഞാൻ നിങ്ങളം കേട്ടുകൊംവിൻ 600

(587_592) നാല്പതാം ദിവസം ഭർത്താവു് പ്രത്യക്ഷപ്പെട്ടു. അന്നു് ഒരു ശനിയാഴ്ചദിവസമായിരുന്നു. സൂര്യനേതോല്പിക്കുന്ന മട്ടിൽ പ്രകാശവാനായിട്ടാണു് അദ്ദേഹം രാജ്ഞിയുടെ സമീപമണഞ്ഞതു്. താൻ മോക്ഷത്തിൽ പ്രവേശിച്ചിരിക്കുന്നുവെന്നുള്ള സദ്വാർത്ത അദ്ദേഹം ഭാര്യയെ സന്തോഷപൂർവ്വം അറിയിച്ചു.

(593_600) ഇപ്രകാരമുള്ള സ്നേഹമാണു് എന്റെ മൃതശരീരത്തിനു സമീപം വന്നുനില്ക്കുന്ന നിങ്ങൾക്കു് ഉള്ളതെങ്കിൽ എനിക്കു് സദ്ഫലം ഉണ്ടാകും എന്നതു് നിസ്സംശയമായ കാര്യമാണു്.

ദുഃഖം പ്രകടിപ്പിക്കാൻ ഉയർത്തുന്ന ദീർഘവിലാപങ്ങൾക്കു് അല്പവും ഫലമില്ല; അവ വെറുതേ അനുഷ്ഠിക്കുന്നുവെന്നു മാത്രം.

ഈ ശുദ്ധീകരസ്ഥലത്തെ കഠിനമായ അഗ്നിയുടെ ചൂടു് ചെറുനേരം പോലും സഹിക്കാൻ എനിക്കു കഴിയുന്നില്ല. ഈ സത്യം നിങ്ങൾ മനസ്സിലാക്കുന്നതിനായി ഞാൻ ഇപ്പോൾ പറയുന്നതു് നിങ്ങൾ കേൾക്കണം.

---

1 വൃഥാനുഷ്ഠം—വെറുതെ അനുഷ്ഠിക്കുന്നതു്

സ്നേഹിതന്മാരായ താപസന്മാരവർ
സ്നേഹമോടൊന്നിച്ചു മേവുംകാലേ
ആയിതിലേകന്നു വ്യാധിഭവിച്ചുടൻ
ഭേദമില്ലാതന്ത്യരോഗം തന്നെ

നീതിമാൻ സർവേശൻ തൻദയമൂലമായ്
ദൂതൻ വഴിയാലറിയിച്ചതും

നീ മരിച്ചിന്നതിൻ ശേഷത്തിൽ നിന്നുടെ
പാപശുദ്ധിക്കായ് ശുദ്ധീകരേ

പോയിടുമെങ്കിലും ഭൂലോകേ നിന്നൊരു
പൂജയണയ്ക്കുന്ന നേരംവരെ 610

ശുദ്ധീകരസ്ഥലേ വേകുമെന്നാകിലും
ശുദ്ധം നന്നപ്പോഴെ മോക്ഷം പൂകും

സത്യമറിഞ്ഞുടൻ തന്നുടെ സന്യാസി
മിത്രത്തോടൊക്കെയും കേൾപ്പിച്ചയാൾ

കേട്ടുടൻ സ്നേഹിതൻ സന്തോഷചിത്തത്താൽ
കോട്ടം വരുത്താതെ ഞാൻ തികപ്പേൻ

എന്നയാളേററപൊൽ അന്നേദിനം തന്നെ
നന്നായ് പുലർകാലേ ശ്വാസ വിട്ടു.

അക്ഷികൾ താൻ വിരലാലേയടച്ചുടൻ
പക്ഷത്താൽ താൻ പള്ളി പുക്കുടനെ 620

(601_610) താപസന്മാരായ രണ്ടു സ്നേഹിതന്മാർ ഒരുമിച്ചു താമസിക്കയായിരുന്നു. അവരിൽ ഒരാൾ രോഗിയായിത്തീർന്നു. മരണകരമായ രോഗം തന്നെ. നീതിമാനായ സർവ്വേശ്വരൻ തൻെറ ദൂതൻ വഴിയായി ആ രോഗിയെ ഒരു കാര്യം അറിയിച്ചു:

''നീ മരിച്ചതിനുശേഷം, നിൻെറ പാപമോചനത്തിനായി ഒരു ദിവ്യബലി ഭൂമിയിൽ അർപ്പിക്കപ്പെടുന്നതുവരെ ശുദ്ധീകരസ്ഥലത്തു് നിൻെറ ആത്മാവു് പീഡ അനുഭവിക്കും. എങ്കിലും ദിവ്യപൂജ അർപ്പിക്കപ്പെടുന്ന ആ ക്ഷണം തന്നെ നിനക്കു് സ്വർഗ്ഗപ്രാപ്തി നേടാം''.

(611_632) ഈ കാര്യം അറിഞ്ഞു് തൽക്ഷണം ആ താപസൻ തൻെറ ആത്മസുഹൃത്തിനോടു് ഈ വാർത്ത അറിയിച്ചു. അതു കേട്ട ഉടനെ സ്നേഹിതൻ, താൻ ഈ കാര്യം തികച്ചുകൊള്ളാം എന്നു് സന്തോഷപൂർവ്വം അയാൾക്കു് ഉറപ്പു കൊടുത്തു.

എത്രയും ഭക്തിയാൽ പൂജയണച്ചുടൻ
തത്രൈവിടത്തിൽ ധ്യാനത്തിന്നായ്

മറ്റുള്ള സന്യാസിക്കൂട്ടമതൊക്കെയും
ചുറ്റും മരിച്ചവൻ ദേഹത്തിൻെറ

ധ്യാനത്തിലായൊരു സന്യാസി സ്വാമിക്കു
ക്രൂരത്താൽ സ്നേഹിതൻ കാണപ്പെട്ട.

സന്യാസി നിന്നുടെ സ്നേഹമിതേ, സഖേ
അന്യർക്കുമിപ്പോലെ ചെയ്തീടൊല്ലേ

നിൻെറ നിമിത്തമായ് എത്രയോമൽ സഖേ,
എൻെറ ദുഃഖാഗ്നി നീളിച്ചയ്യോ 630

എങ്കിലുമിക്കാലെ നീ തികച്ചെന്നതാൽ
ശങ്കയില്ലിപ്പോഴും ഞാൻ മോക്ഷവാസി

കേട്ടുടൻ സന്യാസിപുംഗവിഷാദത്തിൽ
നിർജ്ജീവനന്നപോൽ സ്വല്പം പാർത്തു

അന്നു പുലർകാലത്തു തന്നെ രോഗി അന്ത്യശ്വാസം വെടിഞ്ഞു. കണ്ണുകൾ വിരലുകൊണ്ടു തിരുമ്മി, കൂട്ടുകാരൻ എഴുന്നേറ്റു. തൻെറ സ്നേഹിതൻ മരിച്ചുവെന്നതറിഞ്ഞു അയാൾക്കുവേണ്ടി ദേവാലയത്തിൽ ഭക്തിയോടെ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം ധ്യാനത്തിനായി അദ്ദേഹം നിലകൊണ്ടു. മറ്റുള്ള സന്യാസികളെല്ലാം മരിച്ചവൻെറ സമീപം നിന്നിരുന്നു.

ധ്യാനമഗ്നനായിരുന്ന സന്യാസിയുടെ പക്കൽ അയാളുടെ ആത്മസ്നേഹിതൻ പ്രത്യക്ഷനായി. കോപം കലർന്ന സ്വരത്തിൽ അയാൾ പറഞ്ഞു. ''അല്ലയോ സ്നേഹിത സന്യാസി, ഇതാണോ നിൻെറ സ്നേഹം? അല്ലയോ സുഹൃത്തേ നീ ഇതുപോലെ മറ്റാരോടും പ്രവർത്തിക്കരുതു്. നിൻെറ അനാസ്ഥമൂലം എത്രയോ സമയത്തേയ്ക്കാണു് എൻെറ ദുഃഖാഗ്നി നീ ദീർഘിപ്പിച്ചതു്. എന്തൊക്കെയാണെങ്കിലും ദിവ്യപൂജയർപ്പിച്ചു് നിൻെറ വാഗ്ദാനം നീ പാലിച്ചു. അതുകൊണ്ടു് നിനക്കു സംശയം വേണ്ട, ഞാൻ മോക്ഷവാസിയായി ഭവിച്ചിരിക്കുന്നു.

(633_646) അതുകേട്ടു് കൂട്ടുകാരനായ സന്യാസി ദുഃഖിച്ചു. അല്പസമയം ജീവച്ഛവംപോലെ നിലകൊണ്ടു. സ്വർഗ്ഗത്തിലേക്കു് പ്രവേശിച്ച സന്യാസിയുടെ സുന്ദരമായ മുഖത്തുനോക്കി ഇങ്ങനെ പറഞ്ഞു:

മോക്ഷപ്രാപ്തനായ സന്യാസീ തന്നുടെ
സൂക്ഷ്മമുഖംകണ്ടു ചൊന്നീവണ്ണം

മൽസഖേ, നിൻദേഹി വേർപിരിയും മുൻപേ
സൂക്ഷത്തോടാസ്സപ്പാടൊ[1]ക്കെ ചെയ്യ

കൃഷ്ണമണി മറിഞ്ഞന്നേരം ഞാൻ തന്നെ
സൂക്ഷമായ് കണ്ണടച്ചുടൻ പോയീ

ചൊല്ലിയപോൽതന്നെ കാഴ്ചയണച്ചു ഞാൻ
ചൊല്ലുന്നിതാ സ്തുതിസ്തോത്രം തന്നെ

അപ്പൊഴൊയെന്തു ഞാൻ ഭേദം ചെയ്യ സഖേ
ചൊൽപ്പര്യ നിന്നുടെ കൂട്ടരൊക്കെ

നിൻറെ ദേഹത്തിൻറെ പക്കൽ നിന്നിപ്പോഴും
പിന്തിരിഞ്ഞില്ലഹോ, ദുഃഖംതന്നെ

അപ്പൊഴൊ, മൽസഖേ, ഞാൻ സഹിച്ചെന്നൊരാ
അഗ്നിബലത്തിനെ ഓർത്തുകൊൾക

അരമണിനേരമായിരം നാംപോലെ
ആരംഭത്തിൽത്തന്നെ തോന്നിപ്പോയീ

ആയതും നീയോർത്തു മേലിൽ നിൻ പാപത്തെ
ഭൂലോകേതന്നെ മോചിപ്പിച്ചുകൊൾ:

''അല്ലയോ സുഹൃത്തേ, നിൻറെ ആത്മാവു് ദേഹത്തുനിന്നു പിരിയുന്നതിനു മുമ്പുതന്നെ ഞാൻ ജാഗ്രതയോടെ പോയി, നമ്മൾ തമ്മിൽ വാഗ്ദാനം ചെയ്തിരുന്നതുപോലെതന്നെ ദിവ്യപൂജ അർപ്പിച്ചു. പറഞ്ഞതിനു യാതൊരു മാറ്റവും വരുത്തിയിട്ടില്ല. നിൻറെ കൂട്ടുകാരെല്ലാം നിൻറെ മൃതശരീരത്തിൻറെ സമീപത്തുനിന്നു് പിരിഞ്ഞു പോയിട്ടില്ലെന്നതും തീർച്ചയാണു്''.

(647-652) അപ്പോൾ ശുദ്ധീകരസ്ഥല വിമുക്തനായ ആത്മാവു് പറഞ്ഞു: ''എൻറെ കൂട്ടുകാരാ, ഞാൻ സഹിച്ചതായ അഗ്നിയുടെ കാഠിന്യം നീ ഓർത്തുനോക്കുക. അരമണിക്കൂർ നേരം ആയിരം ദിവസങ്ങൾ എന്നതുപോലെ ആരംഭത്തിൽത്തന്നെ എനിക്കു തോന്നിപ്പോയീ. അതുകൊണ്ടു് നീ നിൻറെ പാപങ്ങളുടെ മോചനം ഭൂലോകത്തിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ നേടാൻ പ്രയത്നിക്കുക''

---

1 ആസ്സപ്പാടു്-ഒരുക്കം

എന്നയാംചൊല്ലി മറഞ്ഞതുപോലിപ്പോം
എന്നുടെ നേരവുമോർത്തു കൊംവിൻ

എന്നുടെ ദേഹിയിതു നേരമഗ്നിയിൽ
വെന്തുരുകുന്നെന്നു മോർത്തീടണം.

നിങ്ങംക്കിതു നേരമെന്നെത്തുണപ്പതി
നെതുയോ പോംവഴിയോർത്തിടണം

ഓർത്തിടാതെ മറന്നീടുകിൽ, നിങ്ങംക്കും
ഓർത്തുകൊം സംഭവമിങ്ങനെതാൻ

കീർത്തിയേറിടുന്ന കന്യക മോനിക്ക
പാർത്തിരുന്നൊരു മഠം തന്നിൽ

ശ്രദ്ധീകരത്തിലെ ആത്മമങ്ങളിലൊരു
ശ്രദ്ധയധികമിവംക്കുണ്ടായി

എപ്പോഴും തന്നുടെ ധ്യാനജപമൊക്കെ
ഇപ്പരലോക ദുഃഖങ്ങം തീർപ്പാൻ

എതുയോ ആത്മങ്ങം ഈ കണികാരണാൽ
തതുദിനേ ദിനേ മോക്ഷം പുകം

എന്തെല്ലാം പുണ്യമിതിനായ് ദിനേചെയ്യു-
മെന്നുള്ള സങ്കല്പം ചൊല്വാൻ മേലാ

(653-660) ഇപ്രകാരം പറഞ്ഞു് ആ സന്യാസിയുടെ ആത്മാവു് മറഞ്ഞു. അതുപോലെ എന്റെ ശിക്ഷാസമയവും നീ വിസ്മരിക്കേണ്ട. ഈ സമയത്തു് എന്റെ ആത്മാവു് അഗ്നിയിൽ വെന്തുരുകുകയാണു്. എന്നെ സഹായിക്കാൻ നിങ്ങംക്കു് എതുയോ വഴികളാണുള്ളതെന്നു് ഓക്കുക. നിങ്ങം ഇക്കാര്യം ഓക്കാതെ മറക്കുകയാണെങ്കിൽ, നിങ്ങംക്കും ഈ വിധംതന്നെ സംഭവിക്കും എന്ന കാര്യം മനസ്സിൽനിന്നു മായാതെ നില്ക്കട്ടെ.

(661-670) കീർത്തിയുള്ള മോനിക്കപുണ്യവതി ജീവിച്ചിരുന്ന മഠത്തിൽ സംഭവിച്ചതാണിതു്. ശ്രദ്ധീകരാത്മാക്കളെക്കുറിച്ചു് അത്യധികമായ ശ്രദ്ധ മോനിക്കാസ്സു് ഉണ്ടായിരുന്നു. സദാസമയം ധ്യാനവും ജപങ്ങളും നടത്തി പരലോകവാസികളായ ഇവരുടെ ദുഃഖങ്ങം അവരം നിർമ്മാർജ്ജനം ചെയ്തിരുന്നു. മോനിക്കാപുണ്യവതി സർവേശനു നൽകിയ ഈ കാഴ്ചകൊണ്ടു് അനേകം ആത്മാക്കം ദിനംപ്രതി സ്വർഗ്ഗപ്രാപ്തരായി. ഈ കാര്യത്തിനായി എന്തെല്ലാം പുണ്യകർമ്മങ്ങളാണു് പുണ്യവതി ചെയ്തിരുന്നതെന്നു് വർണ്ണിക്കുകതന്നെ പ്രയാസമാണു്.

ഇങ്ങനെ വാഴുന്ന കാലേയൊരുദിനം
തന്നുടെ സ്നേഹമേറീടും താതൻ

തന്നുടെ ദേഹിമഹാദുഃഖഭാഷയാൽ
തന്റെ മകൾക്കുടൻ കാണപ്പെട്ട.

അഗ്നിയിൽനിന്നു പുറപ്പെടുന്നെന്നപോൽ
ദുഃഖസ്വരത്തോടെ പാത്തുചൊല്ലി

സ്നേഹമകളേ നീയെന്നെ മറന്നുപോയ്
ന്യായമിതെന്തയ്യോ, മഹാദുഃഖം

നീയു നിമിത്തമായിയുണ്ടാകും നന്മകൾ
നിത്യമായ് കണ്ടു ഞാൻ ക്ലേശിക്കുന്നു. 680

അന്യജനത്തിനു ചെയ്യുന്ന നന്മകൾ
അത്യല്പമെങ്കിലുമെനിക്കില്ലേ,

നിന്നെ വളർത്തി ഞാൻ പാലിച്ചതോർത്തെന്നാൽ
എന്നെ മറപ്പതിനെന്തുമൂലം?''

താതന്റെ വാർത്തയെ കേട്ടടൻ കന്യക
നീതിയിതുതന്നെ മൽപിതാവേ

(671-684) ഇങ്ങനെ കഴിയുന്ന കാലത്തു് പുണ്യവതിയുടെ പ്രിയപ്പെട്ട പിതാവിന്റെ ആത്മാവു് ദുഃഖപൂരിതനായി പ്രത്യക്ഷനായി. അഗ്നിയിൽനിന്നു വരുന്ന വിധത്തിൽ ദുഃഖശബ്ദത്തിൽ പറഞ്ഞു തുടങ്ങി.

''സ്നേഹം നിറഞ്ഞ മകളേ, നീയെന്നെ മറക്കുവാൻ കാരണമെന്താണു്. എന്നെ മഹാദുഃഖം ഗ്രസിച്ചിരിക്കുന്നു. നീ വഴിയായി അന്യജനങ്ങൾക്കു ലഭിക്കുന്ന നന്മകൾ എല്ലാദിവസവും ഞാൻ കാണുന്നുണ്ടു്. അതെനിക്കു് ദുഃഖത്തിനു കാരണമായിരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി നീ നടത്തിയ സദ്കർമ്മങ്ങൾ അല്പംപോലും എനിക്കുവേണ്ടി ആയിരുന്നില്ലല്ലോ.

നിന്നെ പരിപാലിച്ചു വളർത്തിയ കാര്യം ഓർത്താൽ എന്നെ മറക്കുന്നതിനു് എങ്ങനെ കഴിയും?

(685_700) തന്റെ പിതാവിന്റെ വാക്കുകൾ കേട്ടിട്ടു് മോനിക്കാപുണ്യവതി മറുപടി പറഞ്ഞു: ''എന്റെ പിതാവേ, ഇതു ശരിതന്നെ. എങ്കിലും ഇതിന്റെ കാരണം എന്താണെന്നു് സ്നേഹം നിറഞ്ഞ താതാ, എനിക്കറിയില്ല, സത്യം. അങ്ങു് മരിച്ചതു മുതൽ

എന്നയാഃചൊല്ലി മറഞ്ഞതുപോലിപ്പോഃ
എന്നുടെ നേരവുമോത്തു കൊഃവിൻ

എന്നുടെ ദേഹിയിതു നേരമഗ്നിയിൽ
വെന്തുരുകുന്നെന്നു മോത്തീടണം.

നിങ്ങഃക്കിതു നേരമെന്നെത്തുണപ്പതി
നെതുയോ പോംവഴിയോത്തിടണം

ഓത്തിടാതെ മറന്നീടുകിൽ, നിങ്ങഃക്കു
ഓത്തുകൊഃ സംഭവമിങ്ങനെതാൻ

കീർത്തിയേറിടുന്ന കന്യക മോനിക്ക
പാർത്തിരുന്നന്നൊരു മഠം തന്നിൽ

ശ്രദ്ധീകരത്തിലെ ആത്മങ്ങളിലൊരു
ശ്രദ്ധയധികമിവഃക്കുണ്ടായി

എപ്പോഴും തന്നുടെ ധ്യാനജപമൊക്കെ
ഇപ്പരലോക ദുഃഖങ്ങഃ തീർപ്പാൻ

എതുയോ ആത്മങ്ങഃ ഈ കണികാരണാൽ
തതുദിനേ ദിനേ മോക്ഷം പൂകും

എന്തെല്ലാം പുണ്യമിതിനായ് ദിനേചെയ്യു-
മെന്നുള്ള സങ്കല്പം ചൊല്വാൻ മേലാ

(653-660) ഇപ്രകാരം പറഞ്ഞു് ആ സന്യാസിയുടെ ആത്മാവു് മറഞ്ഞു. അതുപോലെ എന്റെ ശിക്ഷാസമയവും നീ വിസ്മരിക്കേണ്ട. ഈ സമയത്തു് എന്റെ ആത്മാവു് അഗ്നിയിൽ വെന്തുരുകുകയാണു്. എന്നെ സഹായിക്കാൻ നിങ്ങഃക്കു് എതുയോ വഴികളാണുള്ളതെന്നു് ഓക്കുക. നിങ്ങഃ ഇക്കാര്യം ഓക്കാതെ മറക്കുകയാണെങ്കിൽ, നിങ്ങഃക്കും ഈ വിധംതന്നെ സംഭവിക്കും എന്ന കാര്യം മനസ്സിൽനിന്നു മായാതെ നില്ക്കട്ടെ.

(661-670) കീർത്തിയുള്ള മോനിക്കപുണ്യവതി ജീവിച്ചിരുന്ന മഠത്തിൽ സംഭവിച്ചതാണിതു്. ശ്രദ്ധീകരാത്മാക്കളെക്കുറിച്ചു് അത്യധികമായ ശ്രദ്ധ മോനിക്കാസ്സു് ഉണ്ടായിരുന്നു. സദാസമയം ധ്യാനവും ജപങ്ങളും നടത്തി പരലോകവാസികളായ ഇവരുടെ ദുഃഖങ്ങഃ അവരം നിർമ്മാർജ്ജനം ചെയ്തിരുന്നു. മോനിക്കാപുണ്യവതി സർവേശനു നൽകിയ ഈ കാഴ്ചകൊണ്ടു് അനേകം ആത്മാക്കഃ ദിനംപ്രതി സ്വർഗ്ഗപ്രാപ്തരായി. ഈ കാര്യത്തിനായി എന്തെല്ലാം പുണ്യകർമ്മങ്ങളാണു് പുണ്യവതി ചെയ്തിരുന്നതെന്നു് വർണ്ണിക്കുകതന്നെ പ്രയാസമാണു്.

ഇങ്ങനെ വാഴുന്ന കാലേയൊരുദിനം
തന്നുടെ സ്നേഹമേറീടും താതൻ

തന്നുടെ ദേഹിമഹാദുഃഖഭോഷയാൽ
തന്റെ മകൾക്കുടൻ കാണപ്പെട്ട.

അഗ്നിയിൽനിന്നു പുറപ്പെട്ടുന്നെന്നപോൽ
ദുഃഖസ്വരത്തോടെ പാത്തുചൊല്ലി

സ്നേഹമകളേ നീയെന്നെ മറന്നുപോയ്
ന്യായമിതെന്തയ്യോ, മഹാദുഃഖം

നീയു നിമിത്തമായിയുണ്ടാകും നന്മകൾ
നിത്യമായ് കണ്ടു ഞാൻ ക്ലേശിക്കുന്നു. 680

അന്യജനത്തിനു ചെയ്യുന്ന നന്മകൾ
അത്യല്പമെങ്കിലുമെനിക്കില്ലേ,

നിന്നെ വളർത്തി ഞാൻ പാലിച്ചതോർത്തെന്നാൽ
എന്നെ മറപ്പതിനെന്തുമൂലം?''

താതന്റെ വാത്തയെ കേട്ടുടൻ കന്യക
നീതിയിതുതന്നെ മൽപിതാവേ

(671-684) ഇങ്ങനെ കഴിയുന്ന കാലത്തു് പുണ്യവതിയുടെ പ്രിയപ്പെട്ട പിതാവിന്റെ ആത്മാവു് ദുഃഖപൂരിതനായി പ്രത്യക്ഷനായി. അഗ്നിയിൽനിന്നു വരുന്ന വിധത്തിൽ ദുഃഖശബ്ദത്തിൽ പറഞ്ഞു തുടങ്ങി.

''സ്നേഹം നിറഞ്ഞ മകളേ, നീയെന്നെ മറക്കുവാൻ കാരണമെന്താണു്. എന്നെ മഹാദുഃഖം ഗ്രസിച്ചിരിക്കുന്നു. നീ വഴിയായി അന്യജനങ്ങൾക്കു ലഭിക്കുന്ന നന്മകൾ എല്ലാദിവസവും ഞാൻ കാണുന്നുണ്ടു്. അതെനിക്കു് ദുഃഖത്തിനു കാരണമായിരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി നീ നടത്തിയ സദ്കർമ്മങ്ങൾ അല്പംപോലും എനിക്കുവേണ്ടി ആയിരുന്നില്ലല്ലോ.

നിന്നെ പരിപാലിച്ചു വളർത്തിയ കാര്യം ഓർത്താൽ എന്നെ മറക്കുന്നതിനു് എങ്ങനെ കഴിയും?

(685_700) തന്റെ പിതാവിന്റെ വാക്കുകൾ കേട്ടിട്ടു് മോനിക്കാപുണ്യവതി മറുപടി പറഞ്ഞു: ''എന്റെ പിതാവേ, ഇതു ശരിതന്നെ. എങ്കിലും ഇതിന്റെ കാരണം എന്താണെന്നു് സ്നേഹം നിറഞ്ഞ താതാ, എനിക്കറിയില്ല, സത്യം. അങ്ങു് മരിച്ചതു മുതൽ

സ്നേഹമേറീടുന്ന താതനെ എന്തിതു
നീതിയറിയില്ല ഞാനും ദുഃഖം

നിന്നുടെ മൃത്യുവിൽ സംഗതി കേട്ടു ഞാൻ
അന്നു മുതൽ മഹാജാഗ്രതയാൽ

പാപാഗ്നിമോചനം വേഗം വരുത്തുവാൻ
പാപി ഞാനെത്രയും ദാഹത്തോടെ,

പ്രാർത്ഥിപ്പാനായിട്ടുറച്ചു ഞാനെന്നുടെ
പ്രാർത്ഥനഗേഹത്തിൽ പുകുന്നേരം

നിശ്ചയമൊക്കെയും തൽക്ഷണം മാഞ്ഞുപോം
ഇച്ഛയും മറ്റൊരു സാദ്ധ്യത്തിന്നാം

ഇങ്ങനെ നിത്യവും ഞാൻ മറന്നീടുവാൻ
സംഗതി എന്തിതോ, മഹാദുഃഖം.

എങ്കിലുമിന്നുമുതങ്ങി ഞാനെന്നുടെ
ചങ്കിൻറെ വ്യാധിയാൽ പ്രാർത്ഥിച്ചീടും

ചൊന്നതു കേട്ടടൻ, പിതാവു തന്നുടെ
മനം തെളിഞ്ഞപോൽ ഓർത്തുചൊല്ലി

സ്നേഹമേറീടും മകളേ, യിതെന്നുടെ
ജീവിതകാലഫലങ്ങൾതന്നെ

അത്യന്തം ജാഗ്രതയോടെ ശുദ്ധീകരാഗ്നിയിൽ നിന്നു അങ്ങയുടെ മോചനത്തിനായി പ്രാർത്ഥിക്കാൻ ആഗ്രഹിച്ചു. അതിനുവേണ്ടി പ്രാർത്ഥനാമന്ദിരത്തിൽ പ്രവേശിക്കുന്ന ക്ഷണത്തിൽത്തന്നെ നിശ്ചയിച്ചിരുന്ന കാര്യങ്ങളെല്ലാം മറന്നുപോകും. മറ്റു കാര്യങ്ങൾ മനസ്സിൽ വന്നു നിറയും. ഇങ്ങനെ എല്ലാ ദിവസവും അങ്ങയുടെ കാര്യം മറക്കുവാൻ എന്താണു കാര്യമെന്നു് അറിയില്ല. ഇതാണു് എൻറെ മഹാദുഃഖം. എങ്കിലും ഈ ദിവസം മുതൽ അങ്ങേയ്ക്കുവേണ്ടി ഹൃദയം തകർന്നു് പ്രാർത്ഥിക്കും.''

(701_710) ഇതു കേട്ടു് മോനിക്കായുടെ പിതാവു് സന്തോഷത്തോടുകൂടി ഇങ്ങനെ പറഞ്ഞു: ''പ്രിയ മകളേ, ഇതെല്ലാം എൻറെ ജീവിതകാലത്തെ ഫലങ്ങൾ തന്നെയാണു്. ഞാൻ ജീവിച്ചിരിക്കെ ഭൂലോകത്തിൽനിന്നു് മരിച്ചു് വേർപെടുന്ന ആത്മാക്കളെ സഹായിക്കാൻ താല്പര്യം കാണിച്ചിരുന്നില്ല. അതിൻറെ ഫലമായാണു് എനിക്കീതു സംഭവിച്ചതു്. എങ്കിലും എൻറെ സ്നേഹം നിറഞ്ഞ മകളേ നീ മറക്കാതെ എന്നെ സഹായിക്കണം.''

എന്നുടെ ജീവിതകാലത്തിൻ ഭൂലോകെ
നിന്നു പിരിയുന്നൊരാത്മാക്കളെ

ഞാൻ തുണച്ചീടുവാനോർക്കാതെ മിക്കപ്പോഴും
മന്നിച്ച[1]പോയതിൻ ഫലം തന്നെ

എങ്കിലുമെന്നുടെ സ്നേഹ മകനേ നീയെ--
എന്നെ തുണയ്ക്ക മറന്നിടാതെ

ചൊന്നതു കേട്ടടൻ, പിതാവു തന്നുടെ
മനം തെളിഞ്ഞപോൽ ഓമ്മുചൊല്ലി

സ്നേഹമേറീടും മകളേ, യിതെന്നുടെ
ജീവിതകാലഫലങ്ങളും തന്നെ

എന്നുടെ ജീവിതകാലത്തിൻ ഭൂലോകെ
നിന്നുപിരിയുന്നൊരാത്മാക്കളെ

ഞാൻ തുണച്ചീടുവാനോർക്കാതെ മിക്കപ്പോഴും
മന്നിച്ചുപോയതിൻ ഫലം തന്നെ

എങ്കിലുമെന്നുടെ സ്നേഹ മകനേ നീയെ -
എന്നെ തുണയ്ക്ക മറന്നിടാതെ

എന്നതുപോൽതന്നെ പുണ്യവതിയുടൻ
മന്ദ[2]മൊഴിഞ്ഞു തുണച്ചു ദൃഢം

ഇന്നിതുകേട്ടുള്ള സഹോദരന്മാരെ,
ഇന്നെന്നെ നിങ്ങളും തുണച്ചീടുകിൽ

(711_716) അതനുസരിച്ച്, പുണ്യവതിയായ മോനിക്കാ താല്പര്യപൂർവം തന്റെ പിതാവിന്റെ ആത്മാവിനെ സഹായിച്ചു. ഈ കാര്യം കേട്ടവരായ എന്റെ സഹോദരന്മാരെ ഇന്നു നിങ്ങളും ഞങ്ങടെ സഹായിക്കുമെങ്കിൽ നിങ്ങൾക്കു ഈ ഭൂമിയിൽ നേരിടുന്ന ദുഃഖങ്ങളും നിമ്മാജ്ജനം ചെയ്ത നിങ്ങളെ സഹായിക്കാൻ ഞങ്ങളും കഴിവുള്ളവരാണ് എന്നു് അറിഞ്ഞാലും.

(717_730) നിങ്ങളും ഒരു കഥ കേട്ടിട്ടില്ലേ? ഒരു ശ്രേഷ്ഠനായ വൈദികൻ ജാഗ്രതയോടെ ഒരു രോഗിയുടെ വീട്ടിൽ അന്ത്യക്രമദാശയായ രോഗീലേപനം കൊടുക്കുന്നതിനായി പുറപ്പെട്ടു. സന്ധ്യാസമയത്തു് അദ്ദേഹം ശ്മശാനസ്ഥലത്തിനരികിൽകൂടി യാത്ര ചെയ്തപ്പോൾ എല്ലുകളും തമ്മിൽ കിടുകിടെ തല്ലുന്നതുപോലെ ഒരു

---

1 മന്നിച്ച - ഉപേക്ഷ വിചാരിച്ച 2 മന്ദം - മനം എന്ന സങ്കല്പം

നിങ്ങൾക്കു ഭൂലോകേ നേരിട്ടം ദുഃഖങ്ങൾ
നീക്കിത്തുണപ്പാനും ശക്തർ ഞങ്ങൾ

കേട്ടില്ലയോ നിങ്ങൾ ശ്രേഷ്ഠന്നൊരുഗ്രരു
യാഗ്രത[1]യാലൊരു രോഗി വീട്ടിൽ

അന്ത്യമാം ലേപനം നൽകുവതിന്നിയാം
സന്ധ്യാസമയത്തിൽ പുറപ്പെട്ട 730

സീമിത്തേരി തൻറെയരികത്തിലൂടവേ
ചരിക്കുന്നനേരമതിൻറെയുള്ളിൽ

എല്ലുകൾ തങ്ങളിൽ മുട്ടി കിടുകിട
തല്ലുന്നതിൻ സമമുള്ളൊരൊച്ച

കേട്ടതിൻ ശേഷമതിൽ പിന്നൊരു സ്വരം
കേട്ടൊരു കൂട്ടൻറെ വാക്യം പോലെ,

കൂട്ടരേ, വേഗത്തിൽ പോകണം നാമിപ്പോൾ
കൂട്ടൻറെ തിട്ടതി നേരമിതാ,

നമ്മെത്തുണച്ചവനെ തുണച്ചീടുവാൻ
ഒന്നിച്ചു നാമിപ്പോൾ പോയിടേണം 740

ശബ്ദം കേട്ട. അതിൻറെശേഷം ആരുടെയോ സംസാരവും മുഴങ്ങി.'' കൂട്ടുകാരേ നമുക്ക് എത്രയും പെട്ടെന്നു പോകാം. നമ്മുടെ കൂട്ടുകാരൻറെ അത്യാവശ്യ സന്ദർഭം ഇതാണ്. നമ്മളെയെല്ലാം അവൻ സഹായിച്ചിരുന്നു. അതുകൊണ്ട് ഇപ്പോൾ നമുക്ക് അവനെ സഹായിക്കാം''

(731_750) ഈ വാക്കുകൾ കേട്ടിട്ട്, ആ വൈദികൻ പിന്തിരിഞ്ഞു നോക്കി. ആരെയും കണ്ടില്ല. പിന്നീട് രോഗിയുടെ ഭവനത്തിലെത്തി മംഗളം പറയുകയും തീർത്ഥജലം തളിക്കുകയും ചെയ്തു. പരലോകയാത്രയ്ക്കായി അദ്ദേഹം രോഗിക്ക് തൃപ്പാഥേയം നൽകി. അപ്പോൾ ആ രോഗിയുടെ ചുറ്റും പ്രകാശവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പുണ്യാത്മാക്കൾ ബഹുമാനപുരസ്സരം കാവൽ നില്ക്കുന്നു. അകലെയായി കോപാക്രാന്തരായി ദുഷ്ടാത്മപിശാചുക്കൾ നിലകൊള്ളുന്നു. ആ പിശാചുക്കൾ അടക്കാനാവാത്ത ക്രുദ്ധതയോടെ വാലു വളച്ച് നാലുപാടും ഓടുന്നുമുണ്ട്. ഈ കാഴ്ചയുടെ സാരം എല്ലാം ആ ശ്രേഷ്ഠ വൈദികനു് അപ്പോൾത്തന്നെ മനസ്സിലായി. മേല്പറഞ്ഞ രോഗി തൻറെ

---

1 യാഗ്രത – ജാഗ്രത

എന്നതും കേട്ടിയാനം എന്തെന്നറിയാതെ
പിന്തിരിഞ്ഞന്നപ്പോനം കണ്ടില്ലൊന്നും

ഇങ്ങനെ ചൊന്നയാനം രോഗി കേതം പുക്ക
മംഗളം ചൊല്ലി തളിച്ച തീർത്ഥം

യാത്ര പ്രകാരത്തിൽ ക്രദാശ [2]യൊക്കയും
ജാഗ്രതയോട്ട കൊട്ടക്കും നേരം

രോഗിക്ക ചുറ്റുമായ് ഏറിയൊരാളുകനം
ശോഭിത വസ്ത്രം ധരിച്ചുംകൊണ്ട്

ആദരവോടിവർ ചാരത്ത നില്ലയായ്
ദൂരത്തിൽ കോപത്താൽ പൂതങ്ങളും 750

വാലുവളച്ചവർ കോപവെറിയോടേ
നാല ദിക്കും നോക്കിയോടീടുന്ന.

ഈ കണ്ട കാഴ്ചയാൽ സാരങ്ങളൊക്കയും
ആ ഗ്രന്ഥസ്വാമിക്ക ബോധ്യമായി.

രോഗിയീയാളുടെ ജീവിത നേരത്തിൽ
നേരായ ഭക്തിയാൽ ക്രടെക്രടെ

ജീവിതകാലത്ത് യഥാർത്ഥ ഭക്തിയോടെ ശ്രദ്ധീകരസ്ഥലത്തെ ആത്മാക്കനംക്കവേണ്ടി ക്രടെക്രടെ പ്രാർത്ഥിച്ചിരുന്ന. അതുകൊണ്ട് വളരെയധികം ആളുകനംക്ക് സ്വർഗപ്രാപ്തിയുണ്ടായി.

(751_758) ഈ നല്ല മനുഷ്യൻ രോഗിയായപ്പോനം ഇയാളെ സഹായിക്കുന്നതിന് കൃതാർത്ഥതയോടെ ആ ആത്മാവുകനം ആഗതരായതാണ് ഇതു്. ഇതു ശ്രവിച്ച സ്നേഹ സഹോദരന്മാരെ, നിങ്ങനംക്ക് ഇതുപോലെയുള്ള ഒരു സമയം ഉണ്ടാകും. മരണമെന്ന മഹാസാഗരം കടക്കുന്നതിന് എത്രയോ പ്രയാസമാണുള്ളതു് എന്ന് നിങ്ങനം ചിന്തിക്കണം. ഇതുപോലെയുള്ള ഒരു സഹായം ശ്രദ്ധീകരാത്മാക്കളിൽനിന്നു നേടിയാൽ മരണപാരവശ്യത്തിൽ നമുക്ക് സുഖവും സ്വച്ഛന്ദതയും ലഭിക്കും.

---

2 യാത്രപ്രകാരത്തിൻ ക്രദാശ - അന്ത്യക്രദാശ (തിരുപ്പാഥേയം)

ശ്രദ്ധീകരസ്ഥലേയാത്മങ്ങൾംക്കായിയാം
ക്ഷേിയൊടെപ്പൊഴും പ്രാർത്ഥിക്കയാൽ

ഏറിയൊരാളുകൾം മോക്ഷം കരേറുവാൻ
കാരണമായൊരു രോഗിയിയാം

നന്ദിയറിയുന്ന ആത്മങ്ങളായവർ
വന്നിന്നിയാളെ തുണച്ചീടുവാൻ

ഇന്നിതു കേട്ടൊരു സ്നേഹഭ്രാതാക്കന്മാർ
വന്നീടും നിങ്ങൾക്കും നേരമിതാ

മരണമെന്നൊരു കടൽ കടപ്പതി-
ന്നരിമയെത്രയെന്നോർത്തുകൊൾവിൻ

ഇപ്പോലെയുള്ളൊരു സഹായം തേടുകിൽ
അപ്പരവേശത്തിൽ സുഖം വരും

ശക്തിയേറീടുന്ന ശത്രുവിൻ ദുഷ്ടത
നഷ്ടതന്ത്രമൊക്കെയത്ര നേരം

അക്ഷണം ദുഷ്ടൻെറ കയ്യിൽ നിന്നായാത്മം
രക്ഷപ്പെട്ടെങ്കിലവനു നഷ്ടം

(759-780) ശക്തനായ പിശാചിൻെറ ദുഷ്ടതയും കഷ്ടതരമായ തന്ത്രങ്ങളും മരണസമയത്തിലുണ്ടാകും. തൻെറ കയ്യിൽനിന്നു് ആത്മാവു് നഷ്ടപ്പെട്ടുപോയാൽ അതു തൻെറ വലിയ നഷ്ടമായി ദുഷ്ടാത്മാവു് വിചാരിക്കും. അക്കാര്യം മനസ്സിൽക്കരുതി കഠിനമായി യത്നിക്കയും ചെയ്യും.

മരണം എന്നതു ദുർഗ്ഗമമായ ഒരു യാത്രയാണു്. മനുഷ്യൻ ആ യാത്ര നടത്തിയേ തീരൂ. മുള്ളുകളും കണ്ടുകഴികളും നിറഞ്ഞ കാനനത്തിൻെറ മധ്യേ നടക്കണം. മുൻപു് ഒരിക്കലും നടന്നിട്ടില്ലാത്ത ഈ ദീർഘയാത്രയിൽ പലതരത്തിലുള്ള അപകടങ്ങളും ഉണ്ടായിരിക്കും. അതെല്ലാം കടന്നു് എത്തിയാൽ ആ വഴി മധ്യേ ഒരു വലിയ സമുദ്രം കാണും. അതു കണ്ടാൽ ആരും ഭയപ്പെട്ടുപോകും. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റും, ചുഴലിയും മലരിയും നാനാതരത്തിലുള്ള മറ്റു് അപകടങ്ങളും ആ കടൽ യാത്രയിൽ ഉണ്ടായിരിക്കും. അതുകൊണ്ടു് മേല്പറഞ്ഞ തരത്തിലുള്ള സ്നേഹവും സഹായവും ഈ യാത്രയിൽ ലഭിക്കുവാൻ വേണ്ടി ശ്രദ്ധീകരാത്മാക്കളുടെ സഹായം അന്വേഷിക്കുവിൻ. ഇപ്പോൾ വിവരിച്ചവ കൂടാതെ മറ്റു് അപകടങ്ങളും ഉണ്ടായിരിക്കും.

എന്നിതു ദുഷ്ടന്റെ ചേതസി ബോധിച്ചു
നന്നായ് ശ്രമിച്ചീടുമാനേരത്തിൽ

ദുർഗ്ഗമമായൊരു യാത്രയിതുതന്നെ
തത്രാഗമിക്കണം മർത്യജനം

മുള്ളുകൾ കുണ്ടുകഴി നിറഞ്ഞുള്ളൊരു
പള്ളയിൻ മദ്ധ്യേ നടന്നീടണം.

പണ്ടൊരുനാളും നടന്നിട്ടില്ലാത്തൊരു
നീണ്ട വഴിയതിൽ പലയോഗ്യം 780

വീണ്ടതിൻ മധ്യത്തിലുള്ളൊരു സാഗരം
കണ്ടാൽ ഭ്രമിച്ചീടും കാറിൻ ശക്തി

ചുറ്റിയടിക്കും ചുഴലി പലതരം
മറ്റും പലതരം യോഗ്യ[1]ങ്ങളും

ആയതു നേരമിതുപോലെയുള്ളൊരു
സ്നേഹഗുണകളേ തേടിക്കൊൾവിൻ

ഇക്കേട്ടതല്ലാതെ മറ്റുള്ള യോഗ്യങ്ങൾ
ഒക്കെയും തീർത്തിടുമീയാത്മരങ്ങൾ

ഇന്നവരെപ്രതി നിങ്ങൾ ചെയ്യുന്നൊരു
നന്ദി മറന്നിടാ എന്നുമവർ. 790

അവയെല്ലാം നിർമ്മാർജ്ജനം ചെയ്യുവാൻ ശുദ്ധീകരാത്മാക്കൾക്കു കഴിയും. ഇന്നു നിങ്ങൾ ഈ ആത്മാക്കൾക്കുവേണ്ടി ചെയ്യുന്ന നന്മകളെല്ലാം കൃതജ്ഞതയോടെ അവർ സ്മരിക്കുന്നതാണ്.

(781_790) അതുപോലെതന്നെ നിങ്ങൾ ഇവരെ നിന്ദിച്ചുതള്ളിക്കളയുകയാണെങ്കിൽ നിങ്ങൾക്കു ദുഃഖം വന്നു ഭവിക്കും എന്നുള്ളതു തീർച്ചയാണ്. ഞങ്ങൾ ദൈവത്തിനു പ്രിയപ്പെട്ടവരാണ് എന്നതിനു യാതൊരു സംശയവും വേണ്ട. ഞങ്ങളെ സഹായിക്കാൻ വേണ്ടി അസംഖ്യം നന്മപ്രവൃത്തികളാണ് തിരുസ്സഭ പ്രഖ്യാപനം ചെയ്തിട്ടുള്ളതു്. തീർത്തും നിസ്സാരമായ ജപതപങ്ങൾക്കു് അളവറ്റ പാപപ്പൊറുതിയാണ് നിശ്ചയിച്ചിട്ടുള്ളതു്. ഈ കാര്യത്തിന്റെ പ്രത്യേകത എന്താണെന്നുള്ളതു് ഭംഗിയായി മനസ്സിലാക്കുക.

---

1 യോഗ്യം—അപകടം

എന്നതുപോൽത്തന്നെ നിന്ദിച്ചുതള്ളുകിൽ
വന്നീടും ദുഃഖവും ഭേദമില്ലാ.

ദൈവത്തിൻ സ്നേഹിതർ ഞങ്ങളെന്നുള്ളതും
ഭേദമില്ലാതുള്ള സത്യംതന്നെ

നമ്മെ തുണപ്പതിന്നെണ്ണമില്ലാതുള്ള
നന്മകം പള്ളിയിൽ സ്ഥാപം ചെയ്യ.

അല്പമായുള്ള ജപതപങ്ങൾക്കുമ-
നൽപ്പമാം പാപപ്പൊറുതിവച്ചു

എന്നതിന്നുള്ളൊരു ഭേദവിശേഷവും
നന്നായി സൂക്ഷിച്ചു കേട്ടുകൊൾവിൻ 800

പാപപ്പൊറുതിക്കു കല്പിച്ച പുണ്യങ്ങം
പാപസങ്കീർത്തനം ചെയ്യശേഷം

ദൈവേഷ്ടദാനത്തിൽ പാർക്കുന്ന നേരത്തിൽ
ദൈവതിരുമുമ്പിൽ കാഴ്ചവെക്ക

എന്നുള്ള കല്പന ശേഷമെല്ലാറ്റിനും
ഇന്നിതും ഞങ്ങൾക്കായ് നീക്കി പള്ളി

ശുദ്ധീകരത്തിലെ ആത്മാക്കൾക്കെങ്കിലോ
ശുദ്ധികുറഞ്ഞാലും കൈക്കൊണ്ടിടും.

(791_800) പാപപരിഹാരത്തിനായി നടത്തേണ്ട പുണ്യപ്രവൃത്തികളും, പാപസങ്കീർത്തനം നടത്തി ദൈവേഷ്ടപ്രസാദത്തിൽ ആയിരിക്കുമ്പോൾ ദൈവത്തിനു സമർപ്പിക്കുക എന്നുള്ള നിയമം ഞങ്ങളെ സംബന്ധിച്ച് തിരുസ്സഭ വ്യത്യാസപ്പെടുത്തിയിരിക്കുന്നു. ശുദ്ധീകരാത്മാക്കൾക്കായി നടത്തുന്ന പുണ്യകർമ്മങ്ങൾ ശുദ്ധി കുറഞ്ഞവരായിരിക്കേ, ചെയ്താലും ദൈവം സ്വീകരിക്കും. മറ്റുള്ള കുറവുകളെല്ലാം നിവാരണം ചെയ്യുവാൻ ഞങ്ങൾ മറ്റാരേക്കാളും ശക്തരാണ്.

(801_ 820) ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കി സന്തോഷ പൂരസ്സരം ഞങ്ങളെ നിങ്ങൾ സഹായിക്കുക. ഒരു കഥ പറയട്ടെ. വടക്കേ നാട്ടിലുള്ള സുകൃതിയായ ഒരു ക്രൈസ്തവൻ ഭാര്യയോടൊത്തു സന്തോഷവാനായിക്കഴിഞ്ഞിരുന്നു. അക്കാലത്തു് സഹോദരനെന്നതുപോലെ കണക്കാക്കിയ ഒരു സുഹൃത്തു് അയാൾക്കുണ്ടായിരുന്നു. ഈ സുഹൃത്തു്, അദ്ദേഹത്തിന്റെ പത്നിയെ സ്വന്തമാക്കാൻ ആഗ്രഹിച്ചു. പക്ഷേ അവൾ പതിവ്രതയും ഭർത്താവിനെയല്ലാതെ മറ്റാരേയും ഇച്ഛിക്കാത്തവളുമായിരുന്നു.

മറ്റുള്ള യോഗ്യങ്ങളൊക്കെയും നീക്കുവാൻ
മറ്റവരെക്കാളും ശക്തന്മാരും 810

എന്നതും ബോധിച്ചു നന്ദിയാൽ ഞങ്ങളെ
നിങ്ങളും തുണപ്പാനായ് കേട്ടുകൊൾവിൻ

ഉത്തര ദിക്കതിലുള്ളൊരു ക്രിസ്ത്യാനി
ഉത്തമൻ തന്നുടെ പത്നിയുമായ്

ജീവിച്ചു വാണിടും കാലത്തിൽ തന്നുടെ
സോദരനെന്നപോൽ മറ്റൊരുവൻ

സ്നേഹപ്പെരുപ്പത്താൽ കൂടെപ്പിറപ്പുപോൽ
മോഹിതമെങ്കിലും വച്ചുജായാം[1]

പതിപ്രതയായവൾ അറിയുന്നുവെങ്കിലും
പത്യുഃസ്നേഹമ[2]ല്ലാതിച്ഛയില്ലാ 820

ദോഷനവനതു ബോധിച്ചുടങ്ങാതെ
ഭാഷിതം കൊണ്ടു നിറഞ്ഞിടുന്നു.

സ്നേഹമേറിടും സ്വഭർത്താവിനൊക്കെയും
മോഹിതം ദൗഭാഗ്യമെന്നു തോന്നി

സന്ദേഹസ്ഥാനത്തിലുണ്ടാകും സംബന്ധേ
സന്ദേഹമില്ലാതിദൃഷ്യം നൂനാം.

അവളുടെ ഭർത്താവിന്റെ സ്നേഹിതൻ ഇതെല്ലാമറിഞ്ഞിട്ടും അവളെ ആഗ്രഹിക്കയും, ചപലവാക്കുകളാൽ അവളെ വശീകരിക്കാൻ യത്നിക്കയും ചെയ്തു. അവളുടെ പ്രിയപ്പെട്ടവനായ ഭർത്താവു് അയാളുടെ സ്നേഹം നിഷ്കളങ്കമായ ഒന്നാണ് എന്നത്രേ കരുതിയതു്.

വിവാഹജീവിതത്തിൽ ഉണ്ടാകുന്ന സംശയങ്ങളും മനുഷ്യർക്കു് അത്യധികമായ ദുഃഖം വരുത്തും എന്നതു് സംശയമറ്റ കാര്യമാണ്. ഈ നല്ല ചൊല്ലു് പഴയ ആളുകൾ പറഞ്ഞിട്ടുള്ളതാണ്. ഇതൊന്നും ആ മനുഷ്യൻ കണക്കിലെടുക്കാതെ കാലം കഴിച്ചും ഇങ്ങനെ, കൊള്ളരുതാത്തവനായ കൂട്ടുകാരനോടു സ്നേഹം പുലർത്തിയതിനാൽ ആ കുടുംബനാഥനു് വലിയ ക്ലേശം ഉണ്ടായി.

(821–830) കട്ടുകുടിക്കുന്ന ജലത്തിന്റെ മാധുര്യം പകൽവെളിച്ചത്തിലെന്നപോലെ അയാൾ വ്യക്തമാക്കി. തന്റെ ബുദ്ധിയിൽ തോന്നിയ ചപല വാക്കുകൾകൊണ്ടു് അവ വരച്ചുകാട്ടി. എങ്കിലും

---

1 ജായാം—ഭാര്യയെ 2 പത്യുഃ സ്നേഹം—ഭർത്തൃസ്നേഹം

എന്നുള്ള നൽചൊല്ല മുൻപുള്ള നല്ലോരാൽ[1]
ചൊന്നകാര്യമിവൻ ഗ്രഹിക്കാതെ

സ്നേഹിതം വാച്ചൊരു കാരണം ഹേതുവാൽ
സ്നേഹഭർത്താവിനു ക്ലേശമായി

കട്ടകൂടിക്കും ജലത്തിന്റെ മാധുര്യം
വെട്ടവെളിവായി കാട്ടിരാജൻ

തന്നുടെബുദ്ധിയിൻ ശക്തിക്കുതക്കപോൽ
താൻ തന്റെ നാവിനാൽ ചൊല്ലിക്കാട്ടി.

എങ്കിലും തന്നുടെ വാർദ്ധക്യനാളതിൽ
ശങ്കകൂടാതെതാൻ താണുപോയി

കല്പപറപ്പിക്കും കാറിൻമുഖമതിൽ
വെല്പുമോ, ശ്രുഷ്കപത്രാദിവർഗ്ഗം?

എന്നിവയൊന്നുമേയോർത്തിടാതെയവൻ
മന്നത്താൽ സ്നേഹത്തിൽ മുങ്ങിപ്പോയി

എങ്കിലും പുണ്യസ്ത്രീ തന്നുടെയുള്ളതിൽ
ശങ്കയില്ലായിതിൽ തെല്പുപോലും

എങ്കിലും ഭോഷന്റെയുള്ളതിൽവച്ചൊരു
ശങ്കയില്ലാതുള്ളോരാഗ്രഹത്താൽ

സംശയംപൂക്കുതൻ ഭർത്താവിൻബോധത്തിൽ
സന്ദേഹം തീർപ്പാനുപായം നോക്കി

അവസാനകാലത്തു് അയാൾ തന്റെ തിന്മയുടെ ആഴത്തിലേയ്ക്കു് വീണുപോയി. കല്പപോലും പറപ്പിച്ചുകളയുന്ന കൊടുങ്കാറ്റിനോടു് എതിരിടാൻ കരിയിലയ്ക്കു കഴിയുമോ? ഈ കാര്യമൊന്നും വേണ്ടതുപോലെ ഓക്കാതെ അയാൾ കൂട്ടുകാരന്റെ ഭാര്യയോടുള്ള കാമംകൊണ്ടു് വിവശനായി.

(831–840) എങ്കിലും പുണ്യചരിതയായ ആ സ്ത്രീയുടെ മനസ്സിൽ ഭർത്താവിന്റെ സ്നേഹിതന്റെ തിന്മയെക്കുറിച്ചു് ഒട്ടും ശങ്കയുണ്ടായിരുന്നില്ല. ഭോഷനായ സ്നേഹിതന്റെ മനസ്സിൽ രൂപംകൊണ്ട അസന്മാർഗികചിന്ത ക്രമേണ കുടുംബനാഥൻ മനസ്സിലാക്കി. തന്റെ സംശയം ശരിയോ എന്നു് പരീക്ഷിച്ചറിയുവാൻ അദ്ദേഹം തീരുമാ

---

1 നല്ലോരാൽ—നല്ലവരാൽ

കോട്ടപ്പുറത്തുള്ള കേതത്തിൽതന്നുടെ
ശ്രേഷ്ഠയാം ഭാര്യയും താനുമായി

പാർത്തുസുഖിക്കുവാനായി പുറപ്പെട്ട
ചേത്തൊരു ശൂശ്രൂഷി ചാരനേയും 840

പേർത്തവിടത്തിലിരിക്കുന്ന നാളതിൽ
പാർത്തുരചെയ്തതൻ ഭാര്യയൊടായ്

ഇന്നിശാമന്ദിരേ നമ്മുടെ ഭർത്താവു
പിന്തിരിഞ്ഞുതന്റെ മറുകേതെ

നന്ദിയാലുള്ളൊരു സ്നേഹത്താലിന്നുഞാൻ
മന്ദമൊഴിഞ്ഞിതാ പാർത്തിടുന്നു.

കേതത്തിൻഭോഗത്തിൽ വച്ചൊരുഗോവണി
വേഗത്തിലേറിയാൽ കാണുംദ്വാരം

അത്തട്ടിവാതലിൽകൂടെയകംപുക്കാൽ
കോട്ടമില്ലാതമ്മിൽ പാർത്തുകൊള്ളാം 850

എന്നിതുവാചകം നിന്റെകരത്തിനാൽ
ഇന്നിതുപത്രത്തിൽ ലേഖിക്കനീ

നിച്ചു. കോട്ടയ്ക്കു വെളിയിലുള്ള സുഖവാസഭവനത്തിൽപ്പോയി താമസിക്കാൻ അയാൾ തന്റെ ഭാര്യയേയും ഒരു വേലക്കാരനേയും കൂട്ടി പുറപ്പെട്ടു.

(841–850) അവിടെ താമസിക്കുന്ന കാലത്തു് ഒരു ദിവസം അദ്ദേഹം ഭാര്യയോടു പറഞ്ഞു: ''ഇന്നു രാത്രി ഈ വീട്ടിൽനിന്നു് എന്റെ ഭർത്താവു് മറ്റൊരു വീട്ടിലേക്കു് പോവുകയാണു്. ഞാൻ സന്തോഷത്തോടെ ഇവിടെ തനിച്ചുകഴിയുന്നു. ഈ വീടിന്റെ മൂലയിൽ ഒരു ഗോവണി വച്ചിട്ടുണ്ടു്. അതുവഴി കയറിയാൽ ഒരു വാതിൽ കാണും. ആ തട്ടുവാതിലിൽ കൂടി അകത്തു കയറിയാൽ ഒരു കുഴപ്പവും കൂടാതെ ഇവിടെയെത്താം. നമുക്കു് ഇവിടെ ഒരുമിച്ചു് കഴിയാം''.

(851–858) അവളുടെ ഭർത്താവു് പറഞ്ഞു. ''ഞാൻ ഈ പറഞ്ഞ ഈ വാചകങ്ങളും നിന്റെ കയ്യക്ഷരത്തിൽതന്നെ നീ ഒരു കടലാസ്സിൽ എഴുതണം. ഞാൻ പറഞ്ഞതു് അനുസരിച്ചില്ലെങ്കിൽ നിന്റെ ശിരസ്സു് ഞാൻ അറുത്തുകളയും''

ഭേദംചെയ്യീടുകിൽ ഞാനിതുനേരത്തിൽ
നീതിയാൽ നിൻെറശിരസ്സുറുക്കും.

കോപാഗ്നിപൂണ്ടിവൻ ചൊന്നതുകേട്ടടൻ
വേഗത്തിൽലേഖിച്ചങ്ങൊപ്പംവച്ചു

വാങ്ങിയുടനതു തന്നുടെഭൃത്യനെ
ഭംഗിയിലേൽപ്പിച്ചു യാത്രയാക്കി.

ശീഘ്രമായ്പ്പോയവൻ വിശ്വാസശ്രേഷ്ഠി
ജാഗ്രതയോടച്ചൻറിഷ്ടംപോലെ

ചൊല്ലിയതൊക്കെയും ഈഷൽവരുത്താതെ
നല്ലതിൻവണ്ണം തികച്ചുവന്നു

ഓട്ടം കലക്കുട്ടി[1] തന്നുടെ പള്ള[2]യിൽ
വേടൻെറ അസ്ത്രം പതിയുംപോലെ

കേട്ടുള്ളഭോഷൻെറ ചങ്കതിൽമോഹത്തിൻ
കഠോരാസ്ത്രമിതും കടക്കും

എന്നുള്ള ബുദ്ധിമാൻ രാജൻെറവാക്യംപോൽ
ഇന്നിവൻ ഭോഷനായ് ചീട്ടുവാങ്ങി

കേട്ടൊരു ശ്രൂരനാം പുരുഷൻക്രൂരത്താൽ
കോട്ടമില്ലാതൊക്കെ ചട്ടംകെട്ടി

കോപത്തിൻെറ തീക്കനൽ പറത്തിക്കൊണ്ടു് ഇങ്ങനെ ഭർത്താവു് ആജ്ഞാപിച്ചതു അവൻ കേട്ടു. അവൻ കത്തെഴുതി ഒപ്പംഇട്ടു. അദ്ദേഹം അതു വാങ്ങിച്ചു് ഭൃത്യനെ ഏല്പിക്കയും യാത്രയാക്കുകയുംചെയ്തു.

(859–868) വേലക്കാരൻ വിശ്വസ്തനായിരുന്നു. അതിവേഗം അവൻ പോയി. തൻെറ യജമാനൻെറ മനസ്സറിഞ്ഞ അവൻ അദ്ദേഹം പറഞ്ഞതെല്ലാം നിർവഹിച്ചതിനുശേഷം തിരിച്ചെത്തി. ഓടിപോകുന്ന കലമാൻെറ ഉദരഭാഗത്തു് നായാട്ടുകാരൻെറ അസ്ത്രം നിപതിക്കും. അതുപോലെതന്നെ വിവരദോഷിയായ മൂഢൻെറ നെഞ്ചിൽ ദുർമ്മോഹമാകുന്ന കഠിനാസ്ത്രം തറഞ്ഞുകയറും. ഇങ്ങനെ ബുദ്ധിമാനായ രാജാവു് (സോളമൻ) പറഞ്ഞതുപോലെ ആ മനുഷ്യൻ മിത്രം കൊടുത്തയച്ച എഴുത്തുവാങ്ങി.

---

1 കലക്കുട്ടി—കലമാൻകുട്ടി 2 പള്ള—വയറു്

മൂർച്ചയധികരിച്ചുള്ളൊരു ഖഡ്ഗവും
ഈർച്ചയാൽതോക്കും നിറച്ചുവച്ചു

സൂര്യൻമറഞ്ഞതിൽ ശേഷത്തിൽവേഗമായ്
വീര്യസ്നേഹത്താൽ പുറപ്പെട്ടവൻ

മെച്ചമായ്തന്നുടെ അശ്വംചമയിച്ചു
കൊച്ചുകടിവാൾ മുറുക്കിയോടി

പോകുംവഴിയതിൽ രാജൻറെനീതിയാൽ
പാതകംചെയ്തൊരു കള്ളൻതന്നെ

ത്രുക്കുമരത്തിൻ മുകളതിൽ കേറീട്ട
പാർക്കുന്നവക്കൊക്കെ നോട്ടത്തിനായ് 880

ചത്തവൻ തന്നുടെ ദേഹമതിൽ തന്നെ
ത്രുക്കിക്കിടക്കണം ചിലദിനം.

എന്നുള്ള നീതിക്കു തക്കപോലന്നൊരു
കൊന്നവൻ ദേഹം കിടന്നിരുന്നു

ത്രുക്കുമരത്തിൻ ചുവടതിൽ ചെന്നുടൻ
പാർത്തവനീ ദേഹം സൂക്ഷത്തൊടെ

(869_872) താൻ കത്തു് മേൽവിലാസക്കാരനു നൽകി എന്നു് തിരിച്ചെത്തിയ ഭൃത്യൻ പറഞ്ഞു. എല്ലാക്കാര്യങ്ങളും നടത്തുവാൻ യജമാനൻ കോപപൂർവം ഏർപ്പാടുചെയ്തു. നല്ല മൂർച്ചയുള്ള വാളും ഒരു തോക്കും, ശമിപ്പിക്കാനാവാത്ത വൈരത്തോടെ അയാൾ ഒരുക്കി വച്ചു.

(873_884) സൂര്യൻ അസ്തമിച്ചപ്പോൾ മിത്രം, യാത്രപുറപ്പെട്ടു. കുതിരയെ അണിയിച്ചു്, അതിൻറെ കടിഞ്ഞാൺ മുറുക്കിപ്പിടിച്ചു കൊണ്ടു് അയാൾ അതിവേഗം പാഞ്ഞുപോയി.

അയാൾ പോകുന്ന വഴി ഒരു കാഴ്ചകണ്ടു. തെറ്റുചെയ്ത ഒരു തസ്കരനെ രാജശാസനംമൂലം കഴുമരത്തിൽ ത്രുക്കിയിട്ടിരിക്കുന്നു എന്നതായിരുന്നു, ആ കാഴ്ച. കഴുമരത്തിൽ കൊലചെയ്യപ്പെട്ടവരുടെ മൃതശരീരം വഴിപോക്കർ കാണുന്നതിനുവേണ്ടി കുറെ ദിവസത്തേയ്ക്കു് വഴിയരികിൽ ത്രുക്കിയിടുക എന്ന പതിവു് അന്നുണ്ടായിരുന്നു. ആ നിയമംകൊണ്ടാണു് ആ മൃതശരീരം ത്രുക്കിയിടപ്പെട്ടതു്.

(885_894) അദ്ദേഹം ത്രുക്കുമരത്തിൻറെ ചുവട്ടിൽച്ചെന്നു് ആ മൃതശരീരം സൂക്ഷിച്ചു വീക്ഷിച്ചു. എന്നിട്ടു പറഞ്ഞു. ''ഇവൻ ഭൂമിയിൽ കുറക്കാരൻതന്നെ. എങ്കിലും ഇവൻറെ കുറം വിമോചിപ്പിച്ചു്

കുറക്കാരനിവൻ എങ്കിലും തന്നുടെ
കുറം പോക്കിക്കൊണ്ടു ശിക്ഷയേറും

എങ്കിലും തന്നുടെ പാപവിശുദ്ധിക്കായ്
ശങ്കയില്ലായിപ്പോം ശുദ്ധീകരേ 890

ഇപ്പോളിവന്നുടെ ആത്മത്തിൻ സങ്കടം
അല്പമല്ലല്ലൊ ക്രൂരാഗ്നിയതിൽ

എന്നാലാകുംവണ്ണം നന്ദി ചെയ്തീടുവാൻ
ഇന്നിവനെ പ്രതി പ്രാർത്ഥിക്കേണം.

എന്നുറച്ചപ്പോളവന്നുടെയശ്രത്തിൽ
നിന്നിറങ്ങിയവൻ മുട്ടുകുത്തി

കാരുണ്യമേറുന്ന ദൈവമാതാവിൻറെ
ചാരുകരുണയെ പ്രാർത്ഥിച്ചവൻ

പഞ്ചദശംചരി സന്ത ജപ[1]ത്തിനെ
ചഞ്ചലമില്ലാതവൻ ജപിച്ചു. 900

പ്രാർത്ഥിച്ചശേഷത്തിൽ വേഗമെഴുന്നേറു
പേർത്തു തുനിഞ്ഞു തൻ യാത്രയ്ക്കായി.

അശ്വം കരയേറിയോടുന്ന നേരത്തിൽ
നിശ്ചയമില്ലാത്ത നാദം കേട്ടു.

തിട്ടമറിയായ്കകാരണഹേതുവാൽ
പെട്ടെന്നുഴറി തിരിഞ്ഞു പാർത്തു

സ്വർഗ്ഗത്തിൽ കരേറുവാൻ ശുദ്ധീകരാഗ്നിയിൽ ഇവൻ പീഡിപ്പിക്കപ്പെടുകയാവും. ഇവൻറെ ആത്മാവു് വല്ലാതെ വേദന അനുഭവിക്കുന്നുണ്ടായിരിക്കും. എനിക്കു കഴിയുന്നിടത്തോളം ഈ മനുഷ്യനുവേണ്ടി ചെയ്യാം''.

(895-910) ഇങ്ങനെ നിശ്ചയിച്ചു് അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി. അവിടെ മുട്ടുകുത്തിക്കൊണ്ടു് ആ മനുഷ്യൻ അമ്പത്തിമൂന്നു മണിജപം പൂർത്തിയാക്കി. കാരുണ്യമുള്ള കന്യകാമാതാവിൻറെ പക്കൽ പ്രാർത്ഥിച്ചു. അതിനുശേഷം അദ്ദേഹം എഴുന്നേറു് വീണ്ടും യാത്ര തുടങ്ങി. കുതിരപ്പുറത്തു് കയറി പാഞ്ഞുപോകുമ്പോൾ അപരിചിതമായ ഒരു ശബ്ദംകേട്ടു. എന്താണെന്നു വ്യക്തമായി അറിയു

---

1 പഞ്ചദശംചരി സന്തജപം - അൻപത്തിമൂന്നുമണിജപം

ത്രുക്കമരത്തിൻ മുകളിൽ നിന്നാസ്വരം
കേഴ്ക്കുന്നതെന്നുടൻ നിശ്ചയമായ്

പേത്തും വിളിച്ചുതിരിച്ചു പറഞ്ഞവൻ
പാർക്കായവിടത്തിൽ യോഗ്യം യാത്ര

കേട്ടവൻ പക്കലണഞ്ഞപ്പൊളാശവം
കെട്ടഴിച്ചീടുവാൻ വീണ്ടും ചൊല്ലി.

ത്രുക്കമരത്തിന്റെ ബന്ധമഴിച്ചപ്പോൾ
വാക്കാലെയൊക്കെയും കേൾപ്പിച്ചവൻ

പോകേണ്ട മൽസഖേ, നിന്നുടെ യാത്രയിൽ
പൊയ്പോകും ജീവനും ഭേദമില്ലാ.

അല്ലെങ്കിൽ നിന്നുടെ ബന്ധുവതെന്നപോൽ
അല്ലലൊഴിപ്പാനടിയൻ കൂടെ,

എന്നതും സംവദിച്ചന്യോന്യം കൂട്ടരായ്
ഒന്നിച്ചുചെന്നു ചുവരിൻ പക്കൽ

തീട്ടിൽ[1] പറഞ്ഞപോലെച്ചുവരിന്നുടെ
തിട്ടിയിൽ വച്ചുള്ള ഏണിയതും

വാൻ കഴിഞ്ഞില്ല. അതുകൊണ്ട് പിന്തിരിഞ്ഞുനോക്കി ശ്രദ്ധിച്ചു. ത്രുക്കമരത്തിന്റെ മുകളിൽനിന്നാണ് ആ സ്വരംകേൾക്കുന്നതെന്നു് തീർച്ചയായി. വീണ്ടും വിളിച്ചു പറയുന്ന 'ആ സ്ഥലത്തു് പാക്കാൻ കൊള്ളുകയില്ല. യാത്രയിൽ അപകടം ഉണ്ടാകും' എന്നൊക്കെ.

(911_920) ഈ വാക്കുകൾ കേട്ട് അടുത്തുചെന്നു. ''എന്റെ കെട്ടഴിയ്ക്കുക'' എന്നു് ആ ശവശരീരം അയാളോടു് ആജ്ഞാപിച്ചു. കുഴമരത്തിലെ ബന്ധനത്തിൽനിന്നു് ആ മൃതമേനി മാറിയപ്പോൾ ഇങ്ങനെ അതു പറഞ്ഞു ''സുഹൃത്തേ, താങ്കൾ ഈ യാത്രപോകേണ്ട'' പോയാൽ താങ്കളുടെ ജീവൻപോകും തീർച്ച. നമ്മൾ ഇപ്പോൾ ബന്ധുക്കളായിക്കഴിഞ്ഞല്ലോ. ആവശ്യമെങ്കിൽ, താങ്കളുടെ ദുഃഖം ഒഴിവാക്കുവാൻ ഞാൻകൂടെവരാം.'' ഇരുവരും ഇക്കാര്യങ്ങൾ തമ്മിൽ പറഞ്ഞുകൊണ്ടു് നടന്നു. അവർ വീടിന്റെ ചുവരിനുസമീപം എത്തി.

(921_932) എഴുത്തിൽ പറഞ്ഞിരുന്നതുപോലെ ചുവരിനരികിൽ വച്ചിരുന്ന ഗോവിണിയും അവർ കണ്ടു. അപ്പോൾ പരേതാത്മാവു് പറഞ്ഞു: ''അല്ലയോ സുഹൃത്തേ, ഒരു ദുഃഖസത്യം താങ്കളോടു

1 തീട്ടു് - എഴുത്തു്

കണ്ടതുനേരത്തു ചൊല്ലി മരിച്ചവൻ
ഇണ്ടൽ മമസഖേയുണ്ടു്; കേഠംക്ക

നിന്നുടെ വസ്തുമിനിക്കു തന്നീടുകിൽ
വന്നീടും സംഭവമൊക്കെ കാണാം.

എന്നതുപോൽതന്നെ വേഷം പകർന്നവൻ
ചെന്നേണിയേറിയടുത്തു തിട്ടിൽ,

കണ്ടുടൻ ശത്രുയിവനെന്നു ബോധിച്ചു
കണ്ടിച്ചു തുണ്ടിച്ചു താഴെത്തള്ളി 930

വീണു ശിരസ്സും തൻ ഗാത്രവും വേറായി
നാണം ഭവിച്ച വിറച്ചുകുട്ടൻ

വേഗത്തിലശ്ശവമൊന്നിച്ചു ചേർന്നുടൻ
സ്നേഹത്താൽ കുട്ടനെ പാത്തു ചൊല്ലി

നിന്നുടെ പാപത്തിൻ ദുഷ്ഫലം കണ്ടില്ലീ
ഇനിമേലെങ്കിലും സൂക്ഷിച്ചുകൊഠം

ദൈവമാതാവെ നീ പ്രാർത്ഥിക്ക കാരണം
ദൈവനീതിയെന്നെ വിട്ടയച്ചു

ശുദ്ധീകരമതിൽ രക്ഷയെനിക്കായി
ശുദ്ധമിനി നിന്റെ ആത്മത്തിനും 940

പറയാനുണ്ടു് കേട്ടാലും. നിന്റെ വസ്തുങ്ങഠം എനിക്കു നീ തരികയാണെങ്കിൽ സംഭവിക്കുന്നതെന്താണെന്നു് നിനക്കു കാണാം.'' അയാഠം അതുകേട്ടു് മരിച്ചവനു് തന്റെ വസ്ത്രംകൊടുത്തു. മരിച്ചവൻ ആ വസ്ത്രം ധരിച്ചു് ഏണിയിൽക്കയറി തട്ടിലിൽ എത്തി. കുടുംബനാഥൻ അവിടെ ഒളിച്ചുനിന്നിരുന്നു. ഏണിയിൽക്കയറിവന്ന ആഠംതന്നെയാണു് തന്റെ ശത്രു എന്നു് അയാഠം കരുതി. അവനെ അയാഠം തുണ്ടഠം തുണ്ടമായി അരിഞ്ഞുതാഴെയിട്ടു. അവൻ തലയും ഉടലും വേറിട്ടു് നിലത്തുകിടന്നു പിടഞ്ഞു. ആ കാഴ്ചകണ്ടു് കുട്ടുകാരൻ പരിഭ്രമിച്ചു വിറച്ചു.

(933–940) മുറിഞ്ഞുപോയ ശവശരീരത്തിലെ അവയവങ്ങഠം പൊടുന്നനേ ഒന്നിച്ചുകൂടി. തന്റെകൂടെ വന്നയാളോടു് സ്നേഹപൂർവം ഇങ്ങനെ പറഞ്ഞു: ''നിന്റെ പാപങ്ങളുടെ ദുഷ്ഫലം നീ കണ്ടുകഴിഞ്ഞല്ലോ. ഇനിയെങ്കിലും നീ പാപംചെയ്യാതെ ജീവിക്കുക.

കേട്ടതു പോലുടൻ കുട്ടൻ മറഞ്ഞപ്പോൾ
കോട്ടമില്ലാതവനശ്വമേറി

തന്നുടെ വീടും കുടിയും സംബന്ധവും
മന്നിലെ സ്നേഹമതൊക്കെവിട്ട.

ആ വഴിയെതന്നെയോടിയണഞ്ഞവൻ
ആ നകരീ[1]ലുള്ളൊരാശ്രമത്തിൽ

ചെന്നവൻ പ്രാർത്ഥിച്ച തന്നെയുമായതിൽ
ചേർത്തു ഭരിപ്പാനായ് ശ്രേഷ്ഠരോടായ്

ദൈവമാതാവിന്റെ കാരുണ്യകാരണം
ദൈവിക ജീവിതം ചെയ്തുവിടെ 950

എന്നപോലെന്നുടെ സ്നേഹസഹോദരെ
നിങ്ങളുമോർത്തു നടന്നുകൊൾവിൻ

മരണസമയത്തിൽ പറയുന്ന വാർത്തകൾ
മറവാതെ വേഗത്തിൽ നിരവേറ്റുവിൻ

നീ എനിക്കുവേണ്ടി ദൈവമാതാവിനോടു പ്രാർത്ഥിച്ചതുമൂലം ശുദ്ധീകരസ്ഥലത്തുനിന്നു് ദൈവം എന്നെ മോചിപ്പിച്ചു. ശുദ്ധീകര സ്ഥലത്തുനിന്നു് എനിക്കു രക്ഷകിട്ടി. നിന്റെ ആത്മാവിനു ശുദ്ധിയും കൈവരിക്കാൻ കഴിഞ്ഞിരിക്കുന്നു.

(941_950) ഇവയെല്ലാം പറഞ്ഞിട്ടു് മരണമടഞ്ഞവൻ അപ്രത്യക്ഷനായി. അപ്പോൾ മിത്രം കുതിരപ്പുറത്തു കയറി. വീടും കുടുംബവും സംബന്ധക്കാരും എന്നല്ല ലോകത്തിലെ സ്നേഹജന്യമായതെല്ലാം ആ മനുഷ്യൻ ഉപേക്ഷിച്ചു.

ആ വഴി തന്നെ അയാൾ യാത്ര ചെയ്തു. നഗരത്തിലുള്ള ഒരു സന്യാസാശ്രമത്തിൽ അയാൾ എത്തി. തന്നെയും ആ ആശ്രമത്തിലെ അന്തേവാസിയാകാൻ അനുവദിക്കണമേ എന്നു് അതിന്റെ അധികാരികളോടു് അപേക്ഷിച്ചു. പിൽക്കാലത്തു് ദൈവമാതാവിന്റെ കൃപാകടാക്ഷംകൊണ്ടു് ദൈവികമായ ഒരു ജീവിതം ആ മനുഷ്യൻ നയിച്ചു.

(951_962) എന്റെ സ്നേഹമുള്ള സഹോദരരേ, നിങ്ങളും ഇക്കാര്യങ്ങൾ ഓർത്തു് ജീവിക്കുക. മരണസമയത്തു് ഞാൻ പറ

---

1 നകരി - നഗരി

എത്രയോ ക്രിസ്ത്യാനി വിശ്വാസ പാതകം
തത്ര ചെയ്യുന്നതിൻ കാരണത്താൽ

ഭൂലോകേ തന്നെയവരുടെ പ്രായശ്ചിത്തം
ഭേദമില്ലാതെ കാട്ടീടും ദൈവം

എന്നതു കാരണാലോരോരോ വീടതിൽ
എന്തെല്ലാം ദുഃഖങ്ങം സംഭവിച്ചു

കേട്ട ക്ലേശങ്ങളും ഛേദനാശങ്ങളും
കാരണം മിക്കതുമിതുതന്നെ

മാമ്മേനൊരുത്തൻ മരിക്കുമ്പോം തന്നുടെ
മരുമകന്നേൽപ്പിച്ചു തന്റെ യശ്വം

മെച്ചം കുതിരയിതിനെയുടൻ തന്നെ
അച്ചന്മാർക്കേംപ്പിക്കെന്നാത്മത്തിന്നായ്

ഇച്ചൊന്നുടൻ തന്നെ അപ്പൻ മരിക്കയിൽ
അശ്വം തനിക്കാക്കി ഒട്ടനാളെ

വന്നുഭവിച്ചതിൻ ദണ്ഡമതുനേരം
ചൊന്നതുപോൽ പിന്നെ ചെയ്തതീത്ത

യുന്ന കാര്യങ്ങം ഒന്നും മറക്കാതെ നിങ്ങം നിറവേറുക. വിശ്വാസ വഞ്ചന കാണിക്കുലം എത്രയോ ക്രൈസ്തവരാണ് ഈ ലോക ത്തുതന്നെ ശിക്ഷാവിധിക്കു പാത്രനാകുന്നതു്. അതുകൊണ്ടു് ഓ രോരോ ഭവനങ്ങളിൽ എത്രയെത്ര ക്ലേശങ്ങളാണ് സംഭവിക്കു ന്നതു്. അപകടവും ക്ലേശവും മരണവും നാശനഷ്ടങ്ങളും ഉണ്ടാകു ന്നതിന്റെ കാരണങ്ങം പലപ്പോഴും മേൽപ്പറഞ്ഞതത്രേ.

(963-970) ധാരാളം സ്വത്തുണ്ടായിരുന്ന ഒരാം മരണസമ യത്തു് മകനെ വിളിച്ചുവരുത്തിപ്പറഞ്ഞു: ''മകനേ, ഈ കുതിര വളരെ നല്ലതാണ് ഇതിനെ എന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥി ക്കുന്ന പുരോഹിതന്മാർക്കായി നീ കൊടുക്കണം.''

അയാം മരിച്ചു. മകൻ കുതിരയെ പുരോഹിതന്മാർക്കു കൊടു ക്കാതെ സ്വന്തം ഉപയോഗത്തിനു് ദീർഘനാം എടുത്തു പിന്നീട്, താൻ ചെയ്തതു് തെറ്റായിപ്പോയി എന്നു് ആ മകൻ മനസ്സിലാക്കി. അവൻ അതിനെ പിതാവിന്റെ നിയോഗമനുസരിച്ചു് പുരോഹി തർക്കു് ദാനം നൽകി കടമ നിർവഹിച്ചു.

ആശ്രമമെന്നതിലൊന്നിൻെറ പ്രക്കറദോർ[1]
അൽപം പിശിനിയായ്[2] എന്നതിനാൽ

അച്ചൊന്ന ആശ്രമത്തിനടെ ചട്ടം പോൽ
അന്ന മരിക്കുന്ന സന്യാസിക്കായ്

ആ മാസം മുഴവനുമാകുന്നൊരത്ഥങ്ങം
അപ്പൊഴെ ഭിക്ഷയായ് നൽകീടണം

അങ്ങനെ ചൊല്ലുന്ന നാളിലൊരു കാലം
ഉണ്ടായൊരു മഹാ വസന്ത രോഗം

ആയതു കാരണാലേറിയ മാരണം
ആശ്രമേ സംഭവിച്ചെന്നതിനാൽ 980

ഏറിയവക്കുള്ള മാസചിലവുകം
കൂടിയൊരുമിച്ചു കൂട്ടിയപ്പോം

ഇത്രയധികമായുള്ളൊരു ധർമ്മങ്ങം
ഇപ്പോം കൊടുപ്പതിനില്ല നീതി

എന്നയാം തന്നടെ സ്വന്ത മനസ്സിനാൽ
നന്നെ നിനച്ചു മുടക്കി ധർമ്മം

രണ്ടായി വാസരമന്നൊരു രാത്രിയിൽ
തന്നടെ വേലക്കായ് പാർത്തിരുന്ന

(971_988) ഒരു സന്യാസാശ്രമത്തിലെ ധനകാര്യദർശി (പ്രൊക്കദോർ) യായ സന്യാസി അറുപിശുക്കനായിരുന്നു. അന്നു് ആശ്രമത്തിൽ നിലവിലിരുന്ന ഒരു ചട്ടം ഇതായിരുന്നു—ഏതെങ്കിലും ഒരു സന്യാസി മരിക്കുകയാണെങ്കിൽ അയാംക്കു് ഒരു മാസത്തേക്കു് വേണ്ടിവന്നിരുന്ന ചെലവുകം അഗതികംക്കായി ഭിക്ഷകൊടുക്കുക. അക്കാലത്തു് ഒരു പകച്ചുവ്യാധി ആ ദേശത്തെ മുഴവൻ ഗ്രസിച്ചു. ആ ആശ്രമത്തിലെ സന്യാസികളിൽ വളരെപ്പേർ പകച്ചുവ്യാധിമൂലം ഇഹലോകവാസം വെടിഞ്ഞു. അവക്കെല്ലാം ഓരോ മാസത്തേയ്ക്കുള്ള ചെലവുകം ഒരുമിച്ചു കൂട്ടിയപ്പോം ഒരു വലിയ തുക വരുമെന്നു് ധനകാര്യ ദർശി ചിന്തിച്ചു. ഇത്രയും വലിയ ഒരു തുകയ്ക്കുള്ള ദാനധമ്മങ്ങം ചെയ്യേണ്ടതില്ലെന്നും അയാം തീരുമാനിച്ചു. അങ്ങനെ നിലവിലിരുന്ന ധമ്മദാനനിയമം അയാം മുടക്കി.

---

1 പ്രക്കറദോർ - പ്രൊക്കുറേറർ (ധനകാര്യദർശി)

2 പിശീനി - പിശുക്കൻ

രാത്രിസമയം തനിക്കുള്ള ശാലയിൽ
ചേന്നു ശയിക്കുവാൻ പോകും മധ്യേ

ആലോചനസ്ഥലേ കേറിക്കടന്നപ്പോൾ
ആയതിലേറിയ സന്യാസികളും

കൂടിയിരിക്കുന്ന കാഴ്ചയെ കണ്ടീയാൾ
തേടിയിതിനെന്തു നീതിയിപ്പോൾ

എന്തൊരു സംഗതിയെന്നു വരികിലും
ബന്ധമില്ലായിതു നേരത്തിങ്കൽ

എന്നു നിനച്ചവൻ ചെന്നടുത്തപ്പൊഴെ
മങ്ങുന്ന വെട്ടത്തെ വർദ്ധിപ്പിച്ചു.

സൂക്ഷിച്ചു പാർത്തവൻ നോക്കിയ നേരത്തിൽ
സൂക്ഷ്മമായ് പത്തവരെന്നറിഞ്ഞു

നീതിവേച്ചു ഭ്രമിക്കുന്നനേരത്തിൽ
നീതിയറിവിപ്പൻ വന്നുകൊണ്ടു,

എന്നതിലേകനരച്ചതു നേരത്തിൽ
ഒന്നിച്ചെല്ലാവരും ചുറ്റിക്കൂടി.

(988_1000) രണ്ടുവർഷം ഇങ്ങനെ കടന്നു പോയി. അന്നു് ഒരു രാത്രിയിൽ ആ സന്യാസി തന്റെ ശയന മുറിയിലേയ്ക്കു് നടന്നു നീങ്ങി. സന്യാസികളും ആലോചനയ്ക്കായി കൂടാറുള്ള മുറിയുടെ സമീപത്തുകൂടിയാണു് അയാൾ പോയതു്. അപ്പോൾ അവിടെ വളരെയധികം സന്യാസിമാർ സമ്മേളിച്ചിരിക്കുന്നതായി അയാൾ കണ്ടു. എന്താണു കാര്യം എന്നു് അറിയാൻ ആഗ്രഹിച്ചു. എന്തു കാര്യമാണെങ്കിലും ഈ സമയത്തു് ഇവർ കൂട്ടം കൂടിയിരിക്കുന്നതു ശരിയല്ല എന്നു് അയാൾ മനസ്സിൽ വിചാരിച്ചു് അവരുടെ അരികിലെത്തി. തന്റെ കയ്യിലുള്ള വിളക്കിന്റെ വെളിച്ചം, തിരി ഉയർത്തി വർദ്ധിപ്പിച്ചു. അയാൾ ഉണിഞ്ഞു നോക്കിയപ്പോൾ അവരെല്ലാം ആ ആശ്രമത്തിൽ സമീപകാലത്തു് മൃതിയടഞ്ഞവരാണു് എന്നു വ്യക്തമായി.

(1001-1018) അയാൾ ഭയംകൊണ്ടു കിടുകിടാവിറച്ചു. അപ്പോൾ പരേതാത്മാക്കളിലൊരാൾ വിളിച്ചു പറഞ്ഞു: ''നീതി നടത്തുവാൻ എല്ലാവരും വരിക' എന്നു്. അവരെല്ലാം അടുത്തുകൂടി. ''നിന്റെ പിശുക്കുമൂലം ആശ്രമത്തിന്റെ ധനം ഇനിയും വർദ്ധിപ്പിക്കുവാൻ നീ ശ്രമിക്കേണ്ട, നിന്റെ പ്രവൃത്തി വഴി ഇതാ ഞങ്ങൾ ശുദ്ധീ

നിന്റെ പിശിനത്തന[1]ത്തിനാലാശ്രമ-
ത്തിന്റെ ദ്രവ്യത്തെ നീ കൂട്ടേണ്ടിനി

നിൻചെയ്തികാരണം ഞങ്ങളിതെത്രയോ
വഹ്നിയിൽമുങ്ങി വലഞ്ഞിടുന്നു.

നാലുനാൾ ശേഷത്തിൽ നീയുമവിടത്തിൽ
നാലരേപോലുള്ള പങ്കാളിയായ് 1010

ഒന്നിച്ചുഞങ്ങളും പാർത്തീടുന്നശ്രദ്ധത്തി
ന്നഗ്നിസ്ഥലത്തിൽ നീ വന്നുചേരും

അന്നുനിനക്കുലഭിപ്പാനിരിക്കുന്ന
സമ്മാനം തന്നുടെ അച്ചാരമായ്

ഞങ്ങളെ ദുഃഖിപ്പിച്ചെന്നതിൻ ചിഹ്നമായ്
ഇന്നിത്രകൂടെ നീ ഏറ്റുകൊൾക.

എന്നിതുചൊല്ലിയടുത്തു പിടിച്ചവർ
തല്ലിച്ചതച്ചവൻ ദേഹമൊക്കെ.

വിട്ടുപിരിഞ്ഞപ്പോളും ചത്തശവംസമം
പട്ടകിടക്കയിൽ; ശ്രേഷ്ഠൻവന്നു, 1020

ഉണ്ടായതൊക്കയും ചൊല്ലി അറിയിപ്പാൻ
മിണ്ടാൻവശഹീനമെന്നാകിലും

കരാഗ്നിയിൽ മുങ്ങി എത്രയോ അധികം വേദനിക്കുന്നു. നാലു ദിവസം കഴിഞ്ഞാൽ നീയും മരിക്കും. ഞങ്ങളും നാലുപേരേപ്പോലെ നീയും ശിക്ഷയ്ക്കു പങ്കുകാരനായി ഈ ശ്രദ്ധീകരാഗ്നിയിൽ വീണു വെന്തു നീറും. അന്നു് നിനക്കു ലഭിക്കാനിരിക്കുന്ന സമ്മാനത്തിന്റെ അച്ചാരം എന്ന നിലയിലും, ഞങ്ങളെ ഇന്നുവരെ ദുഃഖിപ്പിച്ചതിന്റെ അടയാളം എന്ന നിലയിലും ഇതു് നീ സ്വീകരിക്കുക'' എന്നു പറഞ്ഞുകൊണ്ടു് ശ്രദ്ധീകരാത്മാക്കളും അയാളെ പിടിച്ചു് ദേഹമെല്ലാം തല്ലിച്ചതച്ചു.

(1019_1030) പരേതാത്മാക്കളും ആ മനുഷ്യനെ വിട്ടുപിരിഞ്ഞു. അയാളും മൃതശരീരംപോലെ പട്ടകിടക്കയിൽക്കിടന്നു. പ്രഭാതത്തിൽ ആശ്രമശ്രേഷ്ഠൻ അയാളുടെ സമീപം വന്നു. സംഭവിച്ച കാര്യങ്ങളത്രയും പറഞ്ഞുകേൾപ്പിക്കാൻ അയാൾക്കു് ശക്തി ഉണ്ടായിരുന്നില്ല.

---

1 പിശിനത്തനം—പിശുക്കുരീതി

കണ്ടുബോധിച്ചവർ ദേഹക്ഷതങ്ങളും
മുണ്ടൻവടിയടിച്ചിഹ്നങ്ങളും

പാട്ടുപോലുള്ള സഹായത്തിൻശേഷമായ്
പാപപ്പൊറുതികളൊക്കെയേറ്റു.

തന്നുടെകൂട്ടരു പൊല്ലിയതുപോലെ
തന്നെയുടൻസർവം സംവേചിച്ചു.

ഇങ്ങനെയെത്രയൊ ക്രിസ്ത്യാനികൾക്കുമായ്
മംഗലർസ്നേഹിതർ തന്നെശത്രു 1030

ഈവണ്ണമല്ലാതെ മറ്റും പലവിധം
ദണ്ഡങ്ങൾ മറ്റുവിധേനവരും.

എന്തെന്നുമേതെന്നും സംഗതികാണാതെ
വെന്തുരുകീടും മഹാഭയത്താൽ

എന്നതിതൊക്കെയും പൊല്ലിടുവാനിനി
നന്നായ് പെരുപ്പമെന്നോർത്തുവച്ചു.

വൻപിച്ച മാനഗര[1]ത്തിന്റെ നൽപ്രഭു
കല്പിച്ചുതീർപ്പിച്ച ചിത്രകേതം

എങ്കിലും ശ്രേഷ്ഠനും മറ്റുസന്യാസികളും അയാളുടെ ശരീരത്തിലെ മുറിവുകളും കുറുവടികൊണ്ടുള്ള അടിയുടെ പാടുകളും കണ്ടു് കാര്യം മനസ്സിലാക്കി. കഴിവുള്ള സഹായമെല്ലാം അവർ അയാൾക്കു ചെയ്തുകൊടുത്തു. അയാൾ പാപസങ്കീർത്തനം നടത്തി, അയാളോടു് തന്റെ കൂട്ടരായ പരേതാത്മക്കൾ പറഞ്ഞതുപോലെയെല്ലാം സംവേചിച്ചു. ഇങ്ങനെ പല ക്രൈസ്തവർക്കും തങ്ങളുടെ സ്നേഹിതന്മാരായിട്ടുള്ളവർ തന്നെ ശത്രുക്കളായിത്തീരുന്നു എന്നതു് സത്യമാണു്.

(1031-1034) മേൽപ്പറഞ്ഞതുപോലെ അല്പാതെ ബുദ്ധിമുട്ടുകൾ ഉണ്ടായെന്നുവരാം. ഇതിന്റെ കാരണം എന്താണു് ഏതാണു് എന്നൊക്കെ ചിന്തിച്ചു് മനസ്സു് കഠിനഭയം കൊണ്ടു് വെന്തുരുകി എന്നും വരാം. ഇതൊക്കെപ്പറയണമെങ്കിൽ വല്ലാതെ വിസ്തരിക്കണം.

(1035_1046) വലിയ ഒരു നഗരത്തിലെ പ്രസിദ്ധനായ ഒരു പ്രഭു മനോഹരമായ ഒരു മാളിക തീർത്തു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രന്മാക്കു് അവിടെ താമസിക്കാൻ

---

1 മാനഗരം—മഹാനഗരം

തൻമരണത്തിന്റെ ശേഷത്തിൽ പുത്രന്മാർ
അമ്മഹാകേതത്തിൽ പാർപ്പാൻമേലാ

രാത്രിതോറും മഹാഘോരസ്വരങ്ങളും
പേർത്തുമഹാഗ്നികൂം വെട്ടങ്ങളും

വീരാവിലങ്ങുകൂം ഘോരെയിളകുന്ന
ഓരോസ്വരങ്ങളിൽ ഭീതിവശാൽ

പാർപ്പാൻ വശമില്ലായെന്നതുകാരണാൽ
പാർത്തവരൊക്കെ പുറപ്പെട്ടുപോയ്

കണ്ടൊരു നല്ലക്രിസ്ത്യാനിയിതിനുടെ
സംഗതിബോധിച്ചു വാങ്ങിക്കൊണ്ടു.

പാർത്തവൻരാത്രിയിൽ നിദ്രയൊഴിഞ്ഞുകൊ
ണ്ടസ്ഥലെവന്നൊരു അഗ്നിമർത്യൻ

അഗ്നിത്തുടലിനാൽ പൂട്ടിയിരിക്കുന്ന
അഗ്നിയവനുടെ ചുറുംദ്വാരം.

സന്യാസികോവിലിൽ കേട്ടമണിസ്വരം
വന്നവൻകേട്ടടൻ പിന്തിരിഞ്ഞു.

സൂക്ഷിച്ചുനേരമവിടത്തിലുള്ളൊരു-
മെച്ച കവുറ[1]തിൻ മാഞ്ഞുപോയി.

ബോധിച്ചവനിതിൻ നാഥന്റെ ദേഹിയെ
ന്നാപത്തുതീർപ്പാനായ് ദാനംചെയ്തു.

വല്ലാത്ത ബുദ്ധിമുട്ടുണ്ടായി. രാത്രിതോറും ഘോരസ്വരങ്ങളും വലിയ അഗ്നിയും വെളിച്ചവും അവർക്ക് അനുഭവസിദ്ധമായി. വലിയ ചങ്ങലക്കിലുക്കങ്ങളും അവിടെ ഉയർന്നുകേട്ടു. എല്ലാവരും വല്ലാതെ ഭയപ്പെട്ടു. അവിടെ താമസിക്കാൻ വന്നവർ ഓരോരുത്തരായി ആ സ്ഥലം ഉപേക്ഷിച്ചുപോയി.

(1047_1060) ഇതെല്ലാം മനസ്സിലാക്കിയ പുണ്യചരിതനായ ഒരു ക്രൈസ്തവൻ ആ സ്ഥലം വാങ്ങിച്ചു. അയാളും ആ സ്ഥലത്തു് കാത്തിരുന്നു. അപ്പോൾ അഗ്നിയിൽ കിടക്കുന്നവനും അഗ്നിത്തുടലിനാൽ പൂട്ടിയിടപ്പെട്ടവനുമായ ഒരു മനുഷ്യൻ നിൽക്കുന്നതുകണ്ടു. സന്യാസാശ്രമത്തിൽനിന്നു് പ്രാർത്ഥനാമണിനാദം ഉയർന്നുകേട്ട

1 കവറു്—ശവമഞ്ചം

വീണ്ടസ്വരമതിൽ കേട്ടില്ലൊരിക്കലും
ആണ്ടസുഖിച്ചവനക്കേതത്തിൽ 1060

ഇങ്ങനെയെത്രയൊ സംഗതിയൊന്നോത്തു
മംഗലത്തിന്നായി പുണ്യംചെയ്വിൻ

പുണ്യവാളന്മാരുടെ ഒരുമ്പാട്ട[1] ന്മേൽ
പുണ്യമായുള്ളൊരു വിശ്വാസത്താൽ

ജയവിരുത ധരിച്ചുള്ളപള്ളിയും
ജഗതിയിലുള്ള യുദ്ധക്കാരും

ശ്രുദ്ധീകരത്തിലെ ദുഃഖജനങ്ങളും
ശ്രുദ്ധമായ്മൂന്നു ജനപള്ളികളും

അന്യോന്യമായുള്ള പുണ്യസഹായത്താൽ
അങ്ങിങ്ങുണ്ടാകും സർവംഗ്രണം 1070

പ്പോൾ അഗ്നിയിൽ കാണപ്പെട്ട മനുഷ്യൻ അപ്രത്യക്ഷനായി. അവിടെ സൂക്ഷിച്ചുനോക്കിയപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരു ശവമഞ്ചം മാഞ്ഞുപോകുന്നതും കണ്ടു. ആ മാളികയുടെ ഉടമസ്ഥനായിരുന്ന പ്രഭുവിന്റെ ആത്മശാന്തിയ്ക്കായി ആ മാളിക വാങ്ങിയ ക്രൈസ്തവൻ ഏറെ ധനം ദാനം ചെയ്തു. പിന്നീട് മേൽവിവരിച്ചതുപോലുള്ള സ്വരങ്ങൾ ഒന്നും അവിടെ കേൾക്കാനിടയായില്ല. അയാൾ സന്തോഷസമേതം ആ മാളികയിൽ താമസിച്ചു.

(1061–1070) ഇങ്ങനെ എത്രയെത്ര സംഗതികളാണുള്ളത്. അവ നിങ്ങൾ ഓർക്കുകയും, നന്മയുണ്ടാകുവാനായി പുണ്യപ്രവൃത്തികൾ ചെയ്യുകയും വേണം. പുണ്യവാന്മാരുടെ കൂട്ടായ്മ എന്നത് പുണ്യമാർന്ന വിശ്വാസമാണ്. വിജയസഭ അഥവാ വിജയം വരിച്ച് സ്വർഗ്ഗപ്രാപ്തരായവരുടെ സമൂഹം, സമരസഭ അഥവാ ഈ ഭൂമിയിൽ വിജയത്തിനായി യുദ്ധം ചെയ്യുന്നവരുടെ സമൂഹം, സഹനസഭ അഥവാ ശ്രുദ്ധീകരസ്ഥലത്തു ദുഃഖത്തോടെ പീഡകൾ സഹിക്കുന്നവരുടെ സമൂഹം എന്നിങ്ങനെ മൂന്നു സഭകളാണ് ഉള്ളത്. ഇവയിലുള്ളവർ അന്യോന്യം പുണ്യപ്രവൃത്തികൾകൊണ്ട് സഹായിക്കുകയാണെങ്കിൽ എല്ലായിടത്തും നന്മയുണ്ടാകും.

---

1 ഒരുമ്പാട്-കൂട്ടായ്മ.

എന്നതുകാരണാലെന്നെ തുണയ്ക്കുകിൽ
നന്ദിയാൽനിങ്ങൾക്കു ശ്രേഷ്ഠം.

എന്നതിനാലിനി തമ്മിൽസഹായിപ്പാൻ
നന്നായ്ചുറുക്കുള്ള മാർഗ്ഗംചൊല്ലാം.

ആകമാനത്തിന്നായ് നേർവഴിമുന്നമ്പം
ആകെസകലക്കും ബോധംതന്നെ

ജപതപദാനമെന്നിതു മൂന്നിലായ്,
ജയമേവം സർവ്വർക്കുമിതിനാൽതന്നെ.

എങ്കിലുമൊക്കെയും വെയ്ക്കുന്നലാക്കിനാൽ
ശങ്കയില്ലാസർവ്വഗുണാഗണങ്ങളും 1080

എന്നതിനാൽ നിങ്ങൾ ചെയ്യുന്നതൊക്കെയും
നല്ലൊരുലാക്കു കുറിച്ചീടുകിൽ

തീനുംകുടി നിദ്രയാദിയായുള്ളൊരു
ദേഹയിളക്കങ്ങളൊക്കെ പുണ്യം

എന്നിവയൊക്കെയും നമ്മുടെനാഥന്റെ
പുണ്യചലനത്തോടൊന്നിപ്പിക്ക.

എന്നതിനാലുള്ള പുണ്യമഹത്വത്തെ
ചൊല്ലിലടക്കുവാൻ സാദ്ധ്യമല്ലാ.

(1071_1080) അതുകൊണ്ട് ശ്രദ്ധീകരിക്കപ്പെടുന്ന എന്നെ സഹായിച്ചാൽ പ്രതിനന്ദി ലഭിക്കും. നിങ്ങൾക്ക് മംഗളം ഭവിക്കയും ചെയ്യും. നമുക്ക് തമ്മിൽ സഹായിക്കാൻ എളുപ്പമുള്ള നല്ല വഴി പറഞ്ഞു തരാം. പൊതുവായിപ്പറഞ്ഞാൽ മൂന്നു വഴികളാണ് ഉള്ളതു് എന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ജപം, തപസ്സ്, ദാനം എന്നീ മൂന്നു സംഗതികളും മൂലമാണ് വിജയം ഏവർക്കും ലഭിക്കുന്നതു്. എന്നിരുന്നാലും നാം വയ്ക്കുന്ന നിയോഗം നിമിത്തമാണ് സർവ്വനന്മകളും നമുക്ക് ലഭിക്കുന്നതു് എന്നതു് തർക്കമറ്റ സംഗതിതന്നെ.

(1081_1090) അതുകൊണ്ട് നിങ്ങൾ എന്തു പ്രവൃത്തിചെയ്താലും പരിശുദ്ധമായ നിയോഗം നിങ്ങൾക്കുണ്ടാകണം. എങ്കിൽ ഭക്ഷണം, പാനം, നിദ്ര എന്നിങ്ങനെയുള്ള സകല പ്രവർത്തനങ്ങളും പുണ്യമായിത്തീരും. നാം ചെയ്യുന്ന എല്ലാ കർമ്മങ്ങളും നാഥനായ ദൈവപുത്രന്റെ ദിവ്യകർമ്മങ്ങളുടെ ഭാഗമാക്കിത്തീർക്കുക. അതുവഴിയുണ്ടാകുന്ന പുണ്യത്തിന്റെ മാഹാത്മ്യത്തെ വാക്കുകൾക്കൊണ്ടു വരച്ചു

അപ്പോലെയുള്ളതാമീമഹായോഗ്യവും
അല്പരാംനമ്മുടെ കരണങ്ങൾക്കും 1090

എന്നതിനാലിപ്പൊം നന്നായ് തെളിവിനായ്
പൊല്പുന്നഞാനിതും കേട്ടകൊൾവിൻ

രോഗിയെകാണ്മാനായ് പോകുന്നനേരത്തിൽ
രോഗിയിതാരെന്നുമോർത്തുകൊൾക.

രോഗത്തിൽഞാനായ്പലഞ്ഞതു നേരത്തിൽ
ചാരത്തുവീണെന്നെ തോഷിപ്പിച്ചു.

ഇത്യാദിവാക്യങ്ങൾ കേൾക്കണമെന്നാകിൽ
ഇപ്പോളിതുപോലെ ചെയ്തുകൊൾവിൻ

രോഗിക്കുനൽത്തുണ ചെയ്യുന്നനേരത്തിൽ .
നേരിതുനാഥനെന്നോർത്തിടുവിൻ 1100

വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കുണ്ടോ, നാഥൻ തന്നെ

എന്നുള്ള ചേതസി നന്നായ് സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെ ചെയ്യും

കാട്ടുവാൻ സാധ്യമല്ല. അതുപോലെതന്നെ അല്പജ്ഞരായ നമ്മുടെ ഇന്ദ്രിയങ്ങൾക്ക് വന്നുചേരുന്ന ദുഃഖങ്ങളും നാഥന്റെ ദുഃഖങ്ങളോട് ഒരുമിച്ചു ചേർക്കാൻ നാം ശ്രമിക്കണം.

(1091_1098) അതുകൊണ്ട് എല്ലാം തെളിവായിക്കാട്ടുവാൻ വേണ്ടി ഞാനിതു പറയുന്നു. നിങ്ങൾ കേട്ടുകൊള്ളുവിൻ.

രോഗിയെ സന്ദർശിക്കാൻ നിങ്ങൾ പോകുമ്പോൾ രോഗി ആരാകുന്നുവെന്ന കാര്യം നിങ്ങൾ ഓർക്കുക. ''രോഗം ബാധിച്ചു ഞാൻ കഷ്ടപ്പെട്ടപ്പോൾ നിങ്ങൾ എന്റെ സമീപമണഞ്ഞു എനിക്കു സന്തോഷം പകർന്നുവല്ലോ'' ഇത്തരത്തിലുള്ള വാക്കുകൾ വിധി നാളിൽ ക്രിസ്തുനാഥനിൽനിന്നു കേൾക്കണമെങ്കിൽ ഇപ്പോൾ ഇപ്രകാരം ചെയ്യുവിൻ.

(1099_1110) രോഗിക്കു സഹായം ചെയ്യുന്ന അവസരത്തിൽ, രോഗി നമ്മുടെ നാഥനായ ക്രിസ്തുതന്നെ എന്നു് ഓർക്കുവിൻ. ഉന്നതനായാലും, എളിയവനായാലും രോഗിയെ സംബന്ധിച്ചു് യാതൊരു വിവേചനവും വേണ്ട, രോഗി നാഥൻ തന്നെയാണ് എന്നു കരുതുക.

രോഗിയിൽനിന്നു വീഴുന്നോരോചവും [1]
സ്നേഹത്താൽ സുഗന്ധമായ് പകരും.

ഈ വണ്ണമെത്രയൊ പൂർവ്വന്മാർ പുണ്യത്തിൽ
രോഗിവ്രണങ്ങളും നാവാൽ കൂടെ

തുത്തുതുടയ്ക്കുയും പേത്തു കഴുകിയും
ആത്തിയാൽ തന്നെ ചെയ്തിട്ടും ദ്ധഢം 1110

പുണ്യന്മാരായവരൊക്കയും മുൻപിനാൽ
പുണ്യാഭ്യാസത്തിന്നാരംഭമിതാ.

ഞാൻ ചെയ്യുന്നെന്നപോൽ നിങ്ങളും ചെയ്വാനായ്
ഞാൻ തന്നെ മാതൃക തന്നീടുന്നു

എന്നരുൾ ചെയ്തു തൻ തൃക്കൈയ്യിൽ വെള്ളവും
നന്നാ വെളുത്തൊരു തൂവാല്യവും [2]

മേൽവസ്ത്രം നീക്കിയരയിൽ മിസറാനെ [3]
താഴ്ത്തിയാൽ ചുറ്റി ഈ ദൈവപുത്രൻ

ശിഷ്യരു മുൻപതിൽ മുട്ടുകുത്തിക്കൊണ്ടും
പത്രോസുമാദിയായ് യൂദാവരെ

ഇക്കാര്യം മനസ്സിൽ വിചാരിക്കുന്നുവെങ്കിൽ സന്തോഷപൂരസ്സരം സഹായം ചെയ്യാൻ നമുക്കു കഴിയും. രോഗിയിൽനിന്നും പുറപ്പെടുന്ന അരോചകമായ ദുർഗ്ഗന്ധംപോലും സ്നേഹംമൂലം പരിമളമായി അനുഭവപ്പെട്ടും. ഇത്തരത്തിൽ പഴയകാലത്തു ജീവിച്ച പുണ്യാത്മാക്കൾ രോഗികളുടെ വ്രണങ്ങളെ സ്വന്തം നാവുകൊണ്ടുപോലും തുടയ്ക്കുവാനും, വീണ്ടും വീണ്ടും കഴുകുവാനും തയ്യാറായിരുന്നുവെന്നതു് തീച്ചയാണ്.

(1111_1130) പുണ്യവാന്മാർ പണ്ടുതന്നെ ചെയ്തുപോന്ന പുണ്യാഭ്യാസത്തിന്റെ ആരംഭം ഇതാണ്. ''ഞാൻ ചെയ്യുന്നതുപോലെ നിങ്ങളും ചെയ്യുക. അതിനുവേണ്ടി ഈ മാതൃക ഞാൻ നിങ്ങൾക്കു തരുന്നു'' എന്നു പറഞ്ഞുകൊണ്ടു് ദൈവപുത്രനായ യേശു തൃക്കൈയ്കളിൽ വെള്ളവും വെളുത്ത തൂവാലയും എടുത്തു. മേൽവസ്ത്രം അവിടുന്നു് അഴിച്ചുവച്ചു ഒരു കച്ച അരയിൽ ചുറ്റി. അത്യധികം വിനയത്തോടെ ശിഷ്യന്മാരുടെ മുൻപിൽ മുട്ടുകുത്തി. അവിടുന്നു് പത്രോസു മുതൽ യൂദാവരെയുള്ള ശിഷ്യന്മാരുടെ കാല്യകും

---

1 അരോചം–അരോചകം 2 തൂവാല്യ–തൂവാല

3 മിസറാനെ-കച്ച

കാലുകഴുകി തൻ തൃക്കൈയാൽ തോത്തിയും
ഭേദമില്ലാതെ തികച്ച ശേഷം

നിങ്ങൾക്കു നാഥനും ദൈവവും നാം തന്നെ
തന്നിതുമാതൃകാ നൽപഠിനം

എന്നു വരുമ്പൊഴൊ നിങ്ങളും തങ്ങളിൽ
നന്ദിചെയ്തീടുവാനെത്ര കടം

ഇച്ചൊന്ന തന്നുടെ ശുദ്ധ തിരുമൊഴി
മേൽചൊന്ന പുണ്യന്മാക്കരുകൊണ്ടു

ഈ വഴിയോടി അകംപുക്കു മോക്ഷത്തിൽ
ആ വഴി നിങ്ങളും തേടിക്കൊൾവിൻ 1130

രോഗിക്കു ശുശ്രൂഷ തോഷിച്ചു ചെയ്തിട്ട
മാരണനേരത്തു മീസ്മരണ.

നാഥൻ മരിച്ചതിൽ ശേഷത്തിൽ നായകി
നാരിമാർ യോഹന്നാൻ മാറിയില്ലാ

എന്നീ നിനവിനെ യോത്തിന്നു നിങ്ങളും
മന്ദമൊഴിഞ്ഞുമേ കാത്തുകൊൾവിൻ

വീണ്ടും നാറീടുന്നൊരീ, ദുഷ്ടമാംസത്തെ
വേണ്ടുന്ന ന്യായംപോൽ ക്ഷമിക്കുള്ളിൽ

സ്വകരം കൊണ്ടു കഴുകി തുവ്വലകൊണ്ടു തുടച്ചു, യാതൊരുവിധ ഭേദചിന്തയും കൂടാതെ തന്റെ കർമ്മം പൂർത്തിയാക്കി. അതിനുശേഷം അവിടുന്നു പറഞ്ഞു: ''ഞാൻ നിങ്ങൾക്കു നാഥനും ദൈവവുമാകുന്നു. നിങ്ങൾക്കു പഠിക്കുവാനായി ഞാൻ നൽകുന്ന പാഠം ഇതു തന്നെ. അങ്ങനെയെങ്കിൽ നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹപൂർവം പ്രവർത്തിക്കുവാൻ എത്രമേൽ കടപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ പുണ്യചരിതർക്കു കർത്താവിന്റെ ഈ ദിവ്യവചസ്സുകൾ ഹൃദയംഗമമായി അനുഭവപ്പെട്ടു. ആ വഴിയിലൂടെ നടന്നു അവർ സ്വർഗ്ഗത്തിനുള്ളിൽ പ്രവേശിച്ചു. ആ വഴിതന്നെ നിങ്ങളും സ്വീകരിച്ചുകൊള്ളുവിൻ.

(1131_1140) രോഗികൾ സന്തോഷപൂർവം സഹായം ചെയ്യുക. മരണസമയത്തും ഈ സ്മരണ നമുക്കുണ്ടായിരിക്കട്ടെ.

നാഥൻ മരിച്ചതിനുശേഷവും കേഫസ്സീകളും യോഹന്നാനും അവിടെ നിന്നു മാറിപ്പോയില്ല. ഇതു് ഓർത്തുകൊണ്ടെങ്കിലും മടികൂടാതെ എന്റെ മൃതശരീരത്തിനടുത്തു നില്ക്കുന്ന നിങ്ങൾ എന്നെ കാത്തു

കൊണ്ടേ മറപ്പതിനായു ചരിക്കുമ്പോഴം [1]
വീണ്ടുമീ ഓർമ്മ നിനച്ചുകൊൾവിൻ

നാഥനുശേഷത്തിന്നാരുമില്ലാഞ്ഞാറെ,
മാനുഷമാനം നിനച്ചില്ലിവർ

ദിക്പാലന്മാരായ യൂസെ നിക്കാദെമ്മൊസ
ദുഃഖിതനായൊരു നൽ സുതനും

ആക്കലക്കാരക്കു മുഖ്യനാം കെന്തോനാ [2]
അക്കൻ മറഞ്ഞ താൻ വിശ്വാസിയായി

ഈ ചതുർമുഖ്യരു മത്തിരുദേഹത്തെ
വച്ചടൻ തോളതിൽ ദാഹത്തൊടെ

പ്രസൂതിജം [3] നിറഞ്ഞന്ന പ്രസൂനമാം
പ്രസുവും [4] മറു ത്രിമറിയങ്ങളും [5]

ആദരവോടെ പുറകേ നടന്നപോൽ
ആകവേയോർത്തു നടപ്പിൻ നിങ്ങളും

പരിപാലിക്കുക. ദുർഗന്ധം വമിക്കുന്ന എന്റെ നീചമായ ഈ മൃത ശരീരത്തെ യഥാവിധി ഭൂമിയുള്ളിൽ സംസ്കരിക്കുന്നതിനായി പോകുമ്പോഴം വീണ്ടും ഈ ഓർമ്മ നിങ്ങളം മനസ്സിൽ സൂക്ഷിക്കുക.

(1141–1153) നാഥനായ യേശുവിനു് ചാച്ചുക്കാരായി ആരുമില്ലാതിരിക്കേ, കുരിശിൻ ചുവട്ടിലെത്തിയ ജനനേതാക്കന്മാരായ ജൂസെ, നിക്കദേമൂസു്, ദുഃഖിതനായ യോഹന്നാൻ, കൊലയാളികളുടെ നേതാവായിരിക്കയും സൂര്യൻ മുഖം മറച്ചുകണ്ടു് വിശ്വാസിയായി മാറുകയും ചെയ്ത ശതാധിപൻ എന്നീ നാലുപേരും മനുഷ്യർ തങ്ങളെപ്പറ്റി എന്താണു പറയുക എന്നു് ചിന്തിച്ചതേയില്ല. ഉൽക്കടമായ താൽപ്പര്യത്തോടെ അവർ സ്നേഹനാഥന്റെ മൃതശരീരം തോളിലേറ്റി നടന്നു. ക്രിസ്തുവിനു ജന്മം നൽകിയവളും, അന്നയുടെ പ്രസൂനമായി വിടർന്ന ദൈവമാതാവും മറ്റു മൂന്നു മറിയം നാമധാരികളും ആദരവോടെ അവർക്കു പിന്നാലെ നടന്നു. അവയെല്ലാം ചിന്തിച്ചു കൊണ്ടു് നിങ്ങളും നടക്കുവിൻ.

---

1 ഉപചരിക്കുമ്പോഴം- ഉപചരിക്കുമ്പോഴം എന്നു വിവക്ഷ

2 കെന്തോന (സെഞ്ചൂറിയൻ)-ശതാധിപൻ 3 പ്രസൂതിജം–പ്രസവവേദന

4 അന്നപ്രസൂനമാം പ്രസു – അന്നയുടെ പുത്രിയായ മാതാവു്

5 ത്രിമറിയങ്ങളം–കുരിശിൻ ചുവട്ടിലേയ്ക്കു ക്രിസ്തുവിനെ അനുഗമിച്ച മൂന്നു മറിയമാർ.

പുത്തൻകുഴിയതിൽ വച്ചടച്ചെങ്കിലും
തൊല്ലും പിരിയാതെ മാതൃചങ്കും

അക്കുഴിയെന്നതിൽ വച്ചടച്ചെന്നപോൽ
ആ ത്രിദിനങ്ങളും പാർത്തു ദുഃഖാൽ

ഇച്ചൊന്നതൊക്കയുമെന്നെപ്രതി നിങ്ങളും
വച്ചണച്ചീടുകിൽ ലെത്രഭാഗ്യം

മേൽഗതിയൊക്കെയിതിനാൽ ലഭിച്ചീടും
ഭാഗ്യവും നാഥൻയിർപ്പിൻ ദിനേ,

ഇപ്പോലെ രോഗികൾക്കായ് നിങ്ങളും ചെയ്യുകിൽ
അല്പരമനാഥനേറുകൊള്ളും.

1162

(1154_1162) പുതിയ കല്ലറയിൽ കർത്താവിന്റെ ശരീരം സംസ്കരിച്ച് അടച്ചുവെങ്കിലും അവിടുത്തെ മാതാവായ മറിയത്തിന്റെ ഹൃദയവും ആ കുഴിയിൽ വച്ച് അടച്ചതുപോലെ ആയിരുന്നു. അവരെല്ലാം ആ മൂന്നുദിവസങ്ങളും ദുഃഖത്തോടെ കർത്താവിനെ പ്രതീക്ഷിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഈ പറഞ്ഞ കാര്യങ്ങളെല്ലാം എന്നെക്കുറിച്ചു നിങ്ങൾ ഇപ്പോൾ അനുഷ്ഠിക്കുമെങ്കിൽ എനിക്ക് എത്രയോ ഭാഗ്യം ഉണ്ടാകുമായിരുന്നു. വലിയ അനുഗ്രഹങ്ങൾ ഇതുകൊണ്ട് ലഭിക്കും. നാഥനായ ക്രിസ്തുവിന്റെ ഉയിർപ്പു ദിനത്തിൽ ഭാഗ്യം കൈവരികയും ചെയ്യും. മേല്പറഞ്ഞതുപോലെ ആസന്നമരണർക്കും രോഗികൾക്കും നിങ്ങൾ നന്മ ചെയ്യുമെങ്കിൽ പരമനാഥനായ ക്രിസ്തു അതു തനിക്കു ചെയ്തതായിത്തന്നെ സ്വീകരിച്ചുകൊള്ളും.

അനുബന്ധം

ചാവറയച്ചനെക്കുറിച്ച് വിവിധ വ്യക്തികൾ സംസാരിക്കുന്നു

1. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും സി. എം. ഐ സഭയിലെ അദ്ദേഹത്തിന്റെ അനുയായികളുടെയും ജീവിതം സീറോ മലബാർ സഭയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ളതാണ്. എത്രയെത്ര അപ്പസ്തോലിക നന്മകളാണ് അദ്ദേഹത്തിന്റെ സമർത്ഥ നേതൃത്വത്തിൽ അഥവാ ചൈതന്യധാരയിൽ വിരിഞ്ഞുവന്നിട്ടുള്ളത്. സ്കൂളുകൾ, വൈദിക പരിശീലനകേന്ദ്രങ്ങൾ കത്തോലിക്കാ ആദർശങ്ങളുടെ പ്രചാരണത്തിനായി അച്ചടിശാല, ആസന്നമരണരായ വയോവൃദ്ധർക്ക് ആശ്വാസമന്ദിരം, പൊതുവിജ്ഞാനശാലകൾ, മതപഠനകേന്ദ്രങ്ങൾ എന്നിവയെല്ലാം അദ്ദേഹം നൽകിയ സംഭാവനകളാണ്. സീറോ-മലബാർ സഭയുടെ ആരാധനക്രമത്തിനു പുനരുദ്ധാരണമേകി. ദിവ്യകാരുണ്യത്തോടും തിരുക്കുടുംബത്തോടുമുള്ള ഭക്തി വ്യാപകമാക്കി. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള മൗലികസ്ഥാനം മനസ്സിലാക്കിയ ചാവറയച്ചൻ ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി ശക്തിപകർന്നു''.

2. കേരളഗവർണ്ണറായിരുന്ന പി. രാമചന്ദ്രൻ

വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിന്റെ എന്നല്ല, മാനവകുലം മുഴുവന്റേയും അഭിമാനപാത്രമാണ്. അക്ഷുണ്ണധർമ്മനിചയം ഏകവ്യക്തിയിൽ വിളക്കിച്ചേർത്തതിന്റെ അസുലഭമായ ആവിഷ്കാരമാണാജീവിതം. അദ്ദേഹം ഈ ഭൂമിയിൽ മനുഷ്യനായി ജനിച്ചു. എന്നാൽ ആറരദശാബ്ദം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്യലോകത്തെ അമർത്ത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇന്നലെയും ഇന്നും എന്നല്ല കാലചക്രത്തിന്റെ അവസാനസ്പന്ദനംവരെ, ഈശ്വരസാക്ഷാത്ക്കാരം നേടിയ ഈ ആത്മാവ് മനുഷ്യവംശത്തിന്റെ ഹൃദയംഗമമായ ഈടുവയ്പുകളിൽ ഒന്നായിരിക്കും.

ചാവറയച്ചന്റെ ജീവിതം ആത്മാവിലാവേശം പകരുന്ന അന്തസ്സാരപൂർണ്ണമായ ഒരു വീരഗാഥയാണ്. ക്രൈസ്തവസഭയിൽ വൈദികനായ അദ്ദേഹം അഭിഷിക്തനായ നിമിഷം മുതൽ ദൈവത്തിനായി ജീവിതം ഉഴിഞ്ഞുവച്ചുകൊണ്ട് സഹജീവികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനു് ആത്മാർത്ഥമായി യത്നിച്ചു. വിലകുറഞ്ഞ മനുഷ്യർ ചെയ്യാറുള്ളതു പോലെ, ആഡംബരത്തേയോ പ്രസിദ്ധിയേയോ ലൗകികലാഭങ്ങളേയോ അംഗീകാരങ്ങളേയോ അദ്ദേഹം അന്വേഷിച്ചില്ല.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു ക്രാന്തദർശിയായിരുന്നു. താൻ ജീവിച്ച നൂറാണ്ടിനെ ബഹുദൂരം പിന്നിട്ട് അദ്ദേഹം ചിന്തിക്കയും പ്രവർത്തിക്കയും ചെയ്തു. ആദ്ധ്യാത്മിക മൂല്യങ്ങളോടൊപ്പം സാമൂഹ്യയാഥാർത്ഥ്യങ്ങളേയും അദ്ദേഹം മുറുക്കെപ്പിടിച്ചു. മാനാനത്തു് ഇപ്പോഴും സൂക്ഷിച്ചിട്ടുള്ള മരപ്രസ്സു് മുദ്രിതാക്ഷരങ്ങളിലൂടെ ജനങ്ങൾക്കു് വിദ്യയുടെ വെളിച്ചം പകർന്നുകൊടുക്കാൻ ചാവറയച്ചൻ മുന്നോട്ടിറങ്ങിയതിന്റെ വാചാലമായ സാക്ഷ്യമാണ്. അദ്ദേഹം ഉണർത്തിവിട്ട സാമൂഹ്യാവബോധം മനുഷ്യക്കു് അറിവും വെളിച്ചവും പകരുന്ന പരിയത്നത്തിനു് തേയ്മാനം വരുത്തുകയില്ല. ഇതത്രേ അദ്ദേഹം രൂപംകൊടുത്ത പവിത്ര സമൂഹത്തിലെ ഓരോ അംഗത്തിന്റെയും മുഖമുദ്ര.

3. കർദ്ദിനാൾ മാർ ആൻറണി പടിയറ

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു യുഗപുരുഷനായിരുന്നു. ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലധികം നല്ലകാര്യങ്ങൾ അദ്ദേഹം ചെയ്തു. അന്നത്തെ തലമുറയേയും വരാനിരിക്കുന്ന തലമുറകളേയും അദ്ദേഹം ധന്യമാക്കി. മനുഷ്യജന്മംകൊണ്ടു് സാർത്ഥകമാകുന്നതു് ജനിച്ചതുകൊണ്ടു മാത്രമല്ല സദ്കർമ്മ ജീവിതംകൊണ്ടു് ജനത്തെ സാധുകരിക്കുമ്പോഴാണ്. ആ തോത്തുവച്ചു നോക്കുമ്പോൾ ചാവറയച്ചന്റെ ജീവിതം എത്രയോ ചൈതന്യധന്യമായിരുന്നു.

4. ഡോ. സുകുമാർ അഴീക്കോടു്

മതത്തെ സാഹിത്യവിഷയമാക്കിയ കവിയാണു് ചാവറയച്ചൻ. മിസ്റ്റിക്കു കവികളുടെ സാഹിത്യപ്രവർത്തനം മതത്തിന്റെ സാഹിത്യാവിഷ്ക്കാരത്തിൽ അടങ്ങിയിരിക്കുന്നു. ആദ്ധ്യാത്മികാനുഭൂതികം സാഹിത്യാനുഭൂതിയിൽ പകർത്തുകയാണു് ആത്മാനുതാപം എന്ന കൃതിയിൽ വിശേഷിച്ചും അച്ചൻ ചെയ്തിട്ടുള്ളതു്. യേശുവിന്റെയും മറിയത്തിന്റെയും കഥയുടെ ഊടിനോടൊപ്പം സ്വജീവിതാംശങ്ങളെ പാവുപോലെ കൂട്ടിച്ചേർത്തു് നല്ലൊരു ശില്പം നെയ്തുണ്ടാക്കിയിരിക്കുന്നു. ആത്മീയത സാഹിത്യമാകുമ്പോൾ സാഹിത്യം സ്വഭാവേന ആത്മീയപരിമളം പ്രസരിപ്പിക്കുമല്ലോ. പിച്ചക

പ്പൂക്കളും ചെമ്പകപ്പൂക്കളും ഒരേ പൂവട്ടിയിൽ ഒരുക്കിവച്ചാൽ അവയുടെ ഗന്ധവിശേഷങ്ങൾ അന്യോന്യം കലരുന്നതുപോലെ ചാവറയച്ചന്റെ കൃതികളിൽ ആത്മീയവും സാഹിതീയവുമായ പരിമളം സമ്മിളിതമായി സ്ഫുരിച്ചുകാണുന്നു.

5. സി. പി. ശ്രീധരൻ

ചാവറകൃതികളുടെ അന്തർഭാഗത്തേയ്ക്കു കടക്കുമ്പോഴാണ് സമർപ്പിത ചേതസ്സായ ഒരു ക്രൈസ്തവ ഭക്തന്റെ അന്തർപ്രചോദിതങ്ങളായ വാങ്മയ രൂപങ്ങൾ മനസ്സിലാകുന്നത്. ഒരു കവിയുടെ വ്യക്തിമുദ്ര ഭാവാവിഷ്കാരത്തിലാണ് പ്രകടമാകുന്നത്. ഭാവനരൂപമായ പദവാക്യഛന്ദോലങ്കാരം പ്രയോഗിക്കുന്നതിൽ ചാവറയച്ചന്റെ വിരുത് ഒന്നു വേറെതന്നെ ആണ്. അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകവിതയിൽ അനസ്താസ്യാ എന്ന കുട്ടി സന്യാസം സ്വീകരിച്ച് സോഫിയാ എന്ന മഠാധിപയുടെ സമീപത്ത് ധ്യാനനിരതയായി നിൽക്കുന്ന രംഗം അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. ദുഷ്ടനായ പ്രോബായുടെ ഭീഷണിക്കു വഴങ്ങാത്ത അനസ്താസ്യായുടെ അക്ഷോഭ്യപ്രകൃതിയേയും അചഞ്ചല ഭക്തിയേയും ചൈതന്യഭാസുരമായി ആവിഷ്കരിച്ചിരിക്കുന്നു. നിഗൂഢമായ കാവ്യസൗന്ദര്യം പദച്ചെപ്പുകളിൽ ഉടുപ്പിച്ച് ചേതനയുടെ സൂക്ഷ്മവും അസ്പഷ്ടവുമായ സ്പന്ദനങ്ങളെ അനാവരണം ചെയ്യുന്നതിൽ ചാവറയച്ചൻ വിദഗ്ദ്ധനാണെന്ന് ആത്മാനുതാപം തുടങ്ങിയ കൃതികൾ തെളിയിക്കുന്നു.

6. ഡോ. കെ. എം. തരകൻ

ചാവറയച്ചന്റെ ദർശനം വളരെ സ്പഷ്ടമാണ്. അതു ശുഭാപ്തിവിശ്വാസത്താൽ നിർഭരമാണ്, പ്രസന്നമാണ്, പ്രസാദാത്മകമാണ്. ത്യാഗനിർഭരമായ ഒരു ജീവിതമായിരുന്നു, അദ്ദേഹത്തിന്റേത്. എങ്കിലും ആ ജീവിതത്തിൽ ഒരു നിമിഷംപോലും ഏകാന്തത അനുഭവപ്പെട്ടില്ല. ചാവറയച്ചന്റെ ദർശനത്തിന്റെ ഒരു മഹത്ത്വമായാണിതിനെ ഞാൻ എണ്ണുന്നത്. ഞാൻ വേറെ, നിങ്ങൾ വേറെ എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം കത്തോലിക്കനായിരുന്നുവെന്ന് കത്തോലിക്കർ പറയും. എന്നാൽ അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനി ആയിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു. ഒരു ദൈവദാസനായിരുന്നു. ദൈവദാസൻ മനുഷ്യരുടെ മുഴുവൻ സേവകൻ കൂടിയാണ്. ദൈവദാസനായതുകൊണ്ട് വാഴ്ത്തപ്പെട്ടവൻ എന്ന പദവിക്കുകൂടി അദ്ദേഹമർഹനായിരിക്കുന്നു. ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാപൂരത്തിന്റെ – തേജസ്സിന്റെ – ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു നില്ക്കുകയാണ്.

7. എം. കെ. സാനു

ആത്മീയ സിദ്ധിവിശേഷങ്ങളുടെ ഊർജ്ജത്താൽ ലൗകിക ങ്ങളെയെല്ലാം പ്രദീപ്തമാക്കാൻ കഴിഞ്ഞതുമൂലമാണ്, ചാവറയ അനന്തര തലമുറകൾക്കു പ്രചോദനമായിരിക്കുന്നതു്. ച ത്തിന്റെ ചക്രവാളത്തിൽ നിത്യമായ വെളിച്ചത്തിന്റെ നി മായ വാഗ്ദാനംപോലെ തെളിഞ്ഞുല്ലസിക്കുന്ന ഒരു ഭാസുര നക്ഷ മായി ആ പുണ്യാത്മാവു് എക്കാലത്തും തെളിഞ്ഞുല്ലസിക്കുകത ചെയ്യും. വഴിയറിയാതലയുന്നവർക്കും ലക്ഷ്യമറിയാതെ വലയ വർക്കും ആ നക്ഷത്രം വഴിയും ലക്ഷ്യവും കാട്ടിക്കൊടുത്തു് സമാ സമരുളും

8. നിത്യചൈതന്യയതി

ദുഃഖസമുദ്രത്തിന്റെ അലമാലകൾ ചൂഴ്ന്നുയർന്നപ്പോഴും പ്രശാ മനസ്കനായ ഒരു യമിയായി നിലകൊള്ളുവാൻ ചാവറയച്ച കഴിഞ്ഞു. തെറ്റുകളെ ശക്തമായി എതിർക്കുമ്പോഴും തെ ചെയ്തവനോടുള്ള കാരുണ്യത്തിനു് അതിരുണ്ടായിരുന്നില്ല. തന്റെ പ്രതിജ്ഞയായ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവയി നിന്നു് അണുവോളം വ്യതിചലിക്കാതെയും, തന്റെ കർമ്മധാരയ ദൈവത്തിനു സാക്ഷ്യപ്പെടുത്തി സ്വധർമ്മത്തിനുപോറലേല്ക്കാതെ മാണു് ചാവറയച്ചൻ കൊണ്ടുപോയതു്. വലിയ സംഘാടകനു സംയോജകനുമായിരുന്ന ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ അദ്ഭുതപൂർവകമായ ജനസമ്മതിക്കു പാത്രമായി, സമാരാധ്യനായി രുന്നപ്പോഴുംപ്പോലും ഒരു മഹിമയും തന്റേതായി അദ്ദേഹം എണ്ണു യില്ല. എല്ലാം പരമകാരുണികനായ ഈശ്വരന്റെ ദയാവായ്പു മൂലം ജനങ്ങൾക്കു ലഭിക്കുന്ന കൃപാകടാക്ഷം എന്നു മാത്രമേ ആ മഹാ പുരുഷൻ കരുതിയുള്ളു. താൻ ഒരു നിമിത്തമെന്നതിലധികമായി അദ്ദേഹം തന്റെ മഹിമയെ ഒരിക്കലും കണ്ടിരുന്നില്ല.

9. ചെറിയാൻ കുനിയന്തോടത്തു്

കവിയാകാൻവേണ്ടി കവിതകളെഴുതുന്നവരും, കവിതകളെഴു തിയ സ്വാഭാവികമായി കവികളാകുന്നവരുമുണ്ടു്. എഴുതുന്നതല്ല, എഴുതിപ്പോകുന്നതാണു് കവിത. ക്രാന്തദർശിയായ ചാവറകുര്യാ ക്കോസു് ഏലിയാസച്ചൻ കവിയായി അറിയപ്പെടാൻ ആഗ്രഹിച്ച വ്യക്തിയാണെന്നു തോന്നുന്നില്ല. ധാരാളം കൃതികളും എഴുതിക്കൂട്ടു കയും ചെയ്തില്ല. അദ്ദേഹം എഴുതിയവയാകട്ടെ ആത്മപ്രകാശന ത്തിനും ക്ഷേത്രപ്രചാരത്തിനും വേണ്ടിയായിരുന്നുതാനും. മലയാള ത്തിലെ ഒന്നാമത്തെ ഖണ്ഡകാവ്യത്തിന്റെ (അനസ്താസ്യായുടെ രക്ത സാക്ഷ്യം) കർത്താവാകുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നുള്ളതു് മല യാളകാവ്യചരിത്രത്തെ സംബന്ധിച്ചിടത്തോളം അവിസ്മരണീയ മത്രേ.

ആത്മാനുതാപം

ചാവറയച്ചൻ

ഗദ്യാവിഷ്ക്കരണം

സെഡ്. എം. മുഴൂർ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കവിതകളും, പ്രത്യേകിച്ച് ആത്മാനുതാപം എന്ന വിസ്തൃതകാവ്യം ആദ്ധ്യാത്മിക പരിശുദ്ധികൊണ്ടും, സാഹിത്യപരിമളംകൊണ്ടും മലയാളഭാഷയ്ക്ക് ഒരു വാടാമലർ മാല്യമാണ്. ഈശ്വരാനുഭൂതിയിൽ സ്വയം മറക്കുന്ന അനുഭവമാണ് അനുവാചകനനുഭാവുക. ക്രിസ്തുവിനെയും, പരി. മറിയത്തേയും മനോഹരമായ വാങ്മയചിത്രങ്ങളിൽ ദൃശ്യരാക്കുന്നു. പീഡാനുഭവരംഗങ്ങളും മനസ്സിന്റെ ആഴങ്ങളിൽ അങ്കനം ചെയ്യുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ലോകസാഗരത്തിൽ സഭാനൗകയെ അനുനം നയിക്കുന്ന പരി. കന്യകയുടെ ജീവിതത്തിലെ അനഘനിമിഷങ്ങളും മനോഹരവർണ്ണങ്ങളിൽ കവി ഇവിടെ വരച്ചുകാട്ടിയിരിക്കുന്നു. കൈരളിയുടെ പ്രഥമഖണ്ഡകാവ്യം എന്നു വിശേഷിപ്പിക്കാവുന്ന അനസ്താസ്യായുടെ രക്തസാക്ഷ്യവും മരണവീട്ടിൽ പാടുവാനുള്ള പാനയും, ആത്മാനുതാപത്തോടൊപ്പം ലളിതമനോഹരമായ ഗദ്യശൈലിയിൽ ഇവിടെ ആഖ്യാനം ചെയ്തിരിക്കുന്നു. ഈശ്വരാനുഭൂതിയുടെ പവിത്രസാഗരത്തിൽ മുങ്ങിനീരാടിയ അനുഭവമാണ് സെഡ്.എം. മുഴൂരിന്റെ ഗദ്യാവിഷ്കാരം വായിക്കുമ്പോൾ ഉണ്ടാവുന്നത്.

വിതരണം

ജനതാ ബുക്ക് സ്റ്റാൾ

തേവര, കൊച്ചി – 682013

തേവര, എറണാകുളം, ആലുവ, ചേർത്തല,

വൈക്കം, കോതമംഗലം, അങ്കമാലി, കാലടി.